KINGDOM SERIES Book No.2

# ജയിക്കാനായ് വീണ്ടും ജനിച്ചവർ!

## ആത്മലോകവും ആത്മീയ വളർച്ചയും VOL -2

ആഴമേറിയ ആത്മീയസന്ദേശങ്ങളെ വെളിപ്പെടുത്തുന്ന 36 ചിത്രങ്ങളോടു കൂടെ

**"നമ്മുടെ അനുസരണത്തിന്റെ ഓരോ പടികളിലും ദൈവം നമുക്കു വേണ്ടി നന്മ ഒരുക്കിയിരിക്കുന്നു. എന്നാൽ അനുസരണക്കേടിന്റെ ഓരോ പടികളിലും പിശാച് നമുക്കു വേണ്ടി താഴ്ച്ച ഒരുക്കിയിരിക്കുന്നു. തീരുമാനം നമ്മുടേതാണ്..."**




യഥാർത്ഥത്തിൽ വീണ്ടും ജനിച്ച ഒരു വ്യക്തിക്ക് ഒരിക്കലും തോൽവി ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ ദൈവവചനം പറയുന്നു: "ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു"
(1 യോഹ. 5:4)

3P House of Prayer

ഷാജി ജോസഫ്

**JAYIKKANAI VEENDUM JANICHAVAR!**

**THE SPIRIT WORLD AND SPIRITUAL GROWTH - Vol 2**

Copyright @ 2012

By **Evg.Shaji Joseph**

All rights are reserved

First Edition: December 2012

Prarthanalayam Publishers, Ernakulam
No part of this publication may be reproduced or transmitted in any form or by any means, electronically, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.

For more information about distribution
House of prayer (Prarthanalayam) Ministries
Tel: 0091-4842411092 (India), 00971-7-2211059 (UAE)
Email : shajijosephmail@gmail.com
www.kingdommessages.org

Printed and bound in India by Authentic Meadia,
Adivision of OM Books Foundation, Secunderabad 500067
E-mail: printing@ombooks.org

Page setting & Cover design - Eldho T Joy

**Price: Rs. 225   (Outside India US 9.5 $)**





## മറ്റു സന്ദേശങ്ങൾ

1. ഞെട്ടിപ്പിക്കുന്ന സന്ദേശം
2. രാജകീയ ശുശ്രൂഷ
3. എന്റെ ബൈബിളും എന്റെ സാമ്പത്തികവും
4. പിശാച് യേശുവിന്റെ കുതികാൽ തകർക്കുമോ?
5. ജീവപുസ്തകം
6. ക്രൂശിന്റെ മൂന്ന് ശത്രുക്കൾ
7. ജ്ഞാനത്തിന്റെ മൂന്ന് നിലകൾ
8. 7–ാമത്തെ രാജ്യം
9. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾക്കിടയിലുള്ള ഒരു വിശ്വാസിയുടെ ജീവിതം
10. സാത്താനും അവന്റെ പണിപ്പുരയും
11. സഭയുടെ ഉദ്ദേശം
12. ആത്മീയ രോഗങ്ങളും നിവാരണവും
13. ദൈവാലോചനയേയും ദൈവപ്രവർത്തിയേയും എങ്ങനെ തിരിച്ചറിയാം?
14. വിശ്വാസികളിലെ സാത്താന്റെ ബെൽറ്റ് ബോംബ്
15. യേശു എങ്ങനെയാണ് നമ്മെ അറിയുന്നത്?
16. യാത്ര തീരാറായി ഫലം കായ്ച്ചുവോ?
17. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾ കടന്നാൽ ദൈവരാജ്യം അവകാശമാക്കാം
18. വിജയത്തിന്റെ ദൈവീക സൂത്രവാക്യം
19. കളയും കൊയ്ത്തും
20. വിശ്വാസി രക്ഷക്കായി പ്രവർത്തിക്കണമോ?
21. ക്രിസ്തുവിന്റെ ഹൃദയം
22. അനുഗ്രഹീത കുടുംബജീവിതം
23. അതിശയ സഞ്ചാരം
24. ആത്മീയ വളർച്ച (വാല്യം 1)
25. മനുഷ്യവാതിൽ
26. രാത്രിയെ ഭയപ്പെടേണ്ട
27. ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിട്ടുള്ള അദൃശ്യസമ്പത്ത്
28. സകലത്തേയും വിവേചിക്കുന്ന ആത്മീയൻ
29. യൂദാ ഗോത്രത്തിലെ സിംഹക്കുട്ടികൾ
30. നമുക്ക് എങ്ങനെ മാന്ത്രികശക്തിയെ തകർക്കാം?
31. രണ്ട് രാജ്യങ്ങൾ രണ്ട് നിയമങ്ങൾ
32. മരുഭൂമിയുടെ ഉദ്ദേശം എന്ത്?
33. ദൈവത്തിന്റെ ഉദ്ദേശവും പിശാചിന്റെ ആഗ്രഹവും
34. ഒരു വിത്തിന്റെ ശക്തിയും മൂല്യവും
35. എനിക്കെങ്ങനെ ഒരു വിശുദ്ധജീവിതം നയിക്കാം?
36. പിശാചിന്റെ ശിക്ഷാവിധി മനുഷ്യനിലൂടെയോ?
37. വിശ്വാസികളിലൂടെയുള്ള ദൈവശക്തിയുടെ രഹസ്യം
38. "നമുക്ക് ഇനി തോല്വിയില്ല" നാം ജയിക്കാനായി വീണ്ടും ജനിച്ചവർ
39. ആത്മാവിൽ നീങ്ങിയുള്ള ശുശ്രൂഷ!
40. രോഗത്തെ കൊല്ലുന്നവൻ
41. അസ്ഥികൂടത്തിന്റെ സന്ദേശം
42. ഉറുമ്പുകളുടെ സന്ദേശം
43. പ്രാർത്ഥനയും ആത്മലോകവും

44. ദൈവത്തിന്റെയും പിശാചിന്റെയും മുദ്രകൾ
45. എങ്ങനെ ദൈവാത്മാവിനാൽ നടത്തപ്പെടാം?
46. ക്രിസ്തു കല്പിച്ച പ്രവർത്തിയോ നീ ചെയ്യുന്നത്?
47. “ദർശനം” ദൈവത്തിന്റെയും മനുഷ്യന്റെയും മൃഗത്തിന്റെയും പ്രവർത്തന രീതി
48. ഞാൻ ദൈവരാജ്യം അവകാശമാക്കുമോ?
49. ദൈവരാജ്യം പിടിച്ചടക്കുന്ന ബലാൽക്കാരികൾ
50. ദൈവരാജ്യപ്രകാരമുള്ള കുടുംബം എങ്ങനെ?
51. മഹത്വത്തിന്റെ മണ്ഡലം
52. വാതിൽ കാവൽക്കാരൻ
53. ഏദനിലെ ജീവിതം
54. പുനർ സൃഷ്ടിപ്പിന്റെ പുറകിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം
55. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം (ഉദ്ദേശ്യങ്ങളുടെ ഉദ്ദേശ്യം)
56. വിശ്വാസം – വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും
57. വിശ്വാസം – ദൈവത്തിന്റെ സമ്മാനപ്പെട്ടി
58. വിശ്വാസം – ആത്മലോകത്തിലെ കാര്യങ്ങൾ കാണുന്നതെങ്ങനെ?
59. വിശ്വാസം – ആത്മലോകത്തിലെ കാര്യങ്ങൾ എടുക്കുന്നതെങ്ങനെ?
60. വിശ്വാസം – വിശ്വാസം എങ്ങനെ നഷ്ടപ്പെടുന്നു?
61. വിശ്വാസം – ഉപയോഗശൂന്യമായതും ഉപയോഗമുള്ളതും
62. വിശ്വാസം – ആത്മലോകത്തിലെ കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ പ്രകാശിക്കുന്നതെങ്ങനെ?
63. വിശ്വാസം – വിശ്വാസവും പ്രവർത്തിയും
64. വിശ്വാസം – വിശ്വാസത്തിന്റെ ആത്മാവ്
65. വിശ്വാസം – പുതിയ സൃഷ്ടികളും വിശ്വാസവും തമ്മിലുള്ള ബന്ധം
66. വിശ്വാസം – പുതിയ സൃഷ്ടി ആയവരുടെ പ്രവർത്തന രീതി
67. വിശ്വാസം – വിശ്വാസത്തിന്റെ ശവപ്പറമ്പ്
68. വിശ്വാസം – രണ്ട് തരത്തിലുള്ള വിതകൾ
69. വിശ്വാസം – ഹൃദയവും സൗഖ്യവും
70. വിശ്വാസം – വിശ്വാസം എന്നാൽ എന്ത്?
71. വിശ്വാസം – വിശ്വാസവും സൗഖ്യവും
72. വിശ്വാസം – വിശ്വാസം എന്ന പരിച
73. വിശ്വാസം – തലയും ഹൃദയവും തമ്മിലുള്ള വ്യത്യാസം
74. വിശ്വാസം – സംശയം എന്ന കുഞ്ഞ് ജനിക്കുന്നതെങ്ങനെ?
75. വിശ്വാസം – വിശ്വാസത്തിന്റെ പോരാട്ടം
76. വിശ്വാസം – തേജസ്സ് എന്ന ആത്മീയ ധനം
77. വിശ്വാസം – ആത്മീയമായ ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റും
78. വിശ്വാസം – കാഴ്ചയും വിശ്വാസവും
79. വിശ്വാസം – വെളിപ്പാടുകൾക്ക് വഴി തുറക്കാൻ വചനത്താൽ മനസ്സിലെ കോട്ടകളെ ഇടിക്കുക.
80. വിശ്വാസം – വിശ്വാസം ദൈവവുമായി മനുഷ്യനെ ഒട്ടിച്ച് ചേർക്കുന്നു
81. വിശ്വാസം – വിശ്വാസത്തിന്റെ ഉയർന്ന ജയം
82. നിങ്ങളെത്തന്നെ ചതിക്കരുത്
83. സത്യമായ ധനവും നിശ്ചയമില്ലാത്ത ധനവും
84. നമ്മുടെ വിളിയെ എങ്ങനെ തിരിച്ചറിയാം?
85. അനുസരണത്തിന്റെയും അനുസരണക്കേടിന്റെയും യാത്ര

86. മരിക്കുന്ന പ്രശ്നവും മരിക്കാത്ത ദൈവപൈതലും
87. ഭൂമിയിലെ സ്വർഗ്ഗീയ മനുഷ്യർ
88. ക്ഷമിക്കപ്പെടാത്ത പാപം
89. "ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല", ആരാണ് ക്രിസ്തുയേശുവിലുള്ളവർ?
90. ഭൂമിയിലെ ദരിദ്രർ സ്വർഗ്ഗീയ സമ്പന്നർ
91. ദേഹിയെ രക്ഷിക്കുന്ന ഉൾനട്ട വചനം
92. രക്ഷിക്കപ്പെട്ടവർ ദൈവത്തിന്റെ അടിമകളോ, മക്കളോ?
93. 'ബലഹീനനായ ശക്തൻ', വിശ്വാസിയുടെ വിജയരഹസ്യം
94. ബൈബിളിന്റെ ദർശനം (വിഷൻ)
95. മറ്റൊരുവന്റെ ദാസനെ വിധിക്കാൻ നീ ആർ?
96. "താനോ രക്ഷിക്കപ്പെടും എന്നാൽ പ്രവർത്തി വെന്ത് പോകും" ഇത് ആരെക്കുറിച്ച്?
97. ആത്മീയ സ്റ്റോക്ക് മാർക്കറ്റിലെ ഞെട്ടിപ്പിക്കുന്ന വാർത്ത
98. വീണ്ടെടുക്കപ്പെട്ടവർ പിശാചിന്റെ നിക്ഷേപത്തിന്റെ (നിധിയുടെ) കാവൽക്കാരോ?
99. ആത്മലോകത്തിലെ കൊടുക്കൽ വാങ്ങലുകൾ
100. കുരങ്ങിൽ നിന്നോ ആദത്തിൽ നിന്നോ അല്ലാത്ത ഭൂമിയിലെ പ്രത്യേക വംശം!
101. നിഗളം ഉണ്ടാകുന്നത് എങ്ങനെ?
102. പ്രതികൂലത്തിനെതിരെ വചനത്തിന്റെ കോട്ട പണിതാൽ ഉയർച്ച നിശ്ചയം
103. ക്രിസ്തുവിലുള്ളവരും ആദത്തിലുള്ളവരും
104. നിന്റെ രാജ്യം വരേണമേ;
105. നമുക്ക് മനുഷ്യരെ ഉണ്ടാക്കാം
106. രണ്ട് തരത്തിലുള്ള വിതകൾ
107. സഭയും മഹാ വേശ്യയും
108. നിത്യതയിൽ നിന്ന് ജീവിതം ആരംഭിക്കുക
109. വിശ്വാസത്തിന്റെ പൂർത്തീകരണം
110. കാഴ്ചയാലുള്ള വിശ്വാസവും സൗഖ്യവും തമ്മിലുള്ള ബന്ധം
111. ആത്മീയ അധികാരം – തലമുറകളെ പിൻതുടരാതെ ക്രിസ്തുവിനെ പിൻതുടരുക
112. ആത്മീയ അധികാരം – അനുഗ്രഹത്തിന്റെയും ശാപത്തിന്റെയും സ്വിച്ച് മനുഷ്യരുടെ കൈയ്യിൽ തന്നെ
113. ആത്മീയ അധികാരം – മനുഷ്യന്റെ നേട്ടം അല്ല, ദൈവത്തിന്റെ തീരുമാനമാണ്.
114. ആത്മീയ അധികാരം – അധികാരത്തിന് കീഴടങ്ങിയിരിക്കുന്നവരിലൂടെ അധികാരം വെളിപ്പെടും
115. യഥാർത്ഥ ശിഷ്യത്വം – ലോകത്തിലെ ശിഷ്യന്മാർ ദൈവരാജ്യത്തിലെ ശിഷ്യന്മാർ ആകട്ടെ
116. ദൈവരാജ്യം – നിധി വയലിൽ മറയപ്പെട്ടത് എങ്ങനെ?
117. ദൈവരാജ്യം – മരണമില്ലാത്ത മനുഷ്യനും അവന്റെ അവസാനമില്ലാത്ത രാജ്യവും
118. ദൈവരാജ്യം – ദർശനം മാറിയാൽ കള്ള പ്രവാചകനായിത്തീരും!
119. ദൈവരാജ്യം – ദൈവരാജ്യം അന്വേഷിക്കുന്നത് എങ്ങനെ?
120. ദൈവരാജ്യം – ന്യായപ്രമാണവും ദൈവരാജ്യവും
121. ദൈവരാജ്യം – നോട്ടവും, നടപ്പും അല്ല ഇനി മുതൽ അന്വേഷണവും നടത്തും!

# സമർപ്പണം

**ത**കർന്ന് വീണുകൊണ്ടിരുന്ന എന്റെ ജീവിത പടകിൽ എൽഷദായിയായി (അമ്മയെപ്പോലെ മാറോടണക്കുന്ന സർവ്വശക്തനായ ദൈവം) കടന്ന് വന്ന് ക്രിസ്തുവിൽ എന്നെ വീണ്ടെടുത്ത്, തന്റെ പരിശുദ്ധാത്മാവിൽ ഒരുക്കി, ഭൂമിയിലേക്കായിരുന്ന എന്റെ കാഴ്ചപ്പാട് ഉയരത്തിലേക്കാക്കി, ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ പഠിപ്പിക്കുകയും, ഉപയോഗിക്കുകയും, അമൂല്യമായ സ്വർഗ്ഗരാജ്യത്തിന്റെ വെളിപ്പാടുകൾ വെളിപ്പെടുത്തുകയും ചെയ്യുന്ന എന്റെ ദൈവത്തിന്റെ തൃപ്പാദത്തിങ്കൽ ആത്മാവിന്റെ ഈ പ്രവർത്തിയെ സമർപ്പിക്കുന്നു.

# ആത്മലോകവും ആത്മീയ വളർച്ചയും

വാല്യം-2

# ജയിക്കാനായ് വീണ്ടും ജനിച്ചവർ!

Presented To,..........................................................

എനിക്ക് അങ്ങയോടുള്ള / നിങ്ങളോടുള്ള ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ് ഈ പുസ്തകം (Gift).ഇതിലൂടെ ***ദൈവഹിതം മനസ്സിലാക്കുവാനും, ചെയ്യുവാനും*** **ദൈവം അങ്ങയെ / നിങ്ങളെ സഹായിക്കട്ടെ.**

This book (Gift) is the reflection of my God's love towards you. Let it help you to ***Understand and do the God's Will*** about your life.

By..........................................................

''എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, ***സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ*** അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.''

(മത്തായി 7:21)

# ആമുഖം

## (Preface)

**ക**ർത്താവിൽ എന്റെ പ്രിയ സഹോദരങ്ങളെ, ക്രിസ്തുവിൽ കൂട്ടുവേലക്കാരെ, കർത്താവ് എന്നിലൂടെ പ്രസംഗിച്ചതും തുടർന്ന് പുസ്തക താളുകളിലേക്ക് പകർത്തിയതുമായ എന്റെ ഒന്നാമത്തെ പുസ്തകത്തിന് നിങ്ങൾ തന്ന വമ്പിച്ച വരവേല്പിനായി നന്ദി.

അനുഗ്രഹീത ദൈവദാസന്മാരായ **Pr.K.C.John ( IPC General President & Powervision TV Chairman )** ആ പുസ്തകത്തെക്കുറിച്ച് പറഞ്ഞത് **"അതൊരു അപൂർവ്വ പുസ്തകമെന്നാണ്."** എഴുത്തുകാരനും, ബൈബിൾ കോളേജ് പ്രിൻസിപ്പാളുമായ **Evg.J.C.Dev** പറഞ്ഞിരിക്കുന്നത് **"ഈ പുസ്തകം ദൈവീക വെളിപ്പാടുകളുടെ അമൂല്യമായ ഒരു കലവറയെന്നാണ്."** ദുബായ് മാറാനാഥാ ചർച്ചിന്റെ പ്രസിഡന്റായിരിക്കുന്ന **Pr.Juxy Mathew** പറഞ്ഞത് **"ദൈവരാജ്യത്തിന്റെ ആഴമേറിയ കാഴ്ചപ്പാടാണ്"** ആ പുസ്തകത്തിലൂടെ നമുക്ക് ലഭിക്കുന്നതെന്നാണ്. കേരളാ ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റും, സുവിശേഷകനുമായിരിക്കുന്ന **Evg.K.G.George** ന്റെ പ്രസ്താവന **"ബൈബിൾ കഴിഞ്ഞാൽ ഒരു വിശ്വാസി ഏറ്റവുമധികം വായിക്കേണ്ട പുസ്തകം"** എന്നാണ്. മാത്രമല്ല അദ്ദേഹം നടത്തിയ പ്രവചനം '***ഈ പുസ്തകം പല ഭാഷകളിൽ പരിഭാഷപെടുത്തി അനേക രാജ്യങ്ങളിലേക്ക് പ്രിന്റ് ചെയ്യപ്പെടുവാൻ പോകുന്നു എന്നതാണ്.***'

അത്ഭുതമെന്ന് പറയട്ടെ പ്രിയ കർതൃദാസന്റെ പ്രവചനം പോലെ ഇപ്പോൾ **"ആത്മലോകവും ആത്മീയ വളർച്ചയും, വാല്യം-1"** എന്ന പുസ്തകം പല രാജ്യങ്ങളിലും എത്തിക്കഴിഞ്ഞു. പല ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിക്കഴിഞ്ഞു. ഇപ്പോഴും പല ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയും തുടർമാനമായി പ്രിന്റ് ചെയ്തുകൊണ്ടുമിരിക്കുന്നു. അതിന്റെ ഇംഗ്ലീഷ് പുസ്തകം **'Om Books'** പ്രിന്റ് ചെയ്ത് ഇറക്കിക്കഴിഞ്ഞു. ഹിന്ദി പതിപ്പും ഉടൻ പ്രിന്റ് ചെയ്ത് പുറത്തിറക്കാൻ പോകുന്നു.......

പ്രിയ സഹോദരങ്ങളെ നിങ്ങളുടെ അകമഴിഞ്ഞ സഹകരണ

ത്തിനും, പ്രോത്സാഹനത്തിനുമായി വീണ്ടും ഒരു പ്രാവശ്യം കൂടി നന്ദി പറഞ്ഞുകൊണ്ട്, പരിശുദ്ധാത്മാവിന്റെ മറ്റൊരു ഉപഹാരമായ **"ആത്മലോകവും ആത്മീയ വളർച്ചയും, വാല്യം-2" - "ജയിക്കാനായ് വീണ്ടും ജനിച്ചവർ!"** എന്ന തലക്കെട്ടിൽ ദൈവസഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു. ഈ പുതിയ ഗ്രന്ഥത്തിലേക്ക് പ്രാർത്ഥനയോടെ പ്രവേശിക്കാം.......

# കൃതഞ്ജത

## (Acknowledgment)

**ജീ**വിതത്തിലെ എല്ലാ നല്ല പദ്ധതികളുടെ പൂർത്തീകരണവും ദൈവത്തിന്റെ ഇച്ഛയും, ശക്തിയും പല വ്യക്തികളിലൂടെ കൂടിച്ചേരുമ്പോഴുണ്ടാകുന്നതാണ്. ഈ പുസ്തകത്തിന്റെ ജനനവും അതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല. കർത്താവിന്റെ ആത്മാവ് നേരിട്ടും, ദൈവത്തിന്റെ ആത്മാവ് എന്റെ ജീവിതത്തിൽ കേൾക്കുവാൻ അവസരം തന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എന്നെ പഠിപ്പിച്ച അനേക ദൈവദാസന്മാരിലൂടെയുമുള്ള വചനചിന്തകൾ ഈ പ്രവർത്തിയുടെ പുറകിൽ നന്ദിയോടെ ഞാൻ ഓർക്കുകയാണ്. അതിൽ പ്രധാനപ്പെട്ടതത്രേ എന്റെ കർതൃദാസൻ **Pr. Juxy Mathew.**

ചിന്തകൾ ചിന്തകളായി തന്നെയിരുന്നാൽ അത് ലോകത്തിന് ഉപകാരമായി വരികയില്ല. എന്നാൽ ഈ ചിന്തകൾ പുസ്തകരൂപത്തിൽ ആയിത്തീരുവാൻ ഇടയായത് ലാഭേച്ഛകൂടാതെ കർത്താവിനെ സ്നേഹിക്കുന്ന അനേകരെ ദൈവം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരുക്കിയത് കൊണ്ടാണ്. അതിൽ ചിലരെ ഞാനിവിടെ ഓർക്കുകയാണ്. എന്റെ ഉള്ളിൽ മറഞ്ഞ് കിടന്നിരുന്ന ദൈവത്തിന്റെ ഈ നിധി എനിക്ക് വെളിപ്പെടുത്തിത്തരുവാൻ ദൈവം ഉപയോഗിച്ച കർതൃദാസൻ **Pr. Siji Thomas Maharashtra** ഇതിന്റെ ടൈപ്പ് സെറ്റ് ചെയ്ത, എഡിറ്റ് ചെയ്ത **Br. E.T.Joy** പേരെഴുതിയാൽ തീരാത്ത, പ്രാർത്ഥനാലയത്തിലെയും, സ്ക്കൂൾ ഓഫ് മിനിസ്ട്രിയിലെയും, **Ras Al-Khaima** ചർച്ചിലേയും, ലോകത്തെവിടെയുമുള്ള അനേക ദൈവദാസന്മാർ, ദൈവജനം, പ്രത്യേകിച്ച് എന്റെ എല്ലാ ആവശ്യങ്ങൾക്കും എന്റെ കൂടെ നില്ക്കുകയും, സഹകരിക്കുകയും ചെയ്യുന്ന എന്റെ കുടുംബം നിങ്ങളെയെല്ലാം ഓർത്ത് ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

അച്ചടിച്ച് വെളിയിൽ വന്നതുകൊണ്ട് മാത്രം ഇതിലെ ദൈവീക സന്ദേശം ജനത്തിന്റെ ഹൃദയത്തിൽ എത്തുകയില്ല. ഇതിന്റെ **Distribution**-ൽ **Br.Mathukutty,** യോട് ചേർന്ന് പ്രവർത്തിക്കുന്ന സഹോദരങ്ങൾ, ലോകത്തെവിടെയുമുള്ള

പുസ്തകശാലകൾ, ബൈബിൾ സൊസൈറ്റികൾ എന്നോടു കൂടെ ഏത് പ്രതികൂലത്തിലും ദൈവേഷ്ടം സാധിച്ചെടുക്കുവാൻ **'ഒരുവനേക്കാൾ ഇരുവർ നല്ലത്' (സഭാ. 4:9)** എന്ന വചനപ്രകാരം ദൈവം നിശ്ചയിച്ചാക്കിയിരിക്കുന്ന **Br.Philip George,** ശുശ്രൂഷയ്ക്ക് കൈത്താങ്ങലായിരിക്കുന്ന എന്റെ പിതാവ് **V.C.Joseph,** പ്രാർത്ഥനയുടെ കണ്ണീർകൊണ്ട് ശുശ്രൂഷയെ നനച്ച് വളർത്തുന്ന എന്റെ മാതാവ് **A.M.Tressia,** എന്നിവരെ ഞാൻ ദൈവസന്നിധിയിൽ ഓർക്കുന്നു, നന്ദി പറയുന്നു.

ദൈവത്തിലാശ്രയിച്ചു കൊണ്ട്, 'ദൈവഹിതം എന്ന' ഒരേ ലക്ഷ്യത്തിലേക്ക് ഐക്യതയോടുള്ള നിങ്ങളുടെയെല്ലാം പ്രവർത്തനമാണ് ഈ പുസ്തകത്തെ സാധ്യമാക്കി തീർത്തത്. ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ, അധികമായി ഉപയോഗിക്കട്ടെ, ദൈവനാമം എപ്പോഴും ഉയർന്നിരിക്കട്ടെ!

# അവതാരിക

## (Introduction)

**ക്രി**സ്തുയേശുവിൽ വീണ്ടും ജനിച്ചവർക്ക് വേണ്ടിയുള്ള ദൈവാത്മാവിന്റെ ഒരു മാർഗ്ഗനിർദ്ദേശപത്രികയാണ് ഈ പുസ്തകം.

കർത്താവിനെ സത്യത്തിൽ സ്നേഹിക്കുന്ന അനേകർ ദൈവവേല ചെയ്യുവാൻ തുടങ്ങുമ്പോൾ, അവർ അതിന് ആഗ്രഹിക്കുമ്പോൾ തന്നെ പലവിധ പ്രശ്നങ്ങളും അവരുടെ ജീവിതത്തിലേക്ക് ആഞ്ഞടിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ, എങ്ങനെ തുഴയണമെന്നറിയാതെ ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഈ ദൈവജനം മുമ്പോട്ടുപോകുവാൻ ഭാരപ്പെടുകയും പ്രയാസപ്പെടുകയും ചെയ്യുന്നു. ചിലർ വീണുപോവുകയും, ചിലർ പിന്നോക്കാവസ്ഥയിലേക്കു തള്ളപ്പെടുകയും ചെയ്യുന്നു. പ്രിയ സഹോദരങ്ങളെ നേരത്തെ എന്റെ ജീവിതത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. ഞാൻ ലോകപ്രകാരം എന്റെ ആത്മാർത്ഥമായ ആഗ്രഹത്തോടെ എങ്ങനെയെല്ലാം ഈ പ്രശ്നങ്ങളെ, സാമ്പത്തിക ബുദ്ധിമുട്ടിനെ തരണം ചെയ്യാൻ കഴിയുമോ അതെല്ലാം ശ്രമിച്ചു. പക്ഷെ ഞാൻ പരാജയപ്പെട്ടു. ഞാൻ ചെയ്തത് നമ്മുടെ ക്രിസ്തു തന്ന ദൈവരാജ്യത്തിന്റെ വചനം (പുതിയ വീഞ്ഞ്) എന്റെ പഴയ മനസ്സിന്റെ ചിന്തകളിൽ (പഴയ തുരുത്തിയിൽ) കൊണ്ടുവച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയായിരുന്നു. എന്നെപ്പോലെ പ്രിയ ദൈവപൈതലേ, നിങ്ങളും ഇപ്രകാരം പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കാം. നിങ്ങളുടെ ഫലവും പരാജയമായിരിക്കാം.

എന്നാൽ വിജയത്തിന്റെ നാഥൻ, കർത്താവ് എനിക്കു തുണയായി വന്ന് ദൈവരാജ്യത്തിന്റെ പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ തന്നെ വയ്ക്കണമെന്നും, ദൈവരാജ്യത്തിന്റെ പ്രവർത്തനരീതിയിലൂടെ വചനത്താൽ എങ്ങനെ ജീവിക്കാമെന്നും, അദൃശ്യമായ ആത്മരാജ്യത്തിൽ നിന്നുകൊണ്ട് ദൃശ്യമായ ലോകരാജ്യത്തിൽ, ദൈവരാജ്യപ്രകാരം എങ്ങനെ വിജയം നേടണമെന്നും, ലോകത്തിന്റെ ദൈവമായ പിശാചിന്റ പദ്ധതികളെ എങ്ങനെ തിരിച്ചറിയുകയും, തോൽപ്പിക്കുകയും, ചെയ്യാമെന്നും പഠിപ്പിച്ചു. ദൈവത്തിന്റെ ഈ വഴികളിലൂടെ ദൈവം

എന്നെ കടത്തിവിട്ടപ്പോൾ ഞാൻ പോലും അറിയാതെ എന്റെ അകത്തെ മനുഷ്യനെ ദൈവം വളർത്തുവാൻ ഇടയായി. ആ ആത്മീയ വളർച്ചക്കിടയാക്കിയ വെളിപ്പാടുകളാണ് ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അതായത് ആദ്യം സുവിശേഷത്തിലൂടെ ഒരു വ്യക്തി ക്രിസ്തുവിൽ ആയിത്തീരണം. തുടർന്ന് ആ മനുഷ്യന്റെ അകത്ത് വന്ന പരിശുദ്ധാത്മാവ് ദൈവവചനത്തിലൂടെ ആ വ്യക്തിയെ തികഞ്ഞവനാക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ സുവിശേഷത്തിലൂടെ ക്രിസ്തുവിലായ വ്യക്തികളെ ക്രിസ്തുവിൽ സകല സൽപ്രവർത്തികൾക്കും തികഞ്ഞവനാകേണ്ടത് എങ്ങനെയാണെന്ന് ഈ പുസ്തകം ദൈവവചന തത്വങ്ങളിലൂടെ വിവരിക്കുന്നത്.

## ഈ ഗ്രന്ഥം രണ്ട് രീതിയിലാണ് വിശ്വാസികൾക്ക് പ്രയോജനമായിത്തീരുന്നത്

**ഒന്നാം ഭാഗം: വിശ്വാസത്താൽ ലോകത്തിൻ മേലുള്ള വിജയം:-**

വിശ്വാസത്താൽ ലോകത്തിൻ മേലുള്ള വിജയം എന്ന ഈ ഒന്നാം ഭാഗത്തിൽ വിശ്വാസജീവിതത്തിൽ തളരുന്നവർക്കും, തകർന്ന് വീഴുന്നവർക്കും, ദൈവരാജ്യത്തിന്റെ തത്വങ്ങൾ ഉപയോഗിച്ച്, വചനത്താൽ ജീവിച്ച് എങ്ങനെ ലോകത്തിൽ വിജയം പ്രാപിക്കാമെന്നുള്ളതാണ്. **1 യോഹ 5:4** പ്രകാരം **"ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു, എന്ന വചനാടിസ്ഥാനത്തിലാണ് ഈ ഭാഗം വിവരിച്ചിരിക്കുന്നത്."**

**രണ്ടാം ഭാഗം: അനുസരണത്തിലൂടെ ദൈവരാജ്യത്തിലേക്കുള്ള നിത്യമായ വിജയം:-**

അനുസരണത്താൽ ദൈവരാജ്യത്തിലേക്കുള്ള നിത്യമായ വിജയം എന്ന രണ്ടാം ഭാഗം ലോകത്തിൽ മാത്രമല്ല, ദൈവരാജ്യത്തിലേക്കുള്ള ജയം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുവാൻ തക്കവണ്ണം **"ആത്മീയമായി വളരേണ്ടതിന്റെ ആവശ്യകതയെന്ത്? ആത്മീയമായി എങ്ങനെ വളരണം?** എന്നീ കാര്യങ്ങളെക്കുറിച്ച്, **ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ പാഴും ശൂന്യവുമായിരുന്ന ഭൂമിയെ (ഉൽപ്പ. 1:2), അതേ അദ്ധ്യായത്തിൽ തന്നെ ദൈവം മനോഹരമാക്കിയ (ഉൽപ്പ. 1:31) തത്വത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്നു."**

ഒരു ദൈവപൈതലിന് ലോകത്തിലും, ദൈവരാജ്യത്തിലും വിജയം നേടിത്തരുവാൻ, മറ്റൊരു രീതിയിൽ പറഞ്ഞാൽ താല്കാലിക ജയവും, നിത്യ ജയവും നേടിത്തരുവാൻ ഈ പുസ്തകത്തിലെ വചനാനുസൃതമായ തത്വങ്ങൾ സഹായിക്കുന്നു.

വളരെ ആഴത്തിലുള്ള ദൈവവചന ധ്യാനമാണ് ഈ പുസ്തകത്തിലൂടെ ലഭിക്കുന്നത് എന്നുള്ളതിനാൽ വിശ്വാസികൾ പ്രാർത്ഥനയോടും വളരെ ശ്രദ്ധയോടും കൂടെ വായിക്കുവാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ പുസ്തകത്തിന്റെ വാല്യം-1 വായിച്ചവർക്ക് വാല്യം-2 കുറെ കൂടെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുമെന്നതിനാൽ തുടക്കക്കാരായ വിശ്വാസികൾ ആദ്യം വാല്യം-1 വായിക്കുവാൻ ഉത്സാഹിക്കുക.

**വായിക്കുമ്പോള്‍ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങള്‍**

## നിബന്ധനകള്‍:-

***1. ബെരോവയിലുള്ളവരെപ്പോലെ ഉത്തമന്മാരായ വായനക്കാരാവുക.***

“അവര്‍ തെസ്സലൊനിക്കയിലുള്ളവരെക്കാള്‍ ഉത്തമന്മാരായിരുന്നു. അവര്‍ വചനം പൂര്‍ണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു.” (അപ്പോ. 17:11)

***2. ദൈവം സത്യവാന്‍, സകല മനുഷ്യരും ഭോഷ്ക് പറയുന്നവര്‍ എന്നേ വരൂ. അതായത് ദൈവവചനമാണ് സത്യം.***

“.......ദൈവം സത്യവാന്‍, സകല മനുഷ്യരും ഭോഷ്ക് പറയുന്നവര്‍ എന്നേ വരൂ.” (റോമ. 3:4)

“സത്യത്താല്‍ അവരെ വിശുദ്ധീകരിക്കണമേ, നിന്റെ വചനം സത്യം ആകുന്നു.”
(യോഹ. 17:17)

***3. ബൈബിളിലെ മറ്റു വചനങ്ങളോട് എതിര്‍ക്കുന്ന ഒറ്റപ്പെട്ടു നില്ക്കുന്ന ഒരു വചനം കൊണ്ട് മാത്രം ഒരു കാര്യവും സ്ഥിതീകരിക്കരുത്.***

“രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴിയാല്‍ ഏതു കാര്യവും ഉറപ്പാകും.”
(2 കൊരി. 13:1)

“യഹോവയുടെ പുസ്തകത്തില്‍ അന്വേഷിച്ച് വായിച്ചു നോക്കുവിന്‍; അവയില്‍ ഒന്നും കാണാതിരിക്കുയില്ല; ഒന്നിനും ഇണ ഇല്ലാതിരിക്കയില്ല; അവന്റെ വായല്ലോ കല്പിച്ചതു; അവന്റെ ആത്മാവത്രേ അവയെ കൂട്ടി വരുത്തിയതു.”
(യെശയ്യാ. 34:16)

***4. അപ്പോസ്തലന്മാരും ബൈബിളിലെ മറ്റ് വ്യക്തികളും ചെയ്ത എല്ലാ വചനാടിസ്ഥാനപരമായ പ്രവര്‍ത്തികളും നമുക്ക് അനുകരിക്കാമെങ്കിലും, അത്യന്തികമായി നമ്മള്‍ നോക്കേണ്ടത് യേശുവിനെ മാത്രമാണ്.***

“......നമുക്കു മുമ്പില്‍ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂര്‍ത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക;”
(എബ്രാ. 12:1-2)

“......നിങ്ങള്‍ അവന്റെ (ക്രിസ്തുവിന്റെ) കാല്‍ച്ചുവടു പിന്തുടരുവാന്‍ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.” (1 പത്രോ. 2:21)

***5. ഈ പുസ്തകം വായിക്കുമ്പോള്‍ എവിടെയെങ്കിലും വായനക്കാരുടെ മുന്നറിവ് പ്രകാരമോ, പാരമ്പര്യ പ്രകാരമോ, ലോകത്തില്‍ കേട്ട് പഠിച്ചത് പ്രകാരമോ ഈ പുസ്തകത്തില്‍ എഴുതിയിരിക്കുന്നത് തെറ്റാണെന്ന് തോന്നിയാല്‍ ഉടനെ നിബന്ധന ഒന്ന് (1) മുതല്‍ വീണ്ടും വായിച്ച് തുടങ്ങുക.***

പ്രാര്‍ത്ഥനയോടെ വായിച്ച് തുടങ്ങാം.............

# ഉള്ളടക്കം

## ഭാഗം 1

## *വിശ്വാസത്താൽ ലോകത്തിൻ മേലുള്ള വിജയം*


**അദ്ധ്യായം 1 – ഇവൻ ഏതു രീതിയിലുള്ള മനുഷ്യൻ (24–39)**

A) സ്വർഗ്ഗീയ കുടുംബത്തിലെ പുത്രന്മാർ

B) പിശാചിന്റെ പ്രധാന പദ്ധതി

a. വിശ്വാസം വരുന്ന വഴി അടയ്ക്കുന്നു.

b. ഹൃദയത്തിൽ വീണ വചനം എടുത്തുകളയുന്നു.

c. "സമയത്തിന്റെ" തടവറയിൽ അടയ്ക്കുക.

C) പിശാചിന്റെ ബന്ധന തത്വവും ദൈവത്തിന്റെ സ്വാതന്ത്ര്യ തത്വവും

d. കഴിഞ്ഞകാല പാപങ്ങൾ ഓർമ്മിപ്പിക്കുക.

**അദ്ധ്യായം 2 – നഷ്ടങ്ങളുടെ ഒരു വമ്പൻ നിര....(40–45)**

a. പിതാവിനെ നഷ്ടപ്പെട്ടു.

b. വസ്ത്രം നഷ്ടപ്പെട്ടു.

c. പാർപ്പിടം നഷ്ടപ്പെട്ടു.

d. ഭക്ഷണം നഷ്ടപ്പെട്ടു.

**അദ്ധ്യായം 3 – ദൈവം ഒരുക്കിയ മറഞ്ഞിരിക്കുന്നവ (46–61)**

a. ആദം ദൈവത്തെ സ്നേഹിച്ച സമയവും സ്നേഹിക്കാത്ത സമയവും

b. ചിന്തകൾ ലോകത്തിലേക്ക് മാത്രം

**അദ്ധ്യായം 4 – ബൈബിളിലെ മൂന്ന് പ്രധാന നിയമങ്ങൾ (62–74)**

a. അനുസരണത്തിന്റെയും സ്വീകരണത്തിന്റെയും നിയമം. (Law of obedience & acceptance)

b. ആദ്യത്തെ കൂട്ട ആത്മഹത്യ.....ആദത്തിന്റെ കയ്യിൽ വിഷം!...

c. പ്രവർത്തിയുടെ നിയമം. (Law of work)

d. ഉദ്ദേശം മറന്ന മനുഷ്യൻ.

e. വിശ്വാസത്തിന്റെ നിയമം. (Law of faith)

**അദ്ധ്യായം 5 – മനുഷ്യർക്ക് മറഞ്ഞ് പോയ ആത്മരാജ്യം (75–85)**

a. വിശ്വാസത്തിന്റെ ആവശ്യകത.

b. ആദം ഏദനിൽ നിന്നും പുറത്താക്കപ്പെട്ടു.

**അദ്ധ്യായം 6 – ജയത്തിന്റെ യുദ്ധതന്ത്രം (86–100)**

a. കർത്താവിന് വേണ്ടി കുതിക്കുന്ന കാലുകളെ തകർക്കുന്നു.

b. ദൈവത്തിന് മനുഷ്യനിലും, പിശാചിലും നിർബന്ധമുള്ള കാര്യം

c. കുതിക്കാതെ നീന്തിയാൽ ജയം പ്രാപിക്കാം.

d. ആത്മാവിനാൽ നടത്തപ്പെടുക.

**അദ്ധ്യായം 7 – ഒന്നും നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയില്ല(101–109)**

A) രണ്ട് തരത്തിലുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ

a. ലോകപ്രകാരമുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ.

b. ദൈവരാജ്യപ്രകാരമുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ.

**അദ്ധ്യായം 8 – ക്രിസ്തുവിന്റെ ആധിപത്യം മനുഷ്യനിലൂടെ ലോകത്തിൽ (110–127)**

a. പിശാചിന്റെ പ്രാഥമിക ലക്ഷ്യത്തെ കീഴടക്കുക.

b. ക്രിസ്തുവിന്റെ ആധിപത്യം ലോകത്തിൽ.

c. വചനം വെളിപ്പെടുന്നതിന് മുമ്പിലുള്ള തടസ്സങ്ങൾ.

d. ദൈവവചനം കൊണ്ടുള്ള ജീവിതം എങ്ങനെ?

e. വിശ്വാസത്തിന്റെ ഉയർന്ന തലം.

f. പ്രചോദനവും പഠിപ്പിക്കലും.

g. അകത്തെ ശത്രുവിനെ തോല്പ്പിച്ചാൽ പുറത്തെ ശത്രുവിനെയും തോല്പ്പിക്കാം.

- **അദ്ധ്യായം 9 – ദൈവരാജ്യത്തിന്റെ തത്വം (128–141)**
    - a. യേശു ചെയ്ത ഒന്നാമത്തെ അടയാളം (അത്ഭുതം)
    - b. മറിയ നല്ല മാതൃക - "മറിയ യേശുവിലേക്കുള്ള ചൂണ്ടു പലക"
    - c. മറിയ മനസ്സിലാക്കിയ ഒന്നാമത്തെ സത്യം:- "യേശു മാത്ര മാണ് രക്ഷകൻ മറ്റാരുമല്ല"
    - d. മറിയ മനസ്സിലാക്കിയ രണ്ടാമത്തെ സത്യം:- "യേശു കല്പ്പി ക്കുന്നത് ചെയ്യണം"
    - e. അദൃശ്യ ദൈവരാജ്യത്തിന്റെ പ്രവർത്തന രീതി
    - f. ചിന്തകളെ ലോകത്തിലേക്ക് കൊണ്ടു വരിക

**അദ്ധ്യായം 10 – മനുഷ്യാ ദൈവത്തിന്റെ പ്രവർത്തന രീതിയി ലേക്ക് മടങ്ങിവരിക എങ്കിൽ നീ വിജയിക്കും (142–164)**

- a. കൈയ്യുടെ അദ്ധ്വാനഫലവും വായുടെ അദ്ധ്വാനഫലവും
- b. നല്ല നിക്ഷേപവും, ചീത്ത നിക്ഷേപവും ഏത് കൊണ്ടുവരണം?
- c. നാവും ആത്മലോകവും.
- d. നമ്മുടെ സാഹചര്യം മനോഹരമാക്കണമോ, നരകമാക്കണമോ? താക്കോൽ നമ്മുടെ കയ്യിൽ തന്നെ
- e. ദൈവവും ദൈവത്തിന്റെ വാക്കുകളും (വചനവും).
- f. മനുഷ്യന്റെ പ്രവർത്തന രീതി.
- g. തിരുവചനത്തിലെ ദൈവീക പ്രവർത്തന മാതൃകകൾ.
    1. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും.
    2. ഈജിപ്റ്റിൽ നിന്നും വിളിച്ചു വരുത്തും.
    3. ഇരുളിൽ ഇരിക്കുന്ന ദേശം വെളിച്ചം കാണും.
    4. മറ്റു പ്രവചന നിവൃത്തികൾ
- h. ദൈവത്തിന്റെ പ്രവർത്തന രീതി തന്നെയാണ് ദൈവസാദൃ ശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന രീതി.

**അദ്ധ്യായം 11 – നിരന്തരം തോല്ക്കുന്ന ദൈവപൈതലോ?; നിനക്കും ജയിക്കാം (165–182)**

- a. വാക്കുകളുടെ പ്രാധാന്യം

b. വിശ്വാസം ഒരു ജീവിത ശൈലി

c. വാക്കുകൾക്ക് കണക്ക് കൊടുക്കണം

d. വാക്കുകളും ആത്മലോകവും

e. വാക്കുകളും നിക്ഷേപങ്ങളും

f. വാക്കുകളും ആത്മാക്കളും

   1. മന്ത്രതന്ത്രങ്ങളിൽ നിന്നും പ്രവർത്തനം ആരംഭിക്കുന്ന ദുർശക്തികളുടെ മേലുള്ള ജയം

g. വചനാനുസൃതമായ വാക്കുകളിലൂടെ വിജയം

**അദ്ധ്യായം 12 - വചനം കൊണ്ടുള്ള ജീവിതത്തിന്റെ പ്രായോഗിക തലം (183-192)**

a. മരണം ജീവനായി മാറി!

b. ശ്വാസമില്ലാതെ ഏഴ് ദിവസം!

c. വചനത്താലുള്ള ജീവിതം; നിയമങ്ങൾ കീഴടങ്ങുന്നു!

# ഭാഗം 2

## അനുസരണത്തിലൂടെ ദൈവരാജ്യത്തിലേക്കുള്ള വിജയം (നിത്യ അനുഗ്രഹങ്ങൾ)

**അദ്ധ്യായം 13 – എന്തുകൊണ്ട് നാം ആത്മീയമായി വളരണം? (194–202)**

a. വിശ്വാസികൾക്ക് ദൈവരാജ്യത്തിലേക്ക് എങ്ങനെ ജയം (നിത്യ ജയം) പ്രാപിക്കാം?

b. എന്നും കിൻഡർ ഗാർഡൻ മതി, ഞങ്ങൾക്ക് പഠിക്കണ്ട

a. എന്താണ് മാനസാന്തരം?

d. എന്തിന് നാം വ്യത്യസ്തമായി ചിന്തിക്കണം?

e. ആദത്തെ സർപ്പം കടിച്ചു!

f. ആദം തെറ്റ് ചെയ്തത് കൊണ്ട് ഞങ്ങൾ മലിനമാകുന്നത് എങ്ങനെ?

**അദ്ധ്യായം 14 – ഇരുട്ടിൽ നിന്നും മനോഹര രൂപം (203–210)**

a. മനോഹര രൂപം വെളിപ്പെടുന്നു

**അദ്ധ്യായം 15 – യഥാർത്ഥ വിജയം (211–216)**

a. യേശുവിന്റെ കയ്യിലെ ആയുധങ്ങൾ

1. ദൈവഹിതം നിവർത്തിച്ച് വിജയം വരിച്ച കല്ല്

b. ലക്ഷ്യം തെറ്റിയ കല്ലുകൾ

1. എന്തിനാണ് മിനുസമുള്ള കല്ല്?

2. എന്തിനാണ് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ?

c. കല്ല് കടന്ന് പോയ രണ്ട് ശുശ്രൂഷകൾ

**അദ്ധ്യായം 16 – അതിശയകരമായ മാറ്റം (217–251)**

a. വളർച്ചയുടെ രഹസ്യം

b. വളർച്ചയുടെ തത്വം (Principle)

c. സംസാരിക്കാത്ത ടീച്ചർ

d. ദൈവം എന്നോട് ഒരു ഉത്തരവും പറയുന്നില്ല!

e. പ്രാർത്ഥനക്ക് ഉത്തരം തരാതെ നമ്മുടെ ജയത്തിനായ് കാത്തിരിക്കുന്ന ദൈവം!

f. എന്തുകൊണ്ട് ദൈവം നമ്മുടെ ജീവിതത്തിൽ രാത്രി അനുവദിക്കുന്നു?

g. എന്തിന് ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ പരീക്ഷ അനുവദിക്കുന്നു?

h. എന്തുകൊണ്ട് എന്റെ സ്വഭാവം മാറുന്നില്ല?

   1. ദൈവം നിഗളികളെ വളർത്തുന്നില്ല!

   2. വ്യായാമമില്ലെങ്കിൽ ആരോഗ്യപരമായി വളരുകയില്ല!

i. ആത്മീയ വ്യായാമത്തിലൂടെ എങ്ങനെ ദൈവീകസ്വഭാവം നമ്മിൽ ഉറയ്ക്കുന്നു?

j. ആത്മീയ ആരോഗ്യം

k. എങ്ങനെ ആത്മീയ ആരോഗ്യം ശ്രദ്ധിക്കാം?

l. എന്തുകൊണ്ട് നാം അങ്ങനെ ചെയ്യണം?

m. ആത്മീയ സന്ദേശം

**അദ്ധ്യായം 17 – പുരോഹിതാ രാജാവാകാൻ ധൈര്യമുണ്ടോ? എന്തുകൊണ്ട് ക്രിസ്ത്യാനികൾ സഹിക്കണം? (252–281)**

a. എന്തുകൊണ്ട് ദൈവം നാം നന്മ ചെയ്തിട്ട് കഷ്ടം സഹിക്കുന്നതിൽ പ്രസാദിക്കുന്നു?

b. സഹനം ജോലിയുടെ പ്രധാന ഭാഗം

c. എങ്ങനെയാണ് രാജത്വശുശ്രൂഷ?

d. പുരോഹിതശുശ്രൂഷയും രാജത്വശുശ്രൂഷയും തമ്മിലുള്ള വ്യത്യാസം

e. രാജത്വശുശ്രൂഷ അന്യായമായ സഹനത്തിന്റെ ശുശ്രൂഷയാണ്

f. രാജത്വശുശ്രൂഷ അയോഗ്യന്മാരെ യോഗ്യന്മാരാക്കുന്നു

h. രാജാധിരാജാവാകുന്ന യേശുവും രാജാക്കന്മാരാകുന്ന ദൈവമക്കളും

i. ആത്മീയ അധികാരത്തിന്റെ മാനദണ്ഡം:–
   വിതച്ചാൽ കൊയ്യും, സഹിച്ചാൽ വാഴും

j. എങ്ങനെയാണ് യേശു ക്രൂശിനെ സഹിച്ചത്?

**അദ്ധ്യായം 18 – ആത്മീയ സഹനങ്ങളിലൂടെ വളർച്ച (282–297)**

a. സഹനം ഒരു അമൂല്യമായ വിത്ത്

b. എന്തിന്റെ വിത്ത്?

a. പിശാച് ഒരുക്കുന്ന താല്ക്കാലികമായ അനുഗ്രഹങ്ങളിലൂടെ നിത്യനാശം

d. പിശാചിന് ഇരയായിത്തീർന്നവർ

1. ശുശ്രൂഷയ്ക്ക് വേണ്ടി ഓടി കുഴിയിൽ വീഴുന്ന കൂട്ടം
2. ലോകത്തിന്റെ അനുഗ്രഹങ്ങൾ കാണിച്ച് തെറ്റിക്കുന്നു.

d. പിശാചിന്റെ ഓഫർ

e. ദൈവത്തിന്റെ ഓഫർ

f. പിശാചിന്റെ ഓഫറിൽ ആകർഷിക്കപ്പെട്ട് വീഴുന്ന മനുഷ്യൻ

g. ദൈവത്തിന്റെ ഓഫറിനെ മറക്കുന്ന മനുഷ്യൻ

## ഭാഗം 1

# വിശ്വാസത്താൽ ലോകത്തിൻ മേലുള്ള വിജയം

## ആത്മലോകവും ആത്മീയവളർച്ചയും

## വാല്യം-2

## ജയിക്കാനായ് വീണ്ടും ജനിച്ചവർ!



അദ്ധ്യായം 1

# ഇവൻ ഏത് രീതിയിലുള്ള മനുഷ്യൻ

"അവർ വളരെ ഭയപ്പെട്ടു കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ; ഇവൻ ഏതു രീതിയിലുള്ള മനുഷ്യൻ എന്നു തമ്മിൽ പറഞ്ഞു."
(മർക്കൊ.4:41-KJV)

## സ്വർഗ്ഗീയ കുടുംബത്തിലെ പുത്രന്മാർ

**ലോ**കത്തിലെ ശക്തമായ ഏതൊരു രാജ്യത്തിനോ, ഗവൺമെന്റിനോ ഇതുവരെ കഴിഞ്ഞിട്ടില്ലാത്ത കാര്യമാണ് യേശു തന്റെ വാക്കിലൂടെ കൊടുങ്കാറ്റിനെ ശാന്തമാക്കിയപ്പോൾ നടന്നത്. ഇത് കണ്ട് അതിശയിച്ചാണ് ശിഷ്യന്മാർ പറഞ്ഞത് **'ഇവൻ ഏതു രീതിയിലുള്ള മനുഷ്യൻ!'**

ഒരു പക്ഷെ ഈ ചോദ്യത്തിന്റെ ഉത്തരം വീണ്ടും ജനിച്ച പ്രിയ വായനക്കാരെ അതിശയിപ്പിക്കും. **"നമ്മുടെ അതെ തരത്തിൽ പെട്ട വ്യക്തിയാണ് യേശുവും."** നമ്മൾ വീണ്ടും ജനിച്ച് ദൈവപുത്രന്മാർ ആയിരിക്കുന്നു. യേശുവും ദൈവപുത്രനാണ്. യേശു നമ്മുടെ രക്ഷകനും, കർത്താവുമായിരിക്കുമ്പോൾ തന്നെ നമ്മുടെ മൂത്ത ജ്യേഷ്ഠനാണ്, ആദ്യ ഫലമായി മനുഷ്യരുടെ ഇടയിൽ നിന്നും എടുക്കപ്പെട്ടതാണ്.

യേശുവിനെക്കുറിച്ച് വചനം പറയുന്നു.

**"അതിനു ദൂതൻ: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും."**
**(ലൂക്കൊ. 1:35)**

വീണ്ടും ജനനം പ്രാപിച്ചവരെക്കുറിച്ച് വചനം പറയുന്നു.

**"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്." (യോഹ. 1:12-13)**

**"കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു." (1 പത്രോ. 1:23)**

യേശു തന്നോട് കൂടെയുള്ളവരെ ഒരു കുടുംബത്തിൽ ജനിച്ച തന്റെ സഹോദരന്മാരായി കാണുന്നത് മഗ്ദലനക്കാരത്തി മറിയയോട് പറയുന്ന വാക്കുകളിൽ പ്രസക്തമാണ്.

**"യേശു അവളോട്: എന്നെ തൊടരുതു; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക എന്നു പറഞ്ഞു." (യോഹ. 20:17)**

**"എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു." (1 കൊരി. 15:20)**

**"ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യ ഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ;" (1 കൊരി. 15:23)**

ഒരു വ്യത്യാസമാണ് പ്രധാനമായും ഇവിടെ മനസ്സിലാക്കാൻ കഴിയുന്നത്. യേശുവിന് ദൈവരാജ്യപ്രകാരം പ്രവർത്തിക്കേണ്ടത് എങ്ങനെയെന്ന് അറിയാം. എന്നാൽ ഇന്ന് ദൈവരാജ്യത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച നമ്മിൽ ഭൂരിഭാഗം പേർക്കും സ്വർഗ്ഗീയ കുടുംബത്തിൽ തങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ചും, ദൈവരാജ്യപ്രകാരം എങ്ങിനെയാണ് പ്രവർത്തിക്കേണ്ടതെന്നും അറിഞ്ഞുകൂടാ. കാറ്റിനെ ശാസിച്ചമർത്തിയതിന് ശേഷം ശിഷ്യന്മാരോട് ചോദിക്കുന്ന ചോദ്യം പ്രസക്തമാണ്; യേശു അവരിൽ ഒരു കാര്യം അന്വേഷിക്കുകയാണ് **"*നിങ്ങളുടെ വിശ്വാസം എവിടെ?*"**

## നിങ്ങളുടെ വിശ്വാസം എവിടെ?

**"പിന്നെ അവരോടു നിങ്ങളുടെ വിശ്വാസം എവിടെ എന്നു പറഞ്ഞു;" (ലൂക്കൊ. 8:25)**

തന്റെ കൈയ്യിൽ നിന്ന് സ്വന്തം വീടിന്റെ താക്കോൽ നഷ്ടപ്പെട്ട്

പോയ ഒരു സഹോദരി വൈകുന്നേരം 5 മണിക്ക് ഓഫീസ് വിട്ട് വന്നിട്ട് വീട്ടിൽ കയറാതെ നില്ക്കുന്നത് കണ്ട്, അല്പം കഴിഞ്ഞ് സന്ധ്യക്ക് 7 മണിക്ക് വന്ന ഭർത്താവ് തന്റെ കൈയ്യിലുള്ള താക്കോലുകൊണ്ട് വീട് തുറക്കുന്നതോടൊപ്പം ഭാര്യയോട് ആദ്യം ചോദിക്കുന്ന ചോദ്യം "*നിന്റെ താക്കോൽ എവിടെ?*" ഇതിന്റെ അർത്ഥം, ***താക്കോൽ ഭാര്യയുടെ കയ്യിൽ ഉണ്ടെന്നും, ആ താക്കോൽ ഉപയോഗിച്ചാൽ മതിയായിരുന്നല്ലോ, ഭാര്യക്ക് ഈ വീടിന്റെ പൂട്ട് തുറന്ന് അകത്ത് കയറി വിശ്രമിക്കാമായിരുന്നല്ലോ ഭർത്താവായ എന്നെയും കാത്തു നില്ക്കേണ്ട ഒരാവശ്യവും ഇല്ലായിരുന്നല്ലോ എന്നുമാണ്.*** ഇതുപോലെ തന്നെയാണ് യേശു ഭയപ്പെട്ടും, അതിശയിച്ചും നിൽക്കുന്ന തന്റെ ശിഷ്യന്മാരോട് ചോദിച്ചത്, "*എവിടെ നിങ്ങളുടെ വിശ്വാസം.*" ഇതിന്റെ അർത്ഥം, ആ സഹോദരിയുടെ കൈയ്യിലുണ്ടായിരുന്ന താക്കോൽ സഹോദരി ഉപയോഗിച്ചിരുന്നെങ്കിൽ ആ വീടിന്റെ ഉള്ളിൽ കയറാമായിരുന്നു എന്നതുപോലെ ശിഷ്യന്മാർ തങ്ങളുടെ വിശ്വാസം ഉപയോഗിച്ചിരുന്നുവെങ്കിൽ യേശുവിനെ വിളിച്ചെഴുന്നേൽപ്പിക്കേണ്ട കാര്യമില്ലായിരുന്നു. അവർക്ക് തന്നെ കൊടുംകാറ്റിന്റെ വിഷയത്തിൽ പരിഹാരം വരുത്താമായിരുന്നു.

## പിശാചിന്റെ പ്രധാന പദ്ധതി

വിശ്വാസം ജനത്തിന്റെ ഉള്ളിൽ വളരാതിരിക്കുവാൻ പിശാച് പ്രത്യേകം ശ്രദ്ധിക്കുന്നു. ജനം വിശ്വാസത്തിൽ പ്രവർത്തിച്ചാൽ താൻ തോല്ക്കുമെന്നുള്ള കാര്യം പിശാചിന് നന്നായി അറിയാം. അതിനായി പിശാച് ഒന്നാമതായി ചെയ്യുന്നത്:-

### 1. വിശ്വാസം വരുന്ന വഴി അടയ്ക്കുന്നു.

വിശ്വാസം എങ്ങനെ വരുന്നു എന്ന ചോദ്യത്തിന് ഉത്തരം ദൈവവചനം പറയുന്നു. വിശ്വാസം സത്യമായ വചനത്തിന്റെ കേൾവിയാൽ വരുന്നു. ദൈവത്തിന്റെ വചനം പറയുന്നു, 'സത്യം നിങ്ങൾ അറിയുമ്പോൾ സത്യം നിങ്ങളെ സ്വതന്ത്രരാക്കും.'

**"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."(യോഹ. 8:32)**

'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന വചനത്തിന്റെ അർത്ഥം സകല മനുഷ്യരും ഏതോ തടവിന്റെ (ബന്ധനത്തിന്റെ) ഉള്ളിലാണ്,

അവിടെ നിന്ന് സ്വതന്ത്രരാകേണ്ടതുണ്ട്. എന്താണ് ആ തടവ്? *"ലോകത്തിൽ സമയത്തിന്റെ മണ്ഡലത്തിൽ നാം സത്യം അറിയാത്തത് കൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുകയാണ്"*. ഈ തടവറയിൽ നിന്ന് ഓരോ വ്യക്തിയും സ്വതന്ത്രമാകേണ്ടതുണ്ട്. ഇതിനാണ് സത്യവചനം ഓരോ വ്യക്തിയുടെ ഉള്ളിലും വിശ്വാസമായി വളരേണ്ടത്.

**"ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." (റോമർ. 10:17)**

അതുകൊണ്ട് ഒരു വ്യക്തിയുടെ ഉള്ളിൽ സത്യവചനം കേട്ട് വിശ്വാസം വളരാതിരിക്കാൻ ഒന്നാമതായി ദൈവവചനം കേൾക്കുന്ന സാഹചര്യം പിശാച് ഇല്ലാതാക്കുവാൻ പല തരത്തിലുള്ള തടസ്സങ്ങൾ, തിരക്കുകൾ, വ്യാപാരങ്ങൾ തുടങ്ങിയവയെല്ലാം ആ വ്യക്തിയുടെ ജീവിതത്തിൽ കൊണ്ടു വരുന്നു.

***ഒരു വ്യക്തിയുടെ ഹൃദയത്തിലെ ചിന്തകൾ ലോകത്തിലെ പ്രശ്നങ്ങളിൽ മാത്രം മുഴുകിക്കിടക്കുകയാണെങ്കിൽ, ആ വ്യക്തി സമയത്തിന്റെ മണ്ഡലത്തിൽ ബന്ധിക്കപ്പെട്ട് കിടക്കുകയാണ്. എന്നാൽ പ്രശ്നങ്ങളുടെ മേൽ അധികാരമുള്ള ദൈവത്തെക്കുറിച്ച്, ദൈവ വചന അടിസ്ഥാനത്തിലൂടെ ആ വ്യക്തി ചിന്തിക്കുകയാണെങ്കിൽ, തന്റെ ഹൃദയത്തിന്റെ ചിന്തകളിൽ താൻ നില്ക്കുന്നത് സമയത്തിന് അധീതമായ ദൈവരാജ്യത്തിലാണ്.***

**2. ഹൃദയത്തിൽ വീണ വചനം എടുത്തു കളയുന്നു.**

ഒന്നാമത്തേതിൽ പരാജയപ്പെട്ടാൽ തുടർന്ന് പിശാച് ചെയ്യുന്നത്, വചനം കേട്ട വ്യക്തിയുടെ ഉള്ളിൽ, വചനമാകുന്ന വിത്ത് പൊട്ടി മുളച്ച്



വിശ്വാസമായി രൂപപ്പെടുന്നതിന് മുമ്പ് എടുത്തുകളയുന്നതാണ്. ഇങ്ങനെയുള്ളവർ വചനം ഗ്രഹിക്കുകയില്ല.

**"ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതയ്ക്കപ്പെട്ടതു."**
**(മത്തായി. 13:19)**

വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തി ഒരേ സമയം ആത്മാവിൽ സമയത്തിന് അതീതമായ ദൈവരാജ്യത്തിലും, ശരീരം കൊണ്ട് സമയത്തിന് കീഴിലുള്ള ലോകത്തിലും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടുന്ന വ്യക്തിയാണ്. എങ്കിൽ മാത്രമെ ആ വ്യക്തിക്ക് ജയം പ്രാപിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ലോകത്തിൽ മാത്രം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ, ആ വ്യക്തി ലോകത്തിൽ സമയത്തിന്റെ തടവറയിൽ അടയ്ക്കപ്പെടുകയും പരാജയപ്പെടുകയും ചെയ്യും.

## 3. "സമയത്തിന്റെ" തടവറയിൽ അടയ്ക്കുക.

വചനം ഹൃദയത്തിൽ മുളച്ച് വിശ്വാസമായി മാറിയാൽ, പിശാച് തന്റെ തന്ത്രപ്രധാനമായ അടവുപയോഗിച്ച് ജയത്തിന്റെ മണ്ഡലമായ വിശ്വാസത്തിൽ പ്രവർത്തിക്കുന്ന വ്യക്തിയെ 'വിശ്വാസത്തിന്റെ ഉയർന്ന മണ്ഡലത്തിൽ' നിന്ന് ഈ ലോകത്തിലെ സാഹചര്യങ്ങളിലൂടെ താഴ്ന്ന 'സമയത്തിന്റെ മണ്ഡലത്തിൽ' ഭയത്താൽ തടവുകാരാക്കി മാറ്റുന്നു. ഇങ്ങനെ 'സമയത്തിന്റെ മണ്ഡലത്തിൽ' തടവുകാരനാക്കി മാറ്റിക്കഴിഞ്ഞാൽ ആ വ്യക്തിയെ പിശാചിന് എളുപ്പം നിയന്ത്രിക്കാം. 'എന്നാൽ വിശ്വാസത്തിന്റെ മണ്ഡലത്തിൽ' ഒരു വ്യക്തി പ്രവർത്തിച്ചാൽ, ആ വ്യക്തി പിശാചിന്റെ നിയന്ത്രണരേഖയ്ക്ക് വളരെയപ്പുറത്താണ്. മാത്രമല്ല, പിശാചിനെ ജയിക്കുകയും ചെയ്യും ഈ തത്വം മനസ്സിലാക്കുന്നത് പ്രിയ വായനക്കാരുടെ വിജയത്തിന്റെ ഒരു ചവിട്ടു പടിയാണ്. ഒരു ചിത്രത്തിന്റെ സഹായത്തോടെ ഇത് മനസ്സിലാക്കാം.




**പരിജ്ഞാനമില്ലാത്തതിനാൽ പിശാച് തന്റെ തന്ത്രത്തിലൂടെ മനുഷ്യരെ സമയത്തിനുള്ളിൽ ഭയത്തിന്റെ അഴികളാൽ ബന്ധിച്ചിരിക്കുന്ന കാര്യം ജ്ഞാനികളെന്ന് നടിക്കുന്ന മനുഷ്യർ അറിഞ്ഞിട്ടില്ല. ഇതുകൊണ്ടാണ് താൻ എന്തിനാണ് ജീവിക്കുന്നതെന്ന് പോലും മനുഷ്യർ അറിയാത്തത്!**

(ചിത്രം 1)

നാം ജീവിക്കുന്ന ലോകം സമയത്തിന്റെ മണ്ഡലത്തിലാണ്. നാം സമയത്താൽ നിയന്ത്രിക്കപ്പെടുന്നവരാണ്. 'ലോകം പിശാചിന്റെ കീഴിലാണെന്ന്' ദൈവവചനം പറയുന്നു.

**"നാം ദൈവത്തിൽ നിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."**

**(1 യോഹ. 5:19)**

വിശ്വാസത്തിന്റെ മണ്ഡലം ദൈവരാജ്യത്തിന്റെ മണ്ഡലമാണ്,

അവിടെയാണ് നാം വീണ്ടും ജനിച്ചത്. ദൈവം നമുക്ക് വേണ്ടി കരുതിയിട്ടുള്ളതെല്ലാം അവിടെനിന്നാണ് ആരംഭിക്കുന്നത്. ലോകത്തിൽ നമുക്ക് ജീവിക്കുവാനും ദൈവേഷ്ടം ചെയ്യുവാനും വേണ്ടിയ

തെല്ലാം അവിടെയുണ്ട്. ലോകത്തിൽ പിശാച് നമുക്കെതിരെ ഒരുക്കുന്ന എല്ലാ പദ്ധതികൾക്കും പരിഹാരം അവിടെയാണ്. ഈ ദൈവീക മണ്ഡലം അഥവാ ദൈവരാജ്യം നമ്മുടെ ശക്തിയുടെയും സമ്പൽസമൃദ്ധിയുടെയുമായ ആത്മീയ മണ്ഡലമാണ്. ഈ ആത്മീയ മണ്ഡലത്തിലെ എല്ലാം അനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു.

**"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ." (എഫേ. 1:3)**

**"തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളിയായിത്തീരുവാൻ ഇടവരുന്നു." (2 പത്രോ. 1:3-4)**

## പിശാചിന്റെ ബന്ധന തത്വവും ദൈവത്തിന്റെ സ്വാതന്ത്ര്യ തത്വവും

വീണ്ടും ജനിച്ച വ്യക്തികൾ, പിശാചിന് അധികാരമില്ലാത്തതും എന്നാൽ വീണ്ടും ജനിച്ചവരുടെ ശക്തിയുടെ മണ്ഡലമായ വിശ്വാസ മണ്ഡലത്തിൽ പ്രവർത്തിക്കാതെ പിശാചിന് നിയന്ത്രണമുള്ള 'സമയത്തിന്റെ മണ്ഡലത്തിൽ' ഭയത്താൽ ബന്ധിക്കുക എന്നതാണ് സാത്താന്റെ പദ്ധതി. അതിന് പിശാച് ഉപയോഗിക്കുന്നത് ലോകത്തിലെ ഭൗതിക സാഹചര്യങ്ങളാണ്. ശിഷ്യന്മാരെ സമയത്തിന്റെ (കാഴ്ചയുടെ) മണ്ഡലത്തിൽ ബന്ധിക്കുവാൻ പിശാച് ഉപയോഗിച്ച ഭൗതിക സാഹചര്യം **'കൊടുംകാറ്റും, പടകിന്റെ ഉള്ളിൽ വെള്ളം ഇരച്ചു കയറുന്നതുമായിരുന്നു'.** അതോടെ ശിഷ്യന്മാരുടെ ഹൃദയത്തിലേക്ക് ഭയം ഇടിച്ചു കയറ്റുവാൻ പിശാചിന് സാധിച്ചു. അവർ സമയത്തിന്റെ മണ്ഡലത്തിൽ ബന്ധിക്കപ്പെട്ടു. ഇതുപോലെയാണ് നമ്മുടെ മുമ്പിൽ വരുന്ന നമ്മുടെ ഭൗതിക ചിന്തക്കതീതമായ ഭൗതിക സാഹചര്യങ്ങളിലൂടെ പിശാച് നമ്മെ ഭയത്തിന്റെ ജയിലറകളിൽ സമയത്തിൽ

**ദൈവരാജ്യത്തിൽ നിന്നുകൊണ്ട് യേശു കാറ്റിനെയും കടലിനെയും ശാസിക്കുന്നു.**
**(വിശ്വാസത്താൽ ഉള്ള ജീവിതം)**



**ശിഷ്യന്മാർ അവരുടെ സാഹചര്യത്തിൽ നിന്നുള്ള ഭയപ്പെടുത്തുന്ന സന്ദേശത്താൽ ഭയത്തിന്റെ തടവറയിലെ തടവുപുള്ളികൾ ആകുന്നു.**
**(കാഴ്ചയാൽ ഉള്ള ജീവിക്കുന്നു)**

(ചിത്രം 2)




**പിശാച് യായിറോസിനെ ഭയത്തിന്റെ തടവറയിൽ അടക്കുവാൻ തന്റെ ഭൃത്യന്റെ വാക്കുകളിലൂടെ ശ്രമിക്കുന്നു. എന്നാൽ യേശുക്രിസ്തു തന്റെ വചനത്താൽ യായിറോസിനെ ഭയത്തിന്റെ തടവറയിൽ നിന്ന് വിടുവിക്കുന്നു.**

(ചിത്രം 3)

വീണ്ടും ജനിച്ച വ്യക്തികൾ, പിശാചിന് അധികാരമില്ലാത്തതും എന്നാൽ വീണ്ടും ജനിച്ചവരുടെ ശക്തിയുടെ മണ്ഡലമായ വിശ്വാസമണ്ഡലത്തിൽ പ്രവർത്തിക്കാതെ പിശാചിന് നിയന്ത്രണമുള്ള 'സമയത്തിന്റെ മണ്ഡലത്തിൽ' ഭയത്താൽ ബന്ധിക്കുക എന്നതാണ് സാത്താന്റെ പദ്ധതി.

ബന്ധിക്കുന്നത്. ശിഷ്യന്മാരെ സമയത്തിന്റെ (കാഴ്ചയുടെ) മണ്ഡലത്തിൽ ബന്ധിക്കുവാൻ പിശാച് ഉപയോഗിച്ച ഭൗതിക സാഹചര്യം **'കൊടുംകാറ്റും, പടകിന്റെ ഉള്ളിൽ വെള്ളം ഇരച്ചു കയറുന്നതുമായിരുന്നു'.** അതോടെ ശിഷ്യന്മാരുടെ ഹൃദയത്തിലേക്ക് ഭയം ഇടിച്ചു കയറ്റുവാൻ പിശാചിന് സാധിച്ചു. അവർ സമയത്തിന്റെ മണ്ഡലത്തിൽ ബന്ധിക്കപ്പെട്ടു. ഇതുപോലെയാണ് നമ്മുടെ മുമ്പിൽ വരുന്ന നമ്മുടെ ഭൗതിക ചിന്തക്കതീതമായ ഭൗതിക സാഹചര്യങ്ങളിലൂടെ പിശാച് നമ്മെ ഭയത്തിന്റെ ജയിലറകളിൽ സമയത്തിൽ ബന്ധിക്കുന്നത്.

സമയത്തിന്റെ തലത്തിൽ ജനത്തെ പിശാച് ബന്ധിക്കുന്ന രീതി ഇങ്ങനെയാണ്:-

**സാഹചര്യം -> സന്ദേശം -> ഭയം -> ബന്ധനം**

പിശാചിന്റെ ബന്ധന തത്വം (രീതി)

ശിഷ്യന്മാരുടെ മുമ്പിലുള്ള സാഹചര്യത്തിലൂടെ പിശാച് ശിഷ്യന്മാരുടെ ഉള്ളിൽ ഒരു സന്ദേശം കൊടുക്കുകയും, ആ സന്ദേശം അവരുടെ ഉള്ളിൽ ഭയം ജനിപ്പിക്കുകയും, ആ ഭയം ശിഷ്യന്മാരെ 'ജയത്തിന്റെ മണ്ഡലമായ ദൈവരാജ്യത്തിൽ' പ്രവർത്തിക്കാൻ അനുവദിക്കാതെ സമയത്തിന്റെ മണ്ഡലത്തിൽ ബന്ധിച്ചു.

അത്യാസന്നനിലയിൽ രോഗിയായി കിടക്കുന്ന യായിറോസിന്റെ മകളെ സൗഖ്യമാക്കുവാൻ യേശുവിന്റെ വാക്കു വിശ്വസിച്ച് യേശുവിനെയും കൂട്ടി തന്റെ വീട്ടിലേക്ക് പോകുമ്പോൾ വിശ്വസിച്ച യായിറോസിനെ ഉയർന്ന വിശ്വാസമണ്ഡലത്തിൽ നിന്ന് താഴേക്ക് മാറ്റി സമയത്തിന്റെ മണ്ഡലത്തിൽ ഭയം കൊണ്ട് ബന്ധിക്കുവാൻ **'മകൾ മരിച്ചു'**

എന്നുള്ള വാർത്ത യായിറോസിന്റെ ചെവികളിൽ എത്തിച്ചാണ്.. മുകളിൽ പറഞ്ഞിട്ടുള്ള പിശാചിന്റെ പ്രവർത്തന തത്വവുമായി (രീതി) ഇതും ഒത്തുവരുന്നത് കാണാം.

ദൈവത്തിന്റെ പ്രവർത്തന തത്വം (രീതി)

പിശാചിന്റെ പ്രവർത്തന തത്വത്തിൽ നിന്ന് വിടുവിക്കുന്ന ദൈവത്തിന്റെ പ്രവർത്തന തത്വം യായിറോസിന്റെ, മുകളിൽ പ്രതിപാദിച്ചിട്ടുള്ള അനുഭവത്തിലൂടെ നമുക്ക് മനസ്സിലാക്കാം. മകൾ മരിച്ചു എന്നുള്ള വാർത്ത യായിറോസിന്റെ ചെവിയിൽ പിശാച് എത്തിച്ചെങ്കിലും വിശ്വാസത്തിന്റെ നായകനായ യേശു ആ വാക്ക് കേൾക്കുകയും അപ്പോൾ തന്റെ മുൻപിലുള്ള സാഹചര്യത്തിലൂടെ യായിറോസ് സമയത്തിന്റെ മണ്ഡലത്തിൽ ഭയത്താൽ ബന്ധിക്കപ്പെടാതെ തന്റെ വിശ്വാസത്തിന്റെ വാക്കുകൊണ്ട് താങ്ങി,

**"ഭയപ്പെടേണ്ട വിശ്വസിക്കുക മാത്രം ചെയ്യുക."**

**"ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ പള്ളിപ്രമാണിയുടെ വീട്ടിൽനിന്നു ആൾ വന്നു: നിന്റെ മകൾ മരിച്ചു പോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നതു എന്തിനു എന്നു പറഞ്ഞു. യേശു ആ വാക്കു കാര്യമാക്കാതെ പള്ളിപ്രമാണിയോടു: 'ഭയപ്പെടേണ്ട, വിശ്വസിക്കമാത്രം ചെയ്ക' എന്നു പറഞ്ഞു."**

**(മർക്കോസ്. 5:35–36)**

യേശു ക്രിസ്തു **"ഭയപ്പെടേണ്ട വിശ്വസിക്കുക മാത്രം ചെയ്യുക."** എന്നുള്ള സന്ദേശം കൊണ്ട് യായിറോസിന്റെ ഉള്ളിൽ വിശ്വാസം നിറച്ച്, ജയത്തിന്റെ മണ്ഡലമായ ദൈവരാജ്യത്തിൽ യായിറോസിന്റെ ചിന്തകളെ ഭയത്തിന്റെ മണ്ഡലത്തിലേക്ക് താഴ്ന്ന് പോകാതെ താങ്ങി നിർത്തിക്കൊണ്ട് ജയം കൊടുക്കുവാൻ ഇടയായി. ഈ സംഭവത്തിൽ പിശാചിന്റെ പ്രവർത്തന തത്വത്തിൽ നിന്ന് വിടുവിക്കുന്ന ദൈവത്തിന്റെ പ്രവർത്തന തത്വം കാണാം.

ദൈവത്തിന്റെ സ്വാതന്ത്ര്യ തത്വം (രീതി)

**ദൈവവചനം -> സന്ദേശം -> വിശ്വാസം -> സ്വാതന്ത്ര്യം**

**“ഭയപ്പെടേണ്ട വിശ്വസിക്ക മാത്രം ചെയ്ക”** എന്ന വചനത്തിലൂടെയുള്ള സന്ദേശം യായിറോസിന്റെ ഉള്ളിൽ വിശ്വാസമായി മാറുകയും ആ വിശ്വാസം യായിറോസ് ബന്ധനത്തിൽ അകപ്പെടാതെ സ്വാതന്ത്ര്യത്തിൽ നില നിർത്തുകയും ചെയ്തു.

നാം പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി നമ്മൾ വീണ്ടും ജനിച്ച ദൈവരാജ്യത്തിന്റെ വിശ്വാസത്തിന്റെ തത്വത്തിൽ പ്രവർത്തിക്കാതെ സമയത്തിന്റെ മണ്ഡലത്തിൽ പ്രവർത്തിച്ചാൽ നാം പരാജയപ്പെടും. പകരം പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് വിശ്വാസത്തിന്റെ മണ്ഡലത്തിൽ പ്രവർത്തിച്ചാൽ എപ്പോഴും ലോകത്തെ ജയിക്കാൻ കഴിയും. നാം ദൈവത്തിൽ നിന്ന്, ദൈവരാജ്യത്തിൽ ജനിച്ചിരിക്കുന്നു. അതുകൊണ്ട് നാം ലോകത്തെ ജയിക്കുന്നു.

**“ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ.”**
**(1 യോഹ. 5:4)**

ഈ വചനത്തിന്റെ അർത്ഥം “സമയത്തിന് അതീതമായ മണ്ഡലത്തിൽ നിന്ന് പ്രവർത്തനം ആരംഭിച്ച് സമയത്തിലുള്ള മണ്ഡലത്തെ ജയിക്കണമെന്നുള്ളതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവരാജ്യത്തിൽ നിന്ന് പ്രവർത്തനം ആരംഭിച്ചാൽ ലോകത്തെ ജയിക്കാം. അതിനുപയോഗിക്കുന്ന ജീവിത രീതിയാണ് ‘വിശ്വാസം’ ”.

**“എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻ മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല.”**
**(എബ്രാ.10:38)**

അതിനാൽ നാം പിന്മാറി ലോകത്തിൽ സമയത്തിന്റെ മണ്ഡലത്തിൽ ‘കാഴ്ചയാൽ’ കുടുങ്ങാതെ ‘വിശാസത്താൽ’ സമയത്തിന് അതീതമായ ദൈവരാജ്യത്തിൽ നിന്ന് ആരംഭിച്ച് ലോകത്തെ ജയിക്കാം.

## 4. കഴിഞ്ഞകാല പാപങ്ങൾ ഓർപ്പിക്കുക.

സമയത്തിന്റെ അഥവാ കാഴ്ചയുടെ മണ്ഡലത്തിൽ വീണ്ടും ജനിക്കപ്പെട്ടവരെ ബന്ധിക്കുവാൻ പിശാച് ഉപയോഗിക്കുന്ന മറ്റൊരു പ്രധാന തന്ത്രമാണ്, യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ട്, ക്ഷമ പ്രാപിച്ച പാപങ്ങളെ കുറിച്ച് വീണ്ടും ഓർപ്പിക്കുക; അതോടെ ആ വ്യക്തിയുടെ

ഉള്ളിൽ സംശയവും അതെ തുടർന്ന് കുറ്റബോധം കൊണ്ടുവരികയും, ഈ കുറ്റബോധം ഭയത്തെ ജനിപ്പിക്കുകയും, ആ വ്യക്തി ഭയത്താൽ സമയത്തിന്റെ തടവുകാരനായിത്തീരുകയും പിശാചിന്റെ നിയന്ത്രണ ത്തിലാവുകയും ചെയ്യുന്നു.

***പിശാചിന്റെ നിയന്ത്രണത്തിലുള്ള ഈ ലോക ത്തിലെ സകല സാഹചര്യങ്ങളിലൂടെ ജനത്തെ പിശാച് ഭയത്താൽ, സമയത്തിന്റെ മണ്ഡല ത്തിൽ അടയ്ക്കാൻ നോക്കുമ്പോൾ, ദൈവം തന്റെ വചനത്തിലൂടെ ജനത്തെ ജയത്തിന്റെ മണ്ഡലമായ വിശ്വാസ മണ്ഡലത്തിലേക്ക് കൊണ്ടു വരുവാൻ അവസരം ഒരുക്കിയിരിക്കു ന്നു.***

പിശാച് ദൈവജനത്തിന്റെ ക്ഷമിക്കപ്പെട്ട പാപങ്ങളെ ഓർപ്പിക്കു മ്പോൾ, ദൈവവചനം പറയുന്നത് ദൈവം നമ്മുടെ പാപങ്ങളെ ക്ഷമി ച്ചാൽ അത് ഓർക്കുക കൂടി ചെയ്യാതെ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടു കളഞ്ഞിരിക്കുന്നു എന്നാണ്.

**"അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും." (മീഖാ. 7:19)**

**"പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും." (യോഹ. 8:36)**

2000 വർഷങ്ങൾക്ക് മുമ്പ് ജനങ്ങളുടെ പാപങ്ങൾക്ക് വേണ്ടി യേശു കാൽവറി ക്രൂശിൽ ശിക്ഷ ഏറ്റെടുത്തു കഴിഞ്ഞു, പകരം യേശുവിന്റെ നീതി നമുക്ക് നൽകിയുമിരിക്കുന്നു.

**"എന്നാൽ അവൻ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു"**
**(യെശയ്യാവ്. 53:5)**

**"അങ്ങനെ ഏക ലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു." (റോമർ. 5:18)**

അതുകൊണ്ട് ദൈവം നമുക്കൊരുക്കിയിരിക്കുന്ന ജയം സ്വീകരിക്കാൻ ആഗ്രഹിക്കുന്ന ദൈവജനം പിശാചിനോട് യേശു സംസാരിച്ചതുപോലെ വചനത്തിലെ സത്യം ഉറപ്പോടും ധൈര്യത്തോടും കൂടെ തുറന്നു പറയണം.

*"പിശാചേ നീ ഓർപ്പിച്ചതുപോലെ ഞാൻ പാപിയായിരുന്നു. സത്യം, എന്നാൽ എന്റെ പാപങ്ങളെല്ലാം ഞാൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച ആ നിമിഷം, യേശുവിനോട് എന്റെ പാപങ്ങൾ ഏറ്റു പറഞ്ഞപ്പോൾ യേശു തന്റെ രക്തത്താൽ കഴുകി, ഇന്ന് യേശുവിന്റെ നീതി എനിക്കു തന്നിരിക്കുകയാണ്. ഇനി പാപത്തിന് എന്റെ മേൽ കർത്തൃത്വമില്ല; ഇതാണ് വചന സത്യം അതുകൊണ്ട് എന്റെ യജമാനനായ യേശുവിന്റെ നാമത്തിൽ പിശാചേ 'നീ എന്നെ വിട്ടു പോവുക'."*

**"യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." (1 യോഹ. 1:7)**

**"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."
(1 യോഹ. 1:9)**

**"എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന്നു മാത്രം അല്ല, സർവ്വലോകത്തിന്റെയും പാപത്തിനും തന്നെ."
(1 യോഹ. 2:1–2)**

**"നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുക ഇല്ലല്ലോ."
(റോമർ. 6:14)**

ഈ സത്യം മനസ്സിലാക്കി നാം പ്രവർത്തിച്ചാൽ സമയത്തിന്റെ തടവറയിൽ അകപ്പെടാതെ ജയത്തിന്റെ മണ്ഡലമായ വിശ്വാസ മണ്ഡലത്തിൽ നമുക്ക് പ്രവർത്തിക്കാൻ കഴിയും. ദൈവം ഇതിനായി ഈ പുസ്തകം വായിക്കുന്ന ഓരോരുത്തരെയും സഹായിക്കട്ടെ.

## പ്രാർത്ഥന



*പ്രിയ സ്വർഗ്ഗീയ പിതാവെ, ഈ പുസ്തകത്തിലെ വചനസത്യങ്ങളിലൂടെ എന്റെ ജീവിതത്തിലെ പല മേഖലകളിലും ഞാൻ സമയത്തിന്റ മണ്ഡലത്തിൽ ഭയത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കി. ഇനിയും സമയത്തിന്റെ മണ്ഡലത്തിൽ കുടുങ്ങി പിശാചിനാൽ നിയന്ത്രിക്കപ്പെടുന്നവനും തടയപ്പെടുന്നവനുമാകാതെ, അങ്ങൊരുക്കിയിരിക്കുന്ന വചനത്തിലൂടെ വിജയത്തിന്റെ മണ്ഡലമായ വിശ്വാസത്തിന്റെ ഉയർന്ന മണ്ഡലത്തിലേക്കു കടക്കുകയും, അങ്ങയുടെ ആത്മാവാൽ നിയന്ത്രിക്കപ്പെട്ട് ദൈവേഷ്ടം ഭൂമിയിൽ ചെയ്യുവാൻ എന്നെ സഹായിക്കണമെ........യേശുവിന്റെ നാമത്തിൽ തന്നെ,- ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. വിശ്വാസത്താൽ ദൈവരാജ്യത്തിൽ നാം യഥാർത്ഥമായി പ്രവർത്തിച്ചാൽ യേശുവിനെ പോലെ നാമും ലോകത്തിന് ഒരു അത്ഭുത വിഷയമാവുകയും, ദൈവേഷ്ടം നമ്മിലൂടെ സാധിക്കുകയും ചെയ്യും.
2. സമയത്തിന്റെ മണ്ഡലത്തിൽ നാം പിശാചിനാൽ നിയന്ത്രിക്കപ്പെടുന്നു. എന്നാൽ വിശ്വാസത്തിന്റെ മണ്ഡലത്തിൽ നാം പിശാചിന്റെ പ്രവർത്തികളെ അഴിക്കുന്നു, വിജയയാത്ര നടത്തുന്നു.
3. പിശാചിന്റെ പ്രധാന പദ്ധതികളിലൊന്ന് ജനത്തെ വിശ്വാസമണ്ഡലത്തിൽ പ്രവർത്തിക്കാൻ അനുവദിക്കാതെ സമയത്തിന്റെ മണ്ഡലത്തിൽ ഭയത്താൽ ബന്ധിക്കുക എന്നതാണ്.
4. ജനത്തിന്റെ സാഹചര്യങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഭയത്തിന്റെ സന്ദേശത്താലാണ് പിശാച് നമ്മെ ഭയത്താൽ ബന്ധിക്കുന്നത്.
5. ജനം വിശ്വാസ മണ്ഡലത്തിലേക്ക് കടക്കാതിരിക്കാൻ പിശാച് **ഒന്നാമതായി** വചനം കേൾക്കുന്ന സാഹചര്യം ജനത്തിൽ നിന്ന് ലോകത്തിന്റെ തിരക്കു കൊണ്ടും, സാഹചര്യം കൊണ്ടും തട്ടിക്കളയുന്നു. **രണ്ടാമതായി** ഹൃദയത്തിൽ വിതക്കപ്പെട്ട വചനം ഗ്രഹിപ്പിക്കാതിരിക്കുന്നു. **മൂന്നാമതായി** പഴയ പാപങ്ങൾ ഓർപ്പിക്കുകയും, ഈ ലോകമോഹങ്ങളിലും, ജഡചിന്തയിലും കുടുക്കുകയും ചെയ്യുന്നു.
6. യേശുവിന്റെ രക്തത്താൽ വീണ്ടും ജനിക്കപ്പെട്ട ഓരോ വ്യക്തികളും മുമ്പെ സമയത്തിന് അതീതമായ ദൈവരാജ്യത്തിലും (വിശ്വാസത്തിന്റെ മണ്ഡലം) അതോടൊപ്പം സമയത്തിൻ കീഴിലുള്ള ലോകത്തിലും ഒരുമിച്ച് ജീവിക്കേണ്ട വ്യക്തികളാണ്.
7. വിശ്വാസ മണ്ഡലത്തിൽ ഒരു വ്യക്തി പ്രവർത്തിക്കുമ്പോൾ, ആ വ്യക്തി പിശാചിന്റെ നിയന്ത്രണരേഖയ്ക്കപ്പുറമാണ്. എന്നാൽ സമയത്തിന്റെ മണ്ഡലത്തിൽ മാത്രം നാം പ്രവർത്തിച്ചാൽ പിശാചിന്റെ നിയന്ത്രണത്തിൻ കീഴിലുമാണ്.
8. പിശാച് പഴയ പാപങ്ങൾ ഓർപ്പിക്കാൻ ശ്രമിക്കുമ്പോൾ വീണ്ടെടുക്കപ്പെട്ടവർ വ്യക്തമായി മനസ്സിലാക്കുകയും ഏറ്റു പറയുകയും

വേണം "ദൈവം എന്റെ പാപങ്ങൾ ക്ഷമിച്ചാൽ അത് ഓർക്കുക പോലുമില്ല, യേശുവിന്റെ രക്തത്താൽ എന്റെ എല്ലാ പാപങ്ങളും കഴുകപ്പെട്ടു. ഇന്ന് എന്റെ നീതി എന്റേതല്ല യേശുവിന്റേതാണ്, ഞാൻ യേശുവിന്റെ വകയാണ്, ഇനി പാപത്തിന് എന്റെമേൽ കർത്തൃത്വ മില്ല."

9. പിശാച് മനുഷ്യരെ സമയത്തിൽ (ലോകത്തിൽ) ബന്ധിക്കുന്ന തത്വം ഇങ്ങനെയാണ്.. **സാഹചര്യം -> സന്ദേശം -> ഭയം -> ബന്ധനം**

10. ദൈവം മനുഷ്യരെ സമയത്തിന് അതീതമായ ദൈവരാജ്യത്തിലേക്ക് സ്വതന്ത്രമാക്കുന്ന തത്വം ഇങ്ങനെയാണ്.. **ദൈവവചനം -> സന്ദേശം -> വിശ്വാസം -> സ്വാതന്ത്ര്യം**

11. പിശാചിന്റെ നിയന്ത്രണത്തിലുള്ള ഈ ലോകത്തിലെ സകല സാഹ ചര്യങ്ങളിലൂടെ ജനത്തെ പിശാച് ഭയത്താൽ, സമയത്തിന്റെ മണ്ഡ ലത്തിൽ അടയ്ക്കാൻ നോക്കുമ്പോൾ, ദൈവം തന്റെ വചനത്തി ലൂടെ ജനത്തെ ജയത്തിന്റെ മണ്ഡലമായ വിശ്വാസ മണ്ഡലത്തി ലേക്ക് കൊണ്ടു വരുവാൻ അവസരം ഒരുക്കിയിരിക്കുന്നു.



അദ്ധ്യായം 2

# നഷ്ടങ്ങളുടെ ഒരു വമ്പൻ നിര....

"നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും........യഹോവയായ ദൈവം അവനെ ഏദെൻതോട്ടത്തിൽ നിന്നും പുറത്താക്കി." (ഉൽപ്പ. 3:19-23)

## 1. പിതാവിനെ നഷ്ടപ്പെട്ടു!

**ഏ**ദെനിൽ നിന്നും പടിയിറക്കപ്പെട്ട മനുഷ്യനുണ്ടായ നഷ്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്, മനുഷ്യൻ തന്റെ പിതാവിൽ നിന്നും അകലപ്പെട്ടു എന്നുള്ളതാണ്. അതോടെ മനുഷ്യന് സ്വർഗ്ഗീയ സമ്പത്തെല്ലാം നഷ്ടപ്പെട്ടു. ***കുറെയധികം കൊച്ചു കുട്ടികൾ ഉള്ള ഒരു സ്ത്രീയെ ദുർന്നടപ്പിൽ നിന്ന് മാനസാന്തരപ്പെടാത്തതിന്റെ പേരിൽ സ്വന്തകുടുംബത്തിൽ നിന്ന് പടിയടച്ച് പിണ്ഡം വയ്ക്കുന്നത് പോലെ, തെറ്റ് സമ്മതിക്കാനോ മാനസാന്തരപ്പെടാനോ മനസ്സില്ലാത്ത ആദത്തെ സ്വർഗ്ഗീയ കുടുംബത്തിൽ നിന്നും ദൈവം പുറത്താക്കി.*** ദുർന്നടപ്പുകാരിയായ സ്ത്രീ തന്റെ കുട്ടികളെ ഒക്കത്തും കൈയ്യിലും വയറ്റിലുമൊക്കെയുമായി നടന്ന് ആ പടിയിറങ്ങുന്നതു പോലെ, ദൈവസന്നിധിയിൽ താഴുവാനോ, തന്റെ കുറ്റം സമ്മതിച്ച് ഏറ്റു പറയുവാനോ, മാനസാന്തരപ്പെടാൻ മനസ്സില്ലാത്ത ആദം നമ്മെയെല്ലാം തന്റെ ഉള്ളിൽ വഹിച്ചു കൊണ്ട് തന്റെ ഉള്ളിൽ നിറയപ്പെട്ട വിഷവുമായി (പൂർണ്ണമായും മലിനമായി), പിതാവിനെ മറ്റൊരു രീതിയിൽ പറഞ്ഞാൽ നിത്യ ജീവൻ നഷ്ടപ്പെട്ടവനായി സ്വർഗ്ഗീയ കുടുംബത്തിന്റെ പടിയിറങ്ങി. ഹോ, എത്ര വലിയ നഷ്ടം!



ഏദെനിൽ നിന്നും പടിയിറക്കപ്പെട്ട മനുഷ്യനുണ്ടായ നഷ്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്, മനുഷ്യൻ തന്റെ പിതാവിൽ നിന്നും അകലപ്പെട്ടു എന്നുള്ളതാണ്.

## 2. വസ്ത്രം നഷ്ടപ്പെട്ടു!

വസ്ത്രം വേണ്ടാത്ത ആരും ഈ ലോകത്തിൽ മനുഷ്യരായില്ല. വസ്ത്രം അത്യന്താപേക്ഷിതമായ ഘടകങ്ങളിൽ ഒന്നാണ്.

"വസ്ത്രം, പാർപ്പിടം, ഭക്ഷണം" ഇതിന് വേണ്ടിയാണല്ലോ മനുഷ്യൻ ഓടുന്നത്. ഇന്ന് ലോകത്തിലെ വൻകിട വ്യവസായങ്ങളിൽ ഒന്നാണ് വസ്ത്ര വ്യപാരം. തുണിക്കടയിൽ നിന്നും വാങ്ങുന്ന വസ്ത്രത്തിനെല്ലാം ഒരു കാലാവധിയുണ്ട്. ചില ദിവസങ്ങൾ കഴിഞ്ഞാൽ അവ പഴകി ദ്രവിച്ചു പോകും. മാത്രമല്ല ഒരു പ്രാവശ്യം ഇട്ടു കഴിയുമ്പോൾ ആ വസ്ത്രം മുഷിയും, അത് കഴുകി ശുദ്ധീകരിക്കണം. ഇസ്തിരിപ്പെട്ടികൊണ്ട് ചുളിവ് നിവർത്തണം. വീണ്ടും ആ വസ്ത്രം ധരിച്ചാൽ ഈ പ്രവർത്തികൾ വീണ്ടും ചെയ്യണം. ദ്രവിക്കുന്നതിന്റെ പുറമെയാണിത്. എന്നാൽ ഈ വസ്ത്രം വെറുതെ കിട്ടുകയില്ല, വില കൊടുത്തു വേണം ഇത് വാങ്ങുവാൻ. എന്നാൽ ***മങ്ങുന്ന, ദ്രവിക്കുന്ന, കറയാകുന്ന, വിലകൊടുത്താൽ മാത്രം കിട്ടുന്ന വസ്ത്രങ്ങൾ നാം വസിക്കുന്ന ഈ ലോകം നമ്മുടെ മുമ്പിൽ നിരത്തുമ്പോൾ, നമ്മുടെ സ്വർഗ്ഗീയ പിതാവ് ആദത്തിന് കൊടുത്തത്, മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ നമുക്ക് തന്നിരുന്നത്, നിറം മങ്ങാത്ത, ദ്രവിക്കാത്ത, കറയാകാത്ത, കഴുകേണ്ട ആവശ്യമില്ലാത്ത, യാതൊരു വിലയും കൊടുക്കേണ്ടാത്ത, പക്ഷേ വില നിശ്ചയിക്കാൻ കഴിയാത്ത തേജസ്സിന്റെ വസ്ത്രമാണ്.*** എന്നാൽ ആദം പാപം ചെയ്തതോടെ അഥവാ ആത്മീയ സർപ്പദ്രംശനം (പിശാചിനെ അനുസരിച്ചു, ആത്മീയമായി മരിച്ചു) ഏറ്റതോടെ ആ വസ്ത്രമായ, തേജസ്സ് നഷ്ടപ്പെട്ടു. അതോടെ ആദത്തിന്റെ ഉള്ളിലുണ്ടായിരുന്ന നമ്മുടെയും തേജസ്സെന്ന വസ്ത്രം നഷ്ടപ്പെട്ടു. ദൈവവചനം പറയുന്നു 'സർവ്വമനുഷ്യരും പാപം ചെയ്ത് തേജസ്സ് നഷ്ടപ്പെടുത്തിയെന്ന്.'

**"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു." (റോമ. 3:23)**

തന്റെ തേജസ്സെന്ന വസ്ത്രം നഷ്ടപ്പെടുത്തിയ ആദവും ഹവ്വയും ഉടനെ വസ്ത്രത്തിനായ് അന്വേഷിച്ചു. ആ അന്വേഷണമാണ് ഇന്നും മനുഷ്യൻ തുടരുന്നത്.

ഇങ്ങനെയൊരു അന്വേഷണം മനുഷ്യൻ തുടരുന്നത് കൊണ്ടാണ് വസ്ത്രവ്യവസായം ഇത്രയും വളർന്ന് ഒരു വമ്പൻ വ്യവസായമായി മാറിയത്. എന്നാൽ ആദ്യത്തെ വസ്ത്രം ആദവും ഹവ്വയും ഉണ്ടാക്കിയത് അത്തിയില കൂട്ടി തുന്നിയാണ്. എന്നാൽ സൂര്യനുദിച്ചപ്പോൾ അത് വാടിപ്പോയി. അതിനധികം ആയുസ്സുണ്ടായിരുന്നില്ല. ആദവും ഹവ്വയും ഉണ്ടാക്കിയ അത്തിയില വസ്ത്രമാണ് ആദ്യത്തെ മാനുഷിക വസ്ത്രം. അവരാണ് തുന്നൽ കണ്ടുപിടിച്ചത്. ആ വ്യവസായം ഇന്ന് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആധുനികതയുടെ വസ്ത്രങ്ങൾ ഇന്ന് എല്ലാവരും ആഗ്രഹിക്കുന്നു. എന്ത് ഫലം എല്ലാം ദ്രവിക്കുന്നത് മാത്രം!

ആദവും ഹവ്വയും ഉണ്ടാക്കിയ അത്തിയില വസ്ത്രമാണ് ആദ്യത്തെ മാനുഷിക വസ്ത്രം.

ആദം പാപം ചെയ്തില്ലായിരുന്നെങ്കിൽ നമുക്കിന്നൊരു വസ്ത്രത്തിന്റെയും ആവശ്യമില്ലായിരുന്നു. ഒരു തുണിക്കടയും വേണ്ടായിരുന്നു. പ്രിയരെ ആദം പാപം ചെയ്തപ്പോൾ ദൈവം തന്ന തേജസ്സിന്റെ ആ മനോഹരമായ വസ്ത്രം നഷ്ടമായെങ്കിൽ, യേശുക്രിസ്തുവിലൂടെ, നാം യേശുക്രിസ്തുവിനെ അനുസരിക്കുന്നതിലൂടെ ദൈവം തേജസ്സേറിയ വസ്ത്രം നമുക്കൊരുക്കിയിരിക്കുന്നു. ***ആദം അനുസരണക്കേടിലൂടെ ദൈവം കൊടുത്ത തേജസ്സിന്റെ വസ്ത്രം നഷ്ടമാക്കിയെങ്കിൽ നമുക്ക് അനുസരണത്തിലൂടെ അത് നേടിയെടുക്കാം.***

തന്റെ തേജസ്സെന്ന വസ്ത്രം നഷ്ടപ്പെടുത്തിയ ആദവും ഹവ്വയും ഉടനെ വസ്ത്രത്തിനായ് അന്വേഷിച്ചു. ആ അന്വേഷണമാണ് ഇന്നും മനുഷ്യൻ തുടരുന്നത്.

## 3. പാർപ്പിടം നഷ്ടപ്പെട്ടു!

ദൈവം വസിക്കുന്നത് സ്വർഗ്ഗാധിസ്വർഗ്ഗത്തിലാണ്. എന്നാൽ വചനം പറയുന്നു ദൈവം സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ വസിക്കുമ്പോൾ തന്നെ ദൈവം വസിക്കുന്നത് അടുത്തുകൂടാൻ കഴിയാത്ത പ്രകാശത്തിന്റെ, തേജസ്സിന്റെ ഉള്ളിലാണ്.

**"താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും.." (1 തിമോ. 6:16)**

ഇതുപോലെ തന്നെ ആദത്തെ ദൈവം വസിപ്പിച്ചിരുന്നത് ഏദെനിലാണ്. ഏദെനിലായിരിക്കുമ്പോൾ തന്നെ ആദം തന്റെ പിതാവിനെപ്പോലെ തന്നെ തേജസ്സിന്റെ ഉള്ളിലാണ് വസിച്ചിരുന്നത്. അതായിരുന്നു തന്റെ പാർപ്പിടം. പക്ഷെ പാപം ചെയ്തതോടുകൂടെ (സർപ്പം കടിച്ചതോടുകൂടെ) തനിക്ക്, തന്നെ ദൈവം ആക്കിയിരുന്ന ഏദെനും, തന്റെ തേജസ്സും നഷ്ടമായി. ദൈവവചനം പറയുന്നു 'മതിൽ പൊളിക്കുന്നവനെ പാമ്പ് കടിക്കും.'

> ദൈവവചനം പറയുന്നു മതിൽ പൊളിക്കുന്നവനെ പാമ്പ് കടിക്കും.

**"മതിൽ പൊളിക്കുന്നനെ പാമ്പു കടിക്കും." (സഭാ. 10:8)**

എന്നാൽ ദൈവം യേശുക്രിസ്തുവിലൂടെ നമുക്ക് ഏദെനെക്കാൾ ഉന്നതമായ സ്വർഗ്ഗീയ പാർപ്പിടം തരുവാൻ വേണ്ടി കാത്തിരിക്കുന്നു.

**"ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും." (റോമ. 5:19)**

***അനുസരണക്കേടിലൂടെ ആദത്തിന് തന്റെ പാർപ്പിടം നഷ്ടമായെങ്കിൽ ക്രിസ്തുവിനോടുള്ള അനുസരണത്തിലൂടെ നമുക്ക് ദൈവമൊരുക്കിയിരിക്കുന്ന പാർപ്പിടം നേടിയെടുക്കാം.***

## 4. ഭക്ഷണം നഷ്ടപ്പെട്ടു!

ഇന്ന് മനുഷ്യൻ പരക്കം പായുകയാണ്. എന്തിനാണ് നീ ഇങ്ങനെ ഓടുന്നതെന്ന് ചോദിച്ചാൽ കൂടുതൽ പേർക്കും പറയാനുള്ളത്, ഞങ്ങ

ളടെ വയറ്റിപിഴപ്പിന് വേണ്ടി ഓടുകയാണെന്നുള്ളതാണ്. അതായത് ജീവിക്കാൻ ഭക്ഷണമൊരുക്കാൻ. അതിനായി പണം സമ്പാദിക്കാൻ ഓടുകയാണ്. എന്നാൽ ദൈവം ആദത്തെ സൃഷ്ടിച്ചപ്പോൾ അതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. കാരണം ആദത്തിന് വേണ്ടിയതെല്ലാം അഞ്ചര ദിവസങ്ങൾ കൊണ്ട് ഒരുക്കിയതിന് ശേഷം ആറാം ദിവസ മാണ് ദൈവം ആദത്തെ സൃഷ്ടിച്ചത്. ദൈവവചനം പറയുന്നു 'ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, അതിൽ ഫലം കായ്ക്കുന്ന സകലവിധ വൃക്ഷങ്ങളും ഉണ്ടാക്കി. ആദത്തിന് ആഹാരമായി ഇഷ്ടം പോലെ തിന്നുവാൻ അതെല്ലാം ഏല്പ്പിച്ചു കൊടുത്തു.'

**"ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകലവൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു; അവ നിങ്ങൾക്ക് ആഹാരമായിരി ക്കട്ടെ;" (ഉല്പ്പ. 1:29)**

**"യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു എന്തെ ന്നാൽ: തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം." (ഉല്പ്പ. 2:16)**

***ആദം വാങ്ങിക്കാത്ത തോട്ടം, നടാത്ത ചെടികളും ഫല വൃക്ഷങ്ങളും, ഒരിക്കൽ പോലും ആദം അതിനെ നനച്ചിട്ടി ല്ല. ആദം കണ്ണുതുറക്കുമ്പോൾ എല്ലാം ആദത്തിന്റെ പിതാവ് ആദത്തിന് വേണ്ടി ഒരുക്കിയിരുന്നു.*** ആദത്തിന്റെ സന്തതി പരമ്പരകളായ നാമെല്ലാം ആദത്തിന്റെ ഉള്ളിൽ ഉണ്ടായിരുന്നു എന്ന് ഓർക്കുന്നുവല്ലോ. എത്ര നല്ല ദൈവം!

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ, അങ്ങ് തന്ന വെളിപ്പാ ടിനായി നന്ദി. ആദത്തിന്റെ അനുസരണക്കേടിനാൽ മനുഷ്യവർഗ്ഗത്തിന് നഷ്ടപ്പെട്ടതിനെ എനിക്ക് മനസ്സി ലാക്കി തന്നതിനായി നന്ദി. നഷ്ടപ്പെട്ടുപോയ ഞങ്ങളെ യേശുക്രിസ്തുവിലൂടെ വീണ്ടെടുപ്പിച്ച് സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളും തന്ന തിനായി നന്ദി. തുടർന്നും ഞങ്ങളെ പഠിപ്പിക്കണമെ........... യേശുവിൻ നാമത്തിൽ തന്നെ,– ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഏദെനിൽ നിന്നും പടിയിറക്കപ്പെട്ട മനുഷ്യനുണ്ടായ നഷ്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മനുഷ്യൻ തന്റെ സ്വർഗ്ഗീയ പിതാവിൽ നിന്നും അകലപ്പെട്ടു എന്നുള്ളതാണ്.
2. മങ്ങുന്ന, ദ്രവിക്കുന്ന, കറയാകുന്ന, വില കൊടുത്താൽ മാത്രം കിട്ടുന്ന വസ്ത്രങ്ങൾ നാം വസിക്കുന്ന ഈ ലോകം നമ്മുടെ മുമ്പിൽ നിരത്തുമ്പോൾ, നമ്മുടെ സ്വർഗ്ഗീയ പിതാവ് ആദത്തിന് കൊടുത്തത്, മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ നമുക്ക് തന്നിരുന്നത്, നിറം മങ്ങാത്ത, ദ്രവിക്കാത്ത, കറയാകാത്ത, കഴുകേണ്ട ആവശ്യമില്ലാത്ത, യാതൊരു വിലയും കൊടുക്കേണ്ടാത്ത, പക്ഷെ വില നിശ്ചയിക്കാൻ കഴിയാത്ത തേജസ്സിന്റെ വസ്ത്രമാണ്.
3. ആദം അനുസരണക്കേടിലൂടെ ദൈവം കൊടുത്ത തേജസ്സിന്റെ വസ്ത്രം നഷ്ടമാക്കിയെങ്കിൽ നമുക്ക് അനുസരണത്തിലൂടെ അത് നേടിയെടുക്കാം.
4. ദൈവവചനം പറയുന്നു മതിൽ പൊളിക്കുന്നവനെ പാമ്പ് കടിക്കും.
5. അനുസരണക്കേടിലൂടെ ആദത്തിന് പാർപ്പിടം നഷ്ടമായെങ്കിൽ ക്രിസ്തുവിനോടുള്ള അനുസരണത്തിലൂടെ നമുക്ക് ദൈവമൊരുക്കിയിരിക്കുന്ന പാർപ്പിടം നേടിയെടുക്കാം.
5. ആദം വാങ്ങിക്കാത്ത തോട്ടം, നടാത്ത ചെടികളും ഫലവൃക്ഷങ്ങളും, ഒരിക്കൽ പോലും ആദം അതിനെ നനച്ചിട്ടില്ല. ആദം കണ്ണുതുറക്കുമ്പോൾ ആദത്തിന്റെ പിതാവ് എല്ലാം ഒരുക്കിയിരുന്നു.



### അദ്ധ്യായം 3

## ദൈവം ഒരുക്കിയത് മറയപ്പെട്ടിരിക്കുന്നു!

"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നീട്ടുമില്ല." (1 കൊരി. 2:9)

**മാ**നുഷിക ചിന്ത പ്രകാരം ലോകത്തിൽ ഭൗതിക കണ്ണുകൊണ്ട് കാണുന്നതും, ചെവികൊണ്ട് കേൾക്കുന്നതും അതുകൊണ്ട് ഹൃദയത്തിൽ ചിന്തിക്കുന്നതുമായ കാര്യങ്ങളാണ് മനുഷ്യർക്ക് ദൈവം ഒരുക്കിയിരിക്കുന്നത്. പക്ഷെ ഈ ഭൗതിക ലോകം ഒരു രണ്ടാം തലം മാത്രമാണ്. എന്നാൽ ദൈവീക ചിന്ത നമ്മെ ഇതിൽ നിന്നും വ്യത്യസ്തമായ ഒരു തലത്തിലേക്കും, ചിന്തയിലേക്കും നയിക്കുന്നു. ദൈവവചനം പറയുന്നു, ഈ രണ്ടാം തലത്തിൽ, മനുഷ്യന് സ്വാഭാവികമായി ഗ്രഹിക്കാവുന്ന കാര്യങ്ങൾ മാത്രമല്ല, മറ്റൊരു തലത്തിലും അതായത് ആത്മീയ തലത്തിലും (ഒന്നാം തലത്തിൽ) ദൈവം മനുഷ്യർക്ക് വേണ്ടി ഒരുക്കിയിരിക്കുന്നു.

അതായത് ദൈവം ആത്മീയ മണ്ഡലത്തിലും ഭൗതിക മണ്ഡലത്തിലും മനുഷ്യർക്ക് വേണ്ടി ഒരുക്കിയിരിക്കുന്നു.

എന്തിനാണ് ആത്മീയ മണ്ഡലത്തിലും ഭൗതിക മണ്ഡലത്തിലും ദൈവം ഒരുക്കിയിരിക്കുന്നത്?

***ആത്മലോകത്തിലും ഭൗതിക മണ്ഡലത്തിലും ഒരുപോലെ ജീവിക്കുവാൻ ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കയാൽ ദൈവം മനുഷ്യന് വേണ്ടി ആത്മമണ്ഡലത്തിലും ഭൗതിക മണ്ഡലത്തിലും കാര്യങ്ങൾ ഒരുക്കിയിരിക്കുന്നു എന്നുള്ളത് നമ്മുടെ അടിസ്ഥാ***

***നപരമായ അറിവായിരിക്കണം. ഭൗതികമായി ഗ്രഹിക്കാവുന്നവ അതായത് കാണുന്നവ ദൈവം എല്ലാവർക്കും വേണ്ടി ഒരുക്കിയിരിക്കുമ്പോൾ, ഭൗതികമായി ഗ്രഹിക്കാൻ കഴിയാത്തത്, അതായത് കാണാത്തത്, ആത്മീയമായത് ദൈവം തന്നെ സ്നേഹിക്കുന്നവർക്കാണ് ഒരുക്കിയിരിക്കുന്നത്.***
അതുകൊണ്ട് ദൈവവചനം പറയുന്നു, 'ദൈവത്തെ സ്നേഹിക്കുന്നവർക്കാണ് കണ്ണുകൊണ്ട് കാണാത്തതും, കാതുകൊണ്ട് കേൾക്കാത്തതും ഹൃദയം കൊണ്ട് ഗ്രഹിക്കാത്തതും ദൈവം ഒരുക്കിയിരിക്കുന്നത്.'

> **"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." (1 കൊരി. 2:9)**

## ആദം ദൈവത്തെ സ്നേഹിച്ച സമയവും സ്നേഹിക്കാത്ത സമയവും

ദൈവം ആദത്തിന് വേണ്ടി ഒരുക്കിയതെല്ലാം ഇന്നും അങ്ങനെ തന്നെ ഉണ്ടെന്നും, ആദമാണ് പാപം ചെയ്ത്, ദൈവം തന്നെ സ്നേഹിക്കുന്ന ആദത്തിന് വേണ്ടി ഒരുക്കിയ മണ്ഡലമായ ഏദെനിൽ (ദൈവസാന്നിധ്യത്തിൽ) നിന്ന് പുറം തള്ളപ്പെട്ടതെന്നും നാം മനസ്സിലാക്കണം.

**① ദൈവീക ദൃഷ്ടിയിൽ എപ്പോൾ വരെയാണ് ആദം ദൈവത്തെ സ്നേഹിച്ചിരുന്നത്?**

ഉത്തരം :- **ആദം ദൈവത്തോട് അഥവാ ദൈവവചനത്തോട് അനുസരണക്കേട് കാണിക്കുന്നതിന് മുമ്പ് വരെ.**

**② ദൈവീക ദൃഷ്ടിയിൽ എപ്പോൾ മുതലാണ് ആദം ദൈവത്തെ സ്നേഹിക്കാതിരുന്നത്?**

ഉത്തരം :- **ആദം ദൈവത്തോട് അഥവാ ദൈവവചനത്തോട് അനുസരണക്കേട് കാണിച്ചത് മുതൽ.**


എങ്ങനെ നമുക്കിതിനെ ഉറപ്പിക്കാൻ കഴിയും? കാരണം ദൈവ

ത്തിന്റെ ഹൃദയത്തിലെ ചിന്തകൾ ഇതാണ്. **'എന്നെ സ്നേഹിക്കുന്ന വൻ എന്റെ വചനം പ്രമാണിക്കും.'**

**"യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും." (യോഹ. 14:23)**

**"എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല." (യോഹ. 14:24)**

അതുകൊണ്ട് എപ്പോൾ ആദം ദൈവത്തോട് അനുസരണക്കേട് കാണിച്ചോ അപ്പോൾ മുതൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ആദം ദൈവത്തെ, ദൈവം ആഗ്രഹിക്കുന്നത് പോലെ സ്നേഹിക്കുന്നില്ല. അതുകൊണ്ട് ആദം ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ഒരുക്കിയിട്ടുള്ളതിൽ നിന്നും പുറംതള്ളപ്പെട്ടു. ഇതിൽ നിന്ന് നമുക്കൊരു കാര്യം മനസ്സിലാക്കാം, 'ദൈവം മനുഷ്യർക്ക് വേണ്ടി ആത്മ മണ്ഡലത്തിലും ഭൗതിക മണ്ഡലത്തിലും ഒരുക്കീട്ടുണ്ടെന്നും, ഭൗതിക തലത്തിൽ ഒരുക്കീട്ടുള്ളവ മനുഷ്യഹൃദയങ്ങൾക്ക് ഗ്രഹിക്കാവുന്നവ എല്ലാവർക്കും വേണ്ടിയുള്ളതാണെന്നും, ആത്മ മണ്ഡലത്തിൽ ഒരുക്കീട്ടുള്ളവ തന്നെ സ്നേഹിക്കുന്നവർക്കാണെന്നും, അത് നാം പ്രാപിക്കണമെങ്കിൽ ദൈവത്തോട് അനുസരണമുള്ളവരായി, ദൈവത്തെ സ്നേഹിക്കുന്നവരെന്ന് തെളിയിക്കണം'. ***എന്നാൽ ദൈവത്തെ സ്നേഹിക്കുന്നതിൽ (അനുസരിക്കുന്നതിൽ) നാം പരാജയപ്പെടുമ്പോഴാണ്, ദൈവം ഒരുക്കീട്ടുള്ളത് നമുക്ക് മറയപ്പെടുന്നത്.*** തുടർന്ന് ലോകത്തിൽ എല്ലാവർക്കും വേണ്ടി, പ്രത്യേകിച്ച് ലോകമക്കൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്നതാണ് നാം കാണപ്പെടുന്നത്. ഇത് നമുക്ക് ചിത്രങ്ങളിലൂടെ എളുപ്പം മനസ്സിലാക്കാം.




**ദൈവം സൃഷ്ടിച്ച ആദത്തിന്റെ മൂന്ന് ഭാഗങ്ങളായ ആത്മാവും ദേഹിയും ശരീരവും വസിച്ചിരുന്ന മൂന്ന് മണ്ഡലങ്ങൾ**

(ചിത്രം 4)

ഇവിടെ ചിത്രത്തിൽ മൂന്ന് മണ്ഡലങ്ങളെ കാണിച്ചിരിക്കുന്നു. ഭൂമി, ഏദെൻ, ദൈവരാജ്യം. മനുഷ്യൻ രൂപപ്പെട്ടിരിക്കുന്നത് സ്വർഗ്ഗീയമായ ദൈവത്തിന്റെ ശ്വാസവും, ഭൗതികമായ ഭൂമിയിലെ പൊടിയും തമ്മിൽ കൂടിച്ചേർന്നപ്പോഴാണെന്ന് മനസ്സിലായല്ലോ?

മനുഷ്യൻ രൂപപ്പെട്ടിരിക്കുന്നത് സ്വർഗ്ഗീയമായ ദൈവത്തിന്റെ ശ്വാസവും, ഭൗതികമായ ഭൂമിയിലെ പൊടിയും തമ്മിൽ കൂടിച്ചേർന്നപ്പോഴാണ്.

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉൽപ്പ. 2:7)**

സ്വർഗ്ഗീയമായ ദൈവീക ശ്വാസവും ഭൗതികമായ ഭൂമിയിലെ പൊടിയും തമ്മിൽ കൂടിച്ചേർന്നപ്പോൾ ഉണ്ടായ പുതിയ രൂപമാണ് ദേഹി. അതിനാൽ ദേഹി സ്വർഗ്ഗീയമായതിന്റെയും ഭൗതികമായതിന്റെയും ഇടയിൽ പ്രവർത്തിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഇടയിലുള്ള പാലമാണ് ദേഹി. മനുഷ്യനിൽ ആത്മ മണ്ഡലവും ഭൗതിക മണ്ഡലവും തമ്മിൽ ബന്ധപ്പെടുന്നത് ദേഹിയിലൂടെയാണ്.

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഇടയിലുള്ള പാലമാണ് ദേഹി. മനുഷ്യനിൽ ആത്മ മണ്ഡലവും ഭൗതിക മണ്ഡലവും തമ്മിൽ ബന്ധപ്പെടുന്നത് ദേഹിയിലൂടെയാണ്.

മനുഷ്യനിലെ ആത്മാവ് ദൈവത്തിന്റെ ഭാഗം ആണ്.

**"മനുഷ്യന്റെ ആത്മാവ് യഹോവയുടെ ദീപം." (സദൃ. 20:27)**

**"ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും" (സഭാ. 12:7)**

മനുഷ്യനിലെ ആത്മാവ് ദൈവത്തിന്റെ ഭാഗം ആണ്. പൊടി ഭൂമിയുടെ ഭാഗമാണ്.

പൊടി ഭൂമിയുടെ ഭാഗമാണ്.

**"പൊടി പണ്ട് ആയിരുന്നതു പോലെ ഭൂമിയിലേക്കു തിരികെ ചേരും;" (സഭാ. 12:7)**

**"അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്നു അവൻ ഓർക്കുന്നു." (സങ്കീ. 103:14)**

ദേഹിയെയാണ് ദൈവം മനുഷ്യൻ എന്ന് വിളിക്കുന്നത്. ദേഹിയിലാണ് മനുഷ്യൻ തീരമാനമെടുക്കുന്നത്. ദേഹി ശരീരത്തിലായിരിക്കുമ്പോൾ എടുക്കുന്ന തീരുമാനമനുസരിച്ച് തന്റെ ശാശ്വത ഭവനമായി സ്വർഗ്ഗത്തെയോ, നരകത്തെയോ (ദേഹിക്ക്) തീരുമാനിക്കാം.

**"മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്കു പോകും;" (സഭാ. 12:5)**

ദേഹിയിലാണ് മനുഷ്യന്റെ സകല അസ്ഥിത്വവും അടങ്ങിയിരിക്കുന്നത്. ദേഹിയാണ് മനുഷ്യന്റെ കാര്യങ്ങൾ തീരുമാനിക്കുന്നത്. അതു

കൊണ്ടാണ് മനുഷ്യൻ ദേഹിയാണെന്ന് ദൈവം പറയുന്നത് (ഉൽപ്പ. 2:7, 1 കൊരി. 15:45) ജീവനുള്ള ദേഹിയായ ഈ മനുഷ്യനെ ദൈവം കൂട്ടിക്കൊണ്ട് പോയി ആക്കി വച്ചത് ഏദെനിലായിരുന്നെന്ന് നാം മനസ്സിലാക്കിയല്ലോ?

**"അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി." (ഉൽപ്പ. 2:8)**

***ദൈവം ഏദെനിൽ കൊണ്ടുചെന്നാക്കിയ മനുഷ്യൻ ദൈവേഷ്ടപ്രകാരം ഏദെൻ കാക്കുകയും അവിടെ നിന്നും വേല ആരംഭിക്കുകയും, ഭൂമിയിൽ നിറഞ്ഞ്, ഭൂമിയെ അടക്കി, ഭൂമിയെ വാഴണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം.***


**"യഹോവായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി." (ഉൽപ്പ. 2:15)**

**"ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു." (ഉൽപ്പ. 1:28)**

ഭൂമിയിൽ നിറയുവാനും, അതിനെ കീഴടക്കുവാനും അതിനെ ഭരിക്കുവാനുമുള്ള എല്ലാ കാര്യങ്ങളും (Provision) ദൈവം ആദത്തിന് ഏദെനിൽ കൊടുത്തിരുന്നു. ഇങ്ങനെ ദൈവേഷ്ടം ചെയ്യുവാനായി ദൈവം ഏദെനിൽ 'ജീവനുള്ള ദേഹിയായ ആദത്തിന്' കൊടുത്ത കാര്യങ്ങളാണ് ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ഒരുക്കി വച്ചിട്ടുള്ള കാര്യങ്ങളിൽ വലിയൊരു ഭാഗം.

**"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." (1 കൊരി. 2:9)**

ആദത്തിന് കഴിക്കാൻ ആപ്പിൾ വേണമെങ്കിൽ ആപ്പിൾ, ഓറഞ്ചിന് ഓറഞ്ച്, മുന്തിരിക്ക് മുന്തിരി, എന്ത് ആദത്തിന് കഴിക്കാൻ വേണമോ, അതെല്ലാം ആദത്തിന്റെ പിതാവായ ദൈവം ആദത്തിന് ഏദെനിൽ ഒരുക്കിയിരുന്നു.




**ദൈവം മനുഷ്യന് ഭൂമിയിൽ ദൈവേഷ്ടം ചെയ്യുവാൻ വേണ്ടിയതെല്ലാം ഏദെനിൽ ഒരുക്കിയിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യൻ പാപം നിമിത്തം ഭൂമിയിലേക്ക് തള്ളപ്പെട്ടു എങ്കിലും ദൈവം ഒരുക്കിയതെല്ലാം ഇന്നും മനുഷ്യനെയും കാത്ത് ഏദെനിൽ ഉണ്ട്.**

(ചിത്രം 5)


ഈ ചിത്രത്തിൽ ജീവനുള്ള ദേഹിയായ ആദത്തിന് ചുറ്റും ദൈവം കൊടുത്ത ദൈവരാജ്യത്തിന്റെ പ്രൊവിഷനായ തേജസ്സും, തനിക്ക് ഇഷ്ടം പോലെ കഴിക്കാനുള്ള വൃക്ഷഫലങ്ങളും കാണാം. തന്നെ ദൈവം ഏല്പിച്ച ജോലി ചെയ്യാൻ സഹായത്തിനായി തന്ന ഹവ്വയേയും നമുക്ക് ഈ ചിത്രത്തിൽ കാണാം. ആദത്തിന്റെ തേജസ്സിന്റെ കാരണം ദൈവത്തോട് അനുസരണക്കേട് കാണിക്കാത്ത ആദത്തിൽ ദൈവാത്മാവ് വസിച്ചിരുന്നതാണ്. അത് ആദത്തിന്റെ ആത്മശക്തി


യായിരുന്നു. എന്നാൽ ലോകത്തിൽ തലമുറകളായി നിറയുവാൻ തന്റെ കൂടെ ദൈവം കൊടുത്ത ഭൗതിക സഹായിയായിരുന്നു ഹവ്വ. ഈ ആത്മശക്തിയും, ഭൗതിക സഹായിയായിരുന്ന ഹവ്വയ്ക്കും, ദൈവം തോട്ടത്തിലൊരുക്കിയിരുന്ന ഫലങ്ങളും, നദികളും, സംവിധാനങ്ങളുമെല്ലാം സ്വർഗ്ഗീയ പ്രൊവിഷനുകൾ ആയിരുന്നു. ഈ പ്രൊവിഷനുകൾ ഉപയോഗിച്ച് വേണമായിരുന്നു ആദം ഭൂമിയിൽ നിറഞ്ഞ്, അതിനെ കീഴടക്കി, അതിന്റെ മേൽ ആധിപത്യം നടത്തുവാൻ.

എന്നാൽ എന്ന് ആദം അനുസരണക്കേടിലൂടെ ദൈവരാജ്യത്തിന്റെ നിഴലായ ഏദെനിൽ നിന്നും മാറ്റപ്പെട്ട് ഭൂമിയിലേക്ക് (ജഡ മണ്ഡലത്തിലേക്ക്) തള്ളപ്പെട്ടോ, അപ്പോൾ ഏദെൻ മണ്ഡലം ആദത്തിന്റെ മനസ്സിന് ഇരുണ്ട് പോവുകയും, ദൈവരാജ്യവുമായുള്ള ബന്ധം തനിക്ക് നഷ്ടപ്പെടുകയും ചെയ്തു. തേജസ്സ് നഷ്ടപ്പെട്ട് ജഡരൂപിയായി മാറ്റപ്പെട്ട ആദത്തിന് ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളതിൽ നിന്നെല്ലാം ദൈവം വിലക്കേർപ്പെടുത്തി.


> **"ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴികാപ്പാൻ അവൻ ഏദെൻ തോട്ടത്തിന് കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി." (ഉല്പ. 3:24)**


തുടർന്ന് ദൈവം മനുഷ്യന് വേണ്ടി ഏദെനിൽ ഒരുക്കിയത് മനസ്സിലാക്കുവാനോ, അനുഭവിക്കുവാനോ കഴിയാതെ തന്റെ നെറ്റിയിലെ വിയർപ്പ് കൊണ്ട് ലോകത്തിൽ തന്റെ ഉപജീവനത്തിനുള്ളത് സ്വന്ത അദ്ധ്വാനത്തിലൂടെ ഒരുക്കേണ്ടതായിട്ട് വന്നു. ഇന്നും മനുഷ്യൻ നെറ്റിയിലെ വിയർപ്പ് (Law of work) കൊണ്ട് ഉപജീവിക്കുകയാണ്.




**മനുഷ്യമനസ്സിന് ആത്മമണ്ഡലം ഇരുണ്ട് പോകുന്നു അഥവാ ആത്മമണ്ഡലം കാണുവാൻ കഴിയാതെയാകുന്നു.** (ചിത്രം 6,7,8,9)








**ദൈവം മനുഷ്യന് വേണ്ടി ഏദെനിൽ ഒരുക്കിയതിനെ കാണാൻ കഴിയാത്ത രീതിയിൽ ഏദെനും ദൈവരാജ്യവും മനുഷ്യമനസ്സുകൾക്ക് ഇരുണ്ട് പോയിരിക്കുന്നു. മനുഷ്യന്റെ ജീവിതം ഭൂമിയിൽ മാത്രം കാഴ്ചയാൽ ജീവിക്കുന്നതായി തീർന്നു.** (ചിത്രം 6 ,7 ,8 ,9)

തുടർന്ന് ദേഹിയിലെ മനുഷ്യന്റെ മനസ്സ് ജഡത്തോട് ചേർന്ന് ജഡ മനസ്സായിത്തീർന്നു. മനുഷ്യന്റെ ചിന്തകളിൽ ഭൗതിക ലോകം മാത്രം നിറഞ്ഞു. തന്റെ ശക്തി ശ്രോതസ്സായ ദൈവരാജ്യവും ദൈവം തനിക്കൊരുക്കിയിരിക്കുന്ന ഏദെനും, തന്നെക്കുറിച്ചുള്ള ദൈവീക ഉദ്ദേശവും മനുഷ്യൻ മറന്നു.

## ചിന്തകൾ ലോകത്തിലേക്ക് മാത്രം

ഇത് കൂടുതലായി മനസ്സിലാകുവാൻ മറ്റൊരു രീതിയിൽ ചിത്രങ്ങളിലൂടെ ഇതിനെ വ്യക്തമാക്കാം. ഇവിടെ ദൈവരാജ്യത്തെയും ഏദെനെയും ഒന്നായി ആത്മരാജ്യമായും, ലോകത്തെ ഭൗതികരാജ്യമായും കാണിച്ചിരിക്കുന്നു. മനുഷ്യനെ (ദേഹിയെ) ആത്മ മണ്ഡലത്തിലും, ഭൗതിക മണ്ഡലത്തിലും പ്രവർത്തിക്കുവാൻ തക്കവണ്ണം രണ്ടു മണ്ഡലങ്ങളുടെയും നടുവിൽ നിർത്തിയിരിക്കുന്നു. അതായത്





(ചിത്രം 10)

**വീഴ്ചയ്ക്ക് മുമ്പ് ആദത്തിന് (ദേഹി) ആത്മമണ്ഡലത്തിലും ഭൗതികമണ്ഡലത്തിലും ഒന്നിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞു.**

ദേഹിക്ക് ശരീരം ഉപയോഗിച്ച് ഭൗതികമണ്ഡല മായ ലോകവുമായും ആത്മാവുപയോഗിച്ച് ആത്മ മണ്ഡലമായ ദൈവരാജ്യവുമായും ബന്ധപ്പെടാം.


തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ദൈവം ഒരുക്കിയതെല്ലാം ആത്മ മണ്ഡലത്തിൽ നിന്നാണ് (Place of provision), എന്നാൽ മനുഷ്യൻ പ്രവർത്തിക്കേണ്ടത് ഭൗതിക മണ്ഡലത്തിലാണ് (Place of Assignment) അതായത് മനുഷ്യൻ ആത്മ മണ്ഡലത്തിൽ നിന്നും സ്വീകരിച്ച് ഭൗതിക മണ്ഡലത്തിൽ പ്രവർത്തിക്കണം.




(ചിത്രം 11)

ആത്മ മണ്ഡലം മനുഷ്യ മനസ്സിൽ അനുസരണക്കേട് മൂലം ഇരുണ്ട് പോയതോടു കൂടെ മനു

ഷ്യന്റെ ദൃഷ്ടി ലോകത്തിലേക്ക് മാത്രമായി തീർന്നു (ചിത്രം 12). *മനുഷ്യൻ വെറും ജഡമയനായി തീർന്നു.*




**വീഴ്ചയ്ക്ക് ശേഷം ആത്മമണ്ഡലം മനുഷ്യമനസ്സുകൾക്ക് ഇരുണ്ട് പോയിരിക്കുന്നു. മനുഷ്യരുടെ ദർശനം ലോകത്തിലേക്ക് മാത്രമായിത്തീർന്നു.** (ചിത്രം 12)

ദൈവത്തോട് അനുസരണക്കേട് കാണിച്ച മനുഷ്യൻ വലിയ അവിവേകമാണ് ചെയ്തത്. അതോടെ മനുഷ്യന്റെ ജ്ഞാനം ഭോഷത്വമായിത്തീർന്നു. താൻ എവിടെ നിന്നാണെന്നോ? ഭൂമിയിൽ താൻ എന്തിനാണെന്നോ? താനിവിടെ എന്താണ് ചെയ്യേണ്ടതെന്നോ? താൻ എവിടേക്കാണ് മടങ്ങിപ്പോകുന്നതെന്നോ മനുഷ്യൻ അറിയാത്തവനായിത്തീർന്നു.

**"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ." (സങ്കീ. 49:20)**

എന്നാൽ സ്നേഹനിധിയായ ദൈവം ഇതിനെല്ലാം പരിഹാരം

വരുത്തി മനുഷ്യനെ വീണ്ടും ദൈവരാജ്യത്തിൽ ജനിപ്പിച്ച്, ആദത്തിന് ലഭിക്കാതെ പോയ ജീവവൃക്ഷത്തിന്റെ ഫലം കഴിക്കാൻ തന്ന് ദൈവത്തെപ്പോലെ ആത്മരൂപികളായി എന്നേക്കും തന്നോടുകൂടെയിരിക്കാനാണ് യേശുക്രിസ്തുവിനെ നമുക്ക് തന്നത്. ഈ അവസരം നഷ്ടമാക്കാതെ നമുക്ക് സമയം തക്കത്തിൽ ഉപയോഗിക്കാം.

## പ്രാർത്ഥന



*ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, അങ്ങ് ഞങ്ങൾക്കൊരുക്കിയ എല്ലാറ്റിനുമായി ഞങ്ങൾ സ്തോത്രം പറയുന്നു. ക്രിസ്തുവിൽ അനുസരണത്തിലൂടെ അതെല്ലാം പ്രാപിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങൾക്ക് തുണ നിൽക്കേണമെ. അങ്ങയുടെ കൃപ കൂടാതെ ഞങ്ങൾക്ക് അങ്ങയെ അനുസരിച്ച് ഒരു ജയ ജീവിതം നടത്തുവാൻ കഴിയുകയില്ല; സഹായിക്കേണമേ യേശുവിന്റെ നാമത്തിൽ പിതാവെ,- ആമേൻ*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ആത്മലോകത്തിലും ഭൗതിക മണ്ഡലത്തിലും ഒരുപോലെ ജീവിക്കുവാൻ ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കയാൽ ദൈവം മനുഷ്യന് വേണ്ടി ആത്മ മണ്ഡലത്തിലും ഭൗതിക മണ്ഡലത്തിലും കാര്യങ്ങൾ ഒരുക്കിയിരിക്കുന്നു എന്നുള്ളത് നമ്മുടെ അടിസ്ഥാന പരമായ അറിവായിരിക്കണം.
2. ഭൗതികമായി ഗ്രഹിക്കാവുന്നവ അതായത് കാണുന്നവ ദൈവം എല്ലാവർക്കും വേണ്ടി ഒരുക്കിയിരിക്കുമ്പോൾ, ഭൗതികമായി ഗ്രഹിക്കാൻ കഴിയാത്തത്, അതായത് കാണാത്തത്, ആത്മീയമായത് ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് മാത്രമെ മനസ്സിലാക്കാൻ സാധിക്കൂ.
3. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നതിൽ (അനുസരിക്കുന്നതിൽ) നാം പരാജയപ്പെടുമ്പോഴാണ്, ദൈവം ഒരുക്കീട്ടുള്ളത് നമുക്ക് മറയപ്പെടുന്നത്.
4. മനുഷ്യൻ രൂപപ്പെട്ടിരിക്കുന്നത് സ്വർഗ്ഗീയമായ ദൈവത്തിന്റെ ശ്വാസവും, ഭൗതികമായ ഭൂമിയിലെ പൊടിയും തമ്മിൽ കൂടിച്ചേർന്നപ്പോഴാണ്.
5. മനുഷ്യനിലെ സ്വർഗ്ഗീയഭാഗത്തിന്റെയും ഭൗമീകഭാഗത്തിന്റെയും ഇടയിലുള്ള പാലമാണ് ദേഹി. അതായത് മനുഷ്യനിൽ ആത്മ മണ്ഡലവും ഭൗതിക മണ്ഡലവും തമ്മിൽ ബന്ധപ്പെടുന്നത് ദേഹിയിലൂടെയാണ്.
6. ദേഹിയെയാണ് ദൈവം മനുഷ്യൻ എന്ന് വിളിക്കുന്നത്. ദേഹിയിലാണ് മനുഷ്യൻ തീരുമാനമെടുക്കുന്നത്. ദേഹി ശരീരത്തിലായിരിക്കുമ്പോൾ എടുക്കുന്ന തീരുമാനമനുസരിച്ച് തന്റെ ശാശ്വത ഭവനമായി സ്വർഗ്ഗത്തെയോ, നരകത്തെയോ (ദേഹിക്ക്) തീരുമാനിക്കാം.
7. മനുഷ്യനിലെ ആത്മാവ് ദൈവത്തിന്റെ ഭാഗം ആണ്. പൊടി ഭൂമിയുടെ ഭാഗമാണ്.

8. ദൈവം ഏദെനിൽ കൊണ്ടുചെന്നാക്കിയ മനുഷ്യൻ ദൈവേഷ്ട പ്രകാരം ഏദെൻ കാക്കുകയും അവിടെ നിന്നും വേല ആരംഭിക്കുകയും, ഭൂമിയിൽ നിറഞ്ഞ്, ഭൂമിയെ അടക്കി, ഭൂമിയെ വാഴണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം.

9. ഭൂമിയിൽ നിറയുവാനും, അതിനെ കീഴടക്കുവാനും അതിനെ ഭരിക്കുവാനുമുള്ള എല്ലാ കാര്യങ്ങളും (പ്രോവിഷനുകളും Provision) ദൈവം ആദത്തിന് ഏദെനിൽ കൊടുത്തിരുന്നു.

10. ദൈവേഷ്ടം ചെയ്യുവാനായി ദൈവം ഏദെനിൽ 'ജീവനുള്ള ദേഹിയായ ആദത്തിന്' കൊടുത്ത കാര്യങ്ങളാണ് ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ഒരുക്കി വച്ചിട്ടുള്ള കാര്യങ്ങളിൽ വലിയൊരു ഭാഗം.

11. ദേഹിക്ക് ശരീരം ഉപയോഗിച്ച് ഭൗതികമായും ആത്മാവുപയോഗിച്ച് ആത്മ മണ്ഡലമായ ദൈവരാജ്യവുമായും ബന്ധപ്പെടാം.

12. തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ദൈവം ഒരുക്കിയതെല്ലാം ആത്മ മണ്ഡലത്തിലാണ് (Place of provision), എന്നാൽ മനുഷ്യൻ പ്രവർത്തിക്കേണ്ടത് ഭൗതിക മണ്ഡലത്തിലാണ് (Place of assaignment)

13. മനുഷ്യൻ ആത്മ മണ്ഡലത്തിൽ നിന്നും എടുത്ത് ഭൗതിക മണ്ഡലത്തിൽ പ്രവർത്തിക്കണം.

14. എന്നാൽ ആത്മ മണ്ഡലം മനുഷ്യ മനസ്സിൽ അനുസരണക്കേട് മൂലം ഇരുണ്ട് പോയതോടു കൂടെ മനുഷ്യന്റെ ദൃഷ്ടി ലോകത്തിലേക്ക് മാത്രമായി തീർന്നു. മനുഷ്യൻ വെറും ജഡമയനായി തീർന്നു.

15. ദൈവത്തോട് അനുസരണക്കേട് കാണിച്ച മനുഷ്യൻ വലിയ അവിവേകമാണ് ചെയ്തത്. അതോടെ മനുഷ്യന്റെ ജ്ഞാനം ഭോഷത്വമായിത്തീർന്നു. താൻ എവിടെ നിന്നാണെന്നോ? ഭൂമിയിൽ താൻ എന്തിനാണെന്നോ? താനിവിടെ എന്താണ് ചെയ്തതെന്നോ? താൻ എവിടേക്കാണ് മടങ്ങിപ്പോകുന്നതെന്നോ മനുഷ്യൻ അറിയാത്തവനായിത്തീർന്നു.



### അദ്ധ്യായം 4

# ബൈബിളിലെ മൂന്ന് പ്രധാന നിയമങ്ങൾ

"ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്നു അറിയുന്നുവല്ലോ"
(മത്താ.6:32)

ഉൽപ്പത്തി മുതൽ വെളിപ്പാട് വരെ നാം കടന്നുപോകുമ്പോൾ മൂന്ന് പ്രധാന നിയമങ്ങൾ ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൽ കാണാം.

① അനുസരണത്തിന്റെയും സ്വീകരണത്തിന്റെയും നിയമം

② പ്രവർത്തിയുടെ നിയമം

③ വിശ്വാസത്തിന്റെ നിയമം

## അനുസരണത്തിന്റെയും സ്വീകരണത്തിന്റെയും നിയമം (Law of Obediance & Acceptance)

ദൈവം ആദത്തെ സൃഷ്ടിച്ചപ്പോൾ ആദത്തിന് വേണ്ടി, അഥവാ മനുഷ്യവർഗ്ഗത്തിന് വേണ്ടി, ദൈവം എല്ലാം ഏദെൻ തോട്ടത്തിൽ ഒരുക്കിയിരിക്കുന്നു. തോട്ടം നനപ്പാൻ ഏദെനിൽ നിന്ന് ഒരു നദി പുറപ്പെട്ട് നാല് ശാഖകളായി പിരിഞ്ഞു.

**"തോട്ടം നനപ്പാൻ ഒരു നദി ഏദെനിൽ നിന്നും പുറപ്പെട്ടു; അതു അവിടെനിന്നു നാലു ശാഖയായി പിരിഞ്ഞു." (ഉല്പ. 2:10)**

ഭൂമിയിൽ നിന്നും മഞ്ഞുപൊങ്ങി നിലം ഒക്കെയും നനച്ചിരുന്നു.

> നാം ദൈവത്തെ അനുസരിച്ചാൽ ദൈവം ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ (Principles) നമുക്ക് വേണ്ടി പ്രവർത്തിക്കും.

**"ഭൂമിയിൽ നിന്നു മഞ്ഞു പൊങ്ങി, നിലം ഒക്കെയും നനച്ചു വന്നു." (ഉല്പ്പ. 2:6)**

നാം ദൈവത്തെ അനുസരിച്ചാൽ ദൈവം ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ (Principles) നമുക്ക് വേണ്ടി പ്രവർത്തിക്കും. ***ദൈവത്തിന്റെ നനയ്ക്കുന്ന സംവിധാനം*** (Fountain system) ***ഇന്നത്തെ ആധുനിക സംവിധാനത്തിന് ചിന്തിക്കാൻ കഴിയുന്നതിലും, മൽസരിക്കാൻ കഴിയുന്നതിലും വളരെ അപ്പുറം ആയിരുന്നു.*** ആദത്തിന് തോട്ടം നനക്കേണ്ട ആവശ്യമില്ലായിരുന്നു. ആദത്തിന് അത് സംരക്ഷിച്ചാൽ മാത്രം മതിയായിരുന്നു. സംരക്ഷിക്കുക എന്നു പറയുമ്പോൾ ഒരു പക്ഷെ വായനക്കാരുടെ ചിന്തയിൽ ഓടി വരുന്നത് സെൻട്രൽ ജയിലിന്റെ വാതിൽക്കൽ കാവൽ നിൽക്കുന്ന പോലീസുകാരെപ്പോലെയാണെന്നായിരിക്കാം. സംരക്ഷിക്കുകയും അതിനെ പരിപാലിക്കുകയുമെല്ലാം ദൈവം വച്ചിരിക്കുന്ന സിസ്റ്റം (system) ചെയ്തുകൊള്ളും. സൂര്യനെയും നക്ഷത്രങ്ങളെയും നോക്കുക. ദൈവം സൃഷ്ടിച്ച നാൾ മുതൽ ഇന്നു വരെയും അതെല്ലാം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അവ ഇന്നുവരെയും കത്തിത്തീർന്ന് അവസാനിച്ചിട്ടില്ല. അവയുടെ ഇന്ധനം ഇന്നുവരെയും തീർന്നുപോയിട്ടില്ല. മനുഷ്യൻ വിദ്യുത്ച്ഛക്തി കേന്ദ്രത്തെക്കുറിച്ചും, പവർക്കട്ടിനെക്കുറിച്ചും, അണക്കെട്ടിനെക്കുറിച്ചും, ഗ്യാസ് സ്റ്റേഷനെക്കുറിച്ചുമെല്ലാം ഭാരപ്പെടുന്നതുപോലെ ഇവയെക്കുറിച്ച് ഭാരപ്പെടേണ്ട ഒരു ആവശ്യവും ഇല്ല. അതെല്ലാം ദൈവത്തിന്റെ സിസ്റ്റം (system) നോക്കിക്കൊള്ളും. ***മനുഷ്യന്റെതെല്ലാം ദ്രവിച്ചുപോകുന്നതും തീർന്നുപോകുന്നതുമാണ്, ദൈവത്തിന്റേത് ദ്രവിക്കാത്തതും, തീരാത്തതുമാണ്.*** ഈ രണ്ട് രീതികളെ (system) കുറിച്ച് ദൈവവചനം പറയുന്നു...

**"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു."**

**(1 യോഹ. 2:17)**

ഒരു പക്ഷെ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകാം 'പിന്നെ എങ്ങ

നെയാണ് ആദം ദൈവം കൊടുത്ത തോട്ടത്തെ, തോട്ടത്തിലെ പ്രവർത്തന രീതികളെ കാക്കേണ്ടത്'. മറ്റൊന്നും ആദം പ്രവർത്തിക്കേണ്ടത് ആവശ്യമില്ല, ആദം ചെയ്യേണ്ടത് ഇത്രമാത്രം **"ദൈവം ചെയ്യരുത് എന്ന് പറഞ്ഞത് ചെയ്യാതിരിക്കുക, ചെയ്യാൻ പറഞ്ഞത് ചെയ്യുക."**

ദൈവം മനുഷ്യന് കൊടുത്ത വേല ശ്രദ്ധിക്കുക.

> **"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി." (ഉൽപ്പ. 2:15)**

മനുഷ്യനോട് പറഞ്ഞത് നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നാണ്, തിന്നുന്ന നാളിൽ നീ മരിക്കും. ദൈവം സൃഷ്ടിച്ച ആദം ബലവാനാണ്, ജ്ഞാനിയാണ്, തോട്ടത്തിലെ എല്ലാ ദൈവീക സംവിധാനത്തെയും നിയന്ത്രിക്കുവാനുള്ള ശക്തി ദൈവം കൊടുത്തിട്ടുണ്ട്. ആദം ജീവനോടിരിക്കുന്നതുവരെയും ഒരു ശക്തിക്കും ആദത്തെ കീഴടക്കി ദൈവം ആദത്തിന് ഏദെൻ തോട്ടത്തിൽ വച്ചിരിക്കുന്ന ദൈവീക അനുഗ്രഹങ്ങളെ ആദത്തിൽ നിന്നും അപഹരിക്കുവാൻ കഴിയുകയില്ല. ഏദെൻ തോട്ടത്തിന്റെ അധികാരിയായി ദൈവം വച്ചിരിക്കുന്ന ആദത്തെ കീഴടക്കിയാൽ, അഥവാ കൊന്നാൽ ആദത്തിനുള്ളതെല്ലാം അപഹരിക്കാം.

ആദം ജീവനോടിരിക്കുന്നതുവരെയും ഒരു ശക്തിക്കും ആദത്തെ കീഴടക്കി ദൈവം ആദത്തിന് ഏദെൻ തോട്ടത്തിൽ വച്ചിരിക്കുന്ന ദൈവീക അനുഗ്രഹങ്ങളെ ആദത്തിൽ നിന്നും അപഹരിക്കുവാൻ കഴിയുകയില്ല.

ഒരു രാജാവ് മറ്റൊരു രാജാവിനെ യുദ്ധത്തിൽ തോല്പിച്ച്, നിരായുധനാക്കി, കൊന്ന് അവന്റെതെല്ലാം കൊള്ളയടിക്കുന്നതുപോലെയാണത്. ഈ നിയമമാണ് കർത്താവായ യേശു പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നത്.

> **"ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം."**
>
> **(മത്താ. 12:29)**

ഏദെൻ തോട്ടത്തിൽ ദൈവം ആക്കിവച്ചിരുന്ന ബലവാനാണ് ആദം. ആ ആദത്തോടാണ് പിശാച് യുദ്ധം ചെയ്തത്, പക്ഷെ അത് തന്ത്രത്തിലൂടെ ആയിരുന്നെന്ന് മാത്രം. എന്നാൽ അത് പിശാചിന്റെ തന്ത്രമായിരുന്നെന്ന് ആദത്തിന് മനസ്സിലായില്ല. അതിന്റെ കാരണം ദൈവം ആദത്തിന് കൊടുത്ത ജ്ഞാനത്തിന്റെ കുഴപ്പം കൊണ്ടല്ല. പകരം ആദത്തിന്റെ ദൃഷ്ടി സൃഷ്ടാവിനെക്കാൾ അധികം സൃഷ്ടിയിൽ കേന്ദ്രീകരിച്ചതുകൊണ്ടാണ്. അതായത് തന്നെ സൃഷ്ടിച്ച ദൈവത്തെക്കാൾ, ദൈവം തനിക്ക് തന്ന അനുഗ്രഹമായ ഹവ്വയിൽ കേന്ദ്രീകരിച്ചു. ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് പകരം മനുഷ്യനെ പ്രസാദപ്പെടുത്താൻ നോക്കി. ***ദൈവത്തിൽ നിന്ന് തന്റെ ഹൃദയദൃഷ്ടി മാറി മനുഷ്യനിലേക്കായപ്പോൾ പിശാച് തന്നോട് യുദ്ധം ചെയ്യുകയാണെന്ന് മനസ്സിലാക്കാൻ ആദത്തിന് കഴിഞ്ഞില്ല.*** ഇന്ന് ദൈവം അധികാരം കൊടുത്തിരിക്കുന്ന പലരുടെയും വീഴ്ച്ചക്കുള്ള ഒരു പ്രധാന കാരണം ഇതാണ്.

ഏദെൻ തോട്ടത്തിന്റെ അധികാരിയായി ദൈവം വച്ചിരിക്കുന്ന ആദത്തെ കീഴടക്കിയാൽ, കൊന്നാൽ ആദത്തിനുള്ളതെല്ലാം അപഹരിക്കാം.

പിശാച് കുടുംബത്തിലെ ബലഹീനമായ ഭാഗത്ത് ആക്രമിച്ച്, തന്ത്രത്തിലൂടെ ഹവ്വയുടെ അടുക്കൽ വന്നു. തിന്നരുതെന്ന് ദൈവം പറഞ്ഞ പഴം പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി ഹവ്വ പറിച്ചു തിന്നു, ആദത്തിന് കൊടുത്തു. പിശാച് തന്നോട് യുദ്ധം ചെയ്യുകയാണ്, ഭൂമിയുടെ അധികാരിയായി ദൈവം ആക്കി വച്ചിരിക്കുന്ന എന്നെ കീഴടക്കി ഭൂമിയെ എന്നിൽ നിന്ന് തട്ടിയെടുക്കാൻ വേണ്ടിയാണ് ഹവ്വയിലൂടെ പിശാച് ഈ വിലക്കപ്പെട്ട പഴം തന്റെ അടുക്കൽ കൊണ്ടുവന്നിരിക്കുന്നതെന്നറിയാതെ ആദം അത് കയ്യിൽ വാങ്ങി.

### ആദ്യത്തെ കൂട്ട ആത്മഹത്യ!

**ആദത്തിന്റെ കയ്യിൽ വിഷം** : വിഷം കഴിച്ചാൽ മരിക്കുമെന്ന് കൊച്ചുകുട്ടികൾക്കു വരെ അറിയാം. ഇപ്പോൾ ആദത്തിന്റെ കയ്യിൽ ഇരിക്കുന്നതെന്താണ് "വിഷപ്പഴം". കാരണം വിഷം കഴിച്ചാൽ മരിക്കുന്നത് പോലെ, ആദത്തിന്റെ പിതാവായ ദൈവം ആദത്തോട് പറഞ്ഞു. "*നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നുന്ന നാളിൽ*

*നീ മരിക്കും.*" ആദത്തെ സംബന്ധിച്ച് ആ വൃക്ഷഫലം വിഷമാണ്. എന്നിട്ടും സൃഷ്ടാവിൽ നിന്ന് ദൃഷ്ടി മാറി സൃഷ്ടിയിലേക്കായ ആദം, അനുഗ്രഹദാതാവായ ദൈവത്തിൽ നിന്ന് ദൈവം തന്ന അനുഗ്രഹമായ ഹവ്വയിലേക്ക് ഹൃദയദൃഷ്ടി മാറിയ ആദം ഒരു ഭോഷനെപ്പോലെ ഹവ്വ കൊടുത്ത 'വിഷം' (വൃക്ഷഫലം) വാങ്ങി തിന്ന് മരിച്ചു. അറിയാതെയാണെങ്കിലും ആദ്യ കുടുംബം ഏദെൻ തോട്ടത്തിൽ ഭാര്യയും ഭർത്താവും ഒരുമിച്ച് "ആത്മഹത്യ ചെയ്തു" അഥവാ ആത്മാവിൽ മരിച്ചു. ആദത്തിന്റെ ഉള്ളിൽ ഉണ്ടായിരുന്ന നമ്മൾ എല്ലാവരും അതോടുകൂടെ ആത്മാവിൽ മരിച്ചു. ഇന്ന് ലോകത്തിൽ നമ്മൾ പറയുന്ന ആത്മഹത്യ മരണങ്ങൾ എല്ലാം പ്രാഥമികമായും ശരീരഹത്യമാത്രമാണ്.

പഴയ നിയമത്തിൽ ഇസ്രായേലിന്റെ രണ്ടാമത്തെ രാജാവായിത്തീർന്ന ദാവീദിന്റെ കവണയിൽ നിന്നും തൊടുത്തുവിട്ട കല്ല് ഫെലിസ്ത്യ മല്ലനായ ഗോലിയാത്തിന്റെ നെറ്റിയിൽ അടിച്ചുകൊണ്ട് വീണതോടെ ദാവീദ് ഓടിച്ചെന്ന് ഗോലിയാത്തിന്റെ വാളൂരി അവന്റെ തല വെട്ടി. മല്ലൻ മരിച്ചതോടെ അവർക്കുള്ളതെല്ലാം കൊള്ള ചെയ്തു.

ഭൂമിയുടെ അധികാരിയായി ദൈവം നിയമിച്ച മനുഷ്യൻ തന്റെ ശക്തികേന്ദ്രമായ ദൈവത്തിൽ നിന്ന് അന്യപ്പെട്ട് മരിച്ചു.

ആദ്യ കുടുംബം ഏദെൻ തോട്ടത്തിൽ ഭാര്യയും ഭർത്താവും ഒരുമിച്ച് ആത്മീയമായി "ആത്മഹത്യ ചെയ്തു" അഥവാ ആത്മാവിൽ മരിച്ചു.

**"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗം ആകുന്നു; ഭൂമിയെ അവൻ മനുഷ്യർക്ക് കൊടുത്തിരിക്കുന്നു." (സങ്കീ. 115:16)**

ഗോലിയാത്ത് വീണപ്പോൾ ദാവീദ് ഗോലിയാത്തിന്റെ മുകളിൽ ആധിപത്യം നടത്തിയത് പോലെ ആദം വൃക്ഷഫലം കഴിച്ച് വീണതോടെ പിശാച് ആദത്തിന്റെ അധികാരം ഏറ്റെടുത്തു. ഇന്ന് ലോകം ആദത്തിന്റെ കയ്യിലല്ല, സർവ്വലോകവും പിശാചിന്റെ കയ്യിലാണ്. ഇതുകൊണ്ടാണ് ദൈവവചനം പറയുന്നത്,

**"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."**
**(1 യോഹ. 5:19)**

പിശാച് യേശുവിനോട് പറഞ്ഞു, "ഈ ലോകവും, അതിന്റെ മഹത്വവും പിശാചിനെ ഏല്പ്പിച്ചിരിക്കുന്നുവെന്ന്." യേശു അത് നിരസിക്കാൻ പോയില്ല. കാരണം യേശുവിനറിയാം യാഥാർത്ഥ്യം.

**"പിന്നെ പിശാചു അവനെ മേലോട്ടു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകലരാജ്യങ്ങളെയും ക്ഷണനേരത്തിൽ അവനു കാണിച്ചു: ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവന്നു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്നു അവനോടു പറഞ്ഞു."**
**(ലൂക്കൊ. 4:5-7)**

ആദം ആത്മീയമായി മരിച്ചതോടെ ദൈവം ആദത്തിനായി ഏദെൻ തോട്ടത്തിൽ ഒരുക്കിയിരുന്നത് മുഴുവൻ ആദത്തിന് നഷ്ടമായി. ആദം ആത്മീയമായി മരിച്ചതോടെ ആദത്തിന്റെ ഉള്ളിലായിരുന്ന നാം എല്ലാവരും ആത്മീയമായി മരിച്ചു. ***നമുക്ക് ദൈവം ഏദെനിൻ ഒരുക്കിയിരുന്നതെല്ലാം നഷ്ടമായി. തേജസ്സ് നഷ്ടമായി, ജ്ഞാനം നഷ്ടമായി, ശക്തി നഷ്ടമായി, ഭക്ഷണം നഷ്ടമായി നാം ദൈവത്തെ അനുസരിച്ചാൽ തന്നെ പ്രവർത്തിക്കുന്ന ദൈവീക സംവിധാനങ്ങൾ നഷ്ടമായി. ആദം തേജസ്സില്ലാത്തവനായി ലോകത്തിലേക്ക് തള്ളപ്പെട്ടു. ഇതിന്റെയെല്ലാം കാരണം ആദം 'ഏദെൻ തോട്ടം' കാത്തില്ല എന്നതാണ്.***

> എങ്ങനെയാണ് ആദം ഏദെൻ തോട്ടം കാക്കുന്നത്? ദൈവത്തോട് അനുസരണം കാണിച്ചാണ് ഏദെൻ തോട്ടം കാക്കുന്നത്.

എങ്ങനെയാണ് ആദം ഏദെൻ തോട്ടം കാക്കുന്നത്?

***ദൈവത്തോട് അനുസരണം കാണിച്ചാണ്***



## ഏദെൻതോട്ടം കാക്കുന്നത്.

എങ്ങനെയാണ് കാവൽ ചെയ്യുന്നതിൽ പരാജയപ്പെടുന്നത്?

***ദൈവം പറഞ്ഞത് ചെയ്യാതെ അനുസരണക്കേട് കാണിക്കുമ്പോഴാണ് കാവൽ ചെയ്യുന്നതിൽ പരാജയപ്പെടുന്നത്.***

ആദം അനുസരണക്കേടിലൂടെ ഏദെൻ തോട്ടം കാത്തില്ല. ഏദെൻ തോട്ടം പ്രതിനിധാനം ചെയ്യുന്നത് മനുഷ്യന്റെ ശക്തിയുടെ, സമ്പത്തിന്റെ, തേജസ്സിന്റെ ദൈവീക കേന്ദ്രമായ ആത്മീയ ജീവിതത്തെയാണ്.

ഇവിടെ നിന്നും യേശുക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തിക്ക് ലഭിക്കുന്ന സന്ദേശം എന്താണ്? **"ദൈവത്തോട് അനുസരണക്കേട് കാണിച്ചാൽ യേശുവിന്റെ നീതി നമുക്കുള്ളത് കൊണ്ട് പിശാച് ആദത്തെ കീഴടക്കിയത് പോലെ നമ്മെ കീഴടക്കാൻ കഴിയുകയില്ലായെങ്കിലും സ്ഥിരം അനുസരണക്കേട് കാണിക്കുന്ന വ്യക്തികളോട് ക്രിസ്തുവിന്റെ പ്രീതി നഷ്ടമാകുകയും ക്രിസ്തു അവരെ തള്ളിക്കളയാൻ ഇടയാകുകയും ചെയ്യും."** കർത്താവ് തന്റെ രക്തത്താൽ വീണ്ടെടുത്ത ലവോദിക്യ സഭയോട് പറയുന്നത് ശ്രദ്ധിക്കുക.

ഏദെൻ തോട്ടത്തിലെ ജീവിതം പ്രതിനിധാനം ചെയ്യുന്നത് മനുഷ്യന്റെ ശക്തിയുടെ, സമ്പത്തിന്റെ, തേജസ്സിന്റെ ദൈവീക കേന്ദ്രമായ ആത്മീയ ജീവിതത്തെയാണ്.

**"നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും." (വെളി. 3:15-16)**

അതിനാൽ നമുക്കൊരു തീരുമാനമെടുക്കാം ദൈവത്തെ അനുസരിക്കാം. അനുസരണത്തിലൂടെ നമ്മുടെ ജീവനെ നേടാം. അനുസരണത്തിലൂടെ തികഞ്ഞവനായ യേശു നമ്മുടെ മാതൃകയാകട്ടെ.

**"പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു." (എബ്രാ. 5:8)**

## Law of work (പ്രവർത്തിയുടെ നിയമം)

ദൈവീക സാന്നിധ്യത്തിന്റെയും, സമൃദ്ധിയുടെയും കേന്ദ്രമായ ഏദെനിൽ നിന്നും തള്ളപ്പെട്ട ആദത്തോട് പുതിയ ഒരു ജീവിതരീതിയിലേക്ക് പോകുവാനാണ് ദൈവം പറഞ്ഞത്. അതായത്, "*ആദമെ, ഇത്രയും കാലം ഏദനിൽ നീ ഒരുക്കാത്തത്, വാങ്ങാത്തത്, അധ്വാനിക്കാത്തത്, നടാത്തത്, പകരം ദൈവമായ ഞാൻ ഒരുക്കിയത് നീ അനുഭവിച്ചു, ഭക്ഷിച്ചു. എന്നാൽ ഇനിയങ്ങനെയല്ല, ഏദെനിൽ നിന്നും അനുസരണക്കേടുമൂലം ലോകത്തിലേക്ക് തള്ളപ്പെട്ട നീ നിന്റെ നെറ്റിയിലെ വിയർപ്പ് കൊണ്ട് ഉപജീവനം കഴിക്കുക.*" അതായത്, *നിനക്ക് വേണ്ടി ആദമെ ഇനി നീ ഒരുക്കിക്കൊള്ളുക. 'മനുഷ്യൻ അധ്വാനിച്ച് മനുഷ്യൻ ഉപജീവനം കഴിക്കുക.'* ഇതാണ് പുതിയ ജീവിത രീതി. "പ്രവർത്തിയുടെ നിയമം" (Law of work)

**"നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു,പൊടിയിൽ തിരികെ ചേരും." (ഉൽപ്പ. 3:19)**

***ഇന്ന് മനുഷ്യർ തങ്ങൾക്ക് ദൈവം വിഭാവനം ചെയ്ത ഒന്നാമത്തെ പ്രവർത്തനരീതിയായ "അനുസരിച്ച് സ്വീകരിക്കുക"*** (Law of obedience & acceptance) ***എന്ന പ്രവർത്തനരീതി മറന്നിരിക്കുന്നു. പകരം പുതിയ പ്രവർത്തന രീതിയായ "പ്രവർത്തിയുടെ നിയമം"*** (Law of work) ***ത്തിൽ മനുഷ്യർ കഷ്ടപ്പെടുകയാണ്.***

നാം ഇവിടെ പ്രത്യേകം മനസ്സിലാക്കേണ്ട കാര്യം ദൈവത്തെ അനുസരിച്ച ആദത്തിന്റെ ആദ്യ നിയമം, "അനുസരിച്ച് ദൈവമൊരുക്കിയത് സ്വീകരിക്കുക" (Law of obedience & acceptance). എന്നാൽ അനുസരിക്കാത്ത ആദത്തിന്റെ നിയമം "അനുസരണക്കേട് കാണിച്ചതിനാൽ സ്വന്തമായി ഒരുക്കികൊൾക" (Law of work). ഇതിൽ നിന്നും



നമുക്ക് ലഭിക്കുന്ന സന്ദേശം, ***"നാം ദൈവത്തെ അനുസരിച്ചാൽ, ദൈവം ഒരുക്കിയ ദൈവീക മൂല്യമുള്ളത്, വിലയുള്ളത് നമുക്ക് തുറന്ന് കിട്ടും. അല്ല, നാം അനുസരണക്കേട് കാണിക്കുന്നെങ്കിൽ ദൈവം ഒരുക്കിയത് നമുക്ക് അടയുകയും നാം നെറ്റിയിലെ വിയർപ്പ് കൊണ്ട് മാനുഷിക മൂല്യമുള്ള, വിലകുറഞ്ഞത് സ്വയമായി ഒരുക്കുകയും വേണം."***

> ദൈവത്തെ അനുസരിക്കുന്നവർക്ക് വേണ്ടി ദൈവം ഒരുക്കിയിരിക്കുന്നു. ദൈവത്തോട് അനുസരണക്കേട് കാണിച്ചാൽ നാം സ്വന്തമായി ഒരുക്കേണ്ടി വരും.

## ഉദ്ദേശം മറന്ന മനുഷ്യൻ

മാനുഷിക മൂല്യമുള്ള, വില കുറഞ്ഞ, താല്കാലികമായത് സമ്പാദിക്കാൻ ഓടി നടക്കുന്ന മനുഷ്യർ തങ്ങളുടെ ഉദ്ദേശം അറിയുന്നില്ല. അവരെല്ലാം പണിയെടുത്ത്, ഭക്ഷിച്ച് ഒരു ശവപ്പെട്ടിയിൽ ഒരു ശവപറമ്പിൽ മറയുന്നു. എന്നാൽ ദൈവം അവരെ എന്തിനാണ് സൃഷ്ടിച്ചതെന്നുള്ള ഉദ്ദേശം മനുഷ്യർ മറന്നു പോയിരിക്കുന്നു. പ്രവർത്തിയുടെ നിയമത്തിൽ മുങ്ങിത്താണ് എന്ത് തിന്നും, എന്ത് കുടിക്കും, എന്ത് ഉടുക്കും എന്ന് ഓരോരുത്തരും ഭാരപ്പെട്ട് കൊണ്ട് നെട്ടോട്ടം ഓടി തളർന്ന് ഒരു സെമിത്തേരിയിൽ അവസാനിക്കുന്നു.

## Law of faith (വിശ്വാസത്തിന്റെ നിയമം)

ഇങ്ങനെ ഭാരപ്പെടുന്ന സമൂഹത്തിന്റെ നടുവിൽ യേശുവിന്റെ പുതിയ വാഗ്ദാനമാണ് ഇത്.

**ഇതാ വീണ്ടും നിയമം മാറുന്നു:- "സ്വർഗ്ഗീയ കുടുംബത്തിൽ ആദത്തിൽ മരിച്ചവരായിരുന്ന നിങ്ങൾക്ക് ആ കുടുംബത്തിൽ വീണ്ടും ജീവിക്കുവാനുള്ള അവസരം ഇതാ ഞാൻ (യേശു) കൊണ്ടുവന്നിരിക്കുന്നു."**

അതുകൊണ്ട് മനുഷ്യർ എന്ത് ചെയ്യണം?

യേശുവിനെ സ്വീകരിച്ച് യേശുവിനെ അനുഗമിക്കണം. അങ്ങനെ

യുള്ളവരോട് യേശു പറയുകയാണ്,

**"ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ." (മത്താ. 6:31–32)**

യേശു വീണ്ടും പറയുകയാണ്,

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും."**

**(മത്താ. 6:33)**

ഈ വാക്യം കാണിക്കുന്നത്,

യേശുവിനെ അനുഗമിക്കുന്നവർക്ക് ലോകത്തിലെ പ്രവർത്തിയുടെ നിയമത്തിലും ഉപരി അതിനെ കീഴടക്കുന്ന ദൈവരാജ്യത്തിലെ വിശ്വാസത്തിന്റെ നിയമത്തിൽ പ്രവർത്തിക്കുവാൻ കഴിയും എന്നുള്ളതാണ്.

> ദൃശ്യലോകത്തിലെ നിയമമായ 'പ്രവർത്തിയുടെ നിയമം' കാഴ്ചയുടെ നിയമമാണ്. എന്നാൽ അദൃശ്യ ദൈവരാജ്യത്തിന്റെ നിയമമാണ് 'വിശ്വാസത്തിന്റെ നിയമം'.

അതായത് യേശുവിനെ അനുഗമിക്കുന്നവർക്ക് 'പ്രവർത്തിയുടെ നിയമം രണ്ടാമതാണ്'. ഇപ്പോൾ അവർക്ക് ഒന്നാമതായിരിക്കേണ്ടത് 'വിശ്വാസത്തിന്റെ നിയമമാണ്' (ആത്മലോകവും ആത്മീയ വളർച്ചയും എന്ന ഈ പുസ്തകത്തിന്റെ ആദ്യ വാല്യത്തിന്റെ ഒന്നാം അധ്യായം "ലോകമെ നിനക്കിനി രണ്ടാം സ്ഥാനം" വായിച്ചാൽ ഈ ഭാഗം കൂടുതലായി മനസ്സിലാക്കാവുന്നതാണ്) ***'പ്രവർത്തിയുടെ നിയമം' ലോകത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ അവസാനിക്കുമ്പോൾ, 'വിശ്വാസത്തിന്റെ നിയമം' അദൃശ്യ ദൈവരാജ്യത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ ജയം പ്രാപിക്കുന്നു.***

ഇതുകൊണ്ടാണ് യേശു പറഞ്ഞത്, "*മുമ്പെ അദൃശ്യ ദൈവരാജ്യം അന്വേഷിപ്പിൻ...*" ഇതിന്റെ അർത്ഥം യേശുവിനെ അനുഗമിക്കുന്ന വീണ്ടും ജനിച്ച ഒരു വ്യക്തി മുമ്പെ അന്വേഷിക്കേണ്ടത് അദൃശ്യ ദൈവ

രാജ്യത്തിന്റെ "വിശ്വാസത്തിന്റെ നിയമമാണ്", ദൃശ്യലോകത്തെ "പ്രവർത്തിയുടെ നിയമമല്ല." കാരണം വീണ്ടും ജനിച്ച ഒരു വ്യക്തി സ്വർഗ്ഗീയ കുടുംബത്തിലെ അംഗമാണ്. അതുകൊണ്ട് സ്വർഗ്ഗത്തിലെ പൗരനാണ്. സ്വർഗ്ഗീയ കുടുംബത്തിലെ എല്ലാ അനുഗ്രഹങ്ങൾക്കും ക്രിസ്തുവിൽ പങ്കാളിയുമാണ്.

**"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ." (എഫെ. 1:3)**

വീണ്ടും ജനിച്ച ഒരു വ്യക്തി മുമ്പെ അന്വേഷിക്കേണ്ടത് അദൃശ്യ ദൈവരാജ്യത്തിന്റെ "വിശ്വാസത്തിന്റെ നിയമമാണ്", ദൃശ്യലോകത്തെ "പ്രവർത്തിയുടെ നിയമമല്ല." കാരണം വീണ്ടും ജനിച്ച ഒരു വ്യക്തി സ്വർഗ്ഗീയ കുടുംബത്തിലെ അംഗമാണ്.

വിശ്വാസത്തിന്റെ നിയമത്തിൽ വീണ്ടും ജനിച്ചവർക്ക് അത് പ്രാപിക്കാം.

ദൃശ്യലോകത്തിലെ നിയമമായ 'പ്രവർത്തിയുടെ നിയമം' കാഴ്ചയുടെ നിയമമാണ്. എന്നാൽ അദൃശ്യ ദൈവരാജ്യത്തിന്റെ നിയമമാണ് 'വിശ്വാസത്തിന്റെ നിയമം'.

**"കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നതു." (2 കൊരി. 5:7)**

അതുകൊണ്ട് വിശ്വാസത്തിന്റെ നിയമത്തിൽ പോകുവാൻ നമുക്ക് ഉറച്ച തീരുമാനം എടുക്കാം.

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയപിതാവെ ഇനി കാഴ്ചയാലല്ല പകരം അങ്ങെ അനുസരിച്ച് ദൈവരാജ്യത്തിന്റെ നിയമമായ വിശ്വാസത്തിൽ പ്രവർത്തിക്കാൻ എന്നെ സഹായിക്കണമെ...... യേശുവിൻ നാമത്തിൽ തന്നെ,- ആമേൻ.*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. നാം ദൈവത്തെ അനുസരിച്ചാൽ ദൈവം ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ (Principles) നമുക്ക് വേണ്ടി പ്രവർത്തിക്കും.
2. മനുഷ്യന്റെതെല്ലാം ദ്രവിച്ചുപോകുന്നതും തീർന്നുപോകുന്നതുമാണ്, ദൈവത്തിന്റെത് ദ്രവിക്കാത്തതും, തീരാത്തതുമാണ്.
3. ദൈവത്തിൽ നിന്ന് തന്റെ ഹൃദയദൃഷ്ടി മാറി മനുഷ്യനിലേക്കായപ്പോൾ പിശാച് തന്നോട് യുദ്ധം ചെയ്യുകയാണെന്ന് മനസ്സിലാക്കാൻ ആദത്തിന് കഴിഞ്ഞില്ല.
4. എങ്ങനെയാണ് ആദം ഏദൻ തോട്ടം കാക്കുന്നത്? ദൈവത്തോട് അനുസരണം കാണിച്ചാണ് ഏദെൻ തോട്ടം കാക്കുന്നത്.
5. എങ്ങനെയാണ് കാവൽ ചെയ്യുന്നതിൽ പരാജയപ്പെടുന്നത്? ദൈവം പറഞ്ഞത് ചെയ്യാതെ അനുസരണക്കേട് കാണിക്കുമ്പോഴാണ് കാവൽ ചെയ്യുന്നതിൽ പരാജയപ്പെടുന്നത്.
6. ഏദെൻ തോട്ടം പ്രതിനിധാനം ചെയ്യുന്നത് മനുഷ്യന്റെ ശക്തിയുടെ, സമ്പത്തിന്റെ, തേജസ്സിന്റെ ദൈവീക കേന്ദ്രമായ ആത്മീയ ജീവിതത്തെയാണ്.
7. ഇന്ന് മനുഷ്യർക്ക് തങ്ങളുടെ ദൈവം വിഭാവനം ചെയ്ത ഒന്നാമത്തെ പ്രവർത്തനരീതിയായ 'അനുസരിച്ച് സ്വീകരിക്കുക' (Law of obedience & acceptance) എന്ന പ്രവർത്തനരീതി മറന്നിരിക്കുന്നു. പകരം പുതിയ പ്രവർത്തന രീതിയായ "പ്രവർത്തി

യുടെ നിയമം" (Law of work) ത്തിൽ മനുഷ്യർ കഷ്ടപ്പെടുകയാണ്.

8. "നാം ദൈവത്തെ അനുസരിച്ചാൽ, ദൈവം ഒരുക്കിയ ദൈവീക മൂല്യമുള്ളത്, വിലയുള്ളത് നമുക്ക് തുറന്ന് കിട്ടും. അല്ല, നാം അനുസരണക്കേട് കാണിക്കുന്നെങ്കിൽ ദൈവം ഒരുക്കിയത് നമുക്ക് അടയുകയും നാം നെറ്റിയിലെ വിയർപ്പ് കൊണ്ട് മാനുഷിക മൂല്യമുള്ള, വിലകുറഞ്ഞത് സ്വയമായി ഒരുക്കുകയും വേണം."

9. 'പ്രവർത്തിയുടെ നിയമം' ലോകത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ അവസാനിക്കുമ്പോൾ, 'വിശ്വാസത്തിന്റെ നിയമം' അദൃശ്യ ദൈവരാജ്യത്തിൽ നിന്നാരംഭിച്ച് ദൃശ്യ ലോകത്തിൽ ജയം പ്രാപിക്കുന്നു.

10. വീണ്ടും ജനിച്ച ഒരു വ്യക്തി മുമ്പെ അന്വേഷിക്കേണ്ടത് അദൃശ്യ ദൈവരാജ്യത്തിന്റെ "വിശ്വാസത്തിന്റെ നിയമമാണ്", ദൃശ്യലോകത്തെ "പ്രവർത്തിയുടെ നിയമമല്ല." കാരണം വീണ്ടും ജനിച്ച ഒരു വ്യക്തി സ്വർഗ്ഗീയ കുടുംബത്തിലെ അംഗമാണ്.

11. ദൃശ്യലോകത്തിലെ നിയമമായ 'പ്രവർത്തിയുടെ നിയമം' കാഴ്ചയുടെ നിയമമാണ്. എന്നാൽ അദൃശ്യ ദൈവരാജ്യത്തിന്റെ നിയമമാണ് 'വിശ്വാസത്തിന്റെ നിയമം'.



## അദ്ധ്യായം 5

# മനുഷ്യർക്ക് മറഞ്ഞ് പോയ ആത്മരാജ്യം

"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അത് ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി." (മത്താ. 13:44)

**"എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ." (എബ്രാ. 11:6)**

നമ്മിൽ ചിലർക്ക് ഒരു പക്ഷെ ഒരു ചോദ്യമുണ്ടാകും,


എന്തിനാ വിശ്വസിക്കുന്നത്?
വിശ്വസിക്കാതെ ദൈവത്തിന് പ്രവർത്തിച്ചു കൂടെ?

ആത്മലോകവും ആത്മീയ വളർച്ചയും എന്ന ഈ പുസ്തകത്തിന്റെ വാല്യം-1 വായിച്ചവർക്കറിയാം, ആദത്തിന് വീഴ്ച്ചക്ക് മുമ്പ് ആത്മലോകവും ഭൗതികലോകവുമായി ഒരുമിച്ച് ബന്ധപ്പെടാൻ കഴിയുമായിരുന്നു എന്ന്!

***ആത്മലോകമായ ദൈവരാജ്യം ആദത്തിന്റെ ശക്തികേന്ദ്രവും, ഭൗതികലോകമായ ഭൂമി ആദത്തിന്റെ പ്രവർത്തന മേഖലയുമായിരുന്നു.*** ആദത്തെ ദൈവം ജീവനുള്ള ദേഹിയായി സൃഷ്ടിച്ചുവെന്ന് വചനം പറയുന്നു.

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ**

ജീവനുള്ള ദേഹിയായി തീർന്നു." (ഉൽപ്പ. 2:7)




**ഒരു പോലെ ആത്മലോകവും ഭൗതികലോകവമായി ബന്ധപ്പെടുവാൻ കഴിഞ്ഞിരുന്ന തേജസ്സാൽ നിറയപ്പെട്ടിരുന്ന ആദം (ദേഹി)**

(ചിത്രം 13)


ജീവനുള്ള ദേഹിയായ ആദത്തിന് തന്റെ ആത്മാവ് ഉപയോഗിച്ച് തന്റെ ശക്തികേന്ദ്രമായ ദൈവരാജ്യവുമായി ബന്ധപ്പെടാൻ കഴിയുമായിരുന്നു. അപ്പോൾ തന്നെ ദൈവരാജ്യത്തിൽ നിന്ന് തനിക്ക് ലഭിച്ചിട്ടുള്ള ശക്തികൊണ്ട് തന്റെ പ്രവർത്തന മണ്ഡലമായ ഭൂമിയിൽ തന്റെ ഭൗതിക ശരീരം ഉപയോഗിച്ച് പ്രവർത്തിക്കാനും കഴിയുമായിരുന്നു. അതായത് സ്വർഗ്ഗത്തിലെ തന്റെ ദൈവത്തിന്റെ ഇഷ്ടവും അനുഗ്രഹങ്ങളും തന്റെ ആത്മാവിലൂടെ സ്വീകരിച്ച് തന്റെ ഭൗതികശരീരം ഉപയോഗിച്ച് ഭൂമിയിൽ പ്രവർത്തിച്ചു.

> ആദത്തിന്റെ പ്രവർത്തനമെല്ലാം സ്വർഗ്ഗത്തിൽ നിന്നാരംഭിച്ച് ഭൂമിയിൽ നിറവേറുന്നതായിരുന്നു.

വീഴ്ചയ്ക്ക് മുമ്പ് ആദത്തിന്റെ പ്രവർത്തന ശൈലി അകത്ത് നിന്ന് പുറത്തേക്കായിരുന്നു. മറ്റൊരു രീതിയിൽ ആത്മാവിൽ സ്വീകരിച്ച്, ദേഹിയുടെ മനസ്സിൽ ഗ്രഹിച്ച്,

ശരീരം കൊണ്ട് ഭൂമിയിൽ പ്രവർത്തിച്ചു.

നാം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം ആദത്തിന്റെ പ്രവർത്തനമെല്ലാം സ്വർഗ്ഗത്തിൽ നിന്നാരംഭിച്ച് ഭൂമിയിൽ നിറവേറുന്നതായിരുന്നു. അതായത് എല്ലാം ദൈവത്തിൽ നിന്നും ആരംഭിക്കുന്നു. ദൈവരാജ്യം ആദത്തിന്റെ ശക്തി ശ്രോതസ്സും, അനുഗ്രഹങ്ങളുടെ ഉറവിടവുമായിരുന്നു, എങ്കിൽ ഭൂമിയോ ആദത്തിന്റെ പ്രവർത്തന മണ്ഡലമായിരുന്നു.





**ആദാമിന്റെ ജീവിതം അകത്ത് നിന്നും പുറത്തേക്ക് ആയിരുന്നു (ആത്മാവിൽ നിന്ന് ശരീരത്തിലൂടെ ലോകത്തിലേക്ക്)**

(ചിത്രം 14)

എന്നാൽ എപ്പോൾ ആദം (ദേഹി) പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടമാക്കുകയും, മലിനപ്പെട്ട ഏദെൻ തോട്ടത്തിൽ നിന്നും ആദം (ദേഹി) പുറത്താക്കപ്പെടുകയും ചെയ്തോ, അപ്പോൾ ആദം ആത്മാവിൽ മരിക്കുകയും തന്റെ ശക്തികേന്ദ്രമായ ദൈവരാജ്യത്തിൽ നിന്നും അന്യപ്പെടുകയും ദൈവരാജ്യം തന്റെ ദേഹിക്ക് മറയപ്പെടുകയും ചെയ്തു.

തുടർന്ന് ആദത്തിന്റെ ജീവിതം ഭൂമിയിലായി. മറ്റൊരു രീതിയിൽ പറഞ്ഞാൽ നേരത്തെ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കായിരുന്ന

ജീവിതം ഇപ്പോൾ ഭൂമിയിൽ നിന്നും ഭൂമിയിലേക്കായി, അതായത് 'കാഴ്ചയാലായി'. ഇനി ആദത്തിന് സ്വർഗ്ഗീയ മണ്ഡലവുമായി ബന്ധപ്പെടണമെങ്കിൽ വിശ്വാസം ആവശ്യമാണ്. വിശ്വാസം വേണമെങ്കിൽ അതിന് മുമ്പ് വചനം ആവശ്യമാണ്. വചനം വേണമെങ്കിൽ അതിന് മുമ്പ് ദൈവം സംസാരിക്കേണ്ടത് ആവശ്യമാണ്. ദൈവം സംസാരിക്കുന്നതാണല്ലോ വചനമായിത്തീരുന്നത്. ചുരുക്കി പറഞ്ഞാൽ, ***ദൈവം അനുവദിക്കാതെ ഒരു മനുഷ്യനും ആത്മീയ ദൈവരാജ്യത്തെ സ്പർശിക്കാൻ കഴിയുകയില്ല. മാത്രമല്ല ദൈവരാജ്യത്തെ വിശ്വാസത്താൽ സ്പർശിക്കുന്നതിനുള്ള ലൈസൻസാണ് 'കേൾക്കപ്പെട്ട ദൈവവചനം'.***





(ചിത്രം 15)

## ആദം ഏദെനിൽ നിന്നും പുറത്താക്കപ്പെട്ടു

ഏദെൻ എന്ന വാക്കിന്റെ അർത്ഥം 'ആനന്ദം' (Delight) എന്നാണ്. അപ്പോൾ തന്നെ ഏദെൻ രണ്ട് മണ്ഡലങ്ങൾ തമ്മിൽ കൂടിച്ചേരുന്ന

ഇടമാണ്. രണ്ട് നദികൾ കൂടി ചേരുന്ന ഇടത്തെ 'നദീ സംഗമം', ഇംഗ്ലീഷിൽ – Confluence - എന്നും പറയുന്നു. ജോർദ്ദാനിലൂടെ ഇസ്രായേലിൽ പോയിട്ടുള്ളവർക്കറിയാം ഈ രണ്ട് രാജ്യങ്ങൾക്കിടയിലുള്ള Checkpost - കൾക്കിടയിൽ ആരുടെയുമല്ലാത്ത വളരെ ചെറിയ ഒരു സ്ഥലമുണ്ട്. ആ സ്ഥലത്തിന്റെ പേരാണ് "ആരുടെയുമല്ലാത്ത സ്ഥലം" (No man's land). ജോർദ്ദാൻ ചെക്ക്പോസ്റ്റിൽ നിന്ന് 'ആരുടെയുമല്ലാത്ത' സ്ഥലത്തിലൂടെ ഏകദേശം അഞ്ച് പത്ത് മിനിറ്റ് ബസ്സിൽ സഞ്ചരിച്ചാൽ ഇസ്രായേൽ Checkpost - എത്തും. ഇസ്രായേലിനെയും ജോർദ്ദാനേയും പരസ്പരം ബന്ധിപ്പിക്കുന്ന ഈ ചെറിയ സ്ഥലമാണ് 'നോ മാൻസ് ലാന്റ്' (No man's land) ഇതുപോലെ ലോകത്തെയും ദൈവരാജ്യത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്ഥലമായിരുന്നു 'ഏദെൻ'.




**ഇസ്രായേലിനെയും യോർദ്ദാനെയും തമ്മിൽ ബന്ധിപ്പിക്കുന്ന അതിനിടയിലുള്ള ആരുടെയും അല്ലാത്ത സ്ഥലം.**

(ചിത്രം 16)

ഏദെനെ ഉണ്ടാക്കിയത് മനുഷ്യനല്ല, പകരം ദൈവം 'ജീവനുള്ള ദേഹിയായി' ഉണ്ടാക്കിയ മനുഷ്യന് വേണ്ടി ദൈവം തന്നെ ഉണ്ടാക്കിയെടുത്ത സ്ഥലമാണ് 'ഏദെൻ'. ഇതിൽ നിന്നും നമുക്ക് ഒന്ന് മനസ്സിലാക്കാം. ദേഹിക്ക് (മനുഷ്യന്) ജീവിക്കാൻ ഏറ്റവും പറ്റിയ സ്ഥലം ഏദെനാണ്. ഐസ് ഉണ്ടാക്കിയിട്ട് ആരും വെയിലത്ത് കൊണ്ടു പോയി

വയ്ക്കാറില്ല, വച്ചാൽ അത് ഉരുകിപ്പോകും, പകരം ഐസ് ഉരുകാതെ സുരക്ഷിതമായിരിക്കുന്ന സ്ഥലത്തെ വയ്ക്കാറുള്ളൂ. ലോകത്തിലെ മനുഷ്യനുണ്ടാക്കുന്ന ഏതൊരു വസ്തുവിനും അതിനെ ഉണ്ടാക്കിയ കമ്പനി ഒരു പ്രവർത്തന അന്തരീക്ഷം പറഞ്ഞിട്ടുണ്ടാകും. "ഈ ചൂടിൽ കൂടുതൽ ഇതിനെ വയ്ക്കരുത്, ഇതിനെ വയ്ക്കേണ്ട അന്തരീക്ഷം ഇതാണ്." ഇതുപോലെ മനുഷ്യനെ നിർമ്മിച്ച ദൈവം മനുഷ്യന് നിയമിച്ചുണ്ടാക്കിയ സ്ഥലമാണ് 'ഏദെൻ'.

> ദൈവം ആദത്തിന് വേണ്ടി ഏദെനിൽ ഒരുക്കിയതെല്ലാം ഇന്നും അവിടെയുണ്ട്. ദൈവം അതൊന്നും എടുത്ത് മാറ്റിയിട്ടില്ല, ആദമാണ് അനുസരണക്കേട് മൂലം അവിടെ നിന്നും മാറ്റപ്പെട്ടത്.

ഇസ്രായേലിനും ജോർദ്ദാനും മദ്ധ്യേയുള്ള സ്ഥലമായ 'നോ മാൻസ് ലാന്റിലുള്ള' ഒരാൾക്ക് ഇസ്രായേലും ജോർദ്ദാനുമായി ബന്ധപ്പെടാൻ കഴിയുന്നത് പോലെ ദൈവരാജ്യത്തിനും, ഭൂമിക്കും ഇടയിൽ ദൈവം നിശ്ചയിച്ച സ്ഥലമായ ഏദെനിൽ നിന്നിരുന്ന ആദത്തിന് സ്വർഗ്ഗവും ഭൂമിയുമായി ബന്ധപ്പെടാൻ കഴിഞ്ഞിരുന്നു. ദൈവം ആദത്തിന് വേണ്ടി ഏദെനിൽ ഒരുക്കിയതെല്ലാം ഇന്നും അവിടെയുണ്ട്. ദൈവം അതൊന്നും എടുത്ത് മാറ്റിയിട്ടില്ല, ആദമാണ് അനുസരണക്കേട് മൂലം അവിടെ നിന്നും മാറ്റപ്പെട്ടത്. സ്വർഗ്ഗം ആദത്തിന് വേണ്ടി, മറ്റൊരു രീതിയിൽ പറഞ്ഞാൽ ആദത്തിന്റെ ഭൂമിയിലെ ശുശ്രൂഷയ്ക്ക് വേണ്ടി (ഉല്പ. 1:28, ഉൽപ്പ. 2:15) ഏദെനിൽ ഒരുക്കിയതെല്ലാം (Provisions) ഇന്നും മനുഷ്യർക്ക് ഉപയോഗിക്കാം. വീഴ്ചക്ക് മുമ്പ് ആദത്തിന് അതെല്ലാം തന്റെ ഹൃദയ കണ്ണുകൊണ്ട് കണ്ട് ഉപയോഗിക്കാമായിരുന്നു. എന്നാൽ വീഴ്ച്ചക്ക് ശേഷം, താൻ ഏദെനിൽ നിന്നും പുറം തള്ളപ്പെട്ടതോടെ തന്റെ മനസ് ഇരുണ്ടു. തന്റെ മനസ്സ് മുഴുവൻ ലോകത്തിലായിത്തീർന്നു. ദൈവം തനിക്ക് വേണ്ടി ഒരുക്കിയതൊന്നും കാണുവാൻ കഴിയാതായി. അതുകൊണ്ട് മനുഷ്യന് അത് ചോദിക്കുവാനോ, അന്വേഷിക്കുവാനോ തോന്നുന്നില്ല. മാത്രമല്ല ലോകത്തിൽ ഇതിനുവേണ്ടി തന്റെ അന്വേഷണം ആരംഭിച്ചു. എന്നാൽ 'വിശ്വാസം' ചെയ്യുന്നതെ

> ദൈവം മനുഷ്യന് വേണ്ടി ഒരുക്കിയതിനെ തന്റെ വചനത്താൽ, ഇരുണ്ട് പോയ മനുഷ്യഹൃദയത്തെ പ്രകാശിപ്പിച്ച് മനുഷ്യനെ കാണിക്കുന്നു.

ന്തെന്നാൽ, ദൈവം മനുഷ്യന് വേണ്ടി ഒരുക്കിയതിനെ വെളിച്ചമാകുന്ന തന്റെ വചനത്താൽ, ഇരുണ്ട് പോയ മനുഷ്യഹൃദയത്തെ പ്രകാശിപ്പിച്ച് മനുഷ്യനെ കാണിക്കുന്നു. തനിക്ക് വേണ്ടി ഒരുക്കപ്പെട്ടത് മനുഷ്യർ കാണുന്നതോട് കൂടി മനുഷ്യന് പ്രത്യാശ ലഭിക്കുന്നു. ആ സന്ദേശം വിശ്വസിക്കുന്ന മനുഷ്യൻ, ആ വിശ്വാസത്തിന്റെതായ പ്രവർത്തി ചെയ്യുന്നു. അങ്ങനെ വിശ്വാസം പ്രവർത്തിയാൽ പൂർണ്ണമാവുന്നു.

**"അവന്റെ പ്രവൃത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ." (യാക്കോ. 2:22)**

അബ്രഹാമിന്റെ ജീവിതം നാം പഠിച്ചാൽ ഉൽപ്പത്തി 15–ാം അധ്യായത്തിൽ ദൈവം അബ്രഹാമിന് വേണ്ടി ഒരുക്കിയതിനെ തന്റെ വചനത്തിന്റെ സന്ദേശത്തിലൂടെ കാണിച്ചുകൊടുക്കുന്നു.

**"അവൻ നിന്റെ അവകാശിയാകില്ല; നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുന്നവൻ തന്നേ നിന്റെ അവകാശിയാകും എന്നു അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി. പിന്നെ അവൻ അവനെ പുറത്തുകൊണ്ടു ചെന്നു: നീ ആകാശത്തേക്ക് നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നു അവനോടു കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു; അതു അവൻ അവന്നു നീതിയായി കണക്കിട്ടു." (ഉൽപ്പ. 15:4–6)**

അബ്രഹാം അത് വിശ്വസിച്ചു, തുടർന്ന് ആ വിശ്വാസത്തിന്റെ പ്രവൃത്തി ചെയ്തു. തന്റെ മച്ചിയായിരുന്ന സാറായിയെ 'സാറ' (രാജകുമാരന്മാരുടെ മാതാവെ) എന്ന് വിളിച്ചു തുടങ്ങി. സാറാ തിരിച്ച് അബ്രാമിനെ 'അബ്രഹാമെ' (ജാതികളുടെ പിതാവെ) എന്ന് വിളിച്ചു തുടങ്ങി. പ്രവർത്തിയാൽ വിശ്വാസം പൂർത്തീകരിക്കപ്പെട്ടു. അവർക്ക് വാഗ്ദത്ത സന്തതിയായ യിസഹാക്ക് ജനിച്ചു.

വീണ്ടും യിസഹാക്കിനെ മോറിയാ മലയിൽ ബലി കഴിക്കാൻ പറഞ്ഞപ്പോൾ വാഗ്ദത്തം ചെയ്ത ദൈവം വിശ്വസ്തൻ എന്ന് എണ്ണി അനുസരണത്തോടെ യിസഹാക്കിനെ ബലിയർപ്പിക്കാൻ കൊടുത്തു. ദൈവത്തിന്റെ മുമ്പാകെ, ദൈവത്തിലുള്ള തന്റെ വിശ്വാസം പ്രവർത്തിയാൽ ജീവനുള്ളതാണെന്ന് തെളിയിച്ചു.



**‘‘വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? നമ്മുടെ പിതാവായ അബ്രാഹാം തന്റെ മകനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടതു?’’**
**(യാക്കോ. 2:20–21)**

ഇന്ന് മനുഷ്യർക്ക് (ആദത്തിന്) വേണ്ടി ദൈവം ഒരുക്കിയത് ഹൃദയ കണ്ണുകൊണ്ട് കാണുവാൻ കഴിയുന്നില്ല. എന്നാൽ വിശ്വാസം എന്ന് പറയുന്നത് കാണാത്തതിനെക്കുറിച്ചുള്ള ഉറപ്പും, നിശ്ചയവും (തെളിവും) ആണ്.

**“വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.” (എബ്രാ. 11:1)**

അങ്ങനെ വിശ്വാസത്തിലൂടെ ദൈവം ഒരുക്കിയത് മനുഷ്യർക്ക് ലഭിക്കുന്നു. ഇതുകൊണ്ടാണ് രക്ഷിക്കപ്പെടുന്നവരോട് ദൈവവചനം പറയുന്നത്, വിലയേറിയ വാഗ്ദത്തങ്ങളാൽ (വചനത്താൽ) നമുക്ക് ജീവനും ഭക്തിക്കും വേണ്ടതെല്ലാം ദൈവം തന്നിരിക്കുന്നു.

വിലയേറിയ വാഗ്ദത്തങ്ങളാൽ (വചനത്താൽ) നമുക്ക് ജീവനും ഭക്തിക്കും വേണ്ടതെല്ലാം ദൈവം തന്നിരിക്കുന്നു.

**“തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യ സ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.” (2 പത്രോ. 1:3–4)**

ഇന്ന് യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട നമുക്ക് ദൈവം സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളും തന്നിരിക്കുകയാണ്.

**“സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ,” (എഫേ. 1:3)**

ഈ വാക്യത്തിലൂടെ നമുക്ക് മനസ്സിലാക്കാം, രക്ഷിക്കപ്പെടുന്നവർ ഇന്ന് ജീവനുള്ള ദേഹിയായ ഒന്നാം ആദത്തിന് വേണ്ടി ദൈവം ഏദെനിൽ ഒരുക്കിയ അനുഗ്രഹങ്ങളെക്കാൾ ഉപരിയായി, ജീവിക്കുന്ന ആത്മാവായ യേശുവിൽ നാം സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും നിറഞ്ഞിരിക്കുകയാണ്.

**"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി." (1 കൊരി. 15:45)**

ഇതുകൊണ്ടാണ് ***എന്തു തിന്നും, എന്തു കുടിക്കും, എന്തു ഉടുക്കും എന്ന ചിന്തയോടെ തന്നെ അനുഗമിച്ച ജനത്തോട് യേശു, "മുമ്പെ ദൈവരാജ്യം അന്വേഷിപ്പിൻ" എന്ന് പറഞ്ഞത്.***

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും." (മത്താ. 6:33)**

> നാം വീണ്ടും ജനിച്ച സ്വർഗ്ഗരാജ്യം ഇന്ന് നമ്മുടെ ഭൗതിക കണ്ണിന് മറഞ്ഞിരിക്കുന്നു എങ്കിലും സ്വർഗ്ഗരാജ്യത്തിലെ നിയമങ്ങളെ മനസ്സിലാക്കി അതിൽ നിന്നുകൊണ്ട് വിശ്വാസത്തിൽ നാം പ്രവർത്തിച്ചാൽ ലോകം നമുക്ക് കീഴടങ്ങും.

ഇതിന്റെ അർത്ഥം ഇതാണ്, എന്നിൽ (ക്രിസ്തുവിൽ) നിങ്ങൾ സ്വർഗ്ഗത്തിലെ സകല അനുഗ്രഹങ്ങൾക്കും യോഗ്യരായി കഴിഞ്ഞു. ഇനി അവിടത്തെ നീതിയിൽ നിലനിന്നുകൊണ്ട്, സ്വർഗ്ഗത്തിലെ നിയമം മനസ്സിലാക്കി അനുസരിച്ച് പ്രവർത്തിച്ചാൽ നിങ്ങൾക്ക് വേണ്ടതെല്ലാം നിങ്ങളോട് കൂടെ ചേർക്കപ്പെടും.

അങ്ങനെ നാം വീണ്ടും ജനിച്ച സ്വർഗ്ഗരാജ്യം ഇന്ന് നമ്മുടെ ഭൗതിക കണ്ണിന് മറഞ്ഞിരിക്കുന്നു എങ്കിലും സ്വർഗ്ഗരാജ്യത്തിലെ നിയമങ്ങളെ മനസ്സിലാക്കി അതിൽ നിന്നുകൊണ്ട് വിശ്വാസത്തിൽ നാം പ്രവർത്തിച്ചാൽ ലോകം നമുക്ക് കീഴടങ്ങും. കാരണം സ്വർഗ്ഗത്തിലെ പൗരന്മാ

രായ നാം നമ്മുടെ ശക്തികേന്ദ്രവും സ്വന്ത നാടുമായ സ്വർഗ്ഗത്തിൽ നിന്ന് വിശ്വാസത്തിൽ പ്രവർത്തിക്കുന്നത് കൊണ്ട് ലോകത്തിന് തോല്ക്കുകയല്ലാതെ മറ്റൊരു വഴിയില്ല.

അതുകൊണ്ട് മറഞ്ഞിരിക്കുന്ന ദൈവരാജ്യം ഇനി നമുക്ക് വചനത്തിന്റെ പ്രകാശത്തിൽ വിശ്വാസ കണ്ണുകളിലൂടെ ദൃശ്യമായിരിക്കട്ടെ.

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ പാപം മൂലം മനുഷ്യർക്ക് മറഞ്ഞുപോയ ദൈവരാജ്യത്തെക്കുറിച്ച് തന്ന വെളിപ്പാടിനായി നന്ദി. സ്വർഗ്ഗീയ നിയമത്തിൽ പ്രവർത്തിച്ച് വചനത്തിലൂടെ ഞാൻ ദൈവഹിതം ചെയ്യുവാൻ അങ്ങ് ഒരുക്കിയത് കാണുവാൻ എന്നെ പഠിപ്പിക്കുകയും, എന്റെ മനസ്സിനെ പ്രകാശിപ്പിക്കുകയും ചെയ്യേണമെ.........യേശുവിൻ നാമത്തിൽ തന്നെ,- ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ആത്മലോകമായ ദൈവരാജ്യം ആദത്തിന്റെ ശക്തികേന്ദ്രവും, ഭൗതികലോകമായ ഭൂമി ആദത്തിന്റെ പ്രവർത്തന മേഖലയുമായിരുന്നു.
2. ആദത്തിന്റെ പ്രവർത്തനമെല്ലാം സ്വർഗ്ഗത്തിൽ നിന്നാരംഭിച്ച് ഭൂമിയിൽ നിറവേറുന്നതായിരുന്നു.
3. ദൈവം അനുവദിക്കാതെ ഒരു മനുഷ്യനും ആത്മീയ ദൈവരാജ്യത്തെ സ്പർശിക്കാൻ കഴിയുകയില്ല. മാത്രമല്ല ദൈവരാജ്യത്തെ വിശ്വാസത്താൽ സ്പർശിക്കുന്നതിനുള്ള ലൈസൻസാണ് **'കേൾക്കപ്പെട്ട ദൈവവചനം'.**
4. ദൈവം ആദത്തിന് വേണ്ടി ഏദെനിൽ ഒരുക്കിയതെല്ലാം ഇന്നും അവിടെയുണ്ട്. ദൈവം അതൊന്നും എടുത്ത് മാറ്റിയിട്ടില്ല, ആദമാണ് അനുസരണക്കേട് മൂലം അവിടെ നിന്നും മാറ്റപ്പെട്ടത്.
5. ദൈവം മനുഷ്യന് വേണ്ടി ഒരുക്കിയതിനെ വെളിച്ചമാകുന്ന തന്റെ വചനത്താൽ, ഇരുണ്ട് പോയ മനുഷ്യഹൃദയത്തെ പ്രകാശിപ്പിച്ച് ദൈവം മനുഷ്യനെ കാണിക്കുന്നു.
6. വിലയേറിയ വാഗ്ദത്തങ്ങളാൽ (വചനത്താൽ) നമുക്ക് ജീവനും ഭക്തിക്കും വേണ്ടതെല്ലാം ദൈവം തന്നിരിക്കുന്നു.
7. എന്നിൽ (ക്രിസ്തുവിൽ) നിങ്ങൾ സ്വർഗ്ഗത്തിലെ സകല അനുഗ്രഹങ്ങൾക്കും യോഗ്യരായി കഴിഞ്ഞു. ഇനി അവിടത്തെ നീതിയിൽ നിലനിന്നുകൊണ്ട്, സ്വർഗ്ഗത്തിലെ നിയമം മനസ്സിലാക്കി അനുസരിച്ച് പ്രവർത്തിച്ചാൽ നിങ്ങൾക്ക് വേണ്ടതെല്ലാം നിങ്ങളോട് കൂടെ ചേർക്കപ്പെടും.
8. നാം വീണ്ടും ജനിച്ച ദൈവരാജ്യം ഇന്ന് നമ്മുടെ ഭൗതിക കണ്ണിന് മറഞ്ഞിരിക്കുന്നു എങ്കിലും ദൈവരാജ്യത്തിലെ നിയമങ്ങളെ മനസ്സിലാക്കി അതിൽ നിന്നുകൊണ്ട് വിശ്വാസത്തിൽ നാം പ്രവർത്തിച്ചാൽ ലോകം നമുക്ക് കീഴടങ്ങും.



### അദ്ധ്യായം 6

# ജയത്തിന്റെ യുദ്ധതന്ത്രം

"ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ." (1 യോഹ. 5:4)

**സ**ത്യം അഥവാ ജ്ഞാനത്തിന്റെ ഏറ്റവും ഉയർന്ന തലം നാം മനസ്സിലാക്കിയാൽ, അതിൽ നാം പ്രവർത്തിച്ചാൽ, യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടും ജനിക്കപ്പെട്ട വ്യക്തികളായ നമുക്ക് ഒരിക്കലും പരാജയമില്ല. ഒരു പക്ഷെ എന്റെ പ്രിയ സഹോദരങ്ങൾക്ക് ഒരു ചോദ്യമുണ്ടാകാം; "എന്താണ് സത്യം?". ദൈവചനം പറയുന്നു "ദൈവത്തിന്റെ മാറ്റമില്ലാത്ത വചനമാണ് സത്യം".

**"നിന്റെ വചനം സത്യമാകുന്നു.' (യോഹ. 17:17)**

**"ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു." (1 യോഹ. 5:4)**

ഈ വാക്യം നമുക്ക് പ്രത്യാശ തരുന്നില്ലേ?. ഈ വാക്യം നമുക്ക് പ്രത്യാശയുടെയും, ജയത്തിന്റെയും ഒരു നങ്കൂരവും, ചവിട്ട് പടിയുമാണ്.

> ദൈവവചനം പറയുന്ന ഒരു സത്യം ശ്രദ്ധിക്കുക, ''ദൈവത്തിൽ നിന്നും ജനിച്ചതിന് ഒരിക്കലും പരാജയമില്ല. ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. വീണ്ടും ജനിച്ചവർ ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു."

നാം ജയിക്കാനായ് വീണ്ടും ജനിച്ചവരാണെന്ന് മറന്ന് പോകരുത്. പക്ഷെ നാം കാണുന്ന യാഥാർത്ഥ്യം പലപ്പോഴും വിപരീതമാണ്. സുവിശേഷവേലയിൽ ആത്മാർത്ഥമായി പോരാടുന്ന പലരും ശത്രുവായ പിശാചിന്റെ അടികളേറ്റ് ആകെ തളർന്നും, തകർന്നും ഇനി എങ്ങനെ മുന്നോട്ട് പോകണമെന്നറിയാതെ പതറിയിരിക്കുന്ന കാഴ്ചയാണ് പലപ്പോഴും നമുക്ക് ചുറ്റും കാണുന്നത്. ഒരിക്കൽ ഡൽഹിയിൽ ഒരു മീറ്റിംഗിൽ ശുശ്രൂഷ കഴിഞ്ഞ് അവിടെയുള്ള ദൈവദാസന്മാരുമായി സംസാരി

ക്കാൻ ഇടയായി. ആത്മാർത്ഥമായി സുവിശേഷവേലക്ക് ഇറങ്ങിത്തിരിച്ച ഒരു വ്യക്തി, നാട്ടിലുള്ള തന്റെ കുടുംബത്തിന് നിരന്തരം കഷ്ടങ്ങളും ദുരിതങ്ങളും, ആരോ തന്റെ കുടുംബത്തിനെതിരെ മന്ത്രവാദം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു. എന്ത് ചെയ്യണമെന്നറിയാതെ എങ്ങോട്ട് പോകണമെന്നറിയാതെ പതറിയിരിക്കുന്ന ദൈവദാസൻ.

പ്രിയ വേലക്കാരെ നാം ഇന്ന് തുറന്ന യുദ്ധത്തിലേർപ്പെട്ടിരിക്കുന്നവരാണ്, ഒളിച്ചിരിക്കേണ്ടവരല്ല. ദൈവത്തിന്റെ വചനം വളരെ വ്യക്തമായി പറയുന്നു, ഭയഭക്തിയോടെ ക്രിസ്തീയ ജീവിതം നയിക്കുന്നവർക്കെതിരെ "ദുഷ്ടമനുഷ്യരും, മായാവികളും അടിക്കടി ദോഷത്തിന് മുതിർന്ന് വരുമെന്ന്."

**"എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കും എല്ലാം ഉപദ്രവം ഉണ്ടാകും. ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നുവരും." (2 തിമോ. 3:12-13)**

ഈ വചനം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാകുന്നുവെങ്കിൽ നാം യഥാർത്ഥ, അല്ലെങ്കിൽ ദൈവമാഗ്രഹിക്കുന്ന ക്രിസ്തീയ ജീവിതം നയിക്കുന്നു എന്നുള്ളതിന്റെ തെളിവ് കൂടിയാണിത്.

എന്റെ ജീവിതത്തിൽ ഞാൻ ആദ്യമായി സുവിശേഷവേലക്കിറങ്ങിയപ്പോൾ എനിക്കത് അറിഞ്ഞ് കൂടായിരുന്നു. എന്ന് ഞാൻ കർത്താവിന്റെ ഇഷ്ടം ചെയ്യാൻ ഇറങ്ങിത്തിരിച്ചോ അന്ന് മുതൽ എന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചു. എന്റെ ഓഫീസിൽ ഒരു വിധത്തിലും സ്വസ്ഥതയില്ലാതായി. ജോലിക്കാർ തുടരെ തുടരെ പല കാരണങ്ങൾ പറഞ്ഞ് പിരിഞ്ഞ് പോകാൻ തുടങ്ങി. വാഹനങ്ങൾ നിരന്തരം അപകടത്തിലാകാൻ തുടങ്ങി. എപ്പോഴും വാഹനാപകടം. അവസാനം ഇൻഷുറൻസ് കമ്പനി വാഹനം ഫുൾ ഇൻഷുർ ചെയ്യുവാൻ സമ്മതിക്കാതെയായി. സാമ്പത്തികമായി വലിയ നഷ്ടങ്ങൾ വരാൻ തുടങ്ങി. ഓഫീസ് കെട്ടിടം 'പുതുക്കി പണിയാൻ' എന്ന പേരിൽ ഇറങ്ങികൊടുക്കേണ്ടി വന്നു. പുതിയ സ്ഥലത്തും ഓഫീസ് സ്ഥിരമായില്ല. അവിടെ നിന്നും മാറിപ്പോകേണ്ടി വന്നു. വാടകയ്ക്ക് താമസിക്കുന്ന വീട് അഞ്ച് പ്രാവശ്യം മാറി താമസിക്കേണ്ടി വന്നു. എനിക്ക് ഉണ്ടായിരുന്ന രണ്ട് സ്ഥാപനങ്ങളിൽ ഒന്ന് നഷ്ടപ്പെട്ടു. പല വാഹനങ്ങൾ ഉണ്ടായിരുന്ന എനിക്ക് ഒരു വാഹനം പോലും സ്വന്തമായി ഓടിക്കാനില്ലാതെ, എന്റെ ഭാര്യ വാടകയ്ക്ക് കാർ (Rent a Car) എടുക്കുവാൻ പറഞ്ഞത് ഞാൻ

ഓർക്കുന്നു. സ്വന്തമായി കാറോടിച്ചു പോയി കൊണ്ടിരിക്കുന്ന എന്റെ ഭാര്യ, കാറില്ലാതെ താൻ കാറോടിച്ച് പോയിരുന്ന റോഡിലൂടെ എന്റെ കുഞ്ഞിനെയും പിടിച്ചുകൊണ്ട് നടക്കാൻ തുടങ്ങി. വീട്ടിൽ തുടരെ തുടരെ പാമ്പുകളെ കാണാൻ തുടങ്ങി. കുടുംബത്തിലും സഭാതല ത്തിലും പല പല പ്രശ്നങ്ങൾ കടന്ന് വരാൻ തുടങ്ങി. ഞാൻ നന്മ ചെയ്തവർ എനിക്കെതിരെ കേസുമായി കടന്നു വന്നു. പ്രശ്നങ്ങളുടെ ഒരു നീണ്ട നിര തന്നെ വീണ്ടും മുന്നോട്ട് വന്നു.

## കർത്താവിന് വേണ്ടി കുതിക്കുന്ന കാലുകളെ തകർക്കുന്നു

ഈ സമയം കൊണ്ട് ദൈവം എന്നെ ചിലത് പഠിപ്പിക്കുകയായിരു ന്നു. **"യുദ്ധം പ്രഖ്യാപിച്ചത് യഹോവയാണ്."** ഉൽപ്പത്തി 3:15 ൽ തിരു വചനത്തിലെ പ്രധാന പ്രവചനം.

**"സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കും. നീ അവന്റെ കുതികാൽ തകർക്കും." (ഉൽപ്പത്തി. 3:15)**

സ്ത്രീയുടെ സന്തതി കർത്താവായ യേശുവാണ്. തല പിശാചിന്റെ രാജ്യമാണ് അഥവാ അധികാരമാണ്, അത് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശു കാൽവറി ക്രൂശിലെ യാഗത്തിലൂടെ പിശാചിന്റെ ആത്മീയ രാജ്യത്തെ തകർത്തു കളഞ്ഞു. **(കൊലോ. 2:10–15)**

പക്ഷെ അതിന് ശേഷമുള്ള വാക്യം 'നീ (പിശാച്) അവന്റെ (യേ ശുവിന്റെ) കുതികാൽ തകർക്കുമെന്നുള്ള വാക്യം അപ്പോഴാണ് എന്റെ ശ്രദ്ധയിലേക്ക് ദൈവാത്മാവ് കൊണ്ട് വന്നത്. ഈ പ്രവചനം കർത്താ വായ യേശുവിന്റെ ജീവിതത്തിൽ നിറവേറി. പക്ഷെ ഇന്ന് കർത്താ വിന് വേണ്ടി കുതിക്കുന്ന കാലുകൾ 'ഒരു മനുഷ്യശരീരമായി ഉപമിച്ചി രിക്കുന്ന ക്രിസ്തുവിന്റെ സഭയുടെ കാലുകളാണ്' മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാർത്ഥമായി, ലാഭേച്ഛകൂടാതെ സുവിശേഷ വേലയിൽ അദ്ധ്വാനിക്കുന്ന കർത്താവിന്റെ വേലക്കാരാണ്. "പിശാച് കർത്താവിന് വേണ്ടി കുതിക്കുന്ന കാലുകളെ തകർക്കുമെന്ന് തിരുവചനത്തിൽ പറ ഞ്ഞിരിക്കുന്നു." ഇത് യഹോവയാം ദൈവത്തിന്റെ വായിൽ നിന്ന് വന്ന വാക്കാണെന്ന് നാം ഓർക്കണം.

ദൈവത്തിന്റെ വായിൽ നിന്നും പുറപ്പെട്ട ഒരു വാക്കും വെറുതെ മടങ്ങി വരില്ലായെന്ന് നാം ഓർക്കണം. ദൈവത്തിന്റെ വചനം പറയു ന്നു.

**"മഴയും ഹിമവും ആകാശത്തു നിന്ന് പെയ്യുകയും അവി**

**ടേക്ക് മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനച്ചു ഫലവത്താക്കി വിളയിക്കുന്നത് പോലെ എന്റെ വായിൽ നിന്ന് പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അത് വെറുതെ എന്റെ അടുക്കലേക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും.'' (യെശയ്യാ. 55:10–11)**

തുടർന്ന് ചില ആത്മീയ സത്യങ്ങൾ ദൈവം എനിക്ക് മനസ്സിലാക്കി തന്നു.

① ഭൂമിയുടെ ആത്മ മണ്ഡലത്തെ ഭരിക്കുന്നത് പിശാച് ആണെന്നും എന്നാൽ പിശാചിന്റെ ഭരണത്തെ മാറ്റി ദൈവരാജ്യം കൊണ്ടു വരുവാൻ ഭൂമിയിൽ പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയേയും പിശാച് എതിർക്കുമെന്നും.

*'എന്നാൽ ക്രിസ്തുയേശുവിൽ ഭയ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും.....'(2 തിമൊ. 3:12–13)*
*'.....പിശാച് യേശുവിന്റെ കുതികാൽ തകർക്കും' (ഉല്പ്പ. 3:15)*

② യഥാർത്ഥത്തിൽ ക്രിസ്തേശുവിനാൽ വീണ്ടും ജനിച്ച ഒരു വ്യക്തിയെ പിശാച് ഏതെല്ലാം രീതിയിൽ എതിർത്താലും ആ വ്യക്തിയെ ജയിക്കാൻ കഴിയുകയില്ലായെന്നും പകരം ഓരോ പ്രാവശ്യവും പിശാച് എതിർക്കുമ്പോഴും വീണ്ടും ജനിച്ച വ്യക്തി പലപ്പോഴും ചില ഭൗതിക കഷ്ടങ്ങളിലൂടെ കടന്നു പോകുന്നു എങ്കിലും, ഓരോ പ്രാവശ്യവും താൻ ആത്മീയമായി ഉയരപ്പെടുകയും, പിശാചിന് തന്റെ ജീവിതത്തിലൂടെയുള്ള അധികാരങ്ങൾ (തല) തകരപ്പെടുകയുമാണ്.

*'ദൈവത്തിൽ നിന്ന് ജനിച്ചതെല്ലാം ലോകത്തെ ജയിക്കുന്നു.'*
*(1 യോഹ. 5:4)*

*'പിശാച് യേശുവിന്റെ കുതികാൽ തകർക്കുമ്പോൾ യേശു പിശാചിന്റെ (തലയെ) അധികാരത്തെ തകർക്കുമെന്ന് വചനം പറയുന്നു.' (ഉല്പ 3:15)*

ഇതോടെ എന്റെ ജീവിതത്തിൽ അതുവരെ കടന്നുവന്ന കഷ്ടതകളെ ഞാൻ വിലയിരുത്തി. ചില കഷ്ടങ്ങൾ എന്റെ പാപം നിമിത്തം ഉണ്ടായ ദൈവത്തിന്റെ ശിക്ഷയാണെന്ന് ഞാൻ മനസ്സിലാക്കി.

**“മകനെ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു, കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ? നിങ്ങൾ ബാല ശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ?” (എബ്രാ. 12:5–7)**

**“കഷ്ടതയിൽ ആകുന്നതിന്നു മുമ്പെ ഞാൻ തെറ്റിപ്പോയി; ഇപ്പോഴോ, ഞാൻ നിന്റെ വചനത്തെ പ്രമാണിക്കുന്നു.”**

**(സങ്കീ. 119:67)**

**“നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നതു എനിക്കു ഗുണമായി.” (സങ്കീ. 119:71)**

മറ്റു ചില കഷ്ടങ്ങൾ ഞാൻ അന്യായമായി പിശാചിൽ നിന്ന് അനുഭവിച്ചതാണെന്നും. പക്ഷെ ഈ കഷ്ടങ്ങളെല്ലാം എന്റെ ജീവിതത്തിൽ ഉണ്ടാക്കിയ ഫലം ഞാൻ ഒന്ന് പഠിച്ചപ്പോൾ, ഞാൻ കഷ്ടത്തിലൂടെ കടന്നു പോയ ഓരോ പ്രാവശ്യവും എന്റെ ജീവിതത്തിൽ ഒരു ആത്മീയ സമൃദ്ധിയിലേക്ക് ഞാൻ കടന്നു വരികയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കി.

**“നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളൂ? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന്നു പ്രസാദം അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.” (1 പത്രോ. 2:20–21)**

## ദൈവത്തിന് മനുഷ്യനിലും, പിശാചിലും നിർബന്ധമുള്ള കാര്യം

ദൈവത്തിന് മനുഷ്യനുമായുള്ള ബന്ധത്തിൽ നിർബന്ധമുള്ള കാര്യമാണ് മനുഷ്യൻ ദൈവവചനം കൊണ്ടുള്ള ജീവിത രീതി അഭ്യസിക്കണമെന്നുള്ളത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യൻ പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കണമെന്നുള്ളത്.

ദൈവത്തിന് ഏത് കാര്യമാണ്  "പിശാച് യേശുവിന്റെ കുതികാൽ തകർക്കും" എന്ന വചനത്തിലൂടെ മനുഷ്യനിൽ സാധിപ്പിക്കാനുള്ള തെന്ന് പ്രിയ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകാം. **"മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നും വരുന്ന ഓരോ വചനം കൊണ്ടുമാണ് ജീവിക്കുന്നതെന്ന്"** മനുഷ്യരെ ഗ്രഹിപ്പിക്കുക യാണ് ഈ വചനത്തിലൂടെ ദൈവത്തിന് സാധിക്കാനുള്ളത്.

എന്നാൽ പിശാചിന് ഈ വചന വാഗ്ദത്വം (പിശാച് യേശുവിന്റെ കുതികാൽ തകർക്കും) അനുവദിച്ചതിന്റെ കാരണം "പിശാചിന്റെ വക്ര ബുദ്ധികൊണ്ട് പിശാച് ആദത്തെ വീഴിച്ച് ലോകത്തിന്റെ അധികാരം കയ്യടക്കിയെങ്കിൽ, പിശാചിന്റെ അതേ വക്രബുദ്ധികൊണ്ട് തന്നെ പിശാച് പ്രവർത്തിച്ച് തന്റെ കയ്യിലുള്ള ലോക അധികാരം ഒടുക്കത്തെ ആദമായ യേശുവിന്റെ കയ്യിൽ എത്തിക്കുമെന്ന് തെളിയിക്കാനാണ്." ഇതിന്റെ തുടക്കം കാൽവരിയിൽ നാം കണ്ടുകഴിഞ്ഞു. 'പിശാച് തന്റെ വക്രബുദ്ധി ഉപയോഗിച്ച് യേശുവിനെ കൊന്നതോടെ കൂടെ, പിശാചിന്റെ മേൽ യേശു ജയമെടുക്കുകയും പിശാചിന്റെ ആത്മീയ രാജ്യം തകരുവാനും ആരംഭിച്ചു.'

> ദൈവത്തിന് മനുഷ്യനുമായുള്ള ബന്ധത്തിൽ നിർബന്ധമുള്ള കാര്യമാണ് മനുഷ്യൻ ദൈവവചനം കൊണ്ടുള്ള ജീവിത രീതി അഭ്യസിക്കണമെന്നുള്ളത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യൻ പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കണമെന്നുള്ളത്.

എന്നാൽ മനുഷ്യനെ സംബന്ധിച്ച് പറയുമ്പോൾ ഈ ലോകത്തിൽ ദൈവേഷ്ടം ചെയ്യുവാൻ കുതിക്കുന്ന വ്യക്തികൾ രണ്ട് രീതിയിലാണ് കുതിക്കുന്നത്. ഒന്ന് സ്വന്ത ബുദ്ധിയിൽ ആശ്രയിച്ച് പ്രവർത്തിക്കുന്ന വരും, രണ്ട് പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട് പ്രവർത്തിക്കുന്നവ രും. സ്വന്ത ബുദ്ധിയിൽ ആശ്രയിച്ച് പ്രവർത്തിക്കുന്നവർ, തങ്ങളുടെ ബുദ്ധിയിൽ എപ്പോഴും പ്രവർത്തിക്കുന്നവരും ജയിക്കുന്നവരും ആണെന്ന് തോന്നുമെങ്കിലും, വാസ്തവത്തിൽ പിശാചിനാൽ തങ്ങളുടെ ആത്മീയമായ കുതിപ്പിൽ തടയപ്പെടുന്നവരാണ്. എന്നാൽ ആത്മാവിനെ അനുസരിച്ച് ദൈവേഷ്ടം ചെയ്യുന്നവർ ലോകത്തിന്റെ ദൃഷ്ടിയിൽ തകർക്കപ്പെടുന്നവരെങ്കിലും, പിശാചിന് തങ്ങളുടെ കുതിപ്പിനെ

തടഞ്ഞു നിർത്തുവാൻ കഴിയാതെ, ആത്മീയമായി മുന്നേറുന്നവരും ആണെന്ന് ദൈവാത്മാവ് എനിക്ക് മനസ്സിലാക്കി തന്നു.

തുടർന്ന് എങ്ങനെയാണ് ദൈവേഷ്ടം ചെയ്യുവാൻ മുന്നേറുന്ന നമ്മുടെ കുതിപ്പിനെ തടയുന്ന പിശാചിനെ, മറ്റൊരു രീതിയിൽ പറഞ്ഞാൽ പ്രശ്നങ്ങളെ ആത്മീയമായി നേരിടുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാം. അപ്പം കൊണ്ട് ജീവിക്കുക എന്നുള്ളത് ഈ ലോകത്തിന്റെ രീതിയാണ്, വചനം കൊണ്ട് ജീവിക്കുക എന്നുള്ളത് ദൈവം മനുഷ്യർക്ക് വച്ചിട്ടുള്ള പ്രവർത്തനരീതിയാണ്. തുടർന്ന് വായിക്കുമ്പോൾ ഇതിന്റെ ആഴങ്ങൾ വായനക്കാർക്ക് ദൈവാത്മാവ് ഗ്രഹിപ്പിക്കുവാൻ തുടങ്ങും. ദൈവത്തിന്റെ വായിൽ നിന്നും വന്ന ഈ വാക്യപ്രകാരം പിശാച് പ്രവർത്തിക്കുന്നത് കൊണ്ടാണ് ആത്മാർത്ഥമായി ദൈവവേല ചെയ്യുന്ന ദൈവദാസന്മാർക്ക് നേരെ ഇത്രയും പ്രശ്നമെന്ന് എനിക്ക് മനസ്സിലായി. കാരണം അവർ പിശാച് ഭരിക്കുന്ന ലോകരാജ്യത്തെ കൊള്ളയടിച്ച് ദൈവരാജ്യം നിറക്കുവാൻ ശ്രമിക്കുകയാണ്. പക്ഷെ പിശാച് കൊണ്ട് വരുന്ന പ്രശ്നങ്ങൾ കാരണം ഈ ദൈവദാസന്മാർക്ക് കുതിക്കുവാൻ, മുന്നോട്ട് പോകുവാൻ പലപ്പോഴും പ്രയാസമാണ്.

> ഭൂമിയിൽ കുതിക്കുന്ന കാലുകളെ കാണിക്കുന്നത്, ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരെയാണ്.

പക്ഷെ പിന്നെ എന്താണൊരു പോംവഴി. പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിലൊരു ചിന്ത തന്നു. അതായത് ഒരു ദൈവവചനം ദൈവത്തിൽ നിന്ന് എനിക്ക് വേണ്ടി, നമുക്ക് വേണ്ടി ജനിച്ചു. ദൈവത്തിന്റെ വചനം പറയുന്നു.

**"ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു." (1 യോഹ. 5:4)**

ദൈവത്തിന്റെ ആത്മാവ് ഇങ്ങനെ പ്രകാശിപ്പിച്ചു. ***ഭൂമിയിലുള്ള കാലുകളാണ് കുതിക്കുന്നത്. ഈ കാലുകൾ ലോകത്തിൽ നിന്നും കുതിക്കുന്നിടത്തോളം കാലം ഈ ലോകത്തിന്റെ ദൈവമായ പിശാചിന് അവരുടെ കുതിക്കുന്ന കാലുകളെ തകർക്കുവാൻ കഴിയും. കാരണം ദൈവത്തിന്റെ വചനം പറയു***

ന്നു.

**"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു." (1 യോഹ. 5:19)**

ഭൂമിയിൽ കുതിക്കുന്ന കാലുകളെ കാണിക്കുന്നത് കർത്താവിന് വേണ്ടി സുവിശേഷ വേല ചെയ്യുന്നവരെയാണ്. ***ഈ ലോകത്തിന്റെ രീതി അല്ലെങ്കിൽ പിശാചിനാൽ മലിനമാക്കപ്പെട്ട നമ്മുടെ ബുദ്ധിയുടെ രീതി നാം ഉപയോഗിച്ചാൽ ഈ ലോകത്തിന്റെ ദൈവമായ പിശാചിന് നമ്മെ എളുപ്പത്തിൽ തടയുവാൻ കഴിയും.*** ആത്മലോകവും ആത്മീയവളർച്ചയും എന്ന എന്റെ ഒന്നാമത്തെ പുസ്തകത്തിൽ എഴുതിയിരുന്നു, 'കൊക്കൊ കോള കമ്പനിക്ക് നമ്മുടെ മേൽ യാതൊരു അധികാരങ്ങളും ഇല്ല പക്ഷെ കൊക്കൊ കോള കമ്പനിയുടെ മാത്രമായുള്ള ജ്യൂസ് ഉണ്ടാക്കുന്ന ഫോർമുല ഉപയോഗിച്ച് നാം ജ്യൂസ് ഉണ്ടാക്കാൻ തുടങ്ങിയാൽ കൊക്കൊ കോള കമ്പനിക്ക് നമ്മുടെ മേൽ അധികാരം ഉണ്ടാകുകയും നാം അപകടത്തിലാകുകയും ചെയ്യുന്നതുപോലെ പിശാചിനാൽ മലിനപ്പെട്ട നമ്മുടെ സ്വബുദ്ധിയുടെ രീതി ഉപയോഗിച്ചാൽ ഈ ലോകത്തിന്റെ ദൈവമായ പിശാചിന് നമ്മെ എഴുപ്പത്തിൽ തടയുവാൻ കളിയും'

## കുതിക്കാതെ നീന്തിയാൽ ജയം പ്രാപിക്കാം

ഈ പ്രതിസന്ധിയെ മറി കടക്കാൻ മറ്റൊരു രീതിയുണ്ടെന്ന് ദൈവത്തിന്റെ ആത്മാവ് മനസ്സിലാക്കി തന്നു. ലോകത്തിന്റെ രീതിയല്ല പകരം ദൈവത്തിന് മാത്രം അറിയാവുന്നതും നമ്മെ തടയുന്ന ഈ ലോകത്തിന്റെ ദൈവമായ പിശാചിന് അറിയാൻ പറ്റാത്തതുമായ ഉയർന്ന ജ്ഞാനത്തിൽ അഥവാ ദൈവരാജ്യത്തിന്റെ രീതിയിൽ മുന്നോട്ടേക്ക് പോവുക. 'അത് എങ്ങനെ?' ഞാൻ ചോദിച്ചു.

പെട്ടെന്ന് യെഹസ്‌ക്കേൽ 47:1-5 ൽ പറയുന്ന ദേവാലയത്തിൽ നിന്നൊഴുകുന്ന ജീവജലനദി എന്റെ ചിന്തയിൽ ദൈവം കൊണ്ടു വന്നു.

**"അവൻ എന്നെ ആലയത്തിന്റെ പ്രവേശനത്തിങ്കൽ മടക്കിക്കൊണ്ട് വന്നപ്പോൾ ആലയത്തിന്റെ ഉമ്മറപ്പടിയുടെ കീഴെ വെള്ളം ആലയത്തിന്റെ വലത്തു ഭാഗത്തു കീഴെ നിന്നു യാഗപീഠ**

ത്തിനു തെക്കുവശമായി ഒഴുകി. അവൻ വടക്കോട്ടുള്ള ഗോപുരത്തിൽ കൂടി എന്നെ പുറത്തു കൊണ്ടു ചെന്നു പുറത്തെ വഴിയായി കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽ കൂടി പുറത്തെ ഗോപുരത്തിങ്കലേക്ക് ചുറ്റി നടത്തി കൊണ്ടു പോയി; വെള്ളം വലത്തുഭാഗത്തുകൂടി ഒഴുകുന്നത് ഞാൻ കണ്ടു. ആ പുരുഷൻ കയ്യിൽ ചരടുമായി കിഴക്കോട്ടു നടന്നു, ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽ കൂടി കടക്കുമാറാക്കി; വെള്ളം നരിയാണിയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽ കൂടി കടക്കുമാറാക്കി; വെള്ളം മുട്ടോളം ആയി; അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ കടക്കുമാറാക്കി; വെള്ളം അരയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു; അതു എനിക്ക് കടപ്പാൻ വഹിയാത്ത ഒരു നദിയായി; വെള്ളം പൊങ്ങി, നീന്തീട്ടല്ലാതെ കടപ്പാൻ വഹിയാത്ത ഒരു നദിയായിത്തീർന്നു."

(യെഹ. 47:1–5)

> ദൈവാത്മാവിനെ അനുസരിച്ച് ദൈവേഷ്ടം ചെയ്യുന്നവരാണ് ആത്മനദിയിൽ നീന്തുന്നവർ.

***ആത്മാവിനെ അനുസരിച്ച് നടക്കുക എന്ന ദൈവരാജ്യത്തിന്റെ രീതി നാം ഉപയോഗിച്ചാൽ പിശാചിന് നമ്മുടെ മേൽ യാതൊരു അധികാരവും ഇല്ല. എന്നാൽ ലോകത്തിന്റെ രീതി നാം ഉപയോഗിച്ചാൽ പിശാചിന് നമ്മെ തടയുവാൻ കഴിയും.***

ദൈവത്തിന്റെ ആത്മാവ് എന്നോട് ചോദിച്ചു,

*"ഒരു തടിച്ച വടി കൊണ്ട് ഭൂമിയിൽ കുതിക്കുന്ന കാലിൽ മാത്രം അടിക്കാൻ അധികാരമുള്ള വ്യക്തി (അവൻ നിന്റെ കുതികാൽ തകർക്കും, ഉൽപത്തി. 3:15) അടിച്ചാൽ വേദനയെടുക്കുമോ?"* ഞാൻ പറഞ്ഞു,

*"നല്ല വേദനയെടുക്കും."*

പിന്നെ എന്നോട് പറഞ്ഞു,

*"നരിയാണിയോളം വെള്ളത്തിലാണ് നിന്റെ കാലിപ്പോൾ കുതിക്കാൻ തുടങ്ങുന്നതെന്ന് ചിന്തിക്കുക. ഇപ്പോൾ അടിക്കാൻ ശ്രമിച്ചാൽ വേദന കൂടുമോ? കുറയുമോ?"*

ഞാൻ പറഞ്ഞു,

*"കുറയും".*

തുടർന്ന് പറഞ്ഞു, ***"ഇനി മുട്ടോളം വെള്ളത്തിലാണ് നീ നില്ക്കുന്നതെങ്കിൽ അടിയുടെ വേദന കൂടുമോ? കുറയുമോ?"***

ഞാൻ പറഞ്ഞു,

*"വീണ്ടും കുറയും".*

തുടർന്ന് പറഞ്ഞു, ***"ഇനി അരയോളം വെള്ളത്തിലാണ് നിന്നെ അടിക്കുന്നതെങ്കിലോ?"***

ഞാൻ പറഞ്ഞു,

*"വേദന തീരെ കുറയും".*

> പരിശുദ്ധാത്മാവിന്റെ നദിയിൽ നാം ഉയരും തോറും പിശാചിന് നമ്മെ ജയിക്കുവാൻ കഴിയാതെ വരുന്നു.

ഇപ്പോൾ എനിക്ക് സന്ദേശം പിടികിട്ടി. പരിശുദ്ധാത്മാവിന്റെ നദിയിൽ നാം ഉയരും തോറും പിശാചിന് നമ്മെ ജയിക്കുവാൻ കഴിയാതെയാകുന്നു. നമ്മിൽ അവന്റെ അധികാരം കുറയുന്നു. വെള്ളം പ്രതിനിധീകരിക്കുന്നത് പരിശുദ്ധാത്മാവിനെയാണ്. ആ നദിയിൽ എത്രത്തോളം നാം ആകുന്നുവോ അത്രത്തോളം നാം പിശാചിന് അധികാരമുള്ള ലോകത്തിന്റെ രീതി വിട്ട് ദൈവത്തിന് മാത്രം അധികാരമുള്ള ദൈവരാജ്യത്തിന്റെ രീതിയിലേക്ക് കടന്ന് വരികയാണ്. ഇതു മനസ്സിലായപ്പോൾ എന്റെ ഉള്ളിൽ വളരെ സന്തോഷം കൊണ്ട് നിറഞ്ഞു.

വീണ്ടും പരിശുദ്ധാത്മനദി പൊങ്ങുകയാണ്. "നീന്തിയിട്ടല്ലാതെ കടക്കാൻ കഴിയാത്ത ഒരു നദിയായി അത് രൂപാന്തരപ്പെടുകയാണ്."

> നാം ആത്മനദിയിൽ പൊങ്ങുകയായി. പിന്നെ നമ്മുടെ നിയന്ത്രണം ഭൂമിയുടെ കൈയ്യിലോ നമ്മുടെ കൈയ്യിലോ അല്ല. നദി എങ്ങോട്ടേക്ക് നമ്മെ ഒഴുകിക്കൊണ്ട് പോകുന്നുവോ അങ്ങോട്ടേക്ക് നാം ഒഴുകിക്കൊണ്ടിരിക്കും.

പിന്നെ നമുക്ക് ഭൂമിയിൽ നിൽക്കുവാനോ, നടക്കുവാനോ പറ്റില്ല ജലത്തിൽ പൊങ്ങുകയായി. തുടർന്ന് നാം കുതിക്കുന്ന കാൽ ഉപയോഗിച്ച് പിശാചിന് അധികാരമുള്ള ഭൂമിയിൽ നടക്കുകയല്ല (ലോകത്തിന്റെ ബുദ്ധിയുടെ രീതി ഉപയോഗിക്കുകയല്ല) പകരം ആത്മനദിയിൽ

പൊങ്ങുകയായി. പിന്നെ നമ്മുടെ നിയന്ത്രണം ഭൂമിയുടെ കൈയ്യിലോ നമ്മുടെ സ്വന്തം കൈയ്യിലോ അല്ല. നദി എങ്ങോട്ടേക്ക് നമ്മെ ഒഴുക്കി ക്കൊണ്ട് പോകുന്നുവോ അങ്ങോട്ടേക്ക് നാം ഒഴുകിക്കൊണ്ടിരിക്കും. അതായത് ലോകത്തിന്റെ രീതിയിൽ നിന്ന് പൂർണ്ണമായി ദൈവരാജ്യ ത്തിന്റെ രീതിയിലേക്ക് നാം വരികയായി. ആത്മാവിനാൽ നടത്തപ്പെ ടുകയായി, നമ്മുടെ പൂർണ്ണ ആശ്രയം ദൈവത്തിലായി. പിശാചിന് നമ്മുടെ മേൽ ഒരു അധികാരവും ഇല്ലാതെയായിത്തീർന്നു.

**"ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യു ന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമി ല്ല." (1 യോഹ.5:18)**

***നാം പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട് നന്മ ചെയ്യുമ്പോഴും, പിശാച് നിയമ വിരുദ്ധമായി തിന്മ യാൽ നമ്മെ ആക്രമി ക്കുന്നു എങ്കിൽ അഥവാ തടയുന്നു എങ്കിൽ പിശാ ചിന്റെ ഈ പ്രവർത്തി, പിശാ ചിന്റെ അധികാരങ്ങളിൽ പലതും തകർത്തു കളയു വാൻ ഇടയാകും.***

നാം പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട് നന്മ ചെയ്യുമ്പോ ഴും, പിശാച് നിയമ വിരുദ്ധ മായി തിന്മയാൽ നമ്മെ ആക്ര മിക്കുന്നു എങ്കിൽ അഥവാ തട യുന്നു എങ്കിൽ പിശാചിന്റെ ഈ പ്രവർത്തി, പിശാചിന്റെ അധി കാരങ്ങളിൽ പലതും തകർത്തു കളയുവാൻ ഇടയാകും.

ഇതിന് ഉത്തമ ഉദാഹരണമാണ് യേശുക്രിസ്തുവിന്റെ കാൽവരിക്രൂ ശിലെ യാഗം. പിശാച് നിയമവിരു ദ്ധമായി മനുഷ്യരിലൂടെ യേശുവിനെ ക്രൂശിച്ച് യേശുവിന്റെ ഭൂമിയിലെ കുതിപ്പ് അവസാനിപ്പിക്കാൻ, എന്നാൽ പിശാചിന്റെ ഈ അനീതിയായ പ്രവർത്തികൊണ്ടു തന്നെ യേശു കർത്താവ് പിശാചിന്റെ തലയെ (അധികാരത്തെ) തകർത്തുകളഞ്ഞു. മറ്റൊരു രീതിയിൽ പറഞ്ഞാൽ "എപ്പോൾ പിശാച് യഥാർത്ഥത്തിൽ ക്രിസ്തുവിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ കുതികാൽ തകർക്കുന്നുവോ അപ്പോൾ പിശാചിന്റെ തല (അധികാരം) തകരപ്പെടും."

## ആത്മാവിനാൽ നടത്തപ്പെടുക

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമർ. 8:14)**

ദൈവാത്മാവിനാൽ നടത്തപ്പെടുന്നത് എങ്ങനെയെന്ന് നാം മനസ്സിലാക്കുവാൻ പോവുകയാണ്.

1. യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുക. (സുവിശേഷം കേട്ട് ദൈവരാജ്യത്തിൽ വീണ്ടും ജനിക്കുക)

2. നമ്മുടെ ബലഹീനതയായ, പിശാചിന്റെ നമ്മിലെ ബലമായ 'ജഡചിന്തകളെ' ആത്മാവിനാൽ തകർക്കുക, അതോടെ ദൈവാത്മാവിന്റെ വെളിപ്പെടത്തലുകൾ നാം തിരിച്ചറിയാൻ തുടങ്ങും. അതുവഴി നാം ദൈവഹിതം തിരിച്ചറിയും (ഈ പുസ്തകത്തിന്റെ വാല്യം-1 വായിക്കുകയും ദൈവവചനത്തിന്റെ സഹായത്തോടെ അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക)

3. നിരന്തരം പ്രാർത്ഥിച്ചും, നാം തിരിച്ചറിഞ്ഞ ദൈവഹിതം ചെയ്തും കൊണ്ട് കർത്താവ് തരുന്ന വചനങ്ങൾ നിരന്തരം ലോകത്തോട് വിളിച്ച് പറയുക, അതിൽ ജീവിക്കുക, അതായത് ദൈവവചനം കൊണ്ട് ജീവിക്കുക. ഈ പുസ്തകം തുടർന്ന് വായിക്കുമ്പോൾ അത് എങ്ങനെയെന്ന് വായനക്കാർക്ക് മനസ്സിലാകും.

അങ്ങനെ നാം ദൈവരാജ്യത്തിന്റെ രീതിയിലേക്ക് വരുമ്പോൾ പിശാച് പല തന്ത്രങ്ങളുമായി വരുമെങ്കിലും അതിനെയെല്ലാം തകർത്ത് നാം മുന്നേറുവാൻ തുടങ്ങും.

**"നിങ്ങളിലുള്ളവൻ ലോകത്തുള്ളവനെക്കാൾ വലിയവനാണ്."**
**(1 യോഹ. 4:4)**

ഇവിടെ നാം ചെയ്യുന്നത് ഇത്രമാത്രമെയുള്ളൂ. ***'ലോകത്തിലുള്ളവനെക്കാൾ വലിയവൻ നമ്മൾ അല്ല നമ്മളിൽ ഉള്ളവനാണെന്ന് മനസ്സിലാക്കി' തുടർന്ന് നമ്മുടെ പദ്ധതി പ്രകാരം പിശാചിനെതിരെ പോകാതെ നമ്മളിലുള്ളവനെ പിശാചിനെതിരെ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്.***

അതായത് നമ്മൾ പിശാചിനെ, അവനവകാശമുള്ള ലോകരീതി കൊണ്ട് സ്വയം എതിരിടാതെ, പിശാചിനെതിരെ നമ്മുടെ ഉള്ളിൽ വസിക്കുന്ന വലിയവനായ പരിശുദ്ധാത്മാവിനെ പുറത്തുവിടുകയാണ് (Release) ചെയ്യുന്നത്. ഇവിടെ യുദ്ധം നമ്മുടെതല്ല ദൈവത്തിന്റെ താണ്. നമ്മുടെ ദൈവം ഒരിക്കലും തോറ്റിട്ടില്ല. ഈ രീതി നാം ഉപ യോഗിക്കുന്നു എങ്കിൽ ദൈവവചനം പറയുന്നതത് പോലെ നമുക്കും തോൽവി ഉണ്ടാകില്ല. (1 യോഹ. 5:4)

ഈ രീതിയാണ് ദൈവവചനം കൊണ്ട് ജീവിക്കുന്ന രീതി. എന്നാൽ ഈ രീതി ഭൂരിഭാഗം ദൈവമക്കൾക്കും അറിയില്ല. പകരം ലോകത്തിന്റെ രീതിയാണ് അറിയുന്നത്, അതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അതു കൊണ്ടാണ് പലപ്പോഴും നാം തോറ്റു പോകുന്നത്. പക്ഷെ നാം ദൈവ ത്തിന്റെ വചനം കൊണ്ട് ജീവിക്കുന്ന രീതി അറിയണമെന്നും, നാം അതിൽ പ്രവർത്തിക്കണമെന്നും ദൈവത്തിന് നിർബ്ബന്ധമുണ്ട്.

**"അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കയും മനു ഷ്യൻ അപ്പം കൊണ്ട് മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിപ്പിക്കുന്നു എന്ന് നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു." (ആവർത്തനം. 8:3)**

അങ്ങനെ നാം ദൈവവചനം കൊണ്ട് ജീവിച്ചാൽ **'നമുക്ക് ജയം നിശ്ചയം.'**

**"ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയി ക്കുന്നു." (1 യോഹ. 5:4)**

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ, ഞാൻ വചനം കൊണ്ട് ജീവിക്കണമെന്നുള്ള അങ്ങ യുടെ ആഗ്രഹം എന്നെ അറിയിച്ചതിനായി നന്ദി. അങ്ങയുടെ ഇഷ്ടപ്രകാരം വചനം കൊണ്ട് ജീവിച്ച് ജയം പ്രാപിക്കുവാൻ എന്നെ പഠിപ്പിക്കണമെ..... യേശുവിൻ നാമത്തിൽ പിതാവെ, ആമേൻ*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഭൂമിയിലുള്ള കാലുകളാണ് കുതിക്കുന്നത്. ഈ കാലുകൾ ലോകത്തിൽ നിന്ന് കുതിക്കുന്നിടത്തോളം കാലം ഈ ലോകത്തിന്റെ ദൈവമായ പിശാചിന് അവരുടെ കുതിക്കുന്ന കാലുകളെ തകർക്കുവാൻ കഴിയും കാരണം ദൈവത്തിന്റെ വചനം പറയുന്നു "സർവ്വ ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."
2. പിശാചിന്റെ നാശത്തിന് കാരണം പിശാച് തന്നെ: പിശാച്, പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് പ്രകാരം ഭൂമിയിൽ ദൈവേഷ്ടം ചെയ്യുന്നവരുടെ കുതിപ്പ് തകർക്കുന്നതാണ് പിശാചിന്റെ അധികാര തകർച്ചയ്ക്ക് കാരണം.
3. ശുദ്ധ മനസ്സോടെ ദൈവവേലയ്ക്ക് ഇറങ്ങുന്നവരാണ് പ്രതികൂലങ്ങൾ കടന്നു വരുമ്പോൾ എന്താണെന്ന് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ പറ്റാത്തതിനാലും, വചനത്താൽ ജീവിക്കേണ്ടത് എങ്ങനെയെന്ന് അറിഞ്ഞ് കൂടാത്തതിനാലും കലങ്ങിപ്പോകുന്നത്. അതോടെ പലരും ലോകത്തിന്റെ വഴിയിലേക്ക് തിരിഞ്ഞ് നാശത്തിലേക്ക് പോകുന്നു.
4. സ്വന്ത ബുദ്ധിയിൽ ആശ്രയിച്ച് ദൈവവേലയ്ക്ക് ഇറങ്ങുന്നവർ വിജയിക്കുന്നവരെന്ന് തോന്നുന്നവർ എങ്കിലും പിശാചിനാൽ സ്വന്തം ആത്മീയ മുന്നേറ്റത്തിൽ തടയപ്പെടുന്നവരാണ്.
5. പിശാചിന്റെ വക്രബുദ്ധികൊണ്ട് തന്നെ പിശാചിനെ വീഴിക്കുവാനാണ് 'സാത്താൻ യേശുവിന്റെ കുതികാൽ തകർക്കുമെന്നുള്ള' വാഗ്ദത്തം ദൈവം പിശാചിന് ഒരു ശാപമായി കൊടുത്തത്.
6. പരിശുദ്ധാത്മനദിയിൽ പൊങ്ങിയാൽ പിന്നെ നമ്മുടെ നിയന്ത്രണം ഭൂമിയുടെ കൈയ്യിലോ നമ്മുടെ സ്വന്തം കൈയ്യിലോ അല്ല. നദി എങ്ങോട്ടേക്ക് നമ്മെ ഒഴുക്കികൊണ്ടു പോകുന്നുവോ അങ്ങോട്ടേക്ക് നാം ഒഴുകികൊണ്ടിരിക്കും. അതായത്, നാം പൂർണ്ണമായും നാം ദൈവാശ്രയത്തിലായിരിക്കും.
7. ആത്മാവിനെ അനുസരിച്ച് നടക്കുക എന്ന ദൈവരാജ്യത്തിന്റെ രീതി നാം ഉപയോഗിച്ചാൽ പിശാചിന് നമ്മുടെ മേൽ യാതൊരു

അധികാരവും ഇല്ല. എന്നാൽ ലോകത്തിന്റെ രീതി നാം ഉപയോഗി ച്ചാൽ പിശാചിന് നമ്മെ തടയുവാൻ കഴിയും.

8. ഇവിടെ നാം ചെയ്യുന്നത് ഇത്രമാത്രമെയുള്ളൂ. “ലോകത്തുള്ളവ നെക്കാൾ വലിയവൻ നമ്മൾ അല്ല, നമ്മളിൽ ഉള്ളവനാണെന്ന് മന സ്സിലാക്കി”, തുടർന്ന് നമ്മുടെ പദ്ധതി പ്രകാരം പിശാചിനെതിരെ ചെല്ലാതെ നമ്മളിലുള്ളവനെ പിശാചിനെതിരെ പുറപ്പെടുവിക്കുക യാണ് ചെയ്യുന്നത്.



## അദ്ധ്യായം 7

# ഒന്നും നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയില്ല!

"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയും ഇല്ല." (ലൂക്കൊ. 10:19)

കഴിഞ്ഞ അദ്ധ്യായത്തിൽ പിതാവായ ദൈവം പറഞ്ഞ ബൈബിളിലെ പ്രധാന വാഗ്ദത്തം, പുത്രനായ യേശു തന്റെ ശിഷ്യന്മാരുടെ അടുക്കൽ വീണ്ടും പ്രഖ്യാപിക്കുന്നതായി പുതിയ നിയമത്തിൽ നമുക്ക് കാണാം. എന്നാൽ സാധാരണ ഒരു വ്യക്തി ഈ രണ്ടു വാക്യങ്ങളും തമ്മിൽ ഒത്തു നോക്കിയാൽ വളരെ വൈരുദ്ധ്യമുള്ളതായി തോന്നും.

**പിതാവായ ദൈവം പറഞ്ഞ വാഗ്ദത്തം:-**

> **"ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും."**
> **(ഉല്പത്തി. 3:15)**

**കർത്താവായ യേശു പറഞ്ഞ വാഗ്ദത്തം:-**

> **"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയില്ല."**
> **(ലൂക്കോസ്. 10:19)**

പിതാവ് പറഞ്ഞ വാഗ്ദത്തത്തിൽ പറയുന്നു, യേശു പിശാചിന്റെ തല (രാജ്യം) തകർക്കുന്നു, മാത്രമല്ല പിശാച് യേശുവിന്റെ കുതികാൽ തകർക്കുന്നു. എന്നാൽ പുത്രനായ യേശു പറഞ്ഞ ഇതെ വാഗ്ദത്തത്തിൽ യേശുവിനെ അനുഗമിക്കുന്നവർക്ക് പിശാചിന്റെ പ്രവർത്തികളെ അഴിക്കാം. എന്നാൽ രണ്ടാം ഭാഗത്ത് പറയുന്നത് പിശാച് നിങ്ങ

ളുടെ കുതികാൽ തകർക്കുമെന്നല്ല, പകരം അവ ഒരു ദോഷവും നിങ്ങൾക്ക് വരുത്തുകയില്ല എന്നുള്ളതാണ്.

> ലോകപ്രകാരമുള്ള കാഴ്ചയാലുള്ള ക്രിസ്തീയപ്രവർത്തനങ്ങൾ പരാജയത്തിലേക്കും, ദൈവരാജ്യപ്രകാരമുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ വിജയത്തിലേക്കും നടത്തുന്നു.

എന്തുകൊണ്ടാണ് ഈ രണ്ട് വാക്യങ്ങളുടെയും ഒന്നാമത്തെ ഭാഗം ഐക്യതയുള്ളതായിരിക്കുമ്പോൾ രണ്ടാമത്തെ ഭാഗങ്ങൾ തമ്മിൽ എതിർക്കുന്നതായി തോന്നുന്നത്.

**ഐക്യതയുള്ള ഭാഗം:-**

1. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും. (ഉല്പത്തി. 3:15)

2. പാമ്പുകളെയും, തേളുകളെയും പിശാചിന്റെ സകല ബലത്തേയും ചവിട്ടാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. (ലൂക്കോസ്. 10:19)

**ഐക്യതയില്ലാത്തതായി തോന്നുന്ന ഭാഗം:-**

1. സർപ്പം യേശുവിന്റെ കുതികാൽ തകർക്കും. (ഉല്പ. 3:15)

2. പിശാചുക്കൾ ഒരു ദോഷവും നിങ്ങൾക്ക് വരുത്തുകയില്ല. (ലൂക്കോസ്. 10:19)

## രണ്ട് തരത്തിലുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ

1. ലോകപ്രകാരമുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ
2. ദൈവരാജ്യപ്രകാരമുള്ള ക്രിസ്തീയ പ്രവർത്തനങ്ങൾ

യേശുവിന് വേണ്ടി കുതിക്കുമ്പോൾ പിശാച് തകർക്കുമെന്നും, പിശാച് ഒരു ദോഷവും ചെയ്യുകയില്ലായെന്നും ഉള്ള രണ്ടു പ്രസ്താവനകൾ നാം മനസ്സിലാക്കുവാൻ തിരു വചനത്തിലെ ഒരു ഭാഗം നമുക്ക് ശ്രദ്ധിക്കാം. മർക്കോസിന്റെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ ദൈവരാജ്യത്തെക്കുറിച്ചുള്ള പലകാര്യങ്ങൾ ജനത്തേയും തന്റെ ശിഷ്യന്മാ

രെയും പഠിപ്പിച്ച ശേഷം യേശു തന്റെ മുന്നേറ്റത്തിന്റെ അടുത്ത ഒരു മണ്ഡലത്തിലേക്ക് കുതിക്കാൻ പോവുകയാണ്. അന്നു സന്ധ്യയായ പ്പോൾ തന്നോട് കൂടെ ഈ യാത്രയിൽ പോരുവാൻ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു.

**"അന്നു സന്ധ്യയായപ്പോൾ: നാം അക്കരെക്കു പോക എന്നു അവൻ അവരോടു പറഞ്ഞു." (മർക്കോസ്. 4:35)**

യേശുവും ശിഷ്യന്മാരും കയറിയ പടകല്ലാതെ മറ്റു ചെറുപടകുകളും അവരോടു കൂടെ പുറപ്പെട്ടു.

**"അവൻ പുരുഷാരത്തെ വിട്ടു, താൻ പടകിൽ ഇരുന്നപാടെ അവനെ കൊണ്ടുപോയി; മറ്റു ചെറുപടകുകളും കൂടെ ഉണ്ടാ യിരുന്നു." (മർക്കോസ്. 4:36)**

ഇവരെ നമുക്ക് മൂന്ന് തരമായി തരംതിരിക്കാം. അത് എങ്ങനെയെ ന്നാൽ:-

**യേശുവിന്റെ തരം:-**

***വ്യക്തമായ ആത്മീയ കാഴ്ച്ചപ്പാടോടെ ആത്മീയ വേല ക്കിറങ്ങിത്തിരിക്കുന്നവർ.***

**ശിഷ്യന്മാരുടെ തരം:-**

***ആത്മീയ കാഴ്ച്ചപ്പാടില്ലാതെ ആത്മീയ വേലക്കിറങ്ങു ന്നവർ.***

**യേശുവും ശിഷ്യന്മാരും പോകുന്നത് കണ്ട് ചെറു പടകിൽ അവരെ പിന്തുടർന്നവർ:-**

***യേശു ചെയ്യുന്ന അത്ഭുതങ്ങളെക്കണ്ട്, ഭൗതിക അനുഗ്രഹങ്ങളുടെയും സ്വന്തമഹത്വത്തിന്റെയും മാത്രം പ്രതീക്ഷയോടെ, വിളിയില്ലാതെ, മറ്റുള്ളവർ ചെയ്യുന്ന ശുശ്രൂഷ കണ്ട് ചാടി പുറപ്പെട്ടവർ.***




**ദൈവീക വിളിയോടും ദർശനത്തോടും, ദർശനമില്ലാതെ ദൈവീക വിളി മാത്രമായും, എന്നാൽ ദൈവീക വിളിയും ദർശനമില്ലാതെ മറ്റുള്ളവർ ചെയ്യുന്നത് കണ്ടുകൊണ്ടു ദൈവവേലയ്ക്കിറങ്ങുന്ന മൂന്ന് തരം മനുഷ്യർ.**

(ചിത്രം 17)

യേശുക്രിസ്തു ശിഷ്യന്മാരോട് നമുക്ക് അക്കരെക്ക് പോകാമെന്ന് പറഞ്ഞതിന്റെ വിവരണം ഇങ്ങനെയാണ്. “പിശാച് ഭരിക്കുന്ന അക്കരെയുള്ള ഗദര ദേശം കീഴടക്കി, അവിടെ ദൈവീകാധികാരം നടപ്പിലാക്കാൻ നമുക്ക് പോകാം.”

> ദൈവാധിപത്യം പുതിയ മേഖലയിലേക്ക് വ്യാപരിക്കുവാൻ ശ്രമിക്കുമ്പോൾ എതിർപ്പ് വരുന്നത് സ്വാഭാവികം, എന്നാൽ ദൈവീക വ്യവസ്ഥയിൽ നാം നിന്നാൽ നമുക്കതിനെ ജയിക്കാൻ കഴിയും.

അങ്ങനെ മുകളിൽ പറഞ്ഞ മൂന്ന് കൂട്ടരും കൂടെ ദൈവത്തിന് വേണ്ടി കുതിക്കുവാൻ, പിശാചിന്റെ അധികാരം (തലയെ തകർക്കുവാൻ) പിടിച്ചടക്കുവാൻ

പുറപ്പെട്ടു.

ഇത് ഉടനെ തന്നെ ഗദരദേശം ഭരിക്കുന്ന ദേശാതിപതിയായ പിശാച് അറിഞ്ഞു. "ഗദരദേശത്തെ ബലവാനായ തന്നെ പിടിച്ചു കെട്ടുവാൻ യേശുവും കൂട്ടരും വരുന്നുണ്ടെന്നും, അവർ തന്നെ പിടിച്ചു കെട്ടിയാൽ തുടർന്ന് ഗദരദേശം യേശു നേടുമെന്നുള്ള ആത്മീയ സത്യം ഗദരദേശം ഭരിക്കുന്ന ആത്മീയ ദേശാതിപതിയായ പിശാചിന് (ബലവാന്) അറിയാമായിരുന്നു."

**"ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നുകളയാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം."**

**(മത്തായി. 12:29)**

ഉടനെ ഈ പൈശാചിക ശക്തി യേശുവിന്റെയും കൂട്ടരുടെയും കുതിപ്പ് തടയുവാൻ കാലാവസ്ഥയെ ഇളക്കി. തന്റെ കീഴിലുള്ള പൈശാചികശക്തികൾ വലിയ ചുഴലിക്കാറ്റ് പടകിന് നേരെ അഴിച്ചു വിട്ടു. പടകിൽ തിര തള്ളിക്കയറി അതു മുങ്ങുമാറായി.

> വ്യക്തമായ ദൈവവിളിയില്ലാതെ മറ്റുള്ളവർ ചെയ്യുന്നത് പോലെ ചെയ്യാനോ, മറ്റുള്ളവരെ അനുകരിക്കാനോ പോകരുത്, ശ്രമിച്ചാൽ പരാജയം നിശ്ചയം

**"അപ്പോൾ വലിയ ചുഴലിക്കാറ്റു ഉണ്ടായി: പടകിൽ തിര തള്ളിക്കയറുകകൊണ്ടു അതു മുങ്ങുമാറായി." (മർക്കോസ്. 4:37)**

മുക്കുവന്മാരായ ശിഷ്യന്മാർ തങ്ങൾക്ക് കഴിയാവുന്നതെല്ലാം രക്ഷപെടുവാൻ വേണ്ടി ചെയ്തു കാണും. അവസാനം അവർ യേശുവിനെ വിളിച്ചെഴുന്നേല്പ്പിച്ചു. 'നാഥാ ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്ക് വിചാരമില്ലയോ?'

**"അവൻ അമരത്തു തലയണവെച്ചു ഉറങ്ങുകയായിരുന്നു; അവർ അവനെ ഉണർത്തി: ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ എന്നു പറഞ്ഞു."**

**(മർക്കോസ്. 4:38)**

അപ്പോൾ യേശു എഴുന്നേറ്റു കാറ്റിനെയും കടലിനെയും ശാസിച്ചു, അവ അമർന്നു. വലിയ ശാന്തത ഉണ്ടായി.

**"അവൻ എഴുന്നേറ്റു കാറ്റിനെ ശാസിച്ചു, കടലിനോടു: അനങ്ങാതിരിക്കുക, അടങ്ങുക എന്നു പറഞ്ഞു; കാറ്റു അമർന്നു വലിയ ശാന്തത ഉണ്ടായി." (മർക്കോ. 4:39)**

മർക്കോസ് 4 ന്റെ 37-ാം വാക്യത്തിൽ ഗദരദേശത്തിലെ ഭൂതഗ്രസ്ഥനെ സൗഖ്യമാക്കി ദൈവത്തിന്റെ ആധിപത്യം അവിടെ ഉറപ്പിക്കാൻ വേണ്ടി കുതിച്ച മൂന്നാമത്തെ കൂട്ടമായ ചെറു പടകിൽ അനുഗമിച്ചവരെ കൊടുംകാറ്റടിച്ചതോടു കൂടി കാണാതായി. പിന്നെ അവരെക്കുറിച്ച് ഒന്നും തിരുവചനം ഒന്നും പറയുന്നില്ല. ഞാൻ ചിന്തിക്കുന്നു കൊടുംകാറ്റിന്റെ ലക്ഷണം കണ്ട ഉടനെ തിരിഞ്ഞോടിയിട്ടുണ്ടാകാം. ഇത് നമുക്കൊരു സന്ദേശം തരുന്നു, ദൈവവിളിയില്ലാതെ, വ്യക്തമായ ആത്മീയ കാഴ്ച്ചപ്പാടില്ലാതെ, മറ്റുള്ളവർ ചെയ്യുന്നത് കണ്ട്, അവരെപ്പോലെ ചെയ്യുവാനും, അവരെപ്പോലെയാകുവാനും ഇറങ്ങി പുറപ്പെടരുത്.

> ദൈവവിളി മനസ്സിലാക്കി ദൈവവേലയ്ക്ക് ഇറങ്ങിത്തിരിക്കുന്നവർ തങ്ങളുടെ പഴയ ലോക മനസ്സിലാണ് പ്രവർത്തിക്കുന്നതെങ്കിൽ പരാജയപ്പെടും, എന്നാൽ ക്രിസ്തുവിന്റെ മനസ്സിൽ, കാഴ്ചപ്പാടിൽ പ്രവർത്തിച്ചാൽ ജയം പ്രാപിക്കും.

എന്നാൽ യേശുവിനോടു കൂടെ പടകിൽ ഉണ്ടായിരുന്ന ശിഷ്യന്മാർ (രണ്ടാമത്തെ കൂട്ടർ) അവരും കാറ്റ് കണ്ട് ഭയന്നു. അവരും ഭയത്തിന്റെ തടവറയിൽ അകപ്പെട്ടു. യേശുവിനോടു കൂടി കുതിക്കാൻ തുടങ്ങിയ ഈ രണ്ടാമത്തെ കൂട്ടർ പ്രതിനിധീകരിക്കുന്നത് ഈ ലോകപ്രകാരം അഥവാ, കാഴ്ചയാൽ ജീവിക്കുന്നവരെയാണ്. അവരുടെ കുതിപ്പ് ഉല്പത്തി 3:15 പ്രകാരം തടയപ്പെടും (സർപ്പം കുതികാൽ തകർക്കും). എന്നാൽ കാറ്റ് കണ്ട് ഭയന്ന രണ്ടാമത്തെ കൂട്ടരായ ശിഷ്യന്മാർ യേശുവിനെ വിളിച്ചെഴുന്നേൽപിച്ചു. അതായത് തങ്ങളുടെ പടകിൽ ഉറങ്ങിക്കിടക്കുന്ന ഒരു പുതിയ രീതിയെ (New system-ത്തെ) ആത്മാവിൽ നടത്തപ്പെടുന്ന രീതിയെ വിളിച്ചെഴുന്നേൽപിച്ചു. അവർ യേശുവിനെ വിളിച്ചെഴുന്നേല്പിച്ചതോടു കൂടി ലൂക്കോസ് 10:19-ത് പ്രാവർത്തികമാകാൻ തുടങ്ങി. (ഒന്നും ഒരു ദോഷവും വരുത്തുകയില്ല)

**"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബല ത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയും ഇല്ല."**

**(ലൂക്കോ 10:19)**

യേശു കാറ്റിനെ ശാസിച്ചു, കാറ്റടങ്ങി വലിയ ശാന്തത ഉണ്ടായി. യേശുവിനെ കാറ്റോ, കാറ്റിന് പുറകിലുള്ള പൈശാചിക ശക്തികളോ യാതൊരു ഉപദ്രവവും ചെയ്തില്ല. അവർക്ക് യേശുവിന്റെ കുതിപ്പിനെ പിടിച്ചു നിർത്താൻ കഴിഞ്ഞില്ല. എന്നാൽ യേശുവിനെ അനുഗമിച്ച മറ്റു രണ്ടുകൂട്ടർക്ക് അങ്ങനെയല്ലായിരുന്നു. അവരുടെ യാത്ര (കുതിപ്പ്) തടയപ്പെട്ടു.

പുതിയതായി വീണ്ടും ജനിച്ച ഒരു വ്യക്തിയുടെ ഉള്ളിൽ ആ വ്യക്തിയെ പരാജയത്തിലേക്ക് നടത്തുന്ന ലോക സിസ്റ്റം ഉണർന്നിരിക്കുകയും, ജയത്തിലേക്ക് നടത്തുന്ന ദൈവീക സിസ്റ്റത്തെ ഉറക്കിക്കിടത്തിയിരിക്കുകയുമാണ്. എന്നാൽ ദൈവാത്മാവ് എടുത്തു തരുന്ന വചനത്തിലൂടെ ലോക രീതിയെ മരിപ്പിക്കുകയും ദൈവ രീതിയെ ഉണർത്തുകയും ചെയ്താൽ വിജയം നിശ്ചയം.

ഈ രണ്ടു വാക്യങ്ങളിലൂടെയും, മുകളിൽ വിവരിച്ച ഈ സംഭവങ്ങളിലൂടെയും നാം മനസ്സിലാക്കേണ്ടത്, **"പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ ദൈവം നമ്മെ നിയമിച്ചാക്കിയിരിക്കുന്നു."** എന്നാൽ ആ പടകിൽ രണ്ടു തരത്തിലുള്ള ആളുകൾ ഉണ്ടായിരുന്നത് പോലെ, ദൈവവചനത്താൽ വീണ്ടും ജനിക്കപ്പെട്ട നമ്മുടെ ഉള്ളിൽ രണ്ടു രീതികൾ (Systems) ഉണ്ട്.

ഒന്ന് ഉറങ്ങിക്കിടക്കുന്നു (യേശു), മറ്റൊന്ന് ഉണർന്ന് പ്രവർത്തിച്ച് പരാജയമടയുന്നു (ശിഷ്യന്മാർ). ഉണർന്ന് പ്രവർത്തിക്കുന്ന രീതി നമ്മുടെ പഴയ രീതിയായ ലോകത്തിന്റെ 'കാഴ്ചയാൽ പ്രവർത്തിക്കുന്ന' രീതിയാണ്. ഈ രീതി എപ്പോഴും നമ്മെ ഭയത്താൽ തടവുകാരാക്കും. നമ്മുടെ മുന്നേറ്റം പിശാചിനാൽ തടയപ്പെടും; എന്നാൽ വീണ്ടും ജനിക്കപ്പെട്ട നമ്മുടെ ഉള്ളിൽ നമ്മൾ വിളിച്ചുണർത്താതെ ഉറക്കിക്കിടത്തിയിരിക്കുന്ന രീതിയാണ് 'ആത്മാവാൽ നടത്തപ്പെടുന്ന രീതി'. അതാണ് ക്രിസ്തുവിന്റെ രീതി. ഈ പുതിയ രീതിയെ നാം ഉപയോഗിച്ചാൽ ദൈവീക വിഷയത്തിന് വേണ്ടിയുള്ള നമ്മുടെ കുതിപ്പിനെ

തടയുവാൻ പിശാചിന് കഴിയുകയില്ല. ലൂക്കോസ് 10:19–ന്റെ രീതിയിൽ പറഞ്ഞാൽ “പിശാചിന് അങ്ങനെയുള്ളവരെ ഒരു ദോഷവും ചെയ്യാൻ കഴിയുകയില്ല.” എല്ലാ ഭാഗത്തും നമുക്ക് ജയമുണ്ടാകും. അതു കൊണ്ടാണ് വചനം പറയുന്നത്.

**“ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?” (1 യോഹ. 5:4–5)**

നാം ജയിക്കാനായ് വീണ്ടും ജനിച്ചവരാണ്. ഇനിയും തോല്ക്കുവാൻ നമുക്ക് മനസ്സില്ല.

## പ്രാർത്ഥന



പ്രിയ സ്വർഗ്ഗീയ പിതാവെ, രക്ഷിക്കപ്പെട്ട എന്റെ ഉള്ളിൽ ഞാൻ ഉറക്കിക്കിടത്തിയിരിക്കുന്ന അങ്ങയുടെ സ്വർഗ്ഗീയ രീതിയെ ഉണർത്തുവാനും, എന്റെ ഉള്ളിൽ ഉണർന്നിരിക്കുന്ന എന്റെ ലോകരീതിയെ മരിപ്പിച്ച്, ദൈവേഷ്ടം ചെയ്ത് വിജയം പ്രാപിക്കുവാൻ എന്നെ സഹായിക്കണമെ....യേശുവിൻ നാമത്തിൽ പിതാവെ,– ആമേൻ.

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. വ്യക്തമായ ദൈവവിളിയില്ലാതെ മറ്റുള്ളവർ ചെയ്യുന്നത് പോലെ ചെയ്യാനോ, മറ്റുള്ളവരെ അനുകരിക്കുവാനോ ശ്രമിക്കരുത്, ശ്രമിച്ചാൽ പരാജയം നിശ്ചയം.
2. ദൈവവിളി മനസ്സിലാക്കി ദൈവവേലയ്ക്കിറങ്ങിത്തിരിക്കുന്നവർ തങ്ങളുടെ പഴയ ലോക മനസ്സിലാണ് പ്രവർത്തിക്കുന്നതെങ്കിൽ പരാജയപ്പെടും, എന്നാൽ ക്രിസ്തുവിന്റെ മനസ്സിൽ, കാഴ്ച്ചപ്പാടിൽ പ്രവർത്തിച്ചാൽ ജയം പ്രാപിക്കും.
3. പുതുക്കാത്ത ലോക മനസ്സിൽ നാം പ്രവർത്തിക്കുന്നിടത്തോളം കാലം ഈ ലോകത്തിലെ സംഭവങ്ങളിലൂടെ പിശാച് നമ്മെ ഭയത്താൽ തടവിലാക്കും.
4. ക്രിസ്തുവിന്റെ അഥവാ ദൈവരാജ്യത്തിന്റെ കാഴ്ച്ചപ്പാടാണ് നമ്മുടെ മനസ്സിലുള്ളതെങ്കിൽ പിശാചിന് ഈ ലോക സംഭവങ്ങളിലൂടെ നമ്മെ ഭയത്തിന്റെ തടവറയിൽ അടക്കുവാൻ കഴിയുകയില്ല.
5. പുതിയതായി വീണ്ടും ജനിച്ച വ്യക്തിയുടെ ഉള്ളിൽ ആ വ്യക്തിയെ പരാജയത്തിലേക്ക് നടത്തുന്ന ലോക സിസ്റ്റവും ഉണ്ട്, ജയത്തിലേക്ക് നടത്തുന്ന ദൈവീക സിസ്റ്റവും ഉണ്ട്. എന്നാൽ ദൈവാത്മാവ് എടുത്തു തരുന്ന വചനത്തിലൂടെ ലോകരീതിയെ മരിപ്പിക്കുകയും ദൈവീക രീതിയെ ഉണർത്തുകയും ചെയ്താൽ വിജയം നിശ്ചയം.



### അദ്ധ്യായം 8

# ക്രിസ്തുവിന്റെ ആധിപത്യം മനുഷ്യനിലൂടെ ലോകത്തിൽ

"അവർ അവനെ (പിശാചിനെ) കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല." (വെളി. 12:11)

**പി**ശാചിന്റെ പ്രാഥമികലക്ഷ്യം മനസ്സിലാക്കി, അതിനെ കീഴ്പെടുത്തുവാൻ, ദൈവത്തിൽ താഴ്മയോടെ ശരണപ്പെടുന്നില്ലായെങ്കിൽ ജയകരമായ ക്രിസ്തീയ ജീവിതം നമുക്ക് കഴിയുകയില്ല. ദൈവരാജ്യത്തിന്റെ തത്വമായ വചനം കൊണ്ടുള്ള ജീവിതത്തിൽ ഏറ്റവും ആവശ്യമായ ഘടകമാണ് 'വചനം'. അതുകൊണ്ടാണ് ഒന്നാമതായി ദൈവരാജ്യത്തിന്റെ അടിസ്ഥാന ഉപമയായി വിതക്കാരന്റെ ഉപമ കർത്താവ് പറഞ്ഞിരിക്കുന്നത്. എന്നാൽ ദൈവരാജ്യത്തിന്റെ വചനം കേൾക്കുന്ന വ്യക്തികളിൽ പിശാച് പ്രാഥമികമായി അന്വേഷിക്കുന്നത് എന്താണെന്ന് നമുക്ക് നോക്കാം.

പിശാച് വരുന്നത് അറുപ്പാനും മുടിപ്പാനും വേണ്ടിയാണ്. നമ്മുടെ ഭവനങ്ങളിൽ കള്ളൻ കയറിയാൽ വിലപിടിപ്പുള്ളതൊക്കെ അവൻ കവർന്ന് എടുത്തുകൊണ്ടുപോകും. എന്നാൽ നമ്മുടെ ആത്മീയജീവിതത്തിൽ കള്ളൻ കയറിയാൽ എന്ത് വിലപിടിപ്പുള്ള വസ്തുവാണ് എടുത്തുകൊണ്ടുപോകുന്നത്? 'വചനം' കേട്ട ഉടൻ പിശാച് വന്നു എന്ന് ദൈവവചനം പറയുന്നു.

**"ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതക്കപ്പെട്ടത് എടുത്തുകളയുന്നു; ഇതത്രേ വഴിയരികെ വിതക്കപ്പെട്ടതു."**
**(മത്താ. 13:19)**

പിശാച് വന്നത് നമ്മെ അഭിനന്ദിക്കുവാനല്ല മറിച്ച് ഇപ്പോൾ നമ്മുടെ ഹൃദയത്തിൽ വിതച്ച ദൈവവചനത്തെ എടുത്തു കളയുവാനാണ്.

ദൈവവചനത്തിന്റെ മാത്രം ഒരു പ്രത്യേകത നാം മനസ്സിലാക്കണം, ഏതെങ്കിലും ഒരു വസ്തു നാം മുകളിലേക്ക് ഇട്ടാൽ അത് അല്പം മുകളിലേക്ക് പോകും എന്നാൽ അത് പോയതുപോലെ തന്നെ താഴേക്ക് തിരികെ വരും. നാം കേട്ട വചനത്തിന്റെ എല്ലാ ആലോചനകളും നമ്മുടെ ജീവിതത്തിൽ ഇതുപോലെയായിരിക്കും. അത് നമ്മുടെ ഹൃദയത്തിൽ തങ്ങി നില്ക്കാതെ പെട്ടെന്ന് മറന്ന് പോകും. പക്ഷെ ഇതിനെ താങ്ങി നിർത്തി ഉയർത്തുക എന്നുള്ളത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഈ ലോകത്തിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്ന ഏതൊരു കാര്യവും നമുക്ക് ഓർക്കുവാൻ മനഃപാഠം പഠിക്കേണ്ട കാര്യം ഇല്ല. നാം അത് ഓർക്കുക തന്നെ ചെയ്യും. എന്നാൽ ദൈവവചനം അങ്ങനെയല്ല, അത് നാം ബലം പ്രയോഗിച്ച് നിരന്തരമായ വചന ധ്യാനത്തിലൂടെ ഓർത്തിരുന്നാൽ മാത്രമെ പ്രയോജനപ്രദമാകുകയുള്ളൂ. അല്ലെങ്കിൽ പിശാച് അത് മറപ്പിച്ചു കളയും. ബലാൽക്കാരികളാണ് ദൈവരാജ്യം അവകാശമാക്കുന്നത്.

**“യോഹന്നാൻ സ്നാപകന്റെ നാൾ മുതൽ ഇന്നേ വരെ ദൈവരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു.” (മത്തായി. 11:12)**

‘എവിടെയാണീ ദൈവരാജ്യം?’

ഒരിക്കൽ പരീശന്മാർ യേശുവിനോട് ചോദിച്ചു “എപ്പോഴാണ് ദൈവരാജ്യം വരുന്നത്?” യേശു ഉത്തരം പറഞ്ഞു, “ദൈവരാജ്യം കാണത്തക്ക വിധമല്ല വരുന്നത്. ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽ തന്നെയുണ്ടല്ലോ.” (Kingdom of God is with in you, NKJV)

നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുള്ള ദൈവരാജ്യത്തെ ബലാൽക്കാരം ചെയ്യുവാനാണ് പിശാച് ശ്രമിക്കുന്നത്. അതായത് പിശാച് പലപല ഉപാധികളിലൂടെ, ഭർത്താവ് വഴിയോ, ഭാര്യ വഴിയോ, കുഞ്ഞുങ്ങൾ മുഖേനയോ, അല്ലെങ്കിൽ അയൽപ്പക്കത്തുള്ളവർ വഴിയോ, ഓഫീസിലെ യജമാനൻ വഴിയോ, കൂട്ടുവേലക്കാർ വഴിയോ, അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും വഴിയിൽ വഴക്കുണ്ടാക്കുവാൻ തക്കവണ്ണം നമ്മുടെ അടുക്കലേക്ക് വരും. ആ സമയം നാം നമ്മുടെ

നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുള്ള ദൈവരാജ്യത്തെ ബലാൽക്കാരം ചെയ്യുവാനാണ് പിശാച് ശ്രമിക്കുന്നത്.

ജഡത്തിന്റെ രീതിയനുസരിച്ച് പ്രവർത്തിക്കാനാണ് പിശാച് ആഗ്രഹിക്കുന്നത്. അങ്ങനെ നാം പ്രവർത്തിച്ചാൽ (കാഴ്ചയാൽ ജീവിച്ചാൽ) നമുക്ക് ദൈവത്തിന്റെ ജീവൻ (zoe) കുറയും. എപ്പോൾ നാം ജഡപ്രകാരം പ്രവർത്തിക്കുന്നുവോ അപ്പോൾ ദൈവത്തിന്റെ ജീവൻ (zoe) കുറയും. അതായത് ഒരു ഓട്ടയായുള്ള മൺകുടത്തിൽ നിന്നും വെള്ളം ചോരുന്നതു പോലെ തന്നെ സ്വയേ (zoe) കുറഞ്ഞുകൊണ്ടിരിക്കും. ഇതിന് വേണ്ടിയാണ് പിശാച് പല രീതിയിലൂടെ ഓരോ വിഷയങ്ങൾ നമ്മുടെ മേൽ ഉണ്ടാക്കുന്നത്. ഇവിടെ നാം ജഡപ്രകാരം തിരിച്ചടിക്കാതെ സഹിക്കുക തന്നെ ചെയ്യണം.

> സ്വയേ (zoe) ആത്മാവിലുള്ള ദൈവത്തിന്റെ ജീവൻ

> ഒരിക്കലും നാം ജഡപ്രകാരം ചിന്തിക്കുന്നവരാകരുത്. ദുഷ്ടന്റെ ചിന്തകളെ തിരിച്ചറിഞ്ഞ് വായ്ക്ക് കടിഞ്ഞാണിട്ട് കൊള്ളണം.

ഒരിക്കലും ആദത്തിന്റെ പഴയ സ്വഭാവപ്രകാരം, അതായത് പുറമെയുള്ള മനുഷ്യന്റെ സ്വഭാവപ്രകാരം (ജഡപ്രകാരം) നാം പ്രതികരിക്കരുത്. ദുഷ്ടനാണ് മുമ്പിൽ ഇരിക്കുന്നത് എങ്കിൽ നാം അത് തിരിച്ചറിഞ്ഞ് വായ്ക്ക് കടിഞ്ഞാണിട്ട് കാത്തുകൊള്ളണം. തിരിച്ച് ഒന്നും പറയരുത്, പറഞ്ഞാൽ പിശാച് ആ വാക്കുകളെ തന്റെ ആയുധമാക്കും, നാം നിശബ്ദമായിരിക്കണം.

**"നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു."**

**(സങ്കീ. 39:1)**

അപ്പോൾ പിശാചിന്റെ നോട്ടം മുഴുവൻ നമ്മുടെ ഉള്ളിലുള്ള 'വീണ്ടും ജനിക്കപ്പെട്ട പുതിയ സൃഷ്ടിയായ ആത്മാവ്' വസിക്കുന്ന ദൈവരാജ്യത്തിന്റെ മേലാണ്. അവന്റെ ഉദ്ദേശ്യം നാം ദൈവരാജ്യപ്രകാരം പ്രവർത്തിക്കരുത്, ദൈവരാജ്യം അവകാശമാക്കരുത് എന്നുള്ളതാണ്. അതിന് പിശാച് പല രീതിയിലും നമ്മുടെ ഉള്ളിലുള്ള ദൈവരാജ്യത്തെ ബലാൽക്കാരം ചെയ്യും (മത്തായി. 11:12). ആ സമയം നാം അവന്റെ ബലത്തിന് കീഴടങ്ങിയാൽ നമുക്ക് ദൈവത്തിന്റെ ജീവൻ (zoe) നഷ്ടപ്പെടാൻ തുടങ്ങും. ആ സമയം പിശാചിനെ കീഴടക്കുവാൻ കഴിയണ

മെങ്കിൽ നാം പരിശുദ്ധാത്മാവിൽ ശക്തിപ്പെട്ട് കൊണ്ട് അതിനെക്കാൾ ബലാൽക്കാരികൾ ആകണം. ദൈവവചനം പറയുകയാണ് ബലാൽക്കാരികൾ ദൈവരാജ്യത്തെ വിട്ടുകൊടുക്കാതെ അതിനെ പിടിച്ചടക്കുന്നു. അത് എങ്ങനെയാണെന്ന് തുടർന്നുള്ള അധ്യായങ്ങളിലൂടെ നാം മനസ്സിലാക്കും. അങ്ങനെ നാം ചെയ്താൽ നാം ക്രിസ്തുവിന്റെ ആധിപത്യം നമ്മിൽ നടപ്പിലാക്കാൻ തുടങ്ങുകയായി.

## ക്രിസ്തുവിന്റെ ആധിപത്യം ലോകത്തിൽ

ക്രിസ്തുവിന്റെ ആധിപത്യം എങ്ങനെ ഭൂമിയിൽ നടപ്പാക്കാം എന്നുള്ളത് തുടർന്ന് നമുക്ക് മനസ്സിലാക്കാം.

**"അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടതു: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ." (വെളി. 12:10)**

ഇവിടെ പറയുന്നത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. അപ്പോൾ തുടങ്ങുന്നതിന് മുമ്പ് ആധിപത്യം ഇല്ല, ഇപ്പോൾ തുടങ്ങിയിരിക്കുന്നു. പിശാച് സ്വർഗ്ഗ സന്നിധിയിൽ നിന്നും തള്ളപ്പെട്ടപ്പോഴാണ് ക്രിസ്തുവിന്റെ ആധിപത്യം തുടങ്ങിയത്.

പിശാച് തള്ളപ്പെടാൻ കാരണം എന്താണെന്ന് അവിടെ പറയുന്നു. ദൈവമക്കൾ പിശാചിനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും, തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; ഭൂമിയിൽ ദൈവമക്കൾ എടുത്ത ഈ വിജയമാണ് സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടാകാൻ കാരണം. അതായത് നമ്മൾ അഥവാ ***ദൈവമക്കൾ എപ്പോൾ യേശുവിന്റെ രക്തത്താലും വചനത്താലും ഭൂമിയിൽ വിജയമെടുക്കുന്നുവോ അപ്പോൾ സ്വർഗ്ഗീയ സൈന്യം (മിഖായേലും കൂട്ടരും) പിശാചിനെയും കൂട്ടരെയും തോല്പിക്കുകയും, പിശാചിന്റെ സ്ഥാനം നഷ്ടപ്പെടുകയും, ക്രിസ്തുവിന്റെ ആധി***

പത്യം ഭൂമിയിൽ തുടങ്ങുകയും ചെയ്യും.

പ്രിയ ദൈവപൈതലേ നമ്മിൽ ഓരോരുത്തരുടെയും ഉള്ളിൽ ക്രിസ്തുവിന്റെ ആധിപത്യം തുടങ്ങണം. അതിന് രക്തത്താലും തുടർന്ന് വചനത്താലും നാം പിശാചിനെ ജയിക്കണം. നമുക്ക് അറിയാവുന്ന ഒരു ജയം എന്നുള്ളത് രക്തത്താലുള്ള ജയമാണ്. ഈ മാർഗ്ഗത്തിലൂടെയാണ് നാം രക്ഷയുടെ അനുഭവത്തിൽ വന്നത്. രക്തത്താൽ ജയമെടുത്തുകൊണ്ടാണ് നാം ദൈവരാജ്യത്തിന്റെ ഉള്ളിൽ വന്നത്.

അടുത്ത ജയമെന്ന് പറയുന്നത്, സാക്ഷ്യവചനത്താലുള്ള ജയമാണ്. അതിന് വചനം വെളിപ്പെടുത്തേണ്ടതായിട്ടുണ്ട്. അത് ദൈവരാജ്യത്തിന്റെ പ്രവർത്തനരീതിയാണ്. ഇതിനെക്കുറിച്ച് നാം കൂടുതൽ മനസ്സിലാക്കാൻ പോവുകയാണ്.

## വചനം വെളിപ്പെടുന്നതിന് മുമ്പിലുള്ള തടസ്സങ്ങൾ

ഗദര ദേശത്ത് ഭൂതഗ്രസ്ഥനെ സൗഖ്യമാക്കാൻ പോകുന്നതിന് തൊട്ടുമുമ്പ്, ക്രിസ്തുവിന്റെ ആധിപത്യം സ്ഥാപിക്കപ്പെടാൻ പോകുന്നതിന് മുമ്പ്, കാറ്റും, കോളും വിഷയങ്ങളെല്ലാം ഉണ്ടായി. ഏതെങ്കിലും ആത്മീയ മർമ്മം കർത്താവ് വെളിപ്പെടുത്താൻ പോകുന്നതിന് തൊട്ടുമുമ്പ് പല തടസ്സങ്ങളും കാണും. എന്നാൽ ദൈവം ഏത് മനുഷ്യനിലൂടെയാണ് ആ പ്രവർത്തികൾ ലോകത്തിലേക്ക് ഇറക്കുവാൻ ആഗ്രഹിക്കുന്നത്, ആ മനുഷ്യൻ ഈ തടസ്സങ്ങളുടെ മുമ്പിൽ ദൈവത്തിൽ ആശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയോടെ ഉറച്ചു നിന്നാൽ ഈ തടസ്സങ്ങളെ കീഴ്പ്പെടുത്തി കർത്താവ് പ്രവർത്തിക്കുക തന്നെ ചെയ്യും. ദൈവവചനത്തിന്റെ വെളിച്ചം ദൈവം ലോകത്തിലേക്ക് അയച്ചാൽ അത് ഒരിടത്ത് മാത്രമല്ല നിൽക്കുന്നത്, അത് പല മേഖലകളിലേക്കും കടന്നുപോകും. എവിടെ അത് കടന്ന് പോകുന്നുവോ അവിടെ അതിന്റെ ദിവ്യശക്തി വെളിപ്പെടുത്തും. വചനത്തിന്റെ യഥാർത്ഥ പ്രവൃത്തി അവിടെ വെളിപ്പെടും. ക്രിസ്തുവിന്റെ നാമം അവിടെ മഹത്വപ്പെടാൻ ഇടവരും, പിശാച് പരാജയപ്പെടും. വെളിപ്പെട്ട ദൈവവചനം വളർന്നാൽ അത് ആ ദേശത്തെ കീഴടക്കുമെന്ന് പിശാചിന് നന്നായിട്ടറിയാം. അതുകൊണ്ട് പിശാച് ഏത് രീതിയിലും വചനം വെളിപ്പെടുന്നതിനെ തടയുവാൻ ശ്രമിക്കും. ദൈവവചനം പറയുന്നു, പൗലോസ്സിലൂടെ വിഗ്രഹാരാധനയുടെ കേന്ദ്രമായിരുന്ന എഫെസോസ് പട്ടണത്തിൽ 'ദൈവവചനം പരന്ന് പ്രബലപ്പെട്ടു.'

**"ഇങ്ങനെ കർത്താവിന്റെ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു." (അപ്പോ. 19:20)**

ദൈവദാസന്മാരെ, ദൈവമക്കളെ **'ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ'** പഠിപ്പിക്കുവാനായിട്ട് ദൈവമെന്നെ പല സ്ഥലങ്ങളിലും അയക്കുമ്പോൾ ഞാൻ കാണുന്ന ഒരു വസ്തുത, ആ മീറ്റിംഗിൽ വന്ന് ദൈവവചനം മനസ്സിലാക്കേണ്ട പല ദൈവദാസന്മാരെയും പിശാച് പല ഭൗതികമാർഗ്ഗങ്ങളിലൂടെയും തടയുകയും, ദൈവവചനം അവരുടെ ഹൃദയങ്ങളിൽ വീഴാതെയും, വളരാതെയുമിരിക്കാൻ പരിശ്രമിക്കുകയും, അതിൽ പിശാച് ജയിക്കുന്നു എന്നുള്ളതുമാണ്. പിശാചിന്റെ തന്ത്രങ്ങളെ മനസ്സിലാക്കാൻ ദൈവജനം ഇന്ന് ദൈവത്തിൽ ശരണപ്പെടുന്നത് വളരെ വിരളമായതിനാൽ അവരതിൽ വീഴുകയും ചെയ്യുന്നു.

ഒരിക്കൽ North India - യിൽ ഇതുപോലെ ശുശ്രൂഷയ്ക്ക് കടന്നു പോയപ്പോൾ, ആ ദിവസം നോക്കി അവിടെയുള്ള Medical College - ലെ Graduation Ceremony വയ്ക്കുകയും, ശുശ്രൂഷയ്ക്ക് കടന്നു വന്ന് ദൈവരാജ്യത്തിലെ വചനം ശ്രദ്ധിക്കേണ്ടവരിൽ അധികവും Graduation Ceremony - ക്ക് കടന്നു പോവുകയും ചെയ്തു.

മറ്റൊരു പട്ടണത്തിൽ മൂന്ന് ദിവസത്തെ ശുശ്രൂഷയ്ക്ക് കടന്നു പോയപ്പോൾ ഒന്നാം ദിവസം ബന്ദ് കൊണ്ടു വച്ചു. അതോടെ വചനം കേൾക്കേണ്ട ശുശ്രൂഷകന്മാർ വന്നില്ല. ഒന്നാം ദിവസം വരാൻ കഴിയാത്തതുകൊണ്ട്, ഇനി വന്നാൽ പ്രയോജനമുണ്ടാകില്ല എന്ന ചിന്ത അവരെ ഭരിച്ചതു കൊണ്ട്, അവർ രണ്ടാം ദിവസവും മൂന്നാം ദിവസവും വന്നില്ല. അടുത്ത പ്രാവശ്യം ഇതെ പട്ടണത്തിൽ മീറ്റിംഗിന് പോയപ്പോൾ ഞാൻ പ്രാർത്ഥിച്ചു, "കർത്താവെ ബന്ദ് ഉണ്ടാകരുതെ." ആ പ്രാവശ്യം ബന്ദ് ഉണ്ടായില്ല. പക്ഷെ ഒരു പുതിയ ശുശ്രൂഷകന്റെ Ordination - ആ ദിവസം കടന്നു വന്നു. ദൈവരാജ്യത്തിന്റെ വചനം കേൾക്കേണ്ട ശുശ്രൂഷകന്മാരെല്ലാം അങ്ങോട്ടേക്ക് കടന്നു പോയി. വീണ്ടും അടുത്ത പ്രാവശ്യം ഇതെ മേഖലയിൽ ശുശ്രൂഷവെച്ചപ്പോൾ ഒരു ദൈവദാസന്റെ വീട്ടിൽ കല്യാണം വന്നു. മറ്റൊരു സമയത്ത്, ഇതെ മീറ്റിംഗിന്റെ ഒന്നാം ദിവസം ഒരു ദൈവദാസന്റെ വീട്ടിൽ മരണം നടന്നു. ഏതു വിധേനയാണെങ്കിലും പിശാച് തന്റെ തന്ത്രങ്ങളിലൂടെ ദൈവരാജ്യത്തിന്റെ വചനങ്ങൾ ജനത്തിന്റെ പ്രത്യേകിച്ച് ദൈവദാസന്മാരുടെ ഹൃദയത്തിൽ വീഴാതിരിക്കുവാൻ വളരെ ശ്രദ്ധിക്കുന്നുവെന്ന കാര്യം

നമ്മിൽ വളരെ കുറച്ച് ആളുകൾക്കെ അറിയൂ. വചനം നമ്മുടെ ഹൃദയത്തിൽ വീണ് വളർന്നാൽ പിശാച് തോല്പ്പിക്കപ്പെടും. "അവർ അവനെ (പിശാചിനെ) കുഞ്ഞാടിന്റെ രക്തം ഹേതുവായും സക്ഷ്യവചനം ഹേതുവായും ജയിച്ചു."

ദൈവം പറയുന്നു, ഞാൻ ആയിരിക്കുന്നത് പോലെ നിങ്ങളും ആയിരിക്കുവിൻ. അതായത്, ദൈവം സ്വർഗ്ഗത്തിൽ ആയിരിക്കുന്നതുപോലെ (1 യോഹ. 4:17) നാം ഭൂമിയിൽ ആയിരിക്കണം. കാരണം നാം ഓരോരുത്തരും ദൈവത്തിന്റെ മക്കളായിരിക്കുന്നതിനാൽ ദൈവത്തെ അനുകരിക്കാനാണ് എഫേ. 5:1 ൽ വചനം പറയുന്നത്. ദൈവം തന്റെ സാഹചര്യത്തിൽ എപ്പോഴും വചനം ഉപയോഗിച്ച് പ്രവർത്തിക്കുന്നത് കാണാം. നാമും ഇതുപോലെ വചനം കൊണ്ട് (സ്വർഗ്ഗീയ അപ്പം) ജീവിക്കണം.

**"ആകയാൽ പ്രിയമക്കൾ എന്ന പോലെ ദൈവത്തെ അനുകരിപ്പിൻ." (എഫേ. 5:1)**

## ദൈവവചനം കൊണ്ടുള്ള ജീവിതം എങ്ങനെ?

മനുഷ്യൻ എങ്ങനെയാണ് അപ്പം കൊണ്ട് ജീവിക്കുന്നത്? അപ്പം കൊണ്ട് എന്നു പറയുമ്പോൾ കടയിൽ നിന്നും വാങ്ങുന്ന അപ്പം അഥവാ മറ്റു ആഹാരത്തിന്റെ കഥയല്ല, പിന്നെയോ, ദൈവവചനമാകുന്ന അപ്പം കൊണ്ട് എങ്ങനെ ജീവിക്കാം? അത് നാം മനസ്സിലാക്കി പ്രവർത്തിച്ചാൽ മാത്രമെ ക്രിസ്തുവിന്റെ ആധിപത്യം നമ്മിലൂടെ ഭൂമിയിൽ നിറവേറൂ. എല്ലാത്തിനും പ്രാർത്ഥിക്കണം, എന്നാൽ പ്രാർത്ഥിക്കാൻ വേണ്ടി മാത്രമല്ല ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത്, രാജാവ് എന്തു ചെയ്യുന്നുവോ അത് രാജകുമാരന്മാരും ചെയ്യാനാണ്. 1 പത്രോ. 2:9 ൽ പറയുന്നു, **"നാം രാജകീയ പുരോഹിതവർഗ്ഗമാണ്,"** അതായത് നാം ഒരെ സമയം രാജാക്കന്മാരും, അതുപോലെ തന്നെ പുരോഹിതന്മാരും ആണ്. പുരോഹിതൻ ദൈവത്തോട് ഇടപെടും, ദൈവത്തെ സ്തുതിക്കും, ദൈവത്തിൽ നിന്നും പ്രാപിച്ചത് മനുഷ്യർക്ക് കൊടുക്കും, മനുഷ്യന്റെ കാര്യങ്ങൾ ദൈവത്തെ അറിയിക്കും. എന്നാൽ രാജാവ് അതല്ല ചെയ്യുന്നത്, രാജാവ് കാര്യങ്ങളെ നടപ്പിലാക്കും. ഇന്ന് ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ സ്വർഗ്ഗത്തിലെ പോലെ ഭൂമിയിൽ നടക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടു മാത്രമിരിക്കേണ്ടവരല്ല നമ്മൾ, പകരം അത് നടപ്പിലാക്കേണ്ടവരാണ്. പുരോഹിതശുശ്രൂഷയിൽ പുരോഹിതൻ

പ്രാർത്ഥിക്കുമ്പോൾ ദൈവം എന്തു ആഗ്രഹിക്കുന്നുവോ അത് തന്റെ ദാസന്മാരിലൂടെ അരുളപ്പാടായി കൊടുക്കും, തുടർന്ന് തന്റെ ദാസന്മാർ രാജകീയശുശ്രൂഷയിലൂടെ അത് ഭൂമിയിൽ നടപ്പാക്കും. രാജകീയ പുരോഹിതന്മാരായ വീണ്ടും ജനിക്കപ്പെട്ടവരുടെ രാജകീയശുശ്രൂഷയുടെ ഉദ്ദേശം എന്നു പറഞ്ഞാൽ **"ദൈവത്തെ തങ്ങളിലൂടെ ഭൂമിയിലേക്ക് ഭരണം നടത്താൻ കൊണ്ട് വരികയെന്നുള്ളതാണ്."**

ദൈവവചനം കൊണ്ടുള്ള ജീവിതം സാധിക്കണമെങ്കിൽ ദൈവത്തിന്റെ വിശ്വാസം വേണം.

## വിശ്വാസത്തിന്റെ ഉയർന്ന തലം

എന്നാൽ കേവലം രക്ഷ മാത്രം കരസ്ഥമാക്കി മുന്നോട്ട് കടന്നു പോകുമ്പോൾ നമുക്ക് ദൈവവചനം കൊണ്ടുള്ള ജയ ജീവിതം സാധിക്കുകയില്ല. അതായത് ദൈവത്തിൽ ഉള്ള ഒരു വിശ്വാസം (Faith in God) കൊണ്ട് മാത്രം അത് നടക്കുകയില്ല. ദൈവത്തിലുള്ള വിശ്വാസത്തിൽ (Faith in God) നിന്നും ആരംഭിച്ച് ഉയർന്ന നിലവാരത്തിലേക്ക് കടന്നു വരുന്ന മറ്റൊരു വിശ്വാസം (Faith) ഉണ്ട്. അതാണ് ദൈവത്തിന്റെ വിശ്വാസം (Faith of God), ഇത് ഉണ്ടെങ്കിൽ മാത്രമെ ആ കാര്യം നടക്കുകയുള്ളൂ. അങ്ങനെ ഒരു വിശ്വാസം പ്രാപിക്കുന്നു എങ്കിൽ നമുക്ക് ദൈവം ആഗ്രഹിക്കുന്ന രീതിയിൽ കാലാവസ്ഥ നിയന്ത്രിക്കാം, ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ഭൂതങ്ങളെ പുറത്താക്കാം. ദൈവം ആഗ്രഹിക്കുന്ന രീതി എന്നു പറയുമ്പോൾ എല്ലാം ആരംഭിക്കേണ്ടത് ദൈവത്തിൽ നിന്നായിരിക്കണം. യാക്കോബിന്റെ ലേഖനത്തിൽ പറയുന്നു,

**"എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിൽ നിന്നും ഇറങ്ങി വരുന്നു."**
**(യാക്കോ. 1:17)**

എന്തെങ്കിലും നമ്മിൽ നിന്നും ആരംഭിച്ചാൽ അത് പരാജയത്തിന് കാരണമായിത്തീരും. വിശ്വാസത്തിന്റെ ഉയർന്ന തലമായ ദൈവത്തിന്റെ വിശ്വാസമുപയോഗിച്ച് ദൈവം ആഗ്രഹിക്കുന്ന കാര്യം നാം ഭൂമിയിൽ നിറവേറ്റണം. ദൈവത്തിന്റെ വിശ്വാസത്തെക്കുറിച്ച് തുടർന്നുള്ള അദ്ധ്യായത്തിൽ നാം വിശദമായി പഠിക്കുവാൻ ഇടയാകും.


## പ്രചോദനവും പഠിപ്പിക്കലും
## (Inspiration and Teaching)

നാം ചില വീടുകളിൽ ചെല്ലുമ്പോൾ അവിടെ നല്ല പായസം ഉണ്ടാക്കുന്ന, അല്ലെങ്കിൽ നല്ല കരിമീൻ പൊരിക്കുന്ന വാസന. ഇത് അനുഭവിച്ച് കഴിയുമ്പോൾ, ഓ! എനിക്ക് അത് ഒന്നു കിട്ടിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്ന് നാം വിചാരിക്കുകയും അതിനായി ആഗ്രഹിക്കുകയും ചെയ്യുന്നു.

അതുപോലെ കർത്താവായ യേശുവും രണ്ട് രീതിയിൽ കാര്യങ്ങളെ മനസ്സിലാക്കി തന്നിരുന്നു.

1. പ്രചോദനം (Inspiration)
2. പഠിപ്പിക്കൽ (Teaching)

ഇവിടെ വാസന ഒരു പ്രചോദനമായിരുന്നതുപോലെ കർത്താവായ യേശുവും നമുക്ക് പ്രചോദനം (Inspiration) നല്കുന്നു. രണ്ടാമതായി ഉപമകളിലൂടെയും മറ്റും പഠിപ്പിച്ചിരുന്നു (Teaching).




ഞാൻ ഒരിക്കൽ കർത്താവിനോട് ചോദിച്ചു, 'കർത്താവെ അങ്ങ് എന്തിനാ വെള്ളത്തിന്റെ മീതെ കൂടി നടന്നത്?' കർത്താവ് ഇങ്ങനെയാണ് മനസ്സിലാക്കി തന്നത്, 'മകനെ, നിങ്ങളെ ഒന്ന് പഠിപ്പിക്കാൻ വേണ്ടിയാ ഞാൻ അങ്ങനെ ചെയ്തത്.' **"ഈ ലോകത്തിന്റെ ഏത് നിയമത്തിന്റെ മുകളിലും ദൈവരാജ്യത്തിന്റെ നിയമം ഭരണം നടത്തും."**

കർത്താവ് എന്തിനാണ് അത്തിയെ കരിച്ചത്? നാം പുറത്ത് കാണുന്ന തണൽ തരുന്ന ഒരു വൃക്ഷം നമുക്ക് ഇഷ്ടപ്പെടാത്തതിനാൽ തീ ഇട്ട് കരിച്ച് കളഞ്ഞാൽ നാട്ടുകാർ എല്ലാവരും കൂടി നിങ്ങൾക്ക് ഭ്രാന്താണോ? എന്തിനാ അങ്ങനെ ചെയ്തത് എന്ന് ചോദിക്കും. എന്നാൽ കർത്താവ് ചെയ്തത് ശ്രദ്ധിക്കൂ, മർക്കോസിന്റെ സുവിശേഷത്തിൽ (മർക്കോ. 11:13-14, 22-23) അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നിട്ടു പോലും ഫല

മില്ലാത്ത, നിറയെ ഇലകൾ മാത്രമുള്ള ഒരു അത്തിയെ കർത്താവ് ശപിച്ചു, അങ്ങനെ ആ വൃക്ഷം ഉണങ്ങിപ്പോയി. ഒരു പക്ഷെ നമ്മിൽ ചിന്തിക്കുന്നവർ ചോദിക്കും, കർത്താവെ അത് അത്തിപ്പഴത്തിന്റെ കാല മല്ലായിരുന്നല്ലോ? പിന്നെ എങ്ങനെയാ ഫലം തരുന്നത്? കർത്താവെ ഇതിൽ നിന്ന് അങ്ങ് എന്ത് പഠിപ്പിക്കാനാണ് ആഗ്രഹിച്ചത്? ശിഷ്യ ന്മാർ മത്താ. 21:21 ൽ കർത്താവിനോട് പറഞ്ഞു, കർത്താവെ നീ ശപിച്ച അത്തി കരിഞ്ഞുപോയി. ഇത് കേട്ട കർത്താവിന് ഒരു അത്ഭുതവും തോന്നിയില്ല. കർത്താവിന്റെ സ്വാഭാവിക ചിന്താഗതി (Natural mindset) ആയിട്ട് ആ ചോദ്യം കടന്നുപോയി. എന്നാൽ ശിഷ്യന്മാ രുടെ സ്വാഭാവിക ചിന്താഗതി (Natural mindset) അതായിരുന്നില്ല, അതുകൊണ്ടാണ് അവർക്ക് അത്ഭുതം തോന്നിയത്, കർത്താവ് അവ രോട് പറയുന്നത്,

**"നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവർ ആയാൽ ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും."**

നമ്മൾ എന്തു ചെയ്യുമെന്നാണ് കർത്താവ് ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് അറിയാമോ? ഇവിടെ ശിഷ്യന്മാർ യേശുവിനോട് നീ ശപിച്ച അത്തി കരിഞ്ഞുപോയി എന്നു പറയുവാൻ കാരണം യേശു ചെയ്ത പ്രവർത്തി അവർക്ക് അത്ഭുതമായിത്തീർന്നു. തുടർന്ന് അത് എങ്ങ നെയെന്ന് മനസ്സിലാക്കുവാൻ യേശുവിനോട് ചോദിച്ചു, ഇപ്പോഴാണ് പഠിപ്പിക്കാനുള്ള ഏറ്റവും നല്ല സമയം. യേശു അവരെ പഠിപ്പിക്കാൻ ആരംഭിച്ചു. യേശു അവരോട് പറഞ്ഞത്.

**"നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവർ ആയാൽ ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും." (മത്താ. 21:21)**

ഈ വാക്കുകളിലൂടെ ശിഷ്യന്മാർക്ക് ബോധ്യമായി ഇത് യേശുവിന് മാത്രമല്ല അവർക്കും കഴിയുമെന്ന്. യേശു തുടർന്ന് അത് എങ്ങനെ ചെയ്യാമെന്ന് പഠിപ്പിച്ചു.

**''അതിന്നു യേശു: നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ള വരായാൽ ഈ അത്തിയോടു ചെയ്തതു നിങ്ങളും ചെയ്യും; എന്നു മാത്രമല്ല, ഈ മലയോടു: നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അതും സംഭവിക്കും എന്നു ഞാൻ സത്യമാ യിട്ടു നിങ്ങളോടു പറയുന്നു." (മത്താ. 21:21)**

ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് ആദ്യം പ്രചോദനവും, തുടർന്ന് പഠിപ്പിക്കലും യേശുവിന്റെ ഒരു രീതിയായിരുന്നു. അത്തിയുടെ ഫലമില്ലാത്ത സാഹചര്യത്തെ കർത്താവ് ഇവിടെ തന്റെ വായിലെ വാക്ക് കൊണ്ട് മാറ്റി.

നിങ്ങളുടെ സാഹചര്യം ഫലമില്ലാത്തതാണോ? എങ്കിൽ ആ സാഹചര്യത്തെ മാറ്റുക, ഫലമില്ലാത്ത ഒരു സാഹചര്യത്തിലും ദൈവപൈതൽ ആയിരിക്കുവാൻ പാടില്ല. അത് അവന്റെ സമയമായാലും അല്ലെങ്കിലും ഫലമുള്ളതാകണം. ഫലം ഇല്ല എന്നു കണ്ടാൽ ആ സാഹചര്യം മാറ്റിയേക്കണം.

ഇത് എങ്ങനെ മാറ്റും? പ്രിയ ജനമെ **ക്രിസ്തു ഇവിടെ വന്നപ്പോൾ ആധിപത്യം പുലർത്തിയതുപോലെ തന്നെ നമ്മളും ആധിപത്യം പുലർത്താനാണ് ദൈവം ആഗ്രഹിക്കുന്നത്.** എന്നാൽ നമ്മുടെ മനസ്സിലെ ചിന്ത ദൈവത്തിന്റെ മനസ്സിലെ ചിന്ത അല്ലാത്തതുകൊണ്ടും, നമ്മുടെ ചിന്തകൾ എല്ലാം ലോകത്തിന്റെ ചിന്തകളുമായി കുഴഞ്ഞ് കിടക്കുന്നതുകൊണ്ടും ദൈവം ആഗ്രഹിക്കുന്ന ആ ഉന്നത നിലവാരത്തിലേക്ക് നമുക്ക് എത്തുവാൻ കഴിയുന്നില്ല. ക്രിസ്തുവിന്റെ ആധിപത്യം ഈ ഭൂമിയിൽ പുലർത്തുവാൻ ആദ്യം നാം മനസ്സിലാക്കേണ്ടത് ആത്മലോകത്തിൽ ദൈവദൂതന്മാർ പിശാചിനോട് പടവെട്ടി ജയിക്കണം. അവർ അങ്ങനെ പടവെട്ടണമെങ്കിൽ, അതിനു മുമ്പ് നാം ദൈവമക്കൾ തങ്ങളുടെ സാക്ഷ്യവചനം കൊണ്ട് ഭൂമിയിൽ ഒരു യുദ്ധം ചെയ്യണം. അങ്ങനെ യുദ്ധം ചെയ്യുമ്പോൾ നമ്മിലൂടെ പുറപ്പെടുവിക്കുന്ന വചനത്തിന്റെ ശക്തിയെ തടയുന്ന, നമ്മുടെ തോളത്ത് കയ്യിട്ട് നടക്കുന്ന നമ്മുടെ തന്നെ ശത്രു ഉണ്ട്, അതാണ് നമ്മുടെ ഉള്ളിൽ വസിക്കുന്ന ജഡത്തിന്റെ ചിന്ത. ആ ശത്രു നമ്മുടെ ഉള്ളിലെ പിശാചിന്റെ പ്രതിനിധിയാണ്. അവനെ തകർത്താൽ മാത്രമെ നമുക്ക് ഒരു ആത്മീയ പോരാട്ടം ഫലപ്രദമായി നടത്തുവാൻ കഴിയുകയുള്ളൂ.

> ഒരു ദൈവപൈതൽ സമയത്തിലും അസമയത്തിലും ഫലമുള്ളവരാകണം. ഫലമില്ല എന്നു കണ്ടാൽ ആ സാഹചര്യം മാറ്റണം.

**"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങ**

**ളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല." (വെളി. 12:11)**

## അകത്തെ ശത്രുവിനെ തോല്പിച്ചാൽ പുറത്തെ ശത്രുവിനെയും തോല്പിക്കാം

**"ജഡത്തിന്റെ ചിന്ത ദൈവത്തോടുള്ള ശത്രുത്വം ആകുന്നു." (റോമർ. 8:7)**

നമ്മുടെ തോളിൽ കയ്യിട്ട് നടക്കുന്ന, നമ്മുടെ കൂടെയുള്ള നമ്മുടെ ജഡ ചിന്തകളെ തോല്പിച്ചെങ്കിൽ മാത്രമെ പിശാചിനോട് പോരാടി നമുക്ക് ജയിക്കാൻ കഴിയൂ. പിശാചിനോടുള്ള പോരാട്ടം ഡിഗ്രിയാണെങ്കിൽ (Degree) അതിന് മുമ്പ് വേറെ ഡിഗ്രിയുണ്ട്. പ്രീഡിഗ്രി (Pre-Degree) അതാണ് നമ്മുടെ ജഡചിന്തകളോടുള്ള പോരാട്ടം. പ്രീഡിഗ്രി കഴിയാതെ ആർക്കും ഡിഗ്രിക്ക് കയറുവാൻ കഴിയുകയില്ല. ഇതുപോലെ തന്നെ പിശാചിനോട് ജയകരമായി ആത്മീയയുദ്ധം ചെയ്യണമെങ്കിൽ അതിന് മുമ്പ് നമ്മിൽ തന്നെയുള്ള (ജഡചിന്ത) ശത്രുവിനെ പരാജയപ്പെടുത്തിയിട്ട് വേണം നാം അടുത്ത പടിയിലേക്ക് കടക്കുവാൻ. അല്ലായെങ്കിൽ പേരിന് ആത്മീയയുദ്ധം ചെയ്യുന്നു എന്ന് പറയാം, പക്ഷേ നാം ജയം പ്രാപിക്കുകയില്ല. നമ്മുടെ ജഡത്തിൽ വസിക്കുന്ന ഈ തിന്മയെക്കുറിച്ചാണ് റോമർ 7 ൽ പൗലോസ് പറയുന്നത്.

***"അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഞാൻ നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ ആഗ്രഹിക്കുന്ന നന്മയല്ല, തിന്മയാണ് പ്രവർത്തിക്കുന്നത് എങ്കിൽ എന്നിൽ തിന്മ വസിക്കുന്നു എന്ന് ഞാൻ അറിയുന്നു." (റോമർ. 7:14-24)***

തിന്മ ഒരു സ്ഥിരമായ വിലാസം എടുത്തിട്ട് ദൈവപൈതലിനോടുകൂടെ, അതായത് അവന്റെ ശത്രു (ജഡചിന്ത) അവനോടു കൂടെ തന്നെ വസിക്കുന്നു. ഒരു ദൈവപൈതൽ നന്മ ചെയ്യാൻ ആഗ്രിക്കുന്നു, സുവിശേഷം അറിയിക്കുവാൻ, ഭൂതങ്ങളെ പുറത്താക്കുവാൻ, രോഗികളെ സൗഖ്യമാക്കുവാൻ, ദൈവേഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നു. പക്ഷേ കൂടെയുള്ളവൻ (ജഡത്തിന്റെ ചിന്തയായ ശത്രു) ഇതിനൊന്നും സമ്മതിക്കാതെ എതിരാഗ്രഹിക്കുന്നു. ദൈവപൈതൽ പിശാചിനെ കീഴടക്കുവാൻ, അവന്റെ പ്രവർത്തികളെ അഴിക്കുവാൻ, ദൈവേഷ്ടം ചെയ്യു

വാൻ ആഗ്രഹിക്കുന്നുവെങ്കിലും കൂടെയുള്ള ജഡചിന്ത അതിനോടെ തിർക്കുന്നു, സമ്മതിക്കുകയില്ല എന്നു പറഞ്ഞ് അതിന് എതിരാഗ്രഹിക്കുന്നു.

അതിനാൽ ആദ്യം നമ്മിലൂടെ ലോകത്തെ ഭരിക്കുവാൻ പിശാച് ഉപയോഗിക്കുന്ന നമ്മുടെ ജഡീക ചിന്തകളെ വചനത്തിന്റെ ചിന്തകളാൽ (ആത്മാവാൽ) പിടിച്ച് കെട്ടണം *(2 കൊരി. 10:3-4).* ഈ സമയത്തെല്ലാം നാം ദൈവത്തിന് കീഴടങ്ങിക്കൊണ്ട് പിശാചിനോട് എതിർത്ത് നില്ക്കുകയാണ് *(യാക്കൊ. 4:7).* ഇതത്രെ ആത്മീയ യുദ്ധത്തിന്റെ ആദ്യ ഭാഗം. യുദ്ധത്തിന്റെ രണ്ടാം ഭാഗത്തിൽ ദൈവത്തോടുള്ള നമ്മുടെ അനുസരണം പൂർണ്ണമാവുകയാണ്. തുടർന്ന് നമ്മിലൂടെ പിശാചിന് ഭൂമി ഭരിക്കാൻ കഴിയാതെയാകുകയും, ദൈവത്തിന്റെ ന്യായവിധിയിൽ പിശാച് അകപ്പെടുകയും ചെയ്യും *(2 കൊരി. 10:5).* [ദൈവം അനുവദിക്കുന്നു എങ്കിൽ തുടർന്നിറങ്ങുന്ന **"മറയപ്പെട്ട സഭയുടെ ഉദ്ദേശം"** എന്ന പുസ്തകത്തിൽ ഇതിന്റെ ആഴങ്ങൾ രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.]

**"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി, മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും ആയ മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു. അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടതു: ഇപ്പോൾ നമ്മുടെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞല്ലോ. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല." (വെളി. 12:7-11)**

ശ്രദ്ധിക്കുക, അതിന്റെ 10-ാം വാക്യം പറയുന്നു, പിന്നെ സ്വർഗ്ഗത്തിൽ ഒരു യുദ്ധം ഉണ്ടായി, അതെ തുടർന്ന് ക്രിസ്തുവിന്റെ രക്ഷയും ശക്തിയും ആധിപത്യവും ഭൂമിയിൽ ആരംഭിച്ചു. എപ്പോഴാണോ

നമ്മുടെ ജീവിതത്തിൽ ഇതുപോലെ ക്രിസ്തുവിന്റെ ആധിപത്യം തുടങ്ങുന്നത് അപ്പോൾ മാത്രമെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഹിതം നമുക്ക് ഭൂമിയിൽ നിറവേറ്റുവാൻ കഴിയുകയുള്ളൂ.

ഭൂമിയിൽ ക്രിസ്തുവിന്റെ ആധിപത്യം തുടങ്ങുന്നതിന് മുമ്പ് സ്വർഗ്ഗത്തിൽ ഒരു യുദ്ധം ഉണ്ടായി. പിശാചല്ല ഇവിടെ യുദ്ധം തുടങ്ങിയത്, മീഖായേൽ ആണ് യുദ്ധം ആരംഭിച്ചത്. ദൈവത്തിന്റെ പ്രധാന ദൂതനായ മീഖായേൽ മോശയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് വാദിക്കുമ്പോൾ പിശാചിനെതിരെ ഒരു ദൂഷണവിധിപോലും ഉച്ചരിക്കാൻ തുനിയാത്ത മീഖായേൽ ആണ് ഇപ്പോൾ പിശാചിനെതിരെ യുദ്ധം ആരംഭിച്ചത് (യൂദാ 1:19). അതിന്റെ കാരണം എന്ത്? വെളി. 12:11 ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഭൂമിയിൽ ദൈവമക്കൾ പിശാചിനെ ജയിക്കുമ്പോഴാണ് ആത്മലോകത്തിൽ യുദ്ധം ഉണ്ടാകുന്നത്. ഭൂമിയിൽ നമ്മൾ പിശാചിനെ ജയിക്കാത്തിടത്തോളം കാലം ആത്മലോകത്തിൽ നമുക്ക് വേണ്ടി യുദ്ധം ഇല്ല. എന്നാൽ ആത്മലോകത്തിലെ വിജയമാണ് തുടർന്ന് ഭൗതിക ലോകത്തിലെ വിജയത്തിന് കാരണം, മറ്റൊരു രീതിയിൽ ക്രിസ്തുവിന്റെ ആധിപത്യം ഭൂമിയിൽ സ്ഥാപിക്കപ്പെടാൻ കാരണം. നിങ്ങൾക്ക് ഇപ്പോൾ ഒരു ചോദ്യമുണ്ടാകാം..

**പിശാചിനെ ജയിച്ച് ക്രിസ്തുവിന്റെ ആധിപത്യം ലോകത്തിൽ സ്ഥാപിക്കുന്നതിന്റെ ക്രമം**

ആദ്യം കുഞ്ഞാടിന്റെ രക്തം കൊണ്ടും വചനം കൊണ്ടും ജയം,

തുടർന്ന് (or) ആത്മമണ്ഡലത്തിൽ യുദ്ധം

അതെ തുടർന്ന് (or) ഭൗതികലോകത്തിൽ ജയം (ക്രിസ്തുവിന്റെ ആധിപത്യം ലോകത്തിൽ).

എങ്ങനെയാണ് നാം പിശാചിനെ ജയിക്കുന്നത്?

അതിന്റെ ക്രമം ഇങ്ങനെയാണ്,

ആദ്യം കുഞ്ഞാടിന്റെ രക്തം കൊണ്ടും വചനം കൊണ്ടും ജയം

തുടർന്ന് (or) ആത്മമണ്ഡലത്തിൽ യുദ്ധം

അതെതുടർന്ന് (or) ഭൗതികലോകത്തിൽ ജയം (ക്രിസ്തുവിന്റെ ആധിപത്യം ലോകത്തിൽ).

**"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല." (വെളി. 12:11)**

ശ്രദ്ധിക്കുക ഇവിടെ രണ്ട് രീതിയിൽ പിശാചിനെ ജയിച്ചു എന്നു പറയുന്നു.

1. ***അവർ, ദൈവമക്കൾ പിശാചിനെ കുഞ്ഞാടിന്റെ രക്തം മുഖേനയും***
2. ***തങ്ങളുടെ സാക്ഷ്യവചനം മുഖേനയും ജയിച്ചു.***

പല വിശ്വാസികൾക്കും അറിയാവുന്ന സാക്ഷ്യവചനം, 'കഴിഞ്ഞ ആഴ്ച മുഴുവൻ ദൈവം എന്നെ വിശ്വസ്തതയോടെ കാത്തു പരിപാലിച്ചതിനാൽ അതോർത്ത് നന്ദി പറയുകയാണ്.' എന്നാൽ പ്രിയ ദൈവ പൈതലേ, ഈ സാക്ഷ്യം നാം പറഞ്ഞാലും ഇല്ലെങ്കിലും ദൈവം വിശ്വസ്തനാണ്, നമ്മൾ മനുഷ്യർക്ക് അത് മനസ്സിലായില്ലന്നേയുള്ളൂ. അതിനാൽ ആ സാക്ഷ്യവും ഇവിടെ വചനത്തിൽ പറഞ്ഞിട്ടുള്ള സാക്ഷ്യവചനവുമായി യാതൊരു ബന്ധവുമില്ല. ഈ സാക്ഷ്യം ലോക പ്രകാരമുള്ള അപ്പം കൊണ്ട് ഒരുവൻ എങ്ങനെ ജീവിക്കുന്നു എന്നല്ല പകരം ദൈവവചനമാകുന്ന അപ്പം കൊണ്ട് ജീവിക്കുന്നതെങ്ങനെയാണ് കാണിക്കുന്നത്. അതായത് **നമ്മുടെ ജീവിത രീതി എന്നു പറയുന്നത് നമ്മുടെ പിതാവിന്റെ ജീവിത രീതിയാണ്.** അവിടെ പിതാവ് (എഫേ. 5:1) പറയുകയാണ് **"ആകയാൽ പ്രിയമക്കൾ എന്ന പോലെ എന്നെ അനുകരിക്കുവിൻ."** അപ്പോൾ നമ്മൾ പ്രിയമക്കൾ ആണ്. **"ആകയാൽ പ്രിയമക്കൾ എന്നപോലെ ഞാൻ എന്തു ചെയ്യുന്നുവോ അത് നിങ്ങളും ചെയ്യുവിൻ."**

ഭൂമിയിൽ ജനിപ്പിച്ച പിതാവിനെ അനുകരിപ്പിൻ എന്നല്ല ദൈവവചനം പറയുന്നത്, പകരം ദൈവം പറയുകയാണ് ഞാനാണ് നിങ്ങളെ ജനിപ്പിച്ചത് നിങ്ങൾ എന്നെ അനുകരിപ്പിൻ.

**"കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ, നിങ്ങൾ**

**വീണ്ടും ജനിച്ചിരിക്കുന്നു." (1 പത്രോ. 1:23)**

നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ ഭൂമിയിൽ, ശരീരത്തിൽ ജനിപ്പിച്ചു, എന്നാൽ ആ ശരീരം വെറും പുറം കുപ്പായമാണ്. ആ പുറം കുപ്പായം (മനുഷ്യശരീരം) കുറച്ച് സമയത്തേക്കേയുള്ളൂ. അത് കഴിയുമ്പോൾ ആ പുറം കുപ്പായം പോകും. നമ്മുടെ പിതാവ് നമ്മോട് പറയുകയാണ്, നാം ആ ഉടുപ്പല്ല (ശരീരം) നമ്മുടെ ഉള്ളിൽ ഒരു ആത്മ മനുഷ്യനുണ്ട് അവൻ ദൈവത്താൽ ജനിക്കപ്പെട്ടിരിക്കുന്നു. അവൻ ജനിച്ചത് രക്തത്താലോ, പുരുഷന്റെയോ, ജഡത്തിന്റെയോ ഇഷ്ടപ്രകാരമോ അല്ല ദൈവത്തിൽ നിന്നുമത്രേ ജനിച്ചത്.

**"അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്." (യോഹ. 1:13)**

വെളിപ്പാട് പുസ്തകം 12:7-11 വരെയുള്ള വാക്യങ്ങളിൽ, ഈ ദൈവ ജനം പിശാചിനെ യേശുവിന്റെ രക്തത്താലും സാക്ഷ്യവചനം മുഖേനയും ജയിച്ചപ്പോൾ അതിന്റെ പ്രതിഫലനം ആത്മീയലോകത്തിൽ ഉണ്ടായി. ആത്മലോകത്തിലെ യുദ്ധത്തിൽ പിശാച് തോറ്റുപോവുകയും അവനെ സ്വർഗ്ഗത്തിൽ നിന്ന് തള്ളിക്കളയുകയും ചെയ്തതോടുകൂടെ ക്രിസ്തുവിന്റെ ആധിപത്യം ഭൂമിയിൽ തുടങ്ങി. അങ്ങനെ ക്രിസ്തുവിന്റെ ആധിപത്യം നാം എല്ലാവരും ആഗ്രഹിക്കുന്നു. ഈ ആഗ്രഹം നിവർത്തിക്കുവാൻ ആദ്യം പരിജ്ഞാനം (Knowledge) നമുക്കാവശ്യമാണ്. അല്ലെങ്കിൽ നാം നശിച്ച് പോകും.

**"പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു." (ഹോശ. 4:6)**

ജ്ഞാനം (Wisdom) നമ്മുടെ ജീവിതത്തിലൂടെ പ്രായോഗിക തലത്തിൽ വന്ന് കഴിയുമ്പോൾ മാത്രമെ ക്രിസ്തുവിന്റെ ആധിപത്യം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും നിറവേറ്റുവാൻ നമുക്ക് കഴിയുകയുള്ളൂ. ***നമ്മുടെ സ്വരത്തിന്റെ കൂടുതൽ കൊണ്ട് ആത്മലോകത്തിൽ ഒരു ചലനവും ഉണ്ടാകയില്ല. വചനപ്രകാരം നാം മുമ്പോട്ട് പോകുന്നെങ്കിൽ മാത്രമെ ആത്മലോകത്തെ ചലിപ്പിക്കുവാൻ കഴിയുകയുള്ളൂ. ആത്മലോകം എപ്പോൾ ചലിപ്പിക്കുന്നുവോ അപ്പോൾ അതിന്റെ പ്രതിഫലനം ഭൂമിയിൽ***

കണ്ടിരിക്കും.

ദൈവമക്കളെ, നമ്മെപ്പോലെ അനുഗ്രഹീതർ വേറെ ആരും ഇല്ല. പ്രാർത്ഥനാ മുറികളിൽ മുട്ടിന്മേൽ ഇരുന്ന് വായ്കൊണ്ട് ലോകത്തെ തിരിക്കാൻ അധികാരം ലഭിച്ചവരാണ് നാം ഓരോരുത്തരും. വെളിപ്പാട് 12-ാം അദ്ധ്യായത്തിൽ ദൈവരാജ്യത്തിലൂടെ ക്രിസ്തുവിന്റെ ആധിപത്യം ഭൂമിയിൽ നടക്കുകയാണെന്ന് ദൈവവചനം പറയുന്നു. കാരണം പിന്നെ ഇവിടെ പ്രവർത്തിക്കുന്നത് ഈ സഹോദരങ്ങളല്ല, മറിച്ച് ഈ സഹോദരങ്ങളിലൂടെ ക്രിസ്തു പ്രവർത്തിക്കുകയാണ്.

പ്രാർത്ഥനാ മുറികളിൽ മുട്ടിന്മേൽ ഇരുന്ന് വായ്കൊണ്ട് ലോകത്തെ തിരിക്കാൻ അധികാരം ലഭിച്ചവരാണ് നാം ഓരോരുത്തരും.

**"സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴിൽ ചതച്ചു കളയും." (റോമർ 16:20)**

ദൈവവചനം കൊണ്ടുള്ള ജീവിതത്തിലൂടെ ക്രിസ്തുവിന്റെ ആധിപത്യം നമുക്ക് ഭൂമിയിൽ സ്ഥാപിക്കാൻ കഴിയും. വചനം കൊണ്ടുള്ള ജീവിതം എങ്ങനെയെന്ന് തുടർന്നുള്ള അധ്യായങ്ങളിലൂടെ കൂടുതലായി മനസ്സിലാക്കാം.

## പ്രാർത്ഥന



*സ്വർഗ്ഗീയ പിതാവേ, യേശുക്രിസ്തുവിന്റെ രക്തത്താലും, എന്റെ വായിൽ നിന്നുള്ള സാക്ഷ്യവചനത്താലും പിശാചിനെ തോല്പ്പിക്കാൻ പഠിപ്പിച്ചതിനായി നന്ദി. എന്നിൽ വസിക്കുന്ന ജഡചിന്തകളെ ദൈവാത്മാവാൽ മരിപ്പിച്ച് പിശാചിന്റെ മേൽ ജയമെടുത്ത് ക്രിസ്തുവിന്റെ ആധിപത്യം എന്നിലൂടെ ലോകത്തിൽ സ്ഥാപിക്കപ്പെടുവാൻ എന്നെ സഹായിക്കണമേ.....യേശുവിൻ നാമത്തിൽ പിതാവേ,- ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഒരിക്കലും ആദത്തിന്റെ പഴയ സ്വഭാവപ്രകാരം, അതായത് പുറമെയുള്ള മനുഷ്യന്റെ സ്വഭാവപ്രകാരം (ജഡപ്രകാരം) നാം പ്രതികരിക്കരുത്. ദുഷ്ടനാണ് നമ്മുടെ മുമ്പിൽ ഇരിക്കുന്നത് എങ്കിൽ നാം അത് തിരിച്ചറിഞ്ഞ് വായ്ക്ക് കടിഞ്ഞാണിട്ട് കൊള്ളണം.
2. നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുള്ള ദൈവരാജ്യത്തെ ബലാൽക്കാരം ചെയ്യുവാനാണ് പിശാച് ശ്രമിക്കുന്നത്.
3. നിങ്ങളുടെ സാഹചര്യം ഫലമില്ലാത്തതാണോ? എങ്കിൽ ആ സാഹചര്യത്തെ മാറ്റുക. ഫലമില്ലാത്ത ഒരു സാഹചര്യത്തിലും ദൈവ പൈതൽ ആയിരിക്കുവാൻ പാടില്ല. അത് അവന്റെ സമയമായാലും അല്ലെങ്കിലും ഫലമുള്ളതാകണം. ഫലം ഇല്ല എന്നു കണ്ടാൽ ആ സാഹചര്യം മാറ്റിയേക്കണം.
4. ഈ ലോകത്തിന്റെ ഏത് നിയമത്തിന്റെ മുകളിലും ദൈവരാജ്യത്തിന്റെ നിയമം ഭരണം നടത്തും.
5. അകത്തെ ശത്രുവിനെ (ജഡചിന്തകളെ) തോല്പിച്ചാൽ തുടർന്ന് പുറത്തെ ശത്രുവിനെയും (പിശാചിനെ) തോല്പിക്കാം.
6. നമ്മുടെ സ്വരത്തിന്റെ കൂടുതൽ കൊണ്ട് ആത്മലോകത്തിൽ ഒരു ചലനവും ഉണ്ടാകില്ല. വചനപ്രകാരം നാം മുമ്പോട്ട് പോകുന്നുവെങ്കിൽ മാത്രമെ ആത്മലോകത്തെ ചലിപ്പിക്കുവാൻ കഴിയുകയുള്ളൂ. ആത്മലോകം എപ്പോൾ ചലിക്കുന്നുവോ അപ്പോൾ അതിന്റെ പ്രതിഫലനം ഭൂമിയിൽ കണ്ടിരിക്കും.
7. പ്രാർത്ഥനാ മുറികളിൽ മുട്ടിന്മേൽ ഇരുന്ന് വായ്കൊണ്ട് ലോകത്തെ തിരിക്കുവാൻ അധികാരം ലഭിച്ചവരാണ് നാം ഓരോരുത്തരും.



## അദ്ധ്യായം 9

# ദൈവരാജ്യത്തിന്റെ പ്രവർത്തന തത്വം

"ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചും കൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതു പോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മർക്കോ.11:23)

ഒരു തത്വം **(Principle)** എല്ലായിപ്പോഴും ഒരേ രീതിയിൽ പ്രവർത്തിക്കുന്നതാണ്. ഉദാഹരണമായി നമ്മുടെ വീടുകളിലെല്ലാം ആദ്യകാലങ്ങളിൽ കപ്പിയും, കയറും, ബക്കറ്റും ഉപയോഗിച്ച് കിണറിൽ നിന്ന് വളരെ പ്രയാസത്തോടെ വെള്ളം കോരുകയായിരുന്നു. എന്നാൽ പമ്പുസെറ്റിന്റെ തത്വം കണ്ടുപിടിച്ചതോടെ വെള്ളം പമ്പ് ചെയ്യുന്ന പമ്പുസെറ്റുകൾ നമ്മുടെ വീട്ടിലേക്കു വരുകയും, തുടർന്ന് കപ്പിയും കയറും എന്ന സംവിധാനം മാറുകയും ചെയ്തു. പമ്പുസെറ്റ് പ്രവർത്തിക്കുന്നത് ഒരു തത്വം ഉപയോഗിച്ചാണ്. പമ്പുസെറ്റിന്റെ ശരിയായ തത്വത്തിൽ അതിനെ ആരു പ്രവർത്തിപ്പിച്ചാലും, കൊച്ചുകുട്ടിയായാലും, മുതിർന്നവരായാലും പമ്പുസെറ്റ് പ്രവർത്തിക്കും. ഇതിന്റെ അർത്ഥം ഒരു തത്വം ശരിയായി ഉയോഗിച്ചാൽ എല്ലായിപ്പോഴും ഒരേ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. മറ്റൊരു ഉദാഹരണം - വിമാനം ഉയരത്തിൽ പറക്കുന്നത് ബർണ്ണോലിയസ്സ് പ്രിൻസിപ്പൾ എന്ന തത്വം ഉപയോഗിച്ചാണ്. ആ തത്വം ഇന്ത്യാക്കാരുപയോഗിച്ചാലും, ചൈനയോ, അമേരിക്കയോ മറ്റൊരു രാജ്യം ഉപയോഗിച്ചാലും അവർക്കും വിമാനം പറപ്പിക്കാൻ കഴിയും.

> ഒരു തത്വം ശരിയായി ഉയോഗിച്ചാൽ എല്ലായിപ്പോഴും ഒരെ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും.

ഒരു Aerotic Engineering College ൽ പഠിക്കാൻ പോയാൽ ആദ്യം വിമാനം പറത്താനോ, ഉണ്ടാക്കാനോ, കേടുപാടുകൾ തീർക്കാനോ അല്ല പഠിപ്പിക്കുന്നത്. പകരം വിമാനം പ്രവർത്തിക്കുന്നതിന്റെ തത്വം വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊടുക്കും. ഇതുപോലെ പാപികളെ രക്ഷിച്ചു ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുവാൻ കടന്നു വന്ന യേശുവിന്റെ ശുശ്രൂഷയുടെ ആദ്യം മുതൽ അവസാനം വരെയുള്ള പ്രസംഗം ദൈവരാജ്യമായിരുന്നു (മത്തായി. 4:17, 12:28, അപ്പ. പ്രവ. 1:2-3). അപ്പോൾ തന്നെ തന്റെ ആദ്യത്തെ അടയാളവും ദൈവരാജ്യത്തിന്റെ ഭൂമിയിലെ തത്വമായിരുന്നു.

***അത്ഭുതവും, അടയാളവും തമ്മിലുള്ള പ്രധാന വ്യത്യാസം 'അത്ഭുതം' ഭൂമിയിലെ ജനത്തെ വിസ്മയിപ്പിക്കുന്ന ഒരു (Supernatural) പ്രകൃത്യാതീതമായ സംഭവമാകുമ്പോൾ, 'അടയാളം' ഒരു ആത്മീയ സന്ദേശം കൂടിയാണ്.*** ഈ അത്ഭുതത്തിന് പിന്നിൽ സ്വർഗ്ഗീയമായ ഒരു അർത്ഥമുണ്ട്. ഈ ഭൂമിയിലെ ഓരോ അടയാളങ്ങൾക്കു പുറകിലും ഈ ഭൂമിയിലെ തന്നെ മറ്റൊരു അർത്ഥമുണ്ട്. ഉദാഹരണമായി ഒളിംപിക്സ് ഗെയിമിൽ പല രാജ്യങ്ങളുടെ കൊടി അണി നിരക്കുന്നത് കാണാം. ഓരോ കൊടിയും ഓരോ അടയാളമാണ്. ആ കൊടി നോക്കിയാൽ അറിയാം അത് ഏത് രാജ്യത്തെയാണ് പ്രതിനിധീകരിക്കുന്നതെന്ന്. അതുപോലെ ഒരു കാറിന്റെ മുമ്പിലെ അടയാളം (Emblem) കണ്ടാൽ അറിയാം അത് ഏത് കമ്പനിയുടെ കാറാണെന്ന്. ഇതുപോലെ എല്ലാ അടയാളങ്ങളുടെയും പിന്നിലും ഒരു സന്ദേശമുണ്ട്, അത് ഭൗതികമായതോ, സർഗ്ഗീയമായതോ ആയിരിക്കാം.

## യേശു ചെയ്ത ഒന്നാമത്തെ അടയാളം (അത്ഭുതം)

കാനാവിലെ വിവാഹ വീട്ടിലാണ് യേശു തന്റെ ആദ്യത്തെ അത്ഭുതം ചെയ്തതെന്ന് ദൈവവചനം പറയുന്നു. ഈ അത്ഭുതത്തെ ഒരു അടയാളമായാണ് ബൈബിൾ കാണിക്കുന്നത്.

> **"യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി."**
> **(യോഹ. 2:11)**



പലരും ഇതിനെ പല രീതിയിൽ വ്യാഖ്യാനിക്കുന്നുണ്ട്. പക്ഷെ ദൈവത്തിന്റെ ആത്മാവ് എനിക്കിത് വെളിപ്പെടുത്തി തന്നത്, ദൈവ രാജ്യത്തിന്റെ നായകൻ ശരീരത്തിൽ ഈ ഭൂമിയിലേക്ക് വന്നപ്പോൾ ചെയ്ത ആദ്യത്തെ അടയാളം ദൈവരാജ്യത്തിന്റെ പ്രവർത്തന രീതി (Working principle) വെളിപ്പെടുത്തുന്നതായിരുന്നു. മറ്റൊരു രീതി യിൽ പറഞ്ഞാൽ ദൈവരാജ്യം ഭൂമിയിൽ മനുഷ്യരിലൂടെ എങ്ങനെ പ്രവർത്തിക്കണം എന്നതായിരുന്നു. ബൈബിൾ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു.

**“മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടാ യി; യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിനു ക്ഷണിച്ചിരുന്നു. വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നു പറഞ്ഞു. യേശു അവളോടു: സ്ത്രീയെ എനിക്കും നിനക്കും തമ്മിൽ എന്തു? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷ ക്കാരോടു: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവിൻ എന്നു പറഞ്ഞു. അവിടെ യെഹൂദന്മാരുടെ ശുദ്ധീക രണ നിയമം അനുസരിച്ചു രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കല്പ്പാത്രങ്ങൾ ഉണ്ടായിരുന്നു. യേശു അവരോടു ഈ കല്പ്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്നു പറഞ്ഞു: അവർ വക്കോളവും നിറച്ചു. ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു അവൻ പറഞ്ഞു: അവർ കൊണ്ടുപോയി കൊടുത്തു. അത് എവിടെ നിന്നു എന്നു വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചിച്ചുനോക്കിയാറെ മണവാളനെ വിളിച്ചു: എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരിപിടിച്ച ശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ടു: നീ നല്ല വീഞ്ഞു ഇതു വരെയും സൂക്ഷിച്ചു വച്ചുവല്ലോ എന്നു അവ നോടു പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലായിലെ കാനാവിൽ വച്ചു ചെയ്തു തന്റെ മഹത്വം വെളി പ്പെടുത്തി: അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.”**

**(യോഹ. 2:1–11)**



യെഹൂദന്മാരുടെ ആഘോഷവേളകളിൽ വീഞ്ഞു വിളമ്പുക എന്നത്

അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അത് അവരുടെ ഒരു സന്തോഷമാണ്. ഇവിടെ ഈ വിവാഹ വീട്ടിലും പതിവു പോലെ വീഞ്ഞു വിളമ്പി. പക്ഷെ വീഞ്ഞു തീർന്നുപോയി. അതു വലിയ അപമാനത്തിന്റെ അവസ്ഥയാണ്. എന്നാൽ ഈ അപമാനത്തിൽ നിന്ന്, കുറവിൽ നിന്ന്, സന്തോഷമില്ലായ്മയുടെ അവസ്ഥയിൽ നിന്നും യേശു ദൈവരാജ്യത്തിന്റെ തത്വം ഉപയോഗിച്ച് അവരെ, ആ കുടുംബത്തെ രക്ഷിക്കുകയാണ്. ഈയൊരു തത്വം നാം മനസ്സിലാക്കിയാൽ നമുക്കും ജീവിതത്തിലെ കുറവുകളുടെ, അപമാനത്തിന്റെ, സന്തോഷമില്ലായ്മയുടെ, സമാധാനമില്ലായ്മയുടെ, രോഗത്തിന്റെ, ദാരിദ്ര്യത്തിന്റെ, കടബാധ്യതയുടെ, കുടുംബ തകർച്ചയുടെ, ആത്മീയ ബലഹീനതയുടെ, ഭയത്തിന്റെ, മറവിയുടെ, ജീവിതത്തിലെ മറ്റുള്ള ബലഹീന അവസ്ഥയിൽ നിന്നു വിടുതൽ പ്രാപിച്ച് ദൈവീക ജ്ഞാനം പ്രാപിച്ച് ദൈവേഷ്ടം ഭൂമിയിൽ ചെയ്യുവാൻ കഴിയും. ഈ ഭൗതിക സംഭവത്തിൽ ഒളിഞ്ഞു കിടക്കുന്ന സ്വർഗ്ഗീയ തത്വം എങ്ങനെയെന്ന് തുടർന്ന് മനസ്സിലാക്കാം.

## മറിയയുടെ നല്ല മാതൃക

**മറിയ യേശുവിലേക്കുള്ള ചൂണ്ടു പലക:-**

യേശുവിന്റെ അമ്മ മറിയയ്ക്ക് ആ വിവാഹ വീടുമായി നല്ല ബന്ധമുണ്ടെന്ന് ഈ സംഭവം വായിക്കുമ്പോൾ നമുക്കു മനസ്സിലാകും. ശുശ്രൂഷക്കാർ വീഞ്ഞിന്റെ ഇല്ലായ്മ മറിയയെ അറിയിച്ചു. ***മറിയ താഴ്മയുള്ളതും, നമുക്കെല്ലാം മാതൃകയായതുമായ ബൈബിളിലെ ദൈവത്തിന്റെ കൃപയ്ക്കു പാത്രമായ ഒരു നല്ല സ്ത്രീയാണ്. മറിയയ്ക്കറിയാം തന്റെ മകൻ ലോകരക്ഷിതാവാണെന്ന്.*** അവൻ അത്യുന്നതന്റെ പുത്രനാണെന്ന്. നസ്രത്തിൽ വച്ച് ദൂതൻ തന്നോടു പറഞ്ഞ വാക്കുകൾ താൻ ഹൃദയത്തിൽ സംഗ്രഹിച്ചിട്ടുണ്ട്.

**"ദൂതൻ അവളോടു: മറിയയേ ഭയപ്പെടേണ്ട; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താ**

**വായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു. " (ലൂക്കോസ്. 1:30-33)**

അതുകൊണ്ട് മറിയ തന്റെ അടുക്കൽ വന്ന യഹൂദരെ യേശുവിന്റെ അടുക്കലേക്കു പോകുവാനുള്ള വഴികാട്ടിയായി തീർന്നു.

**"അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ എന്നു പറഞ്ഞു." (യോഹ.2:5)**

മറിയ ചൂണ്ടുപലകയായിത്തീർന്ന വഴിയിലൂടെ ശുശ്രൂഷകന്മാർ യേശുവിന്റെയടുക്കൽ ചെന്നു. തുടർന്ന് ആ കുടുംബത്തിന്റെ കുറവ്, അപമാനം, അസമാധാനം, അസന്തോഷം, എല്ലാം നികത്തപ്പെട്ടു. ***മറിയയെപ്പോലെ നമ്മിൽ പലരും മനസ്സിലാക്കണം, 'നാമല്ല പരിഹാരകൻ യേശുവാണെന്ന്'. നമ്മുടെ അടുക്കൽ വരുന്നവരെ നാം മറിയയെപ്പോലെ യേശുവിന്റെ അടുക്കലേക്കു നടത്തണം.***

## മറിയ മനസ്സിലാക്കിയ ഒന്നാമത്തെ സത്യം

### "യേശു മാത്രമാണ് രക്ഷകൻ മറ്റാരുമല്ല"

ജനത്തെ യേശുവിങ്കലേക്കു നടത്തണം. സ്നേഹനിധിയായ അമ്മയെപ്പോലെയായിരുന്നു യേശുവിന്റെ അമ്മ മറിയയും. താൻ സ്നേഹിക്കുന്ന വിവാഹ വീട്ടിലെ സഹോദരങ്ങൾക്ക് വന്ന ഈ അപമാനം മറിയയ്ക്കു സഹിക്കാൻ കഴിഞ്ഞില്ല. തന്റെ മകൻ പരിഹാരകനാണെന്നു മറിയക്കറിയാമായിരുന്നു. താൻ ഉടനെ യേശുവിന്റെയടുക്കൽ വിവരം അറിയിച്ചു. പക്ഷെ യേശുവിന്റെ മറുപടി നമ്മെ അമ്പരിപ്പിക്കുന്നതായിരുന്നു.

**"വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നു പറഞ്ഞു. യേശു അവളോടു: സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്തു? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു." (യോഹ. 2:3-4)**

ഇവിടെ രണ്ടു കാര്യങ്ങളാണ് യേശു പ്രധാനമായും ഊന്നൽ കൊടുക്കുന്നത്.

1) "എനിക്കും നിനക്കും തമ്മിൽ എന്ത്?"

2) "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല."

എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല, എനിക്കും നിനക്കും തമ്മിലെന്ത്? മറ്റൊരു രീതിയിൽ പറഞ്ഞാൽ യേശു പറയുന്നതിന്റെ അർത്ഥം ഇതാണ്, 'മറിയേ നിനക്കറിയാം ഞാനാണ് ലോകരക്ഷകൻ എന്നും, എന്റെ അടുക്കൽ പരിഹാരമുണ്ടെന്നും. അതുകൊണ്ടു നീ വിശ്വാസത്തോടെ എന്റെയടുക്കൽ വന്നു, അതു നല്ലതു തന്നെ പക്ഷേ ഇവിടെ എന്റെ ലക്ഷ്യമതല്ല, ലോകം എന്നെയറിയണം ഞാനാണ് രക്ഷകൻ എന്നും, മറ്റാരുമല്ലെന്നും.' "അതുകൊണ്ട് നീ എന്റെയടുക്കൽ എത്ര പ്രാവശ്യം ചോദിച്ചാലും, 'എന്റെ സമയമിതുവരെ വന്നിട്ടില്ല' ***ആവശ്യക്കാരോട് എന്നെക്കുറിച്ച് പറയുക, അവരെ ഞാനാകുന്ന രക്ഷകന്റെ അടുക്കലേക്കു നടത്തുക, അങ്ങനെ ഞാൻ രക്ഷകൻ എന്ന് നീ അറിഞ്ഞതു പോലെ അവരും അറിയാൻ ഇടയാകും. അങ്ങനെ അവർ എന്റെയടുക്കൽ നേരിട്ടു വന്നാൽ വീണ്ടും ഞാൻ 'എന്റെ നാഴിക വന്നിട്ടില്ല' എന്ന് അവരോട് പറയുകയില്ല, പകരം അപ്പോൾ എന്റെ നാഴികയായതുകൊണ്ട് ഞാൻ പ്രവർത്തിക്കും. അങ്ങനെ എല്ലാവരും അറിയാനിടയാകും, മറ്റാരും ഇല്ല ഞാൻ മാത്രമാണ് ലോകരക്ഷകനെന്ന്."***

യേശുവിന്റെ ഹൃദയം മനസ്സിലാക്കിയ മറിയ അപ്രകാരം പ്രവർത്തിച്ചു. ജനത്തെ യേശുവിലേക്കു നയിച്ചു.

**"അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവിൻ എന്നു പറഞ്ഞു."**
**(യോഹ. 2:5)**

തുടർന്ന് ജനം യേശുവാകുന്ന രക്ഷകനെ അറിയാൻ തുടങ്ങി, ശിഷ്യന്മാർ യേശുവിൽ വിശ്വസിച്ചു. ഇവിടെ നിന്നും പ്രധാനമായും നമുക്കു ലഭിക്കുന്ന സന്ദേശം ദൈവരാജ്യത്തിലെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് ദൈവരാജ്യത്തിന്റെ നായകനായ യേശുവിൽ നിന്നും മാത്രമായിരിക്കണം. അല്ലെങ്കിൽ നമ്മുടെ പ്രവർത്തനം വിജയത്തിലെത്തുകയില്ല. ഈ സത്യം മറിയ മനസ്സിലാക്കിയതുപോലെ നമ്മളും മനസ്സിലാക്കിയിരിക്കണം. ***ദൈവരാജ്യത്തിന്റെ എല്ലാ പ്രവർത്തിയും ആരംഭിക്കേണ്ടത് ദൈവത്തിൽ നിന്നുമായിരിക്കണം. അതിനാൽ മനുഷ്യരിലുള്ള ആശ്രയം വെടിഞ്ഞ് നാം ഓരോരുത്തരും ഹൃദയത്തിൽ ദൈവത്തിലോട്ടു തിരിയണം, ദൈവസന്നിധിയിൽ ചെല്ലണം.***

**മറിയ മനസ്സിലാക്കിയ രണ്ടാമത്തെ സത്യം**

**"യേശു കല്പിക്കുന്നത് ചെയ്യണം."**

**"അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവിൻ എന്നു പറഞ്ഞു." (യോഹ. 2:5)**

ദൈവസന്നിധിയിൽ ചെന്നാൽ മാത്രമേ ദൈവം നമ്മോടു കല്പിക്കുന്നത് കേൾക്കുവാനും മനസ്സിലാക്കുവാനും കഴിയുകയുള്ളു. ഇവിടെ ശുശ്രൂഷകർ മറിയയുടെ വാക്കനുസരിച്ച് യേശുവിന്റെയടുക്കൽ ചെന്നു, മറിയ പ്രത്യേകിച്ച് അവരോടു പറഞ്ഞിരുന്നു "അവൻ എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യണം." ക്രിസ്തു ശുശ്രൂഷകരോടു പറഞ്ഞതു ആ വീട്ടിൽ യെഹൂദന്മാരുടെ ശുദ്ധീകരണത്തിനായി ഉപയോഗിച്ചിരുന്ന കല്പാത്രങ്ങളിൽ വെള്ളം നിറക്കുവാൻ, ശുശ്രൂഷകർ യേശുവിനെ അനുസരിച്ചു.

**"യേശു അവരോടു ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്നു പറഞ്ഞു;" (യോഹ. 2:7)**

ഈ അടയാളത്തിൽ നിന്നും നമുക്കു ലഭിക്കുന്ന സന്ദേശം വെള്ളം കോരുന്ന കിണർ ആഴമേറിയ തിരുവചന സത്യങ്ങളുടെ കലവറയായ വചനമാകുന്ന ക്രിസ്തു തന്നെയാണ്. ക്രിസ്തുവിൽ നിന്നാണ് നാം

വചനം ഉൾക്കൊള്ളുന്നത്. ദൈവം അതിലൂടെ നമ്മോടു സംസാരിക്കുന്നുണ്ട്. ആ കിണറിലെ വെള്ളമാണ് ദൈവവചനം. ദൈവം നമ്മോടു സംസാരിക്കുന്ന ഈ ദൈവവചനം കൊണ്ട്, ആ ശുശ്രൂഷകർ ആറു കൽഭരണി നിറച്ചതുപോലെ നാം നമ്മുടെ ഹൃദയം ദൈവവചനം കൊണ്ടു നിറക്കണം. വെറുതെ നിറച്ചാൽ പോരാ നിറഞ്ഞു കവിയുന്ന അളവിൽ അത് വക്കോളമാകണം.

**"അവർ വക്കോളവും നിറച്ചു." (യോഹ. 2:7)**

ശുശ്രൂഷകർ യേശു ആദ്യം കല്പിച്ചതുപോലെ കൽപാത്രങ്ങളിൽ വെള്ളം വക്കോളം നിറച്ചു, രണ്ടാമതും വക്കോളം നിറക്കാൻ കല്പ്പിക്കുന്നതായി കാണുന്നില്ല. എന്നാൽ ആ ശുശ്രൂഷകർ കൽപാത്രങ്ങൾ വക്കോളം നിറച്ച ശേഷം യേശു വീണ്ടും കല്പിച്ചു, "ഇപ്പോൾ വിരുന്നുവാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ."

> "യേശു കല്പിച്ചത് അനുസരിച്ചാൽ ജയാളിയായി മാറും."

അവർ മറിയ, തങ്ങൾക്ക് ശുശ്രൂഷയുടെ തുടക്കത്തിൽ പറഞ്ഞതനുസരിച്ച് **"അവൻ നിങ്ങളോട് എന്തെങ്കിലും കല്പ്പിച്ചാൽ അത് ചെയ്‌വിൻ"** വീണ്ടും യേശുവിന്റ കല്പനയും അനുസരിച്ചു. വെള്ളം വീഞ്ഞായി മാറി. ഇതാണ് മറിയ മനസ്സിലാക്കിയ രണ്ടാമത്തെ സത്യം. **"യേശു കല്പിച്ചത് അനുസരിച്ചാൽ ജയാളിയായി മാറും."**

> **"ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നും വിശ്വസിച്ചും കൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മർക്കോസ്. 11:23)**

ശുശ്രൂഷകർ യേശുവിന്റെ കല്പനപ്രകാരം കിണറിൽ നിന്നും വെള്ളം കോരുന്നതിന് മുമ്പ് അത് കിണറ്റിലെ വെള്ളം തന്നെയായിരുന്നു. കോരിയെടുത്തപ്പോഴും വെള്ളം തന്നെയായിരുന്നു. കൽഭരണിയിൽ നിറച്ചപ്പോഴും വെള്ളം തന്നെയായിരുന്നു. കൽഭരണിയിൽ നിന്നും കോരിയപ്പോഴും വെള്ളം തന്നെയായിരുന്നു. പക്ഷേ കൽഭരണിയിൽ നിന്നുമെടുത്ത് വിരുന്നു വാഴിക്ക് കൊടുത്തപ്പോൾ വെള്ളത്തിന്റെ സ്വഭാവം മാറി, വീര്യമുള്ള വിലയുള്ള നല്ല വീഞ്ഞായി മാറി. ഇതുപോലെ തന്നെ നാം വചനം വായിക്കുന്നതിനു മുമ്പ്, വചനമെല്ലാം

## അദൃശ്യ ദൈവരാജ്യത്തിന്റെ പ്രവർത്തന രീതി

1. ആവശ്യക്കാർ യേശുവിന്റെ അടുക്കൽ ചെല്ലണം.

2. കിണറ്റിൽ നിന്നും വെള്ളം കോരി കൽപാത്രങ്ങൾ നിറച്ചതുപോലെ യേശുവിന്റെ വായിൽ നിന്ന് വരുന്ന വചനം കൊണ്ട് ഹൃദയമാകുന്ന പാത്രം നിറയ്ക്കണം.

3. ആ വെള്ളം കൽപാത്രങ്ങളിൽ വക്കോളം നിറച്ചതു പോലെ വചന ധ്യാനത്തിലൂടെ അത് ഹൃദയത്തിൽ നിറഞ്ഞു കവിയണം. അപ്പോൾ കർത്താവ് വീണ്ടും കല്പിക്കണം.

4. വീഞ്ഞില്ല, വീഞ്ഞില്ല എന്നു പറഞ്ഞു നിരന്തരം ആവലാതി പറയുന്ന വിരുന്നു വാഴിക്കു കൽഭരണിയിലെ വെള്ളം കോരി കൊടുക്കാൻ പറഞ്ഞതു പോലെ ഇപ്പോൾ ധ്യാനത്തിലൂടെ ഹൃദയം നിറഞ്ഞു കവിയുന്ന വചനം, വായാകുന്ന തവി കൊണ്ടു കോരിയെടുത്ത് ജീവിത ത്തിലെ ഏത് ഭാഗമാണോ, രോഗിയാണെന്നും, ദാരിദ്ര മാണെന്നും, കുറവുണ്ടെന്നും, പരാജയപ്പെടുന്നുവെന്നും മറ്റും നിരന്തരം പറയുന്നത് അവിടേയ്ക്കു കൊടുക്കണം, അല്ലെങ്കിൽ കല്പിക്കണം.

5. വിരുന്നു വാഴിക്ക് കൽഭരണിയിലെ വെള്ളം കൊടുത്തപ്പോൾ അതു വീഞ്ഞായി മാറിയതുപോലെ, നമ്മുടെ ഹൃദയം നിറഞ്ഞു കവിയുന്ന, കർത്താവ് നമ്മോടു പറഞ്ഞ വചനം, നമ്മുടെ ഹൃദയത്തിൽ നിന്നും വായിലൂടെ കുറവുള്ള സാഹചര്യങ്ങളോടു പറയുമ്പോൾ, പറഞ്ഞ വചനം ആ വിഷയത്തിന് പരിഹാരമായി മാറും. ഇതുകൊണ്ടാണ് നമ്മുടെ മുമ്പിലുള്ള മലയോട് (തടസ്സ ത്തോട്) മാറിപ്പോകാൻ നാം പറയണമെന്ന് യേശു പറ ഞ്ഞത്.

ബൈബിളിലെ വചനമായി തന്നെയിരിക്കുന്നു. നാം പ്രസംഗത്തിലൂടെയോ, വായനയിലൂടെയോ, വെളിപ്പാടായി വചനം പ്രാപിക്കുമ്പോഴും അത് വചനം തന്നെയാണ്, ഹൃദയത്തിൽ ധ്യാനിക്കുമ്പോഴും അത് വചനം തന്നെയാണ്, തുടർന്ന് വായിലൂടെ പറയാൻ ആഗ്രഹിക്കുമ്പോഴും അത് വചനം തന്നെയാണ്. തുടർന്ന് വായിലൂടെ പറയാൻ എടുക്കമ്പോഴും അതു വചനം തന്നെയാണ്. പക്ഷെ, വായിൽ നിന്നും നമ്മുടെ കുറവുള്ള സാഹചര്യത്തോടു പറയുമ്പോൾ ആ വചനം ആ കുറവിന് പരിഹാരമായി തീരും.

നമ്മുടെ വായിലൂടെ ഹൃദയം നിറഞ്ഞ് കവിയുന്ന വചനം നമ്മുടെ കുറവുള്ള സാഹചര്യങ്ങളോട് പറയുമ്പോൾ, ആ വചനം ആ കുറവിന് പരിഹാരമായി മാറും.

യേശു പറഞ്ഞു, നിങ്ങൾ ഹൃദയത്തിൽ വിശ്വസിച്ചു കൊണ്ട് ഈ വൃക്ഷത്തോടു വേരോടെ പറിഞ്ഞ് കടലിൽ പോയി പതിക്കാൻ പറഞ്ഞാൽ നിങ്ങൾ പറഞ്ഞതുപോലെ സംഭവിക്കുമെന്ന് വചനം പറയുന്നു.

**"ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്നും വിശ്വസിച്ചും കൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മർക്കോസ്. 11:23)**

## ചിന്തകളെ ലോകത്തിലേക്ക് കൊണ്ടുവരുക

**"take no thought, saying, What shall we eat? or, What shall we drink? or, Wherewithal shall we be clothed?"**
**(Mat. 6:31.KJV)**

ചിന്തകളെ എങ്ങനെ ലോകത്തിലേക്ക് കൊണ്ടു വരാമെന്ന് അത്ഭുതത്തോടെ കാണുന്നവരായിരിക്കാം ഒരു പക്ഷെ വായനക്കാർ. ബൈബിളിന്റെ കിംഗ് ജയിംസ് തർജ്ജമയിലൂടെ കടന്നു പോകുമ്പോൾ, ഈ അത്ഭുതകരമായ ആത്മീയസത്യം നമുക്ക് വെളിപ്പെട്ട് കിട്ടുവാൻ ഇടയാകുന്നു. അവിടെ

ആരും കാണാത്ത നമ്മുടെ ഹൃദയത്തിലുള്ള ചിന്തകളെ വായ്കൊണ്ട് പറഞ്ഞാൽ നമുക്ക് ലോകത്തിലേക്ക് എടുക്കാം.

■ പറഞ്ഞിരിക്കുന്ന ആദ്യഭാഗം ശ്രദ്ധിക്കുക “take no thought, saying.” “ചിന്തകളെ എടുക്കരുത്, പറഞ്ഞുകൊണ്ട്.” ചീത്ത ചിന്തകളെ എടുക്കരുതെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. പക്ഷെ നാം നല്ല ചിന്തകളെ എടുക്കണം. ഈ വചനത്തിലൂടെ നമുക്കത് മനസ്സിലാക്കാവുന്നതാണ്. ആരും കാണാത്ത നമ്മുടെ ഹൃദയത്തിലുള്ള ചിന്തകളെ വായ്കൊണ്ട് പറഞ്ഞാൽ നമുക്ക് ലോകത്തിലേക്ക് എടുക്കാം. അഥവാ കൊണ്ടുവരാം. അതുകൊണ്ടാണ് സദൃശ്യവാക്യം 18:21 ൽ നാം ഇങ്ങനെ കാണുന്നത്.

> വായുടെ ഫലം നാം അനുഭവിക്കും. തിന്മയായ വാക്കുകൾ നാം വായിലൂടെ പുറപ്പെടുവിച്ചാൽ നാം കുടുക്കിലകപ്പെടും.

**“മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും.”**

**(സദൃ. 18:21)**

ഈ വചനത്തിലൂടെ നമുക്ക് മനസ്സിലാക്കാം മരണവും ജീവനും നമ്മുടെ നാവിന്റെ അധികാരത്തിലാണ് ഇരിക്കുന്നതെന്ന്. എന്നാൽ അത് വാക്കുകളായി വരുന്നതിന് മുമ്പ് അത് എവിടെയാണ് ഇരിക്കുന്നത്? നമ്മുടെ ഹൃദയത്തിൽ ചിന്തകളായാണ് ഇരിക്കുന്നത്. ഹൃദയത്തിൽ ചിന്തകളായി ഇരിക്കുന്നതാണ് നാവ് സംസാരിക്കുന്നത്.

**“ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ നാവ് സംസാരിക്കുന്നത്.” (മത്തായി. 12:34)**

അങ്ങനെ നാവ് സംസാരിക്കുന്നതിന്റെ പ്രതിഫലമാണ് നാം അനുഭവിക്കുന്നത്. ഇതുകൊണ്ടാണ് വചനം പറയുന്നത്. ***സകലജാഗ്രതയോടുംകൂടെ നമ്മുടെ ഹൃദയത്തെ കാത്തുകൊള്ളുക. നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ പോകുന്ന സകല നന്മകളുടെയും, തിന്മകളുടെയും ഉറവിടം ഹൃദയത്തിലെ ചിന്തകളാണ്.***

**“സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്.”**

**(സദൃ. 4:23)**

ഇത്രയും ജാഗ്രതയോടെ കാത്ത് പരിപാലിക്കാൻ ദൈവവചനം പറയുന്ന മറ്റൊരു കാര്യവും തിരുവചനത്തിൽ നാം കാണുന്നില്ല.

എന്താണ് ഇത്ര ജാഗ്രതയോടെ ഹൃദയത്തെ കാക്കേണ്ട ആവശ്യം? കാരണം ഹൃദയത്തിലേക്ക് നാം കൊണ്ട് വരുന്ന സന്ദേശങ്ങൾ അത് നന്മയായാലും തിന്മയായാലും നമ്മുടെ ഹൃദയത്തിലെ ചിന്തകളായിത്തീരും. ഹൃദയം നിറഞ്ഞ് കവിയുന്നത് വായ് സംസാരിക്കും. വായ് സംസാരിക്കുമ്പോൾ, സംസാരിക്കുന്ന ചിന്തയ്ക്കനുസരിച്ച് അതിലൂടെ ജീവനോ മരണമോ നമ്മുടെ ജീവിതത്തിലേക്ക് പുറപ്പെടും. വായുടെ ഫലം നാം അനുഭവിക്കും. തിന്മയായ വാക്കുകൾ നാം വായിലൂടെ പുറപ്പെടുവിച്ചാൽ നാം കുടുക്കിലകപ്പെടും. വചനം പറയുന്നത് ശ്രദ്ധിക്കുക.

> വചനം നാം ലോകത്തോട് വിളിച്ചു പറഞ്ഞാൽ നാം ലോകത്തിൽ ജീവൻ അഥവാ നന്മ മുളപ്പിക്കുകയാണ്.

**"അധരങ്ങളുടെ ലംഘനത്തിൽ വല്ലാത്ത കണിയുണ്ട്;"**
**(സദൃ. 12:13)**

എന്നാൽ നീതിമാനെക്കുറിച്ച് ബൈബിൾ പറയുന്നു.

**"തന്റെ വായുടെ ഫലത്താൽ മനുഷ്യൻ നന്മ അനുഭവിച്ചു തൃപ്തനാകും; തന്റെ കൈകളുടെ പ്രവർത്തിക്കു തക്കവണ്ണം അവന്നു കിട്ടും." (സദൃ. 12:14)**

ഈ തത്വം (Principle) ആണ് യേശുക്രിസ്തു തന്റെ ആദ്യ അടയാളത്തിലൂടെ, കാനാവിലെ കല്യാണത്തിലൂടെ വെളിപ്പെടുത്തിയത്. നമ്മുടെ ഹൃദയമാകുന്ന പാത്രത്തിൽ ദൈവവചനമാകുന്ന വെള്ളം നിറയ്ക്കണമെന്നും, അതുവഴി ഹൃദയത്തിന്റെ ചിന്ത ദൈവവചനമായിരിക്കണമെന്നും, തുടർന്ന് അത് വായാകുന്ന തവികൊണ്ട് ലോകത്തിലേക്ക് കൊടുക്കണം അഥവാ പറയണമെന്നും അങ്ങനെ നാം ചെയ്താൽ ദൈവവചനത്തിലൂടെ കർത്താവ് നമുക്ക് നല്കിയ നന്മകൾ ജീവൻ നാം ലോകത്തിലേയ്ക്ക് കൊണ്ടുവരുവാൻ ഇടയാകും. നമ്മുടെ കുറവുകൾ പരിഹരിക്കപ്പെടുക മാത്രമല്ല നമ്മിലൂടെ കർത്താവ് സഭ പണിതെടുക്കുകയും ചെയ്യും.

എന്നാൽ ഇതിനു പകരം നാം ലോകത്തിലെ തിന്മയായ കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ നിറച്ച് ജഡചിന്തകളെ താലോലി

ച്ചുണർത്തിയാൽ നമ്മുടെ ഹൃദയം ചിന്തിക്കുന്നത് ചീത്തയായ തിന്മയായ കാര്യങ്ങളാണ്. തുടർന്ന് അത് നാം വായിലൂടെ പുറപ്പെടുവിപ്പിക്കുകയും, ലോകത്തിലേക്ക് അഥവാ നമ്മുടെ ജീവിതത്തിലേക്ക് ചീത്തയായത്, തിന്മയായത് കൊണ്ടു വരുകയും അതിന്റെ പരിണിതഫലം മരണവുമാണ്.

**"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും." (സദൃ. 18:21)**

**"നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിപ്പിക്കുന്നു; ദുഷ്ട മനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിപ്പിക്കുന്നു." (മത്തായി. 12:35)**

പ്രിയരെ അതുകൊണ്ട് യേശു പഠിപ്പിച്ച ദൈവരാജ്യത്തിന്റെ തത്വം നമ്മുടെ ഹൃദയത്തിന്റെ നടുവിൽ നാം സൂക്ഷിച്ചാൽ നമുക്ക് ലോകത്തിലേക്ക്, നമ്മുടെ ജീവിതത്തിലേക്ക് നന്മകൊണ്ടു വരുവാനും, ക്രിസ്തുവിന് നമ്മിലൂടെ ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കാനും കഴിയും. ഒരു തീരുമാനത്തോടെ ദൈവപ്രവർത്തി എന്നിലൂടെ വെളിപ്പെടുവാൻ ദൈവസന്നിധിയിൽ താഴാം.....

## പ്രാർത്ഥന



*ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, യേശുക്രിസ്തുവിലൂടെ അങ്ങ് ഞങ്ങൾക്ക് പഠിപ്പിച്ച് തന്ന ആത്മരാജ്യത്തിന്റെ തത്വത്തിനായി ഞങ്ങൾ നന്ദി പറയുന്നു. ഈ തത്വത്തിൽ നിലനിൽക്കുവാൻ, ഞങ്ങളുടെ ഹൃദയത്തിൽ വചനത്തിന്റെ നന്മ മാത്രം നിറക്കുവാൻ, തിന്മയെടുത്തു കളഞ്ഞ്. വായ് കൊണ്ട് നന്മ പറഞ്ഞ്, ഞങ്ങളുടെ ജീവിതത്തിൽ, ലോകത്തിൽ ക്രിസ്തുവിന്റെ ജീവൻ, നന്മ നിറയ്ക്കുവാൻ ഞങ്ങളെ സഹായിക്കണമെ........ യേശുവിന്റെ നാമത്തിൽ തന്നെ,- ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഒരു തത്വം ശരിയായി ഉപയോഗിച്ചാൽ എല്ലായിപ്പോഴും ഒരേ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും.
2. അത്ഭുതവും അടയാളവും തമ്മിലുള്ള പ്രധാന വ്യത്യാസം അത്ഭുതം ഭൂമിയിലെ ജനത്തെ വിസ്മയിപ്പിക്കുന്ന ഒരു (Supernatural) പ്രകൃത്യാതീതമായ ഒരു സംഭവമാകുമ്പോൾ അടയാളം ഒരു ആത്മീയ സന്ദേശം കൂടിയാണ്.
3. നാമല്ല ഒന്നിന്റെയും പരിഹാരകൻ, യേശുവാണ്. നമ്മുടെ അടുക്കൽ വരുന്നവരെ നാം മറിയയെപ്പോലെ യേശുവിന്റെ അടുക്കലേയ്ക്ക് നടത്തണം. അവരെ നമ്മിൽ കേന്ദ്രീകരിപ്പിക്കരുത്.
4. "യേശു കല്പിച്ചത് അനുസരിച്ചാൽ ജയാളിയായി മാറും."
5. നമ്മുടെ വായിലൂടെ ഹൃദയം നിറഞ്ഞ് കവിയുന്ന വചനം നാം നമ്മുടെ കുറവുള്ള സാഹചര്യങ്ങളോട് പറയുമ്പോൾ, ആ വചനം ആ കുറവിന് പരിഹാരമായി മാറും.
6. ആരും കാണാത്ത നമ്മുടെ ഹൃദയത്തിലുള്ള ചിന്തകളെ വായ്കൊണ്ട് പറഞ്ഞാൽ ആ ചിന്തകളെ നമുക്ക് ലോകത്തിലേക്ക് പുറപ്പെടുവിക്കുവാൻ കഴിയും.
7. സകല ജാഗ്രതയോടും കൂടെ നമ്മുടെ ഹൃദയത്തെ കാത്തുകൊള്ളുക. നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ പോകുന്ന സകല നന്മകളുടെയും, തിന്മകളുടെയും ഉറവിടം ഹൃദയത്തിലെ ചിന്തകളിൽ നിന്നാണ്.
8. വായുടെ ഫലം നാം അനുഭവിക്കും. തിന്മയായ വാക്കുകൾ നാം വായിലൂടെ പുറപ്പെടുവിച്ചാൽ നാം കുടുക്കിലകപ്പെടും
9. ദൈവവചനം നാം ലോകത്തോട് വിളിച്ചു പറഞ്ഞാൽ നാം ലോകത്തിൽ ജീവൻ അഥവാ നന്മ മുളപ്പിക്കുകയാണ്.
10. ദൈവവചനത്തിന് വിരുദ്ധമായ അഥവാ ജഡചിന്തകൾ നാം ലോകത്തോട് വിളിച്ചു പറഞ്ഞാൽ ലോകത്തിൽ മരണം അഥവാ തിന്മ മുളപ്പിക്കുകയാണ്.



അദ്ധ്യായം 10

# മനുഷ്യാ ദൈവത്തിന്റെ പ്രവർത്തന രീതിയിലേക്ക് മടങ്ങിവരിക എങ്കിൽ നീ വിജയിക്കും

"നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും." (സങ്കീ. 128:2)

## കൈയ്യുടെ അദ്ധ്വാനഫലവും വായുടെ അദ്ധ്വാനഫലവും

***യഹോവ ഭക്തനായ ഒരു പുരുഷന്റെ അനുഗ്രഹമാണ്, ആ വ്യക്തിയുടെ കൈകളുടെ അദ്ധ്വാനഫലം ആ വ്യക്തി തിന്നുമെന്നുള്ളത്.***

**കൈ**കളുടെ അദ്ധ്വാനഫലം 'പ്രവർത്തിയുടെ നിയമമാണ്' **(Law of work)** അതായത്, ഭൗതിക ലോകത്തിന്റെ നിയമമാണ്. എന്നാൽ ആത്മരാജ്യത്തിന്റെ നിയമമാണ് വായുടെ ഫലം. യേശു ലോകത്തിൽ വന്നപ്പോൾ ഉപയോഗിച്ചതും ദൈവരാജ്യത്തിൽ നാം ഉപയോഗിക്കേണ്ടതും ഇതാണ്. അതുപോലെ ദൈവം സൃഷ്ടികർമ്മത്തിന് ഉപയോഗിച്ചതും ഇതാണ്. സദൃശ്യവാക്യം 18:21 ൽ പറയുന്നു, അത് ഇഷ്ടപ്പെടുന്നവൻ അതിന്റെ ഫലം തിന്നും, മാത്രമല്ല മരണമാകുന്ന ഫലവും, ജീവനാകുന്ന ഫലവും വായുടെ അധികാരത്തിൽ തന്നെയാണ് ഇരിക്കുന്നത്.

**"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും."**

**(സദൃ. 18:21)**

## നല്ല നിക്ഷേപവും, ചീത്ത നിക്ഷേപവും ഏത് കൊണ്ടുവരണം?

ദൈവത്തിന്റെയും മനുഷ്യന്റെയും പ്രവർത്തനരീതി ആഴത്തിൽ പഠിക്കുവാൻ നമുക്കൊരുങ്ങാം.

### നാവും ആത്മലോകവും

നാവും ആത്മലോകവുമായി വളരെ ബന്ധമുണ്ട്. ദൈവം നമുക്ക് തരുന്ന ഏത് വാക്ക് നാം വിളിച്ച് പറഞ്ഞാലും ആ വാക്കുകൾ എല്ലാം നമ്മുടെ തലയ്ക്ക് മുകളിലേക്ക് പോകും. ഇത് മനുഷ്യന്റെ നല്ല നിക്ഷേപത്തിൽ നിന്നും വരുന്നു. ദൈവം നമുക്ക് തരാത്ത ദൈവവചനത്തിന് വിരുദ്ധമായ വാക്കുകൾ നാം വിളിച്ചു പറഞ്ഞാൽ ആ വാക്കുകളും നമ്മുടെ തലയ്ക്ക് മുകളിലേക്ക് പോകും. വാക്കുകൾ തലയ്ക്ക് മുകളിൽ വരുമെന്ന് പറഞ്ഞാൽ ആ വാക്കുകൾ നമ്മുടെ മേൽ അധികാരം നടത്തുമെന്നതാണ്. ആ വാക്കുകൾ എല്ലാം ദുഷ്ടനിക്ഷേപത്തിൽ നിന്നും വരുന്നു. ഈ ദുഷ്ടനിക്ഷേപം നരകവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. നാം പറയുന്ന വാക്കുകൾ നല്ലതായാലും ചീത്തയായാലും അത് നമ്മെ ഭരിക്കുവാൻ ഇടയാകും.

**"നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു;" (മത്താ. 12:35)**

**"നാവും ഒരു തീ തന്നെ; അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിയുടെ ലോകമായി, ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കുകയും ചെയ്യുന്നു." (യാക്കോ. 3:6)**

വചനം പറയുന്നു, നാവ് ഒരു തീ തന്നെ, അത് നമ്മുടെ അവയവങ്ങളുടെ കൂട്ടത്തിൽ...., അപ്പോൾ ധാരാളം അവയവങ്ങൾ നമുക്ക് ഉണ്ട്, കൈ, കാല്, ചെവി, മൂക്ക്, നാവ് എന്നിങ്ങനെ, നാവ് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകവുമായി, എന്നു പറയുമ്പോൾ; ഇവിടെ മറ്റൊരു ലോകത്തെ കാണുവാൻ കഴിയുന്നു. അനീതി ലോകവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ദേഹത്തെ മുഴുവൻ മലിനമാക്കി, ജീവചക്രത്തിന് തീ കൊളുത്തുകയാണ്.

നമ്മെ അനീതി ലോകവുമായി അഥവാ ദുഷ്ടന്റെ ലോകവുമായി ഈ നാവ് ബന്ധിക്കുകയാണ്. ആശുപത്രിയിൽ ഗ്ലൂക്കോസ് ശരീരത്തിലേക്ക് കയറ്റുന്നത് നാം കണ്ടിട്ടുണ്ടല്ലോ. എന്നാൽ അതിന് പകരം വിഷക്കുപ്പിയിൽ നിന്ന് വിഷം ശരീരത്തിലേക്ക് കയറ്റാൻ ട്യൂബ് വഴി വിഷക്കുപ്പിയെ ശരീരവുമായി ബന്ധിച്ചിരിക്കുന്നത് പോലെയാണ് നമ്മുടെ നാവ് നമ്മെ നരകവുമായി ബന്ധിച്ചിരിക്കുന്നത്.

***ആത്മീയലോകത്തിൽ നിന്നും ഭൗതിക ലോകത്തിലേക്ക് എന്തെങ്കിലും കൊണ്ടുവരാനുള്ള പാലം ആണ് 'നാവ് എന്ന് നാം നേരത്തെ വായിച്ചറിഞ്ഞു. അതിന്റെ അർത്ഥം നമ്മുടെ അകത്ത് നല്ല നിക്ഷേപവും ചീത്ത നിക്ഷേപവും ഉണ്ട്. ഏത് കൊണ്ടുവരണം എന്ന് നാമാണ് തീരുമാനിക്കേണ്ടത്.***

## നമ്മുടെ സാഹചര്യം മനോഹരമാക്കണമോ, നരകമാക്കണമോ? താക്കോൽ നമ്മുടെ കയ്യിൽ തന്നെ

**"നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു;" (മത്താ. 12:35)**

ഒരിക്കൽ ഇങ്ങനെ കേൾക്കാൻ ഇടയായി. ഒരു ഗൾഫ് നാട്ടിലേക്കോ മറ്റോ ഇന്ത്യയിൽ നിന്നും കയറിയ ഒരാൾ 50 നും 100 നും ഇടയ്ക്ക് വരുന്ന സംഖ്യയിലുള്ള മൂർഖൻ പാമ്പുകളെ ഒരു പെട്ടിയിൽ അടച്ചിട്ട് എയർപ്പോട്ടിൽ ഇറങ്ങി. അവിടെ ഇറങ്ങിയപ്പോഴാണ് കസ്റ്റംസ്കാർക്ക് ഒരു സംശയം അവർ പെട്ടി പൊട്ടിക്കാൻ കൊണ്ടുവന്ന വ്യക്തിയോട് പറഞ്ഞു. പെട്ടി പൊട്ടിച്ചുകൊണ്ട് അദ്ദേഹം ഓടി. പാമ്പുകൾ വെളിയിലേക്ക് ഇറങ്ങി, എയർപ്പോർട്ട് നിറച്ച് പാമ്പുകളായി, ഇത് എവിടെ നിന്നും ഇറക്കിയതാണ്. ഇന്ത്യയിൽ നിന്നും കൊണ്ട് പോയിട്ട് ഗൾഫിൽ ഇറക്കിയതാണ്. ഇതുപോലെ നമ്മുടെ ജീവിതത്തിൽ തിന്മ (പാമ്പിനെ) ഇറക്കണോ, അതോ നന്മയെ ഇറക്കണോ എന്ന് തീരുമാനിക്കേണ്ടത് നമ്മൾ തന്നെയാണ്. ഇറക്കി കഴിഞ്ഞാൽ ഇന്ന് അത്

പലതും നശിപ്പിച്ചിട്ടെ പോവുകയുള്ളൂ. അതുപോലെ നമ്മുടെ നാവ് നേരെ നരകവുമായിട്ട് അഥവാ പിശാചിന്റെ ലോകവുമായിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**“നാവിനെയോ മനുഷ്യർക്കാർക്കും മെരുക്കാവുന്നതല്ല; അതു അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്”**
**(യാക്കോ. 3:8)**

നാവിനെ എന്തുകൊണ്ട് നിയന്ത്രിക്കാൻ പറ്റുന്നില്ല? കാരണം നാവ് പലപ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല. അത് നരകവുമായി അല്ലെങ്കിൽ ആത്മലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മൾ പലപ്പോഴും പറഞ്ഞ് കഴിഞ്ഞായിരിക്കും ചിന്തിക്കുന്നത്, ‘അയ്യോ! അവനെ അല്ലെങ്കിൽ അവളെ അങ്ങനെ പറയേണ്ടിയിരുന്നില്ല. ഞാൻ എന്തിനാ അങ്ങനെ പറഞ്ഞത്?’ നാവ് പലപ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല.

എന്തുകൊണ്ടാണ് ഇങ്ങനെ?

നാവിനെ നമുക്ക് നിയന്ത്രിക്കാൻ പറ്റുകയില്ലെ?

നാവ് പലപ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല. അത് നരകവുമായും ദൈവരാജ്യവുമായും ബന്ധപ്പെടുത്തിയിരിക്കുന്നു.

പറ്റും. നിയന്ത്രിക്കുന്നവനായ പരിശുദ്ധാത്മാവ് അകത്ത് വന്നാൽ, പരിശുദ്ധാത്മാവിനെ കൊണ്ട് നമുക്ക് നമ്മുടെ നാവിനെ നിയന്ത്രിക്കുവാൻ കഴിയും ഈ നാവ് നരകവുമായി ബന്ധപ്പെട്ടിരിക്കുന്നത് പോലെ ആത്മലോകത്തെ മറ്റൊരു ലോകവുമായിട്ട് കൂടി ബന്ധപ്പെടുത്തിയിട്ടുണ്ട്. നാവിന് ദൈവരാജ്യവുമായിട്ടും ബന്ധമുണ്ട്. ഈ ദൈവരാജ്യവുമായിട്ടുള്ള ബന്ധത്തെയാണ് നല്ല നിക്ഷേപം എന്ന് പറയുന്നത്. ഒരു നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നും (ദൈവരാജ്യത്തിൽ നിന്നും) അവന്റെ സാഹചര്യത്തിലോട്ട് അവൻ നല്ല ഫലം പുറപ്പെടുവിക്കുന്നു. അവന്റെ വീട്ടിലേക്ക്, അവന്റെ ഭാര്യയിലേക്ക്, അവന്റെ മക്കളിലേക്ക് അവന്റേതായ ബിസിനസ്സിലേക്ക്, ശുശ്രൂഷയിലേക്ക് എല്ലാം ദൈവരാജ്യത്തിൽ നിന്നും നല്ലത് പുറപ്പെടുവിക്കുന്നു. എന്നാൽ ഒരു ചീത്ത മനുഷ്യൻ തന്റെ ചീത്ത നിക്ഷേപത്തിൽ നിന്നും അവൻ തന്റെ വീട്ടിലേക്ക് തന്റെ ജീവിത പങ്കാളിയിലേക്ക് തന്റെ മക്കളിലേക്ക് തന്റെ ജോലിയിലേക്ക് ചീത്തയായത് പുറപ്പെടുവിക്കുന്നു.

ഇന്നലെകളിൽ നമ്മുടെ നാവുകൊണ്ട് എന്താണോ പുറപ്പെടുവിച്ചത് അതാണ് ഇന്ന് നാം അനുഭവിക്കുന്ന പല വിഷയത്തിനും, ഇന്നത്തെ അവസ്ഥക്കും കാരണം. ഇന്ന് നാം ഇത് മനസ്സിലാക്കിയിട്ട് എന്താണോ പുറപ്പെടുവിക്കുന്നത് (പറയാൻ പോകുന്നത്) അതാണ് നാളെ നമുക്ക് ഉണ്ടാകാൻ പോകുന്നത്, അല്ലെങ്കിൽ നാളത്തെ അവസ്ഥയ്ക്ക് കാരണം.

> ഇന്നലെ ഞാനും നിങ്ങളും സംസാരിച്ചതാണ് ഇന്ന് ഈ കാണുന്ന അവസ്ഥ. ഇന്ന് നാം സംസാരിക്കുന്നതാണ് നാം കാണാൻ പോകുന്ന അവസ്ഥ. ഇന്ന് നമ്മൾ എന്താണോ പുറപ്പെടുവിക്കുന്നത് അത് നാളെ നാം കാണുക തന്നെ ചെയ്യും.

പ്രിയ ദൈവമക്കളെ, ഇന്ന് നമ്മൾ എന്താണോ പുറപ്പെടുവിക്കുന്നത് അത് നാളെ നാം കാണുക തന്നെ ചെയ്യും.

## ദൈവവും ദൈവത്തിന്റെ വാക്കുകളും (വചനവും)

ഇന്ന് അനേകർക്കും ഒരു തെറ്റിദ്ധാരണയുണ്ട്. ദൈവത്തിന്റെ നാമത്തിന്റെ മുകളിൽ മറ്റൊന്നും ഇല്ല എന്ന്. എന്നാൽ ദൈവത്തിന്റെ നാമത്തെക്കാൾ ഉപരിയായ ഒന്നുണ്ട്. നിങ്ങൾ തെറ്റിദ്ധരിക്കും എന്താണ് ഈ പറയുന്നതെന്ന്. ഞാൻ പറയുന്നതല്ല ദൈവം തന്നെ വച്ചിരിക്കുന്നതാണ് ദൈവത്തിന്റെ നാമത്തേക്കാൾ ഒന്ന്.

> ദൈവത്തിന്റെ നാമത്തേക്കാൾ ഉപരിയായ ഒന്നുണ്ട്. ദൈവം താൻ പറഞ്ഞ വാക്കുകൾ എല്ലാം, താൻ പറഞ്ഞ വാഗ്ദത്തങ്ങൾ എല്ലാം, തന്റെ നാമത്തിന്റെ മുകളിലാണ് വച്ചിരിക്കുന്നത്.

ദൈവം താൻ പറഞ്ഞ വാക്കുകൾ എല്ലാം, താൻ പറഞ്ഞ വാഗ്ദത്തങ്ങൾ എല്ലാം തന്റെ നാമത്തിന്റെ മുകളിലാണ് വച്ചിരിക്കുന്നത്. ഇത് നമുക്ക് സങ്കീ 138:2 ൽ കാണാവുന്നതാണ്.

**"നിന്റെ നാമത്തിനു മീതെ ഒക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു."**

**(സങ്കീ. 138:2)**

ഇതിന്റെ അർത്ഥം; ദൈവം ആർക്കെങ്കിലും കീഴ്പ്പെട്ടവൻ എന്നല്ല പകരം താൻ പറഞ്ഞ എല്ലാ വാക്കുകളും താൻ അനുസരിക്കുക തന്നെ ചെയ്യും എന്നുള്ളതാണ്

ഇവിടെ അർത്ഥമാക്കുന്നത്. താൻ ഇതിന് കീഴ്പ്പെട്ടിരിക്കും. തന്റെ വാക്കു വിട്ട് ഇടത്തോട്ടോ, വലത്തോട്ടോ മാറുകയില്ല. യഹോവ എന്ന നാമത്തിന്റെ മുകളിൽ യഹോവ തന്നെ തന്റെ വായിൽ നിന്ന് പോയ വാക്കുകൾ വച്ച് മഹത്വപ്പെടുത്തിരിക്കുന്നു.

**"ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരത്തിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്കയില്ല." (സങ്കീ. 89:34)**

അപ്പോൾ ദൈവം തന്റെ വായിൽ നിന്നും എന്തെങ്കിലും പുറപ്പെടുവിച്ചാൽ നേരെ അത് പോയി നിലകൊള്ളുന്നത് ദൈവത്തിന്റെ നാമത്തിന്റെ മുകളിലാണ്. പിന്നെ ആ വചനപ്രകാരം പ്രവർത്തിക്കുവാൻ മാത്രമെ ദൈവത്തിന് കഴിയുകയുള്ളൂ. അതുകൊണ്ടും കൂടിയാണ് ഇന്ന് ഭൂമിയെ ഉദ്ധരിക്കുവാൻ ഒരു വാക്കുകൊണ്ട് ദൈവത്തിന് കഴിയുമെങ്കിലും ദൈവം അങ്ങനെ ചെയ്യാതെ മനുഷ്യനിലൂടെ ഭൂമിയെ ഉദ്ധരിക്കുന്നത്. കാരണം ഭൂമിയുടെ അധികാരം ദൈവം മനുഷ്യർക്ക് കൊടുത്തുപോയി. വചനത്തിൽ പറയുന്നു,

**"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗം ആകുന്നു; ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു." (സങ്കീ. 115:16)**

**"മനുഷ്യനോടു പറഞ്ഞു, നീ സർവ്വ ഭൂമിയെയും അടക്കി വാഴുക"** ഇനി ആ വാക്കു മാറ്റുവാൻ ദൈവത്തിന് കഴിയുകയില്ല.

ഉല്പ്പത്തി പുസ്തകത്തിൽ പറയുന്നു,


**"ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് അവരോടു കല്പിച്ചു." (ഉല്പ്പ. 1:28)**

ദൈവത്തിന്റെ സാദൃശ്യത്തിലും, സ്വരൂപത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചു.

അതുകൊണ്ട് മനുഷ്യരുടെ പ്രവർത്തന രീതി എന്ന് പറയുന്നത് ദൈവത്തിന്റെ അതെ പ്രവർത്തന രീതിയാണ്. അതുകൊണ്ട് പ്രിയ മക്കൾ എന്ന പോലെ നാം ദൈവത്തെ അനുകരിക്കണം.

**"ആകയാൽ പ്രിയമക്കൾ എന്ന പോലെ ദൈവത്തെ അനുകരിപ്പിൻ." (എഫെ. 5:1)**

നമ്മൾ ഇവിടെയുള്ള ഈ ചിത്രത്തിലേക്കു നോക്കിയാൽ ഒരു കാര്യം മനസ്സിലാകും.




**ദൈവം പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ നാമത്തിന്റെ മുകളിലും മനുഷ്യൻ പറഞ്ഞ വാക്കുകൾ മനുഷ്യന്റെ നാമത്തിന്റെ മുകളിലും വരുന്നു. (ദൈവം പറഞ്ഞ വാക്കുകൾക്ക് ദൈവം കീഴ്പ്പെട്ടിരിക്കുന്നത് പോലെ മനുഷ്യൻ പറഞ്ഞ വാക്കുകൾക്ക് മനുഷ്യനും കീഴ്പ്പെട്ടെ മതിയാകൂ.)** (ചിത്രം 18)

## മനുഷ്യന്റെ പ്രവർത്തനരീതി

ഇതുവരെ നാം മനസ്സിലാക്കിയത് ദൈവത്തിന്റെ പ്രവർത്തനരീതിയാണ്. അതായത് ദൈവം തനിക്ക് വേണ്ടത് പറയും, പറഞ്ഞത് തന്റെ നാമത്തിന് മുകളിൽ വരും തുടർന്ന് ആ വചനം പ്രവർത്തനമാരംഭിക്കും, അത് നടപ്പിലാവുകയും ചെയ്യും. അത് എടുത്ത് മനുഷ്യന്റെ പ്രവർത്തനരീതിയാക്കി മാറ്റിയാൽ പോരെ, അത് തന്നെയല്ലയോ മനുഷ്യന്റെയും

യഥാർത്ഥ പ്രവർത്തനശൈലി (Working method). പക്ഷെ നമ്മൾ വേറെ പ്രവർത്തനശൈലി (Working method) ഉപയോഗിക്കുന്നതുകൊണ്ടാണ് പരാജയമടയുന്നത്. ദൈവം അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനാണ്. അതുകൊണ്ടാണ് ദൈവത്തെ ആർക്കും, ഒരു നാളും കാണുവാൻ കഴിയാത്തത്. ദൈവത്തെ കാണുമ്പോൾ ഒരു പ്രകാശം (തേജസ്സ്) ആയിട്ടെ കാണുകയുള്ളൂ. ആ പ്രകാശത്തിന്റെ, ദൈവീക തേജസ്സിന്റെ ഉള്ളിലാണ് ദൈവം വസിക്കുന്നത്. ആദാമിനെ സൃഷ്ടിച്ചതും തേജസ്സിന്റെ ഉള്ളിലാണ്.

വചനം പറയുന്നു,

**"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു." (റോമ. 3:23)**

അപ്പോൾ മനുഷ്യർ ആ ദൈവ തേജസ്സ് നഷ്ടപ്പെടുത്തിക്കളഞ്ഞു. ഏലിയാവും മോശയും പ്രത്യക്ഷപ്പെട്ടത് എന്തിലാണെന്ന് വചനം പറയുന്നു. ഏലിയാവും മോശയും മറുരൂപമലയിൽ, തേജസ്സിൽ പ്രത്യക്ഷപ്പെട്ടു.

പ്രിയ ദൈവമക്കളെ, നമ്മുടെതായ ആ തേജസ്സ് തിരികെ ലഭിച്ച അവസ്ഥയാണ് അവിടെ കണ്ടത്. എന്നാൽ ദൈവത്തിന്റെ അതെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, തേജസ്സിൽ നിന്ന മനുഷ്യൻ; എന്ന് പാപം ചെയ്തുവോ അന്ന് അവന്റെ പിതാവ് കൊടുത്ത തേജസ്സിന്റെ വസ്ത്രം നഷ്ടപ്പെട്ടു. അന്ന് അവന് വസ്ത്രം അന്വേഷിച്ച് നടക്കേണ്ടി വന്നു. നാം മുമ്പ് മനസ്സിലാക്കിയത് പോലെ അന്ന് ആദ്യത്തെ തുന്നൽ സംവിധാനം അവിടെ ആരംഭിച്ചു. അവർ അത്തിയില കൂട്ടിത്തുന്നി വസ്ത്രം ധരിച്ചു. അതിന് ശേഷമാണ് നമ്മൾ വസ്ത്രം ഉണ്ടാക്കാൻ തുണികൾ അന്വേഷിച്ച് നടക്കേണ്ടി വന്നത്. അല്ലെങ്കിൽ നമുക്ക് ഒരു തുണിയുടെയും ആവശ്യമില്ലായിരുന്നു. തേജസ്സായിരുന്നു നമ്മൾ ധരിച്ചിരുന്നത്. എന്നാൽ ആദം എപ്പോൾ പാപം ചെയ്തുവോ അന്ന് മനുഷ്യന്റെ ആ ദൈവീക തേജസ്സ് നഷ്ടപ്പെട്ടു. സർവ്വരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. ദൈവീക തേജസ്സ് ഇല്ലാതായപ്പോൾ തന്നെ

ദൈവത്തിന്റെ പ്രവർത്തന ശൈലി തന്നെയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന ശൈലി. ഈ പ്രവർത്തന ശൈലി മനസ്സിലാക്കി പ്രവർത്തിക്കുന്ന മനുഷ്യൻ തോൽവിയിൽ നിന്ന് നിത്യ ജയത്തിലേക്ക് കടന്നുവരും.

നമ്മുടെ പ്രവർത്തന ശൈലിയും നാം മറന്നുപോയി. എന്നാൽ ഇപ്പോൾ തിരുവചനത്തിലൂടെ അത് മനസ്സിലാക്കി അതിലേക്ക് നമുക്ക് മടങ്ങി വരാം. ദൈവത്തിന്റെ പ്രവർത്തനരീതി എന്തോ, അതുതന്നെയാണ് മനുഷ്യന്റെയും പ്രവർത്തനരീതി. ചിത്രം 18 കാണുമ്പോൾ തേജസ്സിൽ വസിക്കുന്ന ദൈവത്തിന്റെ തലയ്ക്ക് മുകളിൽ തന്റെ വചനം വച്ചിരിക്കുകയാണെന്ന് നമുക്ക് മനസ്സിലാകും. അതായത് ദൈവത്തിന്റെ നാമത്തിന് മുകളിൽ വാഗ്ദത്തം മഹിമപ്പെടുത്തിയിരിക്കുന്നു.

**"നിന്റെ നാമത്തിന് മീതെ ഒക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു." (സങ്കീ. 138:2)**

അങ്ങനെയെങ്കിൽ നമ്മൾ ദൈവവചനം വായിക്കുമ്പോൾ മനസ്സിലാകും. നേരത്തെ ക്രമീകരിച്ചിരിക്കുന്ന വചനപ്രകാരമാണ്, തന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതും നടക്കാൻ പോകുന്നതും.

## തിരുവചനത്തിലെ ദൈവീക പ്രവർത്തന മാതൃകകൾ

ഈ പ്രവർത്തന രീതിയാണ് മനുഷ്യൻ മാതൃകയാക്കേണ്ടത്. ദൈവം ഇങ്ങനെയാണ് ചെയ്തത്, ദൈവം തന്റെ പദ്ധതിയിൽ ഇങ്ങനെ സംസാരിച്ചു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കും (ഉല്പ്പ. 3:15). എന്താണോ താൻ പറഞ്ഞു വച്ചത് അത് അവിടെ സംഭവിച്ചു. അതുപോലെ തന്നെ സ്ത്രീയുടെ സന്തതി (യേശു) പിശാചിന്റെ തലയെ (രാജ്യത്തെ) തകർത്തു (കൊലൊ. 2:13-15).

**"ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും." (ഉല്പ്പ. 3:15)**

ഈ തല (രാജ്യം) തകർക്കുന്നതിന്റെ നിവർത്തീകരണം താഴെ കൊടുത്തിരിക്കുന്നു.

**"അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു; അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു, ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി." (കൊലൊ 2:13-15)**

ദൈവം ഉല്പ്പത്തി 3:15 ൽ യേശു പിശാചിന് മേൽ ജയമെടുക്കുന്ന തിനെക്കുറിച്ച് പറഞ്ഞു, സങ്കീ. 138 ന്റെ 2-ാം വാക്യം അനുസരിച്ച് അത് ദൈവത്തിന്റെ നാമത്തിന് മുകളിൽ വന്നു. അത് അപ്രകാരം തന്നെ സംഭവിച്ചു. കൊലൊ. 2:13-15 യേശു പിശാചിന് മേൽ ജയമെ ടുത്തതായി കാണുവാൻ കഴിയും. ഇവൻ അബ്രഹാമിന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. ദൈവം എന്ത് കല്പ്പിച്ചുവോ അത് ദൈവത്തിന്റെ നാമ ത്തിന് മുകളിൽ വന്നു. അത് അപ്രകാരം സംഭവിച്ചു. എന്നിട്ട് ഓരോ പ്രാവശ്യവും വചനം പറയുകയാണ്, 'എഴുതിയിരിക്കുന്നത് പോലെ നിവർത്തിയാകേണ്ടതിന്' എന്നു വച്ചാൽ എഴുതിയത് അതിന് മുമ്പ് പറഞ്ഞതാണ്.

> ദൈവീക തേജസ്സ് ഇല്ലാതായപ്പോൾ തന്നെ നമ്മുടെ പ്രവർത്തന ശൈലിയും നാം മറന്നുപോയി.

**കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും:-**

ദൈവവചനം പറയുകയാണ്, യെശ 7:14 ൽ കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. ദൈവം പറഞ്ഞ ഈ വചനം ലൂക്കോ. 1:26-31 ൽ നിവർത്തിക്കപ്പെട്ടു. യേശു കന്യകയിൽ നിന്നും ജനിച്ചു.

**"അതുകൊണ്ടു കർത്താവു തന്നെ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും." (യെശ. 7:14)**

**"ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസറെത്ത് എന്ന ഗലീല പട്ടണത്തിൽ, ദാവീദിന്റെ ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു; ആ കന്യകയുടെ പേർ മറിയ എന്നു ആയിരുന്നു. ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപ ലഭിച്ചവളെ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു എന്നു പറഞ്ഞു. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു. ദൂതൻ അവളോടു: മറിയയെ ഭയപ്പെടേണ്ട; നിനക്ക് ദൈവ**

> ദൈവം എന്ത് കല്പിച്ചുവോ അത് ദൈവത്തിന്റെ നാമത്തിന് മുകളിൽ വന്നു. അത് അപ്രകാരം സംഭവിച്ചു എന്നിട്ട് ഓരോ പ്രാവശ്യവും വചനം പറയുകയാണ്. "എഴുതിയിരിക്കുന്നതുപോലെ നിവർത്തിയാകേണ്ടതിന്" എന്നു വച്ചാൽ എഴുതിയതിന് മുമ്പ് പറഞ്ഞതാണ്.

**ത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നു പേർ വിളിക്കേണം." (ലൂക്കോ. 1:26-31)**

മീഖാ. 5:2 ൽ എഴുതുയിരിക്കുകയാണ്, അവൻ ബേത്ലഹേമിൽ ജനിക്കും. ദൈവം എന്തു പറഞ്ഞുവോ അത് അതുപോലെ തന്നെ സംഭവിച്ചു. (ലൂക്കോ. 2: 4,11)

**"നീയോ, ബേത്ലഹേം എഫ്രാത്തേ, നീ യഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നും ഉത്ഭവിച്ചുവരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ." (മീഖാ. 5:2)**

**"അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ടു തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസ്രത്ത് പട്ടണം വിട്ടു." (ലൂക്കോ. 2:4)**

**"കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു." (ലൂക്കോ. 2:11)**

**ഈജിപ്റ്റിൽ നിന്നും വിളിച്ചു വരുത്തും:-**

അപ്രകാരം എന്റെ മകനെ ഞാൻ ഈജിപ്റ്റിൽ നിന്നു വിളിച്ചുവരുത്തുമെന്ന് ദൈവം പറഞ്ഞതുപോലെ യോസേഫ്, ശിശുവിനേയും അമ്മയേയും കൂട്ടി ഈജിപ്റ്റിലേക്ക് കൊണ്ടുപോയി. യേശു മാതാപിതാക്കളോടൊപ്പം അവിടെ കുറച്ചു നാൾ പാർത്തു. പിന്നീട്, ദൈവം അവരെ ഈജിപ്റ്റിൽ നിന്നും തിരികെ വരുത്തുവാൻ ഇടയാക്കി. (മത്താ. 2:14-15)

**"അവൻ എഴുന്നേറ്റു ശിശുവിനെയും അമ്മയെയും രാത്രിയിൽ തന്നെ കുട്ടിക്കൊണ്ടു പുറപ്പെട്ടു മിസ്രയീമിലേക്കു പോയി. ഹെരോദാവിന്റെ മരണത്തോളം അവൻ അവിടെ പാർത്തു: "മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു വരുത്തി" എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ സംഗതി വന്നു." (മത്താ. 2:14-15)**

**ഇരുളിൽ ഇരിക്കുന്ന ദേശം വെളിച്ചം കാണും:-**

അതുപോലെ തന്നെ, സെബൂലൂൺ ദേശവും, നഫ്താലി ദേശവും ഒരു വെളിച്ചം കാണും; ഇരുളിൽ ഇരിക്കുന്ന ദേശം ഒരു വലിയ വെളിച്ചം

കാണും. (യെശ. 9:1-2)

**"എന്നാൽ കഷ്ടതയിൽ ഇരുന്ന ദേശത്തിനു തിമിരം നില്ക്കയില്ല; പണ്ടു അവൻ സെബൂലൂൻ ദേശത്തിനും നഫ്താലി ദേശത്തിനും ഹീനത വരുത്തിയെങ്കിലും പിന്നത്തേതിൽ അവൻ കടൽ വഴിയായി യോർദ്ദാന്നക്കരെയുള്ള ജാതികളുടെ മണ്ഡലത്തിന്നു മഹത്വം വരുത്തും. *ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു;* അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു." (യെശ. 9:1-2)**

അവിടെ തന്നെ യേശു കടന്നു ചെല്ലുവാൻ ഇടയായി. ആ ദേശം വലിയ വെളിച്ചം കാണുവാൻ ഇടയായി. (മത്താ. 4:13-16)

**"നസറേത്ത് വിട്ടു സെബൂലൂന്റെയും നഫ്താലിയുടെയും അതിരുകളിൽ കടൽക്കരെയുള്ള കഫർന്നഹൂമിൽ ചെന്നു പാർത്തു. "സെബൂലൂൻ ദേശവും നഫ്താലി ദേശവും കടൽക്കരയിലും യോർദ്ദാനക്കരെയുള്ള നാടും ജാതികളുടെ ഗലീലയും." *"ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു."* എന്നു യെശയ്യ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇടവന്നു."**

**(മത്താ. 4:13-16)**

**മറ്റു പ്രവചന നിവൃത്തികൾ:-**

യേശു ഒരു കഴുതയുടെ മുകളിൽ കയറി യെറുശലേമിലേക്ക് വരും എന്നു പറഞ്ഞു (സെഖ. 9:9); അതുപോലെ സംഭവിച്ചു (മത്താ. 21:1-7). യേശു ഉപമകൾ തുറക്കാൻ വായ് തുറക്കും എന്ന് (സങ്കീ. 78:2) ൽ പറഞ്ഞു; (മത്താ. 13:34-35) ൽ യേശു ഉപമകളായി പറയുവാൻ വായ് തുറന്നു എന്നു പറയുന്നു. യേശുവിനെ 30 വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുമെന്ന് (സെഖ. 11:12) ൽ പറയുവാനിടയായി; (മത്താ 26:14-15) ൽ 30 വെള്ളിക്കാശിന് യൂദാ യേശുവിനെ ഒറ്റിക്കൊടുത്തു. യേശുവിന്റെ വസ്ത്രത്തിന് വേണ്ടി ചീട്ടിടുമെന്ന് (സങ്കീ. 22:18) ൽ പറഞ്ഞു; അതുപോലെ തന്നെ സംഭവിച്ചു (മത്താ 27:35). യേശു ഉയർത്തെഴുന്നേൽക്കുമെന്ന് (സങ്കീ. 16:10) ൽ പറയുവാനിടയായി; അതു പോലെ തന്നെ (മർക്കോ 16:6-7) ൽ യേശു ഉയർത്തെഴുന്നേറ്റു. ദൈവം പറഞ്ഞ് തന്റെ നാമത്തിന് മുകളിൽ കൊണ്ടുവന്ന ചില വാക്കുകളും അവയുടെ നിവർത്തീകരണവും ചുവടെയുള്ള പട്ടികയിൽ കാണാം.

| പഴയ നിയമം (പ്രവചനം) | പുതിയനിയമം (നിവൃത്തീകരണം) |
| --- | --- |
| **(സെഖ. 9:9)** സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക, യെരുശലേം പുത്രിയെ, ആർപ്പിടുക! ഇതാ നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു. | **(മത്താ. 21:1–4)** അനന്തരം അവർ യെരുശലേമിനോട് സമീപിച്ചു ഒലിവ് മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ചു; നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചു കൊണ്ടുവരുവിൻ. നിങ്ങളോടു ആരാനും വല്ലതും പറഞ്ഞാൽ: കർത്താവിന് ഇവയെക്കൊണ്ടു ആവശ്യം ഉണ്ടു എന്നു പറവിൻ; തൽക്ഷണം അവൻ അവയെ അയക്കും എന്നു പറഞ്ഞു. “സീയോൻ പുത്രിയോടു: ഇതാ, നിന്റെ രാജാവു സൌമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ.” |
| **(സങ്കീ. 78:2)** ഞാൻ ഉപമ പ്രസ്താവിക്കാൻ വായ് തുറക്കും; പുരാതനകടങ്കഥകളെ ഞാൻ പറയും. | **(മത്താ. 13:34–35)** ഇതു ഒക്കെയും യേശു പുരുഷാരത്തോടു ഉപമകളായി പറഞ്ഞു; ഉപമ കൂടാതെ അവരോടു ഒന്നും പറഞ്ഞില്ല; ‘‘ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; ലോകസ്ഥാപനം മുതൽ ഗൂഢമായതു ഉച്ചരിക്കും” എന്നു പ്രവാ |

| | |
|---|---|
| | ചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ സംഗതി വന്നു. |
| **(സെഖ. 11:12)** ഞാൻ അവരോടു: നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ എന്റെ കൂലി തരുവിൻ; ഇല്ലെന്നുവരികിൽ തരേണ്ടാ എന്നു പറഞ്ഞു; അങ്ങനെ അവർ എന്റെ കൂലിയായി മുപ്പതു വെള്ളിക്കാശു തൂക്കിത്തന്നു. | **(മത്താ. 26.14–15)** അന്നു പന്തിരുവരിൽ ഒരുവനായ യൂദാ ഈസ്ക്കര്യോത്താവു മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു: നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചു തരാം എന്നു പറഞ്ഞു: അവർ അവന്നു മുപ്പതു വെള്ളിക്കാശു തൂക്കിക്കൊടുത്തു. |
| **(സങ്കീ. 22:18)** എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു. | **(മത്താ. 27:35)** അവനെ ക്രൂശിൽ തറച്ച ശേഷം അവർ ചീട്ടിട്ടു അവന്റെ വസ്ത്രം പകുത്തെടുത്തു. |
| **(സങ്കീ. 16:10)** നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ല. | **മർക്കൊ. 16:6–7** അവൻ അവരോടു: ഭ്രമിക്കേണ്ട; ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വെച്ച സ്ഥലം ഇതാ, നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും: അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോടു പറഞ്ഞതു പോലെ അവിടെ അവനെ കാണും എന്നു പറവിൻ എന്നു പറഞ്ഞു. |

ദൈവത്തിന്റെ പ്രവർത്തന രീതിയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന രീതി.

നിങ്ങളും ദൈവത്തിന്റെ അതെ പ്രവർത്തന രീതിയിലാണ്. നാം കഴിഞ്ഞ നാളുകളിൽ പറഞ്ഞതാണ് ഇന്ന് അനുഭവിക്കുന്നത്. അപ്പോൾ നമ്മുടെ ജീവിതത്തിൽ ഇനി എന്താണ് വേണ്ടത് എന്ന് നമ്മൾ തീരുമാനിക്കണം. എന്നിട്ട് നമുക്ക് വേണ്ടത് മാത്രം വചന പ്രകാരം പറയണം.

ദൈവം എന്തു കല്പിച്ചുവോ അത് തന്റെ നാമത്തിന് മുകളിൽ (ചിത്രം 18) വന്നു എന്നത് മുമ്പ് കണ്ട ചിത്രത്തിലൂടെ നാം മനസ്സിലാക്കിയല്ലോ. തുടർന്ന് താൻ കല്പിച്ചതുപോലെ സംഭവിച്ചു.

## ദൈവത്തിന്റെ പ്രവർത്തന രീതി തന്നെയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന രീതി

പ്രിയ ദൈവപൈതലെ, ദൈവത്തിന്റെ പ്രവർത്തന രീതി തന്നെയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന രീതി. ഞാനും നിങ്ങളും ദൈവത്തിന്റെ അതെ പ്രവർത്തന രീതിയിലാണ്. ഞാനും നിങ്ങളും കഴിഞ്ഞ നാളുകളിൽ എന്തു പറഞ്ഞുവോ അതാണ് ഇന്ന് അനുഭവിക്കുന്നത് എന്ന് നാം മനസ്സിലാക്കിയല്ലോ. അപ്പോൾ നമ്മുടെ ജീവിതത്തിൽ ഇനി എന്താണ് വേണ്ടതെന്ന് നമ്മൾ തീരുമാനിക്കണം. എന്നിട്ട് നാം നമുക്ക് വേണ്ടത് മാത്രം വചനപ്രകാരം പറയണം. അങ്ങനെ ഒരു തീരുമാനം നമ്മുടെ ജീവിതത്തിൽ നാം എടുക്കണം. പാമ്പിനെ (ദുഷ്ടനെ) ആവശ്യമില്ലാത്തത് പറഞ്ഞ്, ഇനിയും വീട്ടിലെ സാഹചര്യങ്ങളിലേക്ക് കൊണ്ടുവരരുത്. പിശാചിന്റെ ആലോചനയോട് എന്നെന്നേക്കുമായി നാം വിട പറയണം.

> പിശാചിനോ, ദൈവദൂതന്മാർക്കോ മനുഷ്യർ അനുവദിക്കാതെ (പറയാതെ) സ്വയമായി ഭൂമിയിൽ കാര്യം നടത്തിത്തരാൻ അധികാരമില്ല. കാരണം ദൈവം ഭൂമിയിൽ അധികാരം നല്കിയിരിക്കുന്നത് മനുഷ്യർക്കാണ്.

നാം ചീത്ത നിക്ഷേപത്തിൽ നിന്നും പറഞ്ഞാൽ അതായത്, ലോകത്തിന്റെ ജഡത്തിന്റെ ശാപത്തിന്റെ വാക്കുകൾ പറഞ്ഞാൽ; (സങ്കീ. 39:1) ഈ സങ്കീർത്തന പ്രകാരം നമ്മുടെ വായ്ക്ക് മുമ്പിൽ കാത്തു നില്ക്കുന്ന പിശാച് നാം പറയുന്ന പ്രകാരം നമ്മുടെ ജീവിതത്തിൽ തിന്മ സാധിപ്പിച്ച് തരും.

ഒരു കാര്യം നാം മനസ്സിലാക്കണം പിശാചിനോ, ദൈവദൂതന്മാർക്കോ മനുഷ്യർ അനുവദിക്കാതെ (പറയാതെ) സ്വയമായി ഭൂമിയിൽ കാര്യം നടത്തിത്തരാൻ അധികാരമില്ല. കാരണം ദൈവം ഭൂമിയിൽ അധികാരം നല്കിയിരിക്കുന്നത് മനുഷ്യർക്കാണ്.


**"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യർക്ക് കൊടുത്തിരിക്കുന്നു." (സങ്കീ. 115:16)**

**"ഞാൻ നിന്റെ ശത്രുക്കളെ നിനക്കു പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്ക" എന്നു ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ? അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കു അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?" (എബ്രാ. 1:13-14)**




**പരിജ്ഞാനമില്ലാത്ത മാതാവ് വാക്കുകൾ കൊണ്ട് തന്റെ കുടുംബത്തെ തകർക്കുന്നു.**

(ചിത്രം 19)




**പരിജ്ഞാനമില്ലാത്ത സഹോദരി എതിർ വാക്കുകൾ കൊണ്ട് സ്വയം തകർക്കപ്പെടുന്നു.**

(ചിത്രം 20)

പിതാവിന്റെ ഇഷ്ടപ്രകാരം നടത്തി തരും. അതായത് ഇനി നാം ലോകത്തിൽ കാണുന്നത് സംസാരിക്കുന്നില്ല. പകരം ദൈവാത്മാവ് എടുത്ത് തരുന്ന അതോടൊപ്പം നമ്മെ വിഴുങ്ങുവാനിരിക്കുന്ന പിശാചിന്റെ ദൂതന്മാർ ചീത്ത വാക്കുകളും നമ്മുടെ ജിവിതത്തിൽ നടത്തി തരും. അതിനാൽ നല്ലതു മാത്രം പറയാൻ ശ്രദ്ധിക്കുക.

***ദൈവരാജ്യത്തിന്റെ കറൻസിയാണ് 'ദൈവവചനം'. നമ്മൾ പറയുന്ന ഓരോ ദൈവവചനവും ദൈവരാജ്യത്തെ പണിയുവാനിടയാകുന്നു. നമ്മൾ പറയുന്ന ദൈവവചനത്തിനെതിരായ ഓരോ വാക്കുകളും ലോകത്തിലേക്ക് ദൈവരാജ്യം വളരുന്നതിനെ ശിഥിലമാക്കുന്നു.***




**മനുഷ്യന്റെ ആജ്ഞ അനുസരിക്കുവാൻ അവന്റെ വായ്ക്കു മുൻപിൽ കാത്തു നിൽക്കുന്ന പൈശാചിക ദൂതന്മാരും, വീണ്ടെടുക്കപ്പെട്ടവരുടെ ദൈവാനുസൃതമായ വാക്കുകൾ നിവർത്തിക്കുവാൻ മുൻപിൽ കാത്തു നില്ക്കുന്ന ദൈവ ദൂതന്മാരും.**

(ചിത്രം 21)


ദൈവവചനത്തിനനുസൃതമായി സംസാരിച്ചാൽ ദൈവദൂതന്മാർ നല്ല നിക്ഷേപത്തിൽ (ദൈവവചനാടിസ്ഥാനത്തിൽ) നിന്ന് നമ്മൾ വിളിച്ച് പറയുന്ന കാര്യങ്ങൾ ആത്മീയ നിയമങ്ങൾ അനുസരിച്ച് നമ്മുടെ ജീവിതത്തിൽ കൊണ്ടുവന്നു തരും.

**“അവന്റെ വചനത്തിന്റെ ശബ്ദം കേട്ടു അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരെ, യഹോവയെ വാഴ്ത്തുവിൻ.” (സങ്കീ. 103:20)**

അതുകൊണ്ട് ജീവിതത്തിൽ ദൈവവചനത്തിൽ പറയുന്ന നല്ല കാര്യങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു എങ്കിൽ നാം ദൈവരാജ്യത്തിന്റെ നിയമങ്ങൾ വചനത്തിനുള്ളത് വിളിച്ച് പറയുക. രാവിലെ യജമാനൻ തന്റെ വീട്ടിലുള്ള ഭൃത്യന്മാർക്ക് ജോലി കൊടുക്കുന്നത് പോലെ അത് നമ്മുടെ പിതാവായ ദൈവം നമുക്ക് നിയമിച്ചിട്ടുള്ള സേവകാത്മാക്കളായ ദൂതന്മാർ വചനത്തിലൂടെ വേണ്ടത് സംസാരിക്കും.




**ദൈവവചനത്താൽ തലമുറയെ പണിതെടുക്കുവാൻ വചനം കൊണ്ട് ജീവിക്കുന്ന മാതാവ്.** (ചിത്രം 22)




■ **വചനം കൊണ്ട് ജീവിക്കുന്ന മാതാവ് തന്റെ കുടുംബത്തെ ദൈവ വചന അടിസ്ഥാനത്തിൽ പണിതെടുക്കുന്നു** (ചിത്രം 23)

കാണുന്നത് സംസാരിച്ചാൽ നമ്മുടെ വായ്ക്കു മുമ്പിൽ കാത്ത് നില്ക്കുന്ന പിശാച് പ്രവർത്തിക്കും. അങ്ങനെ തിന്മയായ ഫലം നമ്മുടെ ജീവിതത്തിൽ ഉണ്ടാകും.

**"നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു."**

**(സങ്കീ. 39:1)**

ദൈവാത്മാവിന്റെ നടത്തിപ്പിൽ വചനപ്രകാരം നാം സംസാരിച്ചാൽ പിന്നെ പിശാചിന് പണിയില്ല. പകരം ദൈവദൂതന്മാർ നല്ലത് കൊണ്ടു വരുവാനിടയാകും. ഇതുകൊണ്ടാണ് സദൃ. 18:21 ൽ പറഞ്ഞിരിക്കുന്നത്,

**"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു;"**
**(സദൃ. 18:21)**




**ദൈവവചനത്തിലൂടെയുള്ള ജീവിതം കൊണ്ട് തനിക്കെതിരെയുള്ള പ്രതികൂലങ്ങളെ തകർത്ത് ജയം പ്രാപിക്കുന്ന സഹോദരി.**
(ചിത്രം 24)

ഒരു ഫാക്ടറിയിലെ തൊഴിലാളികൾ രാവിലെ വന്ന് തങ്ങളുടെ

വർക്ക് ഷീറ്റിൽ അല്ലെങ്കിൽ നോട്ടീസ് ബോർഡിൽ തങ്ങൾക്ക് എന്തെല്ലാം പണിയാണ് ഇന്നെ ദിവസം തങ്ങളുടെ യജമാനൻ എഴു തിയിരിക്കുന്നതെന്ന് മനസ്സിലാക്കി അതു ചെയ്യുന്നത് പോലെ, നാം പറ യുന്ന വാക്കുകൾ നല്ലതായാലും (ജീവൻ) ചീത്തയായാലും (മരണം) നമ്മോട് കൂടെയുള്ള ദൈവദൂതന്മാർ നല്ല വാക്കുകളും അതോടൊപ്പം നമ്മെ വിഴുങ്ങുവാനിരിക്കുന്ന പിശാചിന്റെ ദൂതന്മാർ ചീത്ത വാക്കുകളും നമ്മുടെ ജിവിതത്തിൽ നടത്തി തരും. അതിനാൽ നല്ലതു മാത്രം പറയാൻ ശ്രദ്ധിക്കുക.

> ന്യായവിധി ദിവസത്തിൽ നമ്മോട് കണക്ക് ചോദിക്കുന്നത് നാം ഭൂമിയിൽ സംസാരിച്ച ഓരോ വാക്കുകൾക്കും കൂടിയാണ്.

ഇതുകൊണ്ടാണ് മത്താ. 12:36 ൽ പറയുന്നത്. ന്യായവിധി ദിവസ ത്തിൽ നമ്മോടു കണക്ക് ചോദിക്കുന്നത് നാം ഭൂമിയിൽ സംസാരിച്ച ഓരോ വാക്കുകൾക്കും കൂടിയാണ്. അതായത് ദൈവരാജ്യത്തിന്റെ കറൻസിയാണ് 'ദൈവവചനം'. നമ്മൾ പറയുന്ന ഓരോ ദൈവവച നവും ദൈവരാജ്യത്തെ പണിയുവാനിടയാകുന്നു. നമ്മൾ പറയുന്ന ദൈവവചനത്തിനെതിരായ ഓരോ ലോക വചനവും ദൈവരാജ്യത്തെ ശിഥിലമാക്കുന്നു.

**"എന്നാൽ മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു." (മത്താ. 12:36)**

അതുകൊണ്ട് ദൈവീക ബുദ്ധിയു ള്ളവരായി നമ്മുടെ നാവിനെ ദൈവാ ത്മാവിന്റെ സഹായത്തോടെ നിയ ന്ത്രിച്ച് ലോകത്തിന്റെ ജഡത്തിന്റെ വാക്കുകൾ പറയാതെ, വചനാനുസൃ തമായ വാക്കുകൾ പറഞ്ഞാൽ, ഉപ യോഗിച്ചാൽ നമ്മുടെ സാഹചര്യം നമുക്ക് നിയന്ത്രിക്കാൻ മാത്രമല്ല ദൈവരാജ്യം അതിലൂടെ പണിയു കയും ചെയ്യാം. ദൈവം അതിന് നമ്മെ സഹായിക്കട്ടെ.

> ഇനി നാം ലോകത്തിൽ കാണുന്നത് സംസാരിക്കുന്നില്ല പകരം ദൈവാത്മാവ് എടുത്തു തരുന്ന വചനത്തിലൂടെ വേണ്ടത് സംസാരിക്കും.

# പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ അങ്ങ് തന്ന വചനത്തിനായി നന്ദി. എന്റെ ജീവിതത്തിൽ വചനത്തിന് നിരക്കാത്ത ധാരാളം വാക്കുകൾ ഞാൻ പറയുകയും ചെയ്തിട്ടുണ്ട്. അതിനെ ഓർത്ത് ഞാൻ പശ്ചാത്തപിക്കുന്നു, മാനസാന്തരപ്പെടുന്നു, എന്നോട് ക്ഷമിക്കണമെ. ഇനി എന്റെ ജീവിതത്തിൽ എനിക്ക് പറയാനുള്ളതല്ല, പകരം അങ്ങ് പറഞ്ഞത് പറയുവാനും, അത് എന്റെ ജീവിതത്തിൽ അനുഭവിക്കുവാനും എന്നെ സഹായിക്കണമെ.....യേശുവിൻ നാമത്തിൽ തന്നെ,-ആമേൻ...*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ദൈവത്തിന്റെ പ്രവർത്തന ശൈലി തന്നെയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന ശൈലി. ഈ പ്രവർത്തന ശൈലി മനസ്സിലാക്കി പ്രവർത്തിക്കുന്ന മനുഷ്യൻ തോൽവിയിൽ നിന്ന് നിത്യ ജയത്തിലേക്ക് കടന്നുവരും.
2. ദൈവീക തേജസ്സ് ഇല്ലാതായപ്പോൾ തന്നെ നമ്മുടെ പ്രവർത്തനശൈലിയും നാം മറന്നുപോയി.
3. ദൈവം എന്ത് കല്പിച്ചുവോ അത് ദൈവത്തിന്റെ നാമത്തിന് മുകളിൽ വന്ന് അത് അപ്രകാരം സംഭവിച്ചു. എന്നിട്ട് ഓരോ പ്രാവശ്യവും വചനം പറയുകയാണ് 'എഴുതിയിരിക്കുന്നത് പോലെ നിവൃത്തിയാകേണ്ടതിന്' എന്നുവച്ചാൽ എഴുതിയത് അതിന് മുമ്പ് പറഞ്ഞതാണ്.
4. ദൈവം, താൻ കണ്ടതിനെക്കുറിച്ച് ഒന്നും വിളിച്ച് പറയാതെ തനിക്ക് വേണ്ടത് വിളിച്ച് പറഞ്ഞു. വെളിച്ചമുണ്ടാകട്ടെയെന്ന് ദൈവം കല്പിച്ചു. ദൈവം എന്ത് കല്പിച്ചുവോ അത് ഉണ്ടായി. അതുപോലെ തന്നെയാണ് നാം ചെയ്യേണ്ടത്.
5. ആത്മീയലോകത്തിൽ നിന്നും ഭൗതിക ലോകത്തിലേക്ക് എന്തെങ്കിലും കൊണ്ടുവരാനുള്ള പാലം ആണ് 'നാവ്'. നമ്മുടെ അകത്ത് നല്ല നിക്ഷേപവും ചീത്ത നിക്ഷേപവും ഉണ്ട്. ഏത് കൊണ്ടുവരണമെന്ന് തീരുമാനിക്കേണ്ടത് നാമാണ്.

6. നാവ് പലപ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല. അത് നരകവുമായും ദൈവരാജ്യവുമായും ബന്ധപ്പെടുത്തിയിരിക്കുന്നു.

7. ഞാനും നിങ്ങളും ദൈവത്തിന്റെ അതേ പ്രവർത്തനരീതിയിലാണ്. ഞാനും നിങ്ങളും കഴിഞ്ഞ നാളുകളിൽ എന്ത് പറഞ്ഞുവോ അതാണ് ഇന്ന് അനുഭവിക്കുന്നത്. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ ഇനി എന്താണ് വേണ്ടത് എന്ന് നാം തീരുമാനിക്കണം. എന്നിട്ട് നാം നമുക്ക് വേണ്ടത് മാത്രം വചനപ്രകാരം പറയണം.

8. പിശാചിനോ, ദൈവദൂതന്മാർക്കോ മനുഷ്യർ അനുവദിക്കാതെ (പറയാതെ) സ്വയമായി ഭൂമിയിൽ കാര്യം നടത്തിത്തരാൻ അധികാരമില്ല. കാരണം ദൈവം ഭൂമിയിൽ അധികാരം നല്കിയിരിക്കുന്നത് മനുഷ്യർക്കാണ്.

9. ന്യായവിധി ദിവസത്തിൽ നമ്മോട് കണക്ക് ചോദിക്കുന്നത് നാം ഭൂമിയിൽ സംസാരിച്ച ഓരോ വാക്കുകൾക്കും കൂടിയാണ്. അതായത് ദൈവരാജ്യത്തിന്റെ കറൻസിയാണ് 'ദൈവവചനം'. നമ്മൾ പറയുന്ന ഓരോ ദൈവവചനവും ദൈവരാജ്യത്തെ പണിയുവാനിടയാകുന്നു. നമ്മൾ പറയുന്ന ദൈവവചനത്തിനെതിരായ ഓരോ ലോക വചനവും ദൈവരാജ്യത്തെ ശിഥിലമാക്കുന്നു.

10. ദൈവത്തിന്റെ നാമത്തെക്കാൾ ഉപരിയായ ഒന്നുണ്ട്. ദൈവം താൻ പറഞ്ഞ വാക്കുകൾ എല്ലാം, താൻ പറഞ്ഞ വാഗ്ദാനങ്ങൾ എല്ലാം തന്റെ നാമത്തിന്റെ മുകളിലാണ് വച്ചിരിക്കുന്നത്.

11. ദൈവത്തിന്റെ പ്രവർത്തനശൈലി പിൻതുടരാതെ നമ്മുടെതായ രീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് നാം പരാജയപ്പെടുന്നത്.

12. സർവ്വരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. ദൈവീക തേജസ്സ് ഇല്ലാതായപ്പോൾ തന്നെ നമ്മുടെ പ്രവർത്തന ശൈലിയും നാം മറന്ന് പോയി.

13. ദുഷ്ടൻ നമ്മുടെ മുമ്പിൽ ഇരിക്കുന്നത്, നമ്മുടെ വായിൽ നിന്നും വീഴുന്ന ദൈവവചനത്തിന് നിരക്കാത്ത ഒരു വാക്കെങ്കിലും കിട്ടിയാൽ അത് കൊണ്ടുപോയി കാര്യം നടത്തുക എന്നതാണ് ദുഷ്ടന്റെ പദ്ധതി.

14. ദൈവവചനത്തിനനുസൃതമായി നമ്മൾ എന്തു പറയുന്നുവോ അത് നടപ്പിലാക്കി തരുന്നതാണ് സേവകാത്മാക്കളായ ദൈവദൂതന്മാർ.



## അദ്ധ്യായം 11

# നിരന്തരം തോല്ക്കുന്ന ദൈവപൈതലോ?; നിനക്കും ജയിക്കാം!

'നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു; നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ." (1 യോഹ 4:4)

***വചനം കൊണ്ട് ജീവിക്കുമ്പോൾ ആത്മലോകത്തിൽ എന്ത് സംഭവിക്കുന്നു?***

## വാക്കുകളുടെ പ്രാധാന്യം

ക്രിസ്തുവിന്റെ ആധിപത്യം എങ്ങനെ നമ്മിലൂടെ സ്ഥാപിക്കാം എന്ന് പഠിക്കുകയും, അത് നമ്മളിലൂടെ പ്രാവർത്തികമാക്കുകയും ചെയ്താൽ എല്ലായിടവും നമുക്ക് ജയം പ്രാപിക്കുവാൻ കഴിയും. ദൈവത്തിന്റെ വചനം പറയുന്നു,

**"ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു." (1 യോഹ. 5:4)**

ക്രിസ്തുവിന്റെ ആധിപത്യം സ്ഥാപിക്കണമെങ്കിൽ ആദ്യം ഒരു വ്യക്തി പിശാചിനെ ക്രിസ്തുവിന്റെ രക്തത്താൽ ജയിക്കണം. രക്തത്താൽ ജയിച്ചാൽ ആ വ്യക്തി ദൈവരാജ്യത്തിൽ വന്നു. രക്തത്താൽ നാം ജയിക്കുമ്പോൾ, അതായത് നാം യേശുക്രിസ്തുവിനാൽ വീണ്ടും ജനിക്കുമ്പോൾ ക്രിസ്തുവിന്റെ ആധിപത്യം നമ്മിൽ തുടങ്ങുകയായി. പക്ഷെ എന്ന് നാം നമ്മുടെ വായിൽ നിന്നുള്ള സാക്ഷ്യവചനം ഉപയോഗിച്ച് പിശാചിനെ ജയിക്കാൻ തുടങ്ങുന്നുവോ, അപ്പോൾ മുതൽ ക്രിസ്തുവിന്റെ ആധിപത്യം നമ്മിലും, തുടർന്ന് നമ്മി

> ആദ്യം ക്രിസ്തുവിന്റെ ആധിപത്യം നമ്മിലും, തുടർന്ന് നമ്മളിലൂടെ ലോകത്തിലും വളരുവാൻ ഇടയാകുന്നു.

ലൂടെ ലോകത്തിലും വളരുവാൻ ഇടയാകുന്നു.

വെളിപ്പാട് പുസ്തകം 12:11 ൽ സഹോദരന്മാരെ രാപകൽ ദൈവ സന്നിധിയിൽ കുറ്റം പറയുന്ന പിശാചിനെ അവർ യേശുവിന്റെ രക്തം മുഖേനയും, തങ്ങളുടെ സാക്ഷ്യവചനം മുഖേനയും ജയിച്ചിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നു.

'എന്താണ് സാക്ഷ്യവചനം' നമുക്ക് മനസ്സിലാക്കാം:

നമ്മുടെ പ്രവർത്തന രീതി എന്ന് പറയുന്നത്, യേശുക്രിസ്തുവിന്റെ അതായത് പിതാവിന്റെ പ്രവർത്തന രീതിയാണെന്ന് നാം മനസ്സിലാക്കിയല്ലോ. നമുക്ക് എന്തെങ്കിലും വേണമെങ്കിൽ, എന്തെങ്കിലും കാര്യങ്ങൾ നടക്കണമെങ്കിൽ ദൈവത്തിന്റെ അതേ പ്രവർത്തന രീതി നാം പിന്തുടരണം. എഫെ 5:1 ൽ ദൈവവചനം ഇപ്രകാരം പറയുന്നു; 'ആകയാൽ പ്രിയമക്കൾ എന്ന പോലെ ദൈവത്തെ അനുകരിക്കുവിൻ'. ആകയാൽ നാം ഇനി വീണ്ടും ലോകത്തിന്റെ രീതിയിൽ പോകരുത്. ദൈവം ഉൽപ്പത്തിയിൽ ചെയ്ത കാര്യം നമുക്ക് ശ്രദ്ധിക്കാം. ദൈവത്തിന് വെളിച്ചം വേണം. പക്ഷെ ദൈവം നോക്കിയപ്പോൾ കണ്ടത് ഭൂമി മുഴുവൻ പാഴും ശൂന്യവുമായിരിക്കുന്ന അവസ്ഥയാണ്, മാത്രമല്ല അവിടെ മുഴുവൻ അന്ധകാരം ആണ്, ഇരുട്ടാണ്. (ഉൽപ്പ 1:2)

നമ്മൾ ഒരു വീട്ടിലേക്കോ നമ്മുടെ ഏതെങ്കിലും ഓഫീസിലേക്കോ ചെന്നാൽ വളരെ പാഴും ശൂന്യവുമായ ഒരു അവസ്ഥ, അല്ലെങ്കിൽ? പൈശാചികമായ ഇരുളിന്റെ അവസ്ഥ കണ്ടാൽ, നമ്മിൽ മിക്കവരും അത് കണ്ടിട്ട് ഇപ്രകാരം വിളിച്ച് പറയും; അയ്യോ! എല്ലാം പോയി, എല്ലാം തകർന്നു!

> ദൈവം കണ്ടത് വിളിച്ച് പറയുകയില്ല, പകരം ദൈവം വേണ്ടത് വിളിച്ച് പറയും.

നമ്മൾ കണ്ട വിഷയം വിളിച്ച് പറഞ്ഞ് നാം കരയും, മാത്രമല്ല; സകലരോടും വിളിച്ച് പറയും. അതായത് അയൽക്കാരോട്, വഴിയെ പോകുന്നവരോട്, മീൻ വില്ക്കുന്നവരോട്, പാൽക്കാരനോട്, എല്ലാവരോടും നാം കണ്ടത് വിളിച്ച് പറയും. എന്നാൽ ദൈവത്തിന്റെ സ്വഭാവം അതല്ല ദൈവം കണ്ടത് വിളിച്ച് പറയുകയില്ല പകരം ദൈവം വേണ്ടത് വിളിച്ച് പറയും. ദൈവം പാഴും ശൂന്യവുമായ ഭൂമിയുടെ അവസ്ഥ കണ്ടിട്ട് അല്ലെങ്കിൽ ഇരുള് കണ്ടിട്ട് ഒരു പ്രാവശ്യം പോലും അതിനെ കുറിച്ച് വിളിച്ച് പറഞ്ഞില്ല.

പിന്നെയോ ദൈവം തനിക്ക് വേണ്ടത് വിളിച്ച് പറഞ്ഞു. തനിക്ക് വേണ്ടത് എവിടെയുണ്ടെന്ന് അറിയാമോ? അത് ദൈവത്തിന്റെ ഉള്ളിൽ തന്നെ യുണ്ട്. താൻ ലോകത്തിൽ കണ്ടത് വിളിച്ച് പറയാതെ തനിക്ക് വേണ്ടത് എന്താണോ അത് വിളിച്ച് പറഞ്ഞു.

**“വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി.” (ഉൽപ്പ 1:3)**

ഇന്ന് നമ്മുടെ ഭവനങ്ങളിലോ, സഭകളിലോ, ജോലി സ്ഥലത്തോ മറ്റ് എവിടെയെങ്കിലുമോ പാഴും ശൂന്യവുമായ അവസ്ഥയാണ് ഞാനും നിങ്ങളും കാണുന്നതെങ്കിൽ അത് വിളിച്ച് പറഞ്ഞ് നടക്കരുത്. അത് നമ്മുടെ ദൈവത്തിന്റെ രീതിയല്ല, പകരം ദൈവത്തിന്റെ വചനപ്രകാരം നമുക്ക് എന്താണോ വേണ്ടത് അത് മാത്രം നാം വിളിച്ച് പറയുക. നാം വിളിച്ച് പറയുന്നത് നമ്മുടെ ഉള്ളിൽ ഉണ്ടായിരിക്കണം. അത് ദൈവ ത്തിൽ നിന്നും നമുക്ക് ലഭിക്കും അതിനായി നാം പ്രാർത്ഥിക്കണം. ദൈവത്തിൽ നിന്നും കിട്ടിയത്, അതായത് ദൈവം നമുക്ക് അനുവദി ച്ചത് നമ്മിൽ ഉണ്ടെങ്കിൽ നാം വിളിച്ച് പറയുമ്പോൾ അത് നമുക്ക് ഭൗതിക ലോകത്ത് ലഭിക്കുവാൻ ഇടയാകും. അത് ദൈവത്തിന്റെ അതെ പ്രവർത്തന രീതിയാണ്. ആകയാൽ പ്രിയമക്കൾ എന്ന പോലെ ദൈവം എന്തു ചെയ്യുന്നുവോ അത് തന്നെ നിങ്ങളും ചെയ്യുവിൻ.

**“ആകയാൽ പ്രിയമക്കൾ എന്ന പോലെ ദൈവത്തെ അനുക രിപ്പിൻ.” (എഫെ. 5:1)**

1 യോഹ. 4-17 ൽ **“അവൻ ഇരിക്കുന്നതുപോലെ ഈ ലോക ത്തിൽ നാമും ഇരിക്കുന്നു.”** എന്നാണ് ദൈവവചനം പറയുന്നത്. അപ്പോൾ ദൈവത്തിന്റെ തത്വം ആണ് ഇനി നമ്മുടെയും തത്വം. ദൈവം തന്റെ വിശുദ്ധർക്ക് പ്രവർത്തിക്കാൻ തന്നിരിക്കുന്ന തത്വമാണ് വിശ്വാ സം.

## വിശ്വാസം ഒരു ജീവിത ശൈലി

ദൈവത്തിന്റെ വചനം പറയുന്നു. **“നീതിമാൻ വിശ്വാസത്താൽ ജീവിക്കും.” (റോമ. 1:17)**

അപ്പോൾ വിശ്വാസം എന്നത് കേവലം ഒരു തത്വം മാത്രമല്ല. ഒരു ജീവിതശൈലി കൂടിയാണ് എന്ന് നമുക്ക് മനസ്സിലാക്കാം. താൻ കാണു ന്നത് അല്ല, തനിക്ക് വേണ്ടത് ദൈവം വിളിച്ച് പറഞ്ഞപ്പോൾ ലോക ത്തിന്റെ ഇരുളടഞ്ഞ അവസ്ഥയ്ക്ക് മാറ്റം വന്നു. ദൈവം പറഞ്ഞു,

**“വെളിച്ചം ഉണ്ടാകട്ടെ.”**

**"ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല."**
**(1 യോഹ. 1:5)**

> വിശ്വാസമെന്നത് കേവലം ഒരു തത്വം മാത്രമല്ല, ജീവിത ശൈലി കൂടിയാണ്.

ഇപ്പോൾ അവിടെ രണ്ട് വെളിച്ചം കാണാം, ഒന്ന് ദൈവം പ്രകാശമാണ്. ആത്മീയപ്രകാശമാണ് ദൈവത്തിൽ ഉള്ളത്. എന്നാൽ ഈ ആത്മീയ പ്രകാശത്തിൽ നിന്ന് ഭൗതിക പ്രകാശം ഉണ്ടാക്കുവാൻ കഴിയും, ഇതാണ് രണ്ടാമത്തെ പ്രകാശം. എങ്കിലെ ഭൗതിക ലോകമായ ഭൂമിയിൽ പ്രകാശം വരുകയുള്ളൂ. ആത്മീയ വസ്തുതയെ ഭൗതിക ലോകത്തിൽ കൊണ്ടുവരുവാനാണ് വിശ്വാസം ആവശ്യമായിരിക്കുന്നത്. അതായത് വിശ്വാസത്തെ പ്രവർത്തന പദ്ധതിയിൽ കൊണ്ടുവരണം. ദൈവം എന്ത് ചെയ്തു? തന്റെ ഉള്ളിലുള്ള ആത്മീയ പ്രകാശത്തെ ദൈവം വായ് തുറന്ന് കല്പ്പിച്ചപ്പോൾ ആത്മീയ പ്രകാശത്തിൽ നിന്ന് ഭൗതിക പ്രകാശം രൂപപ്പെട്ടു.

ഉദാ: നമ്മുടെ അടുക്കളയിലെ ഗ്യാസ്, ആ സിലിണ്ടറിന്റെ ഉള്ളിലുള്ള പദാർത്ഥം വെള്ളമായിട്ടാണ്, അത് ഒന്ന് കുലുക്കിയാൽ കുലുങ്ങും. പക്ഷെ അത് തുറന്ന് കഴിഞ്ഞാൽ അതിന്റെ ഉള്ളിൽ നിന്നും ആ കുഴലിലൂടെ പുറത്തേക്ക് വരുന്നത് വെള്ളമായിട്ടല്ല, വാതകമായിട്ടാണ്. അതായത് വെള്ളത്തിന്റെ അവസ്ഥ ദ്രാവകത്തിൽ നിന്ന് വാതകമായി മാറുകയാണ്. ഇതെ പോലെ ദൈവം നമ്മുടെ അകത്ത് നമ്മെ കേൾപ്പിച്ച വചനം ('രേമ വചനം' Rhema word) നമ്മുടെ വായിലൂടെ പുറത്തേക്ക് വരുമ്പോൾ അകത്ത് ആത്മീയ വസ്തു, അഥവാ വസ്തുതയായിരുന്നത് പുറത്ത് ദൗതിക വസ്തു, അല്ലായെങ്കിൽ വസ്തുതയായി മാറും. ആത്മീയ ലോകത്തിൽ നിന്നും ഭൗതിക ലോകത്തിലേക്കുള്ള പ്രധാന വഴിയാണ് നമ്മുടെ വായ്.

> ആത്മീയ ലോകത്തിൽ നിന്നും ഭൗതിക ലോകത്തിലേക്കുള്ള പ്രധാന വഴിയാണ് നമ്മുടെ വായ്.

നാം പലപ്പോഴും ഇങ്ങനെ ചിന്തിക്കും, എന്ത് കൊണ്ടാണ് എന്റെ ജീവിതത്തിൽ ഈ പ്രശ്നം കടന്നുവരുന്നത്? എന്താ എന്റെ മകൻ, തലമുറ നാശത്തിലേക്ക് പോയത്? എന്താണ് എന്റെ ജോലിയിൽ, എന്റെ ജീവിതത്തിൽ ഇങ്ങനെ സംഭവിച്ചത്? മറുപടി കിട്ടാത്ത ഈ വിഷയങ്ങൾക്ക്, ഇത്തരം ചോദ്യങ്ങൾക്ക്, പലതിനും മറുപടി തരുവാൻ കർത്താവ് ഇതിൽ കൂടി ആഗ്രഹിക്കുന്നു.

## വാക്കുകൾക്ക് കണക്ക് കൊടുക്കണം!

ദൈവത്തിന്റെ പ്രവർത്തന രീതിയാണ് നമ്മുടെയും പ്രവർത്തന രീതിയെന്ന് ഇപ്പോൾ നമുക്ക് അറിയാം. ഒരു കാര്യം നാം മനസ്സിലാക്കിയാൽ വളരെ നന്നായിരിക്കും. കർത്താവ് ന്യായവിധി ദിവസത്തിൽ കണക്ക് ചോദിക്കുന്നത് എന്തിനാണെന്ന് അറിയാമോ?

അതായത് ഭൂമിയിലെ ഒരു യജമാനൻ തന്റെ സ്ഥാപനം ഒരാളെ ഏല്പിച്ചിട്ട് പോയി. കുറച്ച് നാൾ കഴിഞ്ഞ് അദ്ദേഹം തിരിച്ച് വന്ന് അവനോട് എന്തിന്റെ കണക്ക് ആയിരിക്കും ചോദിക്കുന്നത്? തന്റെ സ്ഥാപനത്തിന്റെ കണക്ക്.

അതുപോലെ 2 ലക്ഷം രൂപ കൊടുത്തിട്ടാണ് പോയതെങ്കിൽ തിരിച്ച് വരുമ്പോൾ എന്തിനായിരിക്കും കണക്ക് ചോദിക്കുന്നത്. താൻ കൊടുത്ത പണത്തിനായിരിക്കും (2 ലക്ഷം രൂപയ്ക്കായിരിക്കും) കണക്ക് ചോദിക്കുന്നത്.

എന്നാൽ ന്യായവിധി ദിവസത്തിൽ ദൈവം കണക്ക് ചോദിക്കുന്നത് എന്തിനാണെന്നറിയാമോ? നാം ഭൂമിയിൽ പറഞ്ഞ ഓരോ വാക്കിനും, ഓരോ വാക്കുകൾക്കും കൂടെ ആയിരിക്കും കണക്ക് കൊടുക്കേണ്ടത്. നമ്മൾ അവിടെ ചെല്ലുമ്പോൾ ഭൂമിയിൽ നമുക്ക് ലഭിച്ച വസ്തുക്കൾക്ക് കണക്ക് കൊടുക്കേണ്ടത് പോലെ നമ്മുടെ വായിൽ നിന്നും വന്ന ഓരോ വാക്കിനും നാം കണക്ക് കൊടുക്കണം.

**“എന്നാൽ മനുഷ്യൻ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു.” (മത്താ. 12:36)**

ഇവിടെ പറയുന്നു, ഓരോ നിസ്സാരവാക്കിനും നാം കണക്ക് ബോധിപ്പിക്കേണ്ടി വരും. നമ്മൾ ഇത് വല്ലതും ചിന്തിച്ചിട്ടുണ്ടോ? രാവിലെ എഴുന്നേറ്റാൽ റേഡിയോ ഓൺ ചെയ്യുന്നത് പോലെ പറഞ്ഞ് കൊണ്ടിരിക്കും. വായിൽ വരുന്നതെല്ലാം അങ്ങ് വിളിച്ച് പറഞ്ഞ് നടക്കും. വചനം പറയുകയാണ് ഇതിന് ഓരോന്നിനും നാം കണക്ക് ബോധിപ്പിക്കേണ്ടിവരും. ദൈവം പറഞ്ഞ വാക്കുകൾ എല്ലാം എങ്ങോട്ട് പോയി? തന്റെ നാമത്തിന്റെ മുകളിൽ പോയി. ദൈവത്തിന്റെ പ്രവർത്തനരീതിയിലുള്ള നമ്മൾ പറയുന്ന വാക്കുകളെല്ലാം അങ്ങനെയെങ്കിൽ എങ്ങോട്ട് പോകും? നമ്മുടെ തലയ്ക്ക് മുകളിലേക്ക് പോകും.

ഞാൻ ഒരിക്കൽ ഒരു സ്ഥലത്ത് ചെന്നപ്പോൾ ഒരു പിതാവ് വളരെ

ക്രോധത്തോടെ തന്റെ കുഞ്ഞുങ്ങളോട് സംസാരിക്കുകയായിരുന്നു. തന്റെ കുഞ്ഞുങ്ങളുടെമേൽ തിന്മയുടെ ശാപവാക്കുകൾ പറയുന്നത് കേട്ട ഞാൻ അദ്ദേഹത്തോട്, 'അങ്ങനെ സംസാരിക്കരുതെ കുഞ്ഞുങ്ങൾ നശിച്ച് പോകും' എന്ന് പറഞ്ഞു. എന്നാൽ 'കുഞ്ഞുങ്ങൾ നശിച്ച് പോകട്ടെ' എന്ന് അദ്ദേഹം വീണ്ടും പറഞ്ഞു. അദ്ദേഹം എന്താണ് ചെയ്തത് എന്ന് അറിയാമോ? ഒരു ആത്മീയ നിയമം ഉണ്ടാക്കുകയാണ് ചെയ്തത്.

ആ കുഞ്ഞുങ്ങളുടെ മുകളിൽ അധികാരം ഉള്ള രക്ഷിതാവ് താൻ പറഞ്ഞ വാക്ക് തന്റെ തലയ്ക്ക് മുകളിലേക്ക് കൊണ്ടുവന്നു. ആർക്ക് നേരെ അത് ഉപയോഗിച്ചു? തന്റെ മകന് നേരെ.

ആ പിതാവ് പറഞ്ഞ വാക്ക് നിമിത്തം ആ മകൻ തളർന്ന് കിടക്കുന്ന ഒരു അവസ്ഥ കഴിഞ്ഞ നാളുകളിൽ എനിക്ക് കാണുവാൻ കഴിഞ്ഞു.

യേശുവിനെ ക്രൂശിപ്പാൻ ഏല്പിച്ചു കൊടുത്ത യഹൂദന്മാർ പീലാത്തോസിനോട് പറഞ്ഞത് എന്താണെന്ന് നമുക്കറിയാമല്ലോ?

> **"അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്നു ജനം ഒക്കെയും ഉത്തരം പറഞ്ഞു."**
>
> **(മത്താ. 27:25)**

**തുടർന്ന് അവർ തകർക്കപ്പെട്ടു, ചിന്നഭിന്നമാക്കപ്പെട്ടു, ഇന്നും അതിന്റെ ദോഷങ്ങൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നു.**

## വാക്കുകളും ആത്മലോകവും

നാം കഴിഞ്ഞ അദ്ധ്യായത്തിൽ മനസ്സിലാക്കിയ ആത്മീയ മർമ്മങ്ങളിലേക്ക് നമുക്ക് വീണ്ടും ആഴത്തിൽ ഇറങ്ങാം.

ദൈവത്തിന്റെ വചനം പറയുന്നു,

> **"ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ ഞാൻ എന്റെ വായ് കടിഞ്ഞാണിട്ട് കാക്കും." (സങ്കീ. 39:1)**

ദുഷ്ടൻ നമ്മുടെ മുമ്പിൽ ഇരിക്കുമ്പോൾ നമ്മുടെ വായ്ക്ക് കടിഞ്ഞാണിട്ടില്ലായെങ്കിൽ അതിന്റെ പരിണിതഫലം നാം അറിയും. 'എന്തിനാ ദുഷ്ടാ എന്റെ മുമ്പിൽ ഇരിക്കുന്നതെന്ന് നീ ചോദിച്ചിട്ടുണ്ടോ?' അതിന് കാരണം ദുഷ്ടനറിയാം. ഭൂമിയുടെ മേൽ നേരിട്ട് തനിക്ക് അധികാരം ഇല്ല. പിന്നെയോ, ഭൂമിയുടെമേൽ ദൈവം കൊടുത്തിരിക്കുന്ന അധികാരം എന്നു പറയുന്നത് ശരീരം ഉള്ള ഒരു

ആത്മാവിനാണ്, അതായത് മനുഷ്യനാണ്.

> **"ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളതായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു." (ഉല്പ്പ. 1:28)**

ദൈവവചന വിരുദ്ധമായതെന്തെങ്കിലും മനുഷ്യൻ പറഞ്ഞാൽ പിശാചിന് അത് ഈ ഭൂമിയിൽ നടത്തിക്കൊടുക്കാം. മനുഷ്യൻ ഇപ്രകാരം പറയാത്ത സമയത്തോളം തന്റെ വായുടെ മുമ്പിലിരിക്കുന്ന പിശാചിന് അത് നടത്തിക്കൊടുക്കാൻ കഴിയുകയില്ല. അതിന് ഒരു വചനം (വാക്ക്) ആവശ്യമാണ്.

> ദുഷ്ടൻ നമ്മുടെ മുമ്പിൽ ഇരിക്കുമ്പോൾ നമ്മുടെ വായ്ക്ക് കടിഞ്ഞാണിട്ടില്ലായെങ്കിൽ അതിന്റെ പരിണിതഫലം നാം അറിയും.

ദൈവവചനത്തിന് അനുകൂലിക്കാത്ത വാക്കുകൾ നമ്മുടെ വായിൽ നിന്നും വരുമ്പോൾ അതിനെയാണ് നിസ്സാരവാക്കുകൾ എന്ന് പറയുന്നത്. ദൈവവചനം പറയുന്നു, നാം പറയുന്ന ഓരോ നിസ്സാരവാക്കിനും നാം കണക്കു ബോധിപ്പിക്കേണ്ടി വരും. അവിടെ എന്താണ് സംഭവിക്കുന്നത്?

നാം ഓരോ നിസ്സാരവാക്ക് പറയുമ്പോഴും നമ്മുടെ വായുടെ മുമ്പിൽ ദുഷ്ടനായ പിശാച് ഇരിക്കുന്നു എന്ന കാര്യം നാം മറന്ന് പോകുന്നു. ദൈവവചനത്തിന് വിരുദ്ധമായ ആ വാക്ക് കിട്ടുന്നതോടുകൂടെ ദുഷ്ടൻ ആ വാക്ക് എടുത്തുകൊണ്ട് പോയി ആ വാക്കിൽ പറഞ്ഞ കാര്യം നടത്തുക എന്നതാണ് ദുഷ്ടന്റെ പദ്ധതി എന്ന് ഇപ്പോൾ വ്യക്തമായി മനസ്സിലായല്ലോ?

ദുഷ്ടൻ പോയി കാര്യം നടത്തിയാൽ ദൈവരാജ്യത്തിന്റെ വളർച്ച കുറയും. നമ്മിലൂടെ അത് സംഭവിച്ചാൽ അതിന് നാം കണക്ക് കൊടുക്കേണ്ടിവരും. ക്രിസ്തുവിന്റെ നാമം മഹത്വപ്പെടേണ്ടതിന് പകരം ആക്ഷേപിക്കപ്പെടും. അതായത് മനുഷ്യൻ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിസ്താരത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും. ഇത് മനസ്സിലാക്കിയാണ് സങ്കീർത്തനക്കാരൻ പറയുന്നത്, "ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ ഞാൻ എന്റെ വായ് കടിഞ്ഞാണിട്ട് കാക്കും" എന്നത്.

## വാക്കുകളും നിക്ഷേപങ്ങളും

ദൈവത്തിന്റെ വചനം ഇങ്ങനെ പറയുന്നു.

**"നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിപ്പിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു." (മത്താ. 12:35)**

ഒരു നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നും; അപ്പോൾ നല്ല മനുഷ്യന് ഒരു നല്ല നിക്ഷേപമുണ്ട്.

ഒന്നു ചിന്തിക്കൂ, **നമ്മുടെ ഉള്ളിൽ നല്ല നിക്ഷേപമുണ്ടോ?**

ദൈവത്തിൽ വെളിച്ചം ഉണ്ടായതുകൊണ്ട് മാത്രമാണ് ദൈവത്തിന് ഭൗതിക വെളിച്ചം ഉണ്ടാക്കാൻ കഴിഞ്ഞത്. നമ്മുടെ ഉള്ളിൽ നല്ല നിക്ഷേപമുണ്ടോ? ഒരു ബോധ്യവും ഇല്ലായെങ്കിൽ പിന്നെ എങ്ങനെയാണ് നല്ല ഫലം ഉണ്ടാക്കുന്നത്?

എന്നാൽ മനസ്സിലാക്കിക്കൊള്ളുക രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ ഉള്ളിൽ നല്ല നിക്ഷേപം ഉണ്ട്. പക്ഷെ നമ്മൾ പലപ്പോഴും എടുത്ത ഭരണി മാറിപ്പോയി എന്നെയുള്ളൂ. രക്ഷയുടെ അനുഭവത്തിലേക്ക് കടന്ന് വന്ന വ്യക്തികളിൽ അവരുടെ ഉള്ളിലെ ആ ചീത്ത ഭരണി മാറ്റി ദൈവം പുതിയതൊന്ന് വച്ചു. അതായത് ദൈവവുമായി ബന്ധമില്ലാത്ത പാപം നിമിത്തം മരണാവസ്ഥയിലായ മനുഷ്യാത്മാവിന് പകരം പുതിയ ഒരു ആത്മാവിനെ (പുതിയ സൃഷ്ടി) ദൈവം മനുഷ്യന്റെ ഉള്ളിൽ ഉരുവാക്കി.

**"ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും; നിങ്ങൾ നിർമ്മലരായിത്തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും." (യെഹ. 36:25–26)**

**"കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവു ആകുന്നു." (1 കൊരി. 6:17)**

പക്ഷെ പുതിയതൊന്ന് വന്നെങ്കിലും രക്ഷിക്കപ്പെട്ടവരുടെ ഉള്ളിൽ വേറെ പഴയ ഭരണി കൂടി (പിശാചിനാൽ മലിനമായ ദേഹി) ഇരിക്കുന്നുണ്ട്. രക്ഷയുടെ അനുഭവം കഴിഞ്ഞിട്ട് ഞങ്ങൾക്ക് പാപം ചെയ്യുവാനെ തോന്നുന്നില്ല. പിന്നെ ഒരു കള്ളം പറയാനോ തോന്നുന്നില്ല.

ഒരു ഉറുമ്പിനെപ്പോലും നോവിക്കാൻ പറ്റുന്നില്ല എന്ന് പറയുന്നവർ ആരെങ്കിലുമുണ്ടോ? ആരും ഉണ്ടാകില്ല. കാരണം അവരുടെ ഉള്ളിൽ നല്ല നിക്ഷേപം മാത്രമല്ല, ഒരു ചീത്ത നിക്ഷേപം കൂടിയുണ്ട്. നമ്മുടെ പഴയ സ്വഭാവപ്രകാരം നാം കൂടുതൽ എടുക്കുന്നത് ചീത്ത നിക്ഷേപത്തിൽ നിന്നാണ്. പക്ഷെ നല്ല നിക്ഷേപം അവിടെ ഉണ്ടെന്ന് രക്ഷിക്കപ്പെട്ട നാം അറിഞ്ഞിരുന്നില്ല. (മത്താ. 12:35)

> ദൈവവചനത്തിനനുസൃതമായി നമ്മൾ എന്ത് പറയുന്നുവോ, അത് നടപ്പിലാക്കി തരുന്നവരാണ് സേവകാത്മാക്കൾ

നല്ല മനുഷ്യൻ നല്ലത് പുറപ്പെടുവിക്കുന്നത് എങ്ങോട്ടാണ്? തന്റെ ജീവിതത്തിലേക്ക് തന്നെയാണ്. ഒരു മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നുകൊണ്ട് അവന്റെ ജീവിതത്തിലേക്ക് നല്ലത് പുറപ്പെടുവിക്കുന്നു. അതായത് അവർ പറയുന്ന നല്ല വാക്കുകൾ എല്ലാം അവന്റെ തലയ്ക്ക് മുകളിൽ നിൽക്കുകയാണ്. ദൈവം നമുക്ക് തന്നിരിക്കുന്ന ദൂതന്മാരും ദൈവവചനപ്രകാരം വാക്കുകളെ പറയാൻ നമ്മുടെ വായ് തുറക്കുന്നുണ്ടോ എന്ന് നോക്കി നമ്മുടെ മുമ്പിൽ ഇരിക്കുന്നു. ദുഷ്ടൻ നോക്കുന്നത് വചനത്തിനെതിരായി നാം എന്ത് പറയുന്നു എന്നതാണ്.

കഴിഞ്ഞ അദ്ധ്യായങ്ങളിൽ മനസ്സിലാക്കിയതുപോലെ ദൈവദൂതന്മാരും പിശാചിന്റെ ദൂതന്മാരും നമ്മുടെ തലയ്ക്ക് മുകളിൽ നാം തന്നെ വായ്കൊണ്ട് പറഞ്ഞ് വച്ചിരിക്കുന്ന ഈ റിക്കാർഡ് പരിശോധിക്കുകയാണ്. എന്താണ് പിശാചിന്റെ പണിയെന്നും, എന്തൊക്കെയാണ് ദൈവരാജ്യത്തിന്റെ പണിയെന്നും അവർ ഇരുകൂട്ടരും പരിശോധിക്കുകയാണ് (ചിത്രം 18, 21) അവരിൽ ഒരു കൂട്ടരുടെ പേര് സേവകാത്മാക്കൾ. ദൈവം എന്ത് പറയുന്നുവോ അത് അപ്രകാരം ചെയ്യുവാൻ തയ്യാറായി നിൽക്കുന്ന സേവകാത്മാക്കൾ.

ദൈവവചനത്തിനനുസൃതമായി നാം എന്ത് പറയുന്നുവോ, അത് നടപ്പിലാക്കി തരുന്നതാണ് സേവകാത്മാക്കൾ.

ദൈവം എന്ന യജമാനന്റെ വചനത്തിൽ നിന്ന് വിരുദ്ധമായി നാം പറയുന്നതെല്ലാം നടപ്പിലാക്കി തരുന്നതാണ് പിശാചിന്റെയും അവന്റെ കൂട്ടരുടെയും പദ്ധതി.

ദൈവപൈതലേ ഇതൊന്ന് മനസ്സിലാക്കി നാം പ്രവർത്തിക്കുവാൻ തുടങ്ങിയാൽ നമ്മുടെ ജീവിതം ശരിക്കും മാറുക തന്നെ ചെയ്യും. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നത്

മറ്റ് എങ്ങോട്ടുമല്ല, തന്റെ ജീവിതത്തിലേക്ക് തന്നെയാണ്. ഒരു തെങ്ങിൽ കുലകുലയായി കിടക്കുന്ന തേങ്ങകൾ മറ്റെങ്ങോ നിന്ന് വന്ന് തെങ്ങിന്മേൽ ഒട്ടിയിരുന്നതല്ല. പകരം ആ തെങ്ങിന്റെ ഉള്ളിൽ നിന്ന് തന്നെ വന്നതാണ്. ഒരു തെങ്ങ് നട്ട് അത് വളർന്ന് കഴിയുമ്പോൾ ആ തെങ്ങിന്റെ ഉള്ളിൽ നിന്ന് ഫലം വെളിയിലേക്ക് പുറപ്പെട്ട് വരുന്നത് പോലെ നാം മുമ്പ് മനസ്സിലാക്കിയ പാചകത്തിന് ഉപയോഗിക്കുന്ന ദ്രവരൂപത്തിലുള്ള എൽ.പി.ജി. ഗ്യാസ് അതിന്റെ സിലിണ്ടറിൽ നിന്നും പുറത്തേക്ക് വരുമ്പോൾ വാതക രൂപമാകുന്നതുപോലെ നമ്മുടെ അകത്തെ വാക്കുകൾ പുറത്തേക്ക് ഇറങ്ങുമ്പോൾ അത് ഭൗതിക ലോകത്തിൽ പല മാറ്റങ്ങളും ഉണ്ടാക്കുന്ന വാക്കുകളായിത്തീരും. വാക്കുകൾ എന്നാൽ ആത്മീയ രൂപമായ വാക്കുകൾ.

## വാക്കുകളും ആത്മാക്കളും

**"ജീവിപ്പിക്കുന്നത് ആത്മാവാകുന്നു മാംസം ഒന്നിനും ഉപരികരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." (യോഹ. 6:63)**

വാക്കുകൾ എന്ന് പറഞ്ഞാൽ വെറും സ്വരമാണെന്ന് നമ്മൾ ഒരു പക്ഷെ ചിന്തിക്കും. എന്നാൽ ദൈവവചനത്തിലേക്ക് കടന്നുവരുമ്പോൾ, വാക്കുകൾ എന്ന് പറഞ്ഞാൽ വെറും ശബ്ദമല്ല, വാക്കുകളിലേറിയാണ് ആത്മാവ് സഞ്ചരിക്കുന്നത്. ബുദ്ധിയിൽ നിന്നും ഉത്ഭവിക്കുന്ന വാക്കുകൾ വെറും സ്വരമാണെങ്കിൽ ആത്മാവിൽ നിന്നും ഉത്ഭവിക്കുന്ന വാക്കുകളിലൂടെ ആത്മാക്കൾ ഭൗതിക ലോകത്തിലേക്ക്. ആത്മാവിന്റെ സഞ്ചാരം വാക്കുകളിലൂടെയാണ്. വെളി. 16:13 ൽ അശുദ്ധാത്മാക്കൾ വെളിയിലേക്ക് ഇറങ്ങുന്നത് കാണാം.

**"മഹാ സർപ്പത്തിന്റെ വായിൽ നിന്നും മൃഗത്തിന്റെ വായിൽ നിന്നും കള്ളപ്രവാചകന്റെ വായിൽ നിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു."**

**(വെളി. 16:13)**

മന്ത്രവാദികൾ മന്ത്രം ചൊല്ലുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് നാം മനസ്സിലാക്കണം. എന്തെങ്കിലും വസ്തുക്കളോ, ചരടോ, ഭസ്മമോ മറ്റ് എന്തെങ്കിലും വച്ചോ അവർ മന്ത്രം ചൊല്ലി അതിൽ അശുദ്ധാത്മാവിനെ ആവസിപ്പിച്ച് വിടും, കൈയ്യിൽ ചരട് കെട്ടിത്തരും, ഭസ്മം തിന്നാൻ അല്ലെങ്കിൽ തൊടാൻ തരും. നാം കാണുമ്പോൾ വെറും ഭസ്മമാണ് കാണുന്നത്. യഥാർത്ഥത്തിൽ അവർ ചെയ്തത്, പിശാചിന്റെ ആത്മരാജ്യത്തിൽ നിന്ന് ഒരു അശുദ്ധാത്മാവിനെ ഭൗതിക

ലോകത്തിലേക്ക് ഒരു ദുഷ്ടപ്രവർത്തിക്കായി പുറപ്പെടുവിക്കുകയാണ് ചെയ്തത്. അവർ മന്ത്രം ചൊല്ലുമ്പോഴാണ് വാക്കുകളിലൂടെ അശുദ്ധാത്മാവ് പുറപ്പെടുന്നത്.

ആരെയാണോ നശിപ്പിക്കേണ്ടത് അവർക്ക് അശുദ്ധാത്മാവിനെ ആവസിപ്പിച്ചതെന്തെങ്കിലും ഭക്ഷണത്തിൽ കലർത്തി കഴിക്കാൻ കൊടുക്കുകയോ അല്ലെങ്കിൽ അശുദ്ധാത്മാവിനെ ആവസിപ്പിച്ച് മന്ത്രം ചൊല്ലിയ ചരട്, കൂടോത്രം, തകിട് എന്നിവയെന്തെങ്കിലും നശിപ്പിക്കേണ്ട വ്യക്തിയുടെ വീട്ടിലോ പരിസരത്തോ ഒളിപ്പിച്ച് വയ്ക്കുകയും ചെയ്യും. അതോടെ അതിലേക്ക് ആവസിപ്പിച്ച അശുദ്ധാത്മാവ് പ്രവർത്തനം ആരംഭിക്കുകയും, ആരെ നശിപ്പിക്കാനാണോ തന്നെ അയച്ചത് ആ വ്യക്തിക്കെതിരെ പല നശീകരണങ്ങൾ ഇറക്കിവിടുകയും വളരെയധികം പ്രശ്നങ്ങൾ ആ വ്യക്തിക്ക് നേരിടുകയും ചെയ്യും.

> അശുദ്ധാത്മാക്കളെ നമ്മുടെ ഇടയിലേക്ക് വിടുന്ന ഒരു ലോകമാണ് ഈ ലോകം. എന്നാൽ അതിന് പ്രതിവിധിയായി അതിലും വലുത് ഒന്ന് കർത്താവ് നമുക്ക് തന്നിട്ടുണ്ട്.

എങ്ങനെയാണ് അശുദ്ധാത്മാവ് ആ ഭസ്മത്തിന്റെ അല്ലായെങ്കിൽ ആ വസ്തുവിൽ ആവസിച്ചത്. മന്തവാദിയുടെ അല്ലെങ്കിൽ കൂടോത്രക്കാരന്റെ ഉള്ളിൽ ആത്മമണ്ഡലത്തിൽ താൻ സേവിക്കുന്ന അശുദ്ധാത്മാക്കൾ ഉണ്ട്. നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വസിക്കുന്നത് പോലെ ഈ മന്ത്രവാദിയുടെ ഉള്ളിൽ അശുദ്ധാത്മാക്കൾ വസിക്കുന്നുണ്ട്. ഈ മന്ത്രവാദിയുടെ ഉള്ളിലുള്ള അശുദ്ധാത്മാക്കളെ വെളിയിൽ എടുക്കുവാനാണ് അവരുടെതായ ഈ മന്ത്രങ്ങൾ ഉരുവിടുന്നത്. ആ മന്ത്രങ്ങൾ ഉരുവിടുമ്പോൾ അല്ലെങ്കിൽ അവർ ഊതുമ്പോൾ പറയുന്ന വാക്കുകൾക്ക് അനുസരിച്ച് ആ വാക്കുകളെ വാഹനമാക്കി ഈ അകത്തുള്ള അശുദ്ധാത്മാക്കൾ പുറത്തേക്ക് ഇറങ്ങും. പുറത്തേക്കിറങ്ങി ഏതിൽ വസിക്കാനാണ് പറയുന്നത്, അല്ലെങ്കിൽ ഏത് വസ്തുവിലേക്കാണ് ഊതുന്നത് അവിടെ വസിച്ചുകൊണ്ട് അത് പ്രവർത്തിക്കാൻ തുടങ്ങുന്നു. വെളിപ്പാട് പുസ്തകത്തിൽ പറയുകയാണ് കള്ളപ്രവാചകൻ വായ് തുറന്നു.

**"....കള്ളപ്രവാചകന്റെ വായിൽ നിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു."**

**(വെളി. 16:13)**

അപ്പോൾ ഇവിടെ പറയുന്നു, അശുദ്ധാത്മാക്കൾ വായിൽ നിന്നാണ് പുറപ്പെടുന്നത്. നമ്മുടെ അകത്ത് ആത്മാവിലുള്ള എന്തും പുറപ്പെടുവിക്കുന്നത് വായിലൂടെയാണ്. ദൈവം വെളിച്ചം ഉണ്ടാകട്ടെ എന്ന് വായിൽ നിന്നും വാക്കുകൾ പുറപ്പെടുവിക്കുമ്പോഴാണ് വെളിച്ചമുണ്ടായത്. അത് പറഞ്ഞപ്പോൾ ആത്മീയവെളിച്ചം ഭൗതികമായി മാറി. ഇപ്പോൾ ആ കള്ളപ്രവാചകൻ വായ് തുറന്ന് സംസാരിച്ചപ്പോൾ അശുദ്ധാത്മാവ് തവളയെപ്പോലെ വെളിയിലേക്ക് ഇറങ്ങി. ഇത് വെളിയിലേക്ക് ഇറങ്ങുന്നത് ദൈവജനത്തെ അഥവാ വീണ്ടെടുക്കപ്പെട്ടവരെ തകർക്കുവാനാണ്, ദൈവപ്രവൃത്തികളെ തെറ്റിക്കുവാനാണ്. ആ കള്ളപ്രവാചകൻ വായ് തുറക്കുന്ന സമയം നാം കൈകെട്ടി നിന്നാൽ പറ്റില്ല പകരം നാം എപ്പോഴും ജാഗ്രതയോടെ ആയിരിക്കണം.

ദൈവവചനം പറയുന്നു, നിങ്ങളുടെ പ്രതിയോഗിയായ പിശാച് ആരെ വിഴുങ്ങണം എന്ന് നോക്കിക്കൊണ്ട് ചുറ്റി ഊടാടി സഞ്ചരിക്കുന്നു.

**"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു." (1 പത്രോ. 5:8)**

***ദൈവപൈതലേ നാം ശ്രദ്ധിക്കുക, അശുദ്ധാത്മാക്കളെ നമ്മുടെ ഇടയിലേക്ക് വിടുന്ന ഒരു ലോകമാണ് ഈ ലോകം. എന്നാൽ അതിന് പ്രതിവിധിയായി അതിലും വലുത് കർത്താവ് നമുക്ക് തന്നിട്ടുണ്ട്. അവർ വായ് തുറന്ന് സംസാരിച്ചാൽ അശുദ്ധാത്മാക്കൾ പുറത്ത് വരും. എങ്കിൽ പ്രിയ ദൈവപൈതലേ, ഞാനും നിങ്ങളും വായ് തുറന്ന് സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവ് പുറത്ത് വരും എന്ന കാര്യം നാം ഓർക്കണം.***

**"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും."**
**(യോഹ. 7:38)**

ആ നദി എന്ന് പറയുന്നത് പരിശുദ്ധാത്മാവിനെ കുറിക്കുന്നു. ഈ ലോകത്തിലെ തിന്മയായ സകല ആത്മീയ, ഭൗതിക ശക്തിയേയും

തകർക്കുവാൻ കഴിയുന്ന ദൈവാത്മാവിന്റെ ശക്തിയെയാണ് അത് പ്രതിനിധീകരിക്കുന്നത്. ഇതാണ് ലോകത്തിലുള്ളവനെക്കാൾ വലിയവൻ നമ്മുടെ ഉള്ളിലുണ്ടെന്ന് ദൈവവചനം പറയുന്നത്.

## വചനാനുസൃതമായ വാക്കുകളിലൂടെ വിജയം

**"നാം ദൈവത്തിൽ നിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തുള്ളവനെക്കാൾ വലിയവനല്ലോ." (1 യോഹ. 4:4)**

ഉദാഹരണത്തിന് മോശയും, അഹരോനും ഫറവോന്റെ മുമ്പിൽ അഹരോന്റെ വടി താഴെയിട്ടു, അത് സർപ്പമായി മാറി. അതുപോലെ ഫറവോന്റെ മന്ത്രവാദികളും വടികൾ താഴെയിടുകയും അത് സർപ്പങ്ങളായി തീരുകയും ചെയ്തു. എന്നാൽ അഹരോന്റെ വടി മന്ത്രവാദികളുടെ വടികളെ വിഴുങ്ങിക്കളഞ്ഞു.

പ്രിയ ദൈവപൈതലെ സാത്താന്റെയും അവന്റെ കൂട്ടരുടെയും ഒരു പദ്ധതികളും ദൈവപൈതലിന്റെ മുമ്പിൽ വിജയിക്കുകയില്ല. അപ്പോൾ ആ വടി താഴെയിട്ടതുകൊണ്ടാണ് അത് സർപ്പമായി മാറിയത്. അത് താഴെയിട്ടില്ലായിരുന്നുവെങ്കിൽ മോശയ്ക്കും അഹരോനും ഒന്നും ചെയ്യാൻ കഴിയില്ലായിരുന്നു. ഇതുപോലെ നമ്മുടെ ഉള്ളിൽ വചനം ഉണ്ടെന്ന് പറഞ്ഞതുകൊണ്ട് മാത്രം ഒരു കാര്യവുമില്ല. അകത്തുള്ള ആ വചനം അങ്ങനെ തന്നെയിരിക്കും. എന്നാൽ അത് പുറത്തേക്ക് ഇറക്കിയാൽ മാത്രമെ, പരിശുദ്ധാത്മാവിനെ നാം ഭൗതിക ലോകത്തിലേക്ക് പുറപ്പെടുവിക്കുന്നുള്ളൂ.

സിലിണ്ടറിനുള്ളിൽ വച്ചിരിക്കുന്ന ഗ്യാസ് അങ്ങനെ തന്നെ വച്ചാൽ അത് ദ്രാവകമായിട്ട് തന്നെയിരിക്കും, എന്നാൽ പുറത്തേക്ക് വന്നാൽ അത് വാതകമായിട്ട് മാറും തുടർന്ന് അത് കത്തുന്നു. അങ്ങനെ പാചകം ചെയ്യാൻ ഉപയോഗിക്കുന്നു.

തന്റെ കയ്യിലുണ്ടായിരുന്ന വടി താഴെ ഇട്ടില്ലായിരുന്നുവെങ്കിൽ ആ സർപ്പങ്ങൾ മോശയേയും, അഹരോനെയും കടിക്കുമായിരുന്നു. ഓർക്കുക തങ്ങളെ വിഴുങ്ങുവാനായിട്ട് വന്ന സർപ്പങ്ങളെ; അതിന് മുമ്പെ മോശയുടെ അധികാരത്തിന്റെ (വചനത്തിന്റെ വാക്കുകൾ പറയുക) വടി താഴെയിട്ടപ്പോൾ, അത് മന്ത്രവാദികളുടെ സർപ്പങ്ങളായി മാറിയ വടികളെ വിഴുങ്ങിക്കളഞ്ഞു. ഇനിയിപ്പോൾ ഒരു സർപ്പം മാത്രമെ അവിടെ ശേഷിക്കുന്നുള്ളൂ, അത് മറ്റാരുടെയുമല്ല, അഹരോന്റെ സർപ്പമായി മാറിയ വടിയാണ്. മറ്റുള്ള സർപ്പങ്ങളെല്ലാം അസ്തമിച്ചു, പരാജയപ്പെട്ടു.

**“യഹോവ മോശയോടും അഹരോനോടും: ഫറവോൻ നിങ്ങളോട് ഒരു അത്ഭുതം കാണിപ്പിൻ എന്നു പറഞ്ഞാൽ നീ അഹരോനോടു: നിന്റെ വടി എടുത്തു ഫറവോന്റെ മുമ്പാകെ നിലത്തിടുക എന്നു പറയേണം; അതു ഒരു സർപ്പമായ് തീരും എന്നു കല്പിച്ചു. അങ്ങനെ മോശയും അഹരോനും ഫറവോന്റെ അടുക്കൾ ചെന്നു യഹോവ തങ്ങളോട് കല്പിച്ചതുപോലെ ചെയ്തു. അഹരോൻ തന്റെ വടി ഫറവോന്റെയും അവന്റെ ഭൃത്യന്മാരുടെയും മുമ്പാകെ നിലത്തിട്ടു; അതു സർപ്പമായി തീർന്നു. അപ്പോൾ ഫറവോൻ വിദ്വാന്മാരെയും ക്ഷുദ്രക്കാരെയും വിളിപ്പിച്ചു; മിസ്രയീമ്യ മന്ത്രവാദികളായ ഇവരും തങ്ങളുടെ മന്ത്രവാദത്താൽ അങ്ങനെ ചെയ്തു. അവർ ഓരോരുത്തൻ താന്താന്റെ വടി നിലത്തിട്ടു; അവയും സർപ്പങ്ങളായി തീർന്നു; എന്നാൽ അഹരോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു.”**

**(പുറപ്പാട്. 7:8-12)**

പ്രിയ ദൈവപൈതലേ നിന്റെ കയ്യിൽ അധികാരത്തിന്റെ വടിയായ ദൈവത്തിന്റെ വചനം തന്നിട്ടുണ്ട്. എന്നാൽ നീ ശത്രുവിന്റെ തന്ത്രങ്ങളെ കണ്ട് ഭയന്ന് നിൽക്കാതെ അധികാരത്തിന്റെ വടി ശത്രുവിന്റെ എതിരെ നീട്ടുക, ദൈവത്തിന്റെ വചനം വായ് തുറന്ന് സംസാരിക്കുക. ശത്രു കൊണ്ടു വരുന്ന എല്ലാ തന്ത്രങ്ങളെയും ജയിക്കുവാനുള്ള അധികാരമാണ് ദൈവം നമുക്ക് തന്നിട്ടുള്ളത്. പ്രിയ ദൈവപൈതലേ വചനം ഉപയോഗിക്കേണ്ട രീതിയിൽ ഉപയോഗിച്ചാൽ ഈ ലോകത്തിലെ ഒരു വ്യക്തിക്കും വീണ്ടും ജനിച്ച നമ്മെ തോല്പിക്കാൻ കഴിയുകയില്ല!

എനിക്ക് ഒരു ബിസിനസ്സ് ഉള്ള കാര്യം ഞാൻ ഇതിന് മുമ്പ് എഴുതിയല്ലോ. ഒരിക്കൽ ഈ ബിസിനസ്സിനെ തകർക്കുവാൻ, എന്നോട് മൽസരിക്കുവാൻ ചില ശക്തികൾ എനിക്കെതിരെ എഴുന്നേല്ക്കുവാൻ തുടങ്ങി. ആ ശക്തികൾ ചില കൂടോത്രങ്ങളൊക്കെ ചെയ്തിട്ട്, മന്ത്രവാദികളൊക്കെ ചെയ്യുന്നത് പോലെ കുറച്ച് ഭസ്മവും മറ്റുമൊക്കെ അതിനകത്ത് ഇട്ട് ഞങ്ങളുടെ വർക്കഷോപ്പിൽ കൊണ്ടുപോയി ഇട്ടു. രാവിലെ ഓഫീസിൽ അവിടത്തെ ടെക്നീഷ്യൻ ആയ ഒരു തമിഴ് സഹോദരൻ വാതിൽ തുറന്ന് അകത്ത് കയറിയ ഉടൻ, കയറുന്ന ഭാഗത്ത് (ഇടതു വശത്തായി ഒരു മെഷീൻ വച്ചിട്ടുണ്ടായിരുന്നു) അവിടെ എന്തോ ഒന്ന് തിളങ്ങുന്നത് പോലെ തോന്നി. അദ്ദേഹം അടുത്ത് ചെന്ന് ശ്രദ്ധിച്ച് നോക്കിയപ്പോൾ തനിക്ക് മനസ്സിലായി ഏതോ വാസനകളൊക്കെ വച്ച് നല്ല രീതിയിൽ ഭദ്രമായി മുത്തുകളൊക്കെ വച്ചിട്ടുള്ള ഒരു കൂടോത്രക്കെട്ട് നിക്ഷേപിച്ചിരിക്കുന്നു.

അദ്ദേഹം കൂടോത്രം എന്ന് പറഞ്ഞ് പേടിച്ച് മാറി. വർക്ക്ഷോപ്പ് മാനേജരെ വിളിച്ച് കാര്യം അറിയിച്ചു. അദ്ദേഹം വന്ന് നോക്കിയപ്പോൾ

ശരിയാണ്. ഉടൻ ഓഫീസിൽ വിളിച്ച് എന്നോട് പറഞ്ഞു ഇങ്ങനെ ഒരു വിഷയമുണ്ട് എന്ത് ചെയ്യണം? ഞാൻ പറഞ്ഞു ഒന്നും ചെയ്യേണ്ട, ഞാൻ അങ്ങോട്ട് വരികയാണ്. ഞാൻ അങ്ങോട്ട് ചെന്നപ്പോൾ അവരൊക്കെ പേടിച്ച് നില്ക്കുകയാണ്. ആ സമയം ഞാൻ ആ കൂടോത്രവസ്തുവിൽ തൊട്ടിട്ട് ഇപ്രകാരം പറഞ്ഞു: യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്റെ ശക്തിയെ ഞാൻ നിർവ്വീര്യമാക്കുന്നു. എനിക്കെതിരെ ഒരു വഴിയായി വരുന്ന ശത്രു ഏഴ് വഴിയായി തിരിച്ചോടുമെന്നുള്ള വചനം ഞാൻ നിനക്ക് (പിശാചിന്) നേരെ അയ്ക്കുന്നു.

> വാക്കുകൾ വെറും സ്വരം മാത്രമല്ല, പിന്നെയോ വാക്കുകൾ ശക്തിയാണ്. വാക്കുകളിലേറിയാണ് ആത്മാക്കൾ വെളിയിലിറങ്ങുന്നത്.

**"നിന്നോടു എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോല്ക്കുമാറാക്കും; അവർ ഒരു വഴിയായി നിന്റെ നേരെ വരും; ഏഴുവഴിയായി നിന്റെ മുമ്പിൽനിന്നു ഓടിപ്പോകും."**

**(ആവ. 28:7)**

എന്ന് പറഞ്ഞ് ആ കൂടോത്രക്കെട്ടിനെ മുനിസിപ്പാലിറ്റിയുടെ ചവറുകൂടയിൽ ഇട്ടു.

അതിന് ശേഷം ഞാൻ സഭയിൽ ചെന്ന് സാക്ഷ്യത്തിന് മുമ്പായി ജനത്തെ ബലപ്പെടുത്താൻ ഈ സംഭവം പറഞ്ഞു. നമുക്കതിരായിട്ട് ഒരു ബാധയും വരുകയില്ല. മാത്രമല്ല വീണ്ടും ജനിച്ച നമുക്കെതിരെ പൈശാചികൻ എഴുന്നേറ്റാൽ അവൻ നാം നിമിത്തം വീഴും. ഈ വചനം പറഞ്ഞ് ജനത്തെ ബലപ്പെടുത്തി.

അതിന് ശേഷം കാത്തിരുന്ന് കാണുക, ആരാണ്? എന്താണ്? എന്നൊന്നും എനിക്കറിഞ്ഞുകൂടാ. എന്നാൽ ആ ദുർശക്തിയെ നാം വചനപ്രകാരം തിരിച്ചുവിട്ടാൽ അതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ ഈ പൈശാചിക ശക്തി തിരിച്ച് പോയി ഉപദ്രവിക്കും. അതിൽ യാതൊരു സംശയവും ഇല്ല. നമുക്ക് കാത്തിരുന്ന് കാണാം. നമ്മെ നശിപ്പിക്കുവാൻ ആരോ ചെയ്തതാണെന്ന് പറഞ്ഞു. ആ ദുർശക്തികൾക്ക് തന്നെ നാശം ഉണ്ടാകും (താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും).

ഇവിടെ നാം അയച്ച വചനം കടന്നുപോയി ആ കൂടോത്രത്തിലായിരുന്ന ആത്മശക്തിയെ ന്യായം വിധിക്കും. ആത്മശക്തിയെ ന്യായം വിധിക്കുമ്പോൾ ആ ശക്തി വന്ന് തന്നെ അയച്ച ഭൗതിക തലത്തിലുള്ളവരുടെ നേരെ പ്രതികാരം ചെയ്യും. തുടർന്ന് ഞാൻ കണ്ടത്,

ഞങ്ങളെ തകർക്കാൻ നോക്കിയ ശക്തികളുടെ വേരുപോലും ഇല്ലാതെ ആ രാജ്യത്തിൽ നിന്നും പറിച്ച് മാറ്റപ്പെട്ട അവസ്ഥയാണ്.

നാം ഒരു പ്രതികാരവും ചെയ്യേണ്ട കാര്യമില്ല. എന്നാൽ ദൈവമക്കൾക്ക് നേരെ ആരെങ്കിലും പ്രവർത്തിച്ചാൽ, പ്രവർത്തിക്കുന്ന, യുദ്ധം ചെയ്യുന്ന ദൈവവചനമുണ്ട്, അതായത് ദൈവമുണ്ട്. ആ വചനമാണ് ദൈവം നമ്മുടെ കയ്യിൽ തന്നിരിക്കുന്നത്. നാം ആരുടെയും അടുക്കൽ തിന്മയ്ക്കോ, യുദ്ധത്തിനോ കടന്ന് പോകേണ്ട കാര്യമില്ല, പകരം ദൈവം നമ്മുടെ കയ്യിൽ ഉപയോഗിക്കാൻ തന്ന വചനം വായിലൂടെ സംസാരിക്കുക, മനുഷ്യരെ സ്നേഹിക്കുക, പിശാചിനോട് എതിർക്കുക.

നിന്റെ ജീവിതത്തിലെ അത്തി ഫലമില്ലാത്തതാണെങ്കിൽ അതിനെ നിന്റെ വായിലെ വാക്കുകൊണ്ട് മാറ്റിക്കളയുക. ഒരു മനുഷ്യരുടെ നേരെയും നാം തിരിയരുത്. നമുക്ക് ജഡരക്തങ്ങളോട് പോരാട്ടം ഇല്ല,

പിന്നെയോ...

**"നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ." (എഫെ. 6:12)**

വാഴ്ചകളോടും അധികാരങ്ങളോടും, ഈ ലോകത്തിന്റെ അന്ധകാരശക്തികളോടും അത്രേ നമുക്ക് പോരാട്ടമുള്ളത്. നമുക്കെതിരെ പദ്ധതിയിടുന്നവർ നമ്മൾ നിമിത്തം വീഴും. അപ്പോൾ വാക്കുകൾ വെറും സ്വരം മാത്രമല്ല, പിന്നെയോ വാക്കുകൾ ശക്തിയാണ്. വാക്കുകളിൽ ഏറിയാണ് ആത്മാക്കൾ വെളിയിലിറങ്ങുന്നത്. ദൈവവചനത്തിൽ നിന്നും കർത്താവ് പറയുമ്പോൾ ഇപ്രകാരമാണ് പറയുന്നത്,

'ഞാൻ നിങ്ങളെ പഠിപ്പിച്ച വചനം അത് ആത്മാവും ജീവനുമാകുന്നു'.

വചനം വെറും ശബ്ദമായി നാം വിലയിരുത്തുമ്പോഴാണ് അതിന് വിലയില്ലാത്തതും ശക്തിയില്ലാത്തതുമായി മാറുന്നത്.

**"ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." (യോഹ. 6:63)**

അതായത് വചനത്തിൽ ആത്മാവ് വസിക്കുന്നു. നാം പറയുന്ന വചനത്തിലൂടെ ദൈവത്തിന്റെ ആത്മാവ് ഭൗതിക ലോകത്തിലേക്ക് പുറപ്പെടുന്നു, ആ ആത്മാവ് ജീവൻ തരുന്നു. നമ്മുടെ ആത്മാവിൻ നിന്നും പുറപ്പെടുന്ന വചനം എന്നു പറയുന്നത്, നാം ഇതുവരെ കേട്ടുകൊണ്ടിരുന്ന ശബ്ദമല്ല. അതായത് പള്ളിയിൽ മണിയടിക്കുന്നതും

ക്ഷേത്രങ്ങളിൽ മണിയടിക്കുന്നതുമൊക്കെ വെറും ശബ്ദമാണ്. എന്നാൽ വചനം എന്ന് പറയുന്നത് വെറും ശബ്ദമല്ല അത് ആത്മാവാകുന്നു. അത് കടന്ന് ചെന്ന് കാര്യം സാധിക്കും. നാം ഒരു വചനം പുറത്തേക്ക് വിടുമ്പോൾ നാം ആത്മാവിനെ സ്വതന്ത്രമാക്കുകയാണ്. ഈ വചനത്തിന്റെ ഉള്ളിലാണ് ദൈവത്തിന്റെ ശക്തി അടങ്ങിയിരിക്കുന്നത്. ഇതുകൊണ്ടാണ് ദൈവത്തിന്റെ വചനം പറയുന്നത്, ഞാൻ അയച്ച വചനം അത് വെറുതെ മടങ്ങി വരാതെ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും.

**"എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങി വരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും." (യെശ. 55:11)**

## പ്രാർത്ഥന



*പ്രിയ സ്വർഗ്ഗീയപിതാവെ എന്റെ യഥാർത്ഥ പ്രവർത്തനരീതി എങ്ങനെയെന്ന് ആത്മീയ മർമ്മങ്ങളിലൂടെ എനിക്ക് മനസ്സിലാക്കി തന്നതിനായി നന്ദി. തിന്മയായ നിക്ഷേപത്തിൽ നിന്ന് ഞാനെന്റെ ജീവിതത്തിലേക്ക് ഒന്നു കൊണ്ടുവരാതെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് മാത്രം കൊണ്ടുവന്ന്, എന്റെ ജീവിതം ഫലമുള്ളതായി തീരുവാനും, ലോകത്തിൽ ദൈവേഷ്ടം ചെയ്ത് അങ്ങയുടെ ഒരു പ്രകാശമായിതിതീരുവാനും എന്നെ സഹായിക്കണമെ.....യേശുവിൻ നാമത്തിൽ തന്നെ,- ആമേൻ..*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. രക്തത്താൽ നാം ജയിക്കുമ്പോൾ, അതായത് നാം യേശു ക്രിസ്തുവിനാൽ വീണ്ടും ജനിക്കുമ്പോൾ ക്രിസ്തുവിന്റെ ആധിപത്യം നമ്മിൽ തുടങ്ങുകയായി. പക്ഷെ എന്ന് നാം നമ്മുടെ വായിൽ നിന്നുള്ള സാക്ഷ്യവചനം ഉപയോഗിച്ച് പിശാചിനെ ജയിക്കുവാൻ തുടങ്ങുന്നുവോ, അപ്പോൾ മുതൽ ക്രിസ്തുവിന്റെ ആധിപത്യം നമ്മിലൂടെ ലോകത്തിൽ ആരംഭിക്കുകയായി.
2. ദൈവം കണ്ടത് വിളിച്ച് പറയുകയില്ല പകരം ദൈവം വേണ്ടത് വിളിച്ച് പറയും ഇത് ദൈവമക്കൾ മാതൃകയാക്കേണ്ടതാണ്.
3. വിശ്വാസമെന്നത് കേവലം ഒരു തത്വം മാത്രമല്ല, ഒരു ജീവിത ശൈലി കൂടിയാണ്.
4. ഭൂമിയുടെ മേൽ ദൈവം കൊടുത്തിരിക്കുന്ന അധികാരം എന്നു പറയുന്നത്, ശരീരം ഉള്ള ഒരു ആത്മാവിനാണ്, അതായത് മനുഷ്യനാണ്.
5. മന്ത്രവാദികൾ വായ് തുറന്ന്, മന്ത്രം ചൊല്ലിയാൽ അശുദ്ധാത്മാക്കൾ പുറത്തുവരും. എന്നാൽ ദൈവമക്കൾ വായ് തുറന്ന് വചനം പറയുമ്പോൾ പരിശുദ്ധാത്മാവ് പുറത്തുവരും.
6. വാക്കുകൾ വെറും സ്വരം മാത്രമല്ല, വാക്കുകളിൽ ശക്തിയടങ്ങിയിരിക്കുന്നു. വാക്കുകളിലേറിയാണ് ആത്മാക്കൾ വെളിയിലിറങ്ങുന്നത്.



അദ്ധ്യായം 12

# വചനം കൊണ്ടുള്ള ജീവിതത്തിന്റെ പ്രായോഗികതലം

"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും...." (മത്താ. 16:19)

## മരണം ജീവനായി മാറി!

വചനം കൊണ്ട് ജീവിച്ചാൽ മാത്രമെ ക്രിസ്തുവിന്റെ ആധിപത്യം നമുക്ക് സ്ഥാപിക്കാൻ കഴിയൂ. വചനം കൊണ്ട് എങ്ങനെ ജീവിക്കാം എന്നത്, ദൈവം എനിക്ക് തന്ന ഒരു അനുഭവത്തിലൂടെ ഇവിടെ എഴുതുന്നു. ഒരു ദിവസം എന്റെ മകൻ എന്നെ വിളിച്ച് ഇപ്രകാരം ചോദിച്ചു. 'പപ്പാ, ശ്വാസം ഇല്ലാതെ കിടന്ന വ്യക്തിയെ ക്രിസ്തു പപ്പയിലൂടെ ഉയർപ്പിച്ചിട്ടുണ്ടെന്ന് കേട്ടു അത് എങ്ങനെയാണ്?' ഈ അനുഭവമാണ് ഞാൻ ഇവിടെ പങ്കുവയ്ക്കുന്നത്.

> ആത്മലോകത്തിൽ നിന്നും ഭൗതികലോകത്തിലേക്ക് എന്തെങ്കിലും കൊണ്ടു പോകാൻ ഉള്ള പാലം (Bridge) ആണ് നമ്മുടെ നാവ്, വാതിലാണ് (Gateway) വായ്.

ഏകദേശം നാല് വർഷങ്ങൾക്ക് മുമ്പ് ഒരു വൈകുന്നേര സമയത്ത് എന്റെ ഒരു സഹോദരൻ, (റ്റി.പി.എം സഭയിലെ അംഗം) ഷിനോ എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം എന്നെ വിളിച്ചിട്ട് പറഞ്ഞു, 'സഹോദരാ നമുക്ക് ഒരു സ്ഥലം വരെ ഒന്നു പോകണം, ഒരു വ്യക്തിക്ക് വേണ്ടി പ്രാർത്ഥിക്കാനുണ്ട്'. അന്ന് ബൈബിൾ ക്ലാസ് നടക്കുന്ന വ്യാഴാഴ്ചയാണ്. ഷിനോ എന്നോട് പറഞ്ഞു ഒരു പത്ത് മിനിറ്റിനകം നമുക്ക് പ്രാർത്ഥിച്ച് മടങ്ങി വരാമെന്ന്. അങ്ങനെ ഞങ്ങൾ ഒരുമിച്ച് യു.എ.യിലെ റാസ്സൽ ഖൈമ സക്കർ ഹോസ്പിറ്റലിൽ പോയി. ആ വ്യക്തിയെ ഞങ്ങൾ

കാണുമ്പോൾ അനക്കമില്ലാത്ത ഒരു ശരീരം മാത്രം. ശരീരത്തിൽ നിറയെ വയറുകൾ പിടിപ്പിച്ച് ഐ.സി.യു.വിൽ കിടത്തിയിരിക്കുകയാണ്. കൃത്രിമ ശ്വാസവും കൊടുത്തിട്ടുണ്ട്. ആ കൃത്രിമശ്വാസം ഒന്ന് മാറ്റിയാൽ പിന്നെ ആ വ്യക്തി ഇല്ല. എന്റെ ജീവിതത്തിൽ ഇതിന് മുമ്പ് ഇങ്ങനെയൊരു സംഭവം അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല.

ഞാൻ ഇങ്ങനെ മനസ്സിൽ പറഞ്ഞു, സൗഖ്യമാക്കാനാണെങ്കിൽ ഒരു രോഗം വേണം എന്നാൽ ഇയാൾക്ക് ജീവനില്ല. ഞാൻ എന്ത് ചെയ്യണമെന്നറിയാതെ ചിന്താകുലനായി. കർത്താവ് ഉടനെ എന്റെ ഹൃദയത്തിൽ ഒരു വചനം പ്രകാശിപ്പിച്ചു. **വചനം കൊണ്ട് ജീവിക്കുന്നതെങ്ങനെ?** യോഹ 1:4 ൽ "അവനിൽ ജീവൻ ഉണ്ടായിരുന്നു" ആരിൽ? യേശുക്രിസ്തുവിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ ഇപ്പോൾ എവിടെയുണ്ട്? എന്റെ ഉള്ളിൽ ഉണ്ട്. ഉടനെ കർത്താവ് എന്നോട് ഇടപെട്ടു ഇങ്ങനെ എന്റെ ഹൃദയത്തിൽ പ്രകാശിപ്പിച്ചു, ***'നിന്റെ ഉള്ളിൽ എന്തെങ്കിലും ഉണ്ടെങ്കിൽ, എനിക്ക് ( യേശുവിന് ) അത് ഇഷ്ടമാണെങ്കിൽ നിനക്ക് അത് ആർക്കെങ്കിലും കൊടുക്കാം.'*** ഇത് കേട്ട ഉടനെ ഞാനും എന്റെ കൂടെയുണ്ടായിരുന്ന സഹോദരനും കൂടി കരം ചേർത്ത് പിടിച്ച് ആ ഹോസ്പിറ്റലിന്റെ Intensive care unit- ൽ മുട്ടിന്മേൽ നിന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. കർത്താവ് പഠിപ്പിച്ച തത്വം (Principle) അവിടെ ഉപയോഗിച്ചു. അതായത് ആത്മലോകത്തിൽ നിന്നും ഭൗതികലോകത്തിലേക്ക് എന്തെങ്കിലും കൊടുക്കണമെങ്കിൽ, ട്രെയിനിലൂടെയോ, വിമാനത്തിലൂടെയോ, റോഡു മാർഗ്ഗത്തിലൂടെയോ കൊണ്ടുപോകാൻ പറ്റുകയില്ല. അതിനെ കൊണ്ടുപോകാൻ ഉള്ള പാലം (Bridge) ആണ് നമ്മുടെ നാവ്, വാതിലാണ് (Gateway) വായ്. ശ്വാസം ഇല്ലാതെ ആ ശരീരം നാല് ദിവസമായി ഒരേ കിടപ്പ് കിടക്കുകയാണ്. കാണാൻ വന്ന വ്യക്തികളും പോലീസുകാരും 'മിസ്കിൻ' (Miskin) എന്ന അറബിവാക്ക് പറഞ്ഞ് കടന്നുപോയി. Miskin എന്നു പറഞ്ഞാൽ 'കഥയില്ലാത്തവൻ' എന്നാണർത്ഥം.

തുടർന്ന് കർത്താവ് പഠിപ്പിച്ച തത്വ പ്രകാരം ആ ജീവനില്ലാത്ത ശരീരത്തെ നോക്കി *'എന്റെയുള്ളിൽ കർത്താവ് തന്ന ജീവനെ ഞാൻ നിന്നിൽ കല്പ്പിക്കുന്നു'* എന്ന് ഞാൻ വിളിച്ച് പറഞ്ഞു. അത്ഭുതമെന്ന് പറയട്ടെ ആ നിമിഷം തന്നെ ആ വ്യക്തിയിൽ അതുവരെ ഇല്ലാതിരുന്ന ജീവൻ അദ്ദേഹത്തിന്റെ ഉള്ളിലേക്ക് മടങ്ങി വന്നു. ഉടനെ സ്വയം ശ്വാസം എടുക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ തൊണ്ട അനങ്ങി കണ്ണിൽ നിന്നും കണ്ണുനീർ വെളി

യിലേക്ക് വന്നു. ബെന്നി എന്നു പറയുന്ന വേറൊരു സഹോദരനും ഞങ്ങളുടെ ഒപ്പം കൂടി. അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന സാറാമ്മ എന്ന മലയാളി നേഴ്സ് ഉടനെ അടുത്ത് വന്ന് ഒരു ടിഷ്യു എടുത്ത് അനക്കമില്ലാതെ കിടന്നിരുന്ന ആ മനുഷ്യന്റെ കണ്ണിൽ നിന്നും ഒഴുകാൻ തുടങ്ങിയ കണ്ണുനീർ തുടച്ചു കൊടുത്തു. അത് കഴിഞ്ഞ് ഞങ്ങൾ മടങ്ങിപ്പോയി. അന്ന് വൈകുന്നേരം ഞങ്ങൾക്ക് ബൈബിൾ ക്ലാസ് ഉണ്ടായിരുന്നു. ബൈബിൾ ക്ലാസ് കഴിഞ്ഞപ്പോൾ അദ്ദേഹം കണ്ണ് തുറന്നു എന്നുള്ള ഫോൺ സന്ദേശമാണ് ഞങ്ങൾക്ക് കിട്ടിയത്. പിറ്റേ ദിവസം അദ്ദേഹം കൈയ്യും കാലും അനക്കി തുടങ്ങി. രണ്ട് ദിവസം കഴിഞ്ഞ് ഫോൺ ചെയ്തപ്പോൾ അദ്ദേഹം ഡിസ്ചാർജായി പോയി എന്ന് അറിയുവാൻ ഇടയായി. അദ്ദേഹത്തിന്റെ പേര് വർഗ്ഗീസ് എന്നാണ്. ഈ പുസ്തകം എഴുതുന്ന സമയത്ത് അദ്ദേഹം കോട്ടയം പട്ടണത്തിൽ പാമ്പാടിയിലുള്ള റ്റി.പി.എം ഫെയ്ത്ത് ഹോമിൽ (TPM Faith Home) ദൈവത്തെ ആരാധിച്ചും സ്തുതിച്ചും നല്ല രീതിയിൽ കഴിയുന്നു എന്നറിയുവാൻ ഇടയായി. 'കർത്താവ് ആ വ്യക്തിക്ക് വിടുതൽ കൊടുത്തു', ദൈവത്തിന് മഹത്വം.

> ഈ മണ്ണുകൊണ്ടുള്ള വ്യക്തിയെ (ശരീരത്തെ) പ്രവർത്തിപ്പിക്കുന്നതിനേക്കാൾ ആ പുതിയ സൃഷ്ടിയെ നാം പ്രവർത്തിപ്പിക്കണം.

കഴിഞ്ഞ ദിവസം ഒരു കുഞ്ഞിന് വേണ്ടി പ്രാർത്ഥിക്കാൻ ഇതെ ആശുപത്രിയിൽ ഞാൻ ചെന്നപ്പോൾ സാറാമ്മ നേഴ്സ് എന്നോട് പറഞ്ഞത് ഇപ്രകാരമായിരുന്നു, *'എന്നാലും നമ്മുടെ വർഗ്ഗീസ് ബ്രദറിന് ഉണ്ടായ വിടുതൽ അത്ഭുതം തന്നെ!'* ദൈവനാമം മഹത്വപ്പെടട്ടെ.

## ശ്വാസമില്ലാതെ ഏഴ് ദിവസം!

വചനം കൊണ്ടുള്ള ജീവിതത്തിൽ മരണം ജീവനായി മാറിയ മറ്റൊരു സംഭവം ദൈവനാമ മഹത്വത്തിനായും, ജനത്തിന്റെ പ്രയോജനത്തിനായും ഇവിടെ വിവരിക്കട്ടെ.

ഏകദേശം രണ്ട് വർഷങ്ങൾക്ക് മുമ്പ് എന്റെ ഒരേ ഒരു സഹോദരി സാലി എറണാകുളം ജില്ലയിൽ കാറപകടത്തിൽപ്പെട്ടു. തലക്കും ശരീരഭാഗങ്ങൾക്കും ക്ഷതമേറ്റ സഹോദരിയെ പോലീസുകാരും നാട്ടുകാരും ചേർന്ന് എറണാകുളം ലേക്ഷോർ ആശുപത്രിയിലെത്തിച്ചു.

ശ്വാസമില്ലാതെ ചലനമറ്റ് ആശുപത്രിയിലെത്തിച്ച എന്റെ സഹോദരിയെ ഇന്റൻസീവ് കെയർ യൂണിറ്റിൽ പ്രവേശിപ്പിക്കുകയും കൃത്രിമ ശ്വാസം കൊടുക്കുകയും ചെയ്തു. ആ സമയം ഞാൻ UAE - യിൽ ആയിരുന്നു. സംഭവം എന്നെ ടെലിഫോണിലൂടെ അറിയിച്ചെങ്കിലും, വിസ സ്റ്റാമ്പ് ചെയ്യുവാൻ വേണ്ടി എന്റെ Passport ഇമിഗ്രേഷനിൽ ആയതിനാൽ 7-ാം ദിവസം മാത്രമെ എനിക്ക് ഇന്ത്യയിൽ കൊച്ചി പട്ടണത്തിൽ എത്തുവാൻ കഴിഞ്ഞുള്ളൂ. ഞാൻ എത്തുന്ന സമയത്ത് എന്റെ സഹോദരിയുടെ ജീവൻ തിരികെ കൊടുക്കുവാൻ തങ്ങൾക്കിനി ഒന്നും ചെയ്യാനില്ല എന്ന നിലപാടിലായിരുന്നു അവിടത്തെ ഉയർന്ന തലത്തിലുള്ള ഡോക്ടർമാർ. മാത്രമല്ല ഇവിടെ ഇങ്ങനെ കൃത്രിമശ്വസനത്തിൽ ഇട്ട് പണം ചെലവാക്കിയിട്ടും ഒരു കാര്യവുമില്ലായെന്നും, നിങ്ങൾക്ക് വേണമെങ്കിൽ കൊണ്ടുപോകാമെന്നുമായിരുന്നു അവരുടെ അഭിപ്രായം.

> ഒരു ദൈവപൈതൽ നിശ്ചയമായും വചനം കൊണ്ട് ജീവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

എന്റെ മാതാവ് പറഞ്ഞു, എന്റെ സഹോദരിയുടെ ഭർത്താവ് മറ്റൊരു ക്രിസ്തീയ സമുദായത്തിൽ ആയതിനാൽ *'നമ്മുടെ സമ്പ്രദായമനുസരിച്ച് എന്റെ സഹോദരിയുടെ ശവം സംസ്കരിക്കാൻ സമ്മതിക്കുകയില്ല. അതിനാൽ നമുക്ക് സഹോദരിയുടെ ഭർത്താവുമായി തല്ല് പിടിക്കാനൊന്നും പോകണ്ട, ബോഡി അവർക്ക് വിട്ടു കൊടുത്തേക്കാം'.*

ഇങ്ങനെ ഒരു അന്തരീക്ഷത്തിലാണ് ഞാൻ കൊച്ചിയിൽ വിമാനമിറങ്ങുന്നത്. വിമാനത്താവളത്തിൽ വച്ച് തന്നെ ഡോക്ടർമാരുടെ റിപ്പോർട്ടും, മറ്റുള്ളവരുടെ അഭിപ്രായവും കേട്ട് ഞാൻ കാഴ്ചയാൽ ജീവിക്കാതിരിക്കുവാൻ, എങ്ങനെ ശുശ്രൂഷ ചെയ്യണമെന്ന് ദൈവത്തിന്റെ ആത്മാവ് എന്റെ ഹൃദയത്തിൽ പ്രകാശിപ്പിച്ചു, മനസ്സിലാക്കി തന്നു.

അതിങ്ങനെയായിരുന്നു, കാറപകടസമയത്ത് ഭൗതികമായ ക്ഷതങ്ങളും മുറിവുകളും ഏറ്റപ്പോൾ തന്നെ, പെട്ടെന്നുണ്ടായ ഷോക്കിലൂടെ മരണത്തിന്റെ ദൂതൻ സഹോദരിയുടെ അകത്ത് പ്രവേശിക്കുകയും, അത് സഹോദരിയുടെ ദേഹിക്കും ശരീരത്തിനും ഇടയിൽ അവയെ തമ്മിൽ വേർപെടുത്തുവാൻ പ്രവർത്തിക്കുന്നതായി കാണിച്ചു തന്നു. അതിനാൽ ദൈവത്തിന്റെ ആത്മാവ് രണ്ട് കാര്യങ്ങൾ ചെയ്യുവാൻ

എന്നെ ഉപദേശിച്ചു.

1. മരണദൂതനെ യേശുവിന്റെ നാമത്തിൽ ശാസിച്ച് വെളിയിലാക്കുക.
2. ദൈവം എന്റെ അകത്ത് തന്ന ദൈവീക ജീവനെ സഹോദരിയുടെ മേൽ കല്പ്പിക്കുക.

തുടർന്ന് കൊച്ചി ലേക്ഷോർ ആശുപത്രിയിൽ എത്തിയ ഞാൻ സഹോദരി കിടക്കുന്ന ഇന്റൻസീവ് കെയർ യൂണിറ്റിൽ കൃത്രിമശ്വാസം കൊടുത്ത്, തൊണ്ട തുളച്ച്, പല കുഴലുകൾ ശരീരത്തിൽ പിടിപ്പിച്ചിരിക്കുന്ന എന്റെ സഹോദരിയെ കണ്ടു. ആ കുഴലുകൾ ഊരിയെടുത്താൽ ശവശരീരമായി കൊണ്ട് പോകാൻ ഇടയാകുന്ന നിലയിലായിരുന്നു അവസ്ഥ. ദൈവത്തിന്റെ ആത്മാവ് എന്നോട് പറഞ്ഞ ശുശ്രൂഷകൾ ഞാനവിടെ ചെയ്തു.

> വചനം കൊണ്ട് ജീവിക്കുക എന്നത് ദൈവരാജ്യത്തിന്റെ ജീവിത ശൈലിയാണ്. എന്നാൽ കാഴ്ചയാൽ ജീവിക്കുകയാണ് ലോകത്തിന്റെ ജീവിതശൈലി.

ഒന്ന്; പുറമെ അനക്കമില്ലാതെ കിടക്കുന്നു എങ്കിലും ദേഹിക്ക് നാം സംസാരിക്കുന്നത് കേൾക്കാൻ കഴിയുമെന്ന് ദൈവമന്നെ മനസ്സിലാക്കി തന്നത് കൊണ്ട് ചില ദൈവവചനങ്ങൾ ഞാൻ ശ്വാസമില്ലാതെ കിടക്കുന്ന സഹോദരിയോട് പറഞ്ഞ് കൊണ്ടിരുന്നു. അത് പ്രധാനമായും മറ്റുള്ളവരോട് ക്ഷമിക്കുന്നതിനെ കുറിച്ചായിരുന്നു. കാരണം തുടർന്ന് ഞാൻ യേശുവിന്റെ നാമത്തിൽ മരണദൂതനെ ശാസിക്കുമ്പോൾ മരണദൂതന്റെ ബലമായ പാപം സഹോദരിയിൽ നിലനിന്നാൽ ദൈവപ്രവൃത്തികൾ നടക്കുന്നതിന് എളുപ്പമല്ലാതെ വന്നേക്കാം. നാം മറ്റുള്ളവരോട് ക്ഷമിക്കുന്നത് പോലെയാണ് ദൈവം നമ്മോടും ക്ഷമിക്കുന്നത്.

തുടർന്ന് ഞാൻ ചെയ്തത്; മരണദൂതനെ ശാസിക്കുകയായിരുന്നു; ഇങ്ങനെയാണ് ഞാനവിടെ പ്രസ്താവിക്കാൻ ഇടയായത്, "*യേശുവിന്റെ നാമത്താലും രക്തത്താലും ഈ സഹോദരിയുടെ എല്ലാ പാപങ്ങളും കുറവുകളും കഴുകപ്പെട്ടിരിക്കുന്നു, അതിനാൽ പിശാചെ നിനക്ക് ഈ സഹോദരിയിൽ ഒരു അധികാരവും ഇല്ല. ഇപ്പോൾ ഈ മകളിൽ നിന്നും ഇറങ്ങി മാറുവാൻ ഞാൻ നിന്നോട് യേശുവിന്റെ നാമത്തിൽ കല്പിക്കുന്നു.*"



**"ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്ന് (യേശു) പറഞ്ഞു"**

**(യോഹ. 20:23)**

അതെ തുടർന്ന് ഞാൻ കല്പിച്ചു; *"എന്റെ ഉള്ളിൽ എന്റെ യേശു തന്ന ദൈവീക ജീവൻ ഞാൻ നിന്റെ മേൽ (സഹോദരിയുടെ മേൽ) കല്പിക്കുന്നു."*

ദൈവനാമ മഹത്വത്തിനായി പറയട്ടെ, അവിടെ ദൈവത്തിന്റെ അത്ഭുതം നടന്നു. മരണദൂതൻ സഹോദരിയെ വിട്ടുപോയി, സഹോദരിയിലേക്ക് ജീവൻ കടന്നു വന്നു. ഉടനെ സഹോദരി സ്വയമെ ശ്വാസമെടുക്കുവാൻ തുടങ്ങി. തുടർന്ന് ഞാൻ ഡോക്ടറോട് പോയി പറഞ്ഞു, "സഹോദരി ശ്വാസമെടുക്കുവാൻ തുടങ്ങി വെന്റിലേറ്ററിൽ നിന്നും മാറ്റാം." ഡോക്ടർക്ക് വിശ്വാസമായില്ല, എന്നെ ശാസിക്കുന്ന രീതിയിൽ ഒരു പുച്ഛത്തോടെ അദ്ദേഹം നോക്കി. പക്ഷെ തുടർന്ന് ഡോക്ടർ വന്ന് സഹോദരിയെ ചെക്ക് ചെയ്തു. അദ്ദേഹം അത്ഭുതത്തോടെ വന്ന് പറഞ്ഞു സഹോദരി ശ്വസിക്കുവാൻ തുടങ്ങിയിരിക്കുന്നു. എങ്കിലും അദ്ദേഹത്തിന് കൃത്രിമശ്വാസം മാറ്റുവാൻ ഭയമായി. ഒരു ദിവസം കൂടി സഹോദരിക്ക് കൃത്രിമ ശ്വാസം കൊടുത്തതിന് ശേഷമാണ് വെന്റിലേറ്ററിൽ നിന്നും മാറ്റിയത്. എന്റെ പിതാവ് തുടർന്ന് പറഞ്ഞതിങ്ങനെയാണ്, "ലാസർ മരിച്ചിട്ട് 4-ാം ദിവസമാണ് ഉയർത്തെഴുന്നേറ്റത് എന്റെ മകൾ മരിച്ചിട്ട് 7-ാം ദിവസം ഉയർത്തെഴുന്നേറ്റു." ഇപ്പോൾ ഏകദേശം രണ്ട് വർഷം കഴിഞ്ഞു. ഒരു ടീച്ചർ ആയ എന്റെ സഹോദരി ആരോഗ്യത്തോടെ, കർത്താവിനെ ആരാധിച്ച്, കുട്ടികളെ പഠിപ്പിച്ച്, ഗൃഹകാര്യങ്ങളും നോക്കി, എറണാകുളം ജില്ലയിൽ മരട് എന്ന ദേശത്ത് സുഖമായി താമസിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

പ്രാർത്ഥനയും, പരിശുദ്ധാത്മാവുമായുള്ള അഭേദ്യമായ ബന്ധമാണ് ശുശ്രൂഷയുടെ വിജയരഹസ്യം.

*ഈ ശുശ്രൂഷയിൽ ഞാൻ പ്രധാനമായും മനസ്സിലാക്കിയത്:-*

1. ***ഈ ഒരു ശുശ്രൂഷ ദൈവം എന്നെ ഭരമേൽപ്പിച്ചതായിരുന്നു. അതുകൊണ്ടത്രേ ദൈവം എനിക്ക് 7 ദിവസം കഴിഞ്ഞ് എറണാകുളത്ത് വരുവാൻ അവസരം ഒരുക്കി, എങ്ങനെ***

*ശുശ്രൂഷിക്കണമെന്നും പറഞ്ഞ് തന്നത്.*

(ശുശ്രൂഷകർ ഇവിടെ ശ്രദ്ധിക്കേണ്ടത്:- ദൈവം നമ്മെ ഏല്പ്പിക്കാത്ത ശുശ്രൂഷയ്ക്ക് നമ്മൾ മാനുഷിക ഹിത പ്രകാരം പ്രവർത്തിച്ചാൽ വിടുതൽ സംഭവിക്കണമെന്നില്ല.)

2. *7 ദിവസം എന്നെ ദൈവം മനപൂർവ്വം താമസിപ്പിച്ചതാണ്. കാരണം ഈ 7 ദിവസം കൊണ്ടാണ് ഡോക്ടർമാരും, വീട്ടുകാരും മറ്റുള്ളവരും, സഹോദരിയെ കയ്യൊഴിഞ്ഞത്. മാനുഷികമായി ഒന്നും ചെയ്യാൻ കഴിയാതായി. ഇനിയാണ് ദൈവസമയം. അല്ല, ഒന്നാം ദിവസമോ രണ്ടാം ദിവസമോ സഹോദരി ജീവനിൽ വന്നിരുന്നെങ്കിൽ മഹത്വം ദൈവത്തിന് പോകാതെ മനുഷ്യർക്ക് പോകുമായിരുന്നു. ഇവിടെ ദൈവനാമം പരിപൂർണ്ണമായും ഉയർത്തപ്പെട്ടു. മരിച്ച ലാസറെ ഉയർപ്പിച്ചപ്പോഴും യേശു ഇതുപോലെ വൈകി.*

*ശുശ്രൂഷയിൽ പ്രധാനമായും ഉണ്ടാകേണ്ടത് :-*

*പ്രാർത്ഥനയും പരിശുദ്ധാത്മാവുമായുള്ള അഭേദ്യമായ ബന്ധം.*

*ഈ ശുശ്രൂഷയിൽ അടിസ്ഥാനപരമായി ഉപയോഗിച്ച രണ്ടു വാക്യങ്ങൾ:-*

**"ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു (യേശു) പറഞ്ഞു." (യോഹ. 20:23)**

**"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു ഉത്തരം പറഞ്ഞു." (മത്താ. 16:19)**

## വചനത്താലുള്ള ജീവിതം; നിയമങ്ങൾ കീഴടങ്ങുന്നു!

ചില വർഷങ്ങൾക്ക് മുമ്പ് ദൈവവമെന്നെ വചനത്താലുള്ള ജീവിതം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് ഒരു കസിൻ സഹോദരന് UAE ലേക്ക് വിസിറ്റിംഗ് വിസ എടുക്കേണ്ട ആവശ്യം വന്നു. ഞാൻ അദ്ദേഹത്തിന്റെ പാസ്പ്പോർട്ട് കോപ്പിയുമായി വിസയ്ക്ക് ടൈപ്പ് ചെയ്യു

വാൻ ഒരു ടൈപ്പിസ്റ്റിന്റെ അടുത്ത് ചെന്നു. ടൈപ്പിസ്റ്റ് പറഞ്ഞു, 'രക്ത ബന്ധത്തിന് മാത്രമെ വിസിറ്റിംഗ് വിസ വ്യക്തിപരമായി കിട്ടുകയു ള്ളൂ, ബന്ധുക്കൾക്ക് കിട്ടുകയില്ല. എതായാലും ടൈപ്പ് ചെയ്ത് പണം കളയുന്നതിന് മുമ്പ് പാസ്പ്പോർട്ട് കോപ്പി കാണിച്ച് മാനേജരുടെ അപ്രൂ വൽ വാങ്ങി വരുക.'

ഞാൻ ഇമിഗ്രേഷനിൽ കടന്നുചെന്നു, മാനേജരുടെ അടുക്കൽ പാസ്പ്പോർട്ട് കോപ്പി കാണിച്ച് എന്റെ കസിൻ സഹോദരന് വിസി റ്റിംഗ് വിസ വേണമെന്ന് പറഞ്ഞു. അദ്ദേഹം നിഷേധ ഭാവത്തോടെ തലയാട്ടി. ഈ സമയം ദൈവാത്മാവ് എന്റെ ഹൃദയത്തിൽ ഒരു വചനം പ്രകാശിപ്പിച്ചു.

**"രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടു കണക്കെ ഇരിക്കുന്നു; തനിക്ക് ഇഷ്ടമുള്ളേടത്തോക്കെയും അവൻ അതിനെ തിരിക്കുന്നു." (സദൃ. 21:1)**

മലയാളം മനസ്സിലാകാത്ത അറബി മാനേജരുടെ മുമ്പിൽ അദ്ദേഹം കേൾക്കാതെ ഞാൻ ഈ വചനം വിളിച്ചു പറഞ്ഞു. ആ സമയം അദ്ദേ ഹത്തിന്റെ മൊബൈൽ ഫോൺ റിംങ് ചെയ്തു. അദ്ദേഹം ടെലിഫോ ണിലൂടെ സംസാരിക്കാൻ തുടങ്ങി, ആ സംസാരം അല്പനേരം നീണ്ടു. ഈ സമ യമെല്ലാം മാനേജരുടെ കയ്യിലിരിക്കുന്ന പേന ഞാൻ കൊടുത്ത പാസ്പ്പോർട്ട് കോപ്പിക്ക് മുകളിലൂടെ നീങ്ങുന്നുണ്ട്. ടെലിഫോണിൽ സംസാരിച്ച് കൊണ്ടിരി ക്കുമ്പോൾ അദ്ദേഹം ആ പാസ്പ്പോർട്ട് കോപ്പിയിൽ എന്തോ എഴുതി ഒപ്പിട്ടു. തുടർന്ന് ദൈവത്തിന്റെ ആത്മാവ് എന്റെ അകത്ത് പ്രകാശിപ്പിച്ചതി ലൂടെ എനിക്ക് മനസ്സിലായി ഞാൻ പറഞ്ഞ ദൈവവചനത്തിന്റെ ശക്തിയാൽ (സദൃ 21:1) ഈ ഇമിഗ്രേഷൻ മാനേജരുടെ ബുദ്ധിയെ മന്ദിപ്പിക്കുകയും, ദൈവത്തിൽ നിന്നും ജനിച്ച ദൈവവചനം ആ ലോക രാജ്യത്തിന്റെ നിയമത്തെ കീഴടക്കി, അദ്ദേഹത്തെക്കൊണ്ട് ആ പാസ്പ്പോർട്ട് കോപ്പിയിൽ വിസ അപ്പ്രൂവ് ചെയ്യുകയും ചെയ്തുവെ ന്ന്...

> ദൈവരാജ്യത്തിന്റെ നിയമത്തിൽ നാം നിന്നാൽ ലോകത്തിന്റെ നിയമങ്ങൾ നമുക്ക് കീഴടങ്ങും.

തുടർന്ന് ഞാൻ ആ പാസ്പ്പോർട്ട് കോപ്പിയെടുത്തു. ഒരു ഇമിഗ്രേ ഷൻ പോലീസ് ഓഫീസറെ കാണിക്കുകയും, അപ്പ്രൂവൽ ആയി ഇനി

ടൈപ്പ് ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു. ഞാൻ സന്തോഷത്തോടെ കടന്നുപോയി, വിസയ്ക്ക് ടൈപ്പ് ചെയ്ത് വന്നപ്പോഴാണ് വീണ്ടും കുഴങ്ങിയത്. ടൈപ്പ് ചെയ്തതിന്റെ മുകളിലും അതേ മാനേജരുടെ ഒപ്പ് വേണമെന്ന്. ഞാൻ കർത്താവിനോട് ചോദിച്ചു. ഇനി ഞാൻ എന്ത് ചെയ്യും. ദൈവാത്മാവ് ഹൃദയത്തിൽ പ്രകാശിപ്പിച്ചു. 'വീണ്ടും രാജാക്കന്മാരുടെ ഹൃദയങ്ങളെ തിരിക്കുന്ന വചനം പറയുക.' ഞാൻ വീണ്ടും ആ മാനേജരുടെ മുറിയുടെ പുറത്തുള്ള വരാന്തയിൽ നിന്ന് ഇതേ വചനം (സദൃ 21:1) വിളിച്ച് പറഞ്ഞു. മാനേജരുടെ മുറിയിലേക്ക് ഒരു പരുങ്ങലോടെ ചെന്നു. മാനേജരുടെ മുറിയിൽ മാനേജർ ഇല്ല. പുറത്ത് പോയിരിക്കുന്നു. അപ്പോഴാണ് അതിന്റെ അടുത്ത മുറിയിൽ മാനേജർ ഇല്ലാത്തപ്പോൾ ഒപ്പിടുന്ന അസിസ്റ്റന്റ് മാനേജർ ഇരിക്കുന്നത് കണ്ടത്. അദ്ദേഹത്തെ ഈ വിസയുടെ അപേക്ഷ കാണിച്ചു. രക്തബന്ധമല്ലെന്ന് അദ്ദേഹം മനസ്സിലാക്കിയെങ്കിലും പാസ്പ്പോർട്ട് കോപ്പിയിൽ മാനേജരുടെ ഒപ്പ് കണ്ടതുകൊണ്ട് അദ്ദേഹം ആ അപേക്ഷാഫോറത്തിന്റെ മുകളിൽ ഒപ്പിട്ട് ആ വിസ പാസ്സാക്കി. ഞാൻ അത് കൗണ്ടറിൽ കാണിച്ച് വിസയും വാങ്ങി ദൈവം ചെയ്ത അത്ഭുതത്തിന് നന്ദി പറഞ്ഞ് കടന്ന് പോയി.

ശ്രദ്ധിക്കുക, UAE യിലെ നിയമപ്രകാരം രക്തബന്ധത്തിന് മാത്രമെ വ്യക്തിപരമായി വിസ അനുവദിക്കുകയുള്ളൂ. എന്നാൽ ഉയർന്ന ദൈവ രാജ്യത്തിൽ ജനിച്ച നമുക്ക് നമ്മുടെ രാജ്യത്തിന്റെ നിയമത്തിൽ നിന്നാൽ താഴ്ന്ന ഈ ലോകത്തിന്റെ മേൽ ദൈവത്തിൽ നിന്നും ജനിച്ച ദൈവവചനത്താൽ ഭരണം നടത്താം. അതുകൊണ്ടാണ് ദൈവവചനം പറയുന്നത്,

**"ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു." (1 യോഹ. 5:4)**

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ അങ്ങ് തന്ന വചനത്തിനായി നന്ദി. കാഴ്ചയാൽ ജീവിച്ചു മാത്രമെ പരിചയമുള്ളൂ, എന്റെ ബലഹീനതയെ അങ്ങ് താങ്ങണമെ, വചനത്താൽ ജീവിക്കുവാൻ എന്നെ പഠിപ്പിക്കണമെ.......... യേശുവിൻ നാമത്തിൽ തന്നെ,- ആമേൻ*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഒരു ദൈവപൈതൽ നിശ്ചയമായും വചനം കൊണ്ട് ജീവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.
2. വചനം കൊണ്ട് ജീവിക്കുക എന്നത് ദൈവരാജ്യത്തിന്റെ ജീവിതശൈലിയാണ്. എന്നാൽ കാഴ്ചയാൽ ജീവിക്കുകയാണ് ലോകത്തിന്റെ ജീവിതശൈലി.
3. പ്രാർത്ഥനയും, പരിശുദ്ധാത്മാവുമായുള്ള അഭേദ്യമായ ബന്ധമാണ് ശുശ്രൂഷയുടെ വിജയരഹസ്യം.
4. ദൈവരാജ്യത്തിന്റെ നിയമത്തിൽ നാം നിന്നാൽ ലോകത്തിന്റെ നിയമങ്ങൾ നമുക്ക് കീഴടങ്ങും.



## ഭാഗം 2

# അനുസരണത്തിലൂടെ ദൈവരാജ്യത്തിലേക്കുള്ള വിജയം (നിത്യ അനുഗ്രഹങ്ങൾ)

## ആത്മലോകവും ആത്മീയവളർച്ചയും

## വാല്യം-2

## ജയിക്കാനായ് വീണ്ടും ജനിച്ചവർ!



### അദ്ധ്യായം 13

# "നിത്യ അനുഗ്രഹങ്ങൾ"

## എന്തുകൊണ്ട് നാം ആത്മീയമായി വളരണം?

"അന്നു മുതൽ യേശു: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി." (മത്താ. 4:17)

## വിശ്വാസികൾക്ക് ദൈവരാജ്യത്തിലേക്ക് എങ്ങനെ ജയം (നിത്യജയം) പ്രാപിക്കാം?

**അ**നുഗ്രഹീതമായ ഒന്നാം പാർട്ട്, 'വിശ്വാസത്താൽ ലോകത്തി ന്മേലുള്ള വിജയം' നാം വായിച്ച് കഴിഞ്ഞല്ലോ. ദൈവരാജ്യത്തിന്റെ ആ നിയമപ്രകാരം നാം ജീവിച്ചാൽ ദൈവം നമ്മുടെ ലോകത്തിലെ ശുശ്രൂഷയ്ക്ക് വേണ്ടിയതെല്ലാം അതായത് മറ്റൊരു രീതിയിൽ പറ ഞ്ഞാൽ ജീവനും ഭക്തിക്കും വേണ്ടിയതെല്ലാം ഒരുക്കിയിരിക്കുന്നത് പ്രാപിക്കുവാൻ കഴിയും.

**"തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്ക് ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോക ത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവ ത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു." (2 പത്രോ. 1:3-4)**

മുകളിൽ പറഞ്ഞിരിക്കുന്ന വചനത്തിൽ രണ്ട് ഭാഗങ്ങൾ കാണാം.

① ഈ ലോകത്തിൽ ജീവിക്കാൻ വേണ്ടിയതെല്ലാം തന്നിരിക്കുന്നു.
② 'ദൈവഭക്തിക്ക്' വേണ്ടിയതെല്ലാം തന്നിരിക്കുന്നു.

അതായത് നിത്യമായി ജീവിക്കുവാൻ മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവരാജ്യം അവകാശമാക്കുവാൻ വേണ്ടിയതെല്ലാം തന്നിരിക്കുന്നു.

ഈ രണ്ട് കാര്യങ്ങൾ ദൈവം പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്ന് 4-ാം വാക്യത്തിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. **"ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരാൻ വേണ്ടിയാണ്."**

> **"ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായിത്തീരാൻ ഇട വരുന്നു." (2 പത്രോ. 1:4)**

എന്നാൽ ദു:ഖകരമായ ഒരു കാര്യം പല ദൈവമക്കളും ദൈവത്തിന്റെ ഈ ഉദ്ദേശ സത്യമറിയാതെ, ദൈവരാജ്യത്തിന്റെ **"വിശ്വാസത്താൽ ലോകത്തെ ജയിക്കുന്നത്"** ലോകത്തിൽ സുഖകരമായ, ജയ ജീവിതം നയിക്കുവാനും സമ്പത്ത് വാരിക്കൂട്ടുവാനുമായി മാത്രം ഉപയോഗിക്കുന്നു എന്നുള്ളതാണ്. ലോകത്തിൽ ദൈവം നമുക്കനുവദിക്കുന്നതെല്ലാം താല്കാലികമാണെന്നും, നമ്മുടെ പണം, സമ്പത്ത്, പ്രശസ്തി, സ്വാധീനം, ആരോഗ്യം തുടങ്ങിയവയെല്ലാം നിലനില്ക്കുകയില്ലായെന്നും, നശിക്കുമെന്നും, എന്നാൽ ഇവ നശിക്കുന്നതിന് മുമ്പ് ദൈവം തന്ന ഈ ദാനമെല്ലാം ദൈവേഷ്ടത്തിനായി ഉപയോഗിച്ച് നിത്യസമ്പത്താക്കണമെന്നുള്ള സത്യം പലരും മറന്ന് പോകുന്നു.

ഈ സത്യം അറിയാത്തവരും, അറിഞ്ഞിട്ട് മറന്ന് പോകുന്നവരും, **"ഈ ലോകത്തിന് മനുഷ്യരുടെ മുമ്പിൽ ജയം പ്രാപിക്കുന്നവരെങ്കിലും, ഈ ലോകത്തിന് അനുരൂപരായ വിശ്വാസികളാണ്."** ഈ ലോകത്തിന് അനുരൂപമായാൽ ദൈവവചനം പറയുന്നു വാഗ്ദത്വം **"നാശം"** ആണ്.

> **"ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള <u>നാശം</u> വിട്ടൊഴിഞ്ഞിട്ട് ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായിത്തീരാൻ ഇട വരുന്നു." (2 പത്രോ. 1:4)**

ലോകത്തിൽ ജയ ജീവിതം നയിക്കപ്പെടാൻ കഴിഞ്ഞെങ്കിലും, ക്രിസ്തുവിന് വേണ്ടി വളരെ ഓടിയെങ്കിലും വലിയ സുവിശേഷവേലകൾ അത്ഭുതങ്ങളോടും അടയാളങ്ങളോടും കൂടെ തങ്ങളിലൂടെ നടന്നു എങ്കിലും ക്രിസ്തുവിന്റെ സ്വർഗ്ഗീയ കോടതിയുടെ മുമ്പാകെ നാശത്തിലേക്ക് തള്ളപ്പെടുന്ന ഒരു കൂട്ടം ദൈവദാസന്മാരെ മത്തായി

യുടെ സുവിശേഷത്തിൽ നമുക്ക് കാണാം.

**“കർത്താവെ, കർത്താവെ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കയും ചെയതില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിന്നെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും.” (മത്താ. 7:22-23)**

ഈ ലോകത്തിന് അനുരൂപമായി നാശത്തിൽ വീഴാതെ നിത്യമായ അനുഗ്രഹമായ ദൈവരാജ്യം അവകാശമാക്കുവാൻ നമുക്ക് യേശുക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരാം.

***“ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും, പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.”***

***(റോമ. 12:2)***

***“ആകയാൽ സകല ദുഷ്ടതയും എല്ലാം ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച് ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന് മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.” (1 പത്രോ. 2:1-2)***

മുകളിൽ പറഞ്ഞിരിക്കുന്ന ദൈവം നമുക്ക് വാഗ്ദത്വം തന്നിരിക്കുന്ന രണ്ട് കാര്യങ്ങൾ (ജീവന് വേണ്ടതും ഭക്തിക്ക് വേണ്ടതും) ഉപയോഗിച്ച് നമുക്കിഷ്ടമുള്ളത് മാത്രമല്ല ദൈവത്തിന്റ ഇഷ്ടത്തിലേക്ക് നമുക്കുയരാം...

എന്താണത് ദൈവത്തിന്റെ ഇഷ്ടം?

***“ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുക.”***

വായനക്കാരായ എന്റെ സഹോദരങ്ങൾ ഇപ്പോൾ താല്കാലിക അനുഗ്രഹങ്ങൾക്ക് മാത്രമല്ല നിത്യ അനുഗ്രഹങ്ങൾക്ക് വേണ്ടി തയ്യാറായെന്ന് ഞാൻ കരുതുന്നു, ആഴത്തിലേക്ക് നമുക്ക് വീണ്ടും വളരാം....

## എന്നും കിൻഡർ ഗാർഡൻ മതി, ഞങ്ങൾക്ക് പഠിക്കണ്ട;

കിൻഡർ ഗാർഡൻ നേഴ്സറി സ്ക്കൂളിൽ പോകുവാൻ കുട്ടികൾക്കെല്ലാം വലിയ ഇഷ്ടമാണ്. കാരണം അവർ ഇഷ്ടപ്പെടുന്നതെല്ലാം അവിടെയുണ്ട്. അതൊരുക്കിയിരിക്കുന്നത് ആ രീതിയിലാണ്. കളിക്കുവാൻ ഊഞ്ഞാലയുണ്ട്, കളിപ്പാട്ടങ്ങൾ ഉണ്ട്, കളിക്കൂട്ടുകാരുണ്ട്, മ്യൂസിക്ക് ഉണ്ട്, എന്തുവേണം താൻ ഏറ്റവും ഇഷ്ടപ്പെടുന്ന ചോക്ളേറ്റുമുണ്ട്....; പക്ഷെ ഉയർന്ന ക്ലാസിലേക്കു വരുമ്പോൾ പലരും പറയുന്നത് കേൾക്കാറുണ്ട്. "കണക്ക് എന്തൊരു ബുദ്ധിമുട്ടാണ്, ഹിന്ദി ടീച്ചർ വന്നില്ലായിരുന്നെങ്കിൽ നന്നായിരുന്നു, ഈ മലയാളം എന്ന വിഷയം ഇല്ലായിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു....." ആ കുട്ടികൾക്ക് ആ വിഷയങ്ങളോട് വെറുപ്പാണ്, അവർക്ക് പഠിക്കുവാൻ മനസ്സില്ല, അവർക്ക് താല്പര്യം കിൻഡർ ഗാർഡനോടാണ്, എന്തൊരു സുഖമാണവിടം!

പക്ഷെ കുട്ടികളുടെ ഇഷ്ടം നോക്കി അവരെ സന്തോഷിപ്പിക്കാൻ അവർക്കിഷ്ടപ്പെട്ട, കിൻഡർ ഗാർഡൻ നഴ്സറിയിൽ തന്നെ, ഉത്തരവാദപ്പെട്ട ബുദ്ധിയുള്ള മാതാപിതാക്കൾ തുടർന്നിരുത്താറില്ല. അങ്ങനെ ഇരുത്തി കുട്ടികളെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്നവർ ബുദ്ധിഹീനരാണ്. പകരം കുട്ടികൾക്കിഷ്ടപ്പെട്ടില്ലെങ്കിലും, അവർ അല്പം കഷ്ടപ്പെട്ടാലും അവരെ തുടർന്നുള്ള ക്ലാസുകളിൽ പഠിപ്പിച്ച് അവരുടെ ഭാവി സുരക്ഷിതമാക്കാൻ ഉത്തരവാദപ്പെട്ട മാതാപിതാക്കൾ ശ്രമിക്കാറുണ്ട്.

ഒരു പക്ഷെ കുട്ടികൾ 'എന്തിനാണ് അമ്മെ എന്നെയിങ്ങനെ കഷ്ടപ്പെടുത്തുന്നത്? എന്തിനാണ് എന്നെ രാവിലെ 4 മണിക്ക് എഴുന്നേല്പ്പിക്കുന്നത്? എന്തിനാണ് എന്നെക്കൊണ്ട് ഈ ഭാരം ചുമപ്പിക്കുന്നത്?' എന്ന് കുട്ടികൾ ചോദിച്ചാൽ, ബുദ്ധിയുള്ള മാതാപിതാക്കന്മാരുടെ ഉത്തരം ഇതാകും. **"മകനെ/മകളെ നിന്റെ ഉള്ളിലെ അറിവില്ലായ്മയെ മാറ്റി, അവിടെ അറിവ് പകർന്നാലെ നിന്റെ ഭാവി സുരക്ഷിതമാകൂ, എത്രത്തോളം നിന്റെ അറിവില്ലായ്മ മാറി നിനക്ക് അറിവ് ലഭിക്കുന്നുവോ അത്രത്തോളം നിന്റെ ഭാവി ഉയർത്തുവാൻ നിനക്ക് കഴിയും."**

ഇതെപോലെ തന്നെയാണ് ആത്മീയജീവിതവും. ആദം വീണുപോയതു മുതൽ ബൈബിളിൽ ഉടനീളം കേൾക്കുന്ന വാക്കാണ് 'മാനസാ

ന്തരം'(Repentance). ഈ വാക്കിന്റെ അർത്ഥം ക്രിസ്തീയ ഗോളത്തിൽ പലർക്കും അറിഞ്ഞു കൂടാ. Repentance എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'വ്യത്യസ്തമായി ചിന്തിക്കുക' എന്നതാണ്.

നമ്മുടെ വീടുകളിൽ ബുദ്ധിയുള്ള മക്കളെക്കുറിച്ച് കരുതലുള്ള മാതാപിതാക്കൾ മക്കളോട് "പഠിക്ക്, പഠിക്ക്...." എന്ന് എപ്പോഴും പറയുന്നത് പോലെ, ***നമ്മുടെ ആത്മീയ പിതാവും മാതാവുമായ ദൈവത്തിന് തന്റെ ജനത്തോട് എപ്പോഴും പറയുവാനുള്ളത് "മാനസാന്തരപ്പെടുക, മാനസാന്തരപ്പെടുക....." എന്നതാണ്.***

### എന്താണ് മാനസാന്തരം ?

മാനസാന്തരം കരച്ചിലാണെന്ന് പലരും തെറ്റിദ്ധരിച്ചിരിക്കുന്നു. മാനസാന്തരം കരച്ചിലല്ല, കരച്ചിൽ അനുതാപത്തിന്റെ (Regret) അടയാളമായി ഒരുപക്ഷെ കണ്ടേക്കാം. എന്നാൽ യഥാർത്ഥ മാനസാന്തരത്തിന്റെ തുടക്കത്തിൽ അനുതാപവുമുണ്ട്. ***അനുതാപം* (Regret) *ചെയ്ത പാപത്തെക്കുറിച്ച് ദുഃഖിക്കുന്നതാകുമ്പോൾ, മാനസാന്തരം* (Repentance) *വ്യത്യസ്തമായി ചിന്തിക്കുന്നതാണ്.***

Greek

അനുതാപം (Regret) = Metamellomai = To care after wards

മാനസാന്തരം (Repentance) = Metanoeo = To think diffrently

(Or)

അനുതാപം = ചെയ്ത് പോയതിനെ ഓർത്ത് ദുഃഖിക്കുക.

മാനസാന്തരം = വ്യത്യസ്തമായി ചിന്തിക്കുക.

അപ്പോൾ മാനസാന്തരമെന്നാൽ കരച്ചിലല്ല എന്ന് മനസ്സിലായല്ലോ? ഇപ്പോൾ ചിന്തിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുന്നതാണ് മാനസാന്തരം.

## എന്തിന് വ്യത്യസ്തമായി ചിന്തിക്കണം?

ദൈവവചനം പറയുന്നു, ദൈവം മനുഷ്യനെ വളരെ നിഷ്കളങ്കമായി സൃഷ്ടിച്ചെന്ന്. എങ്കിലും മനുഷ്യൻ പല തിന്മകളും തന്റെ ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുന്നു.

**"ദൈവം മനുഷ്യനെ വളരെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേക സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു."**
**(സഭാ. 7:29)**

***എന്തുകൊണ്ടാണ് ദൈവം നേരുള്ളവനായി സൃഷ്ടിച്ച മനുഷ്യൻ അനേക സൂത്രങ്ങളെ അന്വേഷിച്ച് വരുന്നത്? അതിന്റെ കാരണം അനുസരണക്കേടിനാൽ മനുഷ്യന്റെ ഹൃദയം മലിനമാക്കപ്പെട്ടതുകൊണ്ടാണ്. ചിന്തിക്കുന്നവർക്ക് ഇതൊരു അതിശയമായി തോന്നും.***

വ്യത്യസ്തമായി ചിന്തിക്കുന്നതാണ് മാനസാന്തരം.

### ആദത്തെ സർപ്പം കടിച്ചു!

പാമ്പ് കടിയേൽക്കപ്പെട്ട ഒരാളുടെ ശരീരം മുഴുവൻ വിഷം നിറയുകയും നീല നിറമാകുമെന്നും കേട്ടിട്ടുണ്ട്. തുടർന്ന് വിഷമിറക്കാൻ കഴിഞ്ഞില്ലായെങ്കിൽ ആ വ്യക്തി മരിക്കും. ഇത് ശരീരത്തിൽ കടിയേറ്റാലുള്ള അവസ്ഥയാണ്. ശരീരമെന്ന് പറയുന്നത് മനുഷ്യന്റെ ദൈവവചനപ്രകാരമുള്ള ഘടനയുടെ ഏറ്റവും താഴത്തെ ഭാഗമാണ്. (ആത്മാവ്, മനസ്സ്, ശരീരം എന്നിവയിൽ നടക്കുന്ന ആത്മീയ മാറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ '**ആത്മലോകവും ആത്മീയവളർച്ചയും**' എന്ന ഈ പുസ്തകത്തിന്റെ വാല്യം-1 വായിക്കുക.)

സർപ്പം ശരീരത്തിൽ കടിച്ചാൽ ശരീരം മുഴുവൻ വിഷം നിറയുമെങ്കിൽ, ആദം പിശാചിനെ അനുസരിച്ചപ്പോൾ, ആദത്തെ ആത്മീയ സർപ്പം കടിക്കുകയായിരുന്നു. മനുഷ്യഘടനയുടെ ഏറ്റവും ഉയർന്ന ഭാഗമായ ആത്മാവിൽ കടിയേറ്റ ആദത്തിന്റെ ആത്മാവും, ദേഹിയും, ശരീരവും ഒരുപോലെ വിഷം നിറഞ്ഞു.

| | |
|---|---|
| **ആത്മാവ്** | **: ദൈവവുമായി അന്യപ്പെട്ട് മരിച്ചു.** |
| **ദേഹി** | **: മനസ്സിലെ ചിന്തകൾ മുഴുവൻ മലിനമായി, ഭോഷത്വമായി** |
| **ശരീരം** | **: ബലഹീനമായതും, ദ്രവിക്കുന്നതുമായ ജഡമായ് രൂപാന്തരപ്പെട്ടു.** |

## ആദം തെറ്റ് ചെയ്തത് കൊണ്ട് ഞങ്ങൾ മലിനമാകുന്നത് എങ്ങനെ?

ആദം പിശാചിനെ അനുസരിച്ചപ്പോൾ, അല്ലായെങ്കിൽ സർപ്പത്തിന്റെ കടിയേല്ക്കാൻ ഏല്പിച്ചുകൊടുത്തപ്പോൾ, ആദത്തിന്റെ ഉള്ളിൽ നാമെല്ലാവരും ഉണ്ടായിരുന്നു. നമ്മെയെല്ലാവരെയും വിഷം തീണ്ടി. നമ്മുടെ ആത്മാവും, ദേഹിയും, ശരീരവും വിഷമയമായിത്തീർന്നു.

ഇതെങ്ങനെയെന്ന് മനസ്സിലാക്കാൻ എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം വായനക്കാരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരട്ടെ. വചനം പറയുന്നു. "ലേവിയും മൽക്കിസേദേക്കിനും ദശാംശം കൊടുത്തുവെന്ന്."

> **"ദശാംശം വാങ്ങുന്ന ലേവിയും അബ്രഹാം മുഖാന്തരം ദശാംശം കൊടുത്തിരിക്കുന്നു എന്നു ഒരു വിധത്തിൽ പറയാം. അവന്റെ പിതാവിനെ മല്ക്കീസേദെക്കു എതിരേറ്റപ്പോൾ ലേവി അവന്റെ കടി പ്രദേശത്തു ഉണ്ടായിരുന്നുവല്ലോ." (എബ്രാ. 7:9–10)**

ഇവിടെ ഇങ്ങനെ പറയുന്നതിന്റെ കാരണം അബ്രഹാം മല്ക്കീസേദെക്കിന് ദശാംശം കൊടുത്തപ്പോൾ അബ്രഹാമിന്റെ ഉള്ളിൽ തനിക്ക് ജനിക്കാൻ പോകുന്ന മകനായ ഇസഹാക്ക് ഉണ്ടായിരുന്നു, ഇസഹാക്കിന്റെ ഉള്ളിൽ തനിക്ക് ജനിക്കാൻ പോകുന്നവനായ യാക്കോബ് ഉണ്ടായിരുന്നു, യാക്കോബിന്റെ ഉള്ളിൽ തനിക്ക് ജനിക്കാൻ പോകുന്ന മകനായ ലേവിയും ഉണ്ടായിരുന്നു. അതുകൊണ്ടാണ് ദൈവവചനം പറയുന്നത്, "അബ്രഹാം മല്ക്കീസേദെക്കിന് ദശാംശം കൊടുത്തപ്പോൾ ലേവിയും ദശാംശം കൊടുത്തുവെന്ന്."

ഇതിൽ നിന്ന് നമുക്കൊന്ന് മനസ്സിലാക്കാം. ആദം ദൈവത്തെ ധിക്ക

രിച്ച് പിശാചിനെ അനുസരിച്ചപ്പോൾ, മറ്റൊരു രീതിയിൽ പറഞ്ഞാൽ സർപ്പത്താൽ കടിയേൽക്കാൻ ഏല്പിച്ചുകൊടുത്തപ്പോൾ നമുക്കെല്ലാവർക്കും കടിയേറ്റു. നമുക്കെല്ലാവർക്കും സർപ്പവിഷം തീണ്ടി. നമ്മുടെ ആത്മാവും, മനസ്സും, ശരീരവും ആത്മീയ സർപ്പവിഷത്താൽ മലിനമായിത്തീർന്നു. കാരണം നാമെല്ലാം ആദത്തിന്റെ ഉള്ളിൽ ഉണ്ടായിരുന്നുവല്ലോ?

ആദം പിശാചിനെ അനുസരിച്ചപ്പോൾ ആദത്തെ ആത്മീയ സർപ്പം കടിക്കുകയായിരുന്നു. മനുഷ്യഘടനയുടെ ഏറ്റവും ഉയർന്ന ഭാഗമായ ആത്മാവിൽ കടിയേറ്റ ആദത്തിന്റെ ആത്മാവും, ദേഹിയും, ശരീരവും ഒരുപോലെ വിഷം നിറഞ്ഞു.



ആത്മാവിൽ വിഷം തീണ്ടിയതിനാൽ നാം ദൈവത്തിൽ നിന്നും അന്യപ്പെട്ടു, ആത്മീയമായി മരിച്ചു. വീഴ്ച്ചയ്ക്ക് ശേഷം മനുഷ്യർക്ക് ആദം വീഴ്ച്ചയ്ക്ക് മുമ്പ് അനുഭവിച്ച ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിയാതിരിക്കുന്നു. അതുകൊണ്ടാണ് ഇന്ന് നമുക്ക് ദൈവം ഉണ്ടെന്ന് വിശ്വസിക്കേണ്ടി വരുന്നത്. കാണാത്തതിനെ കുറിച്ചുള്ള ഉറപ്പാണല്ലോ വിശ്വാസം.

ദേഹിയിൽ വിഷം തീണ്ടപ്പെട്ടതിനാൽ ദേഹിക്കുള്ളിലെ മനസ്സ് മലിനമായി, ദൈവം മനുഷ്യന് കൊടുത്ത അതുല്യമായ ജ്ഞാനം തകർന്നു, മനുഷ്യന്റെ ചിന്താമണ്ഡലം ബലഹീനമാക്കപ്പെട്ടു, മനുഷ്യന്റെ ജ്ഞാനം ഭോഷത്വമായി, മനുഷ്യന്റെ ചിന്തകളെല്ലാം നിഷേധാത്മകമായി തീർന്നു. ഇതുകൊണ്ടാണ് ‘ഈ ലോകത്തിലെ ജ്ഞാനം ദൈവസന്നിധിൽ ഭോഷത്വമാണെന്ന്’ ദൈവവചനം പറയുന്നത്.

**“ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ.” (1 കൊരി. 3:19)**

ശരീരത്തിൽ വിഷം തീണ്ടിയതിനാൽ ശരീരം ബലഹീനവും മലിനവുമായ ജഡമായിത്തീർന്നു. ദ്രവത്വത്തിന് കീഴടങ്ങി, രോഗങ്ങൾക്ക് ഒരു താവളമായിത്തീർന്നു. മരണമെന്ന തന്റെ ആരാചാർക്ക് വേണ്ടി കാത്തിരിക്കുന്നു. ഈ നഷ്ടങ്ങളിൽ നിന്നെല്ലാം വീണ്ടെടുക്കാനാണ് പിതാവ് ക്രിസ്തുവിനെ ഭൂമിയിലേക്കയച്ചത്.



## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ അങ്ങ് എന്നോട് വ്യക്തമായി സംസാരിക്കാൻ തുടങ്ങിയതിനാൽ നന്ദി. ആത്മീയ വളർച്ചക്കായി എന്നെ അങ്ങയുടെ കരങ്ങളിൽ ഏല്പിക്കുന്നു. അങ്ങല്ലോ വളരുമാറാക്കുന്നത്...... യേശുവിൻ നാമത്തിൽ തന്നെ,- ആമേൻ.*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. നമ്മുടെ ആത്മീയ പിതാവും മാതാവുമായ ദൈവത്തിന് തന്റെ ജനത്തോട് എപ്പോഴും പറയാനുള്ളത് “മാനസാന്തരപ്പെടുക, മാനസാന്തരപ്പെടുക.....” എന്നതാണ്.
2. അനുതാപം (Regret) ചെയ്ത പാപത്തെക്കുറിച്ച് ദുഃഖിക്കുന്നതാകുമ്പോൾ, മാനസാന്തരം (Repentance) വ്യത്യസ്തമായി ചിന്തിക്കുന്നതാണ്.
3. ദൈവം നേരുള്ളവനായി സൃഷ്ടിച്ച മനുഷ്യൻ അനേക സൂത്രങ്ങളെ അന്വേഷിച്ച് വരുന്നതിന്റെ കാരണം അനുസരണക്കേടിനാൽ മനുഷ്യന്റെ ഹൃദയം മലിനമാക്കപ്പെട്ടതുകൊണ്ടാണ്.
4. ആദം പിശാചിനെ അനുസരിച്ചപ്പോൾ ആദത്തെ ആത്മീയ സർപ്പം കടിക്കുകയായിരുന്നു. മനുഷ്യഘടനയുടെ ഏറ്റവും ഉയർന്ന ഭാഗമായ ആത്മാവിൽ കടിയേറ്റ ആദത്തിന്റെ ആത്മാവും, ദേഹിയും, ശരീരവും ഒരുപോലെ വിഷം നിറഞ്ഞു.
5. ആദം പിശാചിനെ അനുസരിച്ചപ്പോൾ, അല്ലായെങ്കിൽ സർപ്പത്തിന്റെ കടിയേല്ക്കാൻ ഏല്പിച്ചുകൊടുത്തപ്പോൾ, ആദത്തിന്റെ ഉള്ളിൽ നാമെല്ലാവരും ഉണ്ടായിരുന്നു. നമ്മെയെല്ലാവരെയും വിഷം തീണ്ടി.



## അദ്ധ്യായം 14

# "നിത്യ അനുഗ്രഹങ്ങൾ"

## ഇരുട്ടിൽ നിന്നും മനോഹര രൂപം


"ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളി ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങേണ്ട തിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു." (2 കൊരി 4:6)

**ചി**ല വർഷങ്ങൾക്ക് മുമ്പ് ഒരു ഫോട്ടോ സ്റ്റുഡിയോയിൽ അല്പ നേരം ഒരു ബിസിനസ്സിന്റെ ആവശ്യവുമായുള്ള ബന്ധത്തിൽ ഇരിക്കു വാൻ ഇടയായി. പലരും ഫോട്ടോ എടുക്കുവാൻ വരുന്നുണ്ട്. വരുന്ന വർക്ക് ആദ്യം ഒരു ഒരുക്കമുറി (Dressing room) അവിടത്തെ ഫോട്ടോഗ്രാഫർ കാണിച്ചുകൊടുത്തുകൊണ്ടിരുന്നു. ഒരുങ്ങിക്കഴി ഞ്ഞാൽ പിന്നെ സ്റ്റുഡിയോയിലെ ഫോട്ടോ എടുക്കുന്ന (Camera room) മുറിയിൽ അവരെ ലൈറ്റുകൾക്കു അഭിമുഖമായി കൊണ്ടുവന്നു ഇരുത്തും. അടുത്ത പടി അവരുടെ ഫോട്ടോ എടുക്കലാണ്. ഫോട്ടോ ഗ്രാഫർ അവരുടെ Position നേരെയാക്കി ക്യാമറയിൽ ക്ലിക്ക് ചെയ്തു, ഒപ്പം ലൈറ്റുകളും മിന്നി, ആ വ്യക്തിയുടെ രൂപം ക്യാമറ യ്ക്കുള്ളിലെ ഫിലിം പാളികളിൽ പതിഞ്ഞു.

> സ്റ്റുഡിയോയെ ദൈവസഭ യോട് ഉപമിക്കാം. ഫോട്ടോഗ്രാ ഫറാണ് പരിശുദ്ധാത്മാവ്. ഫോട്ടോ എടുക്കുവാൻ വരുന്ന വർ ലോകത്തിലെ ജനങ്ങളാണ്.

തുടർന്ന് ക്യാമറമാൻ, ആ ക്യാമ റയുമായി മൂന്നാമത്തെ റൂമിലേക്ക് കടന്നുപോയി. ആ മുറിയുടെ പേരെ നിക്ക് പറഞ്ഞു തന്നു 'ഇരുട്ട് മുറി' (Dark room). അവിടെ വച്ച് ക്യാമ റയിൽ നിന്ന് ഫിലിം ഊരിയെ ടുക്കും. അങ്ങനെയുള്ള ഫിലിം ആ ക്യാമറമാൻ എനിക്ക് കാണിച്ചു തന്നു. അതിൽ മനോഹരമായ ഫോട്ടോ കാണുവാൻ ഞാൻ നോക്കി,

പക്ഷെ അതിൽ മുഴുവൻ കറുത്ത നിറമല്ലാതെ മറ്റൊന്നും ഞാൻ കണ്ടില്ല. ഞാൻ അറിവില്ലാത്തവനെപ്പോലെ അതിശയിച്ചു നിന്നു, അദ്ദേഹം എന്നോട് പറഞ്ഞു, ഈ കറുത്ത് കാണുന്ന ഫിലിമിന്റെ ഉള്ളിൽ ഫോട്ടോ പതിഞ്ഞിട്ടുണ്ട്. എന്നാൽ ആ ഫോട്ടോ വെളിപ്പെടണമെങ്കിൽ ഈ ഇരുട്ട് മുറിയിൽ ഈ ഫിലിമിൽ നിന്ന് ഫോട്ടോ വെളിപ്പെട്ട് വരാൻ പല പ്രവർത്തനങ്ങൾ (Process) വച്ചിട്ടുണ്ട്, അതിലൂടെ ഈ ഫിലിം കടന്നുപോകണം.




(ചിത്രം 25)

തുടർന്ന് ഞാൻ പ്രോസസ്സുകൾ (Process) മനസ്സിലാക്കി, പല രാസവസ്തുക്കളുടെ ലായനിയിൽ ഈ ഫിലിം ചില സമയം മാറ്റി മാറ്റിയിടുമ്പോൾ ഫിലിമിൽ ഇമേജ് (Image/Photo) പതിഞ്ഞ ഭാഗങ്ങളിലെ കറുത്ത കളർ ഈ രാസ വസ്തുക്കളുടെ പ്രവർത്തനഫലമായി ഇളകിപ്പോകുകയും ആ പ്രോസസ്സിന്റെ അവസാനം മനോഹരമായ രൂപം പ്രിന്റ് ചെയ്യുവാൻ തക്കവണ്ണമുള്ള ഇമേജ് (Image) ഫിലിമിൽ വെളിപ്പെട്ട് വരുകയും ചെയ്യും. (ചിത്രം 26)

ഞാനാ ഫോട്ടോഗ്രാഫറോട് ജിജ്ഞാസയോടെ ഒരു ചോദ്യം ചോദിച്ചു. "എന്തുകൊണ്ടാണ് ഈ ഫിലിം ക്യാമറയിൽ നിന്ന് പുറത്തേക്കെ

ടുക്കാൻ ഇരുട്ട് റൂമിലേക്ക് വന്നത്, വെളിയിൽ പ്രകാശത്തിൽ വച്ച് ചെയ്യുന്നതല്ലേ എളുപ്പം അതല്ലേ സൗകര്യം?". അദ്ദേഹം എന്നോട് പറഞ്ഞു "വെളിയിൽ വച്ച് ഫിലിം പുറത്തെടുത്താൽ വെളിയിലെ പ്രകാശത്തിലേക്ക് ഫിലിം Expose" ചെയ്യപ്പെടുകയും, ഫിലിമിന്റെ ഉള്ളിൽ മറഞ്ഞു കിടക്കുന്ന ഇമേജ് എന്നെന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്യും.

ഒരു പക്ഷെ പ്രിയ വായനക്കാർ ചിന്തിക്കും, എന്തിനാണ് ഈ പുസ്തകത്തിൽ Photography യെക്കുറിച്ച് എഴുതിയിരിക്കുന്നത്?

പ്രിയരെ ഒരു വ്യക്തിയുടെ ക്രിസ്തുവിലുള്ള ജനനവും, തുടർന്ന് ക്രിസ്തുവിൽ തികഞ്ഞവനാകുന്നതും Photographic process - ലൂടെ വളരെയെളുപ്പം നമുക്ക് മനസ്സിലാക്കുവാൻ ഇടയാകും. സ്റ്റുഡിയോയെ ദൈവസഭയോട് ഉപമിക്കാം. ഫോട്ടോഗ്രാഫറാണ് പരിശുദ്ധാത്മാവ്. ഫോട്ടോ എടുക്കുവാൻ വരുന്നവർ ലോകത്തിലെ ജനങ്ങളാണ്. ഒന്നാം മുറിയായ ഒരുക്കമുറി (Dressing room) സുവിശേഷം പ്രസംഗിക്കുന്ന സ്ഥലമാണ്, അല്ലെങ്കിൽ ഹാളാണ്. രണ്ടാം മുറിയായ ഫോട്ടോ എടുക്കുന്ന സ്ഥലം യേശുവിനെ ഏറ്റുപറഞ്ഞ് വീണ്ടും ജനിക്കുന്ന സ്ഥലമാണ്. മൂന്നാം മുറിയായ ഇരുട്ട് മുറി പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ ക്രിസ്തുവിൽ വീണ്ടും ജനിക്കപ്പെട്ട വ്യക്തി ക്രിസ്തുവിൽ തികഞ്ഞവനാകുന്നതാണ്, അല്ലെങ്കിൽ ആത്മാവിൽ വളരുന്ന സ്ഥലമാണ്.

ഈ ഉപമയുമായി താരതമ്യപ്പെടുത്തുമ്പോൾ ***ഇതുവരെ സുവിശേഷം കേൾക്കാത്ത വ്യക്തികൾ സ്റ്റുഡിയോയിൽ ഇതുവരെ***

> ഒന്നാം മുറിയായ ഒരുക്കമുറി (Dressing room) സുവിശേഷം പ്രസംഗിക്കുന്ന സ്ഥലമാണ്, അല്ലെങ്കിൽ ഹാളാണ്. രണ്ടാം മുറിയായ ഫോട്ടോ എടുക്കുന്ന സ്ഥലം യേശുവിനെ ഏറ്റുപറഞ്ഞ് വീണ്ടും ജനിക്കുന്ന സ്ഥലമാണ്. മൂന്നാം മുറിയായ ഇരുട്ട് മുറി പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ ക്രിസ്തുവിൽ വീണ്ടും ജനിക്കപ്പെട്ട വ്യക്തി ക്രിസ്തുവിൽ തികഞ്ഞവനാകുന്നതാണ്, അല്ലെങ്കിൽ ആത്മാവിൽ വളരുന്ന സ്ഥലമാണ്.

*പോകാത്ത വ്യക്തികളാണ്. വചനം കേട്ടിട്ടും വീണ്ടും ജനിക്കാത്ത വ്യക്തികൾ സ്റ്റുഡിയോയിൽ പോയി ഒരുങ്ങിയിട്ടും ഫോട്ടോ എടുക്കാതെ മടങ്ങി വരുന്ന വ്യക്തികൾക്ക് തുല്യമാണ്. ദൈവവചനം കേട്ട് ക്രിസ്തുവിൽ വീണ്ടും ജനിക്കുന്നവർ ഒരുക്കം കഴിഞ്ഞ് ഫോട്ടോ എടുക്കുന്നവർക്ക് തുല്യമാണ്. ക്രിസ്തുവിൽ തികഞ്ഞവരാകാൻ പരിശുദ്ധാത്മാവിന്റെ കൈയ്യിൽ ഏല്പ്പിച്ച് കൊടുക്കുന്നവരാണ്, തങ്ങളുടെ ഫോട്ടോ ഫിലിംനെ ക്യാമറമാന്റെ കൈയ്യിലേൽപ്പിച്ച് ഇരുട്ട് മുറിയിലേക്ക് പോകുവാൻ അനുവദിക്കുന്നത്. എന്നാൽ വീണ്ടും ജനിച്ചിട്ടും, ലോകസ്നേഹത്തിൽ കുടുങ്ങി, ലോകത്തിന് അനുരൂപമായി ജീവിച്ച് നശിച്ചു പോകുന്നവാരാണ്, ഇരുട്ട് റൂമിന് വെളിയിൽ, ലോകത്തിലെ വെളിച്ചത്തിൽ ക്യാമറയിൽ നിന്നും ഫിലിം പുറത്തെടുക്കുന്നതിനെ കാണിക്കുന്നത്.*

> വചനം കേട്ടിട്ടും വീണ്ടും ജനിക്കാത്ത വ്യക്തികൾ സ്റ്റുഡിയോയിൽ പോയി ഒരുങ്ങിയിട്ടും ഫോട്ടോ എടുക്കാതെ മടങ്ങി വരുന്ന വ്യക്തികൾക്ക് തുല്യമാണ്.

> ദൈവവചനം കേട്ട് ക്രിസ്തുവിൽ വീണ്ടും ജനിക്കുന്നവർ ഒരുക്കം കഴിഞ്ഞ് ഫോട്ടോ എടുക്കുന്നവർക്ക് തുല്യമാണ്.

## മനോഹര രൂപം വെളിപ്പെടുന്നു

വീണ്ടും ജനിക്കപ്പെട്ട ഓരോ വ്യക്തികളുടെയും ഉള്ളിൽ ക്രിസ്താനുരൂപമായ ഒരു ആത്മീയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു.

**“നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും**

**ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചു കൊൾവിൻ." (എഫേ. 4:23)**

*ക്രിസ്തുവിൽ തികഞ്ഞവരാകാൻ പരിശുദ്ധാത്മാവിന്റെ കൈയ്യിൽ ഏല്പിച്ച് കൊടുക്കുന്നവരാണ്, തങ്ങളുടെ ഫോട്ടോ ഫിലിംനെ ക്യാമറമാന്റെ കൈയ്യിലേൽപ്പിച്ച് ഇരുട്ട് മുറിയിലേക്ക് പോകുവാൻ അനുവദിക്കുന്നത്. എന്നാൽ വീണ്ടും ജനിച്ചിട്ടും, ലോകസ്നേഹത്തിൽ കുടുങ്ങി, ലോകത്തിന് അനുരൂപമായി ജീവിച്ച് നശിച്ചു പോകുന്നവരാണ്, ഇരുട്ട് റൂമിന് വെളിയിൽ, ലോകത്തിലെ വെളിച്ചത്തിൽ ക്യാമറയിൽ നിന്നും ഫിലിം പുറത്തെടുക്കുന്നതിനെ കാണിക്കുന്നത്.*

എന്നാൽ ഇങ്ങനെ സൃഷ്ടിക്കപ്പെട്ട ആത്മീയ മനഷ്യൻ പൂർണ്ണമായി വെളിപ്പെടാൻ തടസ്സമായി രണ്ട് മറകൾ ഇന്ന് മനുഷ്യന്റെ മുമ്പിലുണ്ട്. സ്റ്റുഡിയോയുടെ ഉള്ളിൽ ഫോട്ടോ എടുത്തതിന് ശേഷവും ഫിലിമിന്റെ ഉള്ളിൽ പതിഞ്ഞ ഫോട്ടോ വെളിപ്പെടില്ലയെന്ന് ഓർക്കുന്നുവല്ലോ? ഇതുപോലെയാണ് വീണ്ടും ജനിച്ചപ്പോൾ പുതിയതായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ലോകാനുരൂപമായ (ദേഹി) മനസ്സിന്റെയും ശരീരത്തിന്റെയും മറവിലാണ്.

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു." (2 കൊരി. 5:17)**

**"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ." (1 തെസ്സ. 5:23)**

*ഇമേജ് (Image) പതിഞ്ഞ ഫിലിമിനെ ഇരുട്ട് റൂമിലെ രാസവസ്തുക്കളുടെ ലായനികളിലൂടെ അല്പനേരം കടത്തി*

വിടുമ്പോൾ ഫിലിമിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന മനോഹര രൂപം വെളിപ്പെടുന്നത് പോലെ, പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ പുതിയതായി സൃഷ്ടിക്കപ്പെട്ട വ്യക്തികൾ കടന്നുപോകുമ്പോൾ, ആദ്യം ലോകാനുരൂപമായ മനസ്സിന്റെ മറ തകർക്കപ്പെടുകയും ക്രിസ്താനുരൂപമായ ദൈവ പുത്രന്മാർ വെളിപ്പെടുകയും ചെയ്യുന്നു. ഇതിനത്രേ സകല സൃഷ്ടികളും കാത്തിരിക്കുന്നത്.

**"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു." (റോമ. 8:19)**

**"ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു." (2 കൊരി. 4:6)**

ഇരുട്ടിൽ നിന്നും പ്രകാശം വിളിച്ചുവരുത്തുന്ന ദൈവമാണ് നമ്മുടെ ദൈവം. കറുത്ത ഫിലിമിന്റെ അകത്തു നിന്നും മനോഹര രൂപം പുറത്തെടുക്കുന്നത് പോലെ, വീണ്ടും ജനിച്ച മനുഷ്യരുടെ ഉള്ളിലുള്ള ക്രിസ്താനുരൂപമായ പുതിയ സൃഷ്ടിയെ ദൈവം പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ പുറത്തിറക്കും. എന്നാൽ ഈ ശുശ്രൂഷ എല്ലാ വീണ്ടും ജനിച്ചവരിലും (വിളിക്കപ്പെട്ടവർ) സംഭവിക്കുകയില്ല, പകരം പരിശുദ്ധാത്മാവിന്റെ രൂപാന്തര ശുശ്രൂഷയിലൂടെ തന്റെ ഉള്ളിൽ ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ സൃഷ്ടി വെളിപ്പെടുവാൻ സ്വയം താഴ്ത്തി, ക്രിസ്തു അനുവദിച്ച ക്രൂശ് എടുക്കുവാൻ ഏല്പിച്ച് കൊടുക്കുന്നവരിൽ (തെരെഞ്ഞെക്കപ്പെടുന്നവർ) മാത്രമെ ഈ ശുശ്രൂഷ വെളിപ്പെടുകയുള്ളു. തന്റെ ഫോട്ടോ സ്റ്റുഡിയോയിൽ എടുത്തുവെങ്കിലും, ഇരുട്ട് റൂമിൽ ഫിലിം മനോഹര രൂപം പുറത്തെടുക്കണമോ എന്ന തീരുമാനം ഫോട്ടോഗ്രാഫറുടെ അല്ല, ഫോട്ടോ എടുക്കുവാൻ പോയ വ്യക്തിയുടെ തീരുമാനമാണ്. ഇതുപോലെ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലുടെ കടന്നു പോയി തന്റെ ഉള്ളിലെ

> വീണ്ടും ജനിക്കപ്പെട്ട ഓരോ വ്യക്തികളുടെയും ഉള്ളിൽ ക്രിസ്താനുരൂപമായ ഒരു ആത്മീയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു.

ക്രിസ്താനുരൂപമായ മനുഷ്യൻ വെളിപ്പെടണമോ എന്നുള്ളത് വീണ്ടും ജനിച്ച ഓരോ വ്യക്തികളുടെയും തീരുമാനമാണ്.

**"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും." (മത്താ. 11:29)**

അതിനാൽ തനിക്ക് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ കടന്നു പോയി തന്റെ ജീവിതത്തിൽ ദൈവേഷ്ടം ചെയ്യണം എന്ന തീരുമാനത്തോടും പ്രാർത്ഥനയോടും കൂടെ തുടർന്നുള്ള അദ്ധ്യായം വായിക്കാം.

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ, അങ്ങയുടെ പ്രവർത്തികൾക്കായി എന്നെ സമ്പൂർണ്ണമായി താഴ്ത്തിയേൽപ്പിക്കുന്നു. എന്റെ ഉള്ളിൽ നിന്ന് ക്രിസ്താനുരൂപമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വെളിപ്പെടാൻ എന്നെ സഹായിക്കണമേ.... യേശുവിൻ നാമത്തിൽ പിതാവേ,- ആമേൻ*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. സ്റ്റുഡിയോയെ ദൈവസഭയോട് ഉപമിക്കാം. ഫോട്ടോഗ്രാഫറാണ് പരിശുദ്ധാത്മാവ്. ഫോട്ടോ എടുക്കുവാൻ വരുന്നവർ ലോകത്തിലെ ജനങ്ങളാണ്.
2. ഒന്നാം മുറിയായ ഒരുക്കമുറി (Dressing room) സുവിശേഷം പ്രസംഗിക്കുന്ന സ്ഥലമാണ്, അല്ലെങ്കിൽ ഹാളാണ്. രണ്ടാം മുറിയായ ഫോട്ടോ എടുക്കുന്ന സ്ഥലം യേശുവിനെ ഏറ്റുപറഞ്ഞ് വീണ്ടും ജനിക്കുന്ന സ്ഥലമാണ്. മൂന്നാം മുറിയായ ഇരുട്ട് മുറി പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ ക്രിസ്തുവിൽ വീണ്ടും ജനിക്കപ്പെട്ട വ്യക്തി ക്രിസ്തുവിൽ തികഞ്ഞവനാകുകയാണ്, അല്ലെങ്കിൽ ആത്മാവിൽ വളരുന്ന സ്ഥലമാണ്.
3. വചനം കേട്ടിട്ടും വീണ്ടും ജനിക്കാത്ത വ്യക്തികൾ സ്റ്റുഡിയോയിൽ പോയി ഒരുങ്ങിയിട്ടും ഫോട്ടോ എടുക്കാതെ മടങ്ങി വരുന്ന വ്യക്തികൾക്ക് തുല്യമാണ്.
4. ദൈവവചനം കേട്ട് ക്രിസ്തുവിൽ വീണ്ടും ജനിക്കുന്നവർ ഒരുക്കം കഴിഞ്ഞ് ഫോട്ടോ എടുത്തവർക്ക് തുല്യമാണ്.
5. ക്രിസ്തുവിൽ തികഞ്ഞവരാകാൻ പരിശുദ്ധാത്മാവിന്റെ കൈയ്യിൽ തങ്ങളെ തന്നെ ഏല്പ്പിച്ച് കൊടുക്കുന്നവരാണ്, തങ്ങളുടെ ഫോട്ടോ ഫിലിമിനെ ക്യാമറമാന്റെ കൈയ്യിലേൽപ്പിച്ച് ഇരുട്ട് മുറിയിലേക്ക് പോകുവാൻ അനുവദിക്കുന്നത്.
6. വീണ്ടും ജനിച്ചിട്ടും, ലോകസ്നേഹത്തിൽ കുടുങ്ങി, ലോകത്തിന് അനുരൂപമായി ജീവിച്ച് നശിച്ചു പോകുന്നവാരാണ്, ഇരുട്ട് റൂമിന് വെളിയിൽ, ലോകത്തിലെ വെളിച്ചത്തിൽ ക്യാമറയിൽ നിന്നും ഫിലിം പുറത്തെടുക്കുന്നതിനെ കാണിക്കുന്നത്.



## അദ്ധ്യായം 15

# "നിത്യ അനുഗ്രഹങ്ങൾ"

## യഥാർത്ഥ വിജയം

"ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ"
(എഫേ. 5:17)

**ഭൂ**മിയിൽ നമ്മുടെ പേര് വളരുന്നതോ, വലിയ സഭ ഉണ്ടാകുന്നതോ, ശക്തമായ രോഗശാന്തി ശുശ്രൂഷകൾ മറ്റു കൃപാവര ശുശ്രൂഷകൾ നടത്തുന്നതോ, സ്ഥാനമാനങ്ങൾ, വളരെയധികം പണം, വലിയ വീട്, കാറ് എന്നിവ കിട്ടുന്നതോ ആണ് യഥാർത്ഥ വിജയമായി പലരും കരുതുന്നത്. എന്നാൽ യഥാർത്ഥ വിജയമെന്ന് പറഞ്ഞാൽ നമ്മെക്കുറിച്ചുള്ള ദൈവഹിതം ഭൂമിയിൽ ചെയ്ത് തീർക്കുക എന്നുള്ളതാണ്.

> മനുഷ്യന്റെ യഥാർത്ഥ വിജയമെന്ന് പറയുന്നത്, മനുഷ്യനെക്കുറിച്ചുള്ള ദൈവഹിതം ഭൂമിയിൽ ചെയ്ത് തീർക്കുക എന്നുള്ളതാണ്.

### യേശുവിന്റെ കൈയ്യിലെ ആയുധങ്ങൾ

പഴയ നിയമ പുസ്തകത്തിൽ 1 ശമുവേൽ 17-ാം അദ്ധ്യായം വായിക്കുമ്പോൾ ശൗൽ (ലോകം) കൊടുത്ത ആയുധങ്ങൾ കൊണ്ട് ദാവീദിന് ഗോല്യാത്തിനെ കൊല്ലുവാൻ പ്രയാസമുള്ളതുകൊണ്ട്, ദാവീദ് അതെല്ലാം ഊരി വച്ച് തോട്ടിൽ നിന്ന് മിനുസമുള്ള അഞ്ച് കല്ലുകൾ പെറുക്കിയെടുത്തതായി നാം കാണുന്നു.

**<u>ദൈവഹിതം നിവർത്തിച്ച് വിജയം വരിച്ച കല്ല്</u>**

തോട്ടിൽ നിന്ന് ദാവീദ് പെറുക്കിയെടുത്ത അഞ്ച് കല്ലുകളിൽ ഒന്ന് ദാവീദിന്റെ ഇഷ്ടം ചെയ്ത് വിജയം വരിച്ചതായി കാണുന്നു. അതു

പോലെ നാം ഓരോരുത്തരും ഇന്ന് യേശുവിന്റെ കയ്യിലെ ആയുധങ്ങളായിരിക്കണം. യേശുവിനറിയാം നമ്മെ ഉപയോഗിക്കേണ്ട മേഖലയേതെന്ന്. തക്ക സമയത്ത് ദാവീദ് തന്റെ കവിണയിൽ വച്ച് മിനുസമുള്ള കല്ല് ഗോല്യാത്തിനെതിരെ തൊടുത്തു വിട്ടതുപോലെ, പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ ഒരുക്കപ്പെട്ട് നില്ക്കുന്ന നമ്മെ യേശുക്രിസ്തു, ദൈവം നമുക്കുവേണ്ടി ഈ ഭൂമിയിൽ ഒരുക്കിയിരിക്കുന്ന ശുശ്രൂഷയിലേക്ക് തൊടുത്തു വിടും. തൊടുത്തു വിട്ടതു യേശുവാകയാലും ആയുധമായി വെളിപ്പെട്ട കല്ല് (നാം ഓരോരുത്തരും) മിനുസമുള്ളതായാലും ലക്ഷ്യം തെറ്റാതെ അത് ശത്രുവിന്റെ മേൽ പതിക്കുകയും, ഗോല്യാത്ത് താഴെ വീണതുപോലെ, നമ്മിലൂടെ യേശു ആഗ്രഹിച്ച പിശാചിന്റെ പ്രവർത്തികൾ അഴിയുകയും ചെയ്യും. അങ്ങനെ ദാവീദിന്റെ അഞ്ച് കല്ലുകളിൽ ഒന്ന് ദാവീദിന്റെ ഹിതം നിവർത്തിച്ചതുപോലെ, യേശുവിന്റെ കയ്യിലെ ആയുധങ്ങളായ നമുക്ക് യേശുവിന്റെ ഇഷ്ടം നിവർത്തിക്കാം. അങ്ങനെ യജമാനന്റെ ഇഷ്ടം നിവർത്തിക്കുന്നതാണ് നമ്മുടെ ജീവിതത്തിലെ യഥാർത്ഥ വിജയം. വചനം പറയുന്നു അങ്ങനെയുള്ളവരാണ് ദൈവരാജ്യം അവകാശമാക്കുന്നത്.

> പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ ഒരുക്കപ്പെട്ട് നില്ക്കുന്ന നമ്മെ യേശുക്രിസ്തു താൻ നമുക്കുവേണ്ടി ഈ ഭൂമിയിൽ ഒരുക്കിയിരിക്കുന്ന ശുശ്രൂഷയിലേക്ക് തൊടുത്തു വിടും.

**"എന്നോട് കർത്താവേ കർത്താവ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു." (മത്താ. 7:21)**

> യേശുവിന്റെ കയ്യിലെ ആയുധങ്ങളായ നമുക്ക് യേശുവിന്റെ ഇഷ്ടം നിവർത്തിക്കാം. അങ്ങനെ യജമാനന്റെ ഇഷ്ടം നിവർത്തിക്കുന്നതാണ് നമ്മുടെ ജീവിതത്തിലെ യഥാർത്ഥ വിജയം. വചനം പറയുന്നു അങ്ങനെയുള്ളവരാണ് ദൈവരാജ്യം അവകാശമാക്കുന്നത്.

# ലക്ഷ്യം തെറ്റിയ കല്ലുകൾ

## എന്തിനാണ് മിനുസമുള്ള കല്ല്

കൂർത്ത കല്ലുകളാണ് ശത്രുവിനെ തകർക്കാൻ നല്ലതെന്ന് നമുക്ക് തോന്നിപ്പോകും. എന്നാൽ കൂർത്ത അറ്റങ്ങളുള്ള കല്ലുകൾ കവിണയിൽ നിന്ന് തൊടുത്ത് വിട്ടാൽ ലക്ഷ്യം മാറിപ്പോകും. മിനുസമുള്ള കല്ലുകൾ ദിശമാറാതെ, യജമാനൻ ആഗ്രഹിച്ച ലക്ഷ്യത്തിൽ തന്നെ കൊള്ളുവാൻ ഇടയാകും.

## എന്തിനാണ് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ

മിനുസമുള്ള കല്ല് ദിശമാറാതെ യജമാനൻ ആഗ്രഹിച്ച ലക്ഷ്യത്തിൽ തന്നെ കൊള്ളുന്നതുപോലെ, പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം ഓരോരുത്തരും നമ്മുടെ കൂർത്ത അറ്റങ്ങളായ ജഡചിന്തകളേയും, ലോകസ്നേഹത്തേയും തകർത്ത് മിനുസമുള്ള കല്ലുകളെപ്പോലെ ഒരുക്കമുള്ള ആയുധമായെങ്കിൽ യേശുവിന് ലക്ഷ്യം തെറ്റാതെ നമ്മെ ഉപയോഗിക്കാൻ പറ്റും. ഇന്ന് ലോകത്തിൽ വളരെ ചെറിയ ഒരു ശതമാനമൊഴിച്ച് അനേക കർതൃശുശ്രൂഷകർ, ദൈവമക്കൾ കൂർത്ത കല്ലുകൾ തൊടുത്ത് വിട്ടാൽ യജമാനൻ ആഗ്രഹിച്ച ലക്ഷ്യത്തിൽ നിന്ന് ദിശ തെറ്റി മാറിപ്പോകുന്നതു പോലെ മാറിപ്പോയിരിക്കുന്ന കാഴ്ച നമുക്ക് ചുറ്റുപാടിലും കാണാവുന്നതാണ്. കക്ഷി വഴക്കും, ജഡികമായ കുത്തുവാക്കു പ്രസംഗവും, കുത്തുവാക്കു മാസികകളും, സ്വന്ത മഹത്വവും, പണ സമ്പാദനവും, സുവിശേഷം ഒരു മറയാക്കി ഓടുന്നവരും, ദൈവത്തിൽ നിന്നുള്ള മഹത്വത്തേക്കാൾ ഉപരി മനുഷ്യൻ പരസ്പരം ഉയർത്തി പറഞ്ഞ് മാനുഷിക മഹത്വം തേടുന്നതും....... ഇങ്ങനെ പോകുന്നു നിര, ഇങ്ങനെയുള്ളവരാണ് ***ലക്ഷ്യം തെറ്റിയ കല്ലുകൾ***!

ഇങ്ങനെ നാം ലക്ഷ്യം തെറ്റാതെ ഇരിക്കണമെങ്കിൽ ദാവീദിന്റെ സഞ്ചിയിലെ ആ മിനുസമുള്ള അഞ്ച് കല്ലുകൾ, ആ നദിയിലൂടെ ഒഴുകി

> പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം ഓരോരുത്തരും നമ്മുടെ കൂർത്ത അറ്റങ്ങളായ ജഡചിന്തകളേയും, ലോകസ്നേഹത്തേയും തകർത്ത് മിനുസമുള്ള കല്ലുകളെപ്പോലെ ഒരുക്കമുള്ള ആയുധമായെങ്കിൽ യേശുവിന് ലക്ഷ്യം തെറ്റാതെ നമ്മെ ഉപയോഗിക്കാൻ പറ്റും.

തന്റെ കൂർത്ത അറ്റങ്ങളെല്ലാം ഉരഞ്ഞ് തകർന്നത് പോലെ നമ്മളും **പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ കടന്നു പോയി നമ്മുടെ ജഡ ചിന്തകളേയും ലോകസ്നേഹത്തെയും തകർത്തു കളയാൻ ഏല്പ്പിച്ചു കൊടുക്കണം.**

## കല്ല് കടന്ന് പോയ രണ്ട് ശുശ്രൂഷകൾ

ദാവീദിന്റെ സഞ്ചിയിലെ കല്ല് മിനുസമുള്ളതാകാൻ കാരണം, ആ കല്ല് നദിയിയിൽ രണ്ട് ശുശ്രൂഷകളിലൂടെ കടന്നു പോയി, അത് എങ്ങനെയെന്നാൽ:-

**ഒന്ന്:- ആ കല്ലിന്റെ മുകളിലൂടെയും കീഴിലൂടെയും എപ്പോഴും വെള്ളം ഒഴുകികൊണ്ടിരുന്നു.**

**രണ്ട്:- നദിയിലെ ഒഴുകുന്ന വെള്ളം കല്ലിനെ ഒഴുക്കികൊണ്ടിരിക്കുന്ന ശക്തിക്കനുസരിച്ച് കല്ല് പല ഭാഗങ്ങളിലും ഇടിക്കുകയും തന്റെ കൂർത്ത അറ്റങ്ങൾ ഇളകുകയും വെള്ളം വീണ്ടും കല്ലിന്റെ മുകളിലൂടെ നിരന്തരം അതിനെ തലോടികൊണ്ടിരിക്കുകയാൽ കല്ല് വേഗത്തിൽ മിനുസമുള്ളതും ഉപയോഗപ്രദവുമായ കല്ലായിത്തീരുകയും ചെയ്യുന്നു.**

പരിശുദ്ധാത്മാവിന്റെ നദിയിലൂടെ വീണ്ടെടുക്കപ്പെട്ട വ്യക്തികൾ കടന്നു പോകേണ്ട രണ്ടു ശുശ്രൂഷകൾ:-

**ഒന്ന്:- നദിയിലെ വെള്ളം കല്ലിന് മുകളിലൂടെ നിരന്തരം കടന്നു പോയതു പോലെ, നാം ഓരോരുത്തരും നിരന്തരം ദൈവരാജ്യത്തിൽ വചനം കേൾക്കുകയും അതിൽ ജീവിക്കുകയും ചെയ്യണം.**

**രണ്ട്:- നദിയിലെ ഒഴുകുന്ന വെള്ളം ഈ കല്ലിനെ പല ഭാഗങ്ങളിലും ഇടിപ്പിച്ച് കൂർത്ത അറ്റങ്ങൾ തകർക്കുന്നതു പോലെ കേട്ട ദൈവവചനം ജീവിതത്തിൽ പ്രാവർത്തികമാകുവാൻ ദൈവം ഒരുക്കിത്തരുന്നതും, നമ്മുടെ ദൃഷ്ടിയിൽ പ്രയാസമുള്ളതെന്ന് തോന്നുന്നതുമായ അവസരങ്ങളെ ഒഴിഞ്ഞ് കളയാതെ വചനപ്രകാരം ഉപയോഗിക്കുക.**

**"വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു." (മത്താ. 13:21)**

ഇത് ക്രിസ്തുവിന്റെ ശുശ്രൂഷയാണ്, ഒഴിഞ്ഞ് കളയാതെ കടന്നു പോയാൽ ആത്മാവിൽ രക്ഷിക്കപ്പെടുന്നവരുടെ ദേഹിയും കൂടെ (Soul) രക്ഷിക്കപ്പെടുമെന്നാണ് ക്രിസ്തുവിന്റെ വാഗ്ദത്തം.

**"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ദേഹികൾക്ക് (KJV) ആശ്വാസം കണ്ടെത്തും." (മത്താ. 11:29)**

ബുദ്ധിഹീനരാകാതെ സമയം തക്കത്തിൽ നമുക്കുപയോഗിക്കാം.

**"ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ." (എഫേ. 5:16)**

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ, നദിയിൽ വച്ച് ഒരുക്കപ്പെട്ട കല്ല് ദാവീദിന്റെ ഇഷ്ടം ചെയ്തതു പോലെ അങ്ങയുടെ പരിശുദ്ധാത്മ നദിയിലൂടെയുള്ള ശുശ്രൂഷയിൽ എന്നെയും ഒരുക്കി അങ്ങയുടെ ഇഷ്ടത്തിനായി ഉപയോഗിക്കണമെ.... യേശുവിൻ നാമത്തിൽ പിതാവേ,- ആമേൻ*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. നമ്മുടെ യഥാർത്ഥ വിജയമെന്ന് പറയുന്നത്, നമ്മെക്കുറിച്ചുള്ള ദൈവഹിതം ഭൂമിയിൽ ചെയ്ത് തീർക്കുക എന്നുള്ളതാണ്.
2. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ ഒരുക്കപ്പെട്ട് നില്ക്കുന്ന നമ്മെ യേശു ക്രിസ്തു, ദൈവം നമുക്കുവേണ്ടി ഈ ഭൂമിയിൽ ഒരുക്കിയിരിക്കുന്ന ശുശ്രൂഷയിലേക്ക് തൊടുത്തു വിടും.
3. യേശുവിന്റെ കയ്യിലെ ആയുധങ്ങളായ നമുക്ക് യേശുവിന്റെ ഇഷ്ടം നിവർത്തിക്കാം. അങ്ങനെ യജമാനന്റെ ഇഷ്ടം നിവർത്തിക്കുന്നതാണ് നമ്മുടെ ജീവിതത്തിലെ യഥാർത്ഥ വിജയം. വചനം പറയുന്നു അങ്ങനെയുള്ളവരാണ് ദൈവരാജ്യം അവകാശമാക്കുന്നത്.
4. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം ഓരോരുത്തരും നമ്മുടെ കൂർത്ത അറ്റങ്ങളായ ജഡചിന്തകളേയും, ലോകസ്നേഹത്തേയും തകർത്ത് മിനുസമുള്ള കല്ലുകളെപ്പോലെ ഒരുക്കമുള്ള ആയുധമായെങ്കിൽ യേശുവിന് ലക്ഷ്യം തെറ്റാതെ നമ്മെ ഉപയോഗിക്കാൻ പറ്റും.
5. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ കടന്നു പോയി നമ്മുടെ ജഡ ചിന്തകളേയും ലോകസ്നേഹത്തെയും തകർത്തു കളയാൻ ഏല്പ്പിച്ചു കൊടുക്കണം.



## അദ്ധ്യായം 16

# "നിത്യ അനുഗ്രഹങ്ങൾ"

## അതിശയകരമായ മാറ്റം

"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്ന് കണ്ടു." (ഉല്പത്തി. 1:31)

**അ**തിശയകരമായ മാറ്റം ആഗ്രഹിക്കുന്നവരാണ് നമ്മിൽ പലരും. ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിലേക്ക് പ്രാർത്ഥനയോടെ, ദൈവാത്മാവിന്റെ സഹായത്തോടെ നോക്കിയാൽ ഭൂമിയിൽ നടന്ന അതിശയകരമായ മാറ്റം നമുക്ക് കാണുവാൻ കഴിയും.

ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായം 2-ാം വാക്യത്തിൽ ഭൂമി പാഴായും ശൂന്യമായും ഇരുന്നു എന്ന് നാം കാണുന്നു.

**"ഭൂമി പാഴായും ശൂന്യമായും ഇരുന്നു." (ഉല്പത്തി. 1:2)**

എന്നാൽ അതെ അദ്ധ്യായത്തിന്റെ അവസാനവാക്യത്തിൽ പാഴായും ശൂന്യമായിരുന്നിരുന്ന ഭൂമി മനോഹരരൂപമായി മാറിയതായി കാണുവാൻ കഴിയുന്നു.

**"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്ന് കണ്ടു." (ഉല്പത്തി. 1:31)**

ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്? എന്താണ് ഭൂമിക്ക് സംഭവിച്ചത്? എന്താണ് ഭൂമിയുടെ അതിശയകരമായ പെട്ടെന്നുള്ള മാറ്റത്തിന് കാരണം?

### വളർച്ചയുടെ രഹസ്യം

ദൈവമാണ് ഭൂമിയുടെ ഈ മാറ്റത്തിന് പിന്നിൽ പ്രവർത്തിച്ചത്. ദൈവത്തിന്റെ ഈ പ്രവർത്തനം ഭൂമിയുടെ പാഴും ശൂന്യവുമായ അവസ്ഥയിൽ നിന്ന് ഭൂമിയെ മനോഹരരൂപത്തിലേക്ക് കൊണ്ടുവന്നു. ഇത് വായനക്കാരായ നമുക്കും പ്രത്യാശ തരുന്നില്ലേ? നമ്മുടെ ജീവിതവും എത്രമാത്രം ശൂന്യമായിരുന്നാലും ദൈവത്തിന് അത് വളരെ പെട്ടെന്ന്

മനോഹരരൂപത്തിലേക്ക് കൊണ്ട് വരുവാൻ കഴിയും. ഒരു പക്ഷേ ഇപ്പോൾ നിങ്ങൾക്ക് ഒരു ചോദ്യമുണ്ടാകാം, എങ്കിൽ എന്റെ ജീവിതം എന്ത് കൊണ്ട് ആ മനോഹരരൂപത്തിലേക്ക് വരുന്നില്ല? എന്ത് കൊണ്ട് എന്റെ ജീവിതത്തിൽ ഒരു അതിശയകരമായ ഈ മാറ്റം നടക്കുന്നില്ല? ഉത്തരം വളരെ ചെറുതാണ്, ഇതിന്റെ കാരണം **"മനുഷ്യന് ദൈവം കൊടുത്ത സ്വന്ത ഇച്ഛാശക്തിയിൽ ദൈവം ഇടപെടുന്നില്ല."** അതുമാത്രമല്ല മനുഷ്യന്റെ സമ്മതം കൂടാതെ അവന്റെ ജീവിതത്തിൽ, സ്വഭാവത്തിൽ ദൈവം ഇടപെടുകയില്ല. എന്നാൽ ഭൂമി അങ്ങനെയല്ല. ഭൂമിക്ക് സ്വതന്ത്രമായ ഇച്ഛാശക്തി ദൈവം കൊടുത്തിട്ടില്ല. ദൈവം ഭൂമിയെ പുനരുദ്ധരിക്കുമ്പോൾ ഒരു മനുഷ്യനുമില്ല. സൃഷ്ടിപ്പിന്റെ അഞ്ചര (5 1/2) ദിവസം കൊണ്ട് ഭൂമിയെ മനോഹരരൂപമാക്കിയതിന് ശേഷം മാത്രമേ മനുഷ്യനെ സൃഷ്ടിക്കുകയും, ഭൂമിയെ മനുഷ്യനെ ഏല്പിക്കുകയും ചെയ്തിട്ടുള്ളു. തുടർന്ന് ഭൂമിയിൽമേലുള്ള ഉത്തരവാദിത്വം മനുഷ്യനാണ്.

"മനുഷ്യന് ദൈവം കൊടുത്ത സ്വന്ത ഇച്ഛാശക്തിയിൽ ദൈവം ഇടപെടുന്നില്ല."

**"ദൈവം മനുഷ്യനെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മൽസ്യങ്ങളിന്മേലും ആകാശത്തിലെ പറവജാതികളിന്മേലും സകലഭൂചരജന്തുക്കളിന്മേലും വാഴുവിൻ എന്ന് അവരോട് കല്പിച്ചു."**

**(ഉല്പത്തി. 1:28)**

**"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗം ആകുന്നു; ഭൂമിയെ അവൻ മനുഷ്യർക്ക് കൊടുത്തിരിക്കുന്നു."**

**(സങ്കീ. 115:16)**

ആത്മീയവളർച്ചയുടെ രഹസ്യമെന്ന് പറയുന്നത് നമ്മുടെ "സ്വതന്ത്ര ഇച്ഛാശക്തിയെ" ത്യജിച്ച് ദൈവേഷ്ടത്തിനായി ദൈവകരങ്ങളിൽ സമ്പൂർണ്ണമായി ഏല്പിക്കുകയെന്നതാണ്.

അഞ്ചര (5 1/2) ദിവസം കൊണ്ട് ദൈവത്തിന് ഭൂമിയെ മനോഹരരൂപിയാക്കാൻ കഴിഞ്ഞതിന്റെ കാരണം, അപ്പോൾ സ്വതന്ത്ര ഇച്ഛാശക്തിയുള്ള മനുഷ്യർ തടസ്സം നിൽക്കാൻ ഭൂമിയിൽ ഇല്ലായിരുന്നു എന്നുള്ളതാണ്. എന്നാൽ ഇന്ന് മനുഷ്യരുടെ ജീവിതം മനോഹരമാക്കുവാൻ ദൈവത്തിന് പലപ്പോഴും കഴിയാത്തതിന്റെ കാരണം സ്വതന്ത്ര

ഇച്ഛാശക്തിയുള്ള മനുഷ്യൻ, ആ ഇച്ഛാശക്തികൊണ്ട് തന്നെ ദൈവത്തെ തടയുന്നത് കൊണ്ടാണ്.

അതുകൊണ്ട് ആത്മീയവളർച്ചയുടെ രഹസ്യമെന്ന് പറയുന്നത് നമ്മുടെ "സ്വതന്ത്ര ഇച്ഛാശക്തിയെ" ത്യജിച്ച് ദൈവേഷ്ടത്തിനായി ദൈവകരങ്ങളിൽ സമ്പൂർണ്ണമായി ഏല്പിക്കുകയെന്നതാണ്.

**"പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞതു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ." (മത്തായി. 16:24)**

## വളർച്ചയുടെ തത്വം (Principle)

ദൈവപ്രവർത്തിയും, ദൈവീക അത്ഭുതങ്ങളും കാണുവാൻ മനുഷ്യർക്കെല്ലാം ആഗ്രഹമാണ്. അവയെല്ലാം ദൈവത്തിന്റെ കരങ്ങളുടെ വെളിപ്പെടലുകൾ മാത്രമാണ്. എന്നാൽ ഈ പ്രവർത്തിയുടെ പുറകിൽ, ഇത് പ്രവർത്തിക്കാൻ കാരണമായ ഒരു ദൈവീകചിന്തയുണ്ട്. ഇത് ദൈവത്തിന്റെ കരങ്ങളിലല്ല, ഹൃദയത്തിലാണ്. ഈ ചിന്തകൾ മനസ്സിലാക്കാൻ അതായത് ദൈവത്തിന്റെ ഹൃദയം കാണാൻ ആഗ്രഹിക്കുന്നവർ വളരെ വിരളമാണ്. **എല്ലാവർക്കും ദൈവത്തിന്റെ കരങ്ങൾ മാത്രം കണ്ടാൽ മതി. എന്നാൽ ആത്മീയവളർച്ച ആഗ്രഹിക്കുന്ന വ്യക്തി ദൈവപ്രവർത്തിക്ക് പുറകിലുള്ള ദൈവത്തിന്റെ ചിന്ത അറിയേണ്ടതാവശ്യമാണ്.** പക്ഷെ ദൈവം എളുപ്പം അത് ആർക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല. എല്ലാവർക്കും കാണാവുന്ന രീതിയിലല്ല ദൈവം അത് വച്ചിരിക്കുന്നത്. ദൈവം അത് മറച്ച് വച്ചിരിക്കുകയാണ്. നാം അത് ആരായണം, ദൈവത്തിന്റെ വാതിൽ കട്ടളെക്കൽ അവന്റെ വചനത്തിനായി കാതോർക്കണം. എങ്കിൽ ദൈവമത് വെളിപ്പെടുത്തി തരും.

എല്ലാവർക്കും ദൈവത്തിന്റെ കരങ്ങൾ മാത്രം മതി. എന്നാൽ ആത്മീയവളർച്ച ആഗ്രഹിക്കുന്ന വ്യക്തി ദൈവപ്രവർത്തിക്ക് പുറകിലുള്ള ദൈവത്തിന്റെ ചിന്ത അറിയേണ്ടതാവശ്യമാണ്.

**"കാര്യം മറച്ചു വയ്ക്കുന്നത് ദൈവത്തിന്റെ മഹത്വം; കാര്യം ആരായുന്നതോ രാജാക്കന്മാരുടെ മഹത്വം." (സദൃ. 25:2)**

**"ദിവസം പ്രതി എന്റെ പടിവാതില്ക്കൽ ജാഗരിച്ചും എന്റെ വാതിൽ കട്ടളെക്കൽ കാത്തുകൊണ്ടും എന്റെ വാക്ക് കേട്ടനുസ രിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." (സദൃ. 8:34)**

ഇവിടെ ദൈവം പാഴും ശൂന്യവുമായ ഭൂമിയെ മനോഹരരൂപിയാ ക്കുന്ന പ്രവർത്തി നാം ഉല്പത്തി 1-ാം അദ്ധ്യായത്തിൽ കാണുന്നു. ഇതിന്റെ പുറകിലുള്ള ദൈവത്തിന്റെ ചിന്തയാണ് നാം അറിയേണ്ടത്.

**"ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരി വർത്തിച്ചുകൊണ്ടിരുന്നു." (ഉല്പത്തി. 1:2)**

പാഴും ശൂന്യവുമായ ഭൂമിക്ക് മുകളിൽ ഇരുൾ വ്യാപരിച്ചിരുന്നതായി നാം കാണുന്നു. അതായത്, പിശാചിന്റെ പ്രവർത്തി മൂലം ഭൂമി പാഴായും ശൂന്യമായും തീർന്നുവെന്ന് മാത്രമല്ല പിശാച് ഭൂമിക്ക് മുകളിൽ പൊരുന്നിരിക്കുക കൂടിയായിരുന്നു. ഒരു വ്യക്തി ക്രിസ്തുവിനെ രക്ഷി താവായി സ്വീകരിക്കുന്നതിന് മുമ്പ് ആ വ്യക്തിയുടെ അവസ്ഥ ഇതു തന്നെയാണ്. ഭൂമിയുടെ ഈ ഇരുളടഞ്ഞ അവസ്ഥ മാറ്റുവാൻ ദൈവം ആദ്യം ചെയ്തത്, വെളിച്ചമുണ്ടാകുവാൻ കല്പ്പിക്കുകയായിരുന്നു. ഇതു പോലെ ഒരു വ്യക്തി രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വരുവാ നായി ദൈവം ആദ്യം ചെയ്യുന്നത് ആ വ്യക്തിയുടെ ഉള്ളിൽ വെളിച്ച മാകുന്ന ക്രിസ്തുവിനെ കൊണ്ടുവരികയെന്നതാണ്. ദൈവം വെളിച്ച മുണ്ടാകാൻ കല്പിച്ചപ്പോൾ വെളിച്ചമുണ്ടായി. വെളിച്ചം നല്ലതെന്ന് ദൈവം കണ്ടു. അതിന്റെ അർത്ഥം ഭൂമിയുടെ അവസ്ഥ മാറുവാൻ തുടങ്ങി, അത് മനോഹരമാകാൻ തുടങ്ങി.

**"വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു; ദൈവം വെളി ച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു." (ഉല്പത്തി. 1:3-4)**

തുടർന്ന് നാം കാണുന്ന മറ്റൊരു പ്രധാനകാര്യം 'ഉടനെ സന്ധ്യ യായി', പക്ഷെ സന്ധ്യ അധിക സമയം നീണ്ട്നിന്നില്ല. ആരോ നിശ്ച യിച്ച് ഉറപ്പിച്ചത് പോലെ സന്ധ്യയെ പരാജയപ്പെടുത്തിക്കൊണ്ട് ഉഷസ്സ് വന്നു. ഒന്നാം ദിവസം കഴിഞ്ഞു, രണ്ടാം ദിവസം തുടങ്ങി.

ദൈവം വീണ്ടും തന്റെ പ്രവർത്തനം ആരംഭിച്ചു. ഒന്നാം ദിവസ ത്തെപ്പോലെ ദൈവം വീണ്ടും കല്പിച്ചു, ദൈവം എന്ത് കല്പിച്ചുവോ

അത് സൃഷ്ടിക്കപ്പെട്ടു. സൃഷ്ടിക്കപ്പെട്ട് കഴിഞ്ഞപ്പോൾ ഒന്നാം ദിവസത്തെപ്പോലെ തന്നെ വീണ്ടും സന്ധ്യ വന്നു. ദൈവം അന്ന് പകൽക്കാലം സൃഷ്ടിച്ചതെല്ലാം ആ സന്ധ്യയിലൂടെ, ആ ഇരുളിലൂടെ കടന്നു, പക്ഷെ തലേദിവസത്തെപ്പോലെ തന്നെ ഇരുളിനെ തോല്പിച്ചുകൊണ്ട് പ്രകാശം, ഉഷസ്സ് വന്നു. രണ്ടാം ദിവസവും കഴിഞ്ഞു, മൂന്നാം ദിവസത്തിലേക്ക് ദൈവം കടന്നു.

തളരാത്ത ഒരു ശില്പിയെപ്പോലെ ദൈവം വീണ്ടും തന്റെ ജോലി അതേ നിലയിൽ തന്നെ തുടർന്നു. ദൈവം വീണ്ടും കല്പിച്ചു, ദൈവം കല്പിച്ചത് സൃഷ്ടിക്കപ്പെട്ടു, സൃഷ്ടിക്കപ്പെട്ടപ്പോൾ ആദ്യ ദിവസത്തെപ്പോലെ തന്നെ ദൈവം സൃഷ്ടിക്കപ്പെട്ടതിനെ പരിശോധിച്ചു. അതെല്ലാം നല്ലതെന്ന് ദൈവം കണ്ടു. അതോട് കൂടെ വീണ്ടും സന്ധ്യയായി ഇരുൾ വന്നു. ദൈവം അന്ന് പകൽക്കാലം സൃഷ്ടിച്ചതെല്ലാം ആ ഇരുളിലൂടെ കടന്നുപോയി. വീണ്ടും പ്രഭാതം വന്നു. മൂന്നാം ദിവസവും കഴിഞ്ഞു. ഭൂമി നാലാം ദിവസത്തിലേക്ക് കടന്നു. ഒരോ ദിവസം കഴിയുന്തോറും ഭൂമി കൂടുതൽ കൂടുതൽ മനോഹരമായിക്കൊണ്ടിരിക്കുകയാണ്. **"ഇപ്പോൾ തന്നെ വായനക്കാരിൽ പലർക്കും പല ദൂതുകളും തങ്ങളുടെ ഹൃദയത്തിൽ കർത്താവ് തന്നു കഴിഞ്ഞതായി ഇതെഴുതുമ്പോൾ തന്നെ പരിശുദ്ധാത്മാവ് എന്നെ കാണിക്കുന്നു. ചിലരുടെ ഉള്ളം ആത്മസന്തോഷം കൊണ്ട് തുള്ളുവാൻ തുടങ്ങിയിരിക്കുന്നു."** നാലാം ദിവസവും ദൈവം തന്റെ പ്രവർത്തി വീണ്ടും തുടരുകയാണ്.

1. ദൈവം കല്പിച്ചു.
2. കൽപ്പിച്ചത് സൃഷ്ടിക്കപ്പെട്ടു.
3. സൃഷ്ടിക്കപ്പെട്ടതിനെ ദൈവം പരിശോധിച്ചു.
4. തുടർന്ന് സന്ധ്യ വന്നു.
5. ദൈവം പകലിൽ സൃഷ്ടിക്കപ്പെട്ടതെല്ലാം ആ ഇരുളിലൂടെ കടന്നു അടുത്ത ദിവസത്തിലെ വെളിച്ചത്തിൽ പ്രവേശിച്ചു.

നാലാം ദിവസം കഴിഞ്ഞു അഞ്ചാം ദിവസത്തിലേക്ക് ഭൂമി പ്രവേശിച്ചു. 5–ാം ദിവസവും, 6–ാം ദിവസവും ദൈവം ഇത് തന്നെ ചെയ്തു. 6–ാം ദിവസത്തിന്റെ ഒടുവിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. തുടർന്ന്

ദൈവം താൻ സൃഷ്ടിച്ചതിനെയെല്ലാം നോക്കി, ഇതാ ഭൂമി വളരെ മനോഹരമായിരിക്കുന്നു.

**“താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം.” (ഉല്പത്തി. 1:31)**

ദൈവം പാഴും, ശൂന്യവും, പിശാച് അടയിരുന്നതുമായ ഈ ഭൂമിയെ മനോഹരരൂപമാക്കിയ ഈ തത്വം (Principle) നമ്മുടെ ആത്മീയ ജീവിതത്തിലും നാം പകർത്തിയാൽ നമ്മുടെ ആത്മീയ ജീവിതവും വളരെ മനോഹരമായിത്തീരും.

## സംസാരിക്കാത്ത ടീച്ചർ

നമ്മൾ അദ്ധ്യാപകനോട് സംശയങ്ങൾ ചോദിച്ചാൽ അദ്ദേഹം ഉത്തരം പറയാത്ത ചില സമയങ്ങൾ നമ്മുടെ ഓരോരുത്തരുടെയും വിദ്യാഭ്യാസജീവിതത്തിലുണ്ട്. വർഷം മുഴുവൻ അദ്ധ്യാപകൻ ഞങ്ങളെ പഠിപ്പിച്ചതാണ്, ഞങ്ങൾ എന്ത് ചോദിച്ചാലും പറഞ്ഞുതരുന്നതാണ് പക്ഷെ ഇപ്പോൾ ഒന്നും മിണ്ടുന്നില്ല. ഇങ്ങനെയൊരു സമയം ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ? ഒന്നു ചിന്തിച്ച് നോക്ക്. എങ്കിൽ അത് എപ്പോൾ? എന്തുകൊണ്ട് ഇത്രയും നാൾ സംസാരിച്ച അദ്ധ്യാപകൻ ഇപ്പോൾ സംസാരിക്കുന്നില്ല?....

***“നമ്മുടെ യോഗ്യത തെളിയിക്കുന്ന സമയമാണ്, അതെ പരീക്ഷാസമയം.”***

ആ സമയം അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് സംശയം പറഞ്ഞു കൊടുക്കുകയില്ല, പഠിപ്പിക്കുകയില്ല. അങ്ങനെ ചെയ്താൽ വിദ്യാർത്ഥികൾ നിയമവിരുദ്ധമായത് ചെയ്തുവെന്ന് പറഞ്ഞ് അവരെ അയോഗ്യരായി പ്രഖ്യാപിക്കും.

## ദൈവം എന്നോട് ഒരുത്തരവും പറയുന്നില്ല!

പലപ്പോഴും നമ്മുടെ ജീവിതത്തിൽ ഈയൊരു അനുഭവമുണ്ടായിട്ടുണ്ടാകാം, അല്ലെങ്കിൽ മറ്റു പലരും പറഞ്ഞു കേട്ടിട്ടുണ്ടാകാം, **“ദൈവം എന്നോട് ഒരുത്തരവും പറയുന്നില്ല.”**

പാഴും ശൂന്യവുമായിരുന്ന ഭൂമിയെ മനോഹരമാക്കിയ ദൈവത്തിന്റെ പദ്ധതിയെ നാമൊന്ന് ശ്രദ്ധിച്ച് കഴിഞ്ഞാൽ, ദൈവം ഒരിക്കലും രാത്രിയിൽ സംസാരിച്ചതായി നാം കാണുന്നില്ല. ദൈവം എല്ലാ ദിവസവും സംസാരിച്ചത് പകൽ മാത്രമാണ്. പകൽ സംസാരിക്കുമ്പോൾ ദൈവം സൃഷ്ടിക്കുകയാണ്. തുടർന്ന് ദൈവം അനുവദിച്ച രാത്രിയിലൂടെ ദൈവം അതിനെ കടത്തി വിട്ട് പകൽ സൃഷ്ടിച്ചതിന് പൂർണ്ണത വരുത്തുകയാണ്. ഈ തത്വം നമ്മുടെ ജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാകുന്നു എന്ന് നോക്കാം. അതിനായ് അഞ്ച് പടികളെ നമുക്കിവിടെ കാണാം.

1-ാമത്തെ പടി: ദൈവവചനം കേൾക്കുന്നു.

2-ാമത്തെ പടി: നമ്മുടെ ഉള്ളിൽ ദൈവവചനം സൃഷ്ടിക്കപ്പെടുന്നു.

3-ാമത്തെ പടി: നമ്മുടെ ഉള്ളിൽ വിതച്ച ദൈവവചനം പിശാച് നഷ്ടപ്പെടുത്തിക്കളയാതെ (പക്ഷി കൊത്തി പോകാതെ) സൃഷ്ടിക്കപ്പെട്ടുവെന്ന് ദൈവം ഉറപ്പ് വരുത്തിയാൽ, ദൈവം അതിനെ നല്ലതായി കാണുന്നു.

4-ാമത്തെ പടി: തുടർന്ന് കേട്ട വചനത്തെ നമ്മുടെ ജീവിത്തിൽ ഉറപ്പിക്കാൻ സന്ധ്യ (പരീക്ഷ) വരുന്നു.

5-ാമത്തെ പടി: പരീക്ഷയെ ഒഴിയുവാനുള്ള മാനുഷിക പ്രേരണ വിട്ട് പരീക്ഷയിലൂടെ ദൈവവചനം അനുസരിച്ച് നാം കടന്ന് പോയാൽ കേട്ട വചനം നമ്മുടെ ജീവിതത്തിൽ ഉറയ്ക്കുന്നു, നാം ദൈവേഷ്ടം ചെയ്യുന്നു. നമ്മുടെ ആത്മീയ ജീവിതം വീണ്ടും ഒരു പടി കൂടി മനോഹരമാക്കുന്നു.

തുടർന്ന് നാം, ദൈവം സംസാരിക്കാനും സൃഷ്ടിക്കാനുമായി അടുത്ത പകലിലേക്ക് ഇറങ്ങിയെന്ന കാര്യം മറക്കരുത്. ഈ രൂപാന്തരപ്രക്രിയ നമ്മുടെ ജീവിതത്തിൽ തുടർന്നുകൊണ്ടിരിക്കും. എപ്പോൾ വരെ?

**"ക്രിസ്തുവാകുന്ന തലയോളം നാം വളരുന്നത് വരെ."**

നാം വചനം കേൾക്കുന്നത് കൊണ്ടാണ് നമ്മുടെ ഉള്ളിൽ വചനം സൃഷ്ടിക്കപ്പെടുന്നത്, അതായത് നാം ഗ്രഹിക്കുന്നത്.

വിതക്കാരന്റെ ഉപമ നമുക്കൊന്ന് ശ്രദ്ധിക്കാം.

**"അവൻ അവരോട് പലതും ഉപമകളായി പ്രസ്താവിച്ചതെന്തെന്നാൽ; വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലത് വഴിയരികെ വീണു. പറവകൾ വന്ന് അതു തിന്നുകളഞ്ഞു. ചിലത് പാറ സ്ഥലത്ത് ഏറെ മണ്ണില്ലാത്ത ഇടത്തു വീണു; മണ്ണിന്നു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചു വന്നു. സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി, വേർ ഇല്ലായ്കയാൽ അതു ഉണങ്ങിപ്പോയി. മറ്റുചിലത് മുള്ളിന്നിടയിൽ വീണു; മുള്ളു മുളെച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റുചിലതു നല്ല നിലത്ത് വീണു, നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു." (മത്തായി. 13:3–8)**

**"എന്നാൽ വിതക്കുന്നവന്റെ ഉപമ കേട്ടുകൊൾവിൻ. ഒരുത്തൻ ദൈവത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതക്കപ്പെട്ടതു. പാറ സ്ഥലത്ത് വിതക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നതു ആകുന്നു. എങ്കിലും വേരില്ലാതിരിക്കുകയാൽ അവൻ ക്ഷണികനത്രേ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിന്നിടയിൽ വിതക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായി തീരുന്നതാകുന്നു. നല്ല നിലത്തു വിതക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നത് ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നല്കുന്നു." (മത്തായി. 13:18–23)**

വചനം (ദൈവഹിതം) നാം ഗ്രഹിച്ചതുകൊണ്ട്, തുടർന്ന് നമ്മുടെ ജീവിതത്തിൽ ആ വചനം നിമിത്തം രാത്രി (പരീക്ഷ) കടന്ന് വരുന്നു. എന്ത് കൊണ്ടാണ് എന്റെ ജീവിതത്തിൽ ഈ ഞെരുക്കം (കഷ്ടത) വന്നതെന്നറിയാതെ വചനം കേട്ട ദൈവപൈതൽ പ്രാർത്ഥനയും, ഉപവാസവും, അവർക്കറിയാവുന്ന ഭൗതിക സാഹചര്യങ്ങളെല്ലാം ഉപയോഗിച്ച് ഈ വിഷയത്തിൽ നിന്നും രക്ഷപെടാൻ ശ്രമിക്കുന്നു.

**"വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവർ**

**ക്ഷണത്തിൽ ഇടറിപ്പോകുന്നു." (മത്തായി. 13:21)**

## പ്രാർത്ഥനക്ക് ഉത്തരം തരാതെ നമ്മുടെ ജയത്തിനായി കാത്തിരിക്കുന്ന ദൈവം!

ഒരു വർഷം മുഴുവൻ പഠിപ്പിച്ചതിന് ശേഷം, വർഷാവസാന പരീക്ഷയിൽ നമ്മുടെ ചോദ്യങ്ങൾക്കൊന്നും ഉത്തരം പറയാതെ, നമ്മുടെ ജയത്തിന്റെ ഫലത്തിനായി കാത്തിരിക്കുന്ന വിദ്യാലയത്തിലെ അധ്യാപകനെപ്പോലെയാണ് നമ്മുടെ ദൈവം.

ഈ പരീക്ഷ (രാത്രി) സമയത്തെ പ്രാർത്ഥനക്കാണ് ദൈവം പലപ്പോഴും ഉത്തരം തരാതിരിക്കുന്നത്. കാരണം വിദ്യാലയത്തിൽ ഈ അദ്ധ്യയനവർഷം പഠിപ്പിച്ചതിന്മേലാണ് പരീക്ഷ നടത്താറുള്ളത്. അതായത് ചോദിക്കുന്ന ചോദ്യത്തിന് എന്താണ് ഉത്തരം എഴുതേണ്ടതെന്ന് മുമ്പ് പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പരീക്ഷാ സമയത്ത് പറഞ്ഞ് കൊടുക്കുകയില്ല. ഇതുപോലെ നാം കേട്ട വചനത്തിന്മേൽ, അതായത് നാം ചെയ്യുവാൻ ദൈവം മുമ്പെ പറഞ്ഞ നമ്മുടെ മേലുള്ള ദൈവഹിതത്തിന്മേലാണ് പരീക്ഷ. ഈ രാത്രിയിലൂടെ കടക്കുന്നത് അല്പം പ്രയാസമുള്ള കാര്യമാണ്. പക്ഷെ നമ്മുടെ ആത്മീയ ജീവിതം മനോഹരമാകണമെങ്കിൽ ഈ ഇരുളിന്റെ അവസ്ഥയിലൂടെ കടന്നേ പറ്റൂ.

**"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും." (യാക്കോബ്. 1:12)**

പരീക്ഷ നടത്തുന്നത് പിശാചാണ്. പിശാചിനെ ഇരുളിന്റെ അധികാരിയെന്നാണ് വചനം പറയുന്നത്.

**"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു." (കൊലോ. 1:13)**

സാക്ഷാൽ കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തിലും തന്റെ സഹനവുമായുള്ള ബന്ധത്തിൽ പിതാവ് അനുവദിച്ച ഈ ഇരുളിന്റെ അധികാരം കടന്നുവന്നപ്പോൾ യേശു അതിൽ നിന്നും രക്ഷ

പെടാൻ ശ്രമിച്ചില്ല പകരം പറഞ്ഞത് "ഇപ്പോൾ ഇരുട്ടിന്റെ അധികാര മാണ് തുടർന്ന് ആ രാത്രിയിലൂടെ കടന്ന് പോകാൻ തന്നെ ഏല്പിച്ചു കൊടുത്തു."

**"ഞാൻ ദിവസേന ദൈവാലയത്തിൽ നിങ്ങളോട് കൂടെ ഇരു ന്നിട്ടും എന്റെ നേരെ കൈ ഓങ്ങിയില്ല; എന്നാൽ ഇത് നിങ്ങ ളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു എന്നു പറഞ്ഞു." (ലൂക്കോസ്. 22:53)**

എന്നാൽ തുടർന്ന് യേശു തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പരീക്ഷയായ (രാത്രിയായ/ഇരുട്ടായ) ക്രൂശീകരണത്തിലൂടെയും സഹ നത്തിലൂടെയും കടക്കുമ്പോൾ തന്റെ പ്രാർത്ഥനയുടെ മുമ്പിൽ പിതാവ് മൗനം അവലംബിക്കുകയാണ്. ക്രൂശിന്റെ മൂന്നാമത്തെ ശത്രുവായ സ്വയത്തെ തകർത്ത് പിതാവ് തനിക്ക് വച്ച പാനപാത്രം കുടിക്കുവാൻ യേശു തീരുമാനമെടുത്തു. ( ഈ ഭാഗം കൂടുതൽ മനസ്സിലാക്കുവാൻ **ആത്മലോകവും ആത്മീയവളർച്ച**യുമെന്ന വാല്യം-1 ൽ 16-ാം അദ്ധ്യാ യത്തിൽ "**ക്രൂശിന്റെ മൂന്ന് ശത്രുക്കൾ**" എന്ന ഭാഗം വായിക്കുക.) തന്നെ ശകാരിച്ചവരോടും, ഭീഷണം പറഞ്ഞവരോടും മറുത്തു പറ യാതെ കാര്യം പിതാവിനെ ഏല്പിച്ചു.

**"തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനു ഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവ ങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തത്." (1 പത്രോ. 2:23)**

എന്നിട്ട് തന്റെ പിതാവ് തന്റെ രാത്രിയുടെ സമയത്ത് ഒരു വാക്കു പോലും തന്നോട് പറയാതെ മുഖം മറച്ചു. നമ്മൾ പലരും പറയുന്നത് പോലെ "എന്റെ ദൈവമെന്നോട് സംസാരിക്കുന്നില്ല, എന്റെ ദൈവ മെന്നെ കൈവിട്ടു." എന്ന് യേശുവും പറഞ്ഞു, "എന്റെ ദൈവമെ, എന്റെ ദൈവമെ നീ എന്നെ കൈവിട്ടതെന്ത്?"

**"ഒൻപതാം മണി നേരത്തു യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതു എന്തു എന്നു അർത്ഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനി എന്നു അത്യുച്ചത്തിൽ നിലവിളിച്ചു." (മർക്കോ.15:34)**

രാത്രികളിൽ ദൈവം നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം തരുന്നതായി കാണുന്നില്ല. പകരം നമ്മൾ പരീക്ഷ ജയിച്ച് കിരീടം പ്രാപിക്കാൻ വേണ്ടി കടന്നു വരുവാൻ ദൈവം കാത്തിരിക്കുന്നു.

## എന്ത് കൊണ്ട് ദൈവം നമ്മുടെ ജീവിതത്തിൽ രാത്രി അനുവദിക്കുന്നു?

രാത്രി എപ്പോഴും പിശാചിന്റെ പ്രവർത്തനത്തെ പ്രതിനിധീകരിക്കുന്നുവെങ്കിലും രാത്രിയെ നാം ഭയപ്പെടേണ്ട ആവശ്യമില്ല. കാരണം രാത്രി ദൈവത്തിന്റെ നിയന്ത്രണത്തിലും ദൈവം അനുവദിച്ചതും മാത്രമാണ്. ഭൂമി ഇരുൾ മൂടി കിടന്നിരുന്നെങ്കിലും, സൃഷ്ടിപ്പിന്റെ ഒന്നാം ദിവസം ദൈവം ഇരുട്ടിനെ കീഴടക്കാൻ വെളിച്ചം സൃഷ്ടിച്ചപ്പോൾ ഇരുൾ പൂർണ്ണമായും കീഴടങ്ങി. അതായത് പുനർസൃഷ്ടിപ്പിന്റെ ഒന്നാം ദിവസം തന്നെ പിശാച് പൂർണ്ണമായും ദൈവസന്നിധിയിൽ കീഴടങ്ങി. ഇരുൾ നിറഞ്ഞ ഒരു മുറിയിൽ ഒരു കുട്ടി കടന്നു ചെന്നു ലൈറ്റിന്റെ സ്വിച്ച് ഓൺ ചെയ്താൽ ലൈറ്റ് കത്തുകയും ഇരുൾ പൂർണ്ണമായും ആ മുറിയിലുള്ള വെളിച്ചത്തിന്റെ മുമ്പിൽ കീഴടങ്ങും ചെയ്യും. ഇതു പോലെ ദൈവം വെളിച്ചം സൃഷ്ടിച്ചപ്പോൾ ഭൂമിയുടെ മേലുണ്ടായിരുന്ന ഇരുൾ പൂർണ്ണമായും കീഴടങ്ങി, ഇരുൾ പിന്നെ കാണുന്നതേയില്ല. എന്നിരുന്നാലും ദൈവത്തിന് തന്റെ ഉദ്ദേശ്യവുമായുള്ള (Purpose) ബന്ധത്തിൽ ഇരുൾ ആവശ്യമായത് കൊണ്ട് ദൈവം ഉടനെ മറ്റൊരു കാര്യം ചെയ്തു. ഐസ് മൂടി കിടക്കുന്ന തണുപ്പുള്ള രാജ്യങ്ങളിലെ റോഡിൽ നിന്നും ഐസ് ബ്രഷ് ഉപയോഗിച്ച് വടിച്ച് മാറ്റുന്നത് പോലെ, അല്ലെങ്കിൽ മണൽ കാറ്റടിച്ച് മരുഭൂമിയിലെ ടാർ ഇട്ട റോഡ് മൂടുമ്പോൾ മണലിനെ നീക്കി ഒരു ഭാഗത്ത് റോഡ് കാണാവുന്നതാക്കുന്നതു പോലെ ഇരുട്ടിനെ കീഴടക്കിയ വെളിച്ചത്തെ ഇരുട്ടിൽ നിന്നും ഒരു ഭാഗത്തേക്ക് മാറ്റി ഇരുട്ടിനെ വേറെയായും വെളിച്ചത്തെ വേറെയായും ദൈവം നിർത്തി. ഇരുട്ടിനെ ദൈവം രാത്രിയെന്നും, വെളിച്ചത്തെ ദൈവം പകലെന്നും പേരിട്ടു.

**"വെളിച്ചം നല്ലതെന്ന് ദൈവം കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു. ദൈവം വെളിച്ചത്തിന് പകൽ എന്നും ഇരുളിന് രാത്രി എന്നും പേരിട്ടു." (ഉല്പത്തി. 1:4–5)**

രാവും പകലും ഒന്നാം ദിവസം തന്നെ സൃഷ്ടാവായ ദൈവം ഉണ്ടാക്കിയ രണ്ട് ഓഫീസുകളെപ്പോലെയാണ്. തുടർന്ന് നാലാം ദിവസമാണ് ഈ രണ്ട് ഓഫീസുകളെയും രണ്ട് മാനേജർമാരുടെ കൈയ്യിലേൽപിച്ചു കൊടുക്കുന്നത്. ആ മാനേജരുമാരുടെ പേരാണ് പകലിനെ നയിക്കാൻ സൂര്യനും രാത്രിയെ നയിക്കാൻ ചന്ദ്രനും. സൃഷ്ടിപ്പിന്റെ

▪ ആദ്യത്തെ മൂന്ന് ദിവസം ഈ മാനേജർമാരായ സൂര്യനും ചന്ദ്രനുമില്ലെന്നുള്ള കാര്യം ഓർക്കുക. എങ്കിലും വെളിച്ചമുണ്ടായിരുന്നു. അതുകൊണ്ട് നമുക്കൊന്ന് മനസ്സിലാക്കാം സൂര്യനല്ല വെളിച്ചത്തിന്റെ ഉറവിടം യഹോവയാം ദൈവമാണ് വെളിച്ചത്തിന്റെ ഉറവിടം. സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളുമെല്ലാം നാം പിതാവെന്ന് വിളിക്കുന്ന നമ്മുടെ സ്വന്ത പിതാവിന്റെ സേവകന്മാർ മാത്രമാണ്. വീണ്ടും ജനിച്ച ഓരോരുത്തരും ആ കുടുംബത്തിലെ അംഗങ്ങളാണ്. പക്ഷെ നമ്മിൽ അധികവും നമ്മുടെ അവകാശമോ, അധികാരമോ അറിയാത്ത ശിശുക്കളാണ്. അങ്ങനെയുള്ള മക്കളിലൂടെ പിതാവിന് തന്റെ ഇഷ്ടം ചെയ്യുവാനോ സ്വർഗ്ഗീയ അധികാരം അവരിലൂടെ പ്രാവർത്തികമാക്കാനോ കഴിയുകയില്ല. കാരണം വീണ്ടെടുക്കപ്പെട്ട നമ്മിൽ അധികവും ആത്മീയ ശിശുക്കളും, ലോകമയമുള്ളവരുമാണ്. രക്ഷിക്കപ്പെട്ടപ്പോൾ ക്രിസ്തു നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ടു. നാം ക്രിസ്തുവുമായി ഏകാത്മാവ് ആയിത്തീർന്നു.

**"കർത്താവിനോട് പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആയിത്തീരുന്നു." (1 കൊരി. 6:17)**

**"അവകാശി സകലത്തിനും യജമാനൻ എങ്കിലും ശിശുവായിരിക്കുന്നേടത്തോളം ദാസനെക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല, പിതാവ് നിശ്ചയിച്ച അവധിയോളം രക്ഷകന്മാർക്കും ഗൃഹവിചാരകന്മാർക്കും കീഴ്പ്പെട്ടവനത്രേ." (ഗലാത്യർ. 4:1–2)**

***ക്രിസ്താനുരൂപമായ മനുഷ്യൻ രക്ഷിക്കപ്പെട്ട നമ്മുടെ ഉള്ളിൽ (ആത്മാവ്) സൃഷ്ടിക്കപ്പെട്ടെങ്കിലും നമ്മിൽ പലരും ആ ക്രിസ്താനുരൂപമായ മനുഷ്യനെ വെളിപ്പെടുത്താതെ ഇപ്പോഴും താഴ്ന്ന ലോക മനുഷ്യനെ തന്നെ വെളിപ്പെടുത്തുകയാണ്.***

ഈ വചനത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, നമ്മെ യഥാർത്ഥ ആത്മീയവളർച്ചയിലേക്ക് കൊണ്ട് വരുവാൻ അഥവാ നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ട ക്രിസ്താനുരൂപമായ മനുഷ്യനെ വ്യക്തമായി പുറത്തുകൊണ്ടുവരുവാൻ ദൈവം ചില ക്രമീകരണങ്ങളും, ശിക്ഷണ

നടപടികളെല്ലാം ഒരു പിതാവെന്ന പോലെ ഒരുക്കിയിരിക്കുന്നു. ഇതാണ് ദൈവം രാത്രിയെ അനുവദിച്ചിരിക്കുന്നതിന്റെ ഒരു ഉദ്ദേശ്യം.

**"പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചു കൊള്ളുവിൻ."**

**(എഫേസ്യർ. 4:23)**

രക്ഷിക്കപ്പെട്ടപ്പോൾ നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ട ക്രിസ്താനുരൂപമായ മനുഷ്യൻ, നാം ഫോട്ടോയെടുക്കുമ്പോൾ ക്യാമറയുടെ ഉള്ളിൽ പതിയുന്ന ഇമേജിന് തുല്യമാണ്, ഒന്നും വ്യക്തമല്ല. ചെറുപ്രായത്തിൽ സ്റ്റുഡിയോയിൽ പോയി ഫോട്ടോ എടുത്തതിന്റെ ഫിലിം കാണിച്ചു തന്നിട്ട് അത് ഇന്നയാളാണെന്ന് പറഞ്ഞപ്പോൾ എന്റെ മുഖം ചുളിഞ്ഞു അതെനിക്കിഷ്ടപ്പെട്ടില്ല. കാരണം, ഏതോ അവ്യക്തമായ ഒരു കറുത്തിരുണ്ട രൂപം. ഇതുപോലെയായിരിക്കാം ഇന്ന് രക്ഷിക്കപ്പെട്ട് അകത്ത് ക്രിസ്താനുരൂപവും പുറത്ത് ലോകമനുഷ്യരുമായ നമ്മിൽ പലരേയും ദൈവം കാണുമ്പോൾ. ലോകം കാണുമ്പോൾ ഇത് തന്നെയല്ലെ പലപ്പോഴും പറയുന്നത്. **"കക്ഷത്തിൽ ബൈബിളും വച്ച് പരസ്പരം അടിപിടി കൂടുകയും, പാരവയ്ക്കുകയും, താല്കാലിക സ്ഥാനമാനങ്ങളും, മാനുഷിക മഹത്വത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഇവരാണോ ദൈവമക്കൾ."**

പക്ഷെ തുടർന്ന് ആ സ്റ്റുഡിയോയിലെ ജോലിക്കാരൻ ആ കറുത്തിരുണ്ട അവ്യക്തമായ ഫിലിം ചില രൂപാന്തരപ്പെടുന്ന പ്രക്രിയയിലൂടെ കടത്തിവിട്ടു, അതായത് ആ ഫിലിം കൊണ്ട് അദ്ദേഹം ഒരു ഇരുട്ട് റൂമിലേക്ക് (Dark Room) പോയി, പല കെമിക്കലുകളിലൂടെ, പല ടാങ്കുകളിലൂടെ കടത്തിവിട്ടു. ഫിലിമിന് മനുഷ്യരെപ്പോലെ ജീവനുണ്ടായിരുന്നെങ്കിൽ ഫിലിം ഡാർക്ക് റൂമിലൂടെ പോകാനോ, തന്റെ തൊലിയിളക്കുവാൻ തക്കവണ്ണമുള്ള പല പല കെമിക്കൽ ടാങ്കുകളിലൂടെ പോകുവാനോ സമ്മതിക്കുകയില്ലായിരുന്നു. പക്ഷെ ദൈവം ഭൂമിക്ക് സ്വതന്ത്ര ഇച്ഛാശക്തി കൊടുക്കാത്തതുപോലെ ഫിലിമിനും സ്വതന്ത്ര ഇച്ഛാശക്തിയില്ല. അതുകൊണ്ട് ഞാൻ തുടർന്ന് കണ്ടത് ഇരുണ്ട മുറിയിൽ നിന്നും പുറത്ത് വന്ന സ്റ്റുഡിയോയിലെ ജോലിക്കാരന്റെ കൈയ്യിൽ കറുത്തിരുണ്ട ഫിലിം റോളല്ല പകരം, ആ കറുത്തി

രുണ്ട ഫിലിം റോളുകളിൽ മറഞ്ഞിരുന്ന മനോഹരമായ ഫോട്ടോകൾ കണ്ടപ്പോൾ എന്റെ നെറ്റി ചുളിഞ്ഞില്ല. പകരം കണ്ണുകൾ ഒന്നുകൂടി വിടർന്നു. എന്റെ മുഖത്ത് പുഞ്ചിരി തെളിഞ്ഞു. ഹൃദയം സന്തോഷ ത്താൽ നിറഞ്ഞു.




ക്യാമറ ഫിലിമിന്റെ ഉള്ളിൽ മറഞ്ഞ് കിടക്കുന്ന മനോഹരമായ ചിത്ര ങ്ങൾ ചില രാസ ലായനികളിലൂടെ ഫിലിമിനെ കടത്തി വിട്ട് മനു ഷ്യർക്ക് കാണാവുന്ന രൂപത്തിൽ ചിത്രങ്ങളെ വെളിപ്പെടുത്തിയിരി ക്കുന്നു.- (ഇത് വീണ്ടും ജനിച്ച മനുഷ്യന്റെ ഉള്ളിൽ നിന്ന് ലോക സ്വഭാവത്തെ ദൈവീക ശുശ്രൂഷയിലൂടെ മാറ്റിയെടുത്ത് ക്രിസ്താ നുരൂപമായ മനുഷ്യനെ വെളിപ്പെടുത്തുന്ന പ്രക്രിയയുടെ ഒരു ദൃഷ്ടാ ന്തമാണ്.) (ചിത്രം 26)

ഇതുപോലെ നമ്മിലെ ലോകമനുഷ്യന്റെ മുഖം അതായത് സ്വഭാവം കാണുമ്പോൾ അല്ല പിതാവായ ദൈവത്തിന്റെ മുഖം സന്തോഷിക്കു ന്നത് പകരം, പുതിയതായി സൃഷ്ടിക്കപ്പെട്ട ക്രിസ്താനുരൂപമായ മനു ഷ്യന്റെ മുഖം കാണുമ്പോഴാണ്, അതായത് ദൈവീകഭാവം നമ്മിലൂടെ വെളിപ്പെടുമ്പോഴാണ്.

ദൈവം നമ്മുടെ ജീവിതത്തിൽ വചനം തരികയും തുടർന്ന്, തന്ന വചനത്തിന്റെ പരീക്ഷ (രാത്രി) നമുക്ക് അനുവദിക്കുകയും, ആ പരീക്ഷയിലൂടെ നമ്മൾ കേട്ട വചനമനുസരിച്ച് കടക്കുമ്പോൾ നാം വിജയിക്കുകയും, കൂടുതൽ ക്രിസ്താനുരൂപമാവുകയും ചെയ്യുന്നു. ഇപ്പോൾ മനസ്സിലായിക്കാണുമല്ലോ ദൈവമെന്തിനാണ് നമ്മുടെ ജീവിതത്തിൽ രാത്രി അനുവദിക്കുന്നതെന്ന്.

## എന്തിന് ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ പരീക്ഷ അനുവദിക്കുന്നു?

ഈ പുസ്തകം വായിക്കുന്ന ബഹുമാനപ്പെട്ട നിങ്ങൾ ഒരു എഞ്ചിനീയറോ, ഡോക്ടറോ, കംമ്പ്യൂട്ടർ ഡിസൈനറോ, മറ്റെന്തെങ്കിലും ജോലിയുള്ള വ്യക്തിയായിരിക്കാം. നിങ്ങൾക്കിന്ന് 30 വയസ്സുണ്ടെന്ന് സങ്കല്പിക്കുക. നിങ്ങൾ ഒരു ഡോക്ടറാണ്. 26 വർഷം പുറകിലേക്ക് സങ്കല്പിക്കുക. നിങ്ങൾ 4 വയസ്സുള്ള വ്യക്തിയാണ്. പക്ഷേ നിങ്ങളിൽ സ്വർഗ്ഗത്തിലെ ദൈവം ഒരു ഡോക്ടറെ ഒരുക്കിയിരിക്കുന്നു എന്നുള്ള വിവരം നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാതികൾക്കോ ആർക്കും അറിഞ്ഞുകൂടാ. പക്ഷേ നിങ്ങളെ നിങ്ങളുടെ മാതാപിതാക്കൾ സ്ക്കൂളിൽ ചേർത്തു. ടീച്ചർ ആ വർഷം മുഴുവൻ നിങ്ങളോട് സംസാരിച്ചു, പലതും നിങ്ങളെ പഠിപ്പിച്ചു, അത് നിങ്ങളുടെ ഹൃദയത്തിൽ രൂപം കൊണ്ടു. തുടർന്ന് പരീക്ഷ വന്നു. ടീച്ചർ അപ്പോഴൊന്നും പറയുന്നില്ല. പഠിപ്പിക്കുന്നുമില്ല. നിങ്ങൾ പരീക്ഷ ഒഴിഞ്ഞുമാറാതെ പഠിച്ചത് നിങ്ങൾ പരീക്ഷക്ക് എഴുതി. ചോദിച്ച ചോദ്യത്തിന് നിങ്ങളെ ആ വർഷം പഠിപ്പിച്ചതിൽ നിന്ന് ഉത്തരമെഴുതി നിങ്ങൾ ജയിച്ചു. ഒന്നാം ക്ലാസിൽ നിന്നും രണ്ടാം ക്ലാസിലേക്ക് പാസ്സായി. അതായത് പരീക്ഷ പ്രയാസമുള്ളതാണെങ്കിലും, ഉറക്കം കുറക്കുന്നതാണെങ്കിലും പരീക്ഷ ആ വ്യക്തിയെ ഉയർത്തി. തുടർന്ന് ഒരോ ക്ലാസിലേക്ക് ഓരോ പരീക്ഷ (പ്രയാസം) നേരിടുമ്പോഴും നിങ്ങൾക്ക് ഉയർച്ച ലഭിക്കുകയാണ്, സ്ഥാനക്കയറ്റം ലഭിക്കുകയാണ്. നിങ്ങൾ ഇന്ന് ആയിരിക്കുന്ന ഡോക്ടറിലേക്ക് നിങ്ങൾ അടുക്കുകയാണ്. അവസാനം എം.ബി.ബി.എസ് ഉം

> എന്താണ് എത്ര വചനം കേട്ടിട്ടും ഈ കൂട്ടരുടെ സ്വഭാവം മാറാത്തത്? കാരണം ആത്മീയ വ്യായാമത്തെക്കുറിച്ചുള്ള പ്രസംഗം ഇവർ കേൾക്കുന്നില്ല.

അതിന്റെ Specialisation നും, ഉയർന്ന പരീക്ഷകളിലും കൂടെ നിങ്ങൾ പാസ്സായപ്പോൾ നിങ്ങൾ ഇന്നായിരിക്കുന്ന ഒരു ഡോക്ടറായി മാറി. എന്താണ് നിങ്ങളെ ഒരു ഡോക്ടറാക്കി മാറ്റിയത്?

**"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായ തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു." (2 കൊരി. 4:17)**

നിങ്ങൾ ജയകരമായി കടന്നുപോയ നിങ്ങളുടെ "വിദ്യാഭ്യാസ ത്തിലെ പരീക്ഷകളാണ്" നിങ്ങളെ ഇന്ന് ഡോക്ടറാക്കിയത്. ഇന്ന് നിങ്ങളുടെ ഈ നില കാണുമ്പോൾ നിങ്ങളുടെ മാതാപിതാക്കൾക്ക് എന്ത് സന്തോഷമാണ്, അഭിമാനമാണ്. നിങ്ങളുടെ ഈ ഏതാനും വർഷം മാത്രം നിലനില്ക്കുന്ന ഭൂമിയിലെ ഈ നേട്ടം കണ്ടപ്പോൾ മാതാപിതാക്കൾ ഇത്ര സന്തോഷിച്ചെങ്കിൽ, ദൈവമനുവദിക്കുന്ന പരീക്ഷകളിലൂടെ നാം ആർജ്ജിക്കുന്ന നിത്യമായ മഹത്വം കാണു മ്പോൾ നമ്മുടെ എല്ലാമെല്ലാമായ സ്വർഗ്ഗീയ പിതാവിന് എത്ര ത്തോളം സന്തോഷമായിരിക്കും!


ഓരോ രാത്രികളിലൂടെ കടക്കുമ്പോഴും ഭൂമി വീണ്ടും വീണ്ടും മനോ ഹരരൂപമായതുപോലെ നാം ഓരോ പരീക്ഷയിലൂടെ (ദൈവം അനു വദിക്കുന്ന കഷ്ടങ്ങളിലൂടെ) കടക്കുമ്പോഴും കൂടുതൽ കൂടുതൽ ആത്മീ യമായി വളരുകയും ശക്തരാവുകയും ചെയ്യും.

**"നിങ്ങൾ കഷ്ടം സഹിക്കേണം എന്നു ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടില്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നന്ന്." (1 പത്രോ. 3:17)**

**"പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷക്കായി സംഭവിച്ചിരി ക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവച്ച് അതിശയിച്ചു പോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷ തയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും." (1 പത്രോ. 4:12-13)**

പരീക്ഷ നമ്മെ തളർത്തുകയല്ല, പകരം ഉയർത്തുകയാണ് ചെയ്യു ന്നത്. താൻ കടന്ന് പോയ വിദ്യാഭ്യാസത്തിലെ പരീക്ഷകൾ തന്നിൽ നിന്ന് ഒരു ഡോക്ടറെ പുറത്തുകൊണ്ടുവരുവാൻ ഇടയായെങ്കിൽ,

**ദൈവഹിതപ്രകാരം നാം കടന്നുപോകുന്ന പരീക്ഷകൾ നമ്മുടെ ഉള്ളിൽ ദൈവമൊരുക്കിയ അനുഗ്രഹീതനായ ദൈവീകമനുഷ്യനെ പുറത്തുകൊണ്ടുവരുവാൻ ഇടയാകും.**




(ചിത്രം 27)

താൻ കടന്ന് പോയ വിദ്യാഭ്യാസത്തിലെ പരീക്ഷകൾ തന്നിൽ നിന്ന് ഒരു ഡോക്ടറെ പുറത്തുകൊണ്ടുവരുവാൻ ഇടയായെങ്കിൽ, **ദൈവഹിതപ്രകാരം നാം കടന്നുപോകുന്ന പരീക്ഷകൾ നമ്മുടെ ഉള്ളിൽ ദൈവമൊരുക്കിയ അനുഗ്രഹീതനായ ദൈവീകമനുഷ്യനെ പുറത്തുകൊണ്ടുവരുവാൻ ഇടയാകും.**

## എന്ത് കൊണ്ട് എന്റെ സ്വഭാവം മാറുന്നില്ല?

എന്ത് കൊണ്ട് എന്റെ സ്വഭാവം മാറുന്നില്ല, ഞാൻ ആത്മീകമായി വളരുന്നില്ല?

ആത്മീക ജീവിതത്തിലെ ഒരു തത്വം നാം മനസ്സിലാക്കിയിരിക്കണം. നമുക്കാർക്കും സ്വയമേ വളരുവാൻ കഴിയുകയില്ല. പലരിൽ നിന്നും പഠിക്കാം, വിവരങ്ങൾ പ്രാപിക്കാം, അതുകൊണ്ടൊന്നും നാം വളരു

കയില്ല. വളരുമാറാക്കുന്നത് ദൈവമാണ്.

**"ഞാൻ (പൗലോസ്) നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയത്." (1.കൊരി. 3:6)**

***1. ദൈവം നിഗളികളെ വളർത്തുന്നില്ല.***

ദൈവചനം പറയുന്നു പിശാചല്ല, ദൈവമാണ് നിഗളികളോട് എതിർത്തു നില്ക്കുന്നത്. അതിനാൽ എനിക്കെല്ലാമറിയാമെന്ന നിഗളസ്വഭാവം വിട്ട് താഴ്മയോടെ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ടരെന്നെണ്ണിക്കൊണ്ട്, ഞാനിന്ന് ആയിരിക്കുന്നത് കർത്താവെ അങ്ങയുടെ കൃപയാലാണ് എന്ന മനോഭാവത്തോടെ പ്രാർത്ഥനയോടെ ദൈവത്തിന്റെ വാതിൽ കട്ടളെക്കൽ ദൈവത്തിനായ് കാത്തുകൊണ്ടാൽ വളരുവാനുള്ള ഭക്ഷണവും (വചനവും) തുടർന്ന് ആ ഭക്ഷണം ശരീരത്തിൽ പിടിക്കാനുള്ള അവസരവും (രാത്രി, അഥവാ ദൈവഹിതപ്രകാരമുള്ള സഹനം) ദൈവം തരുവാൻ ഇടയാകും.

***2. വ്യായാമമില്ലെങ്കിൽ ആരോഗ്യപരമായി വളരുകയില്ല.***

ആരോഗ്യപരമായ വളർച്ചക്ക് ഭക്ഷണം മാത്രം പോരാ, വ്യായാമവും വേണം.

**ഭക്ഷണം + വ്യായാമം = വളർച്ച**

ഭൗതിക ശരീരത്തിനുവേണ്ടി വ്യായാമം ഇല്ലാതെ ഭക്ഷണം മാത്രം കഴിച്ചുകൊണ്ടിരുന്നാൽ പിത്തം പിടിച്ച് ശരീരഭാഗങ്ങൾ ഉള്ളിൽ ബലഹീനമായി തൂങ്ങി അനങ്ങുവാൻ കഴിയാതെ ശ്വാസംമുട്ടൽ അനുഭവപ്പെടുവാൻ തുടങ്ങും. ഇതുപോലെ വചനം മാത്രം കേട്ടുകൊണ്ടിരിക്കുന്ന വ്യക്തിക്ക് **ആത്മീക പിത്തമായ** അറിവിനാൽ ഉള്ള ചീർപ്പ് മാത്രമെ ഉണ്ടാകുകയുള്ളൂ. വചനം പറയുന്നു ***"അറിവ് ചീർപ്പിക്കുന്നു"* (1 കൊരി.8:1), *"വളരുമാറാക്കുന്നത് ദൈവമാണ്"* (1കൊരി. 3:6).** ഭൗതികഭക്ഷണത്തിലെ ഊർജ്ജം (Energy) ശരീരത്തിലേക്ക് ലയിച്ചുചേർന്ന് ആരോഗ്യത്തോടെ വളരുവാൻ ഭൗതിക വ്യായാമം സഹായിക്കുന്നതുപോലെ ആത്മീയഭക്ഷണമായ നമ്മൾ പ്രാപിച്ച വചനം അകത്തെ മനുഷ്യനിലേക്ക് ലയിച്ചുചേരാൻ ആത്മീയ വ്യായാമം ദൈവം നമുക്കൊരുക്കി തരേണ്ടതായിട്ടുണ്ട്. ഉദാഹരണമായി 'നുണ പറയരുത്' എന്ന വചനമാണ് നാം കേട്ടതെങ്കിൽ, തുടർന്ന് മുന്നിൽ വരുന്ന സന്ദർഭം ഒരു ചെറിയ നുണ പറഞ്ഞാൽ വലിയ ഒരു ലാഭം

കിട്ടുന്നതായിരിക്കും. ഭാര്യമാർ ഭർത്താക്കന്മാർക്ക് കർത്താവിനെന്ന പോലെ കീഴടങ്ങിയിരിക്കണമെന്ന് കേട്ടാൽ, ഭർത്താവിന് കീഴടങ്ങിയിരി യിരിക്കാൻ കഴിയാത്ത രീതിയിൽ ഭാര്യയെ ശുണ്ഠിപിടിപ്പിക്കുന്ന അനു ഭവമായിരിക്കും പലപ്പോഴും ഭർത്താവിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പോകുന്നത്. ആസക്തിയോടെ സ്ത്രീയെ നോക്കരുത്, ഇളയ സ്ത്രീകളെ സഹോദരിമാരെപ്പോലെ കരുതണമെന്ന് കേട്ടാൽ തുടർന്ന് മുമ്പിൽ വരുന്ന സ്ത്രീകൾ പലപ്പോഴും ആസക്തിയോടെ നോക്കു വാൻ പ്രേരിപ്പിക്കുന്ന രീതിയിൽ വസ്ത്രം ധരിച്ചവരായിരിക്കും, ശത്രു വിനെ സ്നേഹിക്കണമെന്നാണ് കേട്ടതെങ്കിൽ, ശത്രുവിനെ സ്നേഹിക്കാൻ പറ്റാത്ത രീതിയിൽ ശത്രു പലപ്പോഴും ഉപദ്രവിച്ചു കൊണ്ടേയിരിക്കും. ഇങ്ങനെ പോകുന്നു നിര...

വചനം കേട്ടതിന് ശേഷം ഇങ്ങനെ വരുന്ന അവസരത്തെയാണ് പരീക്ഷയെന്ന് പറയുന്നത്, ഇതിനെക്കുറിച്ചെഴുതാൻ വളരെയെളുപ്പ മാണെങ്കിലും, ഇതിലൂടെ കടക്കുന്നത് പ്രയാസമുള്ള കാര്യമാണ്, ഇതാണ് ഇരുട്ടിലൂടെയുള്ള യാത്ര. ഈ യാത്രയിൽ നാം കേട്ട ദൈവ വചനമനുസരിച്ച് പ്രവർത്തിച്ച് നാം ജയിക്കണം. ഈ പരീക്ഷ നാം കഴിച്ച ആത്മീയ ഭക്ഷണമായ വചനത്തിന്റെ വ്യായാമമാണ്. വചനം സ്വീകരിച്ച പലരും ആത്മീയമായി വളരാത്തതിന്റെ കാരണം ഈ ആത്മീയ വ്യായാമത്തെ മനസ്സിലാക്കാതെ ഉപവാസവും, പ്രാർത്ഥ നയും കൊണ്ട് ഇതിനെ ഒഴിഞ്ഞ് മാറുവാൻ ശ്രമിക്കുന്നത് കൊണ്ടാണ്. ഈ അവസരത്തിൽ അവർ യേശുവിനെയല്ല അനുഗമിക്കുന്നത് പകരം, അവരുടെ 'സ്വയ'ത്തെയാണ് അനുഗമിക്കുന്നത്. കാരണം യേശുവിനെ അനുഗമിക്കണമോ, നമ്മുടെ സ്വയത്തെ അനുഗമിക്കണമോ എന്നത് അവനവന്റെ സ്വതന്ത്ര ഇച്ഛാശക്തിക്ക് ദൈവം വിട്ടുകൊടുത്തിരിക്കുക യാണ്.

ദൈവവചനം പറയുന്നു നീ എന്നെ അനുഗമിക്കാൻ **ഇച്ഛിച്ചാൽ;**

1. *നിന്റെ സ്വയത്തെ പിന്തുടരുന്നത് അവസാനിപ്പിച്ച്*
2. *ഞാൻ നിനക്ക് അനുവദിക്കുന്ന ക്രൂശ് (രാത്രി) എടുത്ത് കൊണ്ട് എന്റെ പിന്നാലെ വരിക.*



**"പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞതു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ "<u>ഇച്ഛിച്ചാൽ</u>" തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശു എടുത്ത് എന്നെ അനുഗമിക്കട്ടെ." (മത്തായി. 16:24)**

ഇവർ ദൈവമനുവദിക്കുന്ന ഈ ആത്മീയ വ്യായാമത്തിലൂടെ കടന്നുപോകാൻ തയ്യാറല്ലാത്തത് കൊണ്ട് ഇവർ വചനം കേൾക്കുന്നവരെങ്കിലും അവരുടെ പ്രായോഗിക ജീവിതത്തിൽ ഏതെങ്കിലും പ്രയാസത്തിലൂടെ കടന്നുപോകുമ്പോൾ ആത്മാവിന്റെ ഫലമല്ല പകരം അവരുടെ ജഡികസ്വഭാവമത്രെ വെളിപ്പെടുന്നത്. ഒരിക്കൽ വീണ്ടും ജനിക്കപ്പെട്ട രണ്ട് സ്ത്രീകളെ ഒരു പ്രത്യേക മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് കൊടുക്കുവാനുള്ള ഭക്ഷണം പാകം ചെയ്യുവാൻ ആ മീറ്റിംഗിന്റെ ഭാരവാഹികൾ ഏല്പിച്ചു. ഇതിൽ ഒരു സ്ത്രീ നേരത്തെ വീണ്ടും ജനിച്ച വ്യക്തിയും, ധാരാളം വചനം കേട്ടിട്ടുള്ളതുമാണ്. മറ്റെ വ്യക്തി രക്ഷയിലേക്ക് ആയിടയ്ക്ക് കടന്നുവന്നിട്ടേയുള്ളൂ. ഭക്ഷണം പാകം ചെയ്യുമ്പോൾ പുതിയതായി രക്ഷയിലേക്ക് വന്ന സഹോദരി പഴയ വിശ്വാസിയോട് ഭക്ഷണം പാകം ചെയ്യുന്നതിനെക്കുറിച്ച് എന്തോ അഭിപ്രായം പറഞ്ഞു. ഇത് പഴയ വിശ്വാസിക്ക് ഇഷ്ടപ്പെട്ടില്ല. അവർ പുതിയ വിശ്വാസിയോട് വളരെ കയർത്തു, "*ഞാനിന്നും ഇന്നലെയും തുടങ്ങിയ പണിയല്ലിത് പത്തിരുപത് വർഷമായി ഈ പരിപാടി തുടങ്ങിയിട്ട്, ഇനിയെന്നെ ആരും പഠിപ്പിക്കാനൊന്നും വരണ്ടായെന്ന്*" പറഞ്ഞ് വാദിച്ചു മുഖം വീർപ്പിച്ചു. തുടർന്ന് അവിടെ നിന്നും വഴക്കിട്ട് പോയി. തുടർന്ന് ഇവരെക്കുറിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലായി, ഇവർ പഴയ ഒരു വിശ്വാസിയാണെന്നും, സുവിശേഷത്തിലെ ഒരു ഭാഗം മാത്രം അതായത് ലോകത്തിലെ അനുഗ്രഹവും, വിടുതലും മാത്രം പ്രസംഗിക്കുന്ന ഒരു കൂട്ടത്തിലെ അംഗമാണെന്നും.

ഭൂമിയിൽ ലഭിക്കുന്ന താല്കാലിക അനുഗ്രഹവും വിടുതലുമെല്ലാം നല്ലതുതന്നെ. ഈ ഭൂമിയിൽ നമുക്കതാവശ്യമാണ് ദൈവമതെല്ലാം നമുക്കൊരുക്കിയിരിക്കുന്നു. പക്ഷെ ഇതൊന്നും ദൈവരാജ്യം അവകാശമാക്കാനുള്ള യോഗ്യതയല്ല. ക്രിസ്തുവിന്റെ ദിവ്യസ്വഭാവമായ ആത്മാവിന്റെ ഫലം നമ്മിലൂടെ വെളിപ്പെടുന്നില്ലെങ്കിൽ എത്ര അത്ഭുതം പ്രസംഗിച്ചാലും, പ്രവർത്തിച്ചാലും വിടുതലുകൾ അനുഭവിച്ചാലും കർത്താവ് പറയും "**അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ട് പോ.**"

**"എന്നോട് കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോട് പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തുപറയും."**
**(മത്തായി. 7:21–23)**

കൊരിന്ത്യ ലേഖനത്തിൽ ദൈവവചനം ഇങ്ങനെ പറയുന്നു. നമ്മുടെ ജീവിതത്തിലുള്ള പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളോ, നമ്മുടെ പുണ്യപ്രവർത്തികളോ ഒന്നുമല്ല പകരം നമ്മിലൂടെ വ്യാപരിക്കുന്ന ***ആത്മാവിന്റെ ഫലമായ സ്നേഹമാണ് നമുക്ക് സ്വർഗ്ഗരാജ്യം അവകാശമാക്കാനുള്ള യോഗ്യത നേടിത്തരുന്നത്.***

**"ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും; സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല."**
**(1 കൊരി. 13:1–3)**

എന്താണ് എത്ര വചനം കേട്ടിട്ടും ഈ കൂട്ടരുടെ സ്വഭാവം മാറാത്തത്? കാരണം ആത്മീയ വ്യായാമത്തെ കുറിച്ചുള്ള പ്രസംഗം ഇവർ കേൾക്കുന്നില്ല. ക്രിസ്തുവിന്റെ വചനം ശ്രവിച്ചതിനെ തുടർന്ന് ക്രിസ്തുവിന്റെ ക്രൂശാണ് ഒരു വിശ്വാസിയുടെ ഉള്ളിൽ നിന്ന് ആത്മാവിന്റെ ഫലത്തെ പുറത്ത് കൊണ്ട് വരുന്നത്.

**"അതു ദൈവം തന്നെ വെച്ചതാകുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നല്കിയിരിക്കുന്നു." (ഫിലി. 1:29)**

**"നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നത് സഹിച്ചാൽ എന്തു യശസ്സുള്ളൂ? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന് പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (1 പത്രോ. 2:20-21)**

ആത്മീയ വ്യായാമത്തെയും, രാജകീയ ശുശ്രൂഷയെയും കുറിച്ചുള്ള ഈ പ്രസംഗം അവർ കേൾക്കുന്നില്ല. പകരം മനുഷ്യർ ഇഷ്ടപ്പെടുന്ന താല്കാലിക വിടുതലുകളെ കുറിച്ച് മാത്രമെ ഈ കൂട്ടർ കേൾക്കുന്നുള്ളു. അവർ അങ്ങനെയുള്ള പ്രസംഗകരെ വർദ്ധിപ്പിക്കുന്നു എന്നാണ് വചനം പറയുന്നത്.

**"അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു "സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും", സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക; സുവിശേഷകന്റെ പ്രവർത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക."**

**(2 തിമൊ.4:3-5)**

ദൈവഹിതപ്രകാരമുള്ള കഷ്ടമില്ലെന്നാണ് ഒരു കൂട്ടർ മനസ്സിലാക്കിയിരിക്കുന്നത്. കാരണം പ്രസംഗത്തിന്റെ ശൈലി ഇങ്ങനെ പോകുന്നു.

1. യേശു നമ്മുടെ പാപം ചുമന്നത് കൊണ്ട് നമ്മൾ ഇനി പാപം ചുമക്കേണ്ട - ☑
2. യേശു നമ്മുടെ രോഗങ്ങളെ വഹിച്ചത് കൊണ്ട് നമ്മൾ ഇനി രോഗങ്ങളെ വഹിക്കേണ്ട - ☑
3. യേശു നമ്മുടെ ശാപങ്ങളെ വഹിച്ചത് കൊണ്ട് യേശുവിനെ വിശ്വസിച്ച നമുക്കിന്നൊരു ശാപവുമില്ല - ☑
4. യേശു നമുക്കുവേണ്ടി കഷ്ടം സഹിച്ചതുകൊണ്ട് ഇനി നമ്മൾ യാതൊരു കഷ്ടവും സഹിക്കേണ്ട - ☒

**"ദൈവം സത്യവാൻ, സകലമനുഷ്യരും ഭോഷ്ക് പറയുന്ന**

**വർ എന്നേ വരൂ.'' (റോമർ. 3:4)**

അതായത് ദൈവചനമാണ് സത്യം, ദൈവചനമെന്ത് പറയുന്നു എന്ന് നോക്കാം.

യേശു ജഡത്തിൽ കഷ്ടം അനുഭവിച്ചതുകൊണ്ട് നാം കഷ്ടം അനുഭവിക്കേണ്ടായെന്നല്ല. പകരം അതേ മനോഭാവം തന്നെ ആയുധമായി ധരിക്കുവാനാണ് പറഞ്ഞിരിക്കുന്നത്.

**"ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ടു നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ. ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിന്നു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു.'' (1 പത്രോ. 4:1-2)**

മുകളിൽ കൊടുത്തിരിക്കുന്ന വചനപ്രകാരം പൗലോസ് തന്റെ മരണത്തിന് തൊട്ട് മുൻപ് യുവ ശുശ്രൂഷകനായ തിമൊഥെയൊസിനോട് സത്യം ചെയ്തു കല്പിക്കുന്നതിന്റെ അവസാനം (2 തിമൊ. 4:1-5) പറയുന്നത്, നിർമ്മദനായിരുന്ന് കഷ്ടം സഹിക്കുകയും ഒരു സുവിശേഷകന്റെ വേല ചെയ്യുവാനും ആണ്.

**"നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക; സുവിശേഷകന്റെ പ്രവർത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക.'' (2 തിമൊ. 4:5)**

ആരാണ് അതിനു നമുക്കു മാതൃക? മുകളിൽ എഴുതിയിരിക്കുന്ന വചനം പറയുന്നു (1 പത്രോ. 2:20-21) യേശുവാണ് മാതൃക. ആ മാതൃക നാം പിൻതുടരുവാൻ യേശു നമുക്ക് മാതൃക വെച്ചേച്ചു പോയിരിക്കുന്നു.

യേശുവിന് ഈ ഭൂമിയിൽ പിതാവ് ചെയ്യുവാൻ കൊടുത്ത തന്റെ പ്രവർത്തിയുടെ പ്രധാന ഭാഗം യേശു തികച്ചതിന് ശേഷം ശത്രുക്കൾ തന്റെ (സഭയുടെ) പാദപീഠം ആകുവാൻ വേണ്ടി പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയാണ് യേശുവിന്ന് ചെയ്യുന്നത്.

**"തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു.'' (എബ്രായർ. 10:13)**

ഇന്ന് ലോകത്തിൽ പലയിടത്തും ചെയ്യുന്നത് പോലെ ജനത്തെ



■ സന്തോഷിപ്പിച്ച് ആളെ കൂട്ടുവാൻ **"കഷ്ടതയില്ലെന്ന്"** പ്രസംഗിക്കുകയല്ല പൗലോസ് ചെയ്തത്. പകരം ക്രിസ്തുവിന്റെ കഷ്ടതയിൽ കുറവുള്ളത് തന്റെ ജഡത്തിൽ സഭയ്ക്ക് വേണ്ടി പൂരിപ്പിക്കുകയാണ്.

**"ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു." (കൊലൊ. 1:24)**

സത്യവചനത്തിനു വിരുദ്ധമായി തെറ്റായി പലയിടത്തും പ്രസംഗിക്കുന്നതുകൊണ്ട് ആത്മീയ വ്യായാമത്തെക്കുറിച്ച് ജനത്തിന് അറിവില്ല. മാത്രമല്ല, ഞാനടക്കമുള്ള നമ്മൾ മനുഷ്യർക്കാർക്കും കഷ്ടം സഹിക്കുന്നത് ഇഷ്ടമുള്ള കാര്യവുമല്ല. അതുകൊണ്ട് ദൈവീകസ്വഭാവം തങ്ങളിലേക്ക് അലിയിച്ചു ചേർക്കുന്ന ആത്മീയ വ്യായാമത്തിലൂടെ കടന്നു പോകാത്തവർക്ക് മനസ്സു പുതുക്കുന്നതിനെക്കുറിച്ച് പ്രസംഗിക്കാം, കേൾക്കാം, പുസ്തകമെഴുതാം പക്ഷെ ജീവിതത്തിലത് ഉണ്ടാവുകയില്ല. ഇവിടെയാണ് ആത്മീയ വളർച്ചക്ക് വേണ്ടി നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ, സ്വയത്തെ ത്യജിക്കേണ്ട ആവശ്യകതയുള്ളത്.

നമുക്ക് സുവിശേഷത്തിന്റെ ഒരു ഭാഗം മാത്രം പ്രസംഗിക്കാതെ പൗലോസിനെപ്പോലെ പൂർണ്ണ സുവിശേഷം പ്രസംഗിക്കുകയും അനുസരിക്കുന്നവരുമാകാം. കാരണം പരീക്ഷിക്കാൻ നമുക്ക് സമയമില്ല. നമുക്കൊരു ജീവിതമേ ഈ ഭൂമിയിലുള്ളൂ. തോറ്റുപോയാൽ S.S.L.C പരീക്ഷ പോലെ രണ്ടാമതും എഴുതുവാൻ പറ്റുകയില്ല. നാം ഒറ്റക്ക് ദൈവസന്നിധിയിൽ ഉത്തരം പറയേണ്ടിവരും. നമ്മെ പഠിപ്പിച്ചവരും, നമ്മോട് പ്രസംഗിച്ചവരുമായ ദൈവദാസന്മാരാരും നമ്മുടെ സഹായത്തിന് വരുകയില്ല (മത്തായി. 7: 21–23)


**"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസിതുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." (2 കൊരി. 5:10)**

## ആത്മീയ വ്യായാമത്തിലൂടെ എങ്ങനെ ദൈവീകസ്വഭാവം നമ്മിൽ ഉറയ്ക്കുന്നു?


നമ്മുടെ നാട്ടിലും, ലോകത്തെങ്ങുമുള്ള ഫോട്ടോകോപ്പി മെഷീനി

ലൂടെ നമുക്കിത് എളുപ്പം മനസ്സിലാക്കാം. നാം പലരും ഫോട്ടോകോപ്പിയെടുക്കാൻ പോയിട്ടുള്ളവരായിരിക്കുമല്ലോ. ഒരു കോപ്പി നാം എടുക്കുമ്പോൾ അതിന് മൂന്ന് പ്രധാന ഭാഗങ്ങൾ ഉണ്ട്. ഇത് നാം വചനം കേട്ട് ആത്മീയ വളർച്ച പ്രാപിക്കുന്നതിന് തുല്യമായൊരു ഉദാഹരണമാണ്.

| | |
|---|---|
| **1–ാമത്തെ ഘട്ടം:** (സ്കാനിംഗ് = വായിക്കുന്നു) | |
| നാം കൊണ്ടുചെല്ലുന്ന പേപ്പർ മെഷീനിൽ വയ്ക്കുന്നു. തുടർന്ന് നാം വച്ച പേപ്പറിലെ എഴുത്തുകൾ മെഷീൻ വായിക്കുന്നു. | നാം വചനം കേൾക്കുന്നു. |
| **2–ാമത്തെ ഘട്ടം:** (ട്രാൻസ്ഫറിംഗ് = പകർത്തുന്നു) | |
| മെഷീൻ വായിച്ച എഴുത്തുകൾ വെള്ള കോപ്പി പേപ്പറിലേക്ക് പ്രിന്റ് ചെയ്യുന്നു. | നാം കേട്ട വചനം മനസ്സിലേക്ക് പകർത്തുന്നു. (മനസ്സിലാക്കുന്നു) |
| **3–ാമത്തെ ഘട്ടം:** (ഫിക്സിംഗ് = ഉറപ്പിക്കുന്നു) | |
| പേപ്പറിലേക്ക് പ്രിന്റ് ചെയ്യപ്പെട്ട എഴുത്തുകൾ ഇപ്പോൾ കൈകൊണ്ട് തൊട്ടാൽ മാഞ്ഞുപോകും. അതുകൊണ്ട് അതിനെ പേപ്പറിൽ ഉറപ്പിക്കാൻ പ്രഷറിന്റെയും ചൂടിന്റെയും ഇടയിലൂടെ കടത്തി വിടുന്നു. | വചനം നാം മനസ്സിലാക്കിയെങ്കിലും മറ്റു ചിന്തകൾ മേൽക്കുമേൽ വരുമ്പോൾ നാം കേട്ടത് മറന്ന് പോകുന്നത് കൊണ്ട് ചില പ്രഷറും ചൂടുമുള്ള സാഹചര്യത്തിലൂടെ കടത്തി വിട്ട് ആ വചനത്തെ നമ്മുടെ പ്രാവർത്തിക തലത്തിൽ കൊണ്ടു വന്ന് നമ്മിൽ ഉറപ്പിക്കുന്നു. |





**1-ാമത്തെ ഘട്ടം:** (സ്കാനിംഗ് = വായിക്കുന്നു) **കോപ്പിയെടുക്കേണ്ട ഒറിജിനൽ വായിക്കുന്നു - (നാം വചനം കേൾക്കുന്നതിന് തുല്യം)** (ചിത്രം 28)




**2-ാമത്തെ ഘട്ടം:** (ട്രാൻസ്ഫറിംഗ് = പകർത്തുന്നു) **ഒറിജിനൽ വായിച്ചതിനെ വെള്ള പേപ്പറിലേക്ക് പകർത്തുന്നു - (കേട്ട വചനം നമ്മുടെ മനസ്സിലേക്ക് പകർത്തുന്നു)** (ചിത്രം 29)

പേപ്പറിലേക്ക് പകർത്തിയതിനെ ഇപ്പോൾ കൈകൊണ്ട് തൊട്ടാൽ മാഞ്ഞുപോകും. അതുകൊണ്ട് അതിനെ പേപ്പറിൽ ഉറപ്പിക്കാൻ പ്രഷറിന്റെയും ചൂടിന്റെയും ഇടയിലൂടെ കടത്തി വിടുന്നു.


ഇതിന്റെ പേരാണ് നാം മുമ്പ് മനസ്സിലാക്കിയ ആത്മീയ വളർച്ചയിലെ രാത്രി (ആത്മീയ വ്യായാമം)




**3-ാമത്തെ ഘട്ടം:** (ഫിക്സിംഗ് = ഉറപ്പിക്കുന്നു) **വെള്ള പേപ്പറിൽ പകർത്തപ്പെട്ട എഴുത്തുകളെ ചൂടിലൂടെയും സമ്മർദ്ദത്തിലൂടെയും കടത്തി വിട്ട് മാഞ്ഞു പോകാതെ പേപ്പറിൽ ഉറപ്പിക്കുന്നു - (നാം മനസ്സിലാക്കിയ ദൈവവചനം സമ്മർദ്ദങ്ങളിലൂടെയും ചൂടേറിയ ജീവിതാനുഭവങ്ങളിലൂടെയും അനുസരിച്ച് നമ്മുടെ ജീവിതത്തിന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമാക്കി മാറ്റുന്നു.)** (ചിത്രം 30)

മൂന്നാമത്തെ സ്റ്റെപ്പായ ഫിക്സിംഗിന് മുമ്പ് പേപ്പർ മെഷീന്റെ ഉള്ളിൽ ജാം ആയാൽ (പേപ്പർ കുടുങ്ങിയാൽ) പേപ്പറിൽ പതിഞ്ഞ മഷി അതിൽ ഇരിക്കില്ല. കൈകൊണ്ടോ, തുണികൊണ്ടോ തുടച്ചാൽ മഷിയെല്ലാം പേപ്പറിൽ നിന്നും മാഞ്ഞുപോകും. വെള്ള പേപ്പർ വീണ്ടും വെള്ള പേപ്പറായി തുടരും. ഇതുകൊണ്ടാണ് വചനം കേൾക്കുന്നവരെങ്കിലും ആത്മീയ വ്യായമത്തിലൂടെ കട

ന്നുപോകാത്തതുകൊണ്ട് ആ വ്യക്തികളുടെ സ്വഭാവം മാറാത്തത്. എന്നാൽ ആ കോപ്പി പേപ്പർ മൂന്നാമത്തെ സ്റ്റെപ്പായ ഫിക്സിംഗിലൂടെ കടന്നു പോയാൽ പിന്നീടൊരിക്കലും ആ മഷി പേപ്പറിൽ നിന്നും തുടച്ചുമാറ്റാൻ കഴിയാത്ത രീതിയിൽ ആ കോപ്പി (എഴുത്തുകൾ) പേപ്പറിൽ പതിഞ്ഞു ചേരുന്നു (ഫിക്സാകുന്നു). ഇതുപോലെയാണ് നാം ദൈവമനുവദിച്ച കഷ്ടത്തിലൂടെ കടന്നുപോകുമ്പോൾ പാപസ്വഭാവം വിട്ട് ദൈവീക സ്വഭാവമായി തീരുന്നു.




**വളർച്ച തടയപ്പെടുന്ന ഘട്ടം:- വെള്ള പേപ്പറിൽ പകർത്തപ്പെട്ട എഴുത്തുകൾ ചൂടിലൂടെയും സമ്മർദ്ദത്തിലൂടെയും കടന്ന് പോകാതെ തടസ്സപ്പെടുന്നതിനാൽ എഴുത്തുകൾ പേപ്പറിൽ ഉറപ്പിക്കപ്പെടാതെ മാഞ്ഞുപോകുന്നു - (നാം മനസ്സിലാക്കിയ ദൈവവചനം സമ്മർദ്ദങ്ങളിലൂടെയും ചൂടേറിയ ജീവിതാനുഭവങ്ങളിലൂടെയും അനുസരിച്ച് കടന്നു പോകുവാൻ നാം വിസമ്മതിക്കുന്നത് കൊണ്ട് [ക്രൂശെടുക്കുവാൻ മനസ്സില്ലാത്തത് കൊണ്ട്] നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി തീരുന്നില്ല.)** (ചിത്രം 31)

**"ജഡത്തിൽ കഷ്ടമനുഭവിച്ചവർ ജഡത്തിൽ ശേഷിച്ചിരിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ട ത്തിനത്രേ ജീവിക്കേണ്ടതിനു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു."**
**(1 പത്രോ. 4:2)**

വചനമാകുന്ന ഭക്ഷണം കഴിച്ചിട്ടും എന്തുകൊണ്ടാണ് ആത്മീയ മായി വളരാൻ കഴിയാത്തതെന്ന് ഇപ്പോൾ മനസ്സിലായിക്കാണുമല്ലോ.

1. നിഗളസ്വഭാവം ഉപേക്ഷിച്ച് താഴ്മ ധരിക്കാത്തതുകൊണ്ട്.
2. ആത്മീയ വ്യായാമത്തെ ഉപേക്ഷയായി വിചാരിക്കുന്നതുകൊണ്ട്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇവർ യേശുവിന്റെ രക്തത്താൽ പാപത്തിൽ നിന്നും രക്ഷപെട്ടെങ്കിലും, യേശുവിന്റെ ക്രൂശിനാൽ പാപ സ്വഭാവം മാറ്റുവാൻ ഏല്പിച്ചു കൊടുത്തിട്ടില്ല. അതുകൊണ്ട് അവ രുടെ പാപസ്വഭാവം മാറ്റുന്നതിനെക്കുറിച്ച് വചനം കേൾക്കുന്നുണ്ടെ ങ്കിലും പാപസ്വഭാവം മാറ്റാൻ കഴിയാതെ വീണ്ടും പാപത്തിൽ തുടരു ന്നു.

1 പത്രോ. 4:2 ൽ പത്രോസ് യേശുവിന്റെ രക്തത്താൽ വീണ്ടെടുക്ക പ്പെട്ട വിശുദ്ധന്മാർക്ക് എഴുതുന്നത് (1 പത്രോ. 1:1–2) ഇനി ആരാധിച്ചും വിടുതൽ ശുശ്രൂഷ അനുഭവിച്ചും ഇരുന്നാൽ മതി എന്നല്ലല്ലോ. പകരം പാപസ്വഭാവം മാറാൻ ജഡത്തിൽ ദൈവഹിതപ്രകാരമുള്ള കഷ്ടം സഹിക്കണം. മറ്റൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തു നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന നുകം എടുക്കണം. എങ്കിൽ നമ്മുടെ സ്വഭാവം യേശു വിനെ പോലെ സൗമ്യതയും, താഴ്മയുമുള്ളതായി മാറും. അല്ലെങ്കിൽ സ്വഭാവമാറ്റം വരാതെ പ്രാർത്ഥനാഹോളും, പ്രാർത്ഥനാരീതിയും മാത്രം മാറി ലോകത്തിനനുരൂപമായ വിശ്വാസിയായി തുടരും.

**"ഞാൻ സൗമ്യതയും താഴമയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ദേഹികൾക്ക് ആശ്വാസം കണ്ടെത്തും." (Soul-KJV)**
**(മത്തായി. 11:29)**

നിങ്ങൾ ലോകത്തിലെ മായം ചേർത്ത സുവിശേഷത്താലോ, സ്വയ മായോ ചതിക്കപ്പെടരുത്. നിങ്ങളുടെ ജീവിതത്തിന് നിങ്ങളുടെ ജീവി തപങ്കാളിയോ, മാതാപിതാക്കന്മാരോ, മക്കളോ, സഭയിലുള്ളവരോ, മറ്റാരെങ്കിലുമല്ല ഉത്തരവാദി, നിങ്ങൾ തന്നെയാണ്.

**"വഞ്ചിക്കപ്പെടരുത്." (1 കൊരി. 15:33)**

**"വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ."**
**(യാക്കോ.1:22)**

വഞ്ചിക്കപ്പെട്ടാൽ നാം ജയിക്കാനായി വീണ്ടും ജനിച്ചവരാണെങ്കിലും നാം നമ്മെത്തന്നെ പരാജയപ്പെടുത്തുകയാണ്.

## ആത്മീയ ആരോഗ്യം

ഭൗതിക ശരീരത്തിന്റെ ആരോഗ്യത്തെക്കുറിച്ചു വളരെ ശ്രദ്ധാലുക്കളാണ് നമ്മിൽ ഭൂരിഭാഗം പേരും. എന്നാൽ താല്കാലികമായ ഭൗതിക ശരീരത്തെക്കാൾ ഉപരിയായി നിത്യമായ നമ്മുടെ ആത്മശരീരത്തിന്റെ ആരോഗ്യത്തെക്കുറിച്ച് എത്ര പേർ ശ്രദ്ധിക്കുന്നുണ്ട്? ചീത്ത ഭക്ഷണം കഴിച്ചാൽ നാം ഭൗതിക ശരീരത്തിൽ രോഗികളാകുന്നത് പോലെ മായം നിറഞ്ഞ വചനം നാം കേൾക്കുവാൻ തുടങ്ങിയാൽ നാം ആത്മശരീരത്തിൽ രോഗികളാകും; അപൂർണ്ണമായ വചനം മാത്രം കേട്ടുകൊണ്ടിരുന്നാൽ നാം എന്നും ബലമില്ലാതെ ഒരു ആത്മീയ ശിശുവായിരിക്കും.

> ക്രിസ്തീയ ജീവിതം സഹനത്തിന്റെയും, സ്വയത്യാഗത്തിന്റെയും മാർഗ്ഗമാണ്. ക്രിസ്തുവിന്റെയും, തുടർന്ന് അപ്പൊസ്തോലന്മാരുടെയും ജീവിതം മാതൃകയായി നമ്മുടെ മുമ്പിൽ വേദപുസ്തകം വരച്ചു കാട്ടിയിരിക്കുന്നുവല്ലോ.

ഒരിക്കൽ ഒരു ദൈവദാസൻ ഇങ്ങനെ പറയുവാനിടയായി. "ഇന്ന് ലോകത്തിലെ കൂടുതൽ ചർച്ചുകളും ആത്മീയ ബേബിസിറ്റിംഗുകൾ ആണ്. കാരണം പലപ്പോഴും അവരെ നടത്തുന്ന വ്യക്തി ലോകപരമായി ചിന്തിക്കുന്നത് കൊണ്ട്, നടത്തുന്ന വ്യക്തിയും ഒരു ആത്മീയ ശിശുവാണ്. ശിശു ശിശുക്കളെ നടത്തുന്നത് പോലെയാണിത്." എന്നാൽ ആത്മീയമായി വളർന്ന ക്രിസ്തുവിന്റെ കാഴ്ചപ്പാടുള്ള കർതൃദാസന്മാരും ഇന്ന് സഭയ്ക്കുണ്ട്. അങ്ങനെയുള്ള ഒരു ദൈവദാസൻ ഒരിക്കൽ ഒരു കൺവൻഷനിൽ വച്ച് തന്റെ പ്രസംഗത്തിൽ ശിശുസഹജമായ കാഴ്ചപ്പാടുള്ള മറ്റൊരു ദൈവദാസനെ തന്റെ പ്രസംഗത്തിൽ ജനങ്ങൾക്കും മനസ്സിലാകത്തക്കവിധത്തിൽ തിരുത്തുന്നത് കണ്ട് എന്റെ

ഹൃദയം സന്തോഷിച്ചു. അതിങ്ങനെയായിരുന്നു, "*കഴിഞ്ഞ ദിവസം ഞാൻ ഇന്നയാൾ പ്രസംഗിച്ച ഒരു പ്രസംഗം കേൾക്കുവാനിടയായി, സൈക്കിളും കൊണ്ട് വന്നാൽ കാറും കൊണ്ട് പോകാം.*'' എന്നാൽ മനസ്സിലാക്കുക, ഇതല്ല ക്രിസ്തീയ സന്ദേശം. "നീ നിന്റെ ജീവനെ ക്രിസ്തുവിനുവേണ്ടി കൊടുക്കാൻ തയ്യാറാണെങ്കിൽ മാത്രം ഈ വിശ്വാസത്തിനായി ഇറങ്ങിത്തിരിച്ചാൽ മതി."

> നാം ഈ ഭൂമിയിൽ ലോകപരമായി ജീവിക്കാനുള്ളവരല്ല, പകരം ക്രിസ്തുവിന് വേണ്ടി ജീവിച്ച്, ജീവിക്കാൻ യോഗ്യരെന്ന് തെളിയിക്കാനുള്ളവരാണ്.

പ്രിയരെ നമുക്ക് വേണ്ട, നമ്മുടെ ശുശ്രൂഷക്കാവശ്യമായ സൈക്കിളും, കാറും, വീടും പണവും, ഈ അല്പായുസ്സിൽ ലോകത്തിൽ ശുശ്രൂഷക്ക് വേണ്ടതെല്ലാം ദൈവം ഒരുക്കിക്കഴിഞ്ഞു; യേശു പറഞ്ഞു നാം ദൈവരാജ്യമന്വേഷിച്ചാൽ ഇതെല്ലാം നമുക്ക് ലഭിക്കുമെന്ന്. ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിനും, ശുശ്രൂഷയ്ക്കും ഇതെല്ലാം ആവശ്യമാണ് താനും. പക്ഷെ ഒരു കാര്യം നാം ശ്രദ്ധിക്കണം. ദൈവവചനം പറയുന്നു, നാം ഈ താല്കാലിക അനുഗ്രഹങ്ങളും, ഒരു പക്ഷെ സർവ്വ ലോകവും നേടിയാലും നിത്യമായ നമ്മുടെ ജീവനെ കളഞ്ഞാൽ എന്തു പ്രയോജനം? ദൈവം നമുക്ക് കാറും, വീടും, പണവും നമുക്കാവശ്യമുള്ളതെല്ലാം തരും. പക്ഷെ ഈ ലോകത്തിൽ വച്ച് നമ്മുടെ ജീവനെ (ദേഹി-Psuche) ആത്മീയ ജീവനിലേക്ക് (സ്വയേ-Zoe) നേടിയില്ലായെങ്കിൽ നാം നിർഭാഗ്യവാന്മാരാണ്. ഒരു പക്ഷെ പ്രിയ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകാം. ജീവനെ നേടുവാൻ നാം എന്ത് ചെയ്യണം. എനിക്കതിൽ സ്വന്ത അഭിപ്രായമില്ല. അതിനാൽ ക്രിസ്തു എന്തു പറയുന്നു എന്ന് നോക്കാം.

> നാം കാണുന്നതിന്റെയും കേൾക്കുന്നതിന്റെയും ആകെത്തുകയാണ് നമ്മൾ.

**"ആരെങ്കിലും തന്റെ ജീവനെ രക്ഷിക്കുവാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." (മത്തായി. 16:25)**

ക്രിസ്തീയ ജീവിതം സഹനത്തിന്റെയും, സ്വയത്യാഗത്തിന്റെയും മാർഗ്ഗമാണ്. ക്രിസ്തുവിന്റെയും, തുടർന്ന് അപ്പൊസ്തോലന്മാരുടെയും

ജീവിതം മാതൃകയായി നമ്മുടെ മുമ്പിൽ വേദപുസ്തകം വരച്ചു കാട്ടിയിരിക്കുന്നുവല്ലോ. നാം ഈ ഭൂമിയിൽ ലോകപരമായി ജീവിക്കാനുള്ളവരല്ല, പകരം ക്രിസ്തുവിന് വേണ്ടി ജീവിച്ച്, ജീവിക്കാൻ യോഗ്യരെന്ന് തെളിയിക്കാനുള്ളവരാണ്.

അപ്പോൾ അല്പത്തിൽ വിശ്വസ്തരായ നമ്മളെ ദൈവം അധികത്തിൽ വിചാരകരാക്കും.

**"അതിനു യജമാനൻ: നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിൽ വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു."**

**(മത്തായി. 25:21)**

## എങ്ങനെ ആത്മീയ ആരോഗ്യം ശ്രദ്ധിക്കാം?

ലോകത്തിൽ ലഭിക്കുന്ന എല്ലാ ഭക്ഷണവും കഴിക്കാതെ നല്ലതു മാത്രം തെരെഞ്ഞെടുത്തു കഴിച്ചാൽ ശരീരാരോഗ്യം സൂക്ഷിക്കാൻ കഴിയുന്നതുപോലെ നമ്മുടെ ചെവി ലോകത്തിൽ കേൾക്കുന്ന എല്ലാ സുവിശേഷത്തിനും വച്ചു കൊടുക്കാതെ ലോകത്തിന്റെ കറയേൽക്കാതെ ശുദ്ധമായതും പരിശുദ്ധാത്മ ശക്തി നിറഞ്ഞതുമായ പ്രസംഗങ്ങൾ മാത്രം തെരെഞ്ഞെടുത്തു കേൾക്കുക.

## എന്തുകൊണ്ട് നാം അങ്ങനെ ചെയ്യണം?

നാം കാണുന്നതിന്റെയും കേൾക്കുന്നതിന്റെയും ആകെത്തുകയാണ് നമ്മൾ. നാം കേൾക്കുന്ന ഓരോ സന്ദേശവും ഓരോ വിത്തിന് തുല്യമാണ്. ജഡികസന്ദേശമായ വിത്തിന്റെ ഉള്ളിൽ നമ്മുടെ അകത്തെ തേജസ്സ് നശിപ്പിക്കുന്ന ശക്തിയും, ആത്മീയ സന്ദേശമായ വിത്തിന്റെ ഉള്ളിൽ നമ്മുടെ അകത്തെ തേജസ്സ് വർദ്ധിപ്പിക്കുന്ന ശക്തിയും അടങ്ങിയിരിക്കുന്നു. ***ജഡികസന്ദേശങ്ങൾ നമ്മുടെ പുറമെയുള്ള തേജസ്സ് വർദ്ധിപ്പിക്കുന്നതിൽ പ്രാധാന്യം കൊടുക്കുമ്പോൾ, ആത്മീയ സന്ദേശങ്ങൾ നമ്മുടെ അകത്തുള്ള തേജസ്സ് വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം കൊടുക്കുന്നു.*** ഉദാഹരണമായി ജഡികസന്ദേശം മുമ്പു പറഞ്ഞിട്ടുള്ള "സൈക്കിളുമായി വന്നാൽ കാറുമായി പോരാം" (ഭൗതിക നന്മ മാത്രം, ഫലമെവിടെ?). ദൈവവചന

ത്തിൽ ക്രിസ്തു നമുക്ക് തരുന്ന വാഗ്ദത്വം നാം ദൈവരാജ്യത്തിന്റെ തത്വങ്ങളിൽ മുന്നേറുമ്പോൾ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ആത്മീയമായി വളരുമ്പോൾ നമുക്ക് ഈ ഭൂമിയിൽ വേണ്ടുന്നതെല്ലാം നല്കപ്പെടുമെന്നുള്ളതാണ്.

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും."**

**(മത്തായി.6:33)**

## ആത്മീയ സന്ദേശം

**"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഗോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും: ചത്തു എങ്കിലോ വളരെ വിളവുണ്ടാകും."**

**(യോഹ. 12:24)**

**"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ: എന്നാൽ നിങ്ങളുടെ ദേഹികൾക്ക് ആശ്വാസം കണ്ടെത്തും."**

**(Soul-KJV) (മത്തായി. 11:29)**

സമാഗമന കൂടാരത്തിന്റെ പുറം മാത്രമായി നോക്കിയാൽ തേജസ്സ് കാണുകയില്ലായിരുന്നു, എന്നാൽ കൂടാരത്തിന്റെ അകത്തു നിന്നും തേജസ്സ് പുറത്തേക്ക് വ്യാപരിക്കുകയായിരുന്നു. വെറും ഒരു മരപ്പണിക്കാരന്റെ മകൻ എന്ന് അറിയപ്പെട്ട്, ലോകത്തിലെ ജനങ്ങളാൽ തള്ളപ്പെട്ട്, മുൾമുടിയേറ്റ്, തുപ്പേറ്റ്, ക്രൂശിക്കപ്പെട്ട യേശുവിന് പുറമേയായിരുന്നില്ല തേജസ്സ്. തന്റെ അകത്തു നിന്നും പുറത്തേക്ക് തേജസ്സ് വ്യാപരിക്കുകയായിരുന്നു. അപ്പൊസ്തോലന്മാരുടെ ജീവിതവും വ്യത്യസ്തമായിരുന്നില്ല. പൗലോസ് പറയുന്നു, ഞങ്ങൾ ലോകത്തിന് കൂത്തുകാഴ്ചയായി തീർന്നിരിക്കുന്നു. ദൈവം ഞങ്ങളെ മരണവിധിയിൽ ഉൾപ്പെട്ടവരെപ്പോലെ നിർത്തിയിരിക്കുന്നു. എന്നാൽ തുടർന്ന് അദ്ദേഹം പറയുന്നു, ഈ നൊടിനേരത്തേക്കുള്ള കഷ്ടം അത്യന്തം അനവധിയായ തേജസ്സിന്റെ ഘനം ഞങ്ങളിൽ വ്യാപരിക്കാൻ ഇടയാക്കുന്നു.

**"ഞങ്ങൾ ലോകത്തിനു, ദൂതന്മാർക്കും മനുഷ്യർക്കും തന്നേ, കൂത്തുകാഴ്ചയായി തീർന്നിരിക്കയാൽ ദൈവം അപ്പോസ്തല**

**ന്മാരായ ഞങ്ങളെ ഒടുക്കത്തവരായി മരണവിധിയിൽ ഉൾപ്പെട്ട വരെപ്പോലെ നിറുത്തി എന്നു എനിക്കു തോന്നുന്നു.”**

**(1 കൊരി. 4:9)**

**“നൊടി നേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.” (2.കൊരി. 4:17)**


അപ്പോസ്തലന്മാരും പുറത്തെ തേജസ്സിനല്ല അകത്തെ തേജസ്സി നാണ് പ്രാധാന്യം കൊടുത്തത്.

“അതുകൊണ്ട് നാം എന്ത് തീരുമാനം എടുക്കണം.”

വായനക്കാരായ നിങ്ങളുടെ ജീവിതത്തിൽ തീരുമാനമെടുക്കാൻ എനിക്ക് കഴിയുകയില്ല. പക്ഷെ എന്റെ ജീവിതത്തിൽ തീരുമാനമെടു ക്കാൻ ദൈവമെനിക്ക് അധികാരം തന്നിട്ടുള്ളതിനാൽ ഞാൻ തീരുമാ നമെടുക്കുന്നു.

“മനുഷ്യ മഹത്വത്തിനോ, ലോകത്തിലെ സ്ഥാനമാനങ്ങൾക്കോ വേണ്ടി ഓടാതെ, പുറത്തെ താല്കാലിക തേജസ്സിനെക്കാളുപരി അകത്തെ നിത്യമായ തേജസ്സു നിലനിർത്താനും വർദ്ധിപ്പിക്കാനും ദൈവാത്മാവിനെ അനുസരിച്ച് എന്നിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ദൈവഹിതം ചെയ്യുവാനും വേണ്ടി ശേഷിക്കുന്ന ജീവിതകാലം യേശു വിനായി ഞാൻ പ്രവർത്തിക്കും.” ***ഈ തീരുമാനം നല്ലതെന്ന് പ്രിയ വായനക്കാർക്ക് തോന്നുന്നുവെങ്കിൽ നിങ്ങൾക്കും ഈ തീരു മാനം എടുക്കാവുന്നതാണ്. ദൈവം നിങ്ങളോടു കൂടെയിരി ക്കുകയും പ്രവർത്തിക്കുകയും ചെയ്യട്ടെ.***

## പ്രാർത്ഥന



*സ്വർഗ്ഗീയ പിതാവേ, ആത്മീയമായി വളരുമാറാകു ന്നതെങ്ങനെയെന്ന് ഞാൻ മനസ്സിലാക്കി. എന്റെ ജീവി തത്തിലെ നിഗളവും, കഴിഞ്ഞ കാലങ്ങളിലെ കുറവു കളും എന്നോട് ക്ഷമിക്കണമെ. വചനം കേട്ട് മനസ്സി ലാക്കി അങ്ങ് അനുവദിക്കുന്ന ആത്മീയ വ്യായാമങ്ങ ളിലൂടെ ആത്മീയമായി വളരാൻ എന്നെ സഹായിക്ക ണമെ...യേശുവിൽ നാമത്തിൽ പിതാവെ,- ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഇന്ന് മനുഷ്യരുടെ ജീവിതം മനോഹരമാക്കുവാൻ ദൈവത്തിന് പലപ്പോഴും കഴിയാത്തതിന്റെ കാരണം സ്വതന്ത്ര ഇച്ഛാശക്തിയുള്ള മനുഷ്യൻ, ആ ഇച്ഛാശക്തികൊണ്ട് ദൈവത്തെ തടയുന്നതാണ്.
2. ആത്മീയവളർച്ചയുടെ രഹസ്യമെന്ന് പറയുന്നത് നമ്മുടെ "സ്വതന്ത്ര ഇച്ഛാശക്തിയെ" ത്യജിച്ച് ദൈവേഷ്ടത്തിനായി ദൈവകരങ്ങളിൽ സമ്പൂർണ്ണമായി ഏല്പിക്കുകയെന്നതാണ്.
3. ഓരോ രാത്രികളിലൂടെ കടക്കുമ്പോൾ ഭൂമി വീണ്ടും വീണ്ടും മനോഹരരൂപമായത് പോലെ നാം പരീക്ഷയിലൂടെ (ദൈവം അനുവദിച്ച കഷ്ടങ്ങളിലൂടെ) കടക്കുമ്പോഴും കൂടുതൽ കൂടുതൽ ആത്മീയമായി വളരുകയും, ശക്തരാവുകയും ചെയ്യും.
4. പരീക്ഷ നമ്മെ തളർത്തുകയല്ല പകരം ഉയർത്തുകയാണ് ചെയ്യുന്നത്.
5. താൻ കടന്നുപോയ വിദ്യാഭ്യാസത്തിലെ പരീക്ഷകൾ തന്നിൽ നിന്ന് ഒരു ഡോക്ടറെ കൊണ്ടുവരുവാൻ ഇടയായെങ്കിൽ, ദൈവഹിതപ്രകാരം നാം കടന്നുപോകുന്ന പരീക്ഷകൾ നമ്മുടെ ഉള്ളിൽ ദൈവമൊരുക്കിയ അനുഗ്രഹീതനായ ദൈവീക മനുഷ്യനെ പുറത്തുകൊണ്ടുവരുവാൻ ഇടയാകും.
6. ക്രിസ്തുവിന്റെ വചനവും തുടർന്ന് ക്രിസ്തുവിന്റെ ക്രൂശുമാണ് ഒരു വിശ്വാസിയുടെ ഉള്ളിൽ നിന്ന് ആത്മാവിന്റെ ഫലത്തെ പുറത്തുകൊണ്ടുവരുന്നത്.
7. നാം ഭൂമിയിൽ നമുക്ക് വേണ്ടി ജീവിക്കാനുള്ളവരല്ല, പകരം ക്രിസ്തുവിന് വേണ്ടി ജീവിച്ച്, ജീവിക്കാൻ യോഗ്യരെന്ന് തെളിയിക്കാനുള്ളവരാണ്.
8. നാം കാണുന്നതിന്റെയും കേൾക്കുന്നതിന്റെയും ആകെത്തുകയാണ് നമ്മൾ.
9. നമ്മുടെ ദേഹിയെ നിത്യജീവനിലേക്ക് നേടുവാൻ യോഗ്യതയായി യേശു പറയുന്നത്, "നമ്മുടെ ദേഹിയെ യേശുവിന് വേണ്ടി ജീവിക്കാൻ കൊടുക്കുക എന്നുള്ളതാണ്." (മത്തായി. 16:25)



അദ്ധ്യായം 17

# "നിത്യ അനുഗ്രഹങ്ങൾ"

# പുരോഹിതാ രാജാവാകാൻ ധൈര്യമുണ്ടോ?

"നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നത് സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു,നിങ്ങൾ അവന്റെ കാൽചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (1 പത്രോ. 2:20-21)

**ദൈ**വ വചനം പറയുന്നു നിങ്ങൾ നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം, അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്.

## എന്തുകൊണ്ട് ദൈവം നാം നന്മ ചെയ്തിട്ട് കഷ്ടം സഹിക്കുന്നതിൽ പ്രസാദിക്കുന്നു?

എന്തുകൊണ്ടാണ് ഇതിനുവേണ്ടി ദൈവം നമ്മെ വിളിച്ചിരിക്കുന്നത്?

ആരെപ്പോലെയാണ് നാം കഷ്ടം സഹിക്കേണ്ടത്?

കഷ്ടം സഹിക്കാൻ ആരാണ് നമുക്ക് മാതൃക?

പല തരത്തിലുള്ള കഷ്ടങ്ങൾ ഉണ്ടെങ്കിലും മുകളിൽ പറഞ്ഞിരിക്കുന്ന വാക്യം പ്രകാരം ഒരു ക്രിസ്ത്യാനി സഹിക്കേണ്ട കഷ്ടത്തെ രണ്ടായി തിരിക്കാം.

① പാപം ചെയ്തിട്ട് കൊള്ളുന്ന അടി, ഇതിൽ ദൈവത്തിനു പ്രസാദം ഇല്ല. ഇതിനു വേണ്ടി നമ്മെ വിളിച്ചിട്ടും ഇല്ല.

② നന്മ ചെയ്തിട്ട് നാം അനുഭവിക്കുന്ന കഷ്ടത, ഇതിലാണ് ദൈവം പ്രസാദിക്കുന്നത്, ഇതിനു വേണ്ടിയാണ് നമ്മെ വിളിച്ചിരിക്കുന്നതും.

## സഹനം ജോലിയുടെ പ്രധാന ഭാഗം

വീണ്ടും ജനിച്ചിരിക്കുന്ന ഓരോ വ്യക്തിയേയും രണ്ടു നിലകളിൽ ദൈവം നിയമിച്ചിരിക്കുകയാണ്.

① രാജാവ്

② പുരോഹിതൻ

**"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും (രാജാക്കന്മാരും - KJV) പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നേക്കും മഹത്വവും ബലവും; ആമേൻ." (വെളിപ്പാട്. 1:6)**

**"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്ത ജനവും ആകുന്നു." (1 പത്രോസ്. 2:9)**

**"ഞങ്ങളുടെ ദൈവത്തിന് അവരെ രാജാവും (രാജാക്കന്മാരും - KJV) പുരോഹിതന്മാരും ആക്കി വച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു."**
**(വെളിപ്പാട്. 5:10)**

പുരോഹിതന്മാർ ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിന്റെ ആഗ്രഹങ്ങൾ മനുഷ്യരോടും മനുഷ്യരുടെ കാര്യങ്ങൾ ദൈവത്തോടും അറിയിച്ച് ദൈവീക ശുശ്രൂഷ ചെയ്യുമ്പോൾ രാജാവ് അങ്ങനെയല്ല, രാജാവ് ഭരണം നടത്തുന്നു. പക്ഷെ ഈ ഭരണം ലോകത്തിലെ ഭരണം പോലെയല്ല. ദൈവരാജ്യത്തിന്റെ രീതികൾ ഉപയോഗിച്ചുള്ള ഈ ഭരണം പ്രത്യേകതകൾ ഉള്ളതാണ്.

ഇവിടെ ഭൂമിയിൽ ഭരിക്കുന്നത് ദൈവമാണ് എങ്ങനെ?

മനുഷ്യനിലൂടെ, മനുഷ്യന് ഭൂമിയിൽ ദൈവം മുമ്പേ ആദത്തിന് കൊടുത്തിട്ടുള്ള അധികാരം ഉപയോഗിച്ച് (ഉല്പ്പത്തി. 1:16) ഇതു തന്നെയാണ് ദൈവത്തിന്റെ ആഗ്രഹവും. അതുകൊണ്ടാണ് പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ക്രിസ്തു ഇങ്ങനെ പഠിപ്പിച്ചത്. ദൈവത്തിന്റെ ഹിതം



സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിൽ നിറവേറാൻ നിങ്ങൾ പ്രാർത്ഥിപ്പിൻ (മത്തായി. 6:10). ഇതിന്റെ അർത്ഥം ദൈവത്തിന്റെ ഹിതം സ്വർഗ്ഗത്തിൽ നിറവേറുന്നുണ്ട് ഭൂമിയിൽ അല്ല. പക്ഷേ നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ ദൈവഹിതം നടപ്പിലാക്കാൻ ഭൂമിയിലേക്ക് നിയമപരമായി ക്ഷണിക്കുകയാണ്. അപ്പോൾ ദൈവത്തിന് പിശാച് അന്യായമായി ചെയ്യുന്ന പലകാര്യങ്ങളിലും ഇടപെടുവാൻ ന്യായമുണ്ട്. ദൈവം അത് ചെയ്യുകയും നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയും ചെയ്യും.

> രാജത്വ ശുശ്രൂഷയിൽ നമ്മൾ അന്യായമായി കഷ്ടം സഹിച്ചുകൊണ്ട് ന്യായമായ ബന്ധനങ്ങളെ തകർക്കുകയാണ് ചെയ്യുന്നത്.

ഇങ്ങനെ നാം പ്രാർത്ഥിച്ചപ്പോൾ ദൈവഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറി. ഇതൊരു പുരോഹിത ശുശ്രൂഷയുടെ ഭാഗമാണ് ഇതിലൂടെ പിശാച് നമ്മുടെ ജീവിതത്തിൽ അല്ലെങ്കിൽ ഭൂമിയിൽ അന്യായമായി ചെയ്യുന്നതിൽ മാത്രമേ ദൈവത്തിന് ഇടപെടാൻ കഴിയുകയുള്ളൂ. ന്യായമായി ചെയ്യുന്നതിൽ ഒന്നും പറ്റുകയില്ല. ഇതുകൊണ്ടാണ് പഴയ നിയമ പുസ്തകത്തിൽ പ്രവാചകനിലൂടെ ദൈവം പറയുന്നത് **ന്യായമായ ബന്ധനങ്ങളെ** അഴിക്കാനല്ല, അന്യായബന്ധനങ്ങളെ (Bonds of wickdness) അഴിക്കുക, എന്ന്.

**"അന്യായ ബന്ധനങ്ങളെ അഴിക്കുക നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കിഷ്ടമുള്ള ഉപവാസം." (യെശയ്യ. 58:6)**

ദൈവം നീതിമാനായതുകൊണ്ടും, തന്റെ സിംഹാസനം നീതിയിൽ അടിസ്ഥാനമിട്ടിരിക്കുന്നതുകൊണ്ടും, തന്റെ വായിൽ നിന്ന് പുറപ്പെടുന്നതിന് ദൈവം ഒരു മാറ്റവും വരുത്താത്തതുകൊണ്ടും (സങ്കീ. 89:34)

**"ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരത്തിൽ നിന്നും പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്യുകയില്ല." (സങ്കീ. 89:34)**

നമ്മൾ പ്രാർത്ഥനയിൽ ദൈവത്തെ ഭൂമിയിലെ കാര്യങ്ങളിൽ ഇടപെടാൻ ക്ഷണിച്ചാൽ ദൈവം, പിശാച് അന്യായമായി പിടിച്ചുവച്ചി

രിക്കുന്നതും ദൈവത്തിന് ന്യായമായി ഇടപെടാൻ പറ്റുന്നതുമായ കാര്യത്തിലേ ഇടപെടുകയുള്ളൂ. ഒരു സൗഖ്യ ശുശ്രൂഷ നടക്കുമ്പോൾ ചിലർ വിടുതൽ പ്രാപിക്കുന്നു, ചിലർ വിടുതൽ പ്രാപിക്കാത്തതിന്റെ കാരണം ഇതാണ്. അന്യായമായ ബന്ധനങ്ങൾക്കാണ് ദൈവം വിടുതൽ കൊടുക്കുന്നത്, ന്യായമായ ബന്ധനങ്ങൾക്കല്ല. ഉദാഹരണമായി ദൈവ വചനം പറയുന്നു ഈ ലോകം സാത്താന്റെ ഭരണത്തിൻ കീഴിലാണെന്ന്.

**"നാം ദൈവത്തിൽ നിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."**
**(1 യോഹ. 5:19)**

അങ്ങനെയിരിക്കെ നമ്മൾ പ്രാത്ഥിക്കുകയാണ് *'ദൈവമേ അങ്ങാണ് ഈ ഭൂമിയെ സൃഷ്ടിച്ചത് അതുകൊണ്ട് ഇപ്പോൾ തന്നെ, ഇന്നു തന്നെ സാത്താന്റെ ഭരണത്തെ ഇവിടെ നിന്നും മാറ്റി അങ്ങയുടെ ഭരണം ഇവിടെ കൊണ്ടുവരേണമേ, യേശുവിൻ നാമത്തിൽ തന്നെ ആമേൻ'.*

ഈ പ്രാർത്ഥനക്കു ഈ സമയം തന്നേ ഉത്തരം തരാൻ ദൈവത്തിനു കഴിയുകയില്ല. കാരണം ലോകം സാത്താന്റെ കൈയ്യിലിരിക്കുന്നത് ന്യായമായിട്ടാണ്. ആദത്തിന് ദൈവം കൊടുത്ത അധികാരം (ഉല്പ്പത്തി. 1:28) ആദം ദൈവത്തോട് അനുസരണക്കേട് കാണിച്ച് സാത്താനെ അനുസരിച്ചത് മൂലം സാത്താന് ലഭിക്കുകയുണ്ടായി. ഇവിടെ ***സാത്താന്റെ അധികാരത്തിൽ നിന്ന് ലോകം തിരിച്ചു പിടിച്ച് ദൈവരാജ്യം ഇവിടെ സ്ഥാപിക്കണമെങ്കിൽ പുരോഹിത ശുശ്രൂഷകൊണ്ടു മാത്രം കഴിയുകയില്ല. രാജത്വശുശ്രൂഷയും ആവശ്യമാണ്.***

## എങ്ങനെയാണ് രാജത്വശുശ്രൂഷ?

ലോകത്തിലെ രാജാക്കന്മാരും, അധികാരികളും പ്രവർത്തിക്കുന്നത് പോലെയല്ല ഇത്. ദൈവരാജ്യത്തിലെ ഈ ഭരണരീതിക്ക് ചില പ്രത്യേകതകൾ ഉണ്ട്. ഇതുകൊണ്ടാണ് കർത്താവ് സ്ഥാനമാനങ്ങൾ അന്വേഷിച്ച് നടന്ന ശിഷ്യന്മാരോട് പറഞ്ഞത്.***'ജാതികളുടെ രാജാക്കന്മാർ അവരുടെ മേൽ കർതൃത്വം നടത്തുന്നു. നിങ്ങളോ അങ്ങനെയാകരുത്.'***

അപ്പോൾ നമ്മുടെ ഭരണരീതി തികച്ചും വ്യത്യസ്ഥമുള്ളതാണ്. എങ്ങനെയാണ് ആ രീതി?

**"യേശുവോ അവരെ അടുക്കെ വിളിച്ചു: ജാതികളുടെ അധിപന്മാർ അവരിൽ കർതൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുതു: നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം." (മത്തായി. 20:25-27)**

ഇവിടെ മത്തായി. 20:27-ാം വാക്യത്തിൽ ദാസൻ എന്ന വാക്ക് ഗ്രീക്കിൽ (Doulos) ഡൂലോസ് എന്നാണ്, അതിന്റെ അർത്ഥം അടിമയെന്നാണ്. അടിമയെന്നാണ് യഥാർത്ഥ വിവർത്തനം ദാസൻ എന്നല്ല. അടിമയും ദാസനും തമ്മിലുള്ള വ്യത്യാസം ദാസൻ ഒരു വേലക്കാരനാണ്. വേലക്കാരന് (Servant) ജോലിക്ക് വരുവാനൊരു സമയമുണ്ട്. പോകുവാനൊരു സമയമുണ്ട്, ദിവസം ഇത്ര കൂലിയുണ്ട്, സമയം കഴിഞ്ഞാൽ ഓവർടൈം ഉണ്ട്, തന്നോട് മറ്റുള്ളവർ മാന്യമായി പെരുമാറേണ്ടതായിട്ടുണ്ട്, തനിക്ക് ഒരു വർഷത്തിൽ ഇത്ര അവധിയുണ്ട് (Leave), തനിക്ക് വീട് അലവൻസ്, വാഹന അലവൻസ്, മെഡിക്കൽ അലവൻസ് ഇങ്ങനെ പോകുന്നു നിര. ഇതെല്ലാം ഒരു വേലക്കാരന്റെ (Rights) റൈറ്റ്സ് ആണ്. ഇതിലെന്തെങ്കിലും ആ വ്യക്തിക്ക് കിട്ടിയില്ലായെങ്കിൽ പിറുപിറുക്കും, ഒരു പക്ഷെ ജോലി വിട്ടേച്ച് പോകും.

എന്നാൽ ഒരു അടിമ അങ്ങനെയല്ല, അവന് പ്രത്യേക അവകാശം (റൈറ്റ്സ്) ഒന്നും ഇല്ല. അവന്റെ അവകാശം (റൈറ്റ്സ്) മുഴുവനും അവന്റെ യജമാനനുള്ളതാണ്. **"യജമാനനാണ് അവന്റെ അവകാശം (റൈറ്റ്സ്) മുഴുവനും ഉപയോഗിക്കുന്നത്. യജമാനനാണ് അവന്റെ മേൽ പൂർണ്ണ ഉത്തരവാദിത്വം, അടിമയ്ക്ക് ആരോടും ഒരു പരാതിയും ഇല്ല, ആരു തന്നെ എന്ത് ചെയ്താലും താൻ ഒന്നും തിരിച്ച് ചെയ്യുകയില്ല. പകരം തന്റെ യജമാനനെ അറിയിക്കും. തന്റെ അവകാശം (റൈറ്റ്സ്) താൻ ഉപയോഗിക്കുകയേയില്ല അത് യജമാനനുള്ളതാണ്, താൻ യജമാനന്റേതാണ്. ഈ മാതൃകയാണ് തന്റെ ജീവിതത്തിൽ യേശു കാണിച്ചത്.** ***അന്യായമായി തന്നെ നിന്ദിച്ചവരോടും, ഭീക്ഷണം പറഞ്ഞവരോടും യേശു തിരിച്ച്***

എതിർക്കാതെ ന്യായമായി വിധിക്കുന്ന പിതാവിന്റെ കയ്യിൽ കാര്യം ഭരമേൽപ്പിച്ച് പിതാവിനെ ഭൂമിയുടെ വിഷയങ്ങളുടെ മേൽ ഭരണം നടത്തുവാൻ കൊണ്ടു വന്നു.അങ്ങനെ യേശുവിലൂടെ പിതാവ് ഭൂമിയെ ഭരിച്ചു. ആ ദൈവീക ഭരണം പാപം നിമിത്തം പിശാചിന്റെ പിടിയിലായ മനുഷ്യ വർഗ്ഗത്തെ വിടുവിക്കുവാൻ ഇടയായി. ഇങ്ങനെ മനുഷ്യന്റെ ഭൂമിയിലെ അവകാശത്തിലൂടെ പിതാവായ ദൈവത്തെ ഭൂമിയിൽ ഭരിക്കുവാൻ കൊണ്ടു വരുന്ന ശുശ്രൂഷയ്ക്കാണ് രാജത്വശുശ്രൂഷ എന്ന് പറയുന്നത്. കാൽവരി ക്രൂശിലെ യേശു ക്രിസ്തുവിലൂടെയുള്ള ഈ രാജത്വശുശ്രൂഷയിലൂടെയാണ് പിശാച് പരാജയപ്പെട്ടത്. പാപം നിമിത്തം പിശാചിന്റെ പിടിയിലായ മനുഷ്യ വർഗ്ഗത്തെ വിടുവിക്കുവാൻ ദൈവം അതു വഴി മാർഗ്ഗമൊരുക്കി.

> യേശു തന്റെ രാജത്വശുശ്രൂഷയിലൂടെ പിതാവിന് ലോകത്തെ ഭരിക്കുവാനുള്ള വഴിയൊരുക്കി കൊടുത്തു. അതോടുകൂടെ പിശാചിന്റെ ആത്മീയ രാജ്യം (തല) തകർന്നു.

**"തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കുകയത്രേ ചെയ്തത്. " (1 പത്രോ. 2:23)**

**"അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി." (കൊലോ. 2:13-15)**

**"നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി."(യെശ. 53:6)**

ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം മനുഷ്യന്റെ ഭൂമിയിലെ ന്യായമായ അവകാശങ്ങൾ ഉപയോഗിക്കാതെ പിതാവായ ദൈവത്തെ അത് ഭരമേല്പ്പിച്ചു കൊണ്ട്, ദൈവത്തെ ഭൂമിലേക്ക് ഭരിക്കുവാൻ കൊണ്ടു വരുന്ന ശുശ്രൂഷയ്ക്കാണ് രാജത്വ ശുശ്രൂഷ എന്ന് പറയുന്നത്.

**ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു. (1 പത്രോ. 2:19)**

ഇവിടെ പിതാവ് യേശുവിന്റെ അവകാശം (റൈറ്റ്സ്) ഉപയോഗിച്ച് ലോകത്തിലെ പ്രവർത്തനത്തിലിടപെടുകയും, അതായത് യേശുവിന്റെ രാജത്വശുശ്രൂഷയിലൂടെ പിതാവ് തന്റെ ഹിതം സ്വർഗ്ഗത്തിൽ താൻ ആഗ്രഹിച്ചതുപോലെ ഭൂമിയിലും നിറവേറ്റി. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവം ഭൂമിയിൽ ഭരിച്ചു. യേശു അതിന് തന്റെ രാജത്വശുശ്രൂഷയിലൂടെ പിതാവിന് ലോകത്തെ ഭരിക്കുവാനുള്ള വഴിയൊരുക്കി കൊടുത്തു. അതോടുകൂടെ പിശാചിന്റെ ആത്മീയ രാജ്യം (തല) തകർന്നു (ഉല്പ. 3:15, എഫേ. 3:13–15) ന്യായമായി ബന്ധിക്കപ്പെട്ടിരുന്ന ബദ്ധന്മാർ വിടുവിക്കപ്പെട്ടു (എഫേ. 4:8–10) പാപത്തിന് എന്നെന്നേക്കുമായി പരിഹാരം നടത്തപ്പെട്ടു (യെശ. 53:6).

ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം മനുഷ്യന്റെ ഭൂമിയിലെ ന്യായമായ അവകാശങ്ങൾ ഉപയോഗിക്കാതെ പിതാവായ ദൈവത്തെ അത് ഭരമേല്പ്പിച്ചു കൊണ്ട്, ദൈവത്തെ ഭൂമിയിലേക്ക് ഭരിക്കുവാൻ കൊണ്ടു വരുന്ന ശുശ്രൂഷയ്ക്കാണ് രാജത്വ ശുശ്രൂഷ എന്ന് പറയുന്നത്.

യേശു താൻ സഹിച്ച കഷ്ടങ്ങളിലൂടെ തന്റെ രാജത്വശുശ്രൂഷ ലോകത്തിൽ നടത്തുകയായിരുന്നു. ***ലോകത്തിലെ രാജത്വശുശ്രൂഷ മറ്റുള്ളവരുടെ മേൽ കർതൃത്വം ചുമത്തുകയെന്നതാണെങ്കിൽ ദൈവരാജ്യത്തിലെ നമ്മുടെ രാജത്വശുശ്രൂഷ, നമ്മുടെ അവകാശം (റൈറ്റ്സ്) നാം ഉപയോഗിക്കാതെ നാം അത് ദൈവത്തിന് കൊടുത്ത് ദൈവത്തെ ഭൂമിയിൽ ഭരിക്കാൻ***

*കൊണ്ടുവരികയാണ് ചെയ്യുന്നത്. നമ്മുടെ അവകാശം (റൈറ്റ്സ്) നാം ഉപേക്ഷിക്കുമ്പോൾ നാം പല സഹനത്തിലൂടെ കടന്നുപോകേണ്ടതായി വരും. ഇതാണ് ഗിരി പ്രഭാഷണത്തിൽ പറഞ്ഞത്, 'നിന്റെ ഒരു കരണത്ത് അടിക്കുന്നവന് മറുകരണവും കൂടെ കാണിച്ച് കൊടുക്കുക.'*

**"ഞാനോ നിങ്ങളോട് പറയുന്നതു: ദുഷ്ടനോടു എതിർക്കരുതു; നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന്നു മറ്റേതും തിരിച്ച് കാണിക്ക." (മത്തായി. 5:39)**

അതായത് വീണ്ടും സഹിക്കുവാൻ നമുക്ക് മനസ്സ് ഉണ്ടാകണം. പഴയ നിയമപ്രകാരം കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, അപ്പോൾ ന്യായമായും നമ്മുടെ ഒരു കരണത്തടിക്കുന്നവനെ തിരിച്ചടിക്കാൻ നമുക്ക് അവകാശം (റൈറ്റ്സ്) ഉണ്ട്. പക്ഷേ പുതിയ നിയമത്തിൽ ദൈവരാജ്യത്തിലെ രാജത്വശുശ്രൂഷയിൽ നാം വരുമ്പോൾ ആ അവകാശം (റൈറ്റ്സ്) ഉപേക്ഷിക്കണം. മാത്രമല്ല എതിർഭാഗം ആഗ്രഹിക്കുന്നതിലുപരി കൊടുക്കണം. തിരിച്ചടിക്കാതിരുന്നാൽ മാത്രം പോരാ, മറുകരണം കൂടി കാണിച്ചു കൊടുക്കണം.

> അതായത് രാജത്വശുശ്രൂഷ അയോഗ്യന്മാരെ യോഗ്യന്മാരാക്കുന്നു. ന്യായമായ ബന്ധനത്തെ അന്യായ ബന്ധനമാക്കി മാറ്റുന്നു.

**"നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രമെടുക്കാൻ ആഗ്രഹിക്കുന്നവന് നിന്റെ പുതപ്പും കൂടെ വിട്ടുകൊടുക്കുക." (മത്തായി. 5:40)**

പ്രതിയോഗി കേസ് കൊടുത്ത് എടുക്കുവാൻ ആഗ്രഹിക്കുന്നത് പ്രതിയോഗിയുടെ വസ്തുവല്ല നമ്മുടെ ന്യായമായ അവകാശമായ നമ്മുടെ വസ്തുവാണ്. ഇവിടെ നമ്മുടെ ന്യായമാണ് ആ വ്യക്തിക്കെതിരെ കേസ് പറഞ്ഞ് നമ്മുടെ ന്യായമായ വസ്തു സൂക്ഷിക്ക എന്നുള്ളത്. പക്ഷേ ഇവിടെ കർത്താവ് അർത്ഥമാക്കുന്നത് നിന്റെ അവകാശത്തിനെ (റൈറ്റ്സ്) നീ ഉപയോഗിക്കേണ്ട നീ അത് ദൈവത്തിന് വിട്ടുകൊടുക്കുക, ദൈവം നിന്റെ അവകാശത്തിലൂടെ (റൈറ്റ്സ്) ലോകത്തെ ഭരിക്കട്ടെ അങ്ങനെ രാജത്വശുശ്രൂഷ നടക്കട്ടെ.

***ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യമായി കഷ്ടവും, സങ്കടവും സഹിച്ച് അന്യായത്തിന് പകരം ചെയ്യാനുള്ള നമ്മുടെ ലോകത്തിലെ റൈറ്റ്സ് നമ്മൾ ഉപയോഗിക്കാതെ അത് ദൈവത്തെ ഭരമേൽപ്പിച്ച് ദൈവത്തെ ഭൂമിയിൽ ഭരിക്കുവാൻ കൊണ്ടുവരുന്ന ശുശ്രൂഷയാണ് രാജത്വശുശ്രൂഷ.***

**"പ്രിയമുള്ളവരേ നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു."**

**(റോമ. 12:19)**

ഗിരിപ്രഭാഷണത്തിലെ (മത്തായി 5,6,7) പല ഭാഗങ്ങളും അനേകർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്; പലരും വിട്ടു കളയുന്നതുമാണ് എന്നാൽ ഈയൊരു കാഴ്ചപ്പാടോടെ നാം ഗിരിപ്രഭാഷണം വായിച്ചാൽ രാജത്വശുശ്രൂഷ ആ വചനങ്ങളിൽ തെളിഞ്ഞ് വരുന്നതായി കാണാം.

## പുരോഹിതശുശ്രൂഷയും രാജത്വശുശ്രൂഷയും തമ്മിലുള്ള വ്യത്യാസം

എന്തിനാണ് രാജത്വശുശ്രൂഷ?

എന്താണതിന്റെ പ്രത്യേകത?

പുരോഹിതശുശ്രൂഷ ആത്മീയയുദ്ധത്തിന്റെ പ്രാഥമിക തലവും രാജത്വശുശ്രൂഷ ആത്മീയയുദ്ധത്തിന്റെ ഉയർന്ന തലവും ആണ്.

നമ്മുടെ പ്രാർത്ഥന, ആരാധന, രോഗത്തെയും ഭൂതത്തെയും ശാസിക്കുക, സുവിശേഷീകരണം തുടങ്ങിയവ പുരോഹിതശുശ്രൂഷയുടെ ഭാഗമാണ്. പക്ഷേ ഈ ശുശ്രൂഷയിലൂടെ പിശാച് അന്യായമായി പിടിച്ചുവച്ചിരിക്കുന്നത് മാത്രമേ ആത്മീയയുദ്ധത്തിലൂടെ നമുക്ക് മോചിപ്പിക്കുവാൻ കഴിയുകയുള്ളൂ. ന്യായമായി പിടിച്ചുവച്ചിരിക്കുന്നത് മോചിപ്പിക്കാൻ കഴിയുകയില്ല. ന്യായമായി പിടിച്ചുവച്ചിരിക്കുന്നത് മോചിപ്പിക്കണമെങ്കിൽ നാം രാജത്വശുശ്രൂഷയിലൂടെ കടന്നുപോകണം. ഉദാഹരണമായി പഴയനിയമ വിശുദ്ധന്മാർ സ്വർഗ്ഗീയ പറുദീസയിൽ പിതാവിന്റെയടുക്കൽ എത്തേണ്ടവരെങ്കിലും പാപത്തിനു പരിഹാരം അതു

വരെ നടന്നിട്ടില്ലാത്തതിനാൽ മരണത്തിന്റെയും പാതാളത്തിന്റെയും അധികാരിയായിരുന്ന പിശാചിന്റെ ബന്ധനത്തിലായിത്തീർന്നു അവരെല്ലാം. ഒരു പക്ഷേ ഇപ്പോൾ വായനക്കാർക്കൊരു ചോദ്യമുണ്ടാകാം 'അവർ പാപപരിഹാരയാഗം കഴിച്ചല്ലോ?' സത്യമാണ് അവർ ചെയ്ത പാപപരിഹാരയാഗം ദൈവത്തോടുള്ള അവരുടെ അനുസരണത്തിന്റെ ഒരു പ്രതീകമാണ്, പാപങ്ങളെ പരിഹരിക്കാൻ വേണ്ടിയുള്ളതുമാണ്. പക്ഷേ രൂപ കൊടുക്കാനുള്ള വ്യക്തിക്ക് നീണ്ട തീയ്യതിയിട്ട ചെക്ക് കൊടുക്കുന്നതുപോലെയെയുള്ളു അത്. ചെക്ക് പാസാകാൻ ബാങ്കിൽ രൂപ ആവശ്യമാണ്.

> പുരോഹിതശുശ്രൂഷ ആത്മീയയുദ്ധത്തിന്റെ പ്രാഥമിക തലവും രാജത്വ ശുശ്രൂഷ ആത്മീയയുദ്ധത്തിന്റെ ഉയർന്ന തലവും ആണ്.

ദൈവവചനം പറയുന്നു മൃഗങ്ങളെക്കൊണ്ടുള്ള യാഗത്തിന് പാപങ്ങളെ പരിഹരിക്കാൻ കഴിവുള്ളതല്ല.

**"കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല." (എബ്രാ. 10:4)**

**"ഏതു പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരു നാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചും കൊണ്ടു നില്ക്കുന്നു." (എബ്രാ. 10:11)**

ദൈവവചനം പറയുന്നു ഈ യാഗങ്ങൾ തങ്ങളുടെ പാപങ്ങൾ പരിഹരിക്കുന്നില്ലെന്നു മാത്രമല്ല, ആണ്ടു തോറും പാപങ്ങളെ ഓർമ്മിപ്പിക്കുന്നതുമായിരുന്നു.

**"ഇപ്പോഴോ ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു." (എബ്രാ. 10:3)**

അതായത് മരണത്തിന്റെ അധികാരിയായ പിശാച് പഴയനിയമ വിശുദ്ധന്മാരെ പാതാള പറുദീസയിൽ ബന്ധിച്ചത് ന്യായമായ ബന്ധനത്തിന്റെ ഭാഗമാണ്. നാം എത്രമാത്രം പുരോഹിതശുശ്രൂഷ ചെയ്താലും, അതായത് ആരാധിച്ച്, ശാസിച്ചാലും ഈ ന്യായമായ ബന്ധനത്തിൽ നിന്ന് മോചനമില്ല. ഇതുപോലെയുള്ള ന്യായമായ ബന്ധനങ്ങളെ തകർക്കുവാനാണ് രാജത്വശുശ്രൂഷ ആവശ്യമായിട്ടുള്ളത്.

ദൈവവചനം പറയുന്നു ഇതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്.

**"നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം." (1 പത്രോ. 2:20)**

എന്തുകൊണ്ടാണ് നന്മ ചെയ്തിട്ടു നാം കഷ്ടം സഹിക്കുന്നത് ദൈവത്തിന് പ്രസാദമായിരിക്കുന്നത്? കാരണം നമ്മുടെ ഈ ഭൂമിയിലെ രാജത്വശുശ്രൂഷയിലൂടെ വേണം ദൈവത്തിന് ഈ ഭൂമിയിൽ ഭരണം നടത്തുവാനും, നാം അന്യായമായി കഷ്ടം സഹിക്കുന്നതിനനുസരിച്ച് ന്യായമായ ബന്ധനങ്ങളെ തകർത്ത് അന്യായബന്ധനമാക്കി മാറ്റുവാനും, തുടർന്ന് പുരോഹിത ശുശ്രൂഷയിലൂടെ അന്യായബന്ധനങ്ങളെ അഴിക്കുവാനും കഴിയും.

"യേശുക്രിസ്തു മൂന്നര വർഷം ഭൂമിയിൽ ചെയ്തത് പുരോഹിതശുശ്രൂഷയും, എന്നാൽ സഹനത്തിലൂടെ താൻ പോയപ്പോഴെല്ലാം ചെയ്തത് രാജത്വശുശ്രൂഷയുമാണ്."

യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലൂടെ നടന്ന രാജത്വശുശ്രൂഷ ഇതിന് നല്ലൊരു ദൃഷ്ടാന്തമാണ്. യേശുക്രിസ്തു മൂന്നര വർഷം ഭൂമിയിൽ ചെയ്തത് പുരോഹിതശുശ്രൂഷയും, എന്നാൽ സഹനത്തിലൂടെ താൻ പോയപ്പോഴെല്ലാം ചെയ്തത് രാജത്വശുശ്രൂഷയുമാണ്. രാജത്വശുശ്രൂഷയിലൂടെ യേശു കടന്നു പോയപ്പോഴാണ് നീതിമാനായ, ന്യായാധിപനായ പിതാവായ ദൈവം സ്വർഗ്ഗീയകോടതിയിൽ വച്ച് മാനവവർഗ്ഗത്തിന്റെ മുഴുവൻ പാപങ്ങളും യേശുവിന്റെമേൽ ചുമത്തുകയും പാപം നിമിത്തം സകല മനുഷ്യരുടെമേലുമുള്ള പിശാചിന്റെ ന്യായമായ അവകാശ പറയലിനെ അന്യായമാക്കിമാറ്റുകയും

യേശുവിന്റെ രാജകീയ ശുശ്രൂഷ ഭൂമിയിൽ ചെയ്ത് സഭയുടെ ഉദ്ദേശത്തിന്റെ പ്രവർത്തി തുടങ്ങാൻ പിതാവ് യേശുവിന് ക്രൂശ് കൊടുത്തത് പോലെ ഇന്ന് അതേ രാജകീയ ശുശ്രൂഷ ഭൂമിയിൽ ചെയ്ത് സഭയുടെ ഉദ്ദേശം (Purpose of the Church) പൂർത്തിയാക്കുവാൻ സഭയുടെ ഓരോ വിശ്വാസികളും ഒരുക്കപ്പെടുവാൻ തക്കവണ്ണം യേശു തന്റെ നുകം നമ്മുടെ മേൽ വയ്ക്കുകയാണ്.

ചെയ്തത്. എങ്ങനെ?

**“നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.” (യെശ. 53:6)**

**“എന്നാൽ അവനെ തകർത്തുകളയുവാൻ യഹോവയ്ക്കു ഇഷ്ടം തോന്നി; അവൻ അവനു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു സന്തതിയെ കാണുകയും ദീർഘായുസ്സ് പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. ” (യെശ. 53:10)**

പാപത്തിന്റെ ശമ്പളമാണ് മരണം. എന്നാൽ യേശുവിന്റെ ജീവിതത്തിൽ പാപമില്ല, ഇങ്ങനെ യേശു അന്യായമായ കഷ്ടത്തിലൂടെ കടന്നുപോയപ്പോഴാണ് സ്വർഗ്ഗീയകോടതി വിധി തീർപ്പിൽ ന്യായമായ പാപത്തിന്റെ ബന്ധനം തകർത്തത്.

അന്യായം ചെയ്താൻ നാം ന്യായമായി ബന്ധനത്തിൽ ആകുന്നുവെങ്കിൽ ദൈവഹിതപ്രകാരം നാം അന്യായമായി സഹിച്ചാൽ, ആ സഹനം ന്യായമായ ബന്ധനത്തെ തകർക്കുന്നു (Unright sufferings will break just bondages)

**“ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കുന്നതിനു നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു, ജഡത്തിൽ മരണശിക്ഷ ഏല്ക്കുകയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു.” (1 പത്രോ. 3:18)**

ഇതിലൂടെ നമുക്ക് കിട്ടുന്ന സന്ദേശം നാം എപ്പോൾ ദൈവഹിതപ്രകാരം അന്യായമായ കഷ്ടങ്ങളിലൂടെ കടന്നുപോകുന്നുവോ അപ്പോൾ ന്യായമായ ബന്ധനങ്ങളെ തകർക്കുവാൻ കഴിയും എന്നാണ്.

അന്യായമായ സഹനം ന്യായമായ ബന്ധനത്തെ തകർക്കുന്നു (Unright sufferings will break just bondages)

ഇതുകൊണ്ടാണ് പൗലോസ് അപ്പൊസ്തലൻ ക്രിസ്തുവിന്റെ കഷ്ട

ങ്ങളിൽ പങ്കാളിയാകുവാൻ താൻ ഇഷ്ടപ്പെട്ടുകൊണ്ട് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായിട്ടുള്ളത് തന്റെ ജഡത്തിൽ ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടി പൂരിപ്പിക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത്.

**"അതുകൊണ്ടു ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം, എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു." (2 കൊരി. 12:10)**

**"ഇപ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു." (കൊലോ. 1:24)**

ഇപ്പോൾ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകാം ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവുണ്ടോ?

ക്രിസ്തു താൻ ചെയ്ത പുരോഹിത ശുശ്രൂഷയിലൂടെയും രാജത്വ ശുശ്രൂഷയിലൂടെയും ദൈവത്തിന്റെ ഹിതമായ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിന്റെ ഒന്നാം ഭാഗം മാത്രമെ ചെയ്തിട്ടുള്ളൂ. രണ്ടാം ഭാഗം സഭയാണ് ചെയ്യേണ്ടത്. ഇന്ന് ക്രിസ്തുവിന്റെ ശരീരമായ സഭയിലെ നാം ഓരോരുത്തരിലൂടെയുള്ള പുരോഹിത ശുശ്രൂഷയിലൂടെയും രാജത്വശുശ്രൂഷയിലൂടെയും സഭ ഈ ദൈവഹിതത്തിന്റെ രണ്ടാം ഭാഗം ചെയ്യേണ്ടതായിട്ടുണ്ട്. ദൈവം അനുവദിക്കുന്നുവെങ്കിൽ തുടർന്നിറങ്ങുന്ന **മറയ്ക്കപ്പെട്ട സഭയുടെ ഉദ്ദേശ്യം** എന്ന പുസ്തകത്തിൽ (The Hidden Purpose of the Church) ഇത് വിശദമായി രേഖപ്പെടുത്തുന്നുണ്ട്.

***ഒരു വ്യക്തിയുടെ ആത്മീയ വളർച്ചയുടെ ലക്ഷണമാണ് ആദ്യം ഒരു വ്യക്തി വീണ്ടും ജനിക്കുന്നത്, തുടർന്ന് പുരോഹിത ശുശ്രൂഷ ചെയ്യുന്നു, വീണ്ടും വളരുമ്പോൾ രാജകീയ ശുശ്രൂഷയ്ക്ക് ഏല്പിച്ചു കൊടുക്കുന്നു.*** യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ജീവിതം പുരോഹിതശുശ്രൂഷയും രാജത്വശുശ്രൂഷയും നിറഞ്ഞതായിരുന്നു.

എഫേസ്യ സഭയ്ക്ക് ലേഖനമെഴുതുമ്പോൾ പൗലോസ് പറയുന്നത്, ഞാൻ അനുഭവിച്ച കഷ്ടങ്ങളിൽ നിങ്ങൾ അധൈര്യപ്പെടരുത്, കാരണം ഞാൻ ഈ അന്യായമായ സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ തടയപ്പെട്ടിട്ടുള്ള പല ന്യായമായ അനുഗ്രഹങ്ങളും നിങ്ങളിലേക്ക് ചൊരിയപ്പെടുവാൻ (Release) ഇടയാകും.

**"അതുകൊണ്ടു ഞാൻ നിങ്ങൾക്കുവേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിങ്ങളുടെ മഹത്ത്വമാകയാൽ അവ നിമിത്തം അധൈര്യപ്പെട്ട് പോകരുത് എന്നു ഞൻ അപേക്ഷിക്കുന്നു." (എഫേ. 3:13)**

നമ്മുടെ ആത്മീയ വളർച്ചയുടെ ലക്ഷണമാണ് നാം രാജകീയ ശുശ്രൂഷ ചെയ്യുന്നത്. വളരാത്ത പത്രോസിനെയും വളർന്ന പത്രോസിനെയും നാം കാണുവാനിടയായല്ലോ. ***കർത്താവിനെ വിശ്വസിക്കുക മാത്രം ചെയ്തവർ കർത്താവോട് കൂടെ ജീവിക്കുമ്പോൾ, രാജത്യശുശ്രൂഷ ചെയ്തവർ കർത്താവിനോട് കൂടെ ജീവിക്കുക മാത്രമല്ല ഭരിക്കുക കൂടെ ചെയ്യുവാൻ ഇടയാകും.***

**"നാം അവനോടു കൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും;" (2 തിമോ. 2:11)**

ഇതുകൊണ്ടാണ് യേശു ഗിരിപ്രഭാഷണത്തിൽ പറഞ്ഞത്, കർത്താവിനെ പ്രതി അന്യായമായി നാം എന്തു സഹിച്ചാലും നാം ഭാഗ്യവാന്മാരാണ് നമ്മുടെ പ്രതിഫലം വലുതാണ്.

**"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ." (മത്തായി. 5:11-12)**

ഇതു തന്നെയാണ് പൗലോസ് അപ്പൊസ്തലൻ പറയുന്നത്,

**"നൊടി നേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം**

അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.” (2 കൊരി. 4:17)

## രാജത്വശുശ്രൂഷ അന്യായമായ സഹനത്തിന്റെ ശുശ്രൂഷയാണ്

**“ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു.” (1 പത്രോ. 2:19)**

സാക്ഷാൽ മനുഷ്യപുത്രൻ പോലും ഇതിലൂടെ കടന്നു പോയപ്പോൾ രക്തം വിയർക്കുകയും, ‘പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും മാറ്റി തരേണമെ, എങ്കിലും എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം എന്നിൽ നിറവേറണമേ’ എന്ന് പ്രാർത്ഥിച്ച് രാജത്വശുശ്രൂഷയിലൂടെ കടന്നുപോയി.

പൗലോസ് പ്രധാനമായും തന്റെ മൂന്ന് മിഷനറി യാത്രകളിലൂടെ പുരോഹിത ശുശ്രൂഷ നിർവ്വഹിക്കുകയും അതിനിടയിൽ പല സഹനങ്ങളിലൂടെ രാജത്വശുശ്രൂഷയും, തന്റെ മൂന്നാമത്തെ മിഷനറി യാത്രയുടെ ഒടുവിൽ ജറുസലേമിൽ വച്ച് തടവുകാരനാവുകയും തുടർന്ന് റോമിലേക്ക് മാറ്റപ്പെടുകയും അവിടെ വച്ച് കൊല്ലപ്പെടുകയും ചെയ്തു. പൗലോസ് ഈ രാജകീയ ശുശ്രൂഷയിൽ നിന്ന് ഒഴിഞ്ഞ് മാറുവാൻ തന്നോടുകൂടെയുള്ള വിശ്വാസികൾ ഉപദേശിച്ചിട്ടും ദൈവത്തിന്റെ ഹിതം നിറവേറുവാൻ, യേശുവിനെപ്പോലെ തന്റെ ജീവിതവും അതിനായി കൊടുത്തു.

പത്രോസിന്റെ ജീവിതവും രാജത്വശുശ്രൂഷയിലാണ് അവസാനിച്ചത്. താനും കൊല്ലപ്പെട്ടു. സ്തേഫാനോസിന്റെ ജീവിതം രാജത്വശുശ്രൂഷയിലൂടെയാണ് അവസാനിച്ചത്. താൻ കല്ലെറിഞ്ഞ് കൊല്ലപ്പെട്ടുവെന്ന് അപ്പൊസ്തലപ്രവർത്തികളിൽ കാണുന്നു (അപ്പോ. 7). യാക്കോബിനെ ഹെരോദാവ് വാളുകൊണ്ട് കൊന്നു, തന്റെ ജീവിതവും അവസാനിച്ചത് രാജത്വശുശ്രൂഷയിലൂടെയാണ്.

## രാജത്വശുശ്രൂഷ അയോഗ്യന്മാരെ യോഗ്യന്മാരാക്കുന്നു.

**“ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലകൈയ്യിൽ**

**അകത്തും പുറത്തും എഴുത്തുള്ളതായി ഏഴു മുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം കണ്ടു. ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളൂ എന്നു അത്യുച്ചത്തിൽ ഘോഷിക്കുന്ന ശക്തനായൊരു ദൂതനെയും കണ്ടു. പുസ്തകം തുറപ്പാനോ നോക്കുവാനോ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും ആർക്കും കഴിഞ്ഞില്ല. പുസ്തകം തുറന്ന് വായിപ്പാനെങ്കിലും യോഗ്യനായ് ആരെയും കാണായ്ക കൊണ്ടു ഞാൻ ഏറ്റവും കരഞ്ഞു. അപ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: കരയേണ്ട യഹൂദ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴുമുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു."(വെളി. 5:1-5)**

സ്വർഗ്ഗത്തിലെ ഒരു രംഗമാണ് ഇവിടെ യോഹന്നാൻ ദർശനത്തിൽ കാണുന്നത്. പിശാചിന്റെമേൽ ഇവിടെ ഒരു ന്യായവിധി എഴുതുവാൻ ഇല്ല. ദൈവം മുമ്പെ തന്നെ അവന്റെ ന്യായവിധി എഴുതി കഴിഞ്ഞു. ഇനി അതു നടപ്പിലാക്കുന്ന രംഗം മാത്രമെ ബാക്കിയുള്ളൂ.

**"നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്." (1 തിമോ. 3:6)**

**"ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധയെക്കുറിച്ചും തന്നേ." (യോഹ. 16:11)**

**"എഴുതിയിരിക്കുന്ന വിധി അവരുടെമേൽ നടത്തേണ്ടതിനും തന്നേ. അതു അവന്റെ സർവ്വ ഭക്തന്മാർക്കും ബഹുമാനം ആകുന്നു." (സങ്കീ. 149:8-9)**

ഇവിടെ യോഹന്നാൻ കാണുന്ന ദർശനത്തിൽ പിതാവായ ദൈവത്തിന്റെ കൈയ്യിലിരിക്കുന്ന ഏഴു മുദ്രയുള്ള ചുരുൾ പൊട്ടിക്കുന്നത് പിശാചിന്റെ മേലുള്ള ന്യായവിധി നടപ്പിലാക്കുന്നതിന്റെ രംഗമാണ്. പക്ഷേ ഇത് നടപ്പിലാക്കാൻ, ഈ മുദ്ര പൊട്ടിക്കാൻ, സ്വർഗ്ഗത്തിലോ, ഭൂമിയിലോ, പാതാളത്തിലോ യോഗ്യനായ ഒരുവനെയും കാണാത്തതിനാൽ യോഹന്നാൻ കരയുന്ന രംഗമാണ് വചനത്തിലൂടെ നാം വായിച്ചത്. എന്നാൽ യോഹന്നാന്റെ കരച്ചിൽ അധികനേരം നീണ്ടുനിന്നില്ല; മൂപ്പന്മാരിൽ ഒരുവൻ പറഞ്ഞു 'യോഹന്നാനെ കരയേണ്ട യൂദാ ഗോത്രത്തിലെ സിംഹമായ യേശു പുസ്തകം (ചുരുൾ) തുറക്കുവാനും

മുദ്ര പൊട്ടിപ്പാനും ജയം പ്രാപിച്ചിരിക്കുന്നു.'

**"അപ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: കരയേണ്ട യഹൂദഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു." (വെളി. 5:5)**

എങ്ങനെയാണ് ക്രിസ്തു ചുരുൾ തുറപ്പാനും, മുദ്ര പൊട്ടിപ്പാനും യോഗ്യത പ്രാപിച്ചത്? ദൈവവചനം പറയുന്നു ക്രിസ്തുവിന്റെ രാജത്വശുശ്രൂഷയാണ്, അതായത് കാൽവരി ക്രൂശിലൂടെ, അന്യായമായ സഹനത്തിലൂടെ താൻ തകർക്കപ്പെട്ടതാണ് ഈ ആത്മീയ പ്രവർത്തിക്ക് തന്നെ യോഗ്യനാക്കി മാറ്റിയത്.

**"പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സകല ഗോത്രത്തിലും ഭാഷയിലും വംശത്തിവും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി." (വെളി.5:9)**

ഈ ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതിൽ നാം പങ്കാളികൾ ആകണമെങ്കിൽ പിശാച് ന്യായമായി പിടിച്ചുവച്ചിരിക്കുന്നതിനെയെല്ലാം തിരിച്ചു പിടിക്കുവാൻ നാം യോഗ്യത നേടിയേ മതിയാകൂ. ക്രിസ്തു ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുവാനുള്ള ശുശ്രൂഷയുടെ ആദ്യ ഭാഗം തന്റെ പുരോഹിത ശുശ്രൂഷയിലൂടെയും രാജത്വശുശ്രൂഷയിലൂടെയും ചെയ്തു കഴിഞ്ഞു.

**"യേശുവോ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തു ഭാഗത്തിരുന്നുകൊണ്ട് തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു." (എബ്രാ. 10:12–13)**

**"യഹോവ എന്റെ കർത്താവിനോടു അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലത്തുഭാഗത്തിരിക്ക." (സങ്കീ. 110:1)**

**"സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതച്ചുകളയും." (റോമ. 16:20)**

ഇന്ന് സഭയിലൂടെ തന്റെ ശുശ്രൂഷയുടെ രണ്ടാം ഭാഗം ചെയ്യുവാൻ യേശു കാത്തിരിക്കുന്നു എന്ന് മുൻ എഴുതിയിരിക്കുന്ന വചനം വ്യക്തമാക്കുന്നു. രണ്ടാമത്തെ ഭാഗം ചെയ്യുവാൻ സഭയെ ദൈവം സഹായിക്കും അതിനാണ് പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിക്കുന്നത്. പക്ഷേ ഇത് നടക്കണമെങ്കിൽ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിന്റെ ഒന്നാം ഭാഗം നടത്തിയെടുക്കുവാൻ ക്രിസ്തു പുരോഹിത ശുശ്രൂഷയിലൂടെയും രാജത്വശുശ്രൂഷയിലൂടെയും കടന്നുപോയതുപോലെ ഇന്ന് സഭ, അതായത് സഭയിലെ ഓരോ വ്യക്തിയും ഈ പുരോഹിത ശുശ്രൂഷയിലൂടെയും രാജത്വശുശ്രൂഷയിലൂടെയും കടന്നുപോയി ന്യായമായി പിശാച് കൈയ്യടക്കിയിരിക്കുന്നതിനെയെല്ലാം അന്യായമാക്കാൻ യോഗ്യത നേടിക്കൊണ്ട് ഈ ശുശ്രൂഷയുടെ രണ്ടാം ഭാഗം ചെയ്താൽ ദൈവരാജ്യം അതിവേഗത്തിൽ ലോകത്തിൽ സ്ഥാപിതമാകും.

> ഈ ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതിൽ നാം പങ്കാളികളാകണമെങ്കിൽ പിശാച് ന്യായമായി പിടിച്ചുവച്ചിരിക്കുന്നതിനെയെല്ലാം തിരിച്ചു പിടിക്കുവാൻ നാം യോഗ്യത നേടിയേ മതിയാകൂ.

ഇതിലൂടെ നമുക്ക് ലഭിക്കുന്ന മറ്റൊരു സന്ദേശം എത്രമാത്രം രാജത്വശുശ്രൂഷയിലൂടെ നാം കടന്നുപോകുന്നുവോ അത്രമാത്രം ഈ ശുശ്രൂഷ നമ്മുടെ അയോഗ്യതകളെ മാറ്റി നമ്മെ യോഗ്യന്മാരാക്കി മാറ്റുന്നു. അതായത് ***"രാജത്വശുശ്രൂഷ അയോഗ്യന്മാരെ യോഗ്യന്മാരാക്കുന്നു. ന്യായമായ ബന്ധനത്തെ അന്യായ ബന്ധനമാക്കി മാറ്റുന്നു."***

## രാജാധിരാജാവാകുന്ന യേശുവും രാജാക്കന്മാരാകുന്ന ദൈവമക്കളും

**"യേശു കർത്താധികർത്താവും, രാജാധിരാജാവും."**
**(വെളി. 17:14)**

മത്തായിയുടെ സുവിശേഷം യേശുവിനെ രാജാവായി വെളിപ്പെടുത്തുന്നു. അതുകൊണ്ടാണ് മത്തായിയുടെ സുവിശേഷം ഒന്നാം അദ്ധ്യായം 1-ാം വാക്യവും, 6-ാം വാക്യവും യേശുവിനെ രാജാവായ ദാവീദിന്റെ മകനായി വെളിപ്പെടുത്തുന്നത്.

**"അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുവിന്റെ വംശാവലി." (മത്തായി. 1:1)**

തങ്ങൾക്കു വെളിപ്പെട്ടതനുസരിച്ച് കിഴക്കുനിന്നുള്ള വിദ്വാന്മാർ ഹെരോദാവിന്റെ കൊട്ടാരത്തിൽ ചെന്ന് ചോദിച്ചത്,

**"യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?"**
**(മത്തായി. 2:2)**

യേശുക്രിസ്തു കഴുതക്കുട്ടിയുടെ പുറത്തു കയറി യരുശലേമിലേക്ക് പ്രവേശിച്ചപ്പോൾ സെഖരിയാ പ്രവാചകന്റെ പ്രവചന നിവർത്തി (സെഖര്യ. 9:9) പൂർത്തിയായി.

**''സീയോൻ പുത്രിയോടു: ഇതാ, നിന്റെ രാജാവു സൌമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ."**
**(മത്തായി. 21:4)**

യേശുവിന്റെ ക്രൂശീകരണത്തിന് മുമ്പായി ന്യായവിസ്താര വേളയിൽ പിലാത്തോസ് യേശുവിനോട്,

**"പിലാത്തോസ് അവനോടു: നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്: ഞാൻ ആകുന്നു എന്നു അവൻ ഉത്തരം പറഞ്ഞു." (മർക്കൊ. 15:2)**

മേൽപ്പറഞ്ഞ വാക്യങ്ങളിൽ നിന്നെല്ലാം നമുക്ക് ഒരു കാര്യം മനസ്സിലാക്കാം യേശു നിശ്ചയമായും രാജാവാണ്.

പക്ഷേ യേശു പറയുന്നു, '*എന്റെ രാജ്യം ഐഹികമല്ല*' അതായത് ഈ ലോകത്തിലല്ല (യോഹ.18:36). പക്ഷേ യേശുവിന് ജീവനുള്ള ഒരു മാനുഷിക ശരീരം ഉള്ളതുകൊണ്ട് ഈ ഭൗതിക ലോകത്തിൽ തന്റേതായ റൈറ്റുണ്ട്. പക്ഷേ തന്റെ രാജ്യം ദൈവരാജ്യമാണ് ഈ ലോകം ദുഷ്ടന്റെ പിടിയിലുമാണ്.

**"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."**
**(1. യോഹ. 5:19)**

**"സാധാരണ ഒരു രാജ്യം മറ്റൊരു രാജ്യത്തോട് പോരാടുമ്പോൾ സൈന്യങ്ങൾ തമ്മിൽ ഏറ്റുമുട്ടി ശക്തന്മാരായവർ ജയം പ്രാപിക്കും. ഇവിടെ യേശുവാകുന്ന രാജാവ് ദുഷ്ടനായ പിശാചിനോട്**

**ഏറ്റുമുട്ടുവാനും, അവന്റെ പ്രവർത്തികളെ അഴിക്കുവാനുമാണ് വന്നത്. പക്ഷേ നമ്മുടെ ചിന്ത പ്രകാരവും, സാധാരണവുമായ ഒരേറ്റു മുട്ടലല്ലെന്നു മാത്രം. പകരം തന്റെ പിതാവ് തനിക്കു തന്ന പാന പാത്രം (നുകം അഥവാ ക്രൂശ്) താൻ കുടിച്ചു. ഈ ശുശ്രൂഷ നമ്മെ സംബന്ധിച്ച് പറയുമ്പോൾ നാം നന്മ ചെയ്തിട്ടും കഷ്ടം സഹിച്ച്, പിശാച് നമുക്കെതിരെ ചെയ്ത ഈ തിന്മ അന്യായമാണെന്ന് സ്വർഗ്ഗീയ കോടതിയിൽ തെളിയപ്പെടുമ്പോൾ പിശാച് ന്യായമായി കൈയ്യടക്കി വച്ചിരിക്കുന്നത് അന്യായമായിത്തീരും. അതോടുകൂടി പിതാവിന്റെ നീതിയുള്ള വിധിപ്രകാരം പിശാച് ന്യായമായി പിടി ച്ചിരിക്കുന്നതിൽ ചിലത് അവന് നഷ്ടമാകും. അതോടെ മനുഷ്യ വർഗ്ഗത്തിന് ലോകത്തിൽ ഇത്രയും നാൾ ലഭിക്കാൻ കഴിയാതെ പിശാച് മറച്ച് വച്ചിരുന്ന മറ്റൊരു നല്ലദാനവും കൂടെ ഉയരത്തിൽ നിന്ന്, പിതാവിൽ നിന്ന് ലഭിക്കാനിടയാകും".** ദൈവവചനം പറയു ന്നു.

> **"എല്ലാ നല്ലദാനവും തികഞ്ഞവരമൊക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവിൽ നിന്ന് ഇറങ്ങി വരുന്നു."**
> **(യാക്കോ. 1:17)**

ഒരു നല്ല ദാനവും, അല്ലെങ്കിൽ നിലനില്ക്കുന്ന ഒരു തീരുമാനവും മനുഷ്യരിൽ നിന്നോ, പിശാചിൽ നിന്നോ ആരംഭിക്കുന്നില്ല. യേശു പോലും പറയുന്നു പിതാവ് ചെയ്ത് കാണുന്നതല്ലാതെ പുത്രന് സ്വയമേ ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല.

> **"ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞത്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പിതാവു ചെയ്തു കാണു ന്നതു അല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്വാൻ കഴികയില്ല; അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു."**
> **(യോഹ. 5:19)**

എല്ലാ നല്ല ദാനവും തീരുമാനങ്ങളും ആരംഭിക്കുന്നത് പിതാവിൽ നിന്നാണ്. പിതാവിൽ നിന്ന് അത് ലഭിച്ചു കഴിഞ്ഞാൽ, നമ്മുടെ ഭൗതിക ജീവിതത്തിൽ അത് കാണുന്നില്ലെങ്കിൽ ആത്മീയയുദ്ധത്തിലൂടെ നമു ക്കത് നേടിയെടുക്കാവുന്നതാണ്.

## *പിശാചിന്റെ പ്രവർത്തികളെ അഴിച്ച് ഭൂമിയിൽ*

***ദൈവരാജ്യം സ്ഥാപിക്കുവാൻ മനുഷ്യശരീരമെടുത്ത് ലോകത്തിലേക്ക് കടന്നു വന്ന യേശു രാജത്വ ശുശ്രൂഷ നടത്തിയത് പിതാവ് തനിക്ക് കുടിക്കുവാൻ തന്ന പാനപാത്രം (നുകം, ക്രൂശ്) എടുത്തു കൊണ്ടാണ്.***

യേശുവിനെപ്പോലെ ഇന്ന് നമ്മളും ലോകക്കാരല്ല. ലോകത്തിൽ നിന്ന് ക്രിസ്തു നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു.

**"ഞാൻ അവർക്കു നിന്റെ വചനം കൊടുത്തിരിക്കുന്നു; ഞാൻ ലൗകീകനല്ലാത്തതുപോലെ അവരും ലൗകീകന്മാരല്ലായ്ക കൊണ്ടു ലോകം അവരെ പകച്ചു. ഞാൻ ലൗകീകനല്ലാത്തതു പോലെ അവരും ലൗകീകന്മാരല്ല." (യോഹ. 17:14-16)**

**"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല." (1 യോഹ. 2:15)**

നാം ഇന്ന് ദൈവരാജ്യത്തിലെ പൗരന്മാരാണ്, രാജകീയ പുരോഹിതവർഗ്ഗമാണ് (1 പത്രോ. 2:9) അതായത് ഒരു സമയത്ത് പുരോഹിതന്മാരും, രാജാക്കന്മാരുടെ രാജാവായ യേശുവിന്റെ കീഴിലുള്ള രാജാക്കന്മാരുമാണ്. പിതാവ് യേശുവിന് കൊടുത്ത അതേ ഭരണരീതിയാണ് യേശു ഇന്ന് സ്വർഗ്ഗീയ രാജകീയ ശുശ്രൂഷ ഭൂമിയിൽ നടത്തുന്ന നമുക്കും തന്നിട്ടുള്ളത്.

**"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും സ്വന്തജനവും ആകുന്നു." (1 പത്രോ. 2:9)**

***പിതാവ് യേശുവിന് ക്രൂശ് എന്ന പാനപാത്രം കുടിക്കുവാൻ കൊടുത്തുവെങ്കിൽ യേശു ഇന്നു നമ്മോടു പറയുകയാണ്, ഞാനും നിങ്ങൾക്ക് നിങ്ങളുടെ രാജകീയ ശുശ്രൂഷയ്ക്ക് വേണ്ടി ക്രൂശ് തരികയാണ്.***

രാജാധിരാജാവായ എന്നെ അനുഗമിക്കുന്ന നിങ്ങൾ (ദൈവരാജ്യ ത്തിന്റെ രാജാക്കന്മാർ) എന്റെ നുകം ഏല്ക്കണം.

**“ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും.” (മത്തായി. 11:29)**

തുടർന്ന് പുരോഹിത ശുശ്രൂഷയിലൂടെ നാം പോകണം അതോ ടൊപ്പം യേശു അനുവദിക്കുന്ന നുകം (അന്യായമായ സഹനം) ഏറ്റെ ടുത്തുകൊണ്ട്, രാജത്വശുശ്രൂഷ ചെയ്തുകൊണ്ട് സഭയുടെ ഉദ്ദേശം പൂർത്തീകരിക്കുവാൻ ധൈര്യസമേതം നമുക്കേൽപ്പിച്ചുകൊടുക്കാം.

ഇതുകൊണ്ടാണ് കഷ്ടം സഹിക്കാനുള്ള മനോഭാവം ആയുധമാ യെടുക്കാൻ ദൈവവചനം നമ്മോടാവശ്യപ്പെടുന്നത്.

**“ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചതുകൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ.” (1 പത്രോ. 4:1)**

യേശുക്രിസ്തുവിൽ വിശ്വസിക്കുക മാത്രമല്ല കഷ്ടം സഹിക്കാനുള്ള (രാജത്വശുശ്രൂഷ) വരം കൂടെ ദൈവം നമുക്ക് നല്കിയിരിക്കുന്നു.

**“അതു ദൈവം തന്നെ വച്ചതാകുന്നു. ക്രിസ്തുവിൽ വിശ്വ സിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നല്കിയിരിക്കുന്നു.” (ഫിലി. 1:29)**

**“അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടമനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരി ക്കുന്നു.” (1 പത്രോ. 2:21)**

***കർത്താവ് പറഞ്ഞു ഈ ലോകത്തിൽ നിന്റെ ജീവനെ നീ നേടാൻ ശ്രമിച്ചാൽ നീ അതിനെ കളയും, പക്ഷേ നീ എനിക്കുവേണ്ടി അതു കള ഞ്ഞാൽ നീ നിന്റെ ജീവനെ നേടും.***

**“പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ**

**ജീവനെ രക്ഷിക്കാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." (മത്തായി. 16:24-25)**

നമുക്കും പുരോഹിത ശുശ്രൂഷയിലൂടെയും രാജകീയ ശുശ്രൂഷയിലൂടെയും നമ്മുടെ ജീവനെ സമൃദ്ധമായി കർത്താവിൽ നിന്നും പ്രാപിക്കാം.

## ആത്മീയ അധികാരത്തിന്റെ മാനദണ്ഡം

### വിതച്ചാൽ കൊയ്യും, സഹിച്ചാൽ വാഴും

വിതച്ചാൽ കൊയ്യും, സഹിച്ചാൽ വാഴും എന്നുള്ളത് ദൈവരാജ്യത്തിന്റെ ഒരു നിയമമാണ്.

**"നാം ക്രിസ്തുവിനോടു കൂടെ മരിച്ചുവെങ്കിൽ കൂടെ ജീവിക്കും, സഹിക്കുന്നുവെങ്കിൽ കൂടെ വാഴും." (2 തിമൊ. 2:11)**

ദൈവവചനം പറയുന്നു, മനുഷ്യനായി ഈ ഭൂമിയിലേക്കു കടന്നുവന്ന യേശുവിനെ ദൈവം എല്ലാ വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും വിളിക്കപ്പെടുന്ന സകല നാമത്തിനും മീതെ ഉയർത്തി. അതായത് യേശുവിനെ എല്ലാ ആത്മീയ അധികാരത്തിനും മീതെ ഉയർത്തി.

> വിതച്ചാൽ കൊയ്യും, സഹിച്ചാൽ വാഴും എന്നുള്ളത് ദൈവരാജ്യത്തിന്റെ ഒരു നിയമമാണ്.

**"അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചകൾക്കും അധികാരത്തിനും ശക്തിക്കും കർതൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകലനാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കി വച്ചു." (എഫേ. 1:20-22)**

എന്താണതിന്റെ കാരണം?

ഒന്ന് : യേശു തന്നെത്താൻ താഴ്ത്തി.

രണ്ട് : തന്റെ സഹനം (ക്രൂശ്) ഇടയ്ക്കുവച്ച് അവസാനിപ്പിക്കാതെ അത് മരണത്തോളം വഹിച്ച് പിതാവിനോട് അനുസരണമുള്ളവ നായിത്തീർന്നു.

അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി. സകലനാമ ത്തിനും മേലായ നാമം നല്കി. (ഫിലി. 2:6–9)

സകലനാമത്തിനും മീതെ എന്നു ദൈവവചനം പറയുമ്പോൾ പല അധികാരനാമങ്ങളും ഉണ്ടെന്ന് ഈ വചനത്തിലൂടെ വ്യക്തമാകുന്നു. നാം കടന്നുപോകുന്ന സഹനത്തിനനുസരിച്ച്, അല്ലെങ്കിൽ പിതാവിനോടുള്ള അനുസരണത്തിനനുസരിച്ച് ഓരോ നാമത്തിന്റെ മുകളിലേക്ക് നമ്മുടെ അധികാരം വ്യാപരിക്കുകയും നാം ഉയർച്ച പ്രാപി ക്കുകയും ചെയ്യും. വിശ്വസ്തതയോടെ ജോലി ചെയ്യുന്ന പോലീസു കാർക്ക് ഉയർച്ച കിട്ടുന്നതുപോലെ തന്നെ ഏകദേശം ഇതിനെ കണ ക്കാക്കാം. ഓരോ ഉയർച്ചക്കുശേഷവും പോലീസ് ഉദ്യോഗസ്ഥന്റെ ഉത്ത രവാദിത്വവും, അധികാരവും വർദ്ധിക്കുന്നു. അതോടൊപ്പം തന്നെ ഇനി താൻ നേരിടേണ്ട, ഇടപെടേണ്ട വ്യക്തികൾ പഴയതിൽ നിന്നും വ്യത്യ സ്ഥതയുള്ളവരും കൂടുതൽ അധികാരവും ബലവും ഉള്ളവരാണ്. ഇവ രുടെയിടയിൽ വിജയമെടുത്താലെ തനിക്ക് ഇനി അടുത്ത ഉയർച്ച ലഭിക്കുകയുള്ളൂ.

ഇതുപോലെ ദൈവവചനം പറയുന്നു കർത്താവായ യേശു മരണ പര്യന്തം ക്രൂശിനെ സഹിച്ചതുകൊണ്ട് ദൈവം യേശുവിനെ സകല നാമത്തിലും മീതെ ഉയർത്തി. ഇവിടെ സകല നാമമെന്ന് പറയുമ്പോ ൾ പറയുന്നത്, ഈ ലോകത്തിലെ വാഴ്ചകൾക്കും, അധികാരത്തിനും, ശക്തിക്കും, കർതൃത്വത്തിനും മാത്രമല്ല വരുവാൻ പോകുന്ന ലോക ത്തിലെ സകല നാമത്തിനും മീതെ ഉയർത്തി വച്ചിരിക്കുന്നുവെന്ന്. ദൈവഹിതപ്രകാരമുള്ള നമ്മുടെ താഴ്മയുടെയും സഹനത്തിന്റെയും അളവ് വർദ്ധിക്കുന്നതിനനുസരിച്ച് നമുക്ക് ആത്മീയാധികാരത്തിന്റെ അളവും വർദ്ധിക്കും.

വീണ്ടും ജനിച്ച ഓരോ വ്യക്തിയും ശരീരത്തിൽ ഭൂമിയിലും, ആത്മാ വിൽ ദൈവരാജ്യത്തിലും, അതായത് ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു, ആ വ്യക്തിയുടെ മനസ്സ് ലോകത്തിലുമാണ്. ഈ ലോകമനസ്സ് ദൈവ

രാജ്യത്തിലെ ക്രിസ്തുവിന്റെ മനസ്സായി ഉയരണമെങ്കിൽ ആ മനസ്സ് വാഴ്ചകളെയും, അധികാരങ്ങളെയും, ശക്തികളെയും, കർതൃത്വങ്ങളെയും തരണം ചെയ്ത് (കീഴടക്കി) മുന്നോട്ടേക്ക് പോകേണ്ടതായിട്ടുണ്ട്. ഓരോ നിരയിലേക്ക് (Level) നാം ഉയരുവാൻ ശ്രമിക്കുമ്പോഴും പിശാചിന്റെ സേനാവിഭാഗങ്ങൾ നമുക്കെതിരെ അണിനിരക്കും. ഈ ക്രൂശിനെ ഒഴിഞ്ഞല്ല പിറുപിറുക്കാതെ സഹിച്ച് ജയിച്ചെങ്കിൽ മാത്രമെ ആ നിരയിലുള്ള പിശാചിന്റെ സേനാവിഭാഗങ്ങളെ തോല്പ്പിക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ നമ്മുടെ ആത്മീയാധികാരം അവർക്കു മുകളിൽ ആയിത്തീരുകയും ചെയ്യും. ഇതു തന്നെയാണ് കർത്താവായ യേശു ക്രൂശിനെ സഹിച്ചപ്പോഴും നടന്നത്. "ഇവനാണ് അവകാശി ഇവനെ കൊന്നാൽ രാജ്യം നമ്മുടെതാകുമെന്ന് പറഞ്ഞ്" പിശാചും കൂട്ടരും യേശുവിന് ക്രൂശ് സമ്മാനിച്ചു. യേശു തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്ത് ആ ക്രൂശിനെ സഹിച്ചു. (എബ്രാ. 12:2) തുടർന്ന് ദൈവവചനം പറയുന്നു, ഇതോടെ വാഴ്ചകളും അധികാരങ്ങളുമെല്ലാം നിരായുധരായി പരസ്യമായി കാഴ്ചയാക്കപ്പെട്ടു. യേശു അവരുടെമേൽ ജയോത്സവം കൊണ്ടാടി. അങ്ങനെ പിശാച് മനുഷ്യനിലൂടെ ഒരുക്കിയ ക്രൂശിലൂടെ താൻ കടന്ന് പോകുന്നത് ദൈവഹിതമാണെന്ന് മനസ്സിലാക്കിയ യേശു ക്രൂശിനെ സഹിച്ചു, ജയം പ്രാപിച്ചു. അതോടെ യേശുവിന്റെ നാമം ഈ വാഴ്ചകൾക്കും, അധികാരങ്ങൾക്കും, ശക്തിക്കും, കർതൃത്വങ്ങൾക്കുമെല്ലാം ഉപരിയായി തീർന്നു. താൻ ആത്മീയമായി ഏറ്റവും ഉയർത്തപ്പെട്ടു.

ഇതിൽ നിന്നും നമുക്ക് ഒന്ന് മനസ്സിലാകുന്നു, ക്രൂശ് സഹിക്കുകയാണ് അധികാരത്തിലേക്കുള്ള മാർഗ്ഗം.

**"സഹിക്കുന്നു എങ്കിൽ കൂടെ വാഴും." (2 തിമോ. 2:11)**

ഇതു തന്നെയാണ് അധികാരം ചോദിച്ചു വന്ന സെബദിപുത്രന്മാരോട് കർത്താവ് പറഞ്ഞത് "ഞാൻ കുടിക്കാനിരിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കുവാൻ തയ്യാറാണോ?" (മത്തായി. 20:22). ഓരോ ക്രൂശും ഓരോ നിലയും കടക്കുവാനുള്ള പരീക്ഷയാണ്. ദൈവവചനം പറയുന്നു ***"പരീക്ഷ ഒഴിയുന്ന മനുഷ്യനല്ല പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" എന്തുകൊണ്ട്? തുടർന്ന് വചനം പറയുന്നു പരീക്ഷയിലൂടെ അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം ആ മനുഷ്യന് ആത്മീയ അധികാരങ്ങൾ,***

*കിരീടങ്ങൾ ലഭിക്കുവാൻ ഇടയാകും.*

**"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും." (യാക്കോ. 1:12)**

പക്ഷേ പരീക്ഷയിലൂടെ കടക്കുമ്പോൾ പലപ്പോഴും നാം തളർന്നു പോകും, വീണുപോകും. യേശുവും ഇതുപോലെ തന്നെയായിരുന്നു. ഗദ്സമനത്തോട്ടത്തിൽ വച്ച് "പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീക്കിതരണമേ" എന്ന് അപേക്ഷിച്ചു, രക്തം വിയർത്തു. മറ്റുള്ളവർ തന്നെ പരിഹസിച്ചു, അടിച്ചു, മീശരോമം പറിച്ചെടുത്തു, മുൾക്കിരീടം കൊടുത്തു. താങ്ങുവാൻ കഴിയാത്ത കുരിശ് ചുമന്നു നടന്നു. ഇടയ്ക്കു വച്ച് കുരിശു ചുമക്കുവാൻ കഴിയാതെ താഴെ വീണു. ഇതുപോലെ കുരിശു ചുമക്കുവാൻ കഴിയാതെ നിന്ദയും, വേദനയും, സങ്കടവും സഹിക്കാൻ കഴിയാതെ നമ്മളും താഴെ വീണെന്നും വരാം. പക്ഷേ യേശുവാണ് നമ്മുടെ മാതൃക. വീണ്ടും കുരിശിനെ വിട്ടുകളയാതെ കുറേനക്കാരനായ ശീമോൻ ചുമന്ന തന്റെ കുരിശിനെ പിൻതുടർന്നു തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷമോർത്ത് യേശു അപമാനം അലക്ഷ്യമാക്കി, ക്രൂശിനെ സഹിച്ചു.

> ദൈവഹിതപ്രകാരമുള്ള നമ്മുടെ താഴ്മയുടെയും സഹനത്തിന്റെയും അളവ് വർദ്ധിക്കുന്നതിനനുസരിച്ച് നമുക്ക് ആത്മീയാധികാരത്തിന്റെ അളവും വർദ്ധിക്കും.

*യേശു ക്രൂശ് സഹിച്ചതുകൊണ്ട് എന്ത് കിട്ടി? വചനം പറയുന്നു ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. (എബ്രാ. 12:2) മാത്രമല്ല, സഭയെ ലഭിക്കുവാൻ ഇടയായി (അപ്പോ. 20:28), സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിക്കുവാൻ ഇടയായി (മത്തായി. 28:18-19), സകലത്തിലും മേലായ നാമം ലഭിച്ചു (എഫേ. 1:20-22), പിശാചിന്റെ ന്യായവിധി ആരംഭിക്കുന്ന പുസ്തകത്തിന്റെ മുദ്ര പൊട്ടിക്കാൻ യോഗ്യത പ്രാപിച്ചു (വെളി. 5:1-5,9).*

**"വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു." (എബ്രാ. 12:2)**

## എങ്ങിനെയാണ് യേശു ക്രൂശിനെ സഹിച്ചത്?

യേശു ഒരുക്കിയ നുകം നാം എടുക്കണമെങ്കിൽ നുകത്തിനപ്പുറം ദൈവം ഒരുക്കിയിരിക്കുന്ന സന്തോഷം നാം കാണണം. യേശു തന്റെ മുമ്പിൽ പിതാവ് വച്ചിരുന്ന സന്തോഷത്തിന്റെ ചിന്തകൊണ്ട്, താൻ ക്രൂശ് ചുമന്നപ്പോൾ, അനുഭവിച്ച അപമാനത്തിന്റെ ചിന്തയെ തോല്പിച്ചു (കണക്കാക്കിയില്ല). യേശുവിനെപ്പോലെ നാമും അപമാനത്തിന്റെ ചിന്തയെ തോൽപ്പിക്കുന്നില്ലായെങ്കിൽ നമുക്ക് ക്രൂശ് എടുക്കാൻ കഴിയുകയില്ല.

യേശു ഒരുക്കിയ നുകം നാം എടുക്കണമെങ്കിൽ നുകത്തിനപ്പുറം ദൈവം ഒരുക്കിയിരിക്കുന്ന സന്തോഷം നാം കാണണം. അല്ലായെങ്കിൽ ലോകത്തിന്റെ കുമിളകളാകുന്ന താല്കാലിക അനുഗ്രഹങ്ങൾ മാത്രം കണ്ട് നാം അരിഷ്ടരായി അവസാനിക്കും.

## പ്രാർത്ഥന



*പ്രിയ സ്വർഗ്ഗീയ പിതാവെ, പുരോഹിത ശുശ്രൂഷയെക്കുറിച്ചും, രാജത്വശുശ്രൂഷയെക്കുറിച്ചും എനിക്ക് മനസ്സിലാക്കി തന്നതിനായി നന്ദി. യേശുവിനെപ്പോലെ, പൗലോസിനെപ്പോലെ, ഈ രണ്ടു ശുശ്രൂഷകളും ചെയ്യുവാൻ എന്നെ സഹായിക്കണമെ.......യേശുവിൻ നാമത്തിൽ തന്നെ,- ആമേൻ.*

# പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. രാജത്വ ശുശ്രൂഷയിൽ നമ്മൾ അന്യായമായി കഷ്ടം സഹിച്ചു കൊണ്ട് ന്യായമായ ബന്ധനങ്ങളെ തകർക്കുകയാണ് ചെയ്യുന്നത്.
2. സാത്താന്റെ അധികാരത്തിൽ നിന്ന് ലോകം തിരിച്ചു പിടിച്ച് ദൈവ രാജ്യം ഇവിടെ സ്ഥാപിക്കണമെങ്കിൽ പുരോഹിത ശുശ്രൂഷകൊണ്ടു മാത്രം കഴിയുകയില്ല. രാജത്വശുശ്രൂഷയും ആവശ്യമാണ്.
3. യേശുവിന് തന്നെ നിന്ദിച്ചവരെയും, ദൂഷണം പറഞ്ഞവരെയും നിന്ദിക്കാനും, ഭീക്ഷണം പറയാനും അവകാശം ഉണ്ടായിരുന്നു. എന്നാൽ താൻ തന്റെ അവകാശമൊന്നും ഉപയോഗിക്കാതെ തന്റെ പിതാവിന് അതെല്ലാം ഭരമേല്പിച്ചു, പിതാവിനെ ഭൂമിയുടെ വിഷയങ്ങളുടെ മേൽ ഭരിക്കുവാൻ കൊണ്ടു വന്നു, ഇതായിരുന്നു യേശുവിന്റെ രാജത്വശുശ്രൂഷ.
4. യേശു തന്റെ രാജത്വശുശ്രൂഷയിലൂടെ പിതാവിന് ലോകത്തെ ഭരിക്കുവാനുള്ള വഴിയൊരുക്കി കൊടുത്തു. അതോടുകൂടെ പിശാചിന്റെ ആത്മീയ രാജ്യം (തല) തകർന്നു.
5. നമ്മുടെ അവകാശം (റൈറ്റ്സ്) നാം ഉപേക്ഷിക്കുമ്പോൾ നാം പല സഹനത്തിലൂടെ കടന്നുപോകേണ്ടതായി വരും. ഇതാണ് ഗിരി പ്രഭാഷണത്തിൽ പറഞ്ഞത്. 'നിന്റെ ഒരു കരണത്ത് അടിക്കുന്നവന് മറു കരണവും കൂടെ കാണിച്ചു കൊടുക്കുക.'
6. ലോകത്തിലെ രാജത്വശുശ്രൂഷ മറ്റുള്ളവരുടെ മേൽ കർതൃത്വം ചുമത്തുകയെന്നതാണെങ്കിൽ ദൈവരാജ്യത്തിലെ നമ്മുടെ രാജത്വശുശ്രൂഷ, നമ്മുടെ അവകാശം (റൈറ്റ്സ്) നാം ഉപയോഗിക്കാതെ നാം അത് ദൈവത്തിന് കൊടുത്ത് ദൈവത്തെ ഭൂമിയിൽ ഭരിക്കാൻ കൊണ്ടുവരികയാണ്.
7. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം മനുഷ്യന്റെ ഭൂമിയിലെ ന്യായമായ അവകാശങ്ങൾ ഉപയോഗിക്കാതെ പിതാവായ ദൈവത്തെ അത് ഭരമേല്പ്പിച്ചു കൊണ്ട്, ദൈവത്തെ ഭൂമിയിലേക്ക് ഭരിക്കുവാൻ കൊണ്ടു വരുന്ന ശുശ്രൂഷയ്ക്കാണ് രാജത്വ ശുശ്രൂഷ എന്ന് പറയുന്നത്.

8. പുരോഹിതശുശ്രൂഷയും രാജത്വശുശ്രൂഷയും ആത്മീയയുദ്ധത്തിന്റെ രണ്ട് തലങ്ങൾ ആണ്.

9. "യേശുക്രിസ്തു മൂന്നര വർഷം ഭൂമിയിൽ ചെയ്തത് പുരോഹിത ശുശ്രൂഷയും, എന്നാൽ സഹനത്തിലൂടെ താൻ കടന്ന് പോയപ്പോഴെല്ലാം ചെയ്തത് രാജത്വശുശ്രൂഷയുമാണ്."

10. യേശുവിന്റെ രാജകീയ ശുശ്രൂഷ ഭൂമിയിൽ ചെയ്ത് സഭയുടെ ഉദ്ദേശത്തിന്റെ പ്രവർത്തി തുടങ്ങാൻ പിതാവ് യേശുവിന് ക്രൂശ് കൊടുത്തത് പോലെ ഇന്ന് അതേ രാജകീയ ശുശ്രൂഷ ഭൂമിയിൽ ചെയ്ത് സഭയുടെ ഉദ്ദേശം (Purpose of the Church) പൂർത്തിയാക്കുവാൻ സഭയുടെ ഓരോ വിശ്വാസികളും ഒരുക്കപ്പെടുവാൻ തക്കവണ്ണം യേശു തന്റെ നുകം നമ്മുടെ മേൽ വയ്ക്കുകയാണ്.

11. അന്യായം ചെയ്താൽ നാം ന്യായമായി ബന്ധനത്തിൽ ആകുന്നുവെങ്കിൽ ദൈവഹിതപ്രകാരം നാം അന്യായമായി സഹിച്ചാൽ, ആ സഹനം ന്യായമായ ബന്ധനത്തെ അന്യായമാക്കി മാറ്റുന്നു അഥവാ തകർക്കുന്നു. (Unright sufferings will break just bondages)

12. ഒരു വ്യക്തിയുടെ ആത്മീയ വളർച്ചയുടെ ലക്ഷണമാണ് ആദ്യം ആ വ്യക്തി വീണ്ടും ജനിക്കുന്നത്, തുടർന്ന് പുരോഹിത ശുശ്രൂഷ ചെയ്യുന്നു, വീണ്ടും വളരുമ്പോൾ രാജകീയ ശുശ്രൂഷയ്ക്ക് ഏല്പിച്ചു കൊടുക്കുന്നു.

13. കർത്താവിനെ വിശ്വസിക്കുക മാത്രം ചെയ്തവർ കർത്താവോട് കൂടെ ജീവിക്കുമ്പോൾ, രാജത്വശുശ്രൂഷ ചെയ്തവർ കർത്താവിനോട് കൂടെ ജീവിക്കുക മാത്രമല്ല ഭരിക്കുക കൂടെ ചെയ്യുവാൻ ഇടയാകും.

14. ഈ ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതിൽ നാം പങ്കാളികളാകണമെങ്കിൽ പിശാച് ന്യായമായി പിടിച്ചുവച്ചിരിക്കുന്നതിനെയെല്ലാം തിരിച്ചു പിടിക്കുവാൻ നാം യോഗ്യത നേടിയേ മതിയാകൂ.

15. "രാജത്വശുശ്രൂഷ അയോഗ്യന്മാരെ യോഗ്യന്മാരാക്കുന്നു. ന്യായമായ ബന്ധനത്തെ അന്യായ ബന്ധനമാക്കി മാറ്റുന്നു."

16. പിശാചിന്റെ പ്രവർത്തികളെ അഴിച്ച് ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുവാൻ മനുഷ്യശരീരമെടുത്ത് ലോകത്തിലേക്ക് കടന്നു വന്ന

യേശു രാജത്വശുശ്രൂഷ നടത്തിയത് പിതാവ് തനിക്ക് കുടിക്കുവാൻ തന്ന പാനപാത്രം (നുകം, ക്രൂശ്) എടുത്തുകൊണ്ടാണ്.

17. പിതാവ് യേശുവിന് ക്രൂശ് എന്ന പാനപാത്രം കുടിക്കുവാൻകൊടുത്തുവെങ്കിൽ യേശു ഇന്നു നമുക്ക് തരുന്ന സന്ദേശത്തിന്റെ ഒരു ഭാഗം , 'ഞാനും നിങ്ങൾക്ക് നിങ്ങളുടെ രാജകീയ ശുശ്രൂഷയ്ക്ക് വേണ്ടി ക്രൂശ് തരികയാണ്.'

18. കർത്താവ് പറഞ്ഞു, 'ഈ ലോകത്തിൽ നിന്റെ ജീവനെ നീ നേടാൻ ശ്രമിച്ചാൽ നീ അതിനെ കളയും, പക്ഷേ നീ എനിക്കുവേണ്ടി (ക്രിസ്തു) അതു കളഞ്ഞാൽ നീ നിന്റെ ജീവനെ നേടും.'

19. വിതച്ചാൽ കൊയ്യും, സഹിച്ചാൽ വാഴും എന്നുള്ളത് ദൈവരാജ്യത്തിന്റെ ഒരു നിയമമാണ്.

20. ദൈവഹിതപ്രകാരമുള്ള നമ്മുടെ താഴ്മയുടെയും സഹനത്തിന്റെയും അളവ് വർദ്ധിക്കുന്നതിനനുസരിച്ച് നമുക്ക് ആത്മീയാധികാരത്തിന്റെ അളവും വർദ്ധിക്കും.

21. "പരീക്ഷ ഒഴിയുന്ന മനുഷ്യനല്ല പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" എന്തുകൊണ്ട്? തുടർന്ന് വചനം പറയുന്നു പരീക്ഷയിലൂടെ അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം ആ മനുഷ്യന് ആത്മീയ അധികാരങ്ങൾ, കിരീടങ്ങൾ ലഭിക്കുവാൻ ഇടയാകും.

22. യേശു ഒരുക്കിയ നുകം നാം എടുക്കണമെങ്കിൽ നുകത്തിനപ്പുറം ദൈവം ഒരുക്കിയിരിക്കുന്ന സന്തോഷം നാം കാണണം. അല്ലായെങ്കിൽ ലോകത്തിന്റെ കുമിളകളാകുന്ന താല്കാലിക അനുഗ്രഹങ്ങൾ മാത്രം കണ്ട് നാം അരിഷ്ടരായി അവസാനിക്കും.



## അദ്ധ്യായം 18

# "നിത്യ അനുഗ്രഹങ്ങൾ"

# ആത്മീയ സഹനങ്ങളിലൂടെ വളർച്ച

'നൊടി നേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു." (2 കൊരി. 4:17)

## പ്രാവർത്തിക തലങ്ങൾ

**ദൈവം അനുവദിക്കുന്ന താല്കാലിക സഹനങ്ങളിലൂടെ ആത്മീയ വളർച്ച.**

**പിശാച് ഒരുക്കുന്ന താല്കാലിക അനുഗ്രഹങ്ങളിലൂടെ ആത്മീയ തളർച്ച.**

## സഹനം ഒരു അമൂല്യമായ വിത്ത്

ദൈവം അനുവദിക്കുന്ന സഹനങ്ങളിലൂടെ മനുഷ്യർക്ക് നിത്യ അനുഗ്രഹങ്ങൾ ലഭിക്കുന്നു. അതിനാൽ ദൈവം അനുവദിക്കുന്ന സഹനം ഒരു വിത്താണ്.

### എന്തിന്റെ വിത്ത്?

കോതമ്പ് മണി ഒരു വിത്താണ്. എന്തിന്റെ വിത്ത് എന്ന് ചോദിച്ചാൽ, കോതമ്പ് മണിയുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന, നിക്ഷിപ്തമായിരിക്കുന്ന, അനേകർക്ക് അനുഗ്രഹമായിത്തീരാൻ പോകുന്ന, എണ്ണിയാൽ തീരാത്ത കോതമ്പ് മണികളുടെയും, ചെടികളുടെയും വിത്താണ് ഒരു കോതമ്പ് മണി. ഇതുപോലെ ***ദൈവം അനുവദിക്കുന്ന സഹനം എന്ന വിത്ത് മനുഷ്യന്റെ മുമ്പിൽ അവർ***

> ദൈവം അനുവദിക്കുന്ന താല്കാലിക സഹനങ്ങളിലൂടെ ആത്മീയ വളർച്ച. പിശാച് ഒരുക്കുന്ന താല്കാലിക അനുഗ്രഹങ്ങളിലൂടെ ആത്മീയ തളർച്ച.

***ഇഷ്ടപ്പെടാത്തതെങ്കിലും, ആ വിത്തിന്റെ ഉള്ളിൽ ദൈവം കോതമ്പ് മണിക്കുള്ളിൽ വച്ചിരിക്കുന്ന അനുഗ്രഹങ്ങൾ പോലെ നിത്യ അനുഗ്രഹങ്ങൾ സഹനത്തിലൂടെ കടന്ന് പോകുന്ന വ്യക്തികൾക്കും, അവരിലൂടെ ലോകത്തിനും അനുവദിച്ചിരിക്കുന്നു.***

**"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായ തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു." (2 കൊരി. 4:17)**

ഇതിന് പ്രധാന ഉദാഹരണം യേശുനാഥൻ തന്നെയാണ്. ഗദ്സമനത്തോട്ടത്തിൽ വച്ചുള്ള യേശുവിന്റെ പ്രാർത്ഥന, **"പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും മാറ്റിത്തരണമെ".** ഇതിന്റെ അർത്ഥം മാനുഷിക ദൃഷ്ടിയിൽ യേശുവിന് അതിലൂടെ പോകാൻ താല്പര്യമില്ല. പക്ഷെ യേശു തന്റെ സ്വയത്തെ പിതാവിന്റെ ഇഷ്ടത്തിനായി ത്യജിച്ചു. എന്താണ് ഇത് കാണിക്കുന്നത്? യേശുവിന് മുമ്പിൽ അനേകർക്ക് നിത്യ അനുഗ്രഹമായിത്തീരാൻ പോകുന്ന 'സഹന'മെന്ന ഒരു വിത്ത് പിതാവ് ഒരുക്കിയിരിക്കുകയാണ്. ഈ വിത്തിലൂടെ കടന്ന് പോകണമെങ്കിൽ കർത്താവ് പറഞ്ഞ ഉപമയിലെ കോതമ്പ് മണിയാകുന്ന നമ്മുടെ സ്വയം ചാകണം. അല്ലെങ്കിൽ അതിലൂടെ കടന്ന് പോകാൻ കഴിയില്ല.


> ദൈവം അനുവദിക്കുന്ന സഹനങ്ങളിലൂടെ മനുഷ്യർക്ക് നിത്യ അനുഗ്രഹങ്ങൾ ലഭിക്കുന്നു. അതിനാൽ ദൈവം അനുവദിക്കുന്ന സഹനം ഒരു വിത്താണ്.

**"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും." (യോഹ. 12:24)**

യേശുവിന്റെ സ്വയം ഗദ്സമനത്തോട്ടത്തിൽ വച്ച് തകരാൻ യേശു അനുവദിച്ചു. യേശുവിന്റെ കോതമ്പു മണിയാകുന്ന സ്വയത്തെ യേശു തകർത്തു. അതോടെ ദൈവം അനുവദിച്ച 'സഹനമാകുന്ന വിത്ത്' യേശുവിന്റെ ജീവിതത്തിൽ മുളച്ച് പൊങ്ങി, ക്രൂശീകരണത്തിലൂടെ

കടന്ന് പോയി, ഇന്ന് അനേക ഫലങ്ങൾ ആ സഹനമാകുന്ന വിത്തിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിലെ ഓരോ ഫലങ്ങളാണ് വായിക്കുന്ന നിങ്ങളും, എഴുതുന്ന ഞാനും. ഇനിയും അനേക ഫല ങ്ങൾ ആ 'സഹനമാകുന്ന' വിത്തിൽ നിന്ന് കായ്ക്കാൻ ഇരിക്കുന്നു. മാത്രമല്ല ആ സഹ നമാകുന്ന വിത്തിലൂടെ കടന്നുപോയ യേശു വിന് എന്ത് സംഭവിച്ചു?

> "സഹനമാകുന്ന വിത്ത്" അമൂല്യമാണ്, അത് നമ്മെ നിത്യമായി ഉയർത്തും.




(ചിത്രം 32)

ദൈവവചനം എന്ത് പറയുന്നു, യേശു പിതാവിനെ അനുസരിച്ച് ആ സഹനമാകുന്ന വിത്തിലൂടെ കടന്ന് പോയത് കൊണ്ട് പിതാവ് യേശുവിനെ ഏറ്റവും അധികം ഉയർത്തി....

**"അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷ**

**ത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ടു ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിലും മേലായ നാമം നല്കി;"**

**(ഫിലി. 2:6–9)**

ഒരു പക്ഷെ പ്രിയ വായനക്കാർ ചിന്തിക്കും, മനുഷ്യർ അന്വേഷിക്കുന്ന ഈ ലോകത്തിലെ താല്കാലിക ഉയർച്ചകളാണ് യേശുവിന് കിട്ടിയതെന്ന്, അല്ല. നിത്യമായതാണ് യേശുവിന് കിട്ടിയത്. ദൈവവചനം ഇവിടെ മൂന്ന് ലോകത്തെക്കുറിച്ച് പറയുന്നു. 'സ്വർല്ലോകം, ഭൂലോകം, അധോലോകം' ഈ മൂന്ന് ലോകത്തിലുള്ളവരുടെയും മുകളിലാണ് ദൈവം അനുവദിച്ച 'സഹനമാകുന്ന വിത്ത്' യേശുവിനെ ഉയർത്തിയത്. **'സഹനമാകുന്ന വിത്തിന്റെ' മൂല്യം എത്രയോ വലിയത്!**

ഇത് കൊണ്ടാണ് പൗലോസ് അപ്പോസ്തോലൻ കഷ്ടം സഹിക്കാൻ ഇഷ്ടപ്പെടുന്നു എന്ന് പറഞ്ഞത്.

**"അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കൈയേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു." (2 കൊരി. 12:10)**

**"ഇപ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു." (കൊലോ. 1:24)**

വേദ പുസ്തകത്തിൽ കാണുന്ന മറ്റൊരു വിത്താണ്, **വചനമാകുന്ന വിത്ത്.**

***വചനമാകുന്ന വിത്തിലൂടെ മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടാൽ മാത്രമെ സഹനമാകുന്ന വിത്തിനെ മുളപ്പിച്ച് നിത്യമായ ആത്മീയ ഫലങ്ങൾ ഉണ്ടാക്കുവാൻ കഴിയുകയുള്ളൂ.***

## പിശാച് ഒരുക്കുന്ന താൽക്കാലികമായ അനുഗ്രഹങ്ങളിലൂടെ നിത്യനാശം

ദൈവഹിതം നിറവേറ്റുവാൻ 2000 വർഷങ്ങൾക്ക് മുമ്പ് യേശു ഭൂമിയിൽ ആയിരുന്നപ്പോൾ പിശാച് യേശുവിന്റെ ആത്മീയ യാത്രയെ തകർക്കാൻ കടന്ന് വന്നത് ലോകത്തിലെ സ്ഥാനമാനങ്ങളും അനുഗ്രഹങ്ങളും വാഗ്ദത്തം ചെയ്തുകൊണ്ടാണ്. ഇത് പോലെയാണ് ഇന്ന് ദൈവഹിതം നിറവേറ്റിക്കൊണ്ടിരിക്കുന്ന പലരുടെ മുമ്പിൽ പല തന്ത്രങ്ങളുമായി പിശാച് വരുന്നത്. ഒരു മനുഷ്യന്റെ ബലഹീനത എന്തോ അതിലൂടെ ആയിരിക്കും പിശാച് ആ വ്യക്തിയെ വീഴിക്കാൻ ശ്രമിക്കുന്നത്.

## പിശാചിന് ഇരയായിത്തീർന്നവർ

യേശു പിശാചിന്റെ ആവശ്യപ്രകാരം അത്ഭുതങ്ങൾ ചെയ്തില്ല, ശുശ്രൂഷിച്ചില്ല. അതിനായി മുതിർന്നാൽ നമ്മുടെ ശുശ്രൂഷ തകരും.

**"അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നടത്തി. അവൻ നാല്പ്പത് പകലും നാല്പ്പത് രാവും ഉപവസിച്ച ശേഷം അവന്നു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്ത് വന്നു: നീ ദൈവപുത്രൻ എങ്കിൽ ഈ കല്ല് അപ്പമായ്ത്തീരാൻ കൽപ്പിക്ക എന്നു പറഞ്ഞു. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു" എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു."**

**(മത്താ. 4:1–4)**

യേശു പിശാചിന്റെ ആവശ്യപ്രകാരം അത്ഭുതങ്ങൾ ചെയ്തില്ല, ശുശ്രൂഷിച്ചില്ല. അതിനായി മുതിർന്നാൽ നമ്മുടെ ശുശ്രൂഷ തകരും.

ദൈവം ഒരുക്കുന്ന ശുശ്രൂഷ മാത്രം മതി നമുക്ക്. പിശാച് ഒരുക്കുന്നത് നമ്മെ തകർക്കും.

### a) ശുശ്രൂഷയ്ക്ക് വേണ്ടി ഓടി കുഴിയിൽ വീഴുന്ന കൂട്ടം:-

ഒരു പട്ടണത്തിൽ ഒരു സാധാരണ വിശ്വാസിയായ ഒരു യുവാവിനെ അവിടുത്തെ ദൈവദാസൻ വചനം പഠിപ്പിച്ച്, അല്പാൽപ്പമായി

ശുശ്രൂഷയ്ക്ക് മുമ്പിലേക്ക് കൊണ്ടുവന്നു. ആ സമയത്താണ് പിശാച് ആ വ്യക്തിയെ വീഴിക്കാൻ മറ്റൊരു വ്യക്തിയുടെ രൂപത്തിൽ ആ സഭയിൽ കടന്നുവന്നത്. പുതിയതായി കടന്നുവന്ന വ്യക്തി ഈ യുവ ശുശ്രൂഷകനോട് വളരെ സ്നേഹം കാണിക്കുകയും, മറ്റൊരു മിനിസ്ട്രിയിലേക്ക് നിന്നെ വിശാലമാക്കാം എന്ന ഓഫർ കൊടുക്കുകയും, തന്റെ ആദ്യത്തെ ദൈവദാസന്റെ കുറെ കുറ്റങ്ങൾ പറഞ്ഞ് കൊടുക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ യുവ ശുശ്രൂഷകൻ തന്നെ വളർത്തി കൊണ്ടുവരാൻ ദൈവം ഉപയോഗിച്ച ശുശ്രൂഷകനെ ടെലിഫോണിൽ വിളിച്ച് ശാസന രൂപത്തിൽ സംസാരിക്കുകയും പുതിയതായി വന്ന വ്യക്തിയോടു കൂടെ വിശാലമായ ശുശ്രൂഷയ്ക്കെന്നും പറഞ്ഞ് സഭ വിട്ട് ഇറങ്ങിപ്പോയി. കുറച്ച് കഴിഞ്ഞപ്പോൾ തന്നെ വിശാലമായ ശുശ്രൂഷയിലേക്ക് കൊണ്ടുപോകാമെന്ന് വാഗ്ദത്തം ചെയ്ത വ്യക്തി ഈ യുവ ശുശ്രൂഷകനെ വിട്ടുപോയി. യുവശുശ്രൂഷകൻ പല സഭകളും കയറിയിറങ്ങി, ആരും അദ്ദേഹത്തെ വളർത്തിയെടുക്കാൻ കൂട്ടാക്കിയില്ല. തുടർന്ന തന്റെ ഭൗതിക ജോലിയും നഷ്ടപ്പെട്ട് വിശ്വാസം തകർന്ന അവസ്ഥയിൽ ആ ദേശത്ത് നിന്നും പോകുവാനിടയായി. തുടർന്ന് തന്നെ ശുശ്രൂഷയിൽ നിന്ന് അടർത്തിയെടുത്ത വ്യക്തിയുടെ സാക്ഷ്യവും നഷ്ടപ്പെട്ടെന്ന് കേൾക്കാനിടയായി.

‘ലോകം തരുന്ന ഓഫറുകളിൽ കുടുങ്ങരുത്’. നമ്മുടെ ബലഹീനതയ്ക്കനുസരിച്ചായിരിക്കും ഓഫറുകൾ വരുന്നത്. മുകളിൽ പറഞ്ഞ സഹോദരന്റെ ബലഹീനതയാണ് ‘എങ്ങനെയെങ്കിലും ശുശ്രൂഷയിൽ ഉയരുകയെന്നത്’. എങ്ങനെയെങ്കിലും ശുശ്രൂഷയിൽ ഉയരുകയല്ല വേണ്ടത്, പകരം ദൈവം ഒരുക്കിയ മാർഗ്ഗങ്ങളിലൂടെ വേണം ശുശ്രൂഷയിൽ ഉയരുവാൻ. യേശുവാണ് നമ്മുടെ മാതൃക, യേശു പിശാചിന്റെ ഇഷ്ടപ്രകാരം ശുശ്രൂഷിച്ചില്ല നമുക്ക് ആ മാതൃക പിന്തുടരാം.

മറ്റൊരു സംഭവം ഇങ്ങനെയാണ്, ഒരു ദൈവദാസൻ ഇതുപോലെ മറ്റൊരു സഹോദരനെ ശുശ്രൂഷയിൽ ഒരുക്കിക്കൊണ്ടു വന്നു. ഈ വ്യക്തിയുടെ ബലഹീനത സ്നേഹമാണ്. അതിനാൽ തന്നെ സ്നേഹിക്കുന്നവരോടുള്ള കൂട്ടായ്മയും ആണ്. ആരെങ്കിലും തന്നെ സ്നേഹിക്കുന്നു, കരുതുന്നു എന്ന് കണ്ട് കഴിഞ്ഞാൽ എപ്പോഴും അവരോട് കൂടെയിരിക്കും, ആഴമായി അവരെ സ്നേഹിക്കും, അവർക്ക് വേണ്ടി എന്തും ചെയ്യും. പക്ഷെ ഏതെങ്കിലും കുറവ് അവരുടെ ഭാഗത്ത് കണ്ട് കഴിഞ്ഞാൽ അത് ക്ഷമിക്കാനും മറക്കാനും കഴിയാതെ, പിന്നെ അവ

രുമായി യാതൊരു ബന്ധമില്ലാത്തവരെപ്പോലെ ജീവിക്കും. തന്റെ ഈ സ്വഭാവത്തെ പിശാച് മുതലെടുത്തു.

തന്നെ അമിതമായി സ്നേഹിക്കുകയും, തന്നെ ആദരിക്കുകയും, എപ്പോഴും താൻ ആഗ്രഹിക്കുന്നതുപോലെ കൂട്ടായ്മ തരുകയും ചെയ്യുന്ന ഒരു സഹോദരനെ തന്റെ ജീവിത യാത്രയിൽ കണ്ടുമുട്ടി. അദ്ദേഹം ഈ വളർന്ന വരുന്ന ശുശ്രൂഷകനെ തങ്ങളുടെ ദേശത്തേക്ക് ക്ഷണിച്ചു. അവിടെ ശുശ്രൂഷയുണ്ടെന്നും, തന്റെ ആഗ്രഹം പോലെയുള്ള സ്നേഹവും, കൂട്ടായ്മയും അവിടെ തനിക്ക് ലഭിക്കുമെന്ന് കരുതി ഈ പഠിച്ച് വരുന്ന ശുശ്രൂഷകനും വളരെ പെട്ടെന്ന് തന്റെ അപ്പോഴുള്ള ദൈവദാസനോടു പോലും അനുവാദം ചോദിക്കാതെ തന്റെ പുതിയ സുഹൃത്തിന്റെ പട്ടണത്തിലേക്ക് പോയി.

ആ പട്ടണത്തിൽ തനിക്കൊരു ശുശ്രൂഷ ലഭിച്ചില്ല എന്നു മാത്രമല്ല തന്റെ പുതിയ സുഹൃത്തിലും താൻ എന്തോ കുറവുകൾ കാണുകയും അദ്ദേഹത്തോടു വേർപെടുകയും, ഓരോ ദിവസവും വിശ്വാസത്തിൽ മന്ദീഭവിച്ച്, മുമ്പെ പ്രാർത്ഥിക്കുമ്പോൾ, പ്രസംഗിക്കുമ്പോൾ ആത്മ നദി ഹൃദയത്തിൽ നിന്നും ഒഴുകിയിരുന്ന ഈ വ്യക്തിയുടെ ഉള്ളിൽ തുടർന്ന് അത് കാണാതായിത്തീർന്നു.

യുവ ശുശ്രൂഷകന്മാരോട് ഒന്ന് പറയട്ടെ, ദൈവം നിങ്ങൾക്കൊരു ശുശ്രൂഷ വച്ചിട്ടുണ്ട്. അതിന് നിങ്ങൾക്കൊരു ഒരുക്കം ആവശ്യമാണ്. ഒരുക്കുവാൻ നല്ലൊരു ദൈവദാസനും, ചില സഹനങ്ങളിലൂടെ കടന്ന് പോകേണ്ട സംഭവങ്ങളും ആവശ്യമാണ്. അങ്ങനെ നിങ്ങൾ ഒരുങ്ങിക്കഴിയുമ്പോൾ തക്ക സമയത്ത് ദൈവം നിങ്ങളെപുറത്തിറക്കും.

**"അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ."**
**(1 പത്രോ. 5:6)**

അമ്മയുടെ വയറ്റിലായിരിക്കുന്ന ഒരു കുഞ്ഞ് ഒരുങ്ങുകയാണ്, വളരുകയാണ് എന്തിന്? താൻ ഇതുവരെ കാണാത്ത ഭൗതിക ലോകത്തിലേക്ക് താൻ ഇറങ്ങുവാൻ പോവുകയാണ്. അതിന് തന്റെ അവയവങ്ങൾ വളരണം, താൻ ശക്തി പ്രാപിക്കണം. അതിന് വേണ്ടിയാണ് കുഞ്ഞ് അമ്മയുടെ വയറിന്റെ ഉള്ളിൽ ഒരുങ്ങുന്നത്. ഇതുപോലെ ശുശ്രൂഷകന്മാരാകുവാൻ ദൈവം നിയമിച്ചിട്ടുള്ളവർക്കും ദൈവം ഒരു ഒരുക്കം,

വളർച്ച ഒരുക്കിയിട്ടുണ്ട്. അതിന്റെ പീരീഡ് ദൈവമാണ് നിശ്ചയിക്കുന്നത് അല്ലാതെ ശുശ്രൂഷകനല്ല. കുഞ്ഞല്ലല്ലോ അമ്മയുടെ വയറ്റിൽ നിന്ന് താനെപ്പോൾ പുറത്തിറങ്ങണമെന്ന് തീരുമാനിക്കുന്നത്. അത് തീരുമാനിക്കുന്നത് അമ്മയുമല്ല, പകരം ദൈവമാണ്.

> ഒരു ശിശുവല്ല അമ്മയുടെ വയറ്റിൽ നിന്നും താനെപ്പോൾ പുറത്തിറങ്ങണമെന്ന് തീരുമാനിക്കുന്നത്. അത് അമ്മയുമല്ല, പകരം ദൈവമാണ്.

അഞ്ചാം മാസത്തിൽ തനിക്ക് പുറത്തിറങ്ങണമെന്ന് പറഞ്ഞ് കുഞ്ഞ് ബഹളം വച്ചെന്നിരിക്കട്ടെ, എങ്കിൽ എന്ത് സംഭവിക്കും? കുഞ്ഞ് മരിച്ച് പോകും. ഇത് പോലെയാണ് ശുശ്രൂഷയിൽ വളരുന്നവരും. ദൈവം ഒരുക്കിയിരിക്കുന്ന കാലാവധിക്ക് മുമ്പ് പുറത്തുവരുന്ന ശിശുക്കളിൽ ചിലത് മരിക്കുകയും, ചിലത് ബലഹീനരായി ജീവിക്കുകയും ചെയ്യുന്നത് പോലെ, ***ദൈവം ഒരുക്കിയിരിക്കുന്ന പിരീഡിന് മുമ്പ് ഒരുക്കം പൂർത്തിയാക്കാതെ പുറത്തിറങ്ങാൻ ആഗ്രഹിക്കുകയും, പരിശ്രമിക്കുകയും ചെയ്യുന്ന ശുശ്രൂഷയിൽ വളരുന്നവരിൽ ചിലർ ആത്മീയമായി മരിക്കുകയും (വിശ്വാസം ത്യജിക്കുകയും) ചിലർ ശിഷ്ട ജീവിതം മുഴുവൻ ആത്മീയ ബലഹീനരായി ദൈവം തങ്ങളെക്കൊണ്ട് ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കാൻ കഴിയാതെ നിരാശയോടെ ശുശ്രൂഷ ചെയ്യുന്നു.***

എങ്കിലും തങ്ങളുടെ തെറ്റുകൾ ഈ ശുശ്രൂഷകന്മാർ മനസ്സിലാക്കുകയോ, തങ്ങൾക്ക് തെറ്റ് പറ്റിയെന്ന് സമ്മതിക്കുകയോ, ഇങ്ങനെയുള്ള ശുശ്രൂഷകന്മാരിൽ അധികവും ചെയ്യാറില്ല എന്നുള്ളത് മനുഷ്യനെ സംബന്ധിച്ച് വളരെ ഖേദകരമാണ്. തിരിച്ച് വരാൻ ഒരു വഴി ദൈവം എപ്പോഴും ഒരുക്കി വച്ചിരിക്കുന്നു.

പിശാച് ഏത് വിധേനയും പ്രത്യേകിച്ച് ശുശ്രൂഷകന്മാരെ തെറ്റിക്കും. ഉണർന്നിരിക്കുക.

**“നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞ് ചുറ്റി നടക്കുന്നു.” (1 പത്രോ. 5:8)**

### b) ലോകത്തിന്റെ അനുഗ്രഹങ്ങൾ കാണിച്ച് തെറ്റിക്കുന്നു:-

ശുശ്രൂഷ കാണിച്ച് തെറ്റിക്കുന്നതിനെ കുറിച്ചാണ് മുകളിൽ പറഞ്ഞതെങ്കിൽ, പിശാച് യേശുവിനെ തെറ്റിക്കാൻ വന്ന മറ്റൊരു രൂപം ലോകത്തിലെ സ്ഥാനമാനങ്ങൾ കാണിച്ചാണ്. ലോകത്തിലെ സ്ഥാനമാനങ്ങളും അനുഗ്രഹങ്ങളുമെല്ലാം യേശുവിനെ കാണിച്ചു. തന്നെ വണങ്ങിയാൽ (ലോക സിസ്റ്റത്തെ വണങ്ങിയാൽ) ഇതെല്ലാം തരാമെന്നായിരുന്നു പിശാചിന്റെ ഓഫർ.


> ദൈവവേല ചെയ്യുന്നവരുടെ സമയത്തെ അപഹരിക്കുകയാണ് പിശാചിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം.

ഇന്നലെ, വളർന്നുകൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന് വളരെ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു യുവ ശുശ്രൂഷകൻ എന്നെ വിളിച്ചു. എനിക്ക് വേണ്ടി പ്രാർത്ഥിക്കണം. എന്റെ മുമ്പിൽ ഒരു ഓഫർ വന്നിരിക്കുന്നു. ഒരു പ്രയോജനമുള്ള ടെക്നോളജി പഠിക്കുവാനുള്ള അവസരം എന്റെ മുമ്പിൽ ഞാൻ ജോലി ചെയ്യുന്ന കമ്പനി വച്ചിരിക്കുന്നു. അത് പഠിച്ചാൽ എനിക്ക് ശമ്പളം കൂടുതൽ കിട്ടും. പക്ഷെ ഒരു കുഴപ്പം എന്റെ ജോലിക്ക് പിന്നെ പ്രത്യേകിച്ച് സമയമൊന്നും ഉണ്ടാകില്ല, രാപകൽ ഞാൻ ജോലി ചെയ്യണം. കാര്യം നല്ലതാണ്, എല്ലാവരും അതെടുക്കാൻ എന്നെ നിർബ്ബന്ധിക്കുന്നു എനിക്ക് വേണ്ടി പ്രാർത്ഥിക്കണം.

എന്നോട് പ്രാർത്ഥിക്കാൻ പറഞ്ഞതുകൊണ്ട് “ഞാൻ പ്രാർത്ഥിച്ചു.” രാവിലെ ദൈവം ഇദ്ദേഹത്തിന്റെ പ്രാർത്ഥനക്ക് ഉത്തരം തന്നുകൊണ്ടാണ് എന്നെ എഴുന്നേൽപ്പിച്ചത്. ഉത്തരമാണ് ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ കൊടുത്തിരിക്കുന്നത്.

**“പിശാചൊരുക്കുന്ന താല്കാലിക അനുഗ്രഹങ്ങളിലൂടെ ആത്മീയ തകർച്ച, ദൈവമൊരുക്കുന്ന താല്കാലിക സഹനങ്ങളിലൂടെ ആത്മീയ വളർച്ച.”**

## പിശാചിന്റെ ഓഫർ




**പിശാചിന്റെ വാഗ്ദത്തങ്ങളായ താല്കാലിക ലോക മഹത്വത്തിലും അധികാരത്തിലും ദ്രവ്യാഗ്രഹത്തിലും കുടുങ്ങിയാൽ ഫലം നിത്യമായ മരണമായ തീ പൊയ്കയാണ്.** (ചിത്രം 33)

യേശുക്രിസ്തുവിന്റെ മുമ്പിൽ ഇവ രണ്ടും കടന്നു വരികയുണ്ടായി. ആദ്യം വന്നത് മുമ്പെ പറഞ്ഞത് പോലെ പിശാച് ഒരുക്കിയതാണ്. [വീണ് എന്നെ (ലോക സിസ്റ്റത്തെ) വണങ്ങിയാൽ ലോകത്തിലെ എല്ലാം തരാം.] പക്ഷെ അതിൽ യേശു വീണില്ല. തുടർന്ന് വന്നത് ദൈവം അനുവദിച്ച താല്കാലിക സഹനമാണ് (കാൽവരി ക്രൂശ്). അത് യേശു ഏറ്റെടുത്തു. അതിന്റെ അപ്പുറം വലിയ സന്തോഷവും, നിത്യ അനുഗ്രഹങ്ങളുമാണ്. പിശാചിന്റെ ഓഫറിനപ്പുറം മനുഷ്യകണ്ണുകൾക്ക് കാണുവാൻ കഴിയാത്ത നിത്യനാശമുണ്ട്,

> പിശാചിന്റെ ഓഫറിനപ്പുറം മനുഷ്യകണ്ണുകൾക്ക് കാണുവാൻ കഴിയാത്ത നിത്യനാശമുണ്ട്

യേശു അത് കണ്ടു. ഇന്ന് നമുക്കും അത് വചനത്തിലൂടെ കാണുവാൻ കഴിഞ്ഞാൽ നാം ബുദ്ധിയുള്ളവരാകും.

**“വ്യഭിചാരിണികളായുള്ളോരെ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.” (യാക്കോ. 4:4)**

**“നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.” (റോമ. 8:13)**

## ദൈവത്തിന്റെ ഓഫർ




**നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ ക്രൂശിച്ച് ദൈവേഷ്ടം ചെയ്യുവാനായി നമ്മുടെ ജീവിതത്തെ കൊടുത്താൽ സ്വർഗ്ഗരാജ്യം അവകാശമാക്കാമെന്നാണ് ദൈവീക വാഗ്ദത്തം. (മത്താ. 16:25, 7:21)**

(ചിത്രം 34)


ദൈവവചനം പറയുന്നു, യേശു തന്റെ മുമ്പിലുള്ള സന്തോഷം

ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു.

**"നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്ന പോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു?" (എബ്രാ. 12:7)**

യേശുക്രിസ്തു നല്ല മാതൃകയായി നമ്മുടെ മുമ്പിലുണ്ട്. യേശുവിന്റെ പാതകളെ നമുക്ക് പിൻ ചൊല്ലാം.

## പിശാചിന്റെ ഓഫറിൽ ആകർഷിക്കപ്പെട്ട് വീഴുന്ന മനുഷ്യൻ (ചിത്രം 35)




ഇന്ന് ആത്മീയ യാത്രയിൽ വീണുപോകുന്ന മനുഷ്യരുടെ പ്രധാന വിഷയം അവർ യേശുവിനെ പോലെ കാര്യങ്ങൾ കാണുവാൻ ദൈവത്തിലാശ്രയിക്കുന്നില്ല എന്നുള്ളതാണ്. അവരുടെ കാഴ്ചകൾ പരിമിതമാണ്. അവർക്ക് ഈ ലോകത്തിനപ്പുറം കാണുവാൻ കഴിയുന്നില്ല.

ദൈവം ഇതിനെ വെളിപ്പെടുത്തി തന്നപ്പോൾ എന്നോട് പ്രാർത്ഥിക്കാൻ പറഞ്ഞ സഹോദരനെ ഈ അദ്ധ്യായം എഴുതി കൊണ്ടിരിക്കു

ന്നതിനിടയിൽ ഞാൻ വിളിച്ച് ***“യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പിതാവിന്റെയും പിശാചിന്റെയും ഓഫറുകളെകുറിച്ച്”*** പറഞ്ഞു.

## ദൈവത്തിന്റെ ഓഫറിനെ വെറുക്കുന്ന മനുഷ്യൻ

(ചിത്രം 36)




പിശാചിന്റെ ലക്ഷ്യം ലോകത്തിന്റെ അനുഗ്രഹങ്ങൾ തരുന്നതല്ലെന്നും പകരം ലോകാനുഗ്രഹങ്ങൾ കാണിച്ച് ക്രിസ്തുവിൽ നിന്ന് മനസ്സ് മാറ്റുകയാണെന്നും, ഇന്ന് ദൈവരാജ്യത്തിന് വേണ്ടി താങ്കൾ പ്രയോജനപ്പെടുവാൻ താങ്കൾക്ക് സമയവും, അതിനായുള്ള മനസ്സും ഉള്ളതുകൊണ്ടാണെന്നും, എന്നാൽ താങ്കളുടെ സമയത്തെ മുഴുവൻ അപഹരിക്കുന്ന ജോലിയെ താങ്കൾക്ക് കൂടുതൽ ശമ്പളത്തോടു കൂടെ തന്ന് താങ്കളുടെ സമയത്തെ അപഹരിക്കാനാണ് പിശാച് ശ്രമിക്കുന്നതെന്നും, അതുവഴി താങ്കളെ ദൈവരാജ്യത്തിന് പ്രയോജനമില്ലാത്തവനാക്കി തീർക്കണമെന്നുള്ള പിശാചിന്റെ ആഗ്രഹം ആ ശുശ്രൂഷകന് വെളിപ്പെടുത്തികൊടുത്തു. എന്ത് തീരുമാനം എടുക്കണമെന്നുള്ളത് ആ ശുശ്രൂഷകന്റെ ജോലിയാണ്. നമ്മുടെ സ്വന്ത തീരുമാന

ത്തിൽ ദൈവം ഒരിക്കലും ഇടപെടുകയില്ല. യേശുക്രിസ്തു നല്ല മാതൃ കയായി നമ്മുടെ മുമ്പിലുണ്ട്. യേശുവിന്റെ പാതകളെ നമുക്ക് പിൻ ചൊല്ലാം.

**"അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടമനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചു വടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (1 പത്രോ. 2:21)**

തങ്ങളുടെ പ്രവർത്തികളെ ന്യായീകരിക്കാൻ ഇന്ന് പലരും പറയു ന്നത് കേൾക്കാറുണ്ട്, 'ആ സഹോദരനെ നോക്ക്, ആ സഹോദരിയെ നോക്ക്, അല്ലെങ്കിൽ ആ പാസ്റ്ററെ നോക്ക് അവർ അങ്ങനെ ചെയ്യുന്നുവല്ലോ...!' പ്രിയരെ തെറ്റ്; ദൈവവചനം ഒരിക്കലും നമ്മോടു പറഞ്ഞിട്ടില്ല സഹോദരനെയോ സഹോദരിയെയോ പാസ്റ്ററെയോ നോക്കാൻ. പലരും പറഞ്ഞിരിക്കുകയാണ്, സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്ക് ചുറ്റും നില്ക്കുമ്പോൾ അവരെ ആരെയും നോക്കാതെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവെ നോക്കുക എന്നുമാണ്. അതുകൊണ്ട് നമുക്ക് യേശുവെ നോക്കാം, സഹോദരവർഗ്ഗത്തെ സ്നേഹിക്കാം, ഈ വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കാം.

എന്റെ ജീവിതത്തിൽ ഞാനീ തീരുമാനം എടുത്തിരിക്കുന്നു, വായ നക്കാരായ നിങ്ങളുടെ ജീവിതത്തിൽ തീരുമാനമെടുക്കാനുള്ള റൈറ്റ്സ് (അവകാശം) നിങ്ങൾക്കാണ്. എന്റെ തീരുമാനം നല്ലതെന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടാൽ നിങ്ങൾക്കും ഈ തീരുമാനം എടുക്കാമെന്ന് സ്നേഹ ത്തോടെ ഓർപ്പിക്കുന്നു, അതുവഴി നമുക്ക് ഒരുമിച്ച് ദൈവേഷ്ടം ഭൂമി യിൽ ചെയ്യാം.

**"വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിനു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാ ണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശി ക്കുന്നു." (ഫിലി. 2:14–15)**

**"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം**

നമുക്കുചുറ്റും നില്ക്കുന്നതു കൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യ മാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വല ത്തുഭാഗത്തു ഇരിക്കയും ചെയ്തു." (എബ്രാ. 12:1-2)

## യേശുവിനെ നോക്കുക!.....

## പ്രാർത്ഥന



*എന്റെ സ്വർഗ്ഗീയ പിതാവെ, അങ്ങ് തന്ന വചന ത്തിനായി നന്ദി. പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി ഞാൻ നശിച്ച് പോകാതെ അങ്ങയുടെ ഇഷ്ടങ്ങൾ മനസ്സിലാക്കി യേശുവിനെ മാതൃകയാക്കി അത് എന്റെ ജീവിതത്തിൽ ചെയ്ത അങ്ങയുടെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കണമെ, സഹായിക്കണമെ യേശു വിന്റെ നാമത്തിൽതന്നെ,- ആമേൻ*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ദൈവം അനുവദിക്കുന്ന താല്കാലിക സഹനങ്ങളിലൂടെ ആത്മീയ വളർച്ച. പിശാച് ഒരുക്കുന്ന താല്കാലിക അനുഗ്രഹങ്ങളിലൂടെ ആത്മീയ തളർച്ച.
2. ദൈവം അനുവദിക്കുന്ന സഹനങ്ങളിലൂടെ മനുഷ്യർക്ക് നിത്യ അനു ഗ്രഹങ്ങൾ ലഭിക്കുന്നു. അതിനാൽ ദൈവം അനുവദിക്കുന്ന സഹനം ഒരു വിത്താണ്.
3. ദൈവം അനുവദിക്കുന്ന സഹനം എന്ന വിത്ത് മനുഷ്യന്റെ മുമ്പിൽ അവർ ഇഷ്ടപ്പെടാത്തതെങ്കിലും, ആ വിത്തിന്റെ ഉള്ളിൽ ദൈവം കോതമ്പ് മണിക്കുള്ളിൽ വച്ചിരിക്കുന്ന അനുഗ്രഹങ്ങൾ പോലെ നിത്യ അനുഗ്രഹങ്ങൾ സഹനത്തിലൂടെ കടന്ന് പോകുന്ന വ്യക്തി

കൾക്കും, അവരിലൂടെ ലോകത്തിനും അനുവദിച്ചിരിക്കുന്നു.

4. "സഹനമാകുന്ന വിത്ത്" അമൂല്യമാണ്, അത് നമ്മെ നിത്യമായി ഉയർത്തും

5. വചനമാകുന്ന വിത്തിലൂടെ മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടാൽ മാത്രമെ സഹനമാകുന്ന വിത്തിനെ മുളപ്പിച്ച് നിത്യമായ ആത്മീയ ഫലങ്ങൾ ഉണ്ടാക്കുവാൻ കഴിയുകയുള്ളൂ.

6. ദൈവം ഒരുക്കിയിരിക്കുന്ന കാലാവധിക്ക് മുമ്പ് പുറത്തിറങ്ങുന്ന ശിശുക്കളിൽ ചിലത് മരിക്കുകയും, ചിലർ ബലഹീനരായി ജീവിക്കുകയും ചെയ്യുന്നത് പോലെ, ദൈവം ഒരുക്കിയിരിക്കുന്ന പീരീഡിന് മുമ്പ് ഒരുക്കം പൂർത്തിയാക്കാതെ പുറത്തിറങ്ങാൻ ആഗ്രഹിക്കുകയും, പരിശ്രമിക്കുകയും ചെയ്യുന്ന ശുശ്രൂഷയിൽ വളരുന്നവരിൽ ചിലർ ആത്മീയമായി മരിക്കുകയും (വിശ്വാസം ത്യജിക്കുകയും) ചിലർ ശിഷ്ട ജീവിതം മുഴുവൻ ആത്മീയ ബലഹീനരായി ദൈവം തങ്ങളെക്കൊണ്ട് ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കാൻ കഴിയാതെ നിരാശയോടെ ശുശ്രൂഷ ചെയ്യുന്നു.

7. പിശാചിന്റെ ഓഫറിനപ്പുറം മനുഷ്യകണ്ണുകൾക്ക് കാണുവാൻ കഴിയാത്ത നിത്യനാശമുണ്ട്.

8. ഇന്ന് ആത്മീയ യാത്രയിൽ വീണുപോകുന്ന മനുഷ്യരുടെ പ്രധാന വിഷയം അവർ യേശുവിനെ പോലെ കാര്യങ്ങൾ കാണുവാൻ ദൈവത്തിലാശ്രയിക്കുന്നില്ല എന്നുള്ളതാണ്.

9. നമ്മുടെ സ്വന്ത തീരുമാനത്തിൽ ദൈവം ഒരിക്കലും ഇടപെടുകയില്ല.

10. ദൈവവേല ചെയ്യുന്നവരുടെ സമയത്തെ അപഹരിക്കുകയാണ് പിശാചിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം.

11. യേശുക്രിസ്തു നല്ല മാതൃകയായി നമ്മുടെ മുമ്പിലുണ്ട്. യേശുവിന്റെ പാതകളെ നമുക്ക് പിൻ ചൊല്ലാം.

12. പിതാവിന്റേയും പിശാചിന്റേയും ഓഫറുകൾ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ഉണ്ടായത് പോലെ നമ്മുടെ ജീവിതത്തിലും ഉണ്ടാകും. യേശുവെപ്പോലെ പിശാചിന്റെ ഓഫർ തള്ളിക്കളഞ്ഞ് പിതാവിന്റെ ഓഫർ സ്വീകരിക്കുവാൻ നാം ആത്മീയ ജ്ഞാനമുള്ളവരായിത്തീരുവാൻ ശ്രദ്ധിക്കണം.

# സമാപനം

# (Conclusion)

പ്രിയ സ്നേഹിതരെ,

ഭൂമിയിൽ ഏതാനും ദിവസങ്ങൾ മാത്രമുള്ള മൺകൂടാരവാസികളാണ് ഞാനും നിങ്ങളും. ദൈവത്തിന്റെ ആഗ്രഹം നാം പരസ്പരം സ്നേഹിച്ച് ഐക്യതയോടെ ക്രിസ്തുവിൽ ഏകശരീരമായി ദൈവേഷ്ടം ചെയ്ത് ലോകത്തിലുള്ള താല്കാലിക ജയങ്ങളും, ദൈവരാജ്യത്തിലേക്കുള്ള നിത്യമായ ജയവും അനുഭവിക്കണമെന്നുള്ളതുമാണ്. ശത്രുവായ പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങാതെ ദൈവേഷ്ടം ചെയ്യുവാൻ യേശുവിനെപ്പോലെ ജയം പ്രാപിക്കുവാൻ ഈ പുസ്തകത്തിലെ ദൈവരാജ്യതത്വങ്ങൾ നിങ്ങളെ സഹായിക്കട്ടെ. ഈ പുസ്തകം വീണ്ടും വീണ്ടും വായിക്കുക, ദൈവം നിങ്ങളെ വെളിപ്പാടുകളുടെ ആഴത്തിലേക്കും ആത്മീയ വളർച്ചയിലേക്കും നയിക്കുവാൻ ഇടയാകും. ഇത് വായിക്കുന്ന നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിച്ചിരിക്കുന്നു. ദൈവത്തിന്റെ തേജസ്സ് നിങ്ങളോട് കൂടെയിരിക്കട്ടെ, അത് വർദ്ധിച്ച് വരട്ടെ. എനിക്ക് ദൈവം തന്ന നല്ല അനുഗ്രഹങ്ങൾ ഒരു അനുഗ്രഹമായി നിങ്ങളുടെ മേൽ കല്പ്പിക്കുന്നു. നിങ്ങൾ ഒരു അനുഗ്രഹമായിരിക്കട്ടെ.

കർത്താവിനുവേണ്ടി, കർത്താവിന്റെ ശബ്ദമായി

**ഇവാ. ഷാജി ജോസഫ്**

***"ഞാൻ പ്രയോജനമില്ലാത്ത ദാസൻ, ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു."***

**(ലൂക്കോസ് 17:10)**

NB: ഈ പുസ്തകം നിങ്ങൾക്ക് ഒരനുഗ്രഹമായെങ്കിൽ ഞങ്ങൾക്ക് എഴുതുക. ഞങ്ങളുമായി ബന്ധപ്പെടുക. ദൈവഹിതമെങ്കിൽ നിങ്ങളായിരിക്കുന്ന സ്ഥലത്ത് നിങ്ങൾ ക്രമീകരിക്കുന്ന യോഗങ്ങളിൽ ഞങ്ങൾ കടന്നുവന്ന് കർത്താവിന്റെ ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്നു. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

ഈ പുസ്തകത്തിലെ ഏതെങ്കിലും ഭാഗം നിങ്ങൾക്ക് മനസ്സിലാകാതെ ഇരിക്കുന്നുവെങ്കിൽ, അതു കൂടുതൽ വിശദീകരിച്ചെഴുതുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആ ഭാഗം ഞങ്ങളെ Spiritual growth update” എന്ന പേരിൽ അറിയിക്കുന്നുവെങ്കിൽ (kingdomdoubt@gmail.com) അടുത്ത എഡിഷനിൽ ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് അത് കൂടുതൽ വിശദീകരിച്ച് എഴുതുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

❖❖❖

ജയിക്കാനായ് വീണ്ടും ജനിച്ചവർ!



# Bible Training
# School of Ministry

DELIVERING CUBS for the LION OF JUDAH



School of Ministry is a non denominational training programme with signs and wonders projected to develop an Army for Christ with His Character (Fruit of the Spirit) and Power (Gift of the Spirit). The programme enables one to fulfill the Purpose of the Church by getting to know the Purpose of God (Father) about the recreation and the Purpose of Christ (Son).

**Eligibility**

**A dedicated Heart as an outcome of Godly Love not Desiring Self Gain and Glorification, submitting to live and die for Christ.**

## *This is an Opportunity*

Ephe 5:16 and 17 reads: " Redeeming the time, because the days are evil. Wherefore ***be ye not unwise***, but understanding what the will of the Lord is."



Location : St. Andrew's Hall, 1st floor, St. Martin's Church, Sharjah

Time : 8.30 pm to 10.00 pm (Every Saturday)

For more details contact :

Br. Mathew : 050-3649987, Br. Shyju : 055-3439721

3P House of Prayer

**Purpose ⇨ Process ⇨ Power**

''യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു. ഭൂതങ്ങളെ പുറത്താക്കുന്നു. നിത്യജീവൻ നല്കുന്നു.''

**"ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം." (മത്താ. 16:26)**

## ആത്മരക്ഷാധ്യാനം

**സ്ഥലം: കുഴിവേലിപ്പടി പ്രാർത്ഥനാലയത്തിൽ**
**വചനപരിജ്ഞാനമുള്ള കർത്താവിൽ പ്രസിദ്ധരായ വിവിധ സഭാംഗങ്ങളായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു.**

## പ്രാർത്ഥനാലയത്തിലെ പ്രോഗ്രാമുകൾ

1. ധ്യാനം എല്ലാ മാസവും ആദ്യ തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു.

2. ആത്മവളർച്ചാധ്യാനം (വർഷത്തിൽ രണ്ട് പ്രാവശ്യം )

3. സ്പിരിച്വൽ ഫയർ കോൺഫറൻസ് വിശ്വാസികളെ കർത്താവിന്റെ വേലക്കായി പരിശുദ്ധാത്മാവിൽ ഒരുക്കുന്നു. (വർഷത്തിൽ ഒരിക്കൽ)

4. ദൈവഹിതം ചെയ്യുവാനായി സഭകളെ ഒരുക്കിയെടുക്കുന്ന യോഗങ്ങൾ
(Empowering churches in order to do the purpose of God)

5. സ്കൂൾ ഓഫ് മിനിസ്ട്രീസ്

**House of Prayer (Prarthanalayam) Ministries**

Kuzhivellipady, Panchayath Road, Edathala P.O
Pin: 683561
Ernakulam, Kerala
India

**Tel: 0091 484 2411092**
**Mob: 0091 9567590469**

**UAE**
**Tel: 00971 -7- 2211059**
Email: shajijoseph@live.com
kingdomdoubt@gmail.com
Website: www.thevoiceofgod.org

## "The Voice of God"
## TV Program
### On Power Vision TV Channel

Every 2nd & 4th Sunday 9.30 pm (Ind.Time)
Every Monday 9.00 am (UAE.Time)

## Notes



ഷാജി ജോസഫ്

## 'സമയത്തിൽ' പ്രവർത്തിക്കുന്ന ലോകത്തിലുള്ള താല്കാലിക ജയങ്ങളും; 'നിത്യതയിൽ' പ്രവർത്തിക്കുന്ന ദൈവരാജ്യത്തിലേക്കുള്ള നിത്യജയവും....!

### ആത്മീയ രഹസ്യങ്ങളുടെ കലവറ അഴിയുന്നു

- പിശാച് മനുഷ്യനെ സമയത്തിൽ ബന്ധിക്കുന്നതെങ്ങനെ?
- ദൈവം, മനുഷ്യൻ ജയം പ്രാപിക്കുവാൻ തക്കവണ്ണം സമയത്തിന് അതീതമായ ദൈവരാജ്യത്തിലേക്ക് സ്വതന്ത്രമാക്കുന്നതെങ്ങനെ?
- സമയത്തിലും നിത്യതയിലും ജീവിക്കുന്ന മനുഷ്യൻ...!
- ദൈവം മനുഷ്യന് ഒരുക്കിയ നന്മകൾ മറഞ്ഞ് പോയത് എങ്ങനെ?
- ദൈവരാജ്യത്തിന്റെ പ്രവർത്തന തത്വം?
- ദൈവത്തിന്റെ പ്രവർത്തന ശൈലി തന്നെ ദൈവ സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെയും പ്രവർത്തന ശൈലി...!
- ദൈവത്തിന്റെ പ്രവർത്തന രീതിയിലേക്ക് മടങ്ങി വന്നാൽ ദൈവ സാദൃശ്യത്തിലുള്ള മനുഷ്യന് ജയം പ്രാപിക്കാം..!
- മനുഷ്യന്റെ വാക്കുകളാൽ ആത്മലോകത്തിൽ നടക്കുന്ന കാര്യങ്ങൾ ചിത്രങ്ങളിലൂടെ...!
- കൈയുടെ അധ്വാനഫലവും വായുടെ അധ്വാനഫലവും...!
- നിരന്തരം തോല്ക്കുന്ന ദൈവപൈതലെ നിനക്കും ജയിക്കാം...!
- മന്ത്ര തന്ത്രങ്ങളിൽ നിന്നും പുറപ്പെടുന്ന ദുർശക്തികളുടെ മേൽ വീണ്ടും ജയിച്ചവരുടെ ജയം...!
- വചനം കൊണ്ട് ജീവിക്കുന്നതെങ്ങനെ?
- രക്ഷിക്കപ്പെട്ട വ്യക്തികൾ ദൈവരാജ്യം അവകാശമാക്കുന്നതെങ്ങനെ?

### മറ്റനവധി ആത്മീയ മർമ്മങ്ങൾ.....




"ഇവാ. ഷാജി ജോസഫ് ഈ കാലഘട്ടത്തിലെ ദൈവത്തിന്റെ ശബ്ദം. തിരുവചനപ്രകാരം ആത്മലോകത്തിലേക്ക് ആഴ്ന്നിറങ്ങുന്ന, ജനത്തെ ഇരുളിൽ നിന്നും അജ്ഞതയിൽ നിന്നും ദൈവീകപ്രകാശത്തിലേക്ക് നയിക്കുന്ന അനവധി വെളിപ്പാടുകളുടെ സന്ദേശവുമായി, സംഘടനകളുടെ അതിർവരമ്പുകളില്ലാതെ, മതത്തിന്റെ ആചാരക്രമീകരണങ്ങളുമില്ലാതെ ദൈവരാജ്യത്തെ വെളിപ്പെടുത്തുവാൻ ദൈവം ഒരുക്കിയിരിക്കുന്ന ദൈവത്തിന്റെ കരങ്ങളിലെ ഒരായുധം..."

More Details
shajijoseph@live.com, kingdomdoubt@gmail.com
www.thevoiceofgod.org
00971-50-6275997, 0091- 956-7590469

**ഈ പുസ്തകം നിങ്ങൾക്കും, കുടുംബത്തിനും, തലമുറകൾക്കും ഒരമൂല്യനിധി**

ജ്ഞാനം തന്നെ പ്രധാനം ജ്ഞാനം സമ്പാദിക്ക
നിന്റെ സകലസമ്പാദ്യത്താലും വിവേകം നേടുക (സദൃ.4:7)